# ഇസ്‌ലാമിക മര്യാദകൾ

﴿ الآداب الاسلامية ﴾

[ Malayalam – മലയാളം – مليالم ]


സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

الإعداد: سيد سعفر صادق



Webedition by:

2014 - 1435

IslamHouse.com

# താളുകളിൽ


| | |
|---|---|
| മുഖകുറിപ്പ് | 3 |
| മര്യാദകളിൽ പ്രഥമമായിട്ടുള്ളത് | 6 |
| ഇസ്‌ലാമിലെ അഭിവാദ്യം | 16 |
| മാതാപിതാക്കൾ | ٣٠ |
| ഉറക്കവും പ്രാർത്ഥനയും | 45 |
| ശുദ്ധി: ഇസ്‌ലാമിന്റെ പാതി | 53 |
| വസ്ത്രം: ഒരു അനുഗ്രഹം | 67 |
| ഭക്ഷണം: ഹലാലും ഹറാമും | 93 |
| യാത്ര: ശ്രദ്ധിക്കേണ്ടവ | 120 |
| വഴിയിൽ പാലിക്കേണ്ട മര്യാദകൾ | 140 |
| സദസ്സുകളിലെ മര്യാദകൾ | 145 |
| പ്രവേശനാനുമതി തേടുന്നതിന്റെ മര്യാദകൾ | 157 |
| അതിഥി സൽക്കാരം | 164 |
| അല്ലാഹുവിന്റെ ഭവനങ്ങൾ | 178 |
| ജുമുഅഃ ദിവസം | 195 |
| പെരുന്നാളിന്റെ മര്യാദകൾ | 216 |
| പ്രാർത്ഥനയുടെ മര്യാദകൾ | 225 |
| കടം വീട്ടുക. | 246 |
| രോഗികൾ സന്തോഷിക്കുക | 260 |
| ഖബർ സന്ദർശന മര്യാദകൾ | 270 |
| പ്രവാചകൻﷺയുടെ പേരിലുള്ള സ്വലാത്ത് | 283 |
| പ്രബോധനം നമ്മുടെ ബാധ്യത | 293 |

## മുഖകുറിപ്പ്

ഐഹിക ജീവിതം നശ്വരമാണ്, അവസാനിക്കാനുള്ളതാണ്. അനശ്വരമായിട്ടുള്ളത് പരലോകവും, അവിടത്തെ ജീവിതവുമാണ്. മനുഷ്യരെയും, ജീവികളെയും സൃഷ്ടാവായ അല്ലാഹു പരലോകത്ത് ഉയർത്തെഴുന്നേൽപിക്കുക തന്നെ ചെയ്യും, അതിൽ ബുദ്ധിയുള്ളവർക്ക് സന്ദേഹമേതുമില്ല.തന്റെ ശരീരത്തെയും, ജീവിക്കുന്ന പ്രകൃതിയേയും തെളിഞ്ഞ മനസ്സുമായി പഠനവിധേയമാക്കാൻ സന്നദ്ധമാവുന്നവർക്ക് കൃത്യമായി ബോധ്യപ്പെടുന്ന കാര്യമാണ് പരലോകം എന്ന യാഥാർത്ഥ്യം.അവിടെയുള്ള അനശ്വര ജീവിത സുഖമാണ് മനുഷ്യന്റെ ആത്യന്തിക ലക്ഷ്യം.ആ ലക്ഷ്യ സാഫല്യത്തിനാണ് മനുഷ്യൻ പണിയെടുക്കേണ്ടത്.തനിക്ക് തോന്നുന്ന പണികൾ എടുത്താൽ അവിടെ രക്ഷപ്പെടാൻ കഴിയുമോ? ഇല്ല, ഒരിക്കലുമില്ല. മറിച്ച് മനുഷ്യനെയും, പരലോകത്തെയും സൃഷ്ടിച്ച സൃഷ്ടാവിന്റെ കൽപനക്ക് വിധേയമായ ജോലിയാണ് മനുഷ്യൻ ചെയ്യേണ്ടത്.ആ കൽപനകൾ കൃത്യമായി കാല ദേശഭാഷ വ്യത്യാസം കൂടാതെ പ്രവാചകൻമാരിലൂടെ അല്ലാഹു അവതരിപ്പിക്കുകയുണ്ടായി. ആ നിയമങ്ങൾക്ക് പര്യാവസാനവും കുറിച്ചു.അതാണ് ഖുർആനും, അതിനെ ജീവിതത്തിൽ പകർത്താനുള്ള മാർഗരേഖയായ പ്രവാചകസുന്നത്തും. ഇവ രണ്ടും മുറുകെ പിടിച്ച് ജീവിക്കുന്നവന് പരലോകമോക്ഷം സുനിശ്ചിതം. അതേ,ജീവിതത്തിന്റെ മുഴുവൻ മേഖലകളിലും ഖുർആനും, തിരുസുന്നത്തും തെളിമയോടെ വിളങ്ങി നിൽക്കണം. അതിനായി റസൂലുല്ലാഹ്ﷺ നമുക്ക് പരിപൂർണവും, വ്യക്തവും,കൃത്യവുമായ മാർഗദർശനം നൽകിയിട്ടാണ് തന്റെ രക്ഷിതാവിലേക്ക് മടങ്ങിയത്.അതെ, ജീവിതത്തിൽ പാലിക്കേണ്ട വിശ്വാസം, നിയമങ്ങൾ,മര്യാദകൾ, വിധിവിലക്കുകൾ, അനുഷ്ഠാനങ്ങൾ,കർമ്മങ്ങൾ തുടങ്ങിയവയെല്ലാം പഠിപ്പിച്ചു.ഒന്നും തന്നെ വിട്ട് പോ

വാതെ അതിര് കവിയാതെ നാം പഠിപ്പിക്കപ്പെട്ടു. അത് പഠിക്കുക,മനസിലാക്കുക, ജീവിതത്തിൽ പകർത്തുക, മറ്റുള്ളവർക്ക് പകർന്ന്കൊടുക്കുക,ഇതാണ് നമ്മുടെ ഉത്തരവാദിത്വം. സാമൂഹ്യമായി ജീവിക്കുന്ന മനുഷ്യർ പരസ്പരം പാലിക്കേണ്ട മര്യാദകൾ ഇസ്‌ലാമിൽ ഒട്ടനവധിയാണ്.അതിൽ നിത്യേന നാംപാലിക്കേണ്ട ചില മര്യാദകൾ പ്രമാണബദ്ധമായി സൂചിപ്പിക്കുകയാണ്.

**മര്യാദകളിൽ പ്രഥമമായിട്ടുള്ളത്**


ഇസ്‌ലാമിലെ അഭിവാദ്യം
മാതാപിതാക്കൾ
ഉറക്കവും പ്രാർത്ഥനയും
ശുദ്ധി: ഇസ്‌ലാമിന്റെ പാതി
വസ്ത്രം: ഒരു അനുഗ്രഹം
ഭക്ഷണം: ഹലാലും ഹറാമും
യാത്ര: ശ്രദ്ധിക്കേണ്ടവ
വഴിയിൽ പാലിക്കേണ്ട മര്യാദകൾ
സദസ്സുകളിലെ മര്യാദകൾ
പ്രവേശനാനുമതി തേടുന്നതിന്റെ മര്യാദകൾ
അതിഥി സൽക്കാരം
അല്ലാഹുവിന്റെ ഭവനങ്ങൾ
ജുമുഅഃ ദിവസം
പെരുന്നാളിന്റെ മര്യാദകൾ
പ്രാർത്ഥനയുടെ മര്യാദകൾ
കടം വീട്ടുക.
രോഗികൾ സന്തോഷിക്കുക
ഖബർ സന്ദർശന മര്യാദകൾ
പ്രവാചകൻﷺയുടെ പേരിലുള്ള സ്വലാത്ത്
പ്രബോധനം നമ്മുടെ ബാധ്യത

വായിക്കുകയും, മനസിലാക്കുകയും, സത്യമാണെന്ന് ബോധ്യപ്പെടുകയും ചെയ്താൽ ജീവിതത്തിൽ പ്രാവർത്തികമാക്കുക, മറ്റുള്ളവർക്ക് പകർന്ന് നൽകി വിജയികളാവുക, അല്ലാഹു അനുഗ്രഹിക്കുമാറാവട്ടെ, ആമീൻ.

ഒരുപാട് ഗ്രന്ഥങ്ങളിൽ നിന്ന് ഒരുമിച്ച് ക്രോഡീകരിക്കപ്പെട്ടതാണ് നിങ്ങളുടെ മുമ്പിലുള്ള ഈ വരികൾ. പോരായ്മകളും, അബദ്ധങ്ങളും സ്വാഭാവികം. കഴിയുന്നതും സൂചിപ്പിക്കുക.നാഥാ, നാളെ പരലോകത്ത് ഉപകാരപ്പെടുന്ന രൂപത്തിൽ ഈ ശ്രമത്തെ സ്വാലിഹായ കർമ്മമായി പരിവർത്തിപ്പിക്കേണമേ, ആളുകൾക്ക് ഉപകാരപ്പെടുന്ന വിജ്ഞാനം പകർന്ന് നൽകുവാൻ ഞങ്ങൾക്ക് തൗഫീഖ് നൽകി അനുഗ്രഹിക്കേണമെ. ആമീൻ.

സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി
ജിദ്ദ

## മര്യാദകളിൽ പ്രഥമമായിട്ടുള്ളത്

അബ്ദുല്ലാഇബ്നു ഉമർﷺ ഒരിക്കൽ തന്റെ കൂട്ടുകാരോടൊപ്പം മദീനക്കടുത്ത് മരുഭൂമിയിലൂടെ സഞ്ചരിക്കുകയായിരുന്നു, അവർ ഭക്ഷണത്തിനായി ഒരിടത്ത് ഇരുന്നപ്പോൾ തന്റെ ആടുകളെയും തെളിച്ച് കൊണ്ട് ഒരു ഇടയബാലൻ അവർക്കഭിമുഖമായി വരികയുണ്ടായി, അവരോട് സലാം പറഞ്ഞു.

അദ്ദേഹത്തെ ഇബ്നു ഉമർﷺ വിളിച്ചു.

വരൂ, വരൂ, ഈ സുപ്രയിൽ ഞങ്ങളോടൊപ്പം ഇരുന്ന് ഭക്ഷിച്ചാലും..

ആട്ടിടയൽ പ്രതിവചിച്ചു: ഞാൻ നോമ്പുകാരനാണ്!

അബ്ദുല്ലാഇബ്നു ഉമർﷺ അത്ഭുതപ്പെട്ട് പോയി,

അദ്ദേഹത്തോട് ചോദിക്കുകയുണ്ടായി; ഈ മലകളിലും, കുന്നുകളിലും, മരുഭൂമിയിലും ആടുകളെ മേയുന്ന നീ ഈ ചൂടിലും നോമ്പനുഷ്ഠിക്കുകയോ?!

ഇബ്നു ഉമർﷺ അദ്ദേഹത്തിന്റെ വിശ്വസ്തതയേയും, തഖ്വയേയും ഒന്ന് പരീക്ഷിക്കുവാൻ തീരുമാനിച്ചു കൊണ്ട് ചോദിക്കുകയുണ്ടായി: ആടുകളിൽ ഒന്നിനെ ഞങ്ങൾക്ക് വിൽക്കുക, അതിന്റെ വില നൽകാം, അതിനെ അറുത്ത് നിനക്ക് നോമ്പ് തുറക്കുവാനുള്ള ഭക്ഷണമുണ്ടാക്കി നൽകാം.

ഇടയ ബാലൻ പ്രതിവചിക്കുകയുണ്ടായി: ആടുകൾ എന്റേതല്ല, എന്റെ യജമാനന്റേതാണ്.

ഇബ്നുഉമർﷺ പറഞ്ഞു: ആടിനെ ചെന്നായ പിടിച്ചുവെന്ന് അദ്ദേഹത്തോട് പറയൂ.

ഇടയബാൻ കോപാകുലനായി ഇബ്നുഉമർﷺവിൽ നിന്ന് വിട്ട് നിന്ന് കൊണ്ട് ആകാശത്തേക്ക് വിരൽ ചൂണ്ടി പറഞ്ഞു:അപ്പോൾ അല്ലാഹു എവിടെയാണ്?! (അല്ലാഹുവിനെ വഞ്ചിക്കാൻ കഴിയുമോ?).

ആ ഇടയബാലൻ പറഞ്ഞു: അല്ലാഹു എവിടെയാണ്?! എന്ന വാചകം ഇബ്നുഉമർﷺ ആവർത്തിച്ച് കൊണ്ടേയിരുന്നു.

ഇബ്നുഉമർﷺ മദീനയിലേക്ക് തിരിച്ചെത്തിയ ഉടനെ ഇടയ ബാലന്റെ യജമാനന്റെ അടുത്തേക്ക് ആളെ പറഞ്ഞയച്ച് അദ്ദേഹത്തിൽ നിന്ന് ആടുകളേയും, ഇടയ ബാലനെയും വിലക്ക് വാങ്ങി ഇടയബാലനെ ഇസ്‌ലാമിന്റെ മാർഗത്തിൽ മോചിതനാക്കുകയും ചെയ്തു.

ഇപ്രകാരമായിരിക്കണം ഒരു മുസ്‌ലിം എപ്പോഴും അല്ലാഹുവിനെ സൂക്ഷിക്കേണ്ടത്. തെറ്റുകളിൽ നിന്ന് വിട്ട് നിൽക്കുക,പാപങ്ങൾ ചെയ്യാതിരിക്കുക.

**ആരെയും പങ്ക് ചേർക്കാതിരിക്കുക...**

ഒരു മുസ്‌ലിം തന്റെ രക്ഷിതാവുമായിട്ടുള്ള ബന്ധത്തിൽ പാലിക്കേണ്ട ഒരുപാട് മര്യാദകളുണ്ട്, അതിൽ പെട്ട വളരെ പ്രാധാന്യമുള്ള ഒന്നാണ് അവനിൽ ആരെയും പങ്ക് ചേർക്കാതിരിക്കുകയെന്ന കാര്യം. അല്ലാഹു മാത്രമാണ് സൃഷ്ടാവ് ഈ കാണുന്നതും കാണാത്തതുമായ മുഴുവനും അവന്റെ സൃഷ്ടികളാണ്, ആയതിനാൽ തന്നെ സൃഷ്ടികൾ സൃഷ്ടികർത്താവിനോട് മാത്രമെ ആരാധനകളർപ്പിക്കാവൻ പാടുള്ളൂ, ആരാധനകളിൽ വളരെ പ്രധാനപ്പെട്ടതാണല്ലോ പ്രാർത്ഥന, അതവന്ന് മാത്രമെ നൽകാവൂ. അതാണ് അല്ലാഹു പറയുന്നത്:

{واعبدوا الله ولا تشركوا به شيئًا} [النساء: ٣٦].

'നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്കു ചേർക്കാതിരിക്കുകയും ചെയ്യുക' (നിസാഅ്: 36)

**ആത്മാർത്ഥതയോടെ...**

അടുത്തതായി നാം ശ്രദ്ധിക്കേണ്ട കാര്യമാണ് ആരാധനകൾ അർപ്പിക്കുമ്പോഴും,കർമ്മങ്ങൾ ചെയ്യുമ്പോഴും ആത്മാർത്ഥതയുണ്ടാവുകയെന്നത്. അതായത് അല്ലാഹു കർമ്മങ്ങൾ സ്വീകരിക്കണമെങ്കിൽ ലോകമാന്യത്തിൽ നിന്നും, ഭൗതിക താൽപര്യങ്ങളിൽ നിന്നും മുക്തമായി പരലോകരക്ഷ കാംക്ഷിക്കുകയെന്ന ഇഖ്ലാസ് അനിവാര്യമാണെന്നർത്ഥം.അതാണ് അല്ലാഹു നമ്മെ ഉണർത്തുന്നത്:

{فمن كان يرجو لقاء ربه فليعمل عملاً صالحًا ولا يشرك بعبادة ربه أحدًا} [الكهف: ١١٠].

'അതിനാൽ വല്ലവനും തന്റെ രക്ഷിതാവുമായി കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സൽകർമ്മം പ്രവർത്തിക്കുകയും, തന്റെ രക്ഷിതാവിനുള്ള ആരാധനയിൽ യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്തുകൊള്ളട്ടെ' (അൽകഹ്ഫ്:110).

അല്ലാഹു നമ്മെ എപ്പോഴും നിരീക്ഷിക്കുന്നുവെന്ന ബോധം നമ്മുടെ മനസുകളിൽ എപ്പോഴും ഉണ്ടായിരിക്കേണ്ടതുണ്ട്.നമ്മുടെ രഹസ്യങ്ങളിലും, പരസ്യങ്ങളിലും, രാവിലും, പകലിലും എല്ലാം നിരീക്ഷണം നടത്തിക്കൊണ്ടിരിക്കുന്ന റബ്ബിനെയാണ് ഞാൻ ഭയപ്പെടുന്നതെന്ന ബോധം നമ്മുടെ മനസ്സുകളിൽ ഉണ്ടായി

രിക്കുക. നന്മയെ സംബന്ധിച്ച് ജിബ്‌രീൽﷺ നബിﷺയോട് ചോദിച്ചപ്പോൾ അതിന് മറുപടിയായി തിരുമേനിﷺ പറഞ്ഞ് കൊടുക്കുന്നത് നാം കാണുക:

فقال: (أن تعبد الله كأنك تراه، فإن لم تكن تراه فإنه يراك) _[متفق عليه].

പറയുകയുണ്ടായി: 'അല്ലാഹുവിനെ നീ കാണുന്നത്പോലെ ആരാധിക്കുക,നിനക്കവനെ കാണാൻ കഴിയില്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ട്' (മുത്തഫഖുൻ അലൈഹി)

**ഇസ്തിആനത്ത് നടത്തൽ...**

അല്ലാഹുവിന് മാത്രം ചെയ്യാൻ കഴിയുന്ന കാര്യങ്ങളിൽ അവനോട് മാത്രം സഹായം ചോദിക്കുക, അത് മറ്റാരോടും ചോദിക്കാതിരിക്കുക. കാരണം അവന് മാത്രമെ അവ നൽകാനും, തടയുവാനും കഴിയുകയുള്ളൂവെന്ന് കൃത്യമായി ഉറച്ച് വിശ്വസിക്കുന്നവന് മാത്രമെ യഥാർത്ഥ മുസ്‌ലിമാവാൻ കഴിയൂ എന്നതാണ് ഇസ്‌ലാമിന്റെ അധ്യാപനം. ജീവിതത്തിന്റെ പ്രയാസങ്ങളിലും,പ്രതിസന്ധികളിലും, പരീക്ഷണങ്ങളിലും,ഐശ്വര്യങ്ങളിലും, സന്തോഷങ്ങളിലും,സന്താപങ്ങളിലുമെല്ലാം അവനോട് മാത്രംസഹായം ചോദിക്കുക. അതാണ് അല്ലാഹു നമ്മെ പഠിപ്പിക്കുന്നത്:

{قل اللَّهُمَّ مالك الملك تؤتي الملك من تشاء وتنزع الملك ممن تشاء وتعز من تشاء وتذل من تشاء بيدك الخير إنك على كل شيء قدير} [آل عمران: ٢٦]

'പറയുക: ആധിപത്യത്തിന്റെ ഉടമസ്ഥനായ അല്ലാഹുവേ, നീ ഉദ്ദേശിക്കുന്നവർക്ക് നീ ആധിപത്യം നൽകുന്നു. നീ ഉദ്ദേശിക്കുന്നവരിൽ നിന്ന് നീ ആധിപത്യം എടുത്തുനീക്കുകയും ചെയ്യുന്നു.നീ ഉദ്ദേശിക്കുന്നവർക്ക് നീ പ്രതാപം നൽകുന്നു.നീ ഉദ്ദേശിക്കുന്നവർക്ക് നീ നിന്ദ്യത വരുത്തുകയും ചെയ്യുന്നു.നിന്റെ കൈ

വശമത്രെ നൻമയുള്ളത്. നിശ്ചയമായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.' (ആലുഇംറാൻ: 26)

ويقول صلى الله عليه وسلم: (إذا سألتَ فاسأل الله، وإذا استعنتَ فاستعن بالله) [الترمذي].

റസൂലുല്ലാഹ്ﷺ പറയുന്നു: 'നീ ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് ചോദിക്കുക, നീ സഹായം ചോദിക്കുന്നുവെങ്കിൽ അല്ലാഹുവിനോട് ചോദിക്കുക' (തിർമിദി)

**ഇഷ്ടപ്പെടുക...**

അല്ലാഹുവിനെ ഇഷ്ടപ്പെടേണ്ട രൂപത്തിൽ അവനെ കൃത്യമായി ഇഷ്ടപ്പെടുകയും തൃപ്തിപ്പെടുകയും ചെയ്യുക. അവനെ ധിക്കരിക്കാതിരിക്കുക. കൽപനകൾ ജീവിതത്തിൽ കഴിവിന്റെ പരമാവധി പകർത്തുകയും, വിരോധങ്ങളിൽ നിന്ന് കഴിവിന്റെ പരമാവധി വിട്ട് നിൽക്കുകയും ചെയ്ത്കൊണ്ട് അല്ലാഹുവിനെ ഇഷ്ടപ്പെടുക. വിശ്വാസികളെ സംബന്ധിച്ച് അല്ലാഹു പറയുന്നു:

{والذين آمنوا أشد حبًّا لله} [البقرة: ١٦٥].

'എന്നാൽ സത്യവിശ്വാസികൾ അല്ലാഹുവോട് അതിശക്തമായ സ്നേഹമുള്ളവരത്രെ.' (അൽബഖറ: 165)

**മഹത്വപ്പെടുത്തൽ...**

സൃഷ്ടാവായ അല്ലാഹുവിന്റെ ചിഹ്നങ്ങളെ മഹത്വപ്പെടുത്തുകയും,ആദരിക്കുകയും ചെയ്യുക. ഒരു യഥാർത്ഥ മുസ്ലിം ദൈവിക നിയമങ്ങളെ മഹത്വപ്പെടുത്തുകയും,ജീവിതത്തിൽ പ്രാവർത്തികമാക്കുവാനായി ധൃതിപ്പെടുകയും ചെയ്യുന്നതോടൊപ്പം തന്നെ അവൻ നിഷിദ്ധമാക്കിയ കാര്യങ്ങളിൽ നിന്ന് പരമാവധി വി

ട്ട് നിൽക്കുകയും ചെയ്യുന്നതാണ്. അതുപോലെ തന്നെ ആരാധനകളർപ്പിക്കുന്നതിൽ അലംബാവമോ,അലസതയോ കാണിക്കാതിരിക്കുകയും ചെയ്യേണ്ടതുണ്ട് ഒരു മുസ്‌ലിം. ഇവയെല്ലാം തന്നെ ജീവിതത്തിൽ തഖ്‌വയുണ്ടാക്കുവാൻ അനിവാര്യമാണ്. അല്ലാഹു വ്യക്തമാക്കുന്നത് നാം ശ്രദ്ധിക്കുക:

{ذلك ومن يعظم شعائر الله فإنها من تقوى القلوب} [الحج: ٣٢].

‘അത്(നിങ്ങൾ ഗ്രഹിക്കുക.)വല്ലവനും അല്ലാഹുവിന്റെ മതചിഹ്നങ്ങളെ ആദരിക്കുന്ന പക്ഷം തീർച്ചയായും അത് ഹൃദയങ്ങളിലെ ധർമ്മനിഷ്ഠയിൽ നിന്നുണ്ടാകുന്നതത്രെ’ .(ഹജ്ജ്: 32)

അല്ലാഹുവിന്റെ പവിത്രമായ നിയമങ്ങളെ പിച്ചിചീന്തുന്നത് കാണുമ്പോൾ ഒരു മുസ്‌ലിം അല്ലാഹുവിനായി കോപിക്കേണ്ടതുണ്ട്.തിന്മകളും, തെറ്റുകളും കാണുമ്പോൾ അതില്ലാതാക്കുവാനായി ഓരോ മുസ്‌ലിമും പരിശ്രമിക്കേണ്ടതുണ്ട്. മനുഷ്യനെ തന്നെ നശിപ്പിക്കുന്ന വലിയ പാപങ്ങളിൽ പെട്ടതാണ് അല്ലാഹുവിന്റെ മതത്തെയും, അവന്റെ ഗ്രന്ഥത്തേയും,അവന്റെ റസൂലിനെയും ചീത്ത പറയുകയും, പരിഹസിക്കുകയും ചെയ്യുകയെന്നത്, ഇതിനെതിരിൽ ഓരോ മുസ്‌ലിമും പ്രതികരിക്കുകയും, അല്ലാഹുവിനായ് കോപിക്കുകയും ചെയ്യേണ്ടതുണ്ട്.ഇങ്ങനെയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും, അതിനായി പരിശ്രമിക്കുകയും ചെയ്യുന്നവരെയും, സംഘങ്ങളെയും ഉപദേശിക്കുകയും, ഗുണദോഷിക്കുകയും, അല്ലാഹുവിന്റെ കഠിനകഠോരമായ ശിക്ഷയെ തൊട്ട് താക്കീത് നൽകുകയും ചെയ്യൽ മുസ്‌ലിമിന്റെയും ബാധ്യതയാകുന്നു.

**ഭരമേൽപിക്കൽ...**

ഒരു മുസ്‌ലിം ജീവിതത്തിന്റെ മുഴുവൻ മേഖലകളിലും രക്ഷിതാവിൽ ഭരമേൽപിക്കേണ്ടതുണ്ട്. തനിക്ക് ചെയ്യാവുന്ന കാ

ര്യങ്ങളെല്ലാം ചെയ്തതിന് ശേഷം അല്ലാഹുവിൽ ഭരമേൽപിക്കുകയെന്നത് മുസ്ലിമിന്റെ അടയാളമാണ്. അല്ലാഹു പറയുന്നു:

{وتوكل على الحي الذي لا يموت} [الفرقان: ٥٨]

'ഒരിക്കലും മരിക്കാതെ ജീവിച്ചിരിക്കുന്നവനെ നീ ഭരമേൽപിക്കുക' (ഫുർഖാൻ: 58).

{ومن يتوكل على الله فهو حسبه إن الله بالغ أمره قد جعل الله لـكل شيء قـدرًا} [الطلاق:٣]

'വല്ലവനും അല്ലാഹുവിൽ ഭരമേൽപിക്കുന്ന പക്ഷം അവന്ന് അല്ലാഹു തന്നെ മതിയാകുന്നതാണ്.തീർച്ചയായും അല്ലാഹു തന്റെ കാര്യം പ്രാപിക്കുന്നവനാകുന്നു. ഓരോ കാര്യത്തിനും അല്ലാഹു ഒരു ക്രമം ഏർപെടുത്തിയിട്ടുണ്ട്' (ത്വലാഖ്: 3)

ويقول النبي صلى الله عليه وسلم: (لو أنكم توكَّلون على الله حق توكّلـه، لـرُزِقْتُم كما يُرْزَق الطير تغدو خِمَاصًا (جائعة) وتعود بطانًا (شَبْعَي)) _[الترمذي].

നബിﷺപറയുന്നു:'നിങ്ങൾ അല്ലാഹുവിൽ ഭരമേൽപിക്കേണ്ട പ്രകാരം ഭരമേൽപിക്കുകയാണെങ്കിൽ പക്ഷികൾക്ക് ഉപജീവനം നൽകുന്നത് പോലെ ഉപജീവനം നൽകപ്പെടുന്നതാണ്. (പക്ഷികൾ) രാവിലെ വയറൊട്ടിയവരായി പുറപ്പെട്ട് വൈകുന്നേരം വയർ നിറഞ്ഞവരായി മടങ്ങുകയും ചെയ്യുന്നു' (തിർമിദി)

**ഖളാഇൽ തൃപ്തിയടയൽ...**

അല്ലാഹുവിലുള്ള വിശ്വാസത്തിൽ പെട്ടതാണ് അവന്റെ വിധി നിർണ്ണയത്തിൽ തൃപ്തിയടയുകയെന്നത്. അത് ഐശ്വര്യമാണെങ്കിലും, പരീക്ഷണമാണെങ്കിലും എന്റെ രക്ഷിതാവ് എനിക്ക് നൽകിയതാണെന്ന ഉത്തമ ബോധത്തോടെ ഖളാഅ് ഖദ്റിൽ

തൃപ്തിപ്പെടേണ്ടതുണ്ട്. ലഭിക്കുന്ന ഐശ്വര്യത്തിൽ നന്ദി ചെയ്യുകയും, ബാധിച്ച വിപത്തുകളിലും, നേരിടേണ്ടി വന്ന പരീക്ഷണങ്ങളിലും ക്ഷമയവലംബിക്കുകയും ചെയ്യുകയെന്നത് ഉത്തമ വിശ്വാസികളുടെ ബാധ്യതയിലും, അടയാളത്തിലും പെട്ടതാണ്.

അല്ലാഹു പറയുന്നു:

{ولنبلونكم بشيء من الخوف والجوع ونقص من الأموال والأنفس والثمرات وبشر الصابرين * الذين إذا أصابتهم مصيبة قالوا إنا لله وإنا إليه راجعون * أولئك عليهم صلوات من ربهم ورحمة وأولئك هم المهتدون} [البقرة: ١٥٥-١٥٧].

'കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവ നഷ്ടം, വിഭവ നഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷ വാർത്ത അറിയിക്കുക.തങ്ങൾക്ക് വല്ല ആപത്തും ബാധിച്ചാൽ അവർ (ആ ക്ഷമാശീലർ) പറയുന്നത്; ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്. അവങ്കലേക്ക് തന്നെ മടങ്ങേണ്ടവരുമാണ് എന്നായിരിക്കും. അവർക്കത്രെ തങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് അനുഗ്രഹങ്ങളും കാരുണ്യവും ലഭിക്കുന്നത്. അവരത്രെ സൻമാർഗം പ്രാപിച്ചവർ.' (അൽബഖറ: 155 – 157)

**സത്യം ചെയ്യൽ...**

ഒരു മുസ്ലിം അല്ലാഹുവിനെക്കൊണ്ടല്ലാതെ സത്യം ചെയ്യുകയില്ല. ഉമ്മയാണ് സത്യം, എന്റെ മകനാണ് സത്യം, കഅബയാണ സത്യം എന്നിങ്ങനെ ആളുകൾ സത്യം ചെയ്യാറുണ്ട്.അത് പാടില്ലായെന്നാണ് ഇസ്ലാം മനുഷ്യരെ പഠിപ്പിക്കുന്നത്. അല്ലാഹുവിനെക്കൊണ്ട് മാത്രമെ സത്യം ചെയ്യാൻ പാടുള്ളൂ.റസൂലുല്ലാഹ് ﷺ കൃത്യമായി പഠിപ്പിക്കുന്നത് കാണുക:

يقول النبي صلى الله عليه وسلم: (إن الله ينهاكم أن تحلفوا بآبـائكم، مـن كان حالفًا فليحلف بالله أو ليصمت) [متفق عليه].

നബിﷺ പറയുന്നു:'നിങ്ങളുടെ പിതാക്കളെ പിടിച്ച് സത്യം ചെയ്യുന്നത് തീർച്ചയായും അല്ലാഹു വിരോധിച്ചിരിക്കുന്നു,ആരെങ്കിലും സത്യം ചെയ്യുന്നുവെങ്കിൽ അവൻ അല്ലാഹുവിൽ സത്യംചെയ്യട്ടെ,അല്ലെങ്കിൽ മൗനമവലംബിക്കട്ടെ...(മുത്തഫഖുൻ അലൈഹി)

**അല്ലാഹുവിന് നന്ദി ചെയ്യുക:**

വിശദമാക്കാനോ, എണ്ണിതിട്ടപ്പെടുത്താനോ അസാധ്യമായ അനുഗ്രഹങ്ങളാണ് സൃഷ്ടാവ് മനുഷ്യന് നൽകിയിരിക്കുന്നത്.അതെല്ലാം ആസ്വദിച്ചും,അനുഭവിച്ചും ജീവിക്കുന്ന മനുഷ്യർ പ്രത്യേകിച്ച് മുസ്ലീംകൾ എപ്പോഴും അല്ലാഹുവിന് നന്ദി ചെയ്യുന്നതിൽ നിരതമാവേണ്ടതുണ്ട്. അനുഗ്രഹങ്ങൾക്ക് നന്ദി ചെയ്യുകയാണെങ്കിൽ അവൻ അനുഗ്രഹങ്ങൾ നമുക്ക് വർദ്ധിതമായി നൽകുന്നതാണ്. അതാണ് അല്ലാഹു ഖുർആനിലൂടെ മനുഷ്യരെ ബോധ്യപ്പെടുത്തുന്നത്.

{لئن شكرتم لأزيدنكم ولئن كفرتم إني عذابي لشديد} [إبراهيم: ٧].

'നിങ്ങൾ നന്ദികാണിച്ചാൽ തീർച്ചയായും ഞാൻ നിങ്ങൾക്ക്(അനുഗ്രഹം)വർദ്ധിപ്പിച്ചു തരുന്നതാണ്. എന്നാൽ, നിങ്ങൾ നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും എന്റെ ശിക്ഷ കഠിനമായിരിക്കും' (ഇബ്റാഹീം: 7).

**അല്ലാഹുവിൽ പശ്ചാതാപിക്കുക:**

നൻമയും തിൻമയും തിരഞ്ഞെടുക്കുവാൻ സ്വാതന്ത്ര്യം നൽകിയ രൂപത്തിലാണ് അല്ലാഹു മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്ന

ത്.തെറ്റുകൾ മനുഷ്യ സഹചമാണ്,എന്നാൽ ചെയ്ത് പോയ തെറ്റുകളിൽ നിന്ന് മോചനം നേടാനായി അല്ലാഹുവിനോട് പശ്ചാതാപിക്കുന്നവരാണ് യഥാർത്ഥ മുസ്ലിം എന്ന് നമുക്ക് പ്രമാണങ്ങൾ വ്യക്തമാക്കി തരുന്നുണ്ട്. അല്ലാഹു പറയുന്നു:

{يا أيها الذين آمنوا توبوا إلى الله توبة نصوحًا عسى ربكم أن يكفر عنكم سيئاتكم ويدخلكم جنات تجري من تحتها الأنهار}[التحريم: ٨].

'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിങ്കലേക്ക് നിഷ്കളങ്കമായ പശ്ചാത്താപം കൈക്കൊണ്ട് മടങ്ങുക. നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ പാപങ്ങൾ മായ്ച്ചുകളയുകയും താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്തേക്കാം' (തഹ്രീം: 8).

{وتوبوا إلى الله جميعًا أيها المؤمنون لعلكم تفلحون} [النور: ٣١].

'സത്യവിശ്വാസികളേ,നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് ഖേദിച്ചു മടങ്ങുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം' (നൂർ: 31).

ويقول النبي صلى الله عليه وسلم: (يأيها الناس توبوا إلى الله، فإني أتوب في اليوم إليه مائة مرة) [مسلم].

റസൂൽﷺ പറയുന്നു:'ഓ, ജനങ്ങളെ, നിങ്ങൾ അല്ലാഹുവിലേക്ക് ഖേദിച്ചു മടങ്ങുക, തീർച്ചയായും ഞാൻ ഒരു ദിവസം നൂറ് പ്രാവശ്യം ഖേദിച്ചു മടങ്ങാറുണ്ട്' (മുസ്ലിം)

മുസ്ലിം തന്റെ രക്ഷിതാവിനോട് പാലിക്കേണ്ട മര്യാദകൾ ഇങ്ങനെയായിരിക്കണം, അവൻ നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി ചെയ്യുക,പശ്ചാതാപത്തിൽ സത്യസന്ധത പാലിക്കുക,നല്ല രൂപത്തിൽ അവനിൽ ഭരമേൽപിക്കുക, അവന്റെ കാരുണ്യം പ്രതീ

ക്ഷിക്കുകയും, ശിക്ഷയെ ഭയപ്പെടുകയും ചെയ്യുക, അവന്റെ ഖളാഇൽ തൃപ്തിയടയുകയും പരീക്ഷണങ്ങളിൽ ക്ഷമയവലംബിക്കുകയും ചെയ്യുക, അവനൊടല്ലാതെ മറ്റാരോടും പ്രാർത്ഥിക്കാതിരിക്കുക, അവനെ കുറിച്ചുള്ള ഓർമളിൽ നിന്ന് ഒരിക്കലും നാവിനെ അകറ്റാതിരിക്കുക, അവനെക്കൊണ്ട് മാത്രം സത്യം ചെയ്യുക, അല്ലാഹുവിനോടല്ലാതെ മറ്റാരോടും സഹായം ചോദിക്കാതിരിക്കുക, എപ്പോഴും എന്റെ രക്ഷിതാവെന്നെ നിരീക്ഷിക്കുന്നുണ്ടെന്ന ബോധം മനസിൽ സൂക്ഷിക്കുകയും,രഹസ്യത്തിലും പരസ്യത്തിലും അവനെ ഭയപ്പെടുകയും ചെയ്യുക.

## ഇസ്ലാമിലെ അഭിവാദ്യം

ഇസ്ലാമിലെ അഭിവാദ്യവചനമായ സലാമിന്ന് ആദം നബി ﷷയോളം പഴക്കമുണ്ട്. ഇനിയത് അവസാന നാൾ വരെ നിലനിൽക്കുകയും ചെയ്യുന്നതാണ്. സ്വർഗ്ഗീയ വാസികൾ ഈ വചനം കൊണ്ടാണ് പരസ്പരം അഭിവാദ്യം ചെയ്യുക. അല്ലാഹു പറയുന്നു:

(وَتَحِيَّتُهُمْ فِيهَا سَلَامٌ) (يونس:١٠)

'അതിൽ അവരുടെ അഭിവാദ്യം സലാമാകുന്നു' (യൂനുസ്:10)

ഈ അഭിവാദ്യം പ്രവാചകന്മാരുടെ ചര്യയും, മുത്തഖീങ്ങളുടെ മുദ്രയും, ഇസ്‌ലാമിന്റെ ചിഹ്നവുമാണ്. അല്ലാഹുവിന്റെ രക്ഷയും, സമാധാനവും ഉണ്ടാവട്ടെയെന്ന പ്രാർത്ഥനയാണ് സലാം പറയലിലൂടെ നിർവ്വഹിക്കപ്പെടുന്നത്. അത് കൂട്ടുകാർക്കും, മാതാപിതാക്കൾക്കും, ഭാര്യമാർക്കും, കുട്ടികൾക്കും, ബന്ധുക്കൾക്കും,അറിയുന്നവർക്കും, അറിയാത്തവർക്കും തുടങ്ങി മുഴുവൻ മുസ്‌ലീംകളോടും സലാം പറയൽ നമ്മുടെ ബാധ്യതയാണ്. അതിന് സലാം പറയപ്പെടുന്നവൻ ഗ്രൂപ്പുകാരനാണോ, സ്നേഹിതനാണോ,അറിയുന്നവനാണോയെന്ന് നോക്കേണ്ടതില്ല.ശാസ്ത്ര സാങ്കേതികതയിൽ ഉയർന്ന് കൊണ്ടിരിക്കുകയും,പാശ്ചാത്യ സംസ്കാരം വാരിപുണരുകയും ചെയ്യുന്ന ആധുനികരായവർക്ക് സലാം പറയുകയെന്നത് അരോചക കാര്യമായിരിക്കുന്നു.മാത്രമല്ല, തന്റെ സഹോദരൻ മുന്നിലൂടെ കടന്ന് പോയാൽ പോലും സലാം പറയുവാൻ അവന്റെ ആധുനികത അവന്ന് വഴിയൊരുക്കുന്നില്ല. ഇവിടെ പ്രവാചകൻﷺയിലൂടെ പഠിപ്പിക്കപ്പെട്ട ദൈവിക നിയമം ഉപേക്ഷിച്ച് പാശ്ചാത്യ സംസ്കാരമായ ഗുഡ്മോണിംഗും മറ്റും ഉരുവിടുകയാണ് സമൂഹമിന്ന്. അതുകൊണ്ട് സലാം പറയുകയെന്നത് നാം ശീലമാക്കുക, നമ്മുടെ കുട്ടികളെ ചെറുപ്പത്തിൽ തന്നെ അത് ശീലിപ്പിക്കുക,അങ്ങിനെ ഇസ്‌ലാമിന്റെ ചിഹ്നങ്ങളെ നമ്മുടെ ജീവിതത്തിലൂടെ പകർത്തുകയും ചെയ്യുക. മുസ്‌ലീംകൾ തമ്മിലുള്ള ഐക്യം ഊട്ടിയുറപ്പിക്കുന്ന ഒരു ഘടകവും കൂടിയാണ് സലാം പറയുന്നതെന്ന് എന്ന സത്യം നാം മനസ്സിലാക്കേണ്ടതുണ്ട്.എന്നാൽ മുസ്‌ലീംകളിലെ പണ്ഡിതന്മാരെന്നവകാശപ്പെടുന്നവർ, യഥാർത്ഥ ഇസ്‌ലാമിക വിശ്വാസം വെച്ച് പുലർത്തുന്നവരോട് സലാം പറയരുതെന്ന് പ്രസംഗിക്കുകയും, എഴുതുകയും, തങ്ങളുടെ പിഞ്ചുപൈതങ്ങളുടെ ഇളം മനസ്സുകളിലേക്ക് അത് കുത്തിവെക്കുകയും ചെയ്യുന്ന കാഴ്ച നമ്മുടെ

കൊച്ചു കേരളത്തിൽ കണ്ടു വരുന്നു, ഇത് വിശുദ്ധ ഖുർആനി നോടും,തിരുചര്യയോടും കാണിക്കുന്ന അവഗണനയാണ്.അങ്ങി നെയുള്ളവർക്ക് യഥാർത്ഥദീൻ പഠിക്കുവാനും അതിനെ പ്രചരി പ്പിക്കുവാനും അല്ലാഹു തൗഫീഖ് നൽകുമാറാവട്ടെ,ആമീൻ.

**പ്രാധാന്യം...**

സലാം പറയുന്നതിന് ഇസ്‌ലാമിൽ ഒരുപാട് പ്രാധാന്യ വും, പ്രത്യേകതയുമുണ്ട്, കാരണം അത് ആദം നബിﷺ മുതൽ അന്ത്യ പ്രവാചകൻﷺ വരെയുള്ള എല്ലാ പ്രവാചകന്മാരുടെയും ചര്യയും, സ്വർഗ്ഗവാസികളുടെ അഭിവാദ്യ വചനവും, വിശുദ്ധ ഖുർആനിൽ അല്ലാഹു കൽപിച്ചിട്ടുള്ള മഹത്തായ ഒരു കാര്യ വുമാകുന്നു. അല്ലാഹു പറയുന്നു.

( يا أيها الذين آمنوا لا تدخلوا بيوتا غير بيوتكم حتي تستأنسوا وتسلموا على أهلها ) (النور – ٢٧)

‘ഹേ, സത്യവിശ്വാസികളെ, നിങ്ങളുടേതല്ലാത്ത വീടുകളിൽ നി ങ്ങൾ കടക്കരുത്, നിങ്ങൾ അനുവാദം തേടുകയും, ആ വീട്ടു കാർക്ക് സലാം പറയുകയും ചെയ്തിട്ടല്ലാതെ.) (നൂർ, 27)

സലാം പറയുന്ന ചര്യ അല്ലാഹു നമുക്ക് നൽകിയിട്ടുള്ള അ നുഗ്രഹീതവും, പാവനവുമായ കാര്യമാകുന്നു. അല്ലാഹു പറയു ന്നു.

(فإذا دخلتم بيوتا فسلموا على أنفسكم تحية من عند الله مباركة طيبة)(النور:61)

‘നിങ്ങൾ വല്ലവീടുകളിലും പ്രവേശിക്കുകയാണെങ്കിൽ അല്ലാ ഹുവിങ്കൽ നിന്നുള്ള അനുഗ്രഹീതവും, പാവനവുമായ ഒരു ഉപ ചാരമെന്ന നിലയിൽ നിങ്ങൾ അന്യോന്യം സലാം പറയണം’ (നൂർ – 61)

സലാം പറഞ്ഞാൽ അതിലും ഉത്തമമായത് കൊണ്ട് നാം പ്രത്യാഭിവാദ്യം ചെയ്യേണ്ടതുണ്ട്, ചുരുങ്ങിയത്, പറയപ്പെട്ട പോലെയെങ്കിലും മടക്കേണ്ടതാണ്. അല്ലാഹു പറയുന്നു.

( وإذا حييتم بتحية فحيوا بأحسن منها أو ردوها ) النساء – ٨٦

'നിങ്ങൾക്ക് അഭിവാദ്യം അർപ്പിക്കപ്പെട്ടാൽ അതിനേക്കാൾ മെച്ചമായി(അങ്ങോട്ട്) അഭിവാദ്യം അർപ്പിക്കുക, അല്ലെങ്കിൽ അതു തന്നെ തിരിച്ച് നൽകുക' (നിസാഅ് – 86)

സലാം പറയൽ ആദംﷺ മുതൽ തുടങ്ങിയ ഒരു ചര്യയാണ്. ബുഖാരിയും, മുസ്‌ലിമും ഉദ്ധരിക്കുന്ന ഒരു ഹദീസിൽ നമുക്ക് കാണാം പ്രവാചകൻﷺ പറയുന്നു.

( خلق الله آدم وطوله ستون ذراعا ثم قال إذهب فسلم أولئك الملائكة فاستمع ما يحيونك، تحيتك وتحية ذريتك . فقال : السلام عليكم . فقالوا السلام عليكم ورحمة الله . فزادوا ورحمة الله ... الحديث)

(അല്ലാഹു ആദമിനെ സൃഷ്ടിച്ചു, അദ്ദേഹത്തിന്റെ നീളം അറുപത് മുഴമായിരുന്നു, എന്നിട്ട് പറഞ്ഞു നീ ആ കാണുന്ന മലക്കുകളുടെയടുത്ത് പോയി സലാം പറയുക, അവർ നിന്നെ അഭിവാദ്യം ചെയ്യുന്നത് കേൾക്കുകയും ചെയ്യുക, അതാകുന്നു നിന്റെയും നിന്റെ സന്താനങ്ങളുടെയും അഭിവാദ്യവചനം. ആദംﷺ السلام عليكم എന്ന് സലാം പറഞ്ഞു, അവർ السلام عليكم ورحمة الله എന്ന് മടക്കുകയും ചെയ്തു. അവർ رحمة الله എന്ന് കൂട്ടിചേർക്കുകയും ചെയ്തു. ഹദിസ്) പ്രാവചകൻﷺ പറയുന്നു:

( لاتدخلوا الجنة حتى تؤمنوا ولاتؤمنوا حتى تحابوا أولا أدلكم على شيء إذا فعلتموه تحاببتم؟ أفشوا السلام بينكم ) مسلم

'നിങ്ങൾ വിശ്വാസികളാവാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല, പരസ്പരം സ്നേഹിക്കാതെ നിങ്ങൾ വിശ്വസികളാവുകയുമില്ല, നിങ്ങൾ പരസ്പരം സ്നേഹിക്കുവാനുള്ള ഒരു കാര്യത്തെപറ്റി ഞാൻ അറിയിച്ച് തരട്ടെയോ? നിങ്ങൾക്കിടയിൽ സലാം പ്രചരിപ്പിക്കുക' (മുസ്ലിം).

( حق المسلم على مسلم ست . قيل وما هن يا رسول الله ؟ قال إذا لقيته فسلم عليه ... الحديث ) مسلم

'ഒരു മുസ്ലിമിന് മറ്റൊരു മുസ്ലിമിന്റെ മേലുള്ള ബാധ്യത ആറാണ്, അല്ലാഹുവിന്റെ തിരുദൂതരെ, അവ ഏതെല്ലാമാകുന്നു, പ്രവാചകൻ പറഞ്ഞു, നീ അവനെ കണ്ടാൽ സലാം പറയുക'.(മുസ്ലിം).

ഇസ്ലാമിലെ അഭിവാദ്യമായ സലാമിനുള്ള സ്ഥാനവും, അത് പ്രചരിപ്പിക്കേണ്ടതിന്റെ ആവശ്യകതയുമാണ് മേൽപറയപ്പെട്ട ഹദീസുകളിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. അതിനാൽ മുസ്ലിംകളോട് മുഴുവനും നാം സലാം പറയുക, അവിടെ അറിയന്നവരാണോ,അറിയാത്തവരാണോയെന്ന് നോക്കേണ്ടതില്ല. പ്രവാചകﷺയുടെയും അനുയായികളുടെയും ചര്യ അതായിരുന്നു. ഇബ്നുഉമർ رضي الله عنهൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നു: 'അദ്ദേഹം അങ്ങാടികളിലേക്ക് പോകുമായിരുന്നു, എന്നിട്ട് പറയും: സലാം പറയുവാൻ വേണ്ടിയാണ് ഞങ്ങൾ അങ്ങാടികളിൽ പോകുന്നത്, ഞങ്ങൾ കണ്ടുമുട്ടിയവരോടെല്ലാം സലാം പറയുമായിരുന്നു' സലാം പറയലിലൂടെ മഹത്തായ ആശയമാണ് പ്രകടമാ

കുന്നത്, അതായത് ഒരാൾ മറ്റൊരാളോട് സലാം പറയുമ്പോൾ അവിടെ പ്രകടമാകുന്നത് അവന്റെ വിനയവും, മറ്റുള്ളവരോടു ള്ള സ്നേഹവുമാണ്, മാത്രമല്ല; അതുവഴി തന്റെ മനസിനെ അ സൂയയിൽ നിന്നും, കുശുമ്പിൽനിന്നും, വിദ്വേഷത്തിൽനിന്നും, അഹങ്കാരത്തിൽ നിന്നും, മുക്തമാക്കാൻ കഴിയുകയും ചെയ്യു ന്നു.

**പറയൽ സുന്നത്തും, മടക്കൽ നിർബ്ബന്ധവും...**

സലാം പറയൽ സുന്നത്താണെന്നുള്ളതിന് ഒരുപാട് തെളി വുകളുണ്ട് മുകളിൽ കൊടുത്തിട്ടുള്ള ഹദീസ് അതിൽപെട്ട ഒ ന്നാണ്. പ്രവാചകൻﷺ പറയുന്നു.

( حق المسلم على مسلم ست . قيل وما هن يا رسول الله ؟ قال إذا لقيته فسلم عليه ... الحديث ) مسلم

'ഒരു മുസ്ലിമിന് മറ്റൊരു മുസ്ലിമിന്റെ മേലുള്ള ബാധ്യത ആ റാകുന്നു, പ്രവാചകൻﷺ ചോദിക്കപ്പെട്ടു, ഏതെല്ലാമാകുന്നു അ ത്. പ്രവാചകൻ പറഞ്ഞു, നീ അവനെ കണ്ടാൽ സലാം പറയു ക.' (ഹദീസ്)

മടക്കൽ നിർബ്ബന്ധമാണെന്നുള്ളതിന് തെളിവ് നാം മുകളിൽ സൂചിപ്പിച്ച ആയത്തിലുള്ള (നിങ്ങൾ അഭിവാദ്യം ചെയ്യപ്പെട്ടാൽ തിരിച്ചും അഭിവാദ്യം ചെയ്യണം)കൽപനയാകുന്നു. അല്ലാഹു പ റയുന്നു:

( وإذا حييتم بتحية فحيوا بأحسن منها أو ردوها ) (النساء – ٨٦ )

‘നിങ്ങൾക്ക് അഭിവാദ്യം അർപ്പിക്കപ്പെട്ടാൽ അതിനേക്കാൾ മെച്ചമായി(അങ്ങോട്ട്) അഭിവാദ്യം അർപ്പിക്കുക, അല്ലെങ്കിൽ അതു തന്നെ തിരിച്ച് നൽകുക’ (നിസാഅ് – 86)

ആരെങ്കിലും ഒരു കൂട്ടമാളുകളോട് സലാം പറഞ്ഞാൽ എല്ലാവരും മടക്കലാകുന്നു ഏറ്റവും നല്ലത്,എന്നാൽ ഒരാൾ മടക്കിയാൽ മറ്റുള്ളവർ കുറ്റത്തിൽ നിന്ന് ഒഴിവാകുന്നതാണ്. അബുദാവൂദ് ഉദ്ധരിക്കുന്ന ഹദീസ് ഇങ്ങനെയാണ്: അലിയ്യുബ്നു അബൂ ത്വാലിബ്ﷺ പറയുന്നു.

( يجزىء عن الجماعة إذا مروا أن يسلم أحدهم، ويجزىء عن الجلـوس أن يـرد أحدهم ) أبو داود

‘ഒരു കൂട്ടം അളുകൾ നടന്ന് പോകുകയാണെങ്കിൽ ഒരാൾ സലാം പറഞ്ഞാൽ മതിയാകുന്നതാണ്, ഇരിക്കുന്നയാളുകളിൽ ഒരാൾ മടക്കിയാലും മതിയാകുന്നതാണ്.’ (അബൂദാവൂദ്)

**രൂപം...**

ഏറ്റവും ഉത്തമമായ രൂപം السلام عليكم ورحمة الله وبركاته എന്നാണ്. പീന്നീട് السلام عليكم ورحمة الله എന്നും, തുടർന്ന് السلام عليكم എന്നുമാകുന്നു.ഈ മൂന്ന് രൂപത്തിലുംനമുക്ക് സലാം പറയാവുന്നതാണ്. ഇതിനുള്ള തെളിവ് അബൂഹുറയ്റﷺ ഉദ്ധരിക്കുന്ന ഒരു ഹദീസാകുന്നു. ‘പ്രവാചകﷺയുടെ അരികിലൂടെ ഒരാൾ നടന്ന് പോയി അദ്ദേഹം السلام عليكم എന്ന് സലാം പറഞ്ഞു, അപ്പോൾ നബിﷺപറഞ്ഞു:(അയാൾക്ക്) പത്ത് കൂലിയെന്ന്,വേറെയൊരാൾ നടന്ന് പോയി: السلام عليكم ورحمة الله എന്ന് സലാം പറഞ്ഞു, പ്രവാചക

ൻﷺ പറഞ്ഞു:(അയാൾക്ക്) ഇരുപത് കൂലിയെന്ന്.വേറെയൊരാൾ നടന്ന് വന്ന് السلام عليكم ورحمةالله وبركاته എന്ന് സലാം പറഞ്ഞപ്പോൾ(അയാൾക്ക്) മുപ്പത് കൂലിയായിയെന്ന് പ്രവാചകൻﷺ പറഞ്ഞു' (അബൂദാവൂദ്, മുഹമ്മദ് നാസ്വിറുദ്ധീൻ അൽബാനി സ്വഹീഹാണെന്ന് പ്രസ്താവിച്ച ഹദീസ്.)

**عليك السلام എന്ന രൂപത്തിൽ പാടില്ല...**

സലാം പറയുകയാണെങ്കിൽ നബിﷺ പഠിപ്പിച്ച് തന്ന രൂപത്തിൽ തന്നെ പറയേണ്ടതാണ്. തിർമിദി ഉദ്ധരിക്കുന്ന ഒരു ഹദീസിൽ നമുക്ക് കാണാം. ജാബിർ ഇബ്നു സലീമുൽ ഉജൈമിؓ പറയുന്നു, ഞാൻ പ്രവാചകﷺന്റെയടുത്ത് വന്ന് (عليكم السلام) എന്ന് പറഞ്ഞു, അപ്പോൾ നബിﷺ പറഞ്ഞു: നീ അങ്ങിനെ പറയരുത്, നീ പറയേണ്ടത് السلام عليكم എന്നാണ്. ഇതുപോലെ അബൂദാവൂദിലും ഒരു ഹദീസ് കാണാം.

**മൂന്ന് പ്രാവശ്യം...**

ജനങ്ങൾ കൂടുതലുള്ള സദസ്സുകളിലും, മറ്റുള്ള അവസരങ്ങളിലും സലാം പറഞ്ഞാൽ കേൾക്കാത്ത അവസരത്തിൽ മൂന്ന് പ്രാവശ്യം ആവർത്തിക്കാം.ബുഖാരി ഉദ്ധരിക്കുന്ന ഹദീസിൽ നമുക്ക് കാണാം.അനസ്ؓ ഉദ്ധരിക്കുന്നു, 'പ്രവാചകൻﷺ ഒരു കാര്യത്തെ പറ്റി ഉണർത്തുകയാണെങ്കിൽ മൂന്ന് പ്രാവശ്യം ആവർത്തിക്കുമായിരുന്നു, അത് പോലെ ഒരു സമൂഹത്തിൽ ചെന്നാൽ നബിﷺ അവരോട് മൂന്ന് പ്രാവശ്യം സലാം പറയുമായിരുന്നു' ഈ ഹദീസ് ഉദ്ധരിച്ച്കൊണ്ട് ഇബ്നുഹജർ അസ്ഖലാനി ഫത്ഹുൽബാരിയിൽ പറയുന്നു: 'ഒരാൾ സലാം പറഞ്ഞിട്ട് പറ

യപ്പെട്ടയാളുകൾ അത് കേട്ടിട്ടില്ലായെന്ന് തോന്നുകയാണെങ്കിൽ മൂന്ന് പ്രാവശ്യം ആവർത്തിക്കാവുന്നതാണ്, മൂന്നിൽ കൂടുതൽ ആവർത്തിക്കുവാൻ പാടില്ല,...

ശബ്ദം ഉയർത്തിയാണ് സലാം പറയേണ്ടതും, മടക്കേണ്ടതും. പ്രവാചകൻﷺയും,സ്വഹാബക്കാളും ശബ്ദം ഉയർത്തിയാണ് സലാം പറഞ്ഞിരുന്നത്. ഇമാം ബുഖാരി തന്റെ അദബുൽ മുഫ്റദിൽ ഇബ്നു ഉമറിﷺനെ തൊട്ട് ഒരു അഥർ ഉദ്ധരിക്കുന്നു, ഥാബിത്ബ്നു അബീദിൽ നിന്ന് അദ്ദേഹം പറയുന്നു: 'ഇബ്നു ഉമറുള്ള ഒരു സദസ്സിൽ ഞാൻ വന്നു, അപ്പോൾ അദ്ദേഹം പറഞ്ഞു: 'നീ സലാം പറയുകയാണെങ്കിൽ ശബ്ദം ഉയർത്തി പറയുക, തീർച്ചയായും അത് ഒരു ഉന്നതവും, നല്ലതുമായ അഭിവാദ്യമാകുന്നു' ഇമാം നവവി തന്റെ അദ്കാറിൽ പറയുന്നു:'സലാം പറയുന്നവനാകണമെങ്കിൽ അവൻ നബിചര്യയനുസരിച്ച് ഉറക്കെ പറയട്ടെ, സലാം പറയുന്നത് കേട്ടില്ലെങ്കിൽ അവൻ സലാം പറഞ്ഞവനായി പരിഗണിക്കുകയില്ല, കേൾക്കാത്ത സലാമിന്ന് മടക്കൽ നിർബ്ബന്ധവുമില്ല, അത്പോലെ മടക്കുന്നവനും ശ്രദ്ധിക്കേണ്ടത് തന്നോട് സലാം ചൊല്ലിയവൻ കേൾക്കുന്ന രൂപത്തിൽ ശബ്ദം ഉയർത്തി മടക്കേണ്ടതുമാണ്.എങ്കിലേ നിർബ്ബന്ധ ബാധ്യതയായ ഫർളിൽ നിന്ന് മോചിതനാവുകയുള്ളൂ, ഇല്ലെങ്കിൽ നിർബ്ബന്ധ ബാധ്യത വീടുകയില്ല.

### അറിയുന്നവരോടും, അറിയാത്തവരോടും...

ഇസ്‌ലാമിലെ സലാം അറിയുന്നവർക്കുള്ള ഒരു അഭിവാദ്യം മാത്രമല്ല, മറിച്ച് അറിയുന്നവർക്കും, അറിയാത്തവർക്കും സമർപ്പിക്കുന്ന അഭിവാദ്യമാണെന്ന് നാം കണ്ടു. ഇതിന് പ്രവാചകﷺയുടെ ചര്യയിൽ ഒരുപാട് ഉദാഹരണം നമുക്ക് കാണാൻ സാ

ധിക്കുന്നതാണ്. ബുഖാരിയും മുസ്ലിമും ഉദ്ധരിക്കുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം: പ്രവാചകﷺനോട് ഒരു സ്വഹാബി ഇസ്ലാമിൽ ഏത് കാര്യമാകുന്നു ഏറ്റവും നല്ലതെന്ന് ചോദിച്ചു? അപ്പോൾ പ്രവാചകൻﷺ പറഞ്ഞു:

(تطعم الطعام،وتقرأ السلام على من عرفت ومن لم تعرف) (متفق عليه)

'നീ ഭക്ഷണം നൽകുക, അറിയുന്നവരോടും, അറിയാത്തവരോടും സലാം പറയുക'പ്രവാചകൻﷺ പറയുന്നു: ഇബ്നു മസ്ഊദ്ﷺവിൽ നിന്നും ഉദ്ദരിക്കുന്ന ഹദീസ്:

قال رسول الله صلى الله عليه وسلم ( إن من أشراط الساعة إذا كانت التحية على المعرفة ) وفي رواية (( أن يسلم الرجل علىالرجل لايسلم إلا للمعرفة)) سلسلة الصحيحة للألباني

'പ്രവാചകൻﷺ പറഞ്ഞു:'അന്ത്യനാളിന്റെ അടയാളത്തിൽ പെട്ടതാണ് അറിയുന്നവർക്ക് മാത്രം അഭിവാദ്യം ചെയ്യുകയെന്നത്. മറ്റൊരു റിപ്പോർട്ടിലുള്ളത്: (ഒരാൾ മറ്റൊരാളോട് സലാം പറയുന്നു, അവൻ അറിയുന്നവർക്കല്ലാതെ സലാം പറയുകയില്ല' എന്നാണ്. (അൽബാനിയുടെ സിൽസിലത്തു അഹാദീസു സ്വഹീഹ)

## പ്രവേശിക്കുന്നവർ...

സദസ്സുകളിലേക്ക് പ്രവേശിക്കുന്നവരാണ് സലാം പറയേണ്ടത്, അതാണ് നാം മുകളിൽ വിശദമാക്കിയ ഹദീസുകളിൽ നിന്ന് നമുക്ക് മനസിലാക്കുവാൻ സാധിക്കുന്നത്.ആ ഹദീഥ് ഒന്നു കൂടി വായിക്കുക: 'പ്രവാചകﷺന്റെ അരികിലൂടെ ഒരാൾ നടന്ന് പോയി السلام عليكم എന്ന് പറഞ്ഞു. തിരുമേനിﷺ പറയുകയുണ്ടാ

യി: (അയാൾക്ക്) പത്ത് കൂലി. വേറെയൊരാൾ വന്ന് السلام عليكم ورحمة الله എന്ന് പറഞ്ഞു.പ്രവാചകൻﷺ പറഞ്ഞു: (അയാൾക്ക്) ഇരുപത് കൂലിയെന്ന്. വേറെയൊരാൾ നടന്ന് വന്ന് السلام عليكم ورحمة الله وبركاته എന്ന് സലാം പറഞ്ഞപ്പോൾ (അയാൾക്ക്) മുപ്പത് കൂലിയായിയെന്ന് പ്രവാചകൻﷺ പറഞ്ഞു'.(അബൂദാവൂദ്, മുഹമ്മദ് നാസ്വിറുദ്ധീൻ അൽബാനി സ്വഹീഹാണെന്ന് വ്യക്തമാക്കിയ ഹദീസ്)

വാഹനത്തിലുള്ളവർ നടക്കുന്നവനോടും...

നടക്കുന്നവർ ഇരിക്കുന്നവരോടും...

കുറച്ചുള്ളവർ കൂടുതലുള്ളവരോടും...

കുട്ടികൾ മുതിർന്നവരോടും...

സലാം പറയുന്നതിന്റെ മര്യാദയിൽ പെട്ടതാണ് നടക്കുന്നവർ ഇരിക്കുന്നവനോടും,കുറച്ചുള്ളവർ കൂടുതലുള്ളവരോടും, കുട്ടികൾ മുതിർന്നവരോടും സലാം പറയുകയെന്നുള്ളത്. ഒരു ഹദീഥ് കാണുക:

عن أبي هريرة رضي الله عنه قال: قال رسول الله صلى الله عليه وسلم ( يسلم الراكب على الماشي ، والماشي على القاعد ، والقليل على ا لكثير) وفي رواية للبخاري : ( يسلم الصغير على الكبير، والمار على القاعد، والقليل على الكثير)

അബൂഹുറയ്റﷺവിൽ നിന്ന് നിവേദനം: നബിﷺ പറഞ്ഞു 'വാഹനത്തിലുള്ളവർ നടക്കുന്നവരോടും, നടക്കുന്നവർ ഇരിക്കുന്നവനും, കുറച്ചുള്ളവർ കൂടുതലുള്ളവർക്കും സലാം പറയണം'. (ബുഖാരി, മുസ്ലിം)

മറ്റൊരു ഹദീഥ് കൂടി കാണുക: 'ചെറിയവർ വലിയവർക്കും, നടക്കുന്നവൻ ഇരിക്കുന്നവന്നും,കുറച്ചുള്ളവർ കൂടുതലുള്ളവർക്കും സലാം പറയണം' (ബുഖാരി)

ഇതിന് വിപരീതമായി ആരെങ്കിലും സലാം പറഞ്ഞാൽ അതിന് കുഴപ്പമില്ല, എന്നാൽ ഈ പറഞ്ഞ രൂപത്തിലാണ് ഏറ്റവും ഉത്തമം.വളരെ ചെറിയ കുട്ടികളോട് പോലും സലാം പറയണം, കാരണം അതവർക്ക് പരിശീലനവും ഇസ്‌ലാമിക ചിഹ്നങ്ങൾ മുറുകെ പിടിക്കുവാനുള്ള ഒരു പ്രോൽസാഹനവുമാകുന്നു. നബി ﷺ അങ്ങിനെ ചെയ്തിരുന്നു.അനസ്ബ്നു മാലിക് رضي الله عنه പറയുന്നു: 'അദ്ദേഹം നബി ﷺ യുടെ കൂടെ സഞ്ചരിക്കുമ്പോൾ അവരുടെയരികിലൂടെ കുട്ടികൾ കടന്ന് പോയി, നബിതിരുമേനി ﷺ അവർക്ക് സലാം പറയുകയുണ്ടായി'. (ബുഖാരി, മുസ്‌ലിം).

**അവിശ്വാസികളോട്...**

അവിശ്വാസികളോട് സലാം പറയുന്ന രൂപം വിശദമായി പ്രവാചകൻ ﷺ നമുക്ക് പഠിപ്പിച്ച് തന്നിട്ടുണ്ട്.അവിശ്വാസികളോട് അങ്ങോട്ട് സലാം പറയരുത്,ഇങ്ങോട്ട് പറഞ്ഞാൽ അത്പോലെ അങ്ങോട്ട് മടക്കാം.നബി ﷺ പറഞ്ഞതായി മുസ്‌ലിം ഉദ്ധരിക്കുന്ന ഒരു ഹദീഥ്:

( لاتبدؤوا اليهود والنصارى بالسلام ) (مسلم )

'ജൂദ ക്രൈസ്തവരോട് നിങ്ങൾ സലാം കൊണ്ട് തുടങ്ങരുത്' (മുസ്‌ലിം).

അവർ ഇങ്ങോട്ട് സലാം പറഞ്ഞാൽ അവരോട് وعليكم എന്ന് മാത്രം മറുപടി പറയുക. നബിﷺയിൽ നിന്ന് അനസ്ബ്നു മാലിക്ؓ ഉദ്ദരിക്കുന്നു:

( إذا سلم عليكم أهل الكتاب فقولوا : وعليكم ) بخاري

'വേദം നൽകപ്പെട്ട ആരെങ്കിലും നിങ്ങളോട് സലാം പറഞ്ഞാൽ അവരോട് 'വഅലൈകും' എന്ന് പറയുക' (ബുഖാരി).

സദസ്സിൽ മുസ്‌ലിംകളും,അമുസ്‌ലീംകളും ഇടകലർന്നാണെങ്കിൽ അവരോട് സലാം പറയാം. ബുഖാരി ഉദ്ധരിക്കുന്ന നീണ്ട ഒരു ഹദീസിൽ കാണാം മുനാഫിഖായ അബ്ദുല്ലാഇബ്നു ഉബയ്യിബ്നു സുലൂലും, ജൂദന്മാരും, ക്രൈസ്തവരും, വിഗ്രഹാരാധകരും അടങ്ങിയ ഒരു സദസ്സിനോട് നബിﷺ സലാം പറയുകയുണ്ടായി.

**സലാം അറിയിക്കൽ.**

സഹോദരങ്ങൾക്കും, കുടുംബാദികൾക്കും,സുഹൃത്തുക്കൾക്കും മറ്റും പരസ്പരം സലാം പറഞ്ഞയക്കാം.അതിനുള്ള തെളിവ് ബുഖാരി ഉദ്ധരിക്കുന്ന ഒരു ഹദീസിൽ നമുക്ക് കാണാം. പ്രവാചക പത്നി ആയിഷؓ ഉദ്ദരിക്കുന്നു,

( إن النبي صلى الله عليه وسلم قال لها: إن جبريل يقرأ عليك السلام. قالت: وعليه السلام ) رواه البخاري

നബിﷺ ആയിഷؓയോട് പറഞ്ഞു:'ജിബ്‌രീൽؑ നിങ്ങൾക്ക് സലാം പറയുന്നു, അപ്പോൾ ആയിഷؓ وعليه السلام അദ്ദേഹത്തിന്റെ

മേൽ അല്ലാഹുവിന്റെ സമാധാനം ഉണ്ടാവട്ടെ'യെന്ന് സലാം മടക്കി'.

അബൂദാവൂദ് ഉദ്ധരിക്കുന്ന ഹദീസിൽ നബിﷺക്കരികിൽ ഒരാൾ വന്ന്

(إن أبي يقرئك السلام ، فقال: عليك وعلى أبيك السلام) حسنه الألباني

'എന്റെ പിതാവ് നിങ്ങൾക്ക് സലാം പറഞ്ഞിട്ടുണ്ടെന്ന് അറിയിച്ചു,അപ്പോൾ നബിﷺപറഞ്ഞു,നിനക്കും, നിന്റെ പിതാവിനും അല്ലാഹുവിന്റെ രക്ഷയുണ്ടാവട്ടെ'(അബൂദാവൂദ്) അൽബാനി ഈ ഹദീഥ് ഹസനാണെന്ന് വ്യക്തമാക്കിയിരിക്കുന്നു.

പള്ളിയിലേക്കും,വീട്ടിലേക്കും, മറ്റും പ്രവേശിക്കുമ്പോൾ സലാം പറയണം. എന്നാൽ ഇമാം ഖുതുബ നിർവ്വഹിച്ച് കൊണ്ടിരിക്കുമ്പോൾ സലാം പറയേണ്ടതില്ല. കാരണം ഖുതുബ കേൾക്കുമ്പോൾ സംസാരിക്കുവാൻ പാടില്ല. സദസ്സ്വിട്ട് പോകുമ്പോഴും സലാം പറയണം. അബൂഹുറയ്റ‌رضي الله عنه ഉദ്ധരിക്കുന്ന ഹദീസ് തിർമിദിയിൽ കാണാം:

(عن أبي هريرة رضي الله عنه قال: إذا انتهى أحدكم إلى المجلس فليسلم، فإذا أراد أن يقوم فليسلم فليست الأولى بأحق من الأخرة ) ترمـذي – قـال الألبـاني صحيح

'നിങ്ങളാരെങ്കിലും ഒരു സദസ്സിലേക്ക് പ്രവേശിച്ചാൽ സലാം പറയുക, അവിടെ നിന്നും വിരമിക്കുവാൻ ഉദ്ദേശിച്ചാലും സലാം പറയുക,ആദ്യത്തേതും, അവസാനത്തേതും ഒരേ പോലെയാകുന്നു' (തിർമിദി, ഇമാം അൽബാനി ഈ ഹദീഥ് സ്വഹീഹാണെന്ന് വ്യക്തമാക്കിയിരിക്കുന്നു)

ഇസ്ലാമിന്റെ ചിഹ്നമായ സലാം പറയുവാനും, അത് ഒരു ചര്യയായി തീർക്കുവാനും അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാവട്ടെ. ആമീൻ.

## മാതാപിതാക്കൾ

അബൂഹുറയ്റ﵁ മുസ്ലിമായി, തുടർന്ന് തന്റെ പ്രിയമാതാവും കൂടി മുസ്ലിമായിരുന്നെങ്കിൽ എന്ന് അതിയായി അദ്ദേഹം ആഗ്രഹിക്കുകയും, കഴിവിന്റെ പരമാവധി ഇസ്ലാമിക ആശയാദർശങ്ങൾ അവർക്ക് വിശദമാക്കി കൊടുക്കുകയും,അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്തു കൊണ്ടിരുന്നു.അല്ലാഹുവെ, എന്റെ ഉമ്മാക്ക് ഇസ്ലാം സ്വീകരിക്കുവാനുള്ള വിശാല മനസ് നൽകേണമേയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ച് കൊണ്ടേയിരുന്നു.

ഒരുദിവസം ഉമ്മയെ അബൂഹുറയ്റ﵁ ഇസ്ലാമിലേക്ക് ക്ഷണിക്കുകയുണ്ടായി, അവർ അതികഠിനമായി മകനോട് കോപിക്കുകയും, വഴക്ക് പറയുകയും, റസൂൽﷺയെ ചീത്തപറയുകയും, ആക്ഷേപിക്കുകയും ചെയ്തു.

ഇത് കേട്ട അബൂഹുറയ്റ﵁ സഹിക്കാൻ കഴിഞ്ഞില്ല, മുമ്പ് തന്നെ ഒരുപാട് പ്രാവശ്യം ഉമ്മ വഴക്ക് പറഞ്ഞിട്ടുണ്ട്, പക്ഷേ, ഇത്ര വിശമമുണ്ടായിരുന്നില്ല,എന്നാൽ താൻ തന്നേക്കാൾ സ്നേഹിക്കുന്ന തിരുമേനിയെ ആക്ഷേപിക്കുന്നത് കേട്ടപ്പോൾ അത്

സഹിക്കാവുന്നതിലും അപ്പുറമായിരുന്നു,ഉടനെതന്നെ അബൂഹുറയ്റﷺ കരഞ്ഞ് കൊണ്ട് തിരുമേനിﷺയുടെ അടുത്തേക്ക് ഓടി...

കണ്ണുനീർ പൊഴിക്കുന്ന മുഖവും,വിങ്ങിപ്പൊട്ടുന്ന ഹൃദയവുമായി പ്രവാചക സന്നിധിയിൽ എത്തിയ അബൂഹുറയ്റﷺ തിരുമേനിയോട് ഗദ്ഗദത്തോടെ പറഞ്ഞു: തിരുദൂതരെ,ഞാനെന്റെ ഉമ്മയെ ഇസ്‌ലാമിലേക്ക് ക്ഷണിച്ച് കൊണ്ടേയിരിക്കുന്നു, എന്നാൽ അവരതിന് ഉത്തരം നൽകുന്നില്ല, ഇന്ന് ഇസ്‌ലാമിനെ സംബന്ധിച്ച് അവരോട് പറഞ്ഞപ്പോൾ അവർ അങ്ങയെ പോലും ചീത്ത പറയാനും, ആക്ഷേപിക്കുവാനും തുടങ്ങിയിരിക്കുന്നു, അതെനിക്ക് സഹിക്കാൻ കഴിയില്ല, അബൂഹുറയ്റയുടെ ഉമ്മയെ ഹിദായത്തിലാക്കാൻ അങ്ങ് അല്ലാഹുവിനോട് പ്രാർത്ഥിച്ചാലും.

**പ്രവാചകൻﷺ...**

തന്റെ ഇരുകരങ്ങളും ഉയർത്തി അല്ലാഹുവിനോട് പ്രാർത്ഥിച്ചു: 'അല്ലാഹുവെ, അബൂഹുറയ്റയുടെ ഉമ്മയെ സൻമാർഗത്തിലാക്കേണമേ...'

അദ്ദേഹം പ്രവാചക സന്നിദ്ധിയിൽ നിന്നും വീട്ടിലേക്ക് ഓടി...

വീട്ടിലെത്തിയപ്പോൾ കതകടഞ്ഞ് കിടക്കുന്നതാണ് കാണാൻ സാധിച്ചത്, അകത്ത് നിന്ന് വെള്ളം വീഴിന്നതിന്റെ ശബ്ദം കേൾക്കുന്നു, ഉമ്മ കുളിക്കുകയാണ്, മകന്റെ ശബ്ദം കേട്ടപ്പോൾ ഉമ്മ പറഞ്ഞു, മോനെ, അവിടെ നിൽക്കുക. പ്രിയ മാതാവ് കുളി കഴിഞ്ഞ് വസ്ത്രം ധരിച്ച് മകന്റെ മുന്നിൽ വന്ന് 'അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ലായെന്നും, മുഹമ്മദ് നബിﷺ അല്ലാഹു

വിന്റെ റസൂലാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു'വെന്ന സത്യസാക്ഷ്യ വചനം മൊഴിയുകയാണ്. അബൂഹുറയ്റﷺ സന്തോഷിച്ചു, ആഹ്ളാദിച്ചു, ഏറെ സന്തുഷ്ടനായി.

വീണ്ടും തിരുമേനിﷺയുടെ അടുത്തേക്ക് ഓടുകയുണ്ടായി, അപ്പോഴും കണ്ണുനീർ വീഴുന്നുണ്ടായിരുന്നു, സന്തോഷത്തിന്റെ അശ്രു കണങ്ങൾ...

പ്രവാചക സന്നിദ്ധിയിൽ എത്തി സന്തോഷ വാർത്തയറിച്ചു, പ്രവാചകരെ, സന്തോഷിക്കുക, ഉമ്മ മുസ്ലിമായി...

പ്രവാചകൻﷺ അല്ലാഹുവിനെ സ്തുതിച്ചു, 'അബൂഹുറയ്റയുടെ ഉമ്മയെ മുസ്ലിമാക്കിയ അല്ലാഹുവിന് സർവ്വ സ്തുതിയും...' (മുസ്ലിം)

ഈ ചരിത്ര സംഭവത്തിൽ നിന്നും മുസ്ലീങ്ങൾക്ക് ഒരുപാട് ഗുണപാഠങ്ങളുണ്ട്, അതിൽ വളരെ മർമ്മ പ്രധാനമായിട്ടുള്ളത് ഇസ്ലാമിന്റെ തനതായ വിശ്വാസം മനസിലാക്കുകയും,ഉൾകൊള്ളുകയും ചെയ്ത മക്കൾ അത് ലഭിക്കാത്ത മാതാപിതാക്കൾക്ക് എല്ലാ മാർഗങ്ങളിലൂടെയും എത്തിച്ച്കൊടുക്കുവാൻ കഴിവിന്റെ പരമാവധി പരിശ്രമിക്കണമെന്ന ഉദാത്തമായ മാതൃകയാണ്.

മനുഷ്യ സമൂഹത്തിന്റെ നിലനിൽപിന് കാരണം (അല്ലാഹുവിന് ശേഷം)മാതാപിതാക്കളാണ്, സന്താനങ്ങളെ വളർത്താനും ശിക്ഷണം നൽകുവാനും മാതാപിതാക്കൾ വളരെയധികം അദ്ധ്വാനിക്കുകയും,ക്ഷീണിക്കുകയും ചെയ്യാറുണ്ട്.കൂടുതൽ വിശദീകരിക്കാതെ തന്നെ സന്താനങ്ങളും, മാതാപിതാക്കളുമായി ജീവിക്കുന്ന നമുക്ക് കൃത്യമായി അറിയുന്ന കാര്യമാണ്. അത്കൊണ്ട് തന്നെ മാതാപിതാക്കളോടുള്ള കടമകൾ നാം എത്രമാത്രം

നിറവേറ്റിയാലും മതിയാവില്ല. വിശുദ്ധഖുർആൻ വളരെ കൃത്യ മായി മാതാപിതാക്കളോട് മര്യാദയോടെ പെരുമാറാനും, അവ രോട് കാരുണ്യം കാണിക്കുവാനും മനുഷ്യരെ ഉണർത്തുന്നു ണ്ട്.അല്ലാഹുവിനെ ആരാധിക്കണമെന്ന് പറഞ്ഞതിന്ശേഷം തു ടർന്ന് പറയുന്നത് നിങ്ങൾ മാതാപിതാക്കൾക്ക് പുണ്യം ചെയ്യ ണമെന്ന കാര്യമാണ്. ഇതിൽ നിന്ന് തന്നെ അതിന്റെ പ്രാധാന്യ വും, പ്രത്യേകതയും നമുക്ക് ഊഹിക്കാനാകും.

{وقضى ربك ألا تعبدوا إلا إياه وبالوالدين إحسانًا } [الإسراء: ٢٣].

'തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും, മാതാപിതാക്ക ൾക്ക് നൻമചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കു ന്നു.' (ഇസ്റാഅ്: 36)

{واعبدوا الله ولا تشركوا به شيئًا وبالوالدين إحسانًا}[النساء: ٣٦].

'നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊ ന്നും പങ്കുചേർക്കാതിരിക്കുകയും മാതാപിതാക്കളോട് നല്ല നില യിൽ വർത്തിക്കുകയും ചെയ്യുക' (നിസാഅ്: 36).

{ووصينا الإنسان بوالديه حملته أمه وهنًا على وهن وفصاله في عامين أن اشكر لي ولوالديك إلى المصير} [لقمان: ١٤].

'മനുഷ്യന് തന്റെമാതാപിതാക്കളുടെ കാര്യത്തിൽ നാം അനുശാ സനം നൽകിയിരിക്കുന്നു- ക്ഷീണത്തിനുമേൽ ക്ഷീണവുമായി ട്ടാണ് മാതാവ് അവനെ ഗർഭം ചുമന്ന് നടന്നത്. അവന്റെ മുല കുടി നിർത്തുന്നതാകട്ടെ രണ്ടുവർഷം കൊണ്ടുമാണ്- എന്നോ ടും നിന്റെ മാതാപിതാക്കളോടും നീ നന്ദി കാണിക്കൂ.എന്റെ അ ടുത്തേക്കാണ് (നിന്റെ) മടക്കം.' (ലുഖ്മാൻ: 14)

{ووصينا الإنسان بوالديه إحسانًا حملته أمه كرهًا ووضعته كرهًا وحمله وفصاله ثلاثون شهرًا} [الأحقاف: ١٥].

'തന്റെ മാതാപിതാക്കളോട് നല്ലനിലയിൽ വർത്തിക്കണമെന്ന് നാം മനുഷ്യനോട് അനുശാസിച്ചിരിക്കുന്നു.അവന്റെ മാതാവ്പ്രയാസപ്പെട്ടുകൊണ്ട് അവനെ ഗർഭം ധരിക്കുകയും, പ്രയാസപ്പെട്ടു കൊണ്ട് അവനെ പ്രസവിക്കുകയും ചെയ്തു. അവന്റെ ഗർഭകാലവും മുലകുടിനിർത്തലുംകൂടി മുപ്പത് മാസക്കാലമാകുന്നു' (അഹ്ഖാഫ്: 15)

മാതാപിതാക്കൾക്ക് പുണ്യം ചെയ്യാനായി റസൂൽﷺ ധാരാളം വചനങ്ങളിലൂടെ ജനങ്ങളെ ബോധവാൻമാരാക്കിയിട്ടുണ്ട്. അതിൽപെട്ട ഏതാനും ചില വചനങ്ങൾ ശ്രദ്ധിക്കൂ.

(عَنْ أَنَسِ بْنِ مَالِكٍ رَضِيَ اللَّه عَنْه قَالَ: سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ: مَنْ سَرَّهُ أَنْ يُبْسَطَ لَهُ فِي رِزْقِهِ أَوْ يُنْسَأَ لَهُ فِي أَثَرِهِ فَلْيَصِلْ رَحِمَهُ ) (بخاري)

അനസ്ബ്നുമാലിക്ؓവിൽ നിന്ന്: പ്രവാചകൻﷺ പറയുന്നതായി അദ്ദേഹം കേൾക്കുകയുണ്ടായി: 'തന്റെ ഉപജീവനത്തിൽ വിശാലത ലഭിക്കുവാനും,ദീർഘായുസ്സും ആഗ്രഹിക്കുന്നുവെങ്കിൽ അവൻ കുടുംബ ബന്ധം ചേർക്കുമാറാവട്ടെ' (ബുഖാരി)

(عَنْ أَبِي هُرَيْرَةَ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: تَعَلَّمُوا مِنْ أَنْسَابِكُمْ مَا تَصِلُونَ بِهِ أَرْحَامَكُمْ فَإِنَّ صِلَةَ الرَّحِمِ مَحَبَّةٌ فِي الأَهْلِ مَثْرَاةٌ فِي الْمَالِ مَنْسَأَةٌ فِي الأَثَرِ) (ترمذي- صححه الألباني)

അബൂഹുറയ്റؓവിൽ നിന്ന് നിവേദനം:റസൂലുല്ലാഹിﷺ പറയുകയുണ്ടായി: 'നിങ്ങളുടെ കുടുംബ ബന്ധം ചേർക്കുവാൻ ഉപ

കരിക്കുന്ന കാര്യങ്ങൾ നിങ്ങൾ നിങ്ങളുടെ കുടുംബ പരമ്പരയിൽ നിന്നും പഠിക്കുക, കാരണം കുടുംബ ബന്ധം ചേർക്കൽ കുടുംബത്തെ ഇഷ്ടപ്പെടലും, ധനത്തിൽ വർദ്ദനവുണ്ടാകലും, ദീർഘായുസ്സ് വർദ്ദിപ്പിക്കലുമാകുന്നു'(തിർമിദി- അൽബാനി സ്വഹീഹാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്)

( عَنْ عَلِيٍّ رَضِي اللَّه عَنْه عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: مَنْ سَرَّهُ أَنْ يُمَـدَّ لَهُ فِي عُمْرِهِ وَيُوَسَّعَ لَهُ فِي رِزْقِهِ وَيُدْفَعَ عَنْهُ مِيتَةُ السُّوءِ فَلْيَتَّقِ اللَّهَ وَلْيَصِلْ رَحِمَهُ) أحمد

അലിﷺവിൽ നിന്ന് പ്രവാചകൻﷺ പറയുകയുണ്ടായി: 'ആരെങ്കിലും ദീർഘായുസ്സ് ലഭിക്കുവാനും,ഉപജീവന മാർഗം വിശാലമാകുവാനും, ദുർമരണത്തെ തടയുവാനും ഇഷ്ടപ്പെടുന്നുവെങ്കിൽ അവൻ അല്ലാഹുവിനെ സൂക്ഷിക്കുകയും, കുടുംബ ബന്ധം ചേർക്കുകയും ചെയ്യട്ടെ' (അഹ്മദ്).

മാതാപിതാക്കൾക്ക് പുണ്യം ചെയ്യലും, അവരോട് നല്ല നിലയിൽ വർത്തിക്കലും ഓരോ മുസ്ലിമിന്റെയും നിർബ്ബന്ധ ബാധ്യതയാണ്. മാതാപിതാക്കളോട് കാണിക്കേണ്ട മര്യാദകൾ ഓരോന്നും നാം മനസിലാക്കുക:

**സ്നേഹത്തോടെ, അനുകമ്പയോടെ...**

മാതാപിതാക്കൾ സന്താനങ്ങൾക്ക് വേണ്ടി സഹിച്ച ത്യാഗത്തിന് എത്രമാത്രം അവർക്ക് നൻമയും പുണ്യങ്ങളും ചെയ്താലും മതിയാവില്ല, അത്രമാത്രമാണ് അവർ സഹിച്ച ത്യാഗം, അവർ ചിലവഴിച്ച സമയം...

പ്രവാചകൻﷺയുടെ അടുത്ത് വന്ന് ഒരാൾ ചോദിക്കുന്നത് കാണുക:

جاء رجل إلى النبي صلى الله عليه وسلم فقال له: يا رسول الله، إني حملتُ أمي على عنقي فرسخين (حـوالي عشرـة كيلـو مـترات) في رمضـاء شـديدة، فهـل أدَّيـتُ شكرها؟ فقال صلى الله عليه وسلم: (لعله أن يكون لطلقة واحدة (يعني طلقة واحدة من آلام الولادة).

ويقول صلى الله عليه وسلم: (مـن أرضى والديـه فقـد أرضى الله، ومـن أسـخط والديه فقد أسخط الله) [البخاري في الأدب المفرد].

ഒരാൾ പ്രവാചകൻﷺക്കരികിൽ വന്നുകൊണ്ട് പറയുകയുണ്ടായി: 'ഓ, പ്രവാചകരെ, നല്ല ചൂടുള്ള സമയത്ത് ഞാൻ എന്റെ ഉമ്മയെ രണ്ട് ഫർസഖ് (ഏകദേശം പത്ത് കിലോമീറ്റർ) ദൂരം ചുമലിൽ വഹിച്ച്കൊണ്ട് നടക്കുകയുണ്ടായി, അവരോട് നന്ദി ഞാൻ നിർവ്വഹിച്ചോ? അപ്പോൾ റസൂൽﷺപറയുകയുണ്ടായി: ഒരുപക്ഷേ, അത് ഒരു ത്വൽഖത്തിന് പകരമായേക്കാം.(ത്വൽക്കത്ത് എന്ന് പറഞ്ഞാൽ പ്രസവ വേദനയുടെ ഒരു ചെറിയ ഭാഗം)

റസൂലുല്ലാഹ്ﷺ പറയുന്നു: 'ആരെങ്കിലും മാതാപിതാക്കളെ തൃപ്തിപ്പെടുത്തിയാൽ അല്ലാഹു അവനെയും തൃപ്തിപ്പെടുത്തുന്നതാണ്,ആരെങ്കിലും മാതാപിതാക്കളെ വെറുപ്പിക്കുകയും,കോപിപ്പിക്കുകയും ചെയ്താൽ അല്ലാഹു അവനിലും കോപിക്കുന്നതാണ്' (ബുഖാരി അദബൽ മുഫ്റദിൽ ഉദ്ധരിച്ചത്)

**അനുസരണത്തോടെ...**

അല്ലാഹുവിനെ ധിക്കരിക്കുന്ന കാര്യത്തിലൊഴിച്ച് മറ്റു മുഴുവൻ കാര്യങ്ങളിലും മാതാപിതാക്കളെ അനുസരിക്കേണ്ടതുണ്ട്, സൃഷ്ടാവിനെ ധിക്കരിക്കുവാനായി ഒരു സൃഷ്ടിയേയും അനുസ

രിക്കാവതല്ല. മാതാപിതാക്കൾ അവിശ്വാസികളാണെങ്കിൽ പോലും ഐഹികമായ കാര്യങ്ങളിൽ അവരെ അനുസരിക്കണമെന്നത് ഇസ്‌ലാമിന്റെ ശക്തമായ നിയമമാണ്.

وَوَصَّيْنَا الإِنسَانَ بِوَالِدَيْهِ حُسْنًا وَإِن جَاهَدَاكَ لِتُشْرِكَ بِي مَا لَيْسَ لَكَ بِهِ عِلْمٌ فَلا تُطِعْهُمَا إِلَيَّ مَرْجِعُكُمْ فَأُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ) (العنكبوت:٨)

'തന്റെ മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കാൻ മനുഷ്യനോട് നാം അനുശാസിച്ചിരിക്കുന്നു.നിനക്ക് യാതൊരു അറിവുമില്ലാത്ത ഒന്നിനെ എന്നോട് പങ്കുചേർക്കുവാൻ അവർ(മാതാപിതാക്കൾ) നിന്നോട് നിർബന്ധപൂർവ്വം ആവശ്യപ്പെട്ടാൽ അവരെ നീ അനുസരിച്ച് പോകരുത്. എന്റെ അടുത്തേക്കാണ് നിങ്ങളുടെ മടക്കം.അപ്പോൾ നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി ഞാൻ നിങ്ങളെ വിവരമറിയിക്കുന്നതാണ്.' (അൻകബൂത്ത്: 8)

وَإِن جَاهَدَاكَ عَلَى أَن تُشْرِكَ بِي مَا لَيْسَ لَكَ بِهِ عِلْمٌ فَلا تُطِعْهُمَا وَصَاحِبْهُمَا فِي الدُّنْيَا مَعْرُوفًا وَاتَّبِعْ سَبِيلَ مَنْ أَنَابَ إِلَيَّ ثُمَّ إِلَيَّ مَرْجِعُكُمْ فَأُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ) (لقمان:١٥)

'നിനക്ക് യാതൊരു അറിവുമില്ലാത്ത വല്ലതിനെയും എന്നോട് നീ പങ്കുചേർക്കുന്ന കാര്യത്തിൽ അവർ ഇരുവരും നിന്റെ മേൽ നിർബന്ധം ചെലുത്തുന്ന പക്ഷം അവരെ നീ അനുസരിക്കരുത്.ഇഹലോകത്ത് നീ അവരോട് നല്ലനിലയിൽ സഹവസിക്കുകയും, എന്നിലേക്ക് മടങ്ങിയവരുടെ മാർഗം നീ പിന്തുടരുകയും ചെയ്യുക.പിന്നെ എന്റെ അടുത്തേക്കാകുന്നു നിങ്ങളുടെ മടക്കം.അപ്പോൾ നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി ഞാൻ നിങ്ങളെ വിവരമറിയിക്കുന്നതാണ്.' (ലുഖ്മാൻ: 15)

**ഏറ്റെടുക്കുക...**

മാതാപിക്കളെ സംരക്ഷിക്കേണ്ടതും, അവർക്ക് വേണ്ടി ചില വഴിക്കേണ്ടതും, പരിചരിക്കേണ്ടതും ഓരോ മുസ്ലിമിന്റെയും ബാധ്യതയാണ്. അവരുടെ താമസം, വസ്ത്രം, ഭക്ഷണം, പരിചരണം, ചികിൽസ തുടങ്ങി കാര്യങ്ങൾ മുഴുവനും അതിൽ പെടുന്നതാണ്. മക്കളുടെ സമ്പത്തിൽ നിന്ന് അവർ ആവശ്യപ്പെടുകയാണെങ്കിൽ അവർക്കത് നൽകാൻ സന്താനങ്ങൾ ബാധ്യസ്തരാണെന്നാണ് ഇസ്ലാമിന്റെ പ്രവാചകൻ നമ്മെ ഉണർത്തുന്നത്.

جاء رجل إلى النبي صلى الله عليه وسلم وقال: يا رسـول الله، إن لي مـالا ووالدًا، وإن أبي يريد أن يجتاح (يأخذ) مالي. فقال له النبي صلى الله عليـه وسـلم: (أنـت ومالك لأبيك) [ابن ماجه].

നബിﷺയുടെ അടുത്ത് ഒരാൾ വന്ന്കൊണ്ട് ചോദിക്കുകയുണ്ടായി:'ഓ, പ്രവാചകരെ, എനിക്ക് സമ്പത്തും,പിതാവുമുണ്ട്.എന്റെ പിതാവ് എന്റെ സമ്പത്ത് എടുക്കാൻ ആഗ്രഹിക്കുന്നു.അപ്പോൾ അദ്ദേഹത്തോട് പ്രവാചകൻﷺപറയുകയുണ്ടായി:'നീയും നിന്റെ സമ്പത്തും നിന്റെ പിതാവിനുള്ളതാണ്' (ഇബ്നുമാജ)

**നല്ല നിലയിൽ...**

മാതാപിതാക്കൾ അവിശ്വാസികളാണെങ്കിലും അവരോട് നല്ല നിലയിൽ വർത്തിക്കുകയും, അവർക്ക് വേണ്ട സഹായങ്ങൾ ചെയ്യേണ്ടതും ഓരോ മുസ്ലിമിന്റെയും ചുമതലയാണെന്ന് ഇസ്ലാം നിഷ്കർഷിക്കുന്നുണ്ട്. ഒരു ഹദീഥ് നാം കാണുക:

عن أسماء بنت أبي بكـر -رضي الله عنهـا-: قـدمتْ علي أمي وهي مشر كة -في عهد قريش- فقلتُ: يـا رسـول الله، قـدمتْ علي أمي وهي راغبـة .. أفأصـلُ أمي؟ فقال صلى الله عليه وسلم: (نعم، صلي أُمَّك) [مسلم].

അസ്മാഅ് ബിന്ത് അബൂബക്കർﷺയിൽ നിന്ന്, 'എന്റെ ഉമ്മ എന്റെയടുത്ത് വരികയുണ്ടായി, അവർ മുശ്രികത്താണ്, അപ്പോൾ ഞാൻ ചോദിക്കുകയുണ്ടായി: ഓ പ്രവാചകരെ, എന്റെ ഉമ്മ എന്റെയടുത്ത് വന്നിരിക്കുന്നു, അവർ (ബന്ധം) ആഗ്രഹിക്കുന്നു, 'ഞാനെന്റെ ഉമ്മയുമായി ബന്ധം ചേർക്കേണ്ടതുണ്ടോ? അതെ, നീ ഉമ്മയുമായി ബന്ധം ചേർക്കുകയെന്ന് തിരുദൂതർﷺ പ്രത്യുത്തരം നൽകി' (മുസ്ലിം)

**ഒരു സംഭവം നോക്കൂ...**

സഅദ്ബ്നു അബീവഖാസ്ﷺ മുസ്ലിമായപ്പോൾ ഉമ്മ അതിനെ എതിർക്കുകയുണ്ടായി, സഅദേ, നീ നിന്റെ പുത്തൻ മതത്തിൽ നിന്നും പിൻതിരിയുന്നത് വരെ ഞാൻ ഭക്ഷണം കഴിക്കുകയോ, വെള്ളം കുടിക്കുകയോ ചെയ്യില്ലന്ന് അവർ ശപഥം ചെയ്തു. ആകെ പ്രതിസന്ധിയിലായി. സത്യം ബോധ്യപ്പെട്ട സഅദിന് അത് ഉപേക്ഷിക്കാൻ കഴിയില്ല, എതിർ വശത്താണെങ്കിൽ നൊന്തു പ്രസവിക്കുകയും, പാലൂട്ടുകയും, താരാട്ട്പാട്ട് പാടി ഉറക്കുകയും, മടിത്തട്ടിലിട്ട് വളർത്തി വലുതാക്കുകയും ചെയ്ത ഉമ്മ. അവസാനം വിശ്വാസം അവിടെ അതിജയിക്കുന്നു, വിശ്വാസത്തിന് പ്രാധാന്യം നൽകുന്നു' സഅദ്ബ്നു അബൂവഖാസ്ﷺ പറയുന്നത് ഹദീഥിലൂടെ നമുക്ക് മനസിലാക്കാം'

وقال لها: يا أمَّه، تعلمين والله لو كان لك مائة نفس فخرجت نفسًا نفسًا ما تركت ديني . إن شئتِ فكلي أو لا تأكلي. فأنزل الله -عز وجل- قوله تعالى: {وإن جاهداك على أن تشرك بي ما ليس لك به علم فلا تطعهما وصاحبهما في الدنيا معروفًا} [لقمان: ١٥].(الترمذي)

അവരോ(ഉമ്മ)ട് പറയുകയുണ്ടായി: ഉമ്മാ,നിങ്ങൾ മനസിലാക്കുക, അല്ലാഹു തന്നെയാണ സത്യം! നിങ്ങൾക്ക് ഒരു നൂറ് ആത്മാവുണ്ടാവുകയും, ആ ആത്മാവുകൾ മുഴുവനും ഒന്നൊന്നായി മരിക്കുകയാണെങ്കിൽ പോലും ഞാനെന്റെ മതത്തിൽ നിന്നും പിൻതിരിയുന്ന പ്രശ്നമില്ല, ഉമ്മാ, നിങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ ഭക്ഷിക്കാം,ഭക്ഷിക്കാതിരിക്കാം' ഈ സന്ദർഭത്തിലാണ് അല്ലാഹു താഴെ വരുന്ന ആയത്ത് ഇറക്കുന്നത്. 'നിനക്ക് യാതൊരു അറിവുമില്ലാത്ത വല്ലതിനെയും എന്നോട് നീ പങ്കുചേർക്കുന്ന കാര്യത്തിൽ അവർ ഇരുവരും നിന്റെ മേൽ നിർബന്ധം ചെലുത്തുന്ന പക്ഷം അവരെ നീ അനുസരിക്കരുത്.ഇഹലോകത്ത് നീ അവരോട് നല്ലനിലയിൽ സഹവസിക്കുകയും,ചെയ്യുക..'(ലുഖ്മാൻ:15)

**അഭിലാഷങ്ങൾ പരിഗണിക്കുക...**

മാതാപിതാക്കൾക്ക് വെറുപ്പുണ്ടാക്കുന്ന കാര്യങ്ങളിൽ നിന്നെല്ലാം മുസ്ലിം വിട്ട് നിൽക്കേണ്ടതുണ്ട്, അവരുടെ ആഗ്രഹങ്ങൾ കഴിവിൽപെട്ടിടത്തോളം സാധിപ്പിച്ച് കൊടുക്കുക. വെറുപ്പുണ്ടാക്കുന്ന എത്രനിസ്സാര കാര്യമാണെങ്കിൽ പോലും നാം അതിൽ നിന്ന് വിട്ട് നിൽക്കണം, സംസാരത്തിൽ പോലും. അതാണ് ഖുർആൻ പറയുന്നത്, നമ്മെ പഠിപ്പിക്കുന്നത്. സംസാരത്തിനിടക്ക് വെറുപ്പുളവാകുമ്പോൾ സാധാരണ പറയുന്ന ഛേ,എന്ന വാക്കുപോലും മാതാപിതാക്കളുമായുള്ള സംഭാഷണത്തിൽ പ

റയുവാൻ പാടില്ല.അപ്പോൾ അതിനേക്കാൾ ഗൗരവമായ രൂപത്തിൽ നാം എങ്ങിനെ മാതാപിതാക്കളുമായി സംസാരിക്കും.ഖുർആൻ മുസ്‌ലിമിനെ ഗുണദോശിക്കുന്നത് ശ്രദ്ധിക്കൂ…

{فلا تقل لهما أف ولا تنهرهما وقل لهما قولاً كريمًا} [الإسراء: ٢٣].

'അവരോട് നീ ഛെ, എന്ന് പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക'(ഇസ്‌റാഅ്: 23).

മാതാപിതാക്കളെ അവരുടെ പേര് കൊണ്ട് അഭിസംബോധന ചെയ്യാതിരിക്കുക:

സന്താനങ്ങൾ മാതാപിതാക്കളെ അഭിസംബോധന ചെയ്യേണ്ടത്, ഉമ്മാ, ഉപ്പാ എന്നിങ്ങനെയാണ്. അവരുടെ പേര് നാം വിളിക്കാതിരിക്കുക. അബൂഹുറയ്റ ﷺ രണ്ടാളുകൾ തങ്ങളുടെ കുടുംബ ബന്ധത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്നത് കാണാനിടയായി അതിൽ ഒരാൾ അടുത്തയാളോട് പറയുകയുണ്ടായി, അയാൾ എന്റെ പിതാവാണ്.അപ്പോൾ അബൂഹുറയ്റ ﷺ പറഞ്ഞു:

فقال أبو هريرة: لا تسمِّه باسمه، ولا تمشِ أمامه، ولا تجلسْ قبله. [البخاري في الأدب المفرد].

'അവരെ അവരുടെ പേര് കൊണ്ട് അഭിസംബോധന ചെയ്യാതിരിക്കുക, അവരുടെ മുന്നിലൂടെ നടക്കാതിരിക്കുക, അവർക്ക് മുമ്പായി ഇരിക്കാതിരിക്കുക' (ബുഖാരി,തന്റെ അദബുൽ മുഫ്റദിൽ ഉദ്ധരിച്ചത്). പരമാവധി മാതാപിതാക്കളോട് നല്ല നിലയിൽ നാം പെരുമാറുക. അപമര്യാദ കാണിക്കാതിരിക്കുക. അവർക്ക് അനുകമ്പയുടെയും, കാരുണ്യത്തിന്റെയും ചിറകുകൾ വിതാനിച്ച് കൊടുക്കുക. അവർക്ക്വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക:

{واخفض لهما جناح الذل مـن الرحمـة وقـل رب ارحمهمـا كمـا ربيـاني صـغيرًا} [الإسراء: ٢٤].

'കാരുണ്യത്തോട് കൂടി എളിമയുടെ ചിറക് നീ അവർ ഇരുവർക്കും താഴ്ത്തികൊടുക്കുകയും ചെയ്യുക.എന്റെ രക്ഷിതാവേ,ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റിവളർത്തിയത് പോലെ ഇവരോട് നീ കരുണ കാണിക്കണമേ എന്ന് നീ പറയുകയും ചെയ്യുക' (ഇസ്റാഅ്: 24).

**അനുവാദത്തോടെ...**

ഇസ്ലാം അനുവദിച്ച, നിയമങ്ങൾക്കനുസരിച്ചുള്ള ജിഹാദിന് രാജ്യത്തിന്റെ ഭരണാധികാരി ആവശ്യപ്പെടുന്ന സന്ദർഭങ്ങളിൽ ജിഹാദിന് പോകുമ്പോൾ പോലും മാതാപിതാക്കളോട് സമ്മതം ചോദിക്കേണ്ടതുണ്ട്. അവർ അനുവാദം നൽകിയാലേ പോകാൻ പാടുള്ളൂ. അതാണ് ഇസ്ലാമിന്റെ നിയമം മനുഷ്യരെ പഠിപ്പിക്കുന്നത്. പഠിക്കുക, താഴെ വരുന്ന ഹദീഥ്.

قال صلى الله عليه وسلم لرجل جاء يريد الجهاد: (هل باليمن أبواك؟). قال: نعم. فسأله النبي صلى الله عليه وسلم عما إذا كانا أَذِنا له أم لا. فقال الرجل: لا. فقـال له النبي صلى الله عليه وسلم: (فارجع فاستأذنهما؛ فـإن أَذِنـا لـك، وإلا فبرَّهمـا) [أحمد].

ജിഹാദിന് പോകാൻ ഉദ്ദേശിച്ച് വന്ന ഒരു വ്യക്തിയോട് പറയുകയുണ്ടായി:'താങ്കളുടെ മാതാപിതാക്കൾ ജീവിച്ചിരിപ്പുണ്ടോ?' അതെയെന്ന് അയാൾ മറുപടി പറഞ്ഞു.അപ്പോൾ നബിﷺ അവരോട് സമ്മതം ചോദിച്ചിട്ടുണ്ടോയെന്ന് ആരാഞ്ഞു, ഇല്ലായെന്ന്

പ്രത്യുത്തരം നൽകുകയുണ്ടായി, അദ്ദേഹത്തോട് നബിﷺ ആജ്ഞാപിച്ചു: 'നീ മടങ്ങിപോവുക,അവരോട് സമ്മതം ചോദിക്കുക, അവർ അനുവാദം നൽകിയാൽ (ജിഹാദിന് പോകാം) ഇല്ലെങ്കിൽ അവർക്ക് പുണ്യം ചെയ്ത് ജീവിക്കുക' (അഹ്മദ്).

**മാതാപിതാക്കളേക്കാൾ...**

ഭാര്യയേയും, മക്കളേയും പരിഗണിക്കുന്നതിന് മുൻപ് നാം മാതാപിക്കളെയാണ് പരിഗണിക്കേണ്ടത്. ഒരു സംഭവം പ്രവാചകൻﷺ വിശദീകരിക്കുന്നത് കാണുക: 'മൂന്നാളുകൾ മരുഭൂമിയിലൂടെ സഞ്ചരിക്കുകയാണ്, യാത്രക്കിടയിൽ ഒരു ഗുഹയിൽ പ്രവേശിക്കേണ്ട നിർബ്ബന്ധ സാഹചര്യം അവർക്കുണ്ടായി, അവർ ഗുഹയിൽ പ്രവേശിച്ചപ്പോൾ ഗുഹാമുഖം അടയുന്ന രൂപത്തിലുള്ള ഒരു വലിയ പാറക്കല്ല് ഉതിർന്ന് വീഴുകയുണ്ടായി. അവർ മൂന്ന് പേരും ഒരുമിച്ച് തള്ളി നോക്കി, അനങ്ങുന്നില്ല. അവരുടെ നാശം അവർ മുന്നിൽ കാണുകയാണ്, അവരത് ഉറപ്പിച്ച് കഴിഞ്ഞിരുന്നു. അവസാനം അവർ ചിന്തിക്കുകയാണ്! നമ്മൾ അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ച് പ്രവർത്തിച്ച കർമ്മങ്ങൾ മുൻ നിർത്തി നാം പ്രാർത്ഥിക്കുക. അല്ലാഹു നമ്മെ രക്ഷപ്പെടുത്തും. അവർ ഉറച്ച തീരുമാനമെടുത്തു. അവരിൽ ഒരാൾ പ്രാർത്ഥിക്കുകയുണ്ടായി. 'അല്ലാഹുവെ,എനിക്ക് പ്രായമേറിയ മാതാപിതാക്കളുണ്ടായിരുന്നു, ഞാൻ എന്നും ആടുകളെ മേച്ച് നടക്കും, വൈകുന്നേരം വന്ന് പാൽ കറന്ന് കൊണ്ട് ആ പാൽ പാത്രവുമായി മാതാപിതാക്കളുടെയടുത്ത് വന്ന് അവരെ കുടിപ്പിക്കുകയും ചെയ്യാറുണ്ടായിരുന്നു. ശേഷമാണ് ഞാനെന്റെ കുട്ടികളെയും,ഭാര്യയേയും, കുടുംബത്തേയും കുടിപ്പിക്കാറുള്ളത്. ഒരു ദിവസം ഞാൻ വന്നപ്പൊൾ നേരം അൽപം വൈകിയിരുന്നു,

അവർ രണ്ടാളും ഉറങ്ങിയിരുന്നു. അവരെ ഉണർത്തുന്നത് മര്യാദകേടാണെന്ന് എനിക്ക് തോന്നി. പാലിനായി എന്റെ കുട്ടികൾ എന്റെയടുത്ത് വന്ന് കരഞ്ഞ് കൊണ്ടിരുന്നു, അവസാനം നേരം പുലർന്നു, ഞാനവർ ഉണരുന്നത് പ്രതീക്ഷിച്ച് നിൽക്കുകയായിരുന്നു. അല്ലാഹുവെ, ഞാനിത് പ്രവർത്തിച്ചത് നിന്റെ പ്രീതി കാംക്ഷിച്ച് കൊണ്ടാണെങ്കിൽ ഞങ്ങൾ അകപ്പെട്ട് പോയിരിക്കുന്ന ഈ പ്രയാസത്തിൽ നിന്ന് ഞങ്ങളെ നീ രക്ഷിക്കേണമേ' മറ്റു രണ്ടു പേരും അവർ ചെയ്ത സൽകർമ്മങ്ങൾ മുൻനിറുത്തി പ്രാർത്ഥിക്കുകയുണ്ടായി. പാറക്കല്ല് അൽഭുതകരമായി നീങ്ങുകയാണ്. മൂന്ന് പേരും ആ അപകടത്തിൽ നിന്ന് രക്ഷപ്പെടുകയാണ്' (മുത്തഫഖുൻ അലൈഹി). ഇതിന് ഒരു കാരണം മാതാപിതാക്കൾക്ക് പുണ്യം ചെയ്തതാണെന്ന് നാം മനസിലാക്കുക. അവരോട് മാന്യമായി പെരുമാറിയതാണെന്ന് അറിയുക.

ഈ രൂപത്തിലാണ് ഒരു മുസ്ലിം തന്റെ മാതാപിതാക്കൾക്ക് ഭാര്യമാരെക്കാളും, മക്കളെക്കാളും പരിഗണന നൽകേണ്ടത്. എങ്കിൽ വാർദ്ധക്യത്തിൽ സ്വന്തം സന്താനങ്ങളിൽ നിന്ന് ഇങ്ങനെയുള്ള മര്യാദകൾ നമുക്ക് പ്രതീക്ഷിക്കാവുന്നതാണ്. സ്വന്തം മക്കൾ എന്താണോ തന്റെ മാതാപിക്കളിൽ നിന്ന് ദർശിക്കുന്നത് അത് തന്നെയായിരിക്കും അവരിൽ നിന്ന് പുറത്ത് വരിക. എത്രയോ ഉദാഹരണങ്ങൾ നമ്മുടെ ജീവിതത്തിൽ നമുക്ക് കാണാനാകും. അതാണ് റസൂലുല്ലാഹ്ﷺ നമ്മെ പഠിപ്പിക്കുന്നത്.

أن رسول الله صلى الله عليه وسلم قال: (بروا آباءكم تَبركُم أبناؤكم) [الطبراني].

റസൂലുല്ലാഹ്ﷺപറയുന്നു: 'നിങ്ങൾ നിങ്ങളുടെ മാതാപിതാക്കൾക്ക് പുണ്യം ചെയ്യുക, എങ്കിൽ നിങ്ങളുടെ മക്കൾ നിങ്ങൾക്ക് പുണ്യം ചെയ്യുന്നതാണ്' (ത്വബ്റാനി)

**അവർക്ക് വേണ്ടി പ്രാർത്ഥിക്കുക...**

മാതാപിതാക്കൾ ജീവിച്ചിരിക്കുമ്പോഴും,അവരുടെ മരണത്തിന് ശേഷവും അവർക്ക്വേണ്ടി പ്രാർത്ഥിക്കൽ മുസ്ലിമിന്റെ ഒഴിച്ചു കൂടാൻ പാടില്ലാത്ത മര്യാദയിൽ പെട്ടതാകുന്നു.അതാണ് നൂഹ്ﷺയുടെ ചരിത്രം വിശദീകരിച്ച് കൊണ്ട് വിശുദ്ധഖുർആൻ നമ്മെ ബോധ്യപ്പെടുത്തുന്നത്.

{رب اغفر لي ولوالدي ولمن دخل بيتي مؤمنًا وللمؤمنين والمؤمنات} [نوح: ٢٨].

'എന്റെ രക്ഷിതാവേ, എന്റെ മാതാപിതാക്കൾക്കും എന്റെ വീട്ടിൽ വിശ്വാസിയായിക്കൊണ്ട് പ്രവേശിച്ചവന്നും സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും നീ പൊറുത്തുതരേണമേ. അക്രമകാരികൾക്ക് നാശമല്ലാതൊന്നും നീ വർദ്ധിപ്പിക്കരുതേ' (നൂഹ്:28).

وقال صلى الله عليه وسلم: (إذا مات الإنسان انقطع عمله إلا من ثلاثة: إلا من صدقة جارية، أو علم ينتفع به، أو ولد صالح يدعو له) [مسلم]

റസൂലുല്ലാഹ്ﷺ പറയുന്നു: 'മനുഷ്യൻ മരിച്ച് കഴിഞ്ഞാൽ അവന്റെ കർമ്മങ്ങൾ മുറിഞ്ഞ്പോകുന്നു,മൂന്ന് കാര്യങ്ങൾ ഒഴിച്ച്; മുറിഞ്ഞ്പോവാത്ത ദാനധർമ്മങ്ങൾ, ഉപകാരപ്പെടുന്ന അറിവ്, അവന്വേണ്ടി പ്രാർത്ഥിക്കുന്ന സദ്വൃത്തരായ സന്താനങ്ങൾ എന്നിവയാണവ' (മുസ്ലിം)

## ഉറക്കവും പ്രാർത്ഥനയും

സത്യവിശ്വാസികൾ ജീവിക്കേണ്ടത് വിശുദ്ധ ഖുർആനിന്റെയും തിരുസുന്നത്തിന്റെയും അടിസ്ഥാനത്തിലാണ്. പ്രമാണങ്ങൾക്കനുയോജ്യമായി ജീവിക്കുന്നവർക്ക് മാത്രമേ മനസ്സിന് ശാന്തിയും സമാധാനവും കരഗതമാവുകയുള്ളു. അതല്ലാതെ എവിടെ പോയാലും മന:ശാന്തി ലഭിക്കുകയില്ല. ശാന്തിയും, സമാധാനവും ലഭിക്കുവാനായി അല്ലാഹു പറയുന്നത് അവനെ ഓർക്കുവാനാണ്. അല്ലാഹു പറയുന്നു:

(الَّذِينَ آمَنُوا وَتَطْمَئِنُّ قُلُوبُهُمْ بِذِكْرِ اللَّهِ أَلَا بِذِكْرِ اللَّهِ تَطْمَئِنُّ الْقُلُوب)

'അതായത് വിശ്വസിക്കുകയും അല്ലാഹുവിനെപ്പറ്റിയുള്ള ഓർമ്മ കൊണ്ട് മനസ്സുകൾ ശാന്തമായി തീരുകയും ചെയ്യുന്നവരെ. ശ്രദ്ധിക്കുക; അല്ലാഹുവെ പറ്റിയുള്ള ഓർമ്മകൊണ്ടത്രെ മനസ്സുകൾ ശാന്തമായി തീരുന്നത്' (റഅ്ദ്:28) ഒരു വിശ്വാസി തന്റെ മുഴുവൻ സമയവും അല്ലാഹുവിനെ സ്മരിക്കേണ്ടതുണ്ട്. തന്റെ ഉറക്കത്തിലും ഉണർവ്വിലും അവനെ സ്മരിക്കണമെന്ന് പ്രവാചക തിരുമേനിﷺ കൽപിക്കുന്നുണ്ട്. മുസ്‌ലിമായവൻ ഉറങ്ങുന്നതിന് മുമ്പ് പ്രാർത്ഥിക്കേണ്ട ചില പ്രാർത്ഥനകളും അതിന്റെ ആശയവുമാണ് താഴെ വിവരിക്കുന്നത്.

അബൂഹുറയ്റ(رضي الله عنه)യിൽ നിന്ന് നിവേദനം: പ്രവാചകൻﷺ പറയുന്നു:'ആരെങ്കിലും ഉറങ്ങുവാൻ ഉദ്ദേശിക്കുകയാണെങ്കിൽ അ

വൻ തന്റെ വിരിപ്പ് മൂന്ന് പ്രാവശ്യം കുടയട്ടേ, എന്നിട്ട് ഇപ്രകാരം പറയുകയും ചെയ്യുക:

(بِاسْمِكَ رَبِّي وَضَعْتُ جَنْبِي وَبِكَ أَرْفَعُهُ إِنْ أَمْسَكْتَ نَفْسِي فَارْحَمْهَا وَإِنْ أَرْسَلْتَهَا فَاحْفَظْهَا بِمَا تَحْفَظُ بِهِ عِبَادَكَ الصَّالِحِينَ) بخاري

അർത്ഥം: രക്ഷിതാവെ, നിന്റെ നാമത്തിൽ എന്റെ പാർശ്വത്തെ ഞാൻ വെക്കുന്നു,നിന്നിലേക്ക് ഞാനതിനെ ഉയർത്തുകയും ചെയ്യുന്നു, നീ അതിനെ പിടിച്ചെടുക്കുകയാണെങ്കിൽ അതിനോട് നീ കാരുണ്യം കാണിക്കേണമേ, നീ അതിനെ വീണ്ടും അയക്കുകയാണെങ്കിൽ നിന്റെ സദ്വൃത്തരായ അടിമകളെ സംരക്ഷിക്കുന്നത് പോലെ അതിനെയും സംരക്ഷിക്കേണമേ' (ബുഖാരി) പ്രവാചകﷺയിൽ നിന്ന് ആയിഷാ﵂ ഉദ്ധരിക്കുന്ന ഒരു ഹദീസ് ശ്രദ്ധിക്കുക:

عَنْ عَائِشَةَ أَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ كَانَ إِذَا أَوَى إِلَى فِرَاشِهِ كُلَّ لَيْلَةٍ جَمَعَ كَفَّيْهِ ثُمَّ نَفَثَ فِيهِمَا فَقَرَأَ فِيهِمَا قُلْ هُوَ اللَّهُ أَحَدٌ وَ قُلْ أَعُوذُ بِرَبِّ الْفَلَقِ وَ قُلْ أَعُوذُ بِرَبِّ النَّاسِ ثُمَّ يَمْسَحُ بِهِمَا مَا اسْتَطَاعَ مِنْ جَسَدِهِ يَبْدَأُ بِهِمَا عَلَى رَأْسِهِ وَوَجْهِهِ وَمَا أَقْبَلَ مِنْ جَسَدِهِ يَفْعَلُ ذَلِكَ ثَلَاثَ مَرَّاتٍ * ) (بخاري)

'പ്രവാചകﷺതിരുമേനി ഉറങ്ങുവാനായി വിരിപ്പിലേക്ക് പ്രവേശിക്കുകയാണെങ്കിൽ എല്ലാ രാത്രികളിലും തന്റെ രണ്ട് കൈകളും ഒരുമിച്ച് കൂട്ടി അതിൽ ഊതുകയും തുടർന്ന് ഖുൽഹു വല്ലാഹു അഹദും, ഖുൽ അഹൂദുബിറബ്ബിൽ ഫലഖും, ഖുൽ അഊദുബിറബ്ബിന്നാസും ഓതി ആ കൈകൾ കൊണ്ട് തലമുതൽ തുടങ്ങി തനിക്ക് കഴിയുന്ന ശരീരഭാഗങ്ങൾ മുഴുവനും തടവാറുണ്ടായിരുന്നു,പ്രവാചകൻ മൂന്ന് പ്രാവശ്യം ഇങ്ങനെ തടവുമായിരുന്നു' (ബുഖാരി)

عَنْ أَبِي مَسْعُودٍ الْبَدْرِيِّ رَضِي اللَّه عَنْه قَالَ قَالَ رَسُولُ اللَّهِ صَلَّ اللَّه عَلَيْـهِ وَسَـلَّمَ الْآيَتَانِ مِنْ آخِرِ سُورَةِ الْبَقَرَةِ مَنْ قَرَأَهُمَا فِي لَيْلَةٍ كَفَتَاهُ ) بخاري

അബൂമസ്ഊദ് അൽബദ്രിﷺവിൽ നിന്ന് നിവേദനം:(പ്രവാചക തിരുമേനിﷺപറഞ്ഞു:‘ആരെങ്കിലും രാത്രിയിൽ അൽബഖറ:സൂറത്തിലെ അവസാനത്തെ രണ്ട് ആയത്തുകൾ ഓതുകയാണെങ്കിൽ അവന് അത് തന്നെ മതി’ (ബുഖാരി)

عَنْ بَرَاءُ بْنُ عَازِبٍ رضي الله عنه أَنَّ رَسُولَ اللَّهِ صَلَّ اللَّه عَلَيْـهِ وَسَـلَّمَ قَـالَ:( إِذَا أَخَذْتَ مَضْجَعَكَ فَتَوَضَّأْ وُضُوءَكَ لِلصَّلَاةِ ثُمَّ اضْطَجِعْ عَلَى شِقِّكَ الْأَيْمَنِ ثُـمَّ قُـلِ : (اللَّهُمَّ إِنِّي أَسْلَمْتُ وَجْهِي إِلَيْكَ وَفَوَّضْتُ أَمْرِي إِلَيْكَ وَأَلْجَأْتُ ظَهْـرِي إِلَيْـكَ رَغْبَـةً وَرَهْبَةً إِلَيْكَ لا مَلْجَـأَ وَلاَ مَنْجَـا مِنْـكَ إِلا إِلَيْـكَ آمَنْـتُ بِكِتَابِـكَ الَّذِي أَنْزَلْـتَ وَبِنَبِيِّكَ الَّذِي أَرْسَلْتَ ) بخاري ومسلم

‘ബറാഅ്ബ്നു ആസ്വിബ്ﷺവിൽ നിന്ന് നിവേദനം: പ്രവാചക തിരുമേനിﷺ പറഞ്ഞു:‘നീ ഉറങ്ങുവാനായി വിരിപ്പിലേക്ക് പ്രവേശിക്കുകയാണെങ്കിൽ നമസ്കാരത്തിന് വുളൂഅ് ചെയ്യുന്നത് പോലെ നീ വുളൂഅ് ചെയ്യുക, എന്നിട്ട് വലത് ഭാഗത്തേക്ക് ചെരിഞ്ഞ് കിടന്ന് താഴെവരുന്ന പ്രാർത്ഥന ചൊല്ലുക.‘അല്ലാഹുവെ, ഞാനെന്റെ മുഖം നിന്നിലേക്ക് സമർപ്പിച്ചിരിക്കുന്നു, എന്റെ പ്രശ്നങ്ങളെല്ലാം തന്നെ നിന്നിലേക്ക് അർപ്പിച്ചിരിക്കുന്നു. ഭയപ്പെട്ട് കൊണ്ടും, ആഗ്രഹിച്ച് കൊണ്ടും എന്റെ മുതുകിനെ നിന്നിലേക്ക് ഞാൻ അർപ്പിക്കുന്നു. നിന്നിൽ നിന്ന് നിന്നിലേക്കല്ലാതെ യാതൊരു അഭയവും, രക്ഷയും ഇല്ല. നീ അവതരിപ്പിച്ച വേദഗ്രന്ഥത്തിലും, നീ നിയോഗിച്ചിട്ടുള്ള പ്രവാചകനിലും ഞാൻ വിശ്വസിച്ചിരിക്കുന്നു’ (ബുഖാരി, മുസ്ലിം)

പ്രവാചക പുത്രി ഫാതിമാ﵂ ഒരു ഭൃത്യയെ വേണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് പ്രവാചകനോട് കാര്യം പറഞ്ഞപ്പോൾ തിരുമേനി അവർക്ക് നൽകുന്ന ഉപദേശം നാം ശ്രദ്ധിക്കുക. 'നിങ്ങൾ ചോദിച്ചതിനേക്കാളും ഉത്തമമായത് ഞാൻ അറിയിച്ച് തരട്ടെയോ? അവർ പറഞ്ഞു: അതെ, പ്രവാചകരെ; തിരുമേനിﷺ അവരോട് പറഞ്ഞു:

( إِذَا أَخَذْتُمَا مَضَاجِعَكُمَا فَسَبِّحَا ثَلاثًا وَثَلَاثِينَ وَاحْمَدَا ثَلَاثًا وَثَلَاثِينَ وَكَبِّرَا أَرْبَعًا وَثَلَاثِينَ فَهُوَ خَيْرٌ لَكُمَا مِنْ خَادِمٍ )

നിങ്ങൾ ഉറങ്ങുവാനായി വിരിപ്പിലേക്ക് പ്രവേശിക്കുകയാണെങ്കിൽ سبحان الله എന്ന് മുപ്പത്തി മൂന്ന് പ്രാവശ്യവും الحمد لله എന്ന് മൂപ്പത്തി മൂന്ന് പ്രാവശ്യവും, الله اكبر എന്ന് മൂപ്പത്തിനാല് പ്രാവശ്യവും, പറയുക. അതാണ് നിങ്ങൾക്ക് വേലക്കാരനേക്കാളും ഉത്തമമായത്' (ബുഖാരി) പ്രവാചകനിൽ നിന്ന് ഈ ദിക്റുകൾ കേട്ടത് മുതൽ അലി﵁ അവയെ ജീവിതത്തിൽ ഒരിക്കൽ പോലും ഉപേക്ഷിച്ചിട്ടില്ല.

ഇമാം ബുഖാരി ഉദ്ധരിക്കുന്ന സുദീർഘമായ ഒരു ഹദീസിൽ നമുക്ക് കാണാനാവും; ആരെങ്കിലും തന്റെ വിരിപ്പിലേക്ക് പ്രവേശിച്ചാൽ അവൻ ആയത്തുൽ കുർസി ആദ്യം മുതൽ അവസാനം വരെ ഓതട്ടേ, എങ്കിൽ നേരം വെളുക്കുന്നത് വരെ അല്ലാഹു അവനെ രക്ഷിക്കുന്നതാണ്. പിശാച് അവനെ സമീപിക്കുകയുമില്ല.

قَالَ لِي إِذَا أَوَيْتَ إِلَى فِرَاشِكَ فَاقْرَأْ آيَةَ الْكُرْسِيِّ مِنْ أَوَّلِهَا حَتَّى تَخْتِمَ الْآيَـةَ ( اللَّهُ لَا إِلَهَ إِلَّا هُوَ الْحَيُّ الْقَيُّومُ ) وَقَالَ لِي لَـنْ يَـزَالَ عَلَيْـكَ مِـنَ اللَّهِ حَـافِظٌ وَلَا يَقْرَبَـكَ شَيْطَانٌ حَتَّى تُصْبِحَ )

അബൂഹുറയ്റﷺ പറയുന്നു: 'എന്നോട് പ്രവാചക തിരുമേനിﷺ പറഞ്ഞു: നീ നിന്റെ വിരിപ്പിലേക്ക് പ്രവേശിച്ചാൽ ആയത്തുൽ കുർസി ആദ്യം മുതൽ അവസാനം വരെ പാരായണം ചെയ്യുക. (സൂറത്ത് അൽബഖറയിലെ 255 – ാമത്തെ ആയത്ത്)

എന്നിട്ട് എന്നോട് പറഞ്ഞു: അപ്പോൾ നിനക്ക് അല്ലാഹുവിൽ നിന്നുള്ള സംരക്ഷണം ഉണ്ടാകുകയും നേരം വെളുക്കുന്നത് വരെ പിശാച് നിന്നിലേക്ക് അടുക്കുകയുമില്ല.

**എഴുന്നേറ്റാൽ...**

ഒരാൾ ഉറക്കിൽ നിന്ന് ഉണർന്നാലും അല്ലാഹുവിനെ സ്മരിക്കേണ്ടതുണ്ട്. പ്രവാചകതിരുമേനിﷺ പഠിപ്പിക്കുന്നു:

عَنْ حُذَيْفَةَ بْنِ الْيَمَانِ قَالَ كَانَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِذَا أَوَى إِلَى فِرَاشِهِ قَالَ: بِاسْمِكَ أَمُوتُ وَأَحْيَا وَإِذَا قَامَ: قَالَ الْحَمْدُ لِلَّهِ الَّذِي أَحْيَانَـا بَعْـدَ مَـا أَمَاتَنَـا وَإِلَيْـهِ النُّشُورُ (بخاري)

ഹുദൈഫതുൽയമാൻﷺ പറയുന്നു: 'പ്രവാചക തിരുമേനിﷺ ഉറങ്ങുവാനായി വിരിപ്പിൽ പ്രവേശിച്ചാൽ പറയാറുണ്ടായിരുന്നു 'അല്ലാഹുവെ,നിന്റെ നാമത്തിൽ ഞാൻ മരിക്കുകയും ജീവിക്കുകയും ചെയ്യുന്നു' ഉറക്കിൽ നിന്ന് എഴുന്നേറ്റാൽ 'മരണത്തിന് ശേഷം ഞങ്ങളെ ജീവിപ്പിച്ച അല്ലാഹുവിനാണ് സർവ്വസ്തുതിയും.

അവനിലേക്ക് തന്നെയാണ് മടക്കവും' എന്നും പറയാറുണ്ടായിരുന്നു. (ബുഖാരി)

**പെട്ടെന്ന് ഉണർന്നാൽ...**

ഉറങ്ങികൊണ്ടിരിക്കേ ആരെങ്കിലും ഞെട്ടി ഉണരുകയാണെങ്കിൽ താഴെ വരുന്ന പ്രാർത്ഥന ചൊല്ലുക.

عن عُبَادَةُ بْنُ الصَّامِتِ عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ :مَنْ تَعَارَّ مِنَ اللَّيْلِ فَقَالَ :لاَ إِلَهَ إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ الْحَمْدُ لِلَّهِ وَسُبْحَانَ اللَّهِ وَلَا إِلَهَ إِلَّا اللَّهُ وَاللَّهُ أَكْبَرُ وَلَا حَوْلَ وَلَا قُوَّةَ إِلَّا بِاللَّهِ ثُمَّ قَالَ اللَّهُمَّ اغْفِرْ لِي أَوْ دَعَا اسْتُجِيبَ لَهُ فَإِنْ تَوَضَّأَ وَصَلَّى قُبِلَتْ صَلَاتُهُ ) بخاري

ഉബാദത്തുബ്നു സ്വാമിത്തിൽ നിന്നും നിവേദനം: പ്രവാചക തിരുമേനിﷺപറയുന്നു: 'ആരെങ്കിലും രാത്രിയിൽ ഉണർന്നാൽ അവൻ ഇപ്രകാരം പറയട്ടെ:'അല്ലാഹുവല്ലാതെ ആരാധനക്കർഹനായി ആരും ഇല്ല. അവന് യാതൊരു പങ്കുകാരനും ഇല്ല. അവനാകുന്നു രാജാധികാരവും, സർവ്വസ്തുതിയും, അവൻ എല്ലാത്തിനും കഴിവുള്ളവനാണ്.അല്ലാഹുവിനാണ് സർവ്വ സ്തുതികളും, അല്ലാഹു എത്രയോ പരിശുദ്ധൻ, അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല, അല്ലാഹുവാണ് ഏറ്റവും വലിയവൻ, അല്ലാഹുവിനെ കൊണ്ടല്ലാതെ യാതൊരു കഴിവും, അധികാരവുമില്ല' എന്നിട്ട് 'അല്ലാഹുവെ എനിക്ക് പൊറുത്ത് തരേണമേ',എന്നോ അല്ലെങ്കിൽ മറ്റാവശ്യങ്ങളോ പ്രാർത്ഥിച്ചാൽ ഉത്തരം ലഭിക്കും. വുളുവെടുത്ത്കൊണ്ട് നമസ്കരിക്കുകയാണെങ്കിൽ ആ നമസ്കാരം സ്വീകരിക്കപ്പെടും.' (ബുഖാരി)

**എന്തെങ്കിലും സംഭവിച്ചാൽ...**

ഉറങ്ങുന്ന സന്ദർഭത്തിൽ എന്തെങ്കിലും സംഭവിക്കുകയാണെങ്കിൽ അവൻ തഴെ വരുന്ന പ്രാർത്ഥന ചൊല്ലട്ടെ.

( أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: إِذَا فَزِعَ أَحَدُكُمْ فِي النَّوْمِ فَلْيَقُلْ: أَعُوذُ بِكَلِمَاتِ اللَّهِ التَّامَّاتِ مِنْ غَضَبِهِ وَعِقَابِهِ وَشَرِّ عِبَادِهِ وَمِنْ هَمَزَاتِ الشَّيَاطِينِ وَأَنْ يَحْضُرُونِ) فَإِنَّهَا لَنْ تَضُرَّهُ ) (الترمذي)

പ്രവാചക തിരുമേനിﷺ പറഞ്ഞു: 'ഉറക്കിനിടയിൽ ആർക്കെങ്കിലും ഭയമോ, മറ്റുവല്ലതുമോ സംഭവിക്കുകയാണെങ്കിൽ അവൻ ഇപ്രകാരം പ്രാർത്ഥിക്കട്ടെ.'അല്ലാഹുവെ, നിന്റെ പൂർണ കലിമാത്തുകൾ കൊണ്ട് നിന്റെ ശിക്ഷയിൽ നിന്നും, കോപത്തിൽ നിന്നും, നിന്റെ സൃഷ്ടികളുടെ ബുദ്ധിമുട്ടുകളിൽ നിന്നും, പിശാചിന്റെ വസ്‌വാസുകളിൽ നിന്നും, പിശാച് എന്നിൽ പ്രവേശിക്കുന്നതിനെ തൊട്ടും ഞാൻ നിന്നോട് രക്ഷ ചോദിക്കുന്നു'(തിർമിദി)

ഉറക്കിൽ ഒരാൾ വല്ലതും കാണുകയാണെങ്കിൽ അവൻ ചെയ്യേണ്ടത്.

عَنْ أَبِي سَعِيدٍ الْخُدْرِيِّ أَنَّهُ سَمِعَ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ: ( إِذَا رَأَى أَحَدُكُمْ رُؤْيَا يُحِبُّهَا فَإِنَّمَا هِيَ مِنَ اللَّهِ فَلْيَحْمَدِ اللَّهَ عَلَيْهَا وَلْيُحَدِّثْ بِهَا وَإِذَا رَأَى غَيْرَ ذَلِكَ مِمَّا يَكْرَهُ فَإِنَّمَا هِيَ مِنَ الشَّيْطَانِ فَلْيَسْتَعِذْ مِنْ شَرِّهَا وَلَا يَذْكُرْهَا لِأَحَدٍ فَإِنَّهَا لَا تَضُرُّه) ( بخاري)

അബൂസഈദുൽ ഖുദ്‌രിﷺവിൽ നിന്ന് നിവേദനം: പ്രവാചകൻ ﷺ പറയുന്നതായി കേട്ടു:'ഉറങ്ങുന്നതിനിടയിൽ ആരെങ്കിലും താൻ ഇഷ്ടപ്പെടുന്ന വല്ലതും കാണുകയാണെങ്കിൽ അത് അല്ലാഹുവിൽ നിന്നുള്ളതാണ് അതിന്വേണ്ടി അല്ലാഹുവിനെ സ്തുതി

ക്കുകയും, അതിനെപ്പറ്റി സംസാരിക്കുകയും ചെയ്യുക. ഇനി വെറുക്കപ്പെട്ടതാണ് കാണുന്നതെങ്കിൽ അത് പിശാചിൽ നിന്നാണ്, അവന്റെ ഉപദ്രവത്തിൽ നിന്ന് നീ ശരണം ചോദിക്കുക.അതിനെപ്പറ്റി ആരോടും സംസാരിക്കരുത്. കാരണം അത് അവന് ഉപദ്രവമുണ്ടാക്കുകയില്ല.' (ബുഖാരി)

ഉറക്കിൽ നിന്ന് എഴുന്നേൽക്കുന്നവൻ പാത്രത്തിൽ തന്റെ കൈ പ്രവേശിപ്പിക്കുന്നതിന് മുമ്പ്മൂന്ന് പ്രാവശ്യം കൈ കഴുകേണ്ടതുണ്ട്.

عَنْ أَبِي هُرَيْرَةَ أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: إِذَا اسْتَيْقَظَ أَحَدُكُمْ مِنْ نَوْمِهِ فَلَا يَغْمِسْ يَدَهُ فِي الْإِنَاءِ حَتَّى يَغْسِلَهَا ثَلَاثًا فَإِنَّهُ لَا يَدْرِي أَيْنَ بَاتَتْ يَدُهُ * مسلم

അബൂഹുറയ്റ ﵁ വിൽ നിന്നും നിവേദനം: പ്രവാചക തിരുമേനി ﷺ പറഞ്ഞു: 'ആരെങ്കിലും ഉറക്കിൽ നിന്ന് ഉണർന്നാൽ പാത്രത്തിൽ കൈ പ്രവേശിപ്പിക്കുന്നതിന് മുമ്പ് മൂന്ന് പ്രാവശ്യം കൈ കഴുകട്ടെ. കാരണം ഉറക്കിൽ തന്റെ കൈ എവിടെയാണ് കഴിച്ച് കൂട്ടിയതെന്ന് അവനറിയില്ല' (മുസ്ലിം)

## ശുദ്ധി: ഇസ്ലാമിന്റെ പാതി

ഇസ്ലാം ദൈവിക ദാനമാണ്,അതിനാൽ തന്നെ മനുഷ്യനും പ്രകൃതിക്കും യോജിച്ച നിയമങ്ങൾ മാത്രമെ അതിലുണ്ടാകുകയുള്ളൂ. മനുഷ്യന്റെ മനസ്സിൽ അന്തർലീനമായ ഒരു കാര്യമാണ്

ശുദ്ധീകരിക്കണം, ശുദ്ധിയുള്ളവനായിരിക്കണമെന്നത്. ഇസ്ലാം ശുദ്ധിക്കും, ശുദ്ധീകരിക്കുന്നതും വളരെയധികം പ്രാധാന്യം നൽകുകയും,അതിന്റെ വിശ്വാസത്തിന്റെയും,മതത്തിന്റെയും, ആരാധനയുടെയും ഭാഗമാക്കുകയും ചെയ്തിരിക്കുന്നു.ചില ആരാധനകൾക്ക് ശുദ്ധി നിർബ്ബന്ധവും,ആ കർമ്മങ്ങൾ സ്വീകരിക്കപ്പെടുവാനുള്ള നിബന്ധനയാക്കുകയും ചെയ്തിരിക്കുന്നു. പ്രവാചകൻﷺയുടെ വചനങ്ങൾ പരിശോധിക്കുമ്പോൾ ശുദ്ധിക്ക് ഇസ്ലാം നൽകുന്ന പ്രാധാന്യം എത്രമാത്രമാണെന്നത് ഏതൊരാൾക്കും ബോധ്യപ്പെടുന്നതാണ്. ശാരീരികവും, മാനസികവുമായ മുഴുവൻ ശുദ്ധീകരണത്തെയും ഇസ്ലാം നിയമമാക്കിയിരിക്കുന്നു. ശാരീരിക ശുദ്ധിയേക്കാൾ ആത്മീയ ശുദ്ധിക്കായിരിക്കണം ഓരോ മുസ്ലിമും പ്രഥമ പ്രാധാന്യം നൽകേണ്ടതെന്നും പ്രമാണങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. ആത്മീയ ശുദ്ധിയില്ലാതെയുള്ള ശാരീരികശുദ്ധിക്ക് ഇസ്ലാം യാതൊരു പ്രാധാന്യവും നൽകുന്നില്ല. ആത്മീയശുദ്ധിയെന്താണെന്നും, അത് എങ്ങിനെ നേടിയെടുക്കാമെന്നും,അത് ജീവിതത്തിൽ എങ്ങിനെ പാലിക്കാമെന്നതും ഓരോ മുസ്ലിമും പ്രഥമ പ്രാധാന്യം നൽകേണ്ട കാര്യമാകുന്നു. ഇവിടെ അൽപം ചില കാര്യങ്ങൾ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നത് ശാരീരിക ശുദ്ധിയെ സംബന്ധിച്ചാണ്.

**ശുദ്ധിയുള്ളവരെ...**

ശുദ്ധിയുള്ളവരെയും, ശുചിത്വത്തിന് പ്രാധാന്യം നൽകുന്നവരെയും അല്ലാഹു ഇഷ്ടപ്പെടുകയും, തൃപ്തിപ്പെടുകയും ചെയ്യുന്നതാണ്. അതുപോലെ എല്ലാ മ്ലേച്ഛതകളിൽ നിന്നും ഓരോ മുസ്ലിമും വിട്ട് നിൽക്കുകയും ചെയ്യേണ്ടതുണ്ട്. അല്ലാഹു വ്യക്തമാക്കുന്നത് കാണുക:

(إِنَّ اللَّهَ يُحِبُّ التَّوَّابِينَ وَيُحِبُّ الْمُتَطَهِّرِينَ) (البقرة:٢٢٢)

'തീർച്ചയായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു.' (അൽബഖറ: 222)

### ശുദ്ധി ഇസ്‌ലാമിന്റെ പാതി...

ശുദ്ധീകരണം ഇസ്‌ലാമിന്റെ പാതിയായിക്കൊണ്ടാണ് ഇസ്‌ലാം പരിചയപ്പെടുത്തുന്നത്. പ്രവാചകൻﷺ വിശദീകരിക്കുന്നത് ശ്രദ്ധിക്കുക:

( عَنْ أَبِي مَالِكٍ الْأَشْعَرِيِّ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ الطُّهُورُ شَطْرُ الْإِيمَانِ وَالْحَمْدُ لِلَّهِ تَمْلَأُ الْمِيزَانَ وَسُبْحَانَ اللَّهِ وَالْحَمْدُ لِلَّهِ تَمْلَآنِ أَوْ تَمْلَأُ مَا بَيْنَ السَّمَوَاتِ وَالْأَرْضِ وَالصَّلَاةُ نُورٌ وَالصَّدَقَةُ بُرْهَانٌ وَالصَّبْرُ ضِيَاءٌ وَالْقُرْآنُ حُجَّةٌ لَكَ أَوْ عَلَيْكَ كُلُّ النَّاسِ يَغْدُو فَبَايِعٌ نَفْسَهُ فَمُعْتِقُهَا أَوْ مُوبِقُهَا ) (مسلم)

അബൂമാലിക് അൽ അശരിؓവിൽ നിന്ന്, റസൂലുല്ലാഹ്ﷺ പറഞ്ഞു: 'ശുദ്ധി വിശ്വാസത്തിന്റെ പാതിയാണ്, الْحَمْدُ لِلَّهِ (അല്ലാഹുവിന് സ്തുതി)യെന്നത് തുലാസ് നിറക്കുന്നതാണ്, سُبْحَانَ اللَّهِ وَالْحَمْدُ لِلَّهِ (അല്ലാഹു പരമപരിശുദ്ധനാണ്, അല്ലാഹുവിന് സ്തുതി) എന്നത് അവ രണ്ടും നിറക്കുന്നതാണ്,അല്ലെങ്കിൽ അത് ആകാശഭൂമികൾക്കിടയിലുള്ളതിനെ നിറക്കുന്നതാണ്, നമസ്കാരം പ്രകാശമാണ്, ദാനധർമ്മം തെളിവാണ്, ക്ഷമ വെളിച്ചമാണ്, ഖുർആൻ നിനക്ക് അനുകൂലമായോ, അല്ലെങ്കിൽ നിനക്കെതിരിലോ തെളിവായിരിക്കും എല്ലാ മനുഷ്യരും രാവിലെ പോയിക്കൊണ്ട് തന്നെ സ്വയം തന്നെ മോചിപ്പിക്കുകയോ,അല്ലെങ്കിൽ അപകടത്തിൽ പെടുത്തുകയോ ചെയ്യുന്നതാണ്' (മുസ്‌ലിം)

### ഭംഗി കൂട്ടുക...

(عَنْ عَبْدِ اللَّهِ بْنِ مَسْعُودٍ عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ لَا يَدْخُلُ الْجَنَّةَ مَنْ كَانَ فِي قَلْبِهِ مِثْقَالُ ذَرَّةٍ مِنْ كِبْرٍ قَالَ رَجُلٌ إِنَّ الرَّجُلَ يُحِبُّ أَنْ يَكُونَ ثَوْبُهُ حَسَنًا وَنَعْلُهُ حَسَنَةً قَالَ إِنَّ اللَّهَ جَمِيلٌ يُحِبُّ الْجَمَالَ الْكِبْرُ بَطَرُ الْحَقِّ وَغَمْطُ النَّاسِ) (مسلم)

അബ്ദുല്ലാഇബ്നു മസ്ഊദ്ﷺവിൽ നിന്ന്, നബിﷺ പറഞ്ഞു:'ആരുടെയെങ്കിലും ഹൃദയത്തിൽ അണുമണി തൂക്കം അഹങ്കാരമുണ്ടെങ്കിൽ അവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല.ഒരാൾ ചോദിച്ചു: ഒരു മനുഷ്യൻ തന്റെ വസ്ത്രവും, ചെരുപ്പും ഭംഗിയുള്ളതാകണമെന്ന് ഇഷ്ടപ്പെടുമല്ലോ (അത് അഹങ്കാരമാണോ?) പറഞ്ഞു: 'അല്ലാഹു ഭംഗിയുള്ളവനാണ്, അഹങ്കാരമെന്ന് പറഞ്ഞാൽ സത്യം മൂടിവെക്കലും, ജനങ്ങളെ നിന്ദിക്കലും, അവഗണിക്കലുമാകുന്നു' (മുസ്ലിം)

ഭംഗിയും, ഭംഗികൂട്ടുന്നതും അല്ലാഹു ഇഷ്ടപ്പെടുന്ന കാര്യമാണ്, എന്നാൽ ഭംഗിയെന്താണെന്ന് തീരുമാനിക്കാൻ നമുക്ക് അധികാരമില്ല. ഇസ്ലാമിക നിയമങ്ങൾക്ക് വിധേയമായ കാര്യങ്ങൾ ചെയ്യുന്നതാണ് ഭംഗിയെന്നുള്ളത്. അല്ലാഹു ഭംഗിയുള്ളവനാണ്, അവൻ ഭംഗിയിഷ്ടപ്പെടുന്നുവെന്ന് പറഞ്ഞ് തോന്നിയ രൂപത്തിൽ വസ്ത്രം ധരിക്കുവാനും, തോന്നിയ വസ്ത്രങ്ങൾ സ്വീകരിക്കുവാനും പാടില്ല. അങ്ങിനെയുള്ള ഒരു കാര്യമാണ് പുരുഷൻമാർക്ക് ഞെരിയാണിക്ക് താഴെ വസ്ത്രം ധരിക്കുവാൻ പാടില്ലായെന്നത് ഇസ്ലാമിന്റെ കർശനമായ നിയമമാണ്. പ്രവാചകൻﷺ നമ്മെ താക്കീത് ചെയ്യുന്നത് ശ്രദ്ധിക്കുക:

( عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ مَا أَسْفَلَ مِنَ الْكَعْبَيْنِ مِنَ الْإِزَارِ فَفِي النَّارِ ) (مسلم)

അബൂഹുറയ്റ ﷺ വിൽ നിന്ന്, നബി ﷺ പറഞ്ഞു: 'വസ്ത്രത്തിൽ നിന്ന് ഞെരിയാണിക്ക് താഴെയുള്ളത് നരകത്തിലാകുന്നു'(മുസ്ലിം)

സഹോദരൻമാരെ സ്വർഗത്തിന്റെയും നരകത്തിന്റെയും കാര്യമാണ്,അത്കൊണ്ട് തന്നെ നമ്മുടെ ആരുടെയും വസ്ത്രങ്ങൾ ഏതായിരുന്നാലും ഞെരിയാണിക്ക് താഴെ പോകുവാൻ പാടില്ലായെന്ന് നാം കൃത്യമായി മനസിലാക്കുക, നമ്മുടെ വളർന്ന് വരുന്ന കുട്ടികളെയും നാം ഇത് പഠിപ്പിക്കുക.

**കുളിയുടെ രൂപം...**

ഇസ്ലാം അശുദ്ധിയെ ചെറിയ അശുദ്ധി, വലിയ അശുദ്ധി എന്നിങ്ങനെ രണ്ടായി തിരിച്ചിരിക്കുന്നു, ചെറിയ അശുദ്ധിയിൽ നിന്ന് ശുദ്ധീകരിക്കേണ്ടത് നബി ﷺ വുദുവിലൂടെയാണ്, വലിയ അശുദ്ധിയിൽ നിന്നുള്ള ശുദ്ധിക്കായി കുളിക്കേണ്ടതുമുണ്ട്. മലമൂത്രവിസർജനം ചെയ്യുക, കീഴ്വായു പോവുക, ഉറങ്ങുക,ഒട്ടകത്തിന്റെ മാംസം കഴിക്കുക പോലെയുള്ളവയാൽ ചെറിയ അശുദ്ധിയുണ്ടാവുന്നതാണ്, എന്നാൽ വലിയ അശുദ്ധികൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് ഇന്ദ്രിയ സ്ഖലനമുണ്ടാകുക, സ്ത്രീകൾക്ക് മാത്രമുണ്ടാകുന്ന ആർത്തവം, പ്രസവം പോലെയുള്ളവയാണ്. വിശദീകരിക്കുവാൻ ഉദ്ദേശിക്കുന്നില്ല.ഇങ്ങിനെയുള്ള വലിയ അശുദ്ധിയുണ്ടായാൽ കുളിക്കണം.റസൂലുല്ലാഹ് ﷺ കുളിക്കുന്ന രൂപമാണ് താഴെ വിശദമാക്കുന്നത്.

( عَنْ عَائِشَةَ زَوْجِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ أَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَـلَّمَ كَانَ إِذَا اغْتَسَلَ مِنَ الْجَنَابَةِ بَدَأَ فَغَسَلَ يَدَيْهِ ثُمَّ يَتَوَضَّأُ كَمَا يَتَوَضَّأُ لِلصَّلَاةِ ثُـمَّ يُـدْخِلُ

أَصَابِعَهُ فِي الْمَاءِ فَيُخَلِّلُ بِهَا أُصُولَ شَعَرِهِ ثُمَّ يَصُبُّ عَلَى رَأْسِهِ ثَلَاثَ غُرَفٍ بِيَدَيْهِ ثُمَّ يُفِيضُ الْمَاءَ عَلَى جِلْدِهِ كُلِّهِ ) (بخاري)

നബിﷺയുടെ പത്നി ആയിശാരയിൽ നിന്ന് നിവേദനം: നബി ﷺ വലിയ അശുദ്ധിയിൽ നിന്ന് ശുദ്ധിയാവാൻ കുളിക്കുകയാണെങ്കിൽ ആദ്യം തന്റെ രണ്ട് കൈകളും കഴുകുകയും, തുടർന്ന് നമസ്കാരത്തിന് വുദു ചെയ്യുന്നത്പോലെ വുദു ചെയ്ത് കൈകളിൽ വെള്ളമെടുത്ത് തന്റെ രോമങ്ങൾ ചിക്കകെറ്റുകയും ചെയ്ത് മൂന്ന് പ്രാവശ്യം തന്റെ തലയിൽ വെള്ളമൊഴുക്കിയതിന് ശേഷം തന്റെ ശരീരം മുഴുവനും വെള്ളം ഒഴിച്ച്കൊണ്ടാണ് കുളിക്കാറുള്ളത്' (ബുഖാരി)

**വുദുവിന്റെ രൂപം...**

നിങ്ങൾ നമസ്കരിക്കുവാൻ നിന്നാൽ അംഗശുദ്ധീകരണം വേണമെന്ന് ഖുർആൻ നമ്മെ പഠിപ്പിക്കുന്നുണ്ട്. ശുദ്ധീകരണത്തിന് വെള്ളം കിട്ടാതിരിക്കുകയോ, അല്ലെങ്കിൽ രോഗം കാരണമോ മറ്റോ വെള്ളം ഉപയോഗിക്കുവാൻ പറ്റാത്തയവസരങ്ങളിൽ നിങ്ങൾ തയമ്മും (ശുദ്ധീകരിക്കുന്നുവെന്ന ഉദ്ദേശത്തോടെ പൊടിപടലങ്ങളിൽ രണ്ട് മുൻ കയ്യും അടിച്ച് അവ കൊണ്ട് തന്റെ മുഖവും, രണ്ട് മുൻകയ്യിന്റെ പുറം ഭാഗം തടവുന്നതിനാണ് തയമ്മും എന്ന് പറയുന്നത്, കുളിക്കും, വുദുവിന്നും പകരമായി തയമ്മും ചെയ്യാവുന്നതാണ്)ചെയ്യുകയെന്നും ഖുർആൻ വ്യക്തമാക്കുന്നത് കാണുക:

(يَاأَيُّهَا الَّذِينَ آمَنُوا إِذَا قُمْتُمْ إِلَى الصَّلَاةِ فَاغْسِلُوا وُجُوهَكُمْ وَأَيْدِيَكُمْ إِلَى الْمَرَافِقِ وَامْسَحُوا بِرُءُوسِكُمْ وَأَرْجُلَكُمْ إِلَى الْكَعْبَيْنِ وَإِنْ كُنْتُمْ جُنُبًا فَاطَّهَّرُوا وَإِنْ كُنْتُمْ

مَرْضَى أَوْ عَلَى سَفَرٍ أَوْ جَاءَ أَحَدٌ مِنْكُمْ مِنَ الْغَائِطِ أَوْ لَامَسْتُمُ النِّسَاءَ فَلَمْ تَجِدُوا مَاءً فَتَيَمَّمُوا صَعِيدًا طَيِّبًا فَامْسَحُوا بِوُجُوهِكُمْ وَأَيْدِيكُمْ مِنْهُ مَا يُرِيدُ اللَّهُ لِيَجْعَلَ عَلَيْكُمْ مِنْ حَرَجٍ وَلَكِنْ يُرِيدُ لِيُطَهِّرَكُمْ وَلِيُتِمَّ نِعْمَتَهُ عَلَيْكُمْ لَعَلَّكُمْ تَشْكُرُونَ) (المائدة:٦)

'സത്യവിശ്വാസികളേ, നിങ്ങൾ നമസ്കാരത്തിന് ഒരുങ്ങിയാൽ, നിങ്ങളുടെ മുഖങ്ങളും,മുട്ടുവരെ രണ്ടു കൈകളും കഴുകുകയും, നിങ്ങളുടെ തല തടവുകയും നെരിയാണിവരെ രണ്ട് കാലുകൾ കഴുകുകയും ചെയ്യുക. നിങ്ങൾ ജനാബത്ത് (വലിയ അശുദ്ധി) ബാധിച്ചവരായാൽ നിങ്ങൾ (കുളിച്ച്) ശുദ്ധി യാകുക. നിങ്ങൾ രോഗികളാകുകയോ യാത്രയിലാകുകയോ ചെയ്താൽ,അല്ലെങ്കിൽ നിങ്ങളിലൊരാൾ മലമൂത്രവിസർജ്ജനം കഴിഞ്ഞ് വരികയോ, നിങ്ങൾ സ്ത്രീകളുമായി സംസർഗം നടത്തുകയോ ചെയ്തിട്ട് നിങ്ങൾക്ക് വെള്ളം കിട്ടിയില്ലെങ്കിൽ ശുദ്ധമായ ഭൂമുഖം തേടിക്കൊള്ളുക. എന്നിട്ട് അതുകൊണ്ട് നിങ്ങളുടെ മുഖവും കൈകളും തടവുക. നിങ്ങൾക്ക് ഒരു ബുദ്ധിമുട്ടും വരുത്തിവെക്കണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നില്ല. എന്നാൽ നിങ്ങളെ ശുദ്ധീകരിക്കണമെന്നും, തന്റെ അനുഗ്രഹം നിങ്ങൾക്ക് പൂർത്തിയാക്കിത്തരണമെന്നും അവൻ ഉദ്ദേശിക്കുന്നു. നിങ്ങൾ നന്ദിയുള്ളവരായേക്കാം.' (മാഇദ: 6)

( عَنْ حُمْرَانَ مَوْلَى عُثْمَانَ بْنِ عَفَّانَ أَنَّهُ رَأَى عُثْمَانَ بْنَ عَفَّانَ دَعَا بِوَضُوءٍ فَأَفْرَغَ عَلَى يَدَيْهِ مِنْ إِنَائِهِ فَغَسَلَهُمَا ثَلَاثَ مَرَّاتٍ ثُمَّ أَدْخَلَ يَمِينَهُ فِي الْوَضُوءِ ثُمَّ تَمَضْمَضَ وَاسْتَنْشَقَ وَاسْتَنْثَرَ ثُمَّ غَسَلَ وَجْهَهُ ثَلَاثًا وَيَدَيْهِ إِلَى الْمِرْفَقَيْنِ ثَلَاثًا ثُمَّ مَسَحَ بِرَأْسِهِ

ثُمَّ غَسَلَ كُلَّ رِجْلٍ ثَلَاثًا ثُمَّ قَالَ رَأَيْتُ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ يَتَوَضَّأُ نَحْوَ وُضُوئِي هَذَا ...) (بخاري)

ഉഥ്മാനുബ്നു അഫ്ഫാൻﷺവിന്റെ അടിമ ഹുംറാനിൽ നിന്നും, അദ്ദേഹത്തോട് ഉഥ്മാനുബ്നു അഫ്ഫാൻﷺ വുദുചെയ്യുവാനുള്ള വെള്ളം കൊണ്ടുവരാൻ ആവശ്യപ്പെട്ടു.അങ്ങിനെ അദ്ദേഹം തന്റെ കൈകൾ മൂന്ന് പ്രാവശ്യം ആ പാത്രത്തിൽ നിന്ന് വെള്ളമെടുത്ത് കഴുകി, പിന്നെ തന്റെ വലത് കൈ പാത്രത്തിൽ പ്രവേശിപ്പിച്ച് വെള്ളമെടുത്ത് വായ കൊപ്ലിക്കുകയും,മൂക്കിൽ വെള്ളം പ്രവേശിപ്പിച്ച് ചീറ്റിക്കളയുകയും ചെയ്തു, തുടർന്ന് മുഖം മൂന്ന് പ്രാവശ്യം കഴുകി, പിന്നെ മുട്ട്വരെ രണ്ട് കൈകളും കഴുകു, ശേഷം തന്റെ തല തടവി, അതിനെ തുടർന്ന് തന്റെ കാലുകൾ മൂന്ന് പ്രാവശ്യം കഴുകുകയും ചെയ്തു, തുടർന്ന് പറഞ്ഞു: ഞാൻ ചെയ്തത്പോലെയാണ് പ്രവാചകൻﷺ വുദു ചെയ്തത്.

വേറെ റിപ്പോർട്ടിൽ തലയും ചെവിയും തടവിയതായി കാണുവാൻ സാധിക്കുന്നതാണ്.

വുദുവിന്റെ പ്രത്യേക:

( عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ إِذَا تَوَضَّأَ الْعَبْدُ الْمُسْلِمُ أَوِ الْمُؤْمِنُ فَغَسَلَ وَجْهَهُ خَرَجَ مِنْ وَجْهِهِ كُلُّ خَطِيئَةٍ نَظَرَ إِلَيْهَا بِعَيْنَيْهِ مَعَ الْمَاءِ أَوْ مَعَ آخِرِ قَطْرِ الْمَاءِ فَإِذَا غَسَلَ يَدَيْهِ خَرَجَ مِنْ يَدَيْهِ كُلُّ خَطِيئَةٍ كَانَ بَطَشَتْهَا يَدَاهُ مَعَ الْمَاءِ أَوْ مَعَ آخِرِ قَطْرِ الْمَاءِ فَإِذَا غَسَلَ رِجْلَيْهِ خَرَجَتْ كُلُّ خَطِيئَةٍ مَشَتْهَا رِجْلَاهُ مَعَ الْمَاءِ أَوْ مَعَ آخِرِ قَطْرِ الْمَاءِ حَتَّى يَخْرُجَ نَقِيًّا مِنَ الذُّنُوبِ ) (مسلم)

അബൂഹുറയ്റﷺവിൽ നിന്ന് റസൂലുല്ലാഹ്ﷺപറഞ്ഞു:'ഒരു മുസ്ലിമോ, ഒരു വിശ്വാസിയോ വുദു ചെയ്യുമ്പോൾ തന്റെ മുഖം ക

ഴുകിയാൽ കണ്ണുകൾ കൊണ്ട് നോക്കിയിട്ടുള്ള പാപങ്ങൾ മുഴുവനും അതിൽ നിന്ന് ഉറ്റിവീഴുന്ന അവസാന തുള്ളിയോടെ കഴുകി കളയുന്നതാണ്,കൈകൾ കഴുകുന്നതോടെ കൈകൾ കൊണ്ട് ചെയ്തിട്ടുള്ള മുഴുവൻ പാപങ്ങളും അതിൽ നിന്ന് ഉതിർന്ന് വീഴുന്ന അവസാന വെള്ളത്തുള്ളിയോടൊപ്പം കഴുകി കളയുന്നതാണ്,തന്റെ കാലുകൾ കഴുകുന്നതോടെ ആ കാലുകൾ കൊണ്ട് പാപങ്ങളിലേക്ക് നടന്നടുത്തിട്ടുണ്ടെങ്കിൽ അതിൽ നിന്ന് വീഴുന്ന അവസാന തുള്ളി വെള്ളത്തോടൊപ്പം ആ പാപങ്ങളും കഴുകപ്പെടുന്നു, അങ്ങിനെ പാപങ്ങളിൽ നിന്നെല്ലാം ശുദ്ധീകരിക്കപ്പെടുന്നു' (മുസ്ലിം)

### കുട്ടികളുടേത്...

നജസുകളായ മലം, മൂത്രം, ഛർദ്ധിച്ചത്,രക്തം പോലെയുള്ളവയിൽ നിന്ന് എപ്പോഴും ഓരോ മുസ്ലിമും ശുദ്ധിയായിരിക്കേണ്ടതുണ്ട്. അത് കുട്ടികളുടേതാണെങ്കിൽ പോലും പെട്ടെന്ന് കഴുകി ശുദ്ധിയാക്കണം.ഭക്ഷണം കഴിച്ച് തുടങ്ങാതെ വെറും ഉമ്മയുടെ മുലപ്പാൽ കുടിക്കുന്ന ആൺകുട്ടി മൂത്രിച്ചാൽ അതിൽ നിന്ന് ശുദ്ധിയാവാൻ അവിടെ വെള്ളം കുടഞ്ഞാൽ മതി,എന്നാൽ പെൺകുട്ടിയുടെതാണെങ്കിൽ കൃത്യമായി കഴുകേണ്ടതുണ്ട്. എന്നാൽ ഭക്ഷണം കഴിച്ചു തുടങ്ങിയ മുഴുവൻ കുട്ടികളുടേതും കഴുകി വൃത്തിയാക്കേണ്ടതുണ്ട്. ഒരു ഹദീസ് മനസിലാക്കുക:

(عَنْ عَلِيٍّ رَضِيَ اللَّه عَنْه قَالَ يُغْسَلُ مِنْ بَوْلِ الْجَارِيَةِ وَيُنْضَحُ مِنْ بَوْلِ الْغُلَامِ مَا لَمْ يَطْعَمْ ) ( ... قَالَ قَتَادَةُ هَذَا مَا لَمْ يَطْعَمَا الطَّعَامَ فَإِذَا طَعِمَا غُسِلَا جَمِيعًا )

(أبوداود، الترمذي وأحمد)

അലിയ്യ്ﷺവിൽ നിന്ന്, അദ്ദേഹം പറഞ്ഞു:'പെൺകുട്ടി മൂത്രമൊഴിച്ചാൽ അത് കഴുകി ശുദ്ധിയാക്കുകയും,മുലപ്പാലല്ലാത്ത മറ്റു ഭ

ക്ഷണം കഴിച്ച് തുടങ്ങാത്ത ആൺകുട്ടി മൂത്രമൊഴിച്ചാൽ വെള്ളം തെളിക്കുകയും ചെയ്താൽ മതി'(ഖതാദ പറയുന്നു:ആൺകുട്ടി ഭക്ഷണം കഴിച്ച് തുടങ്ങിയിട്ടില്ലെങ്കിൽ വെള്ളം കുടഞ്ഞാൽ മതിയാവുന്നതാണ്, എന്നാൽ ഭക്ഷണം കഴിച്ച് തുടങ്ങിയിട്ടുണ്ടെങ്കിൽ എല്ലാവരുടെതും കഴുകേണ്ടതുണ്ട്)(അബൂദാവൂദ്, തിർമിദി, അഹ്മദ്)

**ശുദ്ധീകരിക്കുക...**

അഞ്ച് കാര്യങ്ങൾ പ്രകൃതിയിൽ തന്നെ ശുദ്ധീകരിക്കേണ്ടതാണ്. അത് റസൂലുല്ലാഹ്ﷺ നമ്മെ പഠിപ്പിക്കുന്നത് കാണുക:

( عَنْ أَبِي هُرَيْرَةَ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ الْفِطْرَةُ خَمْسٌ أَوْ خَمْسٌ مِنَ الْفِطْرَةِ الْخِتَانُ وَالِاسْتِحْدَادُ وَتَقْلِيمُ الْأَظْفَارِ وَنَتْفُ الْإِبِطِ وَقَصُّ الشَّارِبِ ) (مسلم)

അബൂഹുറയ്റﷺവിൽ നിന്ന്, നബിﷺ പറഞ്ഞു:'പ്രകൃതി അഞ്ചാകുന്നു,അല്ലെങ്കിൽ അഞ്ച് കാര്യങ്ങൾ പ്രകൃതിയുടെ ഭാഗമാണ്: ചേലാകർമ്മം ചെയ്യൽ, ഗുഹ്യഭാഗങ്ങളിലെ രോമം നീക്കൽ, നഖം മുറിക്കൽ, കക്ഷ രോമങ്ങൾ നീക്കം ചെയ്യൽ, മീശ വെട്ടൽ എന്നിവയാണത്' (മുസ്ലിം)

( عَنْ أَنَسِ بْنِ مَالِكٍ قَالَ: وُقِّتَ لَنَا فِي قَصِّ الشَّارِبِ وَتَقْلِيمِ الْأَظْفَارِ وَنَتْفِ الْإِبِطِ وَحَلْقِ الْعَانَةِ أَنْ لَا نَتْرُكَ أَكْثَرَ مِنْ أَرْبَعِينَ لَيْلَةً ) (مسلم)

അനസ്ബ്നു മാലിക്ﷺവിൽ നിന്ന്, അദ്ദേഹം പറഞ്ഞു: 'മീശ വെട്ടുന്നതും, നഖം മുറിക്കുന്നതും, കക്ഷ രോമം നീക്കുന്നതും, ഗുഹ്യരോമങ്ങൾ നീക്കുന്നതും നാൽപത് ദിവസത്തിൽ കൂടുത

ൽ ഉപേക്ഷിക്കുവാൻ പാടില്ലായെന്ന് പറഞ്ഞ് ഞങ്ങൾക്കതിന് സമയം നിർണ്ണയിച്ച് തരികയുണ്ടായി' (മുസ്‌ലിം)

**ആർത്തവം, പ്രസവ രക്തം:**

സ്ത്രീകൾക്ക് അല്ലാഹു പ്രകൃതിയിൽ തന്നെ നിശ്ചയിച്ചിട്ടുള്ള ഒരു കാര്യമാണ് ആർത്തവം അഥവാ മാസമുറയെന്നത്. ആ സന്ദർഭങ്ങളിൽ നിങ്ങൾ സ്ത്രീ സംസർഗം ഒഴിവാക്കണമെന്ന് കൽപിക്കുകയും ചെയ്തിട്ടുണ്ട്. അത്പോലെ സ്ത്രീ പ്രസവിച്ച് കഴിഞ്ഞാൽ അവളിൽ നിന്ന് പുറത്ത്പോകുന്ന പ്രസവരക്തവും വലിയ അശുദ്ധിയാണ്, അത് ചിലപ്പോൾ ഒരു മാസത്തോളം നീണ്ട് നിന്നേക്കാം ആ സന്ദർഭത്തിലും സ്ത്രീ സംസർഗം ഒഴിവാക്കണമെന്ന് ഖുർആൻ പഠിപ്പിക്കുന്നു. ഇസ്‌ലാം ശുദ്ധിക്ക് നൽകുന്ന പ്രാധാന്യമാണ് ഇവിടെ നമുക്ക് വ്യക്തമായി മനസിലാക്കുവാൻ കഴിയുന്നത്. ഖുർആൻ അതിനെ സംബന്ധിച്ച് പരാമർശിക്കുന്നത് ശ്രദ്ധേയമാണ്.

(وَيَسْأَلُونَكَ عَنْ الْمَحِيضِ قُلْ هُوَ أَذًى فَاعْتَزِلُوا النِّسَاءَ فِي الْمَحِيضِ وَلَا تَقْرَبُوهُنَّ حَتَّى يَطْهُرْنَ فَإِذَا تَطَهَّرْنَ فَأْتُوهُنَّ مِنْ حَيْثُ أَمَرَكُمْ اللَّهُ إِنَّ اللَّهَ يُحِبُّ التَّوَّابِينَ وَيُحِبُّ الْمُتَطَهِّرِينَ) (البقرة:٢٢٢)

'ആർത്തവത്തെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നു.പറയുക;അതൊരു മാലിന്യമാകുന്നു.അതിനാൽ ആർത്തവഘട്ടത്തിൽ നിങ്ങൾ സ്ത്രീകളിൽ നിന്ന് അകന്നു നിൽക്കേണ്ടതാണ്. അവർ ശുദ്ധിയാകുന്നത് വരെ അവരെ സമീപിക്കുവാൻ പാടില്ല. എന്നാൽ അവർ ശുചീകരിച്ചു കഴിഞ്ഞാൽ അല്ലാഹു നിങ്ങളോട് കൽപിച്ച വിധത്തിൽ നിങ്ങൾ അവരുടെ അടുത്ത് ചെന്നുകൊള്ളുക. തീർച്ചയായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു.(അൽബഖറ:222)

**നമസ്കാരവും നോമ്പും...**

ആർത്തവം, പ്രസവരക്തം പുറപ്പെടൽ തുടങ്ങിയ കാലങ്ങളിൽ സ്ത്രീകൾ അവരുടെ നമസ്കാരവും നോമ്പും ഒഴിവാക്കേണ്ടതുണ്ട്.ആർത്തവ സമയത്തോ, പ്രസവരക്തമുണ്ടാകുന്ന സമയങ്ങളിലോ അനുഷ്ഠിക്കാത്ത നോമ്പ് അവർ പിന്നീട് നോറ്റുവീട്ടേണ്ടതാണ്, എന്നാൽ നമസ്കാരം വീട്ടേണ്ടതില്ല. അങ്ങിനെയാണ് റസൂലുല്ലാഹ് മുസ്ലീംകളെ പഠിപ്പിച്ചിരിക്കുന്നത്. ഇമാം മുസ്ലിം ഉദ്ധരിക്കുന്ന ഹദീസ് നാം വായിക്കുക:

(عَنْ مُعَاذَةَ قَالَتْ سَأَلْتُ عَائِشَةَ فَقُلْتُ مَا بَالُ الْحَائِضِ تَقْضِي الصَّـوْمَ وَلَا تَقْضِي الصَّلَاةَ فَقَالَتْ أَحَرُورِيَّةٌ أَنْتِ قُلْتُ لَسْتُ بِحَرُورِيَّةٍ وَلَكِنِّي أَسْأَلُ قَالَتْ كَانَ يُصِيبُنَا ذَلِكَ فَنُؤْمَرُ بِقَضَاءِ الصَّوْمِ وَلَا نُؤْمَرُ بِقَضَاءِ الصَّلَاةِ ) (مسلم)

മുആദ: ﵂യിൽ നിന്ന്, ഞാൻ ആയിശാ﵂യോട് ചോദിച്ചു: എന്ത്കൊണ്ടാണ് ആർത്തവമുള്ളവൾ നോമ്പ് നോറ്റ് വീട്ടുകയും, നമസ്കാരം വീട്ടാതിരിക്കുവാനും കൽപിക്കപ്പെട്ടത്? അപ്പോൾ ആയിശാ﵂പറഞ്ഞു:‘നീ ഹറൂറിയാണോ(ഖവാരിജുകളിലെ ഒരു വിഭാഗം),അപ്പോൾ ഞാൻ പറയുകയുണ്ടായി:‘ഞാൻ ഹറൂറിയല്ല,പക്ഷേ,മനസ്സിലാക്കുവാൻ വേണ്ടിയാണ് ചോദിച്ചത്,ആയിശാ﵂പറഞ്ഞു: ഞങ്ങൾക്കത്(ആർത്തവം) ഉണ്ടാവാറുണ്ട്, ആ സമയം ഞങ്ങൾ നോമ്പ് വീട്ടുവാനും, നമസ്കാരം വീട്ടാതിരിക്കുവാനും കൽപിക്കപ്പെടുകയുണ്ടായി’ (മുസ്ലിം)

**ത്വവാഫ്...**

( عَنْ عَائِشَةَ قَالَتْ خَرَجْنَا مَعَ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ لَا نَذْكُرُ إِلَّا الْحَجَّ فَلَمَّا جِئْنَا سَرِفَ طَمِثْتُ فَدَخَلَ عَلَيَّ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ وَأَنَا أَبْكِي فَقَالَ مَا يُبْكِيكِ قُلْتُ لَوَدِدْتُ وَاللَّهِ أَنِّي لَمْ أَحُجَّ الْعَامَ قَالَ لَعَلَّكِ نُفِسْتِ قُلْتُ نَعَمْ قَالَ فَإِنَّ ذَلِكِ شَيْءٌ كَتَبَهُ اللَّهُ عَلَى بَنَاتِ آدَمَ فَافْعَلِي مَا يَفْعَلُ الْحَاجُّ غَيْرَ أَنْ لَا تَطُوفِي بِالْبَيْتِ حَتَّى تَطْهُرِي ) (بخاري)

ആയിശാﷺയിൽ നിന്ന്,അവർ പറഞ്ഞു:‘ഞങ്ങൾ പ്രവാചകന്റെ കൂടെ ഹജ്ജിനായി പുറപ്പെടുകയുണ്ടായി, അങ്ങിനെ ഞങ്ങൾ ‘സരിഫ’ എന്ന പ്രദേശത്ത് എത്തിയപ്പോൾ എനിക്ക് ആർത്തവമുണ്ടായി, ഞാൻ കരഞ്ഞ് കൊണ്ടിരിക്കെ റസൂലുല്ലാഹ്ﷺ എന്റെയടുത്ത് പ്രവേശിക്കുകയുണ്ടായി,തിരുമേനിﷺ ചോദിച്ചു, എന്താണ് കരയുന്നത്? ഞാൻ പറഞ്ഞു: പ്രവാചകരെ, ഈ വർഷം എനിക്ക് ഹജ്ജ് ചെയ്യാൻ സാധിക്കില്ലല്ലോ? റസൂലുല്ലാഹ് ചോദിച്ചു:നിനക്ക് ആർത്തവമുണ്ടായോ? ഞാൻ പറഞ്ഞു: അതെ, തിരുമേനി പറഞ്ഞു: തീർച്ചയായും അത്(ആർത്തവം)മനുഷ്യരിലെ സ്ത്രീകൾക്ക് അല്ലാഹു നിശ്ചയിച്ചിട്ടുള്ളതാണ്.ഹാജിമാർ ചെയ്യുന്നത് പോലെ നീ ചെയ്യുക, എന്നാൽ ശുദ്ധിയാകുന്നത്വരെ കഅബ ത്വവാഫ് ചെയ്യുവാൻ പാടില്ല’ (ബുഖാരി)

**മുടിവെട്ടുന്നത്...**

ശുദ്ധിയുടെ ഒരു ഭാഗമാണ് തലമുടി നല്ല രൂപത്തിൽ ശുദ്ധീകരിക്കുകയെന്നത്. അത്കൊണ്ട് തന്നെ മുടി വെട്ടുകയാണെങ്കിൽ സാധാരണ മുടിവെട്ടുന്നത് പോലെ എല്ലാ ഭാഗങ്ങളിൽ നിന്നും വെട്ടേണ്ടതുണ്ട്. തലയിൽ നിന്ന് അൽപ ഭാഗം വെട്ടി അവശേഷിക്കുന്ന ഭാഗം വെട്ടാതിരിക്കുകയും ചെയ്യരുത്.നമ്മുടെ നാ

ട്ടിൽ വ്യാപകമായി കണ്ട്വരുന്ന അപ്പാച്ചികട്ടിംഗ് പാടില്ലായെന്ന് റസൂലുല്ലാഹ്ﷺ കർശനമായി വിലക്കിയിരിക്കുന്നു. ഹദീസ് കാണുക:

(عَنِ ابْنِ عُمَرَ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ نَهَى عَنِ الْقَزَعِ) (بخاري)

ഇബ്നുഉമർ﵁വിൽ നിന്ന്, തീർച്ചയായും റസൂലുല്ലാഹ്ﷺ 'ക്വസഅ്'(തലയുടെ ചില ഭാഗങ്ങളിൽ നിന്ന് മുടിവെട്ടുകയും, മറ്റു ഭാഗങ്ങളിൽ വെട്ടാതിരിക്കുകയും ചെയ്യുകയെന്നത്) വിലക്കിയിരിക്കുന്നു' (ബുഖാരി)

**താടി വെക്കുക...**

ഇസ്ലാം പഠിപ്പിക്കുകയും,ആവശ്യപ്പെടുകയും ചെയ്യുന്ന ശുദ്ധിയും,ഭംഗിയുമാണ് പുരുഷൻമാർ താടിവെക്കുകയെന്നത്. അത് അല്ലാഹു മനുഷ്യ പ്രകൃതിയുടെ ഒരു ഭാഗമായി തന്നെയാണ് മനുഷ്യർക്ക് നൽകിയിരിക്കുന്നത്. പ്രവാചകൻമാർക്ക് താടിയുണ്ടായിരുന്നുവെന്ന് ഖുർആൻ വായിക്കുന്ന ഏതൊരു വ്യക്തിക്കും മനസിലാക്കുവാൻ കഴിയുന്ന പരമാർത്ഥമാണ്.മഹാനായ മൂസാ നബി﵇ തൂരി സീനാ പർവ്വതത്തിൽ പോയി അല്ലാഹുവിൽ നിന്ന് തൗറാത്ത് വാങ്ങി വന്ന സന്ദർഭത്തിൽ തന്റെ സഹോദരനെ ഏൽപിക്കപ്പെട്ടിരുന്ന സ്വന്തം സമൂഹം പശുക്കുട്ടിയെ ഉണ്ടാക്കി ആരാധിക്കുന്നത് കണ്ട മൂസാ നബി﵇ ദേശ്യത്താൽ ഹാറൂൻ﵇ന്റെ താടിക്കാണ് പിടിക്കുന്നത് എന്ന് ഖുർആൻ വ്യക്തമാക്കുന്നു.

(قَالَ يَبْنَؤُمَّ لَا تَأْخُذْ بِلِحْيَتِي وَلَا بِرَأْسِي إِنِّي خَشِيتُ أَنْ تَقُولَ فَرَّقْتَ بَيْنَ بَنِي إِسْرَائِيلَ وَلَمْ تَرْقُبْ قَوْلِي) (طه:٩٤)

‘അദ്ദേഹം (ഹാറൂൻ) പറഞ്ഞു: എന്റെ ഉമ്മയുടെ മകനേ, നീ എന്റെ താടിയിലും തലയിലും പിടിക്കാതിരിക്കൂ.ഇസ്രായീൽ സന്തതികൾക്കിടയിൽ നീ ഭിന്നിപ്പുണ്ടാക്കിക്കളഞ്ഞു, എന്റെ വാക്കിന് നീ കാത്തുനിന്നില്ല. എന്ന് നീ പറയുമെന്ന് ഞാൻ ഭയപ്പെടുകയാണുണ്ടായത്.’ (ത്വാഹ: 94)

പ്രവാചകൻﷺയുടെ ഹദിസുകൾ പരതിനോക്കുമ്പോൾ ഈ വിഷയത്തിൽ ഒരുപാട് പ്രവാചകന വചനം നമുക്ക് കാണുവാൻ സാധിക്കുന്നതാണ്. അതിൽ ചിലത് മാത്രം താഴെ കൊടുക്കട്ടെ.

( عَنِ ابْنِ عُمَرَ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ أَنَّهُ أَمَرَ بِإِحْفَاءِ الشَّوَارِبِ وَإِعْفَاءِ اللِّحْيَةِ ) (مسلم)

ഇബ്നുഉമർؓവിൽ നിന്ന്,‘നബിﷺ മീശ വെട്ടുവാനും,താടി വെക്കാനും കൽപിക്കുകയുണ്ടായി’ (മുസ്‌ലിം)

( عَنْ عَائِشَةَ قَالَتْ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ عَشْرٌ مِنَ الْفِطْرَةِ قَصُّ الشَّارِبِ وَإِعْفَاءُ اللِّحْيَةِ وَالسِّوَاكُ وَاسْتِنْشَاقُ الْمَاءِ وَقَصُّ الْأَظْفَارِ وَغَسْلُ الْبَرَاجِمِ وَنَتْفُ الْإِبِطِ وَحَلْقُ الْعَانَةِ وَانْتِقَاصُ الْمَاءِ قَالَ زَكَرِيَّاءُ قَالَ مُصْعَبٌ وَنَسِيتُ الْعَاشِرَةَ إِلَّا أَنْ تَكُونَ الْمَضْمَضَةَ) (مسلم)

ആയിശാؓയിൽ നിന്ന്, റസൂലുല്ലാഹ്ﷺ പറഞ്ഞു: ‘പത്ത് കാര്യങ്ങൾ ശുദ്ധ പ്രകൃതിയിൽ പെട്ടതാണ്, മീശ വെട്ടുക,താടി വളർത്തുക, ദന്തശുദ്ധീകരണം നടത്തുക, മൂക്കിൽ വെള്ളം കയറ്റി ചീറ്റുക, നഖം വെട്ടുക,വിരലുകളുടെയും അവയവങ്ങളുടെയും സന്ധികൾ കൃത്യമായി ശുദ്ധീകരിക്കുക, കക്ഷരോമം നീക്കുക, ഗുഹ്യഭാഗങ്ങളിലെ രോമം നീക്കുക, ശൗച്യം ചെയ്യുക എന്നിവ

യാണത്, സക്കരിയ്യാഹ് പറയുന്നു: പത്താമത്തെ കാര്യം ഞാൻ ഏതാണെന്ന് ഞാൻ മറന്ന്പോയി എന്ന് മിസ്അബ് പറഞ്ഞു.അത് വായ കൊപ്ലിക്കലാകുന്നു.' (മുസ്ലിം)

## വസ്ത്രം: ഒരു അനുഗ്രഹം

മനുഷ്യന് അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ നിരവധിയാണ്, എണ്ണി തിട്ടപ്പെടുത്തുവാൻ മനുഷ്യന് കഴിയാത്തത്രയും അനുഗ്രഹങ്ങൾ.അതിൽ പെട്ട ഒന്നാണ് മനുഷ്യന്റെ നാണം മറക്കാൻ അവൻ വസ്ത്രമെന്ന അനുഗ്രഹം നൽകിയത്. വസ്ത്രമില്ലായിരുന്നെങ്കിൽ എന്തായിരിക്കും മനുഷ്യന്റെഅവസ്ഥ എന്ന് നാം ആലോചിച്ച് നോക്കൂ. നമുക്ക് ചിന്തിക്കുവാൻ പോലും കഴിയില്ല. ആയതിനാൽ ദൈവികാനുഗ്രഹമായ വസ്ത്രം അവന്റെ നിയമങ്ങൾക്കും, ഇസ്ലാമിക മര്യാദയുമനുസരിച്ചാണ് നാം ഉപയോഗിക്കേണ്ടത്.

**നഗ്നത മറക്കൽ...**

മനുഷ്യൻ നഗ്നത മറക്കൽ നിർബ്ബന്ധമാണെന്നാണ് ഖുർആൻ നമ്മെ പഠിപ്പിക്കുന്നത്.

(يَا بَنِي آدَمَ قَدْ أَنزَلْنَا عَلَيْكُمْ لِبَاساً يُوَارِي سَوْءَاتِكُمْ وَرِيشاً وَلِبَاسُ التَّقْوَىَ ذَلِكَ خَيْرٌ ذَلِكَ مِنْ آيَاتِ اللّهِ لَعَلَّهُمْ يَذَّكَّرُونَ {٢٦} يَا بَنِي آدَمَ لاَ يَفْتِنَنَّكُمُ الشَّيْطَانُ كَمَا أَخْرَجَ أَبَوَيْكُم مِّنَ الْجَنَّةِ يَنزِعُ عَنْهُمَا لِبَاسَهُمَا لِيُرِيَهُمَا سَوْءَاتِهِمَا إِنَّهُ يَرَاكُمْ هُوَ وَقَبِيلُهُ مِنْ حَيْثُ لاَ تَرَوْنَهُمْ إِنَّا جَعَلْنَا الشَّيَاطِينَ أَوْلِيَاء لِلَّذِينَ لاَ يُؤْمِنُونَ) {الأعراف:26-27}

'ആദം സന്തതികളേ,നിങ്ങൾക്കു നാം നിങ്ങളുടെ ഗോപ്യ സ്ഥാനങ്ങൾ മറയ്ക്കാനുതകുന്ന വസ്ത്രവും അലങ്കാര വസ്ത്രവും നൽകിയിരിക്കുന്നു. ധർമ്മ നിഷ്ഠയാകുന്ന വസ്ത്രമാകട്ടെ അതാണു കൂടുതൽ ഉത്തമം. അവർ ശ്രദ്ധിച്ച് മനസ്സിലാക്കാൻ വേണ്ടി അല്ലാഹു അവതരിപ്പിക്കുന്ന തെളിവുകളിൽ പെട്ടതത്രെ അത്. ആദം സന്തതികളേ,നിങ്ങളുടെ മാതാപിതാക്കളെ ആ തോട്ടത്തിൽ നിന്ന് പുറത്താക്കിയത് പോലെ പിശാച് നിങ്ങളെ കുഴപ്പത്തിലാക്കാതിരിക്കട്ടെ. അവർ ഇരുവരുടെയും ഗോപ്യസ്ഥാനങ്ങൾ അവർക്ക് കാണിച്ചുകൊടുക്കുവാനായി അവൻ അവരിൽ നിന്ന് അവരുടെ വസ്ത്രം എടുത്തു നീക്കുകയായിരുന്നു.തീർച്ചയായും അവനും അവന്റെ വർഗക്കാരും നിങ്ങളെ കണ്ടുകൊണ്ടിരിക്കും; നിങ്ങൾക്ക് അവരെ കാണാൻ പറ്റാത്ത വിധത്തിൽ.തീർച്ചയായും വിശ്വസിക്കാത്തവർക്ക് പിശാചുക്കളെ നാം മിത്രങ്ങളാക്കി കൊടുത്തിരിക്കുന്നു' (അഅ്റാഫ്: 26,27).

പ്രവാചകൻﷺയുടെ വചനം ശ്രദ്ധിക്കുക:

( وَقَالَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ كُلُوا وَاشْرَبُوا وَالْبَسُوا وَتَصَدَّقُوا فِي غَيْرِ إِسْرَافٍ وَلاَ مَخِيلَةٍ ) (بخاري)

പ്രവാചകൻﷺപറയുന്നു: ‘ദുർവ്യയവും, അഹങ്കാരവും കൂടാതെ നിങ്ങൾ ഭക്ഷിക്കുകയും, കുടിക്കുകയും,വസ്ത്രം ധരിക്കുകയും, ദാനധർമ്മം ചെയ്യുകയും ചെയ്യുക’ (ബുഖാരി)

( عَنْ ابْنُ جَرْهَدٍ عَنْ أَبِيهِ أَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ مَرَّ بِهِ وَهُوَ كَاشِفٌ عَـنْ فَخِذِهِ فَقَالَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ غَطِّ فَخِذَكَ فَإِنَّهَا مِنَ الْعَوْرَةِ ) (الترمذي- صححه الألباني)

ഇബ്നു ജർഹദ് തന്റെ പിതാവിൽ നിന്ന്,‘തുടകൾ വെളിവാക്കി യിരിക്കുകയായിരുന്ന ഒരാളുടെ അരികിലൂടെ നബിﷺ കടന്ന് പോവുകയുണ്ടായി, അപ്പോൾ നബിﷺപറഞ്ഞു:‘നീ നിന്റെ തുട കൾ നീ മറക്കുക, അത് ഔറത്തി(നഗ്നതയി)ൽ പെട്ടതാണ്’ (തി ർമിദി, ഇമാം അൽബാനി ഈ ഹദീസ് സ്വഹീഹാണെന്ന് പ്രസ് താവിച്ചിരിക്കുന്നു)

**വേഷം മാറൽ...**

പുരുഷൻ സ്ത്രീ വേഷം ധരിക്കുന്നതും, സ്ത്രീ പുരുഷ വേ ഷം ധരിക്കുന്നതും ഇസ്ലാം വിരോധിച്ച കാര്യമാണ്.

( عَنِ ابْنِ عَبَّاسٍ رَضِي اللَّه عَنْهمَا قَالَ لَعَـنَ رَسُـولُ اللَّهِ صَـلَّى اللَّه عَلَيْـهِ وَسَـلَّمَ الْمُتَشَبِّهِينَ مِنَ الرِّجَالِ بِالنِّسَاءِ وَالْمُتَشَبِّهَاتِ مِنَ النِّسَاءِ بِالرِّجَالِ ) (بخاري)

ഇബ്നു അബ്ബാസ്ﷺവിൽ നിന്ന്, അദ്ദേഹം പറയുകയുണ്ടായി: ‘സ്ത്രീകളോട് സാമ്യപ്പെടുന്ന പുരുഷൻമാരെയും, പുരുഷൻമാ രോട് സാമ്യപ്പെടുന്ന സ്ത്രീകളെയും അല്ലാഹുവിന്റെ റസൂൽﷺ ശപിച്ചിരിക്കുന്നു’ (ബുഖാരി)

**അനുഗ്രഹം പ്രകടിപ്പിക്കൽ...**

ഒരു സംഭവം കാണുക:

(عَنْ أَبِي الْأَحْوَصِ عَنْ أَبِيهِ أَنَّهُ أَتَى النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ فِي ثَوْبٍ دُونٍ (رديء أو حقير) فَقَالَ لَهُ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ أَلَكَ مَالٌ قَالَ نَعَمْ مِنْ كُلِّ الْمَالِ قَالَ مِنْ أَيِّ الْمَالِ قَالَ قَدْ آتَانِي اللَّهُ مِنَ الْإِبِلِ وَالْغَنَمِ وَالْخَيْلِ وَالرَّقِيقِ قَالَ فَإِذَا آتَاكَ اللَّهُ مَالًا فَلْيُرَ عَلَيْكَ أَثَرُ نِعْمَةِ اللَّهِ وَكَرَامَتِهِ ) (أبوداود - صححه الألباني)

അബുൽ അഹ്വസ് തന്റെ പിതാവിൽ നിന്ന്, പ്രവാചകൻﷺയുടെ അടുത്തേക്ക് അദ്ദേഹം വളരെ മോശമായ വസ്ത്രം ധരിച്ച് കൊണ്ട് കടന്ന് വരികയുണ്ടായി, അദ്ദേഹത്തോട് നബിﷺചോദിക്കുകയുണ്ടായി, താങ്കൾക്ക് സമ്പത്തില്ലേ? അതെയെന്നദ്ദേഹം പ്രത്യുത്തരം നൽകുകയും ചെയ്തു. വീണ്ടും ചോദിച്ചു: ഏതെല്ലാം സമ്പത്തുകളാണുള്ളത്? അദ്ദേഹം പറയുകയുണ്ടായി: അല്ലാഹു എനിക്ക് ഒട്ടകം, ആടുകൾ, കുതിരകൾ, ഗോതമ്പ് പോലെയുള്ള മുഴുവൻ സമ്പത്തുക്കളും നൽകിയിരിക്കുന്നു.അപ്പോഴദ്ധേഹത്തോട് തിരുദൂതർ പറഞ്ഞു: അല്ലാഹു താങ്കൾക്ക് സമ്പത്ത് നൽകിയിട്ടുണ്ടെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെയും ഔദാര്യത്തിന്റെയും അടയാളം താങ്കളിൽ കാണേണ്ടതുണ്ട്' (അബൂദാവൂദ്, ഇമാം അൽബാനി ഈ ഹദീസ് സ്വഹീഹാണെന്ന് പ്രസ്താവിച്ചിരിക്കുന്നു)

**അഹങ്കരിക്കാനാകരുത്...**

വസ്ത്രം അല്ലാഹുവിന്റെ അനുഗ്രഹമാണ്,അത് അവന്റെ നിയമങ്ങൾക്കനുസൃതമായിരിക്കണം ഉപയോഗിക്കേണ്ടത്, നഗ്നത

മറക്കുവാനും, പോരായ്മകൾ മറച്ച് വെക്കാനുമായിരിക്കണം വസ്ത്രം ധരിക്കേണ്ടത്, അതല്ലാതെ അഹങ്കരിക്കാനാകരുത്. അതാണ് റസൂലുല്ലാഹ്ﷺ നമ്മെ കൃത്യമായി പഠിപ്പിക്കുന്നത്.

( عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ لَا يَنْظُرُ اللَّهُ يَوْمَ الْقِيَامَةِ إِلَى مَنْ جَرَّ إِزَارَهُ بَطَرًا ) (بخاري)

അബൂഹുറയ്റ(റ)വിൽ നിന്ന്; റസൂലുല്ലാഹ്ﷺപറയുകയുണ്ടായി: 'അഹങ്കാരത്തോടെ ആരാണൊ വസ്ത്രം വലിച്ചിഴക്കുന്നത് അവനെ അല്ലാഹു അവസാന നാളിൽ നോക്കുകയില്ല' (ബുഖാരി)

നല്ല വസ്ത്രവും, വേഷവും...

( عَنْ عَبْدِ اللَّهِ بْنِ مَسْعُودٍ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ لَا يَدْخُلُ الْجَنَّةَ مَنْ كَانَ فِي قَلْبِهِ مِثْقَالُ ذَرَّةٍ مِنْ كِبْرٍ قَالَ رَجُلٌ إِنَّ الرَّجُلَ يُحِبُّ أَنْ يَكُونَ ثَوْبُهُ حَسَنًا وَنَعْلُهُ حَسَنَةً قَالَ إِنَّ اللَّهَ جَمِيلٌ يُحِبُّ الْجَمَالَ الْكِبْرُ بَطَرُ الْحَقِّ وَغَمْطُ النَّاسِ ) (مسلم)

അബ്ദുല്ലാഇബ്നു മസ്ഊദ്(റ)വിൽ നിന്ന്:നബിﷺപറയുകയുണ്ടായി: 'അണുമണി തൂക്കം അഹങ്കാരം ആരുടെയെങ്കിലും ഹൃദയത്തിലുണ്ടായാൽ അവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല, ഒരാൾ ചോദിക്കുകയുണ്ടായി: ഒരാൾ തന്റെ വസ്ത്രവും, ചെരുപ്പും ഭംഗിയുള്ളതാവണമെന്ന് ആഗ്രഹിക്കുന്നതോ? പറഞ്ഞു: തീർച്ചയായും അല്ലാഹു ഭംഗിയുള്ളവനാണ്, അവൻ ഭംഗി ഇഷ്ടപ്പെടുകയും ചെയ്യുന്നതാണ്. അഹങ്കാരം സത്യം മൂടിവെക്കലും, ജനങ്ങളെ അവഗണിക്കലുമാണ്' (മുസ്ലിം)

**പ്രശസ്തിയുടെ വസ്ത്രം...**

ജനമധ്യത്തിൽ അറിയപ്പെടുവാനും, ആളുകൾ തന്നെ ശ്രദ്ധിക്കുവാനും വേണ്ടി പ്രത്യേക തരത്തിലുള്ള വസ്ത്രം ധരിക്കുന്ന

തും, അതുപോലെ പ്രശസ്തിയുടെ വസ്ത്രം ധരിക്കുന്നതും ഇസ്ലാം വിരോധിച്ചിരിക്കുന്നു.

( عَنِ ابْنِ عُمَرَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ مَنْ لَبِسَ ثَوْبَ شُهْرَةٍ فِي الدُّنْيَا أَلْبَسَهُ اللَّهُ ثَوْبَ مَذَلَّةٍ يَوْمَ الْقِيَامَةِ ) (أحمد- حسنه الألباني)

അബ്ദുല്ലാഇബ്നു ഉമർﷺവിൽ നിന്ന്: റസൂലുല്ലാഹ്ﷺപറയുകയുണ്ടായി:'ഐഹിക ലോകത്ത് പ്രശസ്തിയുടെ വസ്ത്രം ആരെങ്കിലും ധരിക്കുകയാണെങ്കിൽ പരലോകത്ത് അല്ലാഹു നിന്ദ്യതയുടെ വസ്ത്രം അവനെ ധരിപ്പിക്കുന്നതാണ്'(അഹ്മദ്. ഇമാം അൽബാനി ഈ ഹദീഥ് ഹസനാണെന്ന് പ്രസ്താവിച്ചിരിക്കുന്നു)

**പട്ടും സ്വർണവും...**

പുരുഷൻമാർക്ക് പട്ടും സ്വർണവും ധരിക്കാൻ പാടില്ലായെന്നത് ഇസ്ലാമിന്റെ കർശനമായ നിയമത്തിൽ പെട്ടതാണ്. കുട്ടികളും, വലിയവരും ഈ നിയമത്തിൽ ഒരുപോലെയാണ്. എന്നാൽ പ്രായ പൂർത്തിയെത്താത്ത കുട്ടികളെ ആരാണോ സ്വർണവും, പട്ടും ധരിപ്പിക്കുന്നത് അവരാണ് അതിന്റെ ശിക്ഷയനുഭവിക്കേണ്ടി വരിക. അത്കൊണ്ട് തന്നെ തിരുദൂതർﷺ മുസ്ലിം സമുദായത്തെ പഠിപ്പിക്കുന്നത് നാം കാണുക.

(عن عَلِيَّ بْنَ أَبِي طَالِبٍ رَضِي اللَّه عَنْه يَقُولُ إِنَّ نَبِيَّ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ أَخَذَ حَرِيرًا فَجَعَلَهُ فِي يَمِينِهِ وَأَخَذَ ذَهَبًا فَجَعَلَهُ فِي شِمَالِهِ ثُمَّ قَالَ إِنَّ هَذَيْنِ حَرَامٌ عَلَى ذُكُورِ أُمَّتِي ) (أبوداود- صححه الألباني)

അലിയ്യുബ്നു അബൂത്വാലിബ്ﷺവിൽ നിന്ന്, അദ്ദേഹം പറയുന്നു:'നബിﷺ തന്റെ വലത് കയ്യിലും, പട്ടെടുത്ത് ഇടത് കയ്യിലും പിടിച്ച് കൊണ്ട് പറയുകയുണ്ടായി, തീർച്ചയായും എന്റെ സമു

ദായത്തിലെ പുരുഷൻമാർക്ക് ഇത് രണ്ടും നിഷിദ്ധമാകുന്നു'(അബൂദാവൂദ്, ഇമാം അൽബാനി ഈ ഹദീഥ് സ്വഹീഹാണെന്ന് പ്രസ്താവിച്ചിരിക്കുന്നു)

عبد العزيز بن صهيب عن أنس قال : قال رسول الله صلى الله عليه وسلم من لبس الحرير في الدنيا لم يلبسه في الآخرة ) ( صحيح مسلم بشرح النووي - كتاب اللباس والزينة - من لبس الحرير في الدنيا لم يلبسه في الآخرة) (مسلم)

അബ്ദുൽ അസീസ്ബ്നു സ്വുഹൈബ്, അനസ്ﷺവിൽ നിന്നും: റസൂലുല്ലാഹ്ﷺപറയുകയുണ്ടായി: 'ആരെങ്കിലും ഐഹിക ലോകത്ത് പട്ട് ധരിക്കുകയാണെങ്കിൽ പരലോകത്ത് അവനത് ധരിക്കുവാൻ സാധിക്കുകയില്ല' (മുസ്ലിം)

**ചികിൽസക്കായി...**

വിശ്വസ്തരായ ഡോക്ടർമാരുടെ നിർദ്ദേശ പ്രകാരം ചികിൽസയെന്ന നിലക്ക് പട്ട് ധരിക്കൽ അത്യാവശ്യമായി വന്നാൽ ധരിക്കാവുന്നതാണെന്ന് പ്രവാചകൻﷺ നമ്മെ പഠിപ്പിച്ചിരിക്കുന്നു.

( عَنْ قَتَادَةَ أَنَّ أَنَسًا حَدَّثَهُمْ أَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ رَخَّصَ لِعَبْدِالرَّحْمَنِ بْنِ عَوْفٍ وَالزُّبَيْرِ فِي قَمِيصٍ مِنْ حَرِيرٍ مِنْ حِكَّةٍ كَانَتْ بِهِمَا ) (بخاري)

ഖതാദയിൽ നിന്ന്, അനസ്ﷺ അവരോട് പറയുകയുണ്ടായി:'നബിﷺ അബ്ദുർറഹ്മാൻബ്നു ഔഫിനും, സുബൈറിനും അലർജിയുണ്ടായ സമയത്ത് അതിന്റെ ചികിൽസാർത്ഥം പട്ട് ധരിക്കുവാൻ ഇളവ് നൽകിയിരുന്നു' (ബുഖാരി)

**ഞെരിയാണിക്ക് മുകളിൽ...**

ഇസ്ലാമിൽ പുരുഷന്റെ വസ്ത്രം കണങ്കാലിന്റെ മധ്യം വരെയാണ്, എന്നാൽ ഞെരിയാണിവരെ താഴുന്നതിന് കുഴപ്പമി

ല്ല. ഞെരിയാണിക്ക് താഴെ ഒരിക്കലും പുരുഷ്യന്റെ വസ്ത്രം താഴാൻ പാടില്ലായെന്നത് റസൂലുല്ലാഹ്ﷺ വളരെ കൃത്യമായ രൂപത്തിൽ താക്കീത് നൽകിയ വിഷയമാണ്.

(عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْه عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: مَا أَسْفَلَ مِنَ الْكَعْبَيْنِ مِنَ الْإِزَارِ فَفِي النَّارِ ) (بخاري)

അബൂഹുറയ്റﷺവിൽ നിന്ന്, നബിﷺ പറഞ്ഞു:'ഞെരിയാണിക്ക് താഴെ ഇറങ്ങിയ വസ്ത്രം തീർച്ചയായും നരകത്തിലാകുന്നു' (ബുഖാരി)

(عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْه قَالَ: قَالَ:أَبُو الْقَاسِمِ صَلَّى اللَّه عَلَيْهِ وَسَلَّمَ إِزْرَةُ الْمُؤْمِنِ مِنْ أَنْصَافِ السَّاقَيْنِ فَأَسْفَلَ مِنْ ذَلِكَ إِلَى مَا فَوْقَ الْكَعْبَيْنِ فَمَا كَانَ مِنْ أَسْفَلَ مِنْ ذَلِكَ فَفِي النَّارِ ) (أحمد)

അബൂഹുറയ്റﷺവിൽ നിന്ന്, അബുൽകാസിംﷺപറഞ്ഞു:'സത്യവിശ്വാസിയുടെ വസ്ത്രം കണങ്കാലിന്റെ മധ്യം വരെയാണ്, എന്നാൽ അതിനെ താഴെ ഇറങ്ങുകയാണെങ്കിൽ ഞെരിയാണി വരെ കുഴപ്പമില്ല, എന്നാൽ അതിലും താഴുകയാണെങ്കിൽ അത് നരകത്തിൽ തന്നെയാണ്' (അഹ്മദ്)

അബൂബക്കർﷺവിന്റെ സംഭവം...

അബൂബക്കർﷺ ഒരിക്കൽ പ്രവാചകൻﷺയോട് പറയുകയുണ്ടായി, പ്രവാചകരെ എന്റെ വസ്ത്രത്തിന്റെ ഒരു ഭാഗം ഞാൻ എത്ര ശ്രദ്ധിച്ചാലും താഴെ പോകാറുണ്ട്,അതിന് ഞാൻ കുറ്റക്കാരനാകുമോയെന്ന് ചോദിച്ചപ്പോൾ പ്രവാചകൻﷺ താങ്കൾ അത്തരം ആളുകളിൽ പെട്ടവനല്ലായെന്ന് പറഞ്ഞു. ഈ സംഭവം തെ

ളിവ് പിടിച്ച് കൊണ്ട് പലയാളുകളും ദുർവ്യാഖ്യാനം നടത്താറുണ്ട്. അത് ഒരിക്കലും ശരിയല്ല, കാരണം വസ്ത്രത്തിന്റെ ഒരുഭാഗമാണ് താഴെ പോകുന്നത്, അതും അബൂബക്കർ ﵁ അറിയാതെ ഊർന്ന്പോവുകയാണ്. ഇതും കരുതിക്കൂട്ടി നീളമുള്ള വസ്ത്രം വാങ്ങി നിലത്തിലൂടെ വഴിച്ചിഴക്കുന്നതും തമ്മിൽ എങ്ങിനെ ഒരുപോലെ കാണാൻ സാധിക്കും. ഹദീഥ് നാം കൃത്യമായി കാണുക.

( عَنْ سَالِمِ بْنِ عَبْدِاللَّهِ عَنْ أَبِيهِ رَضِي اللَّه عَنْه عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ مَنْ جَرَّ ثَوْبَهُ خُيَلَاءَ لَمْ يَنْظُرِ اللَّهُ إِلَيْهِ يَوْمَ الْقِيَامَةِ قَالَ أَبُو بَكْرٍ يَا رَسُولَ اللَّهِ إِنَّ أَحَدَ شِقَّيْ إِزَارِي يَسْتَرْخِي إِلَّا أَنْ أَتَعَاهَدَ ذَلِكَ مِنْهُ فَقَالَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ لَسْتَ مِمَّنْ يَصْنَعُهُ خُيَلَاءَ ) (بخاري)

സാലിം ഇബ്നു അബ്ദുല്ലാഹ് തന്റെ പിതാവിൽ നിന്ന്﵁: നബി ﷺ പറഞ്ഞു:‘ആരെങ്കിലും തന്റെ വസ്ത്രം അഹങ്കാരത്തോടെ വലിച്ചിഴക്കുകയാണെങ്കിൽ അവസാന നാളിൽ അല്ലാഹു അവനെ നോക്കുകപോലുമില്ല, അബൂബക്കർ﵁ആ സമയം റസൂലുല്ലാഹ് ﷺയോട് പറയുകയുണ്ടായി: എന്റെ വസ്ത്രത്തിന്റെ ഒരു ഭാഗം ഞാൻ എത്ര ശ്രദ്ധിച്ചാലും ഊർന്ന്പോവും(ഞാൻ കുറ്റക്കാരനാണോ)? നബിﷺ പ്രതിവചിക്കുകയുണ്ടായി: താങ്കൾ അഹങ്കാരത്തോടെ ചെയ്യുന്നവരിൽ പെട്ടവരല്ലല്ലോ’ (ബുഖാരി)

ഈ ഹദീഥിനെ വിശദീകരിച്ച്കൊണ്ട് പണ്ഡിതൻമാർ വ്യക്തമാക്കുന്നത് വസ്ത്രം മുഴുവനും താഴെ പോകാറില്ല, മറിച്ച് ഒരു ഭാഗം മാത്രമാണ്, അതുപോലെ താഴെ പോകുമ്പോഴെല്ലാം കയറ്റി ഉടുക്കാറുണ്ട്, അതുപോലെ അല്ലാഹുവിന്റെ വഹ്യിന്റെ അടിസ്ഥാനത്തിൽ റസൂൽﷺയുടെ താങ്കൾ അങ്ങിനെയുള്ളവരുടെ

കൂടെയല്ലായെന്ന് ഒരു കാര്യം കൂടി അബൂബക്കർﷺവിന് ലഭിച്ചു, ഇത് ഇദ്ദേഹത്തിന് മാത്രമുള്ള കാര്യമാണ്. പ്രത്യേകം ശ്രദ്ധിക്കുക: ചിലയാളുകൾ വസ്ത്രം വഴിച്ചിഴച്ച് നടക്കുന്ന അവസരത്തിൽ അവരെ ഉപദേശിച്ചാൽ പറയും,എനിക്ക് അഹങ്കാരമില്ലായെന്ന്,എന്നാൽ നാം ആദ്യം ഉദ്ധരിച്ച ഹദീഥിൽ അഹങ്കാരം എന്ന പരിമർശം പോലുമില്ലായെന്ന് നാം മനസിലാക്കുക. അപ്പോൾ ഈ കാര്യം എത്ര ഗൗരവതരമാണ്.

**അല്ലാഹു അനുവദിച്ചവരുടെ മുന്നിൽ...**

സ്ത്രീകൾ തങ്ങളുടെ ഭർത്താക്കൻമാരുടെ മുമ്പിൽ മാത്രമെ തങ്ങളുടെ സൗന്ദര്യം പുറത്ത് കാണിക്കുവാൻ പാടുള്ളൂ, മറ്റാരുടെ മുന്നിലും അത് തുറന്ന് കാണിക്കാവതല്ല. വീടിന് പുറത്തിറങ്ങുമ്പോൾ തങ്ങളുടെ ശരീരം മുഴുവനും (മുൻ കയ്യും, മുഖവുമൊഴിച്ച്) മറക്കുന്ന കട്ടിയുള്ള, ലൂസായ, ശ്രദ്ധിക്കപ്പെടാത്ത വസ്ത്രം ധരിച്ചിരിക്കണം. അതുപോലെ സുഗന്ധ ദ്യവ്യം പൂശുവാനും പാടില്ല. സ്ത്രീകൾക്കുള്ള വസ്ത്രപരമായ നിയമം ഖുർആൻ വ്യക്തമാക്കുന്നത് നാം കാണുക:

(وَقُل لِّلْمُؤْمِنَاتِ يَغْضُضْنَ مِنْ أَبْصَارِهِنَّ وَيَحْفَظْنَ فُرُوجَهُنَّ وَلَا يُبْدِينَ زِينَتَهُنَّ إِلَّا مَا ظَهَرَ مِنْهَا وَلْيَضْرِبْنَ بِخُمُرِهِنَّ عَلَى جُيُوبِهِنَّ وَلَا يُبْدِينَ زِينَتَهُنَّ إِلَّا لِبُعُولَتِهِنَّ أَوْ آبَائِهِنَّ أَوْ آبَاء بُعُولَتِهِنَّ أَوْ أَبْنَائِهِنَّ أَوْ أَبْنَاء بُعُولَتِهِنَّ أَوْ إِخْوَانِهِنَّ أَوْ بَنِي إِخْوَانِهِنَّ أَوْ بَنِي أَخَوَاتِهِنَّ أَوْ نِسَائِهِنَّ أَوْ مَا مَلَكَتْ أَيْمَانُهُنَّ أَوِ التَّابِعِينَ غَيْرِ أُوْلِي الْإِرْبَةِ مِنَ الرِّجَالِ أَوِ الطِّفْلِ الَّذِينَ لَمْ يَظْهَرُوا عَلَى عَوْرَاتِ النِّسَاء وَلَا يَضْرِبْنَ بِأَرْجُلِهِنَّ لِيُعْلَمَ مَا يُخْفِينَ مِن زِينَتِهِنَّ وَتُوبُوا إِلَى اللَّهِ جَمِيعاً أَيُّهَا الْمُؤْمِنُونَ لَعَلَّكُمْ تُفْلِحُونَ ) {النور: ٣١}

‘സത്യവിശ്വാസിനികളോടും അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും, അവരുടെ ഭംഗിയിൽ നിന്ന് പ്രത്യക്ഷമായതൊഴിച്ച് മറ്റൊന്നും വെളിപ്പെടുത്താതിരിക്കുവാനും നീ പറയുക.അവരുടെ മക്കനകൾ കുപ്പായമാറുകൾക്ക് മീതെ അവർ താഴ്ത്തിയിട്ടുകൊള്ളട്ടെ. അവരുടെ ഭർത്താക്കൻമാർ, അവരുടെ പിതാക്കൾ, അവരുടെ ഭർതൃപിതാക്കൾ, അവരുടെ പുത്രൻമാർ, അവരുടെ ഭർതൃപുത്രൻമാർ, അവരുടെ സഹോദരൻമാർ, അവരുടെ സഹോദര പുത്രൻമാർ, അവരുടെ സഹോദരീ പുത്രൻമാർ, മുസ്ലിംകളിൽ നിന്നുള്ള സ്ത്രീകൾ,അവരുടെ വലംകൈകൾ ഉടമപ്പെടുത്തിയവർ(അടിമകൾ),ലൈംഗികാസക്തി ഉള്ളവരല്ലാത്ത പുരുഷൻമാരായ പരിചാരകർ, സ്ത്രീകളുടെ രഹസ്യങ്ങൾ മനസ്സിലാക്കിയിട്ടില്ലാത്ത കുട്ടികൾ എന്നിവരൊഴിച്ച് മറ്റാർക്കും തങ്ങളുടെ ഭംഗി അവർ വെളിപ്പെടുത്തരുത്.തങ്ങൾ മറച്ചു വെക്കുന്ന തങ്ങളുടെ അലങ്കാരം അറിയപ്പെടുവാൻ വേണ്ടി അവർ കാലിട്ടടിക്കുകയും ചെയ്യരുത്. സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് ഖേദിച്ചു മടങ്ങുക.നിങ്ങൾ വിജയം പ്രാപിച്ചേക്കാം’.(നൂർ:31)

**സ്ത്രീകളുടെ വസ്ത്രം...**

സ്ത്രീകളിൽ ചിലർ വസ്ത്രം ധരിച്ചുവെന്ന് കാണിക്കാൻ എന്നാൽ വസ്ത്രം ധരിക്കാത്ത രൂപത്തിലുള്ള വസ്ത്രവുമായി നടക്കുന്നു, അവരെപ്പറ്റി റസൂലുല്ലാഹ്ﷺ പഠിപ്പിക്കുന്നത് അവർക്ക് സ്വർഗ പ്രവേശനം പോയിട്ട് സ്വർഗ പരിമളം പോലും ആസ്വദിക്കുവാൻ സാധിക്കുകയില്ലായെന്നാണ്.

( عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ صِنْفَانِ مِنْ أَهْلِ النَّارِ لَمْ أَرَهُمَا قَوْمٌ مَعَهُمْ سِيَاطٌ كَأَذْنَابِ الْبَقَرِ يَضْرِبُونَ بِهَا النَّاسَ وَنِسَاءٌ كَاسِيَاتٌ

عَارِيَاتٌ مُمِيلَاتٌ مَائِلَاتٌ رُءُوسُهُنَّ كَأَسْنِمَةِ الْبُخْتِ الْمَائِلَةِ لَا يَـدْخُلْنَ الْجَنَّـةَ وَلَا يَجِدْنَ رِيحَهَا وَإِنَّ رِيحَهَا لَيُوجَدُ مِنْ مَسِيرَةِ كَذَا وَكَذَا ) (بخاري)

അബൂഹുറയ്റﷺവിൽ നിന്ന്,റസൂലുല്ലാഹ്ﷺപറയുകയുണ്ടായി: 'രണ്ട് വിഭാഗം നരകത്തിലാണ്, അവരെ ഞാൻ കണ്ടിട്ടില്ല, ഒരു വിഭാഗം അവർ പശുവിന്റെ വാൽപോലെയുള്ള ചാട്ടവാർ കൊണ്ട് ജനങ്ങളെ അടിക്കുന്നവരാണ്, രണ്ടാമത്തെ വിഭാഗം വസ്ത്രം ധരിച്ച, എന്നാൽ നഗ്നരായ സ്ത്രീകൾ, അവർ ചാഞ്ഞും, ചെരിഞ്ഞും നടക്കുന്നവരാണ്, അവരുടെ തലയാകട്ടെ ഒട്ടകങ്ങളുടെ പൂഞ്ഞ പോലെ അങ്ങോട്ടുമിങ്ങോട്ടും ചാഞ്ഞും ചെരിഞ്ഞുമാണ്, അവർ സ്വർഗത്തിൽ പ്രവേശിക്കുകയോ, സ്വർഗപരിമളം ആസ്വദിക്കുവാനോ സാധ്യമല്ല. തീർച്ചയായും സ്വർഗപരിമളം ഇന്നയിന്ന ദൂരം വരെ എത്തുന്നതാണ്' (ബുഖാരി)

**രൂപങ്ങളും, ഫോട്ടോയും...**

ചിത്രങ്ങൾ വരക്കുകയും, പ്രതിമകൾ ഉണ്ടാക്കുകയും ചെയ്തവരോട് പ്രപഞ്ച സൃഷ്ടാവായ പടച്ച തമ്പുരാൻ പരലോകത്ത് വെച്ച് നിങ്ങൾ സൃഷ്ടിച്ചവരെ നിങ്ങൾ ജീവിപ്പിക്കുകയെന്ന് പറയുന്നതാണ്. പക്ഷേ, അതിനവർക്ക് കഴിയില്ലല്ലോ. പ്രവാചകൻ ﷺ അതാണ് നമ്മെ പഠിപ്പിക്കുന്നത്:

عَنْ عبدا لله بْنَ عُمَرَ رَضِي اللَّه عَنْهما أَخْبَرَهُ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ إِنَّ الَّذِينَ يَصْنَعُونَ هَذِهِ الصُّـوَرَ يُعَـذَّبُونَ يَـوْمَ الْقِيَامَـةِ يُقَـالُ لَهُـمْ أَحْيُـوا مَـا خَلَقْتُمْ) (بخاري)

അബ്ദുല്ലാഇബ്നു ഉമർﷺവിൽ നിന്ന്; പ്രവാചകൻﷺ പറഞ്ഞു: 'ഈ രൂപങ്ങളുണ്ടാക്കുന്നവർ അവസാന നാളിൽ ശിക്ഷിക്കപ്പെ

ടുന്നതാണ്, അവരോട് നിങ്ങൾ സൃഷ്ടിച്ചതിന് ജീവൻ നൽകുക യെന്ന് പറയുന്നതാണ്' (ബുഖാരി)

**മലക്കുകൾ പ്രവേശിക്കില്ല:**

പ്രവാചകൻﷺ തന്റെ വീട്ടിൽ നിന്ന് പുറത്ത്പോയ സന്ദർഭ ത്തിൽ ആയിശാ ആരോ കൊണ്ട് വന്ന് കൊടുത്ത രൂപങ്ങളു ള്ള ഒരു തുണികൊണ്ട് തലയിണ ഉണ്ടാക്കി. ആ സന്ദർഭത്തിൽ പ്രവാചകൻﷺകോപത്താൽ വീട്ടിലേക്ക് പ്രവേശിക്കാതെ വാതി ലിനടുത്ത് തന്നെ നിൽക്കുകയും,അത് ഉപേക്ഷിക്കുവാനായി ക ൽപിക്കുകയും ചെയ്യുന്നത് നാം ശ്രദ്ധിക്കുക:

( عَنْ عَائِشَةَ رَضِي اللَّه عَنْهَا قَالَتْ حَشَوْتُ لِلنَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ وِسَادَةً فِيهَا تَمَاثِيلُ كَأَنَّهَا نُمْرُقَةٌ فَجَاءَ فَقَامَ بَيْنَ الْبَابَيْنِ وَجَعَلَ يَتَغَيَّرُ وَجْهُهُ فَقُلْتُ مَا لَنَا يَا رَسُولَ اللَّهِ قَالَ مَا بَالُ هَذِهِ الْوِسَادَةِ قَالَتْ وِسَادَةٌ جَعَلْتُهَا لَكَ لِتَضْطَجِعَ عَلَيْهَا قَالَ أَمَا عَلِمْتِ أَنَّ الْمَلاَئِكَةَ لاَ تَدْخُلُ بَيْتًا فِيهِ صُورَةٌ وَأَنَّ مَنْ صَنَعَ الصُّورَةَ يُعَذَّبُ يَوْمَ الْقِيَامَةِ يَقُولُ أَحْيُوا مَا خَلَقْتُمْ ) (بخاري)

ആയിശായിൽ നിന്ന് അവർ പറയുന്നു: 'ഞാൻ പ്രവാചകൻ ﷺക്ക് ഒരു തലയിണയുണ്ടാക്കുകയുണ്ടായി, അതിൽ ജീവികളു ടെ രൂപങ്ങളുണ്ടായിരുന്നു, അത് ഇരിക്കാനുള്ള ഒരു തലയിണ യായിരുന്നു. അങ്ങിനെ പ്രവാചകൻﷺ വീട്ടിലേക്ക് വന്നുവെങ്കി ലും വാതിലിനടുത്ത് നിൽക്കുകയാണ് ചെയ്തത്, ആ സമയം പ്രവാചകന്റെ മുഖം വിവർണമായി. അപ്പോൾ ഞാൻ പ്രവാചക നോട് ചോദിച്ചു: എന്താണ് പ്രവാചകരെ, പറഞ്ഞു: ഈ തലയി ണകളുടെ അവസ്ഥയെന്താണ്? അപ്പോൾ ഞാൻ പറഞ്ഞു:താങ്ക ൾക്ക് അതിന്മേൽ ചാരിയിരിക്കുവാനായി ഞാൻ ഉണ്ടാക്കിയ ത

ലയിണയാണ്.തിരുമേനി പറയുകയുണ്ടായി: നിനക്കറിയില്ലേ, രൂപങ്ങളുള്ള വീട്ടിലേക്ക് മലക്കുകൾ പ്രവേശിക്കുകയില്ലായെന്ന്. ആരാണോ രൂപങ്ങൾ ഉണ്ടാക്കുന്നത് അവർ പരലോകത്ത് ശിക്ഷിക്കപ്പെടുകയും, അവർ ഉണ്ടാക്കിയതിന് ജീവൻ നൽകുവാൻ അവരോട് പറയുകയും ചെയ്യുന്നതാണ്' (ബുഖാരി)

**ആത്മാവ് നൽകുവാനുള്ള കൽപന:**

ആരെങ്കിലും ആത്മാവുള്ളവയുടെ ചിത്രം വരക്കുകയാണെങ്കിൽ പരലോകത്ത് അവനോട് ആ വരച്ച ജീവിക്ക് ആത്മാവിനെ നൽകുവാൻ ആവശ്യപ്പെടുമെന്ന് അല്ലാഹുവിന്റെ പ്രവാചകൻﷺ നമുക്ക് വ്യക്തമാക്കി തരുന്നു.

( عَنِ النَّضْرِ بْنِ أَنَسِ بْنِ مَالِكٍ قَالَ كُنْتُ جَالِسًا عِنْدَ ابْنِ عَبَّاسٍ فَجَعَلَ يُفْتِي وَلاَ يَقُولُ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ حَتَّى سَأَلَهُ رَجُلٌ فَقَالَ إِنِّي رَجُلٌ أُصَوِّرُ هَذِهِ الصُّوَرَ فَقَالَ لَهُ ابْنُ عَبَّاسٍ ادْنُهْ فَدَنَا الرَّجُلُ فَقَالَ ابْنُ عَبَّاسٍ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ مَنْ صَوَّرَ صُورَةً فِي الدُّنْيَا كُلِّفَ أَنْ يَنْفُخَ فِيهَا الرُّوحَ يَوْمَ الْقِيَامَةِ وَلَيْسَ بِنَافِخٍ ) (بخاري)

നള്ർബ്നു അനസ്ബ്നു മാലിക്ﷺവിൽ നിന്ന്: അദ്ദേഹം പറയുന്നു:'ഞാൻ ഇബ്നു അബ്ബാസ്ﷺവിന്റെ അടുത്ത് ഇരിക്കുകയായിരുന്നു, അദ്ദേഹം ഫത്‌വ നൽകുന്നുണ്ട്, അതിന് തെളിവായി പ്രവാചകൻﷺ പറഞ്ഞുവെന്ന് പറയാതെ തെളിവ് പറയുകയായിരുന്നു, അങ്ങിനെ ഒരാൾ ചോദിക്കുകയുണ്ടായി: ഞാൻ ഫോട്ടോയുണ്ടാക്കുന്ന വ്യക്തിയാണ്,അപ്പോൾ അദ്ദേഹത്തോട് ഇബ്നു അബ്ബാസ് അടുത്തിരിക്കാൻ പറഞ്ഞു, അയാൾ അടുത്തിരുന്നു, ഇബ്നു അബ്ബാസ് പറഞ്ഞു: 'റസൂലുല്ലാഹ്ﷺപറയുന്നതാ

യി ഞാൻ കേട്ടു, ആരെങ്കിലും ദുൻയാവിൽ വെച്ച് രൂപങ്ങളു ണ്ടാക്കിയാൽ അവസാന നാളിൽ അതിന് ആത്മാവിനെ നൽകു വാൻ അവനോട് കൽപിക്കുന്നതാണ്,എന്നാൽ അവനതിന് സാ ധിക്കുകയില്ല തന്നെ' (ബുഖാരി).

**ഏറ്റവും കടുത്ത ശിക്ഷ:**

അവസാന നാളിൽ പരലോകത്ത് ഏറ്റവും കൂടുതൽ ശിക്ഷ ലഭിക്കുന്നത് ചിത്രങ്ങൾ വരക്കുന്നവർക്കാണെന്ന് റസൂലുല്ലാഹ് ﷺ ലോകത്തെ പഠിപ്പിക്കുന്നത് ശ്രദ്ധിക്കുക:

(عَنْ عَبْدَاللَّهِ قَالَ سَمِعْتُ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ إِنَّ أَشَدَّ النَّاسِ عَذَابًا عِنْدَ اللَّهِ يَوْمَ الْقِيَامَةِ الْمُصَوِّرُونَ ) (بخاري)

അബ്ദുല്ലാഹ്ؓ പറയുന്നു: റസൂലുല്ലാഹ്ﷺ പറയുന്നതായി ഞാ ൻ കേട്ടു: 'അവസാന നാളിൽ അല്ലാഹുവിന്റെയടുത്ത് ഏറ്റവും കൂടുതൽ ശിക്ഷ ലഭിക്കുന്നത് രൂപമുണ്ടാ(ഫോട്ടോയെടു)ക്കുന്ന വരാകുന്നു' (ബുഖാരി).

( عَنْ عَائِشَةَ رَضِي اللَّه عَنْهَا قَالَتْ دَخَلَ عَلَيَّ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ وَفِي الْبَيْتِ قِرَامٌ فِيهِ صُوَرٌ فَتَلَوَّنَ وَجْهُهُ ثُمَّ تَنَاوَلَ السِّتْرَ فَهَتَكَهُ وَقَالَتْ قَالَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ إِنَّ مِنْ أَشَدِّ النَّاسِ عَذَابًا يَوْمَ الْقِيَامَةِ الَّذِينَ يُصَوِّرُونَ هَذِهِ الصُّوَرَ) (بخاري)

ആയിശാؓ പറയുന്നു: പ്രവാചകൻﷺ എന്റെയടുത്ത് പ്രവേശി ച്ചു, ആ സമയം വീട്ടിൽ കൊത്തുപണികളും, രൂപങ്ങളുമുള്ള ഒ രു വിരി ഞാൻ തൂക്കിയിരുന്നു, അത്കണ്ട പ്രവാചകന്റെ മുഖം വിവർണമായി, എന്നിട്ട് ആ വിരി എടുത്ത് നശിപ്പിച്ച് കളഞ്ഞു. ആയിശؓപറയുന്നു; റസൂലുല്ലാഹ്ﷺ പറയുകയുണ്ടായി: ഇങ്ങ നെയുള്ള രൂപങ്ങൾ ഉണ്ടാക്കുന്നവരായിരിക്കും അവസാനനാളി

ൽ ജനങ്ങളിൽ വെച്ച് ഏറ്റവും കൂടുതൽ ശിക്ഷ അനുഭവിക്കുന്നത്' (ബുഖാരി).

( عَنْ سَالِمٍ عَنْ أَبِيهِ قَالَ وَعَدَ النَّبِيَّ صَلَّى اللَّه عَلَيْـهِ وَسَـلَّمَ جِبْرِيـلُ فَقَـالَ إِنَّـا لاَ نَدْخُلُ بَيْتًا فِيهِ صُورَةٌ وَلاَ كَلْبٌ ) (بخاري)

സാലിം തന്റെ പിതാവിൽ നിന്ന് ഉദ്ധരിക്കുന്നു: 'ജിബ്‌രീൽ പ്രവാചകൻﷺക്ക് കരാർ നൽകുകയാണ്, നായയും, രൂപങ്ങളും ഉള്ള വീടുകളിലേക്ക് ഞങ്ങൾ പ്രവേശിക്കുകയില്ല' (ബുഖാരി).

**വലതിനെ മുന്തിപ്പിക്കുക:**

വസ്ത്രം ധരിക്കുമ്പോൾ വലത് ഭാഗം മുന്തിപ്പിക്കൽ സുന്നത്തിൽ പെട്ടതാണ്, അതുപോലെ ഏത് നല്ല കാര്യം ചെയ്യുമ്പോഴും വലതിനെ മുന്തിപ്പിക്കൽ പ്രവാചക ചര്യയിൽ പെട്ടതാണ്.

( عَنْ عَائِشَةَ قَالَتْ كَانَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ يُحِبُّ التَّـيَمُّنَ مَـا اسْـتَطَاعَ فِي شَأْنِهِ كُلِّهِ فِي طُهُورِهِ وَتَرَجُّلِهِ وَتَنَعُّلِهِ ) (بخاري)

ആയിശാﷺവിൽ നിന്ന്, അവർ പറഞ്ഞു: 'കഴിയുന്ന കാര്യങ്ങളിലെല്ലാം വലതിനെ മുന്തിപ്പിക്കുകയെന്നത് നബിﷺ ഇഷ്ടപ്പെട്ടിരുന്നു, ശുദ്ധീകരണം,മുടി ചീകുന്നതിൽ, ചെരുപ്പ് ധരിക്കുന്നതിൽ' (ബുഖാരി)

എല്ലാ കാര്യങ്ങളിലും, വസ്ത്രം ധരിക്കുക, ശുദ്ധീകരണം, നഖം മുറിക്കുക അതുപോലെ മുടിവെട്ടുക, പല്ല്തേക്കുക, കുളിക്കുക...

(عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْه أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ إِذَا انْتَعَلَ أَحَدُكُمْ فَلْيَبْدَأْ بِالْيَمِينِ وَإِذَا نَزَعَ فَلْيَبْدَأْ بِالشِّمَالِ لِيَكُـنِ الْيُمْـنَى أَوَّلَهُمَـا تُنْعَـلُ وَآخِرَهُمَا تُنْزَعُ ) (بخاري)

അബൂഹുറയ്റ﵁വിൽ നിന്ന്, റസൂലുല്ലാഹ്ﷺപറയുകയുണ്ടായി: 'നിങ്ങളിൽ ആരെങ്കിലും പാദരക്ഷ ധരിക്കുന്നുവെങ്കിൽ വലത് കൊണ്ട് ആരംഭിക്കട്ടെ, അഴിക്കുകയാണെങ്കിൽ ഇടത് കൊണ്ടും തുടങ്ങട്ടെ, ധരിക്കുമ്പോൾ ആദ്യം വലത് ഭാഗം ആവാനും,അഴിക്കുമ്പോൾ വലതുഭാഗം അവസാനമായി വരാനും വേണ്ടി' (ബുഖാരി)

**ഒറ്റ ചെരുപ്പ്:**

( عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: (إن الشيطان يمشي في النعل الواحدة) (السلسلة الصحيحة برقم:(٣٤٨) (١/٦١٦-٦١٧)

അബൂഹുറയ്റ﵁വിൽ നിന്ന്,റസൂലുല്ലാഹ്ﷺപറയുകയുണ്ടായി: 'തീർച്ചയായും പിശാച് ഒറ്റ ചെരുപ്പാണ് ധരിക്കുക' (സിൽസിലത്തു സ്വഹീഹാ:)

**പുത്തനുടുപ്പ്:**

പുതിയ വസ്ത്രം ധരിക്കുമ്പോൾ പ്രാർത്ഥിക്കുകയെന്നത് ഇസ്ലാമിൽ സുന്നത്താണ്, പ്രവാചക തിരുമേനിﷺ അത് നമുക്ക് പഠിപ്പിച്ച് തരികയും ചെയ്തിരിക്കുന്നു.

( عَنْ أَبِي سَعِيدٍ قَالَ كَانَ رَسُولُ اللَّهِ صَلَّى اللَّه عَلَيْـهِ وَسَـلَّمَ إِذَا اسْـتَجَدَّ ثَوْبًـا سَـمَّاهُ بِاسْمِهِ عِمَامَةً أَوْ قَمِيصًا أَوْ رِدَاءً ثُمَّ يَقُولُ:(( اللَّهُمَّ لَكَ الْحَمْدُ أَنْتَ كَسَوْتَنِيهِ أَسْـأَلُكَ

خَيْرَهُ وَخَيْرَ مَا صُنِعَ لَهُ وَأَعُوذُ بِكَ مِنْ شَرِّهِ وَشَرِّ مَا صُنِعَ لَهُ ) (الترمذي- صحح الألباني)

അബൂസഈദ്ﷺവിൽ നിന്ന്, പറഞ്ഞു:'നബിﷺ തന്റെ വസ്ത്രം പുതുക്കുകയാണെങ്കിൽ, തലപ്പാവ്, കുപ്പായം,തട്ടം തുടങ്ങിയ വസ്ത്രങ്ങളുടെ പേര് പറഞ്ഞ്കൊണ്ട് ഇങ്ങനെ പ്രാർത്ഥിക്കും: അല്ലാഹുവെ, നിനക്കാണ് സ്തുതികളഖിലവും, നീയാണിതെന്നെ ധരിപ്പിച്ചത്, ഇതിന്റെ നന്മയെ തൊട്ടും, ഇത് ഉണ്ടാക്കിയ നന്മയെ തൊട്ടും ഞാൻ നിന്നോട് ചോദിക്കുന്നു, ഇതിന്റെ തിന്മയെ തൊട്ടും, ഇതുണ്ടാക്കിയതിന്റെ തിന്മയെ തൊട്ടും ഞാൻ നിന്നോട് ശരണം ചോദിക്കുകയും ചെയ്യുന്നു.'(തിർമിദി, ഇമാം അൽബാനി ഈ ഹദീഥ് സ്വഹീഹാണെന്ന് പ്രസ്താവിച്ചിരിക്കുന്നു).

**ഇങ്ങനെ പറയുക:**

പുതു വസ്ത്രം ധരിച്ചവരെ കാണുമ്പോൾ ഇങ്ങനെ പറയൽ സുന്നത്താണ്.

(عَنِ ابْنِ عُمَرَ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ رَأَى عَلَى عُمَرَ قَمِيصًا أَبْيَضَ فَقَالَ ثَوْبُكَ هَذَا غَسِيلٌ أَمْ جَدِيدٌ قَالَ لَا بَلْ غَسِيلٌ قَالَ: الْبَسْ جَدِيدًا وَعِشْ حَمِيدًا وَمُتْ شَهِيدًا ) (أحمد - صحح الألباني)

ഇബ്നു ഉമർﷺവിൽ നിന്ന്, ഉമർ നല്ല തൂ വെള്ള വസ്ത്രം ധരിച്ചത് കണ്ടപ്പോൾ റസൂലുല്ലാഹ്ﷺ ചോദിച്ചു: 'താങ്കളുടെ ഈ വസ്ത്രം നല്ല പോലെ അലക്കിയതോ, അതോ പുതിയതോ? നല്ല പോലെ അലക്കിയതാണെന്ന് മറുപടി പറയുകയുണ്ടായി. തിരുദൂതർ പറഞ്ഞു: താങ്കൾ പുതിയിത് ധരിക്കുക, സൗഭാഗ്യവാനായി ജീവിക്കുക,ശഹീദായി മരിക്കുക'(അഹ്മദ്, ഇമാം അൽബാനി ഈ ഹദീഥ് സ്വഹീഹാണെന്ന് വ്യക്തമാക്കിയിരിക്കുന്നു).

**വെള്ള വസ്ത്രം:**

വസ്ത്രങ്ങളിൽ വെള്ള നിറത്തിന് സുന്നത്തുണ്ട്. അതാണ് റ സൂലുല്ലാഹ്ﷺ നമ്മെ പഠിപ്പിക്കുന്നത്.

( عَنِ ابْنِ عَبَّاسٍ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ الْبَسُوا مِنْ ثِيَابِكُمُ الْبَيَاضَ فَإِنَّهَا مِنْ خَيْرِ ثِيَابِكُمْ وَكَفِّنُوا فِيهَا مَوْتَاكُمْ ) (الترمذي وأحمد- صححه الألباني)

ഇബ്നു അബ്ബാസ്ﷺപറയുന്നു: റൂലുല്ലാഹ്ﷺ പറഞ്ഞു:'നിങ്ങളുടെ വസ്ത്രങ്ങളിൽ വെള്ള വസ്ത്രം നിങ്ങൾ ധരിക്കുക, കാരണം നിങ്ങളുടെ വസ്ത്രങ്ങളിൽ അതാണ് ഉത്തമമായിട്ടുള്ളത്, അതിൽ നിങ്ങളിൽ നിന്ന് മരണപ്പെട്ടവരെ കഫൻ ചെയ്യുകയും ചെയ്യുക'(തിർമിദി, അഹ്മദ്, ഇമാം അൽബാനി ഈ ഹദീഥ് സ്വഹീഹാണെന്ന് പ്രസ്താവിച്ചിരിക്കുന്നു)

**മഞ്ഞചായം പൂശിയ വസ്ത്രം:**

മഞ്ഞചായം പൂശിയ വസ്ത്രം മറ്റു മത വിശ്വാസികളുടെ മത ചിഹ്നമായത് കൊണ്ട് തന്നെ മുസ്‌ലിം അത് ധരിക്കാൻ പാടില്ലായെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. കാരണം മറ്റു മതസ്ഥരുടെ വിശ്വാസങ്ങളിലോ, ആചാരങ്ങളിലോ, അവർക്ക് പ്രത്യേകമായിട്ടുള്ള കാര്യങ്ങളിലോ ഒരു മുസ്‌ലിം യോജിക്കുകയാണെങ്കിൽ അവൻ അവരിൽ പെട്ടവരായി മാറുന്നതാണ്. അത്കൊണ്ട് തന്നെ ഇങ്ങനെയൊരിക്കലും ഒരു മുസ്‌ലിം ചെയ്യാൻ പാടില്ല.

( أَنَّ عَبْدَ اللَّهِ بْنَ عَمْرِو بْنِ الْعَاصِ أَخْبَرَهُ قَالَ رَأَى رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ عَلَيَّ ثَوْبَيْنِ مُعَصْفَرَيْنِ فَقَالَ إِنَّ هَذِهِ مِنْ ثِيَابِ الْكُفَّارِ فَلَا تَلْبَسْهَا ) (مسلم)

അബ്ദുല്ലാഇബ്നു അംറ് ബ്നുൽ ആസ്ﷺ അറിയിക്കുകയുണ്ടായി: 'മഞ്ഞചായം മുക്കിയ രണ്ട് വസ്ത്രം ഞാൻ ധരിച്ചിരുന്നത് റസൂലുല്ലാഹ്ﷺ കാണാനിടയായി, അപ്പോൾ എന്നോട് പറയുകയുണ്ടായി: തീർച്ചയായും ഈ വസ്ത്രം അവിശ്വാസികളുടെ വസ്ത്രമാണ്, അത് നീ ധരിക്കരുത്' (മുസ്‌ലിം)

**വെള്ളി മോതിരം:**

പുരുഷൻമാർക്ക് സ്വർണ്ണം ധരിക്കാൻ പാടില്ല, എന്നാൽ വെള്ളി മോതിരം ധരിക്കാവുന്നതാണ്, റസൂലുല്ലാഹ്ﷺ അത് ധരിച്ചിട്ടുണ്ട്.

( عَنْ أَنَسٍ رَضِي اللّه عَنْه قَالَ صَنَعَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ خَاتَمًا قَالَ إِنَّا اتَّخَذْنَا خَاتَمًا وَنَقَشْنَا فِيهِ نَقْشًا فَلَا يَنْقُشَنَّ عَلَيْهِ أَحَدٌ قَالَ فَإِنِّي لَأَرَى بَرِيقَهُ فِي خِنْصَرِهِ ) (بخاري)

അനസ്ﷺവിൽ നിന്ന്, അദ്ദേഹം പറയുകയുണ്ടായി: 'നബിﷺ ഒരു മോതിരമുണ്ടാക്കിക്കൊണ്ട് പറഞ്ഞു,നാം ഒരു മോതിരമുണ്ടാക്കിയിരിക്കുന്നു, ഞങ്ങൾ അതിൽ കൊത്തുപണികൾ ചെയ്യുകയും ചെയ്തു, വേറെ ആരും അതിൽ കൊത്തുപണികൾ നടത്തിയിട്ടില്ല. (അനസ്) പറയുന്നു:പ്രവാചകൻﷺ ചെറുവിരലിൽ ആ വെള്ളി മോതിരം ഞങ്ങൾ കാണാറുണ്ടായിരുന്നു' (ബുഖാരി)

**സ്ത്രീകൾ സുഗന്ധം...**

ഇസ്‌ലാമിക നിയമപ്രകാരമുള്ള നിബന്ധനകളോടെ തന്നെ സ്ത്രീകൾ പുറത്തിറങ്ങുന്ന സന്ദർഭങ്ങളിൽ ഒരിക്കലും അവർ സുഗന്ധം പൂശാൻ പാടില്ല. സുഗന്ധം പൂശി വെളിയിലിറങ്ങുന്ന

സ്ത്രീകളെ റസൂലുല്ലാഹ്ﷺ വിശേഷിപ്പിച്ചത് അവൾ വ്യഭിചാരിണിയാണെന്നാണ്.

(عَنِ الْأَشْعَرِيِّ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ أَيُّمَا امْرَأَةٍ اسْتَعْطَرَتْ فَمَرَّتْ عَلَى قَوْمٍ لِيَجِدُوا مِنْ رِيحِهَا فَهِيَ زَانِيَةٌ ) (أحمد- حسنه الألباني)

അൽ അശ്അരിؓവിൽ നിന്ന്, റസൂലുല്ലാഹ്ﷺ പറയുകയുണ്ടായി: 'ഏതെങ്കിലും ഒരു സ്ത്രീ സുഗന്ധം പൂശി ഒരു സംഘമാളുകൾക്കരികിലൂടെ നടന്ന്പോകുകയും, അവർക്ക് അവളുടെ സുഗന്ധം അനുഭവപ്പെടുകയും ചെയ്താൽ അവൾ വ്യഭിചാരിണിയാണ്' (അഹ്മദ്, അൽബാനി ഈ ഹദീഥ് ഹസാനാണെന്ന് പ്രസ്താവിച്ചിരിക്കുന്ന)

( عَنْ أَبِي هُرَيْرَةَ قَالَ لَقِيَتْهُ امْرَأَةٌ وَجَدَ مِنْهَا رِيحَ الطِّيبِ يَنْفَحُ وَلِذَيْلِهَا إِعْصَارٌ فَقَالَ يَا أَمَةَ الْجَبَّارِ جِئْتِ مِنَ الْمَسْجِدِ قَالَتْ نَعَمْ قَالَ وَلَهُ تَطَيَّبْتِ قَالَتْ نَعَمْ قَالَ إِنِّي سَمِعْتُ حِبِّي أَبَا الْقَاسِمِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ: لَا تُقْبَلُ صَلَاةٌ لِامْرَأَةٍ تَطَيَّبَتْ لِهَذَا الْمَسْجِدِ حَتَّى تَرْجِعَ فَتَغْتَسِلَ غُسْلَهَا مِنَ الْجَنَابَةِ ) (مسلم- أبوداود-لفظ له)

അബൂഹുറയ്റؓവിൽ നിന്ന്, അദ്ദേഹം പറയുന്നു: ഒരു സ്ത്രീയെ ഞാൻ കണ്ടുമുട്ടി, അവളിൽ നിന്ന് നല്ല സുഗന്ധം അടിച്ച് വീശുന്നുണ്ടായിരുന്നു, അപ്പോൾ ഞാൻ ചോദിക്കുകയുണ്ടായി: അൽജബ്ബാറായ അല്ലാഹുവിന്റെ അടിമയായ സ്ത്രീ നീ പള്ളിയിൽ നിന്നാണോ വരുന്നത്, അവർ പറഞ്ഞു:അതെ, അതിന്വേണ്ടിയാണൊ നീ സുഗന്ധം പൂശിയത്? അതെയെന്നവൾ മറുപടി പറയുകയുണ്ടായി. ഞാൻ പറഞ്ഞു: എനിക്കേറ്റവും ഇഷ്ടമുള്ള അബുൽ ഖാസിംﷺ പറയുന്നതായി ഞാൻ കേൾക്കുകയു

ണ്ടായി: സുഗന്ധം പൂശി ഒരു സ്ത്രീ പള്ളിയിൽ വന്ന് നമസ്കരിച്ചാൽ അവൾ തിരിച്ച്പോയി വലിയ അശുദ്ധിക്കുള്ള കുളി കുളിക്കുന്നത്വരെ അവളുടെ നമസ്കാരം അസ്വീകാര്യമാണ്' (മുസ്‌ലിം)

**മുടി ചീകി ഒതുക്കുക:**

( عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ مَنْ كَانَ لَهُ شَعْرٌ فَلْيُكْرِمْهُ ) (أبوداود- حسنه الألباني)

അബൂഹുറയ്റﷺവിൽ നിന്ന്, റസൂലുല്ലാഹ്ﷺപറഞ്ഞു:'ആർക്കെങ്കിലും മുടിയുണ്ടെങ്കിൽ അവൻ അതിനെ ആദരിക്കട്ടെ.'(അബൂദാവൂദ്, അൽബാനി ഈ ഹദീഥ് ഹസനാണെന്ന് പ്രസ്താവിച്ചിരിക്കുന്നു).

വിശ്വാസികളായ നാം പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ് ഏതെങ്കിലും കാലഘട്ടങ്ങളിൽ സിനിമാനടൻമാരോ, സ്പോർട്സ് താരങ്ങളോ തങ്ങളുടെ മുടിവെട്ടുന്ന രൂപവും മറ്റും നാം അനുകരിക്കുവാൻ പാടില്ല. കാരണം വിശ്വാസികൾക്ക് മാതൃക പ്രവാചകനാണ്, അതല്ലാതെ സിനിമാ നടീനടൻമാരോ, സ്പോർട്സ് താരങ്ങളോ ഒന്നുമല്ല. ആധുനിക കാലത്ത് ചിലയാളുകൾ അപ്പാച്ചികട്ട് എന്ന് പറഞ്ഞ്കൊണ്ട് തലയുടെ മുകൾ ഭാഗം മുടി നിറുത്തുകയും താഴ് ഭാഗങ്ങളിലുള്ള മുടി മുഴുവനും നീക്കുന്നത് കാണാം, ഇങ്ങനെ മുടി വെട്ടുന്നത് റസൂലുല്ലാഹ്ﷺ വിരോധിച്ചിട്ടുണ്ട്. നമ്മുടെ കുട്ടികളെപോലും നാം അതിൽനിന്ന് രക്ഷിക്കേണ്ടതുണ്ട്. ഹദീഥ് നാം വായിക്കുക:

( عَنِ ابْنِ عُمَرَ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ نَهَى عَنِ الْقَزَعِ قَالَ قُلْتُ لِنَافِعٍ وَمَا الْقَزَعُ قَالَ يُحْلَقُ بَعْضُ رَأْسِ الصَّبِيِّ وَيُتْرَكُ بَعْضٌ ) (بخاري ومسلم)

ഇബ്നു ഉമർﷺവിൽ നിന്ന്, റസൂലുല്ലാഹിﷺ ഖസഅ് വിരോധിക്കുകയുണ്ടായി.ഞാൻ (റിപ്പോർട്ടർ) നാഫിഅ്നോട് പറഞ്ഞു.എന്താണ് ക്വസഅ് കൊണ്ടുദ്ദേശിക്കുന്നത്. പറഞ്ഞു:കുട്ടിയുടെ തലയുടെ ചില ഭാഗങ്ങളിൽ നിന്ന് മുടിവെട്ടുകയും, മറ്റു ഭാഗങ്ങളിൽ വെട്ടാതിരിക്കുകയും ചെയ്യുന്നതാണത്' (ബുഖാരി,മുസ്ലിം)

**താടി വെക്കുക:**

മീശയും താടിയും പുരുഷൻമാരുടെ ചിഹ്നങ്ങളാണ്, മീശ ചെറുതായി വെട്ടലും (വടിക്കരുത്), താടി നീട്ടിവളർത്തലും വിശ്വാസികളുടെ അടയാളമാണ്, ഒരിക്കലും താടി വടിക്കുവാൻ പാടില്ല. പ്രവാചകൻമാർﷺക്ക് മുഴുവനും താടിയുണ്ടായിരുന്നു, പ്രവാചകൻﷺക്കും, സ്വഹാബാക്കൾക്കും നീണ്ട താടിയുള്ളതായിട്ടാണ് ഹദീഥുകൾ നമ്മെ പഠിപ്പിച്ച് തരുന്നത്.മാത്രമല്ല, ഒരുപാട് ഹദീഥുകളിലൂടെ റസൂലുല്ലാഹﷺ താടിവെക്കാനുള്ള കൽപന തന്റെ സമുദായത്തെ അറിയിക്കുന്നു. മതപരമായ രീതിയിൽ തന്നെ ജീവിക്കുന്ന പലയാളുകളും ഇതിന് വിപരീതാമയി താടി വടിച്ച് സ്ത്രീകളെ പോലെ നടക്കുന്നതായി കാണാം. ഇത് ഒരിക്കലും ഒരു വിശ്വാസിക്ക് ഭൂഷണമല്ല. റസൂലുല്ലാഹ്ﷺയുടെ കൽപന കാണുക:

( عَنِ ابْنِ عُمَرَ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ أَحْفُوا الشَّوَارِبَ وَأَعْفُوا اللِّحَى )
(بخاري ومسلم)

ഇബ്നു ഉമർﷺവിൽ നിന്ന്; നബിﷺ പറയുകയുണ്ടായി: 'നിങ്ങൾ മീശ വെട്ടിയൊതുക്കുകയും, താടി നീട്ടി വളർത്തുകയും ചെയ്യുക' (ബുഖാരി, മുസ്ലിം)

**നിറം പിടിപ്പിക്കുക:**

വയസ്സ് കൂടും തോറും നമ്മുടെ ശരീര പ്രകൃതിയിൽ മാറ്റം വരികയെന്നുള്ളത് സ്വാഭാവികം.അതിന്റെ ഭാഗമായി കറുപ്പ് നിറത്തിലുള്ള താടിയും മുടിയുമെല്ലാം വെളുത്ത നിറമായി മാറും, അതായത് നരച്ച്പോവും.ആ സന്ദർഭത്തിൽ അതിനെ കറുപ്പ് നിറം നൽകി നിറം പിടിപ്പിക്കാൻ മുഅ്മിനീങ്ങൾക്ക് പാടില്ല.മറിച്ച് കറുപ്പല്ലാത്ത നിറം നൽകുന്നതിന് കുഴപ്പമില്ല, റസൂലുല്ലാഹ്ﷺ അബൂബക്കർﷺവിന്റെ പിതാവിനോട് അങ്ങിനെ കൽപിക്കുന്നതായി കാണാൻ കഴിയും.

( عَنْ مُحَمَّدِ بْنِ سِيرِينَ قَالَ سُئِلَ أَنَسُ بْنُ مَالِكٍ عَنْ خِضَابِ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَقَالَ إِنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ لَمْ يَكُنْ شَابَ إِلَّا يَسِيرًا وَلَكِنَّ أَبَا بَكْرٍ وَعُمَرَ بَعْدَهُ خَضَبَا بِالْحِنَّاءِ وَالْكَتَمِ قَالَ وَجَاءَ أَبُو بَكْرٍ بِأَبِيهِ أَبِي قُحَافَةَ إِلَى رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَوْمَ فَتْحِ مَكَّةَ يَحْمِلُهُ حَتَّى وَضَعَهُ بَيْنَ يَدَيْ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَقَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ لِأَبِي بَكْرٍ لَوْ أَقْرَرْتَ الشَّيْخَ فِي بَيْتِهِ لَأَتَيْنَاهُ مَكْرُمَةً لِأَبِي بَكْرٍ فَأَسْلَمَ وَلِحْيَتُهُ وَرَأْسُهُ كَالثَّغَامَةِ (نباي أبيض الزهر والثمار)بَيَاضًا فَقَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ غَيِّرُوهُمَا وَجَنِّبُوهُ السَّوَادَ ) (مسلم- الترمذي لفظ له)

മുഹമ്മദ്ബ്നു സീരീനിൽ നിന്ന്, അദ്ദേഹം പറയുകയുണ്ടായി: 'റസൂൽﷺയുടെ ഹിളാബിനെ(നരച്ചമുടിയും, താടിയും നിറം പിടിപ്പിക്കൽ)പ്പറ്റി അനസ്ബ്നു മാലിക് ചോദിക്കപ്പെട്ടു. പറഞ്ഞു:റസൂലുല്ലാഹ്ﷺ വളരെ കുറച്ച് മാത്രമെ നരച്ചിരുന്നുള്ളൂ,എന്നാൽ അബൂബക്കർ, ഉമർ رضي الله عنهما എന്നിവർ തിരുമേനിക്ക് ശേഷം മൈലാ

ഞ്ചി കൊണ്ടും,കത്മ്(മെയിലാഞ്ചിപോലുള്ള ഒരു സാധനം)കൊണ്ടും ഖിളാബ് നടത്തിയിരുന്നു. പറഞ്ഞു: അബൂബക്കർ തന്റെ പിതാവായ അബുക്കുഹാഫയെ ചുമന്ന്കൊണ്ട് ഫത്ഹ് മക്കാ ദിവസം റസൂലുല്ലാഹ്ﷺയുടെ മുമ്പിൽ സന്നിഹിതരായി,അപ്പോൾ റസൂലുല്ലാഹ്ﷺ അബൂബക്കർؓവിനോട് പറയുകയുണ്ടായി:അബൂബക്കറിനോടുള്ള ആദരവ് കാരണത്താൽ താങ്കൾ പിതാവിനെ വീട്ടിലാക്കിയിട്ട് വന്നിരുന്നാലും നാം അദ്ദേഹത്തിനടുത്തേക്കങ്ങോട്ട് പോകുമായിരുന്നു. അദ്ദേഹം മുസ്ലിമായി. അദ്ദേഹത്തിന്റെ താടിയും മുടിയും നല്ല വെളുത്ത ഒരു ചെടിയെ പോലെ നരച്ചിരുന്നു. അപ്പോൾ റസൂലുല്ലാഹ്ﷺ പറയുകയുണ്ടായി: ഇവ രണ്ടും (നരച്ച മുടിയും, താടിയും) നിങ്ങൾ (കളർ നൽകുക)മാറ്റുകയും, കറുപ്പ് നിറം ഒഴിവാക്കുകയും ചെയ്യുക'(മുസ്ലിം)

**സുറുമ...**

സ്ത്രീകൾക്ക് തന്റെ വീട്ടിൽ സുറുമയിട്ട് കണ്ണിനെ ഭംഗി കൂട്ടാവുന്നതാണ്. അതുപോലെ ചികിൽസക്കായും, കണ്ണിന്റെ സംരക്ഷണത്തിനുമായി പുരുഷൻമാർക്കും സുറുമയിടാവുന്നതാണ്.

( عَنِ ابْنِ عَبَّاسٍ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ إِنَّ مِنْ خَيْرِ أَكْحَالِكُمُ الْإِثْمِدَ إِنَّهُ يَجْلُو الْبَصَرَ وَيُنْبِتُ الشَّعَرَ ) (الترمذي)

ഇബ്നു അബ്ബാസ്ؓവിൽ നിന്ന്,റസൂലുല്ലാഹ്ﷺപറയുകയുണ്ടായി: 'നിങ്ങളുടെ സുറുമകളിൽ ഏറ്റവും ഉത്തമമായിട്ടുള്ളത്'ഇഥ്മിദ്' ആകുന്നു, അത് കണ്ണിന് വെൺമയും പ്രകാശവും നൽകുന്നത്പോലെ തന്നെ രോമം മുളപ്പിക്കുകയും ചെയ്യുന്നു'(തിർമിദി)

**അനുവദനീയമല്ലാത്ത ഭംഗി കൂട്ടൽ:**

(عَنْ عَبْدِاللَّهِ قَالَ لَعَنَ اللَّهُ الْوَاشِمَاتِ وَالْموتَشِمَاتِ وَالْمُتَنَمِّصَاتِ وَالْمُتَفَلِّجَاتِ لِلْحُسْنِ الْمُغَيِّرَاتِ خَلْقَ اللَّهِ ) (بخاري)

അബ്ദുല്ലാഹ്ﷺവിൽ നിന്ന്,അദ്ദേഹം പറയുകയുണ്ടായി:'പച്ച കുത്തുന്നവരെയും,പച്ച കുത്താൻ ആവശ്യപ്പെടുന്നവരെയും, ഭംഗിക്ക് വേണ്ടി പുരികം മുറിക്കുന്നവരെയും, പല്ല് രാഗി ഭംഗി കൂട്ടുന്നവരെയും അല്ലാഹു ശപിച്ചിരിക്കുന്നു, അവർ അല്ലാഹുവിന്റെ സൃഷ്ടിപ്പിൽ മാറ്റം വരുത്തുകയാണ് ചെയ്യുന്നത്' (ബുഖാരി)

## ഭക്ഷണം: ഹലാലും ഹറാമും

ഇസ്‌ലാം സമ്പൂർണമാണ്, മനുഷ്യന്റെ മുഴുവൻ മേഖലകളിലേക്കും അത് വെളിച്ചം വീശുന്നു. ഇസ്‌ലാം അനുവദിക്കുന്ന ഭക്ഷണവും, പാനീയവും മാത്രമെ ഉപയോഗിക്കുവാൻ പാടുള്ളൂ. അത് തന്നെ പ്രവാചകതിരുമേനിﷺകാണിച്ച് തന്ന മര്യാദയോടെയായിരിക്കണം ഭക്ഷിക്കുകയും, ഉപയോഗിക്കുകയും ചെയ്യേണ്ടത്.

പ്രവാചകൻമാരോട് കൽപിക്കുന്നു:

(يَاأَيُّهَا الرُّسُلُ كُلُوا مِنْ الطَّيِّبَاتِ وَاعْمَلُوا صَالِحًا إِنِّي بِمَا تَعْمَلُونَ عَلِيمٌ)
(المؤمنون: ٥١)

'ഹേ; ദൂതൻമാരേ, വിശിഷ്ട വസ്തുക്കളിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുകയും,സൽകർമ്മം പ്രവർത്തിക്കുകയും ചെയ്യുവിൻ. തീർച്ചയായും ഞാൻ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അറിയുന്നവനാകുന്നു' (അൽമുഅ്മിനൂൻ: 51)

വിശ്വാസികളോടും:

(يَاأَيُّهَا الَّذِينَ آمَنُوا كُلُوا مِنْ طَيِّبَاتِ مَا رَزَقْنَاكُمْ وَاشْكُرُوا لِلَّهِ إِنْ كُنتُمْ إِيَّاهُ تَعْبُدُونَ ) (البقرة: ١٧٢ )

'സത്യവിശ്വാസികളേ, നിങ്ങൾക്ക് നാം നൽകിയ വസ്തുക്കളിൽ നിന്ന് വിശിഷ്ടമായത് ഭക്ഷിച്ചു കൊള്ളുക. അല്ലാഹുവോട് നിങ്ങൾ നന്ദി കാണിക്കുകയും ചെയ്യുക; അവനെ മാത്രമാണ് നിങ്ങൾ ആരാധിക്കുന്നതെങ്കിൽ' (അൽബഖറ: 172).

പ്രവാചകൻമാരോട് എന്ത് കൽപിച്ചുവോ അത് തന്നെയാണ് അല്ലാഹു സത്യവിശ്വാസികളോടും കൽപിച്ചിരിക്കുന്നത്. പ്രവാചകൻﷺയുടെ ഹദീഥ് നാം വായിക്കുക:

( عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَيُّهَا النَّاسُ إِنَّ اللَّهَ طَيِّبٌ لَا يَقْبَلُ إِلَّا طَيِّبًا وَإِنَّ اللَّهَ أَمَرَ الْمُؤْمِنِينَ بِمَا أَمَرَ بِهِ الْمُرْسَلِينَ فَقَالَ ( يَا أَيُّهَا الرُّسُلُ كُلُوا مِنَ الطَّيِّبَاتِ وَاعْمَلُوا صَالِحًا إِنِّي بِمَا تَعْمَلُونَ عَلِيمٌ ) وَقَالَ ( يَا أَيُّهَا الَّذِينَ آمَنُوا كُلُوا مِنْ طَيِّبَاتِ مَا رَزَقْنَاكُمْ ) ثُمَّ ذَكَرَ الرَّجُلَ يُطِيلُ السَّفَرَ أَشْعَثَ

أَغْبَرَ يَمُدُّ يَدَيْهِ إِلَى السَّمَاءِ يَا رَبِّ يَا رَبِّ وَمَطْعَمُهُ حَرَامٌ وَمَشْرَبُهُ حَرَامٌ وَمَلْبَسُهُ حَرَامٌ وَغُذِيَ بِالْحَرَامِ فَأَنَّى يُسْتَجَابُ لِذَلِكَ ) (مسلم)

അബൂഹുറയ്റﷺവിൽ നിന്നും നിവേദനം നബിﷺ പറഞ്ഞു:'നിശ്ചയം അല്ലാഹു വിശിഷ്ടനാണ്. വിശിഷ്ടമായതല്ലാതെ അവൻ സ്വീകരിക്കുകയില്ല. അല്ലാഹു പ്രവാചകന്മാരോട് കൽപിച്ചത് തന്നെയാണ് സത്യവിശ്വാസികളോടും കൽപിച്ചിട്ടുള്ളത്. ആകയാൽ അല്ലാഹു പറയുന്നു:'ഓ, ദൂതന്മാരെ, വിശിഷ്ട വസ്തുക്കളിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുകയും സൽക്കർമ്മം പ്രവർത്തിക്കുകയും ചെയ്യുവീൻ)(മുഅ്മിനൂൻ 51). അല്ലാഹു പറയുന്നു:'ഓ, വിശ്വാസികളേ നാം നിങ്ങൾക്ക് നൽകിയ വിശിഷ്ട വസ്തുക്കളിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുവീൻ'(ബഖറ-172).പിന്നീട് തിരുമേനിﷺ വിവരിക്കുന്നു: സുദീർഘമായി യാത്ര ചെയ്യുന്ന ഒരാൾ പൊടിപടലങ്ങളാൽ ജഢ പിടിച്ചിരിക്കുന്നു. ഇരു കൈകളും മുകളിലേക്ക് നീട്ടി, 'രക്ഷിതാവേ രക്ഷിതാവേ' എന്ന് പ്രാർത്ഥിക്കുന്നുണ്ട്. എന്നാൽ അയാളുടെ ഭക്ഷണ പാനീയങ്ങൾ നിഷിദ്ധമായതായിരുന്നു. വസ്ത്രവും നിഷിദ്ധമായത് തന്നെ. നിഷിദ്ധത്തിലൂടെ വളർന്നു വന്ന ആ മനുഷ്യന് എങ്ങനെ പ്രാർത്ഥനക്കുത്തരം ലഭിക്കും.' (മുസ്ലിം)

**ത്വയ്യിബ് മാത്രം:**

നല്ല സമ്പാദ്യത്തിലൂടെ ലഭിക്കുന്ന അനുവദനീയവും, ത്വയ്യിബായതുമായ ഭക്ഷണമാണ് മുസ്ലീംകൾ കഴിക്കേണ്ടത്. ഒരിക്കലും ഒരു മുസ്ലിമും, അവന്റെ വീട്ടുകാരും നിഷിദ്ധമായവ ഭക്ഷിക്കുവാൻ ഇടവരരുത്. എന്തെല്ലാമാണ് ഇസ്ലാം നിഷിദ്ധമാക്കിയത് എന്ന് നാം കൃത്യമായി മനസിലാക്കേണ്ടതുണ്ട്. പരലോ

കത്ത് രക്ഷപ്പെടാൻ,അല്ലാഹുവിലേക്ക് ഉയർത്തിയ കൈകൾശൂന്യമായി മടക്കപ്പെടാതിരിക്കുവാൻ,നരകശിക്ഷയിൽ നിന്നും, ഖബർ ശിക്ഷയിൽ നിന്നും മോചനം ലഭിക്കാൻ നാം നമ്മുടെ സമ്പാദ്യവും, ഭക്ഷണ പാനീയവും, വസ്ത്രവും, ഭവനവും ത്വയ്യിബും, ഹലാലുമാക്കേണ്ടത് അത്യാവശ്യമാണ്. ഏതെല്ലാം ഭക്ഷണം നിഷിദ്ധമാണെന്നത് ഖുർആൻ മനുഷ്യർക്ക് വിശദമാക്കി കൊടുക്കുന്നത് കാണുക:

(حُرِّمَتْ عَلَيْكُمُ الْمَيْتَةُ وَالدَّمُ وَلَحْمُ الْخِنزِيرِ وَمَا أُهِلَّ لِغَيْرِ اللَّهِ بِهِ وَالْمُنْخَنِقَةُ وَالْمَوْقُوذَةُ وَالْمُتَرَدِّيَةُ وَالنَّطِيحَةُ وَمَا أَكَلَ السَّبُعُ إِلَّا مَا ذَكَّيْتُمْ وَمَا ذُبِحَ عَلَى النُّصُبِ)

(المائدة:٣)

'ശവം, രക്തം, പന്നി മാംസം, അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടത്, ശ്വാസം മുട്ടി ചത്തത്, അടിച്ചുകൊന്നത്, വീണു ചത്തത്,കുത്തേറ്റ് ചത്തത്, വന്യമൃഗം കടിച്ചുതിന്നത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. എന്നാൽ (ജീവനോടെ) നിങ്ങൾ അറുത്തത് ഇതിൽ നിന്നൊഴിവാകുന്നു. പ്രതിഷ്ഠകൾക്കു മുമ്പിൽ ബലിയർപ്പിക്കപ്പെട്ടതും (നിങ്ങൾക്ക്) നിഷിദ്ധമാകുന്നു.' (മാഇദ: 3)

(قُل لاَّ أَجِدُ فِي مَا أُوحِيَ إِلَيَّ مُحَرَّمًا عَلَى طَاعِمٍ يَطْعَمُهُ إِلاَّ أَن يَكُونَ مَيْتَةً أَوْ دَمًا مَّسْفُوحًا أَوْ لَحْمَ خِنزِيرٍ فَإِنَّهُ رِجْسٌ أَوْ فِسْقًا أُهِلَّ لِغَيْرِ اللَّهِ بِهِ فَمَنِ اضْطُرَّ غَيْرَ بَاغٍ وَلاَ عَادٍ فَإِنَّ رَبَّكَ غَفُورٌ رَّحِيمٌ وَعَلَى الَّذِينَ هَادُواْ حَرَّمْنَا كُلَّ ذِي ظُفُرٍ وَمِنَ الْبَقَرِ وَالْغَنَمِ حَرَّمْنَا عَلَيْهِمْ شُحُومَهُمَا إِلاَّ مَا حَمَلَتْ ظُهُورُهُمَا أَوِ الْحَوَايَا أَوْ مَا اخْتَلَطَ بِعَظْمٍ ذَلِكَ جَزَيْنَاهُم بِبَغْيِهِمْ وَإِنَّا لَصَادِقُونَ) (الأنعام:١٤٥,١٤٦)

‘(നബിയേ,) പറയുക: എനിക്ക് ബോധനം നൽകപ്പെട്ടിട്ടുള്ളതിൽ ഒരു ഭക്ഷിക്കുന്നവന്ന് ഭക്ഷിക്കുവാൻ പാടില്ലാത്തതായി യാതൊന്നും ഞാൻ കാണുന്നില്ല; അത് ശവമോ, ഒഴുക്കപ്പെട്ട രക്തമോ, പന്നി മാംസമോ ആണെങ്കിലൊഴികെ. കാരണം അത് മ്ലേച്ഛമത്രെ. അല്ലെങ്കിൽ അല്ലാഹുവല്ലാത്തവരുടെ പേരിൽ (നേർച്ചയായി) പ്രഖ്യാപിക്കപ്പെട്ടതിനാൽ അധാർമ്മികമായിത്തീർന്നിട്ടുള്ളതും ഒഴികെ. എന്നാൽ വല്ലവനും (ഇവ ഭക്ഷിക്കാൻ) നിർബന്ധിതനാകുന്ന പക്ഷം അവൻ നിയമലംഘനം ആഗ്രഹിക്കാത്തവനും അതിരുവിട്ടു പോകാത്തവനുമാണെങ്കിൽ നിന്റെ നാഥൻ തീർച്ചയായും ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു. നഖമുള്ള എല്ലാ ജീവികളെയും ജൂതൻമാർക്ക് നാം നിഷിദ്ധമാക്കുകയുണ്ടായി. പശു, ആട് എന്നീ വർഗങ്ങളിൽ നിന്ന് അവയുടെ കൊഴുപ്പുകളും നാം അവർക്ക് നിഷിദ്ധമാക്കി. അവയുടെ മുതുകിൻമേലോ കുടലുകൾക്ക് മീതെയോ ഉള്ളതോ, എല്ലുമായി ഒട്ടിച്ചേർന്നതോ ഒഴികെ. അവരുടെ ധിക്കാരത്തിന്ന് നാമവർക്ക് നൽകിയ പ്രതിഫലമത്രെ അത്. തീർച്ചയായും നാം സത്യം പറയുകയാകുന്നു’ (അൻആം: 145, 146)

(يَاأَيُّهَا الَّذِينَ آمَنُوا إِنَّمَا الْخَمْرُ وَالْمَيْسِرُ وَالْأَنصَابُ وَالْأَزْلَامُ رِجْسٌ مِنْ عَمَلِ الشَّيْطَانِ فَاجْتَنِبُوهُ لَعَلَّكُمْ تُفْلِحُونَ) (المائدة: ٩٠)

‘സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെച്ച് നോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ലേഛവൃത്തി മാത്രമാകുന്നു.അതിനാൽ നിങ്ങൾ അതൊക്കെ വർജ്ജിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം’ (മാഇദ: 90).

( عَنِ ابْنِ عُمَرَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ كُلُّ مُسْكِرٍ خَمْرٌ وَكُلُّ مُسْكِرٍ حَرَامٌ وَمَنْ شَرِبَ الْخَمْرَ فِي الدُّنْيَا فَمَاتَ وَهُوَ يُدْمِنُهَا لَمْ يَتُبْ لَمْ يَشْرَبْهَا فِي الْآخِرَةِ ) (مسلم)

ഇബ്നുഉമർﷺവിൽ നിന്ന്: അദ്ദേഹം പറയുകയുണ്ടായി; 'റസൂലുല്ലാഹﷺ പറഞ്ഞു: 'ലഹരിയുണ്ടാക്കുന്നവ മുഴുവനും മദ്യമാണ്, ലഹരിയുണ്ടാക്കുന്നവ മുഴുവനും നിഷിദ്ധമാണ്, ആരെങ്കിലും ഈ ദുൻയാവിൽ വെച്ച് മദ്യപിച്ച്, അവനത് പതിവാക്കി പശ്ചാതാപം കൂടാതെയാണ് മരണപ്പെടുന്നതെങ്കിൽ പരലോകത്ത് അവനത് കുടിക്കാൻ സാധ്യമല്ല' (മുസ്ലിം)

**വേട്ട നായ:**

ഇസ്ലാമിൽ വേട്ടയാടൽ അനുവദനീയമാണ്, അതിന് വേണ്ടി നായയെ വളർത്താവുന്നതുമാണ്, എന്നാൽ ആ നായക്ക് നാം വീട്ടിൽ ഇടം നൽകരുത്, കാരണം നായയുള്ള വീട്ടിലേക്ക് അല്ലാഹുവിന്റെ മലക്കുകൾ പ്രവേശിക്കുകയില്ല.വീടിന് പുറത്താവണം അതിന് കൂടൊരുക്കേണ്ടത്. വേട്ടക്ക് വേണ്ടി പരിശീലിപ്പിച്ച നായയെ അല്ലാഹുവിന്റെ നാമം ഉച്ചരിച്ച് വേട്ടക്ക് വിട്ടാൽ, ആ നായ പിടിച്ച് കൊണ്ടുവരുന്ന ജീവികളെ നമുക്ക് അറുത്ത് ഭക്ഷിക്കാവുന്നതാണ്. എന്നാൽ വേട്ട നായ അതിന്വേണ്ടി സ്വയം പോയി പിടിച്ച്കൊണ്ട് വന്നതും, അതുപോലെ നമ്മൾ പറഞ്ഞയച്ചിട്ട് പിടിച്ച് അതിൽ നിന്ന് നായ ഭക്ഷിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ആ മൃഗങ്ങളെ നമുക്ക് ഭക്ഷിക്കുവാൻ പാടില്ലായെന്ന് ഇസ്ലാമിക പണ്ഡിതൻമാർ അവരുടെ ഗ്രന്ഥങ്ങളിൽ കൃത്യമായി വിശദമാക്കിയതായി നമുക്ക് കാണാനാവും. അത്കൊണ്ട് തന്നെ നാം വേട്ടക്ക് വേണ്ടി പരിശീലിപ്പിച്ച നായയെ ബിസ്

മില്ലാഹ് എന്ന് പറഞ്ഞ് വേട്ടക്ക് പറഞ്ഞ്വിട്ടതിന് ശേഷം അവ കൊണ്ടുവരുന്ന മൃഗങ്ങളെ നമുക്ക് അറുത്ത് ഭക്ഷിക്കാവുന്നതാണ്. അതാണ് ഖുർആൻ നമ്മെ പഠിപ്പിക്കുന്നത്:

(يَسْأَلُونَكَ مَاذَا أُحِلَّ لَهُمْ قُلْ أُحِلَّ لَكُمُ الطَّيِّبَاتُ وَمَا عَلَّمْتُمْ مِنَ الْجَوَارِحِ مُكَلِّبِينَ تُعَلِّمُونَهُنَّ مِمَّا عَلَّمَكُمُ اللَّهُ فَكُلُوا مِمَّا أَمْسَكْنَ عَلَيْكُمْ وَاذْكُرُوا اسْمَ اللَّهِ عَلَيْهِ وَاتَّقُوا اللَّهَ إِنَّ اللَّهَ سَرِيعُ الْحِسَابِ) (المائدة : ٤)

‘തങ്ങൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ളത് എന്തൊക്കെയാണെന്ന് അവർ നിന്നോട് ചോദിക്കും.പറയുക:നല്ല വസ്തുക്കളെല്ലാം നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു നിങ്ങൾക്ക് നൽകിയ വിദ്യ ഉപയോഗിച്ച് നായാട്ട് പരിശീലിപ്പിക്കാറുള്ള രീതിയിൽ നിങ്ങൾ പഠിപ്പിച്ചെടുത്ത ഏതെങ്കിലും വേട്ടമൃഗം നിങ്ങൾക്ക് വേണ്ടി പിടിച്ച് കൊണ്ടുവന്നതിൽ നിന്ന് നിങ്ങൾ തിന്നു കൊള്ളുക. ആ ഉരുവിന്റെ മേൽ നിങ്ങൾ അല്ലാഹുവിന്റെ നാമം ഉച്ചരിക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു അതിവേഗം കണക്ക് നോക്കുന്നവനാകുന്നു’ (മാഇദ: 4)..

ഒരു ഹദീഥ് കാണുക:

عن عَدِيِّ بْنِ حَاتِمٍ ﷺ قَالَ : سَأَلْتُ النَّبِيَّ ﷺفَقَالَ :( إِذَا أَرْسَلْتَ كَلْبَكَ الْمُعَلَّمَ فَقَتَلَ فَكُلْ ، وَإِذَا أَكَلَ فَلَا تَأْكُلْ ، فَإِنَّمَا أَمْسَكَهُ عَلَى نَفْسِهِ . قُلْتُ : أُرْسِلُ كَلْبِي فَأَجِدُ مَعَهُ كَلْبًا آخَرَ ؟ قَالَ : فَلَا تَأْكُلْ ، فَإِنَّمَا سَمَّيْتَ عَلَى كَلْبِكَ ، وَلَمْ تُسَمِّ عَلَى كَلْبٍ آخَرَ ) [ صحيح ] أخرجه البخاري / كتاب الوضوء / باب الفقه بعينه يقول الله

تعالى ... / رقم ١٦٩ / ومسلم ، كتاب الصيد والذبائح وما يؤكل من الحيوان / باب الصيد بالكلاب المعلمة / رقم ٣٥٦٤ .

അദിയ്യുബ്നു ആതിം‌ﷺ നിവേദനം ചെയ്യുന്നു: ഞാൻ പ്രവാചകൻﷺയോട് ചോദിക്കുകയുണ്ടായി:പറഞ്ഞു: വേട്ടനായ പിടിച്ചുകൊണ്ടുവന്നത് നീ ഭക്ഷിക്കുക, എന്നാൽ വേട്ട നായ ഭക്ഷിച്ചിട്ടുണ്ടെങ്കിൽ നീ അത് തിന്നരുത്, കാരണം നായ ആ വേട്ട മൃഗത്തെ പിടിച്ചിട്ടുള്ളത് അതിന് വേണ്ടിയാണ്. ഞാൻ ചോദിച്ചു: ഞാൻ എന്റെ നായയെ പറഞ്ഞയക്കും, എന്നാൽ അതിന്റെ കൂടെ ഞാൻ വേറെയും നായയെ കാണാറുണ്ട്. അപ്പോഴോ? പ്രവാചകൻ പറഞ്ഞു: നീ അത് ഭക്ഷിക്കരുത്. കാരണം നീ നിന്റെ നായയെ വിട്ടപ്പോഴാണ് ബിസ്മി ചൊല്ലിയത്. നിന്റെ നായയുടെ കൂടെ വരുന്ന നായക്ക് വേണ്ടി നീ ബിസ്മി ചൊല്ലിയിട്ടില്ല'(ബുഖാരി)

**അല്ലാഹുവിന്റെ നാമം ഉച്ചരിക്കാത്തവ...**

അല്ലാഹുവിന്റെ നാമം ഉച്ചരിക്കാതെ അറുക്കപ്പെട്ടവ മുസ്ലീംകൾക്ക് ഭക്ഷിക്കാവതല്ല. പ്രത്യേകിച്ച് ഏതെങ്കിലും ശൈഖിന്റെയോ, ഔലിയാഇന്റെയോ നാമം ഉച്ചരിച്ച്, ഇസ്ലാം പഠിപ്പിക്കാത്ത ഉത്സവങ്ങൾക്കോ, ആശയത്തിന്റെ പേരിലോ അറുക്കപ്പെട്ടവയും ഒരു യഥാർത്ഥ മുസ്ലിം ഭക്ഷിക്കാൻ പാടില്ല.

(إِنَّمَا حَرَّمَ عَلَيْكُمُ الْمَيْتَةَ وَالدَّمَ وَلَحْمَ الْخِنزِيرِ وَمَا أُهِلَّ بِهِ لِغَيْرِ اللَّهِ فَمَنِ اضْطُرَّ غَيْرَ بَاغٍ وَلاَ عَادٍ فَلا إِثْمَ عَلَيْهِ إِنَّ اللَّهَ غَفُورٌ رَّحِيمٌ ) (البقرة:١٧٣)

'ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവർക്കായി പ്രഖ്യാപിക്കപ്പെട്ടത് എന്നിവ മാത്രമേ അവൻ നിങ്ങൾക്ക് നിഷിദ്ധമാക്കിയിട്ടുള്ളൂ. ഇനി ആരെങ്കിലും (നിഷിദ്ധമായത് ഭക്ഷിക്കുവാ

ൻ)നിർബന്ധിതനായാൽ അവന്റെ മേൽ കുറ്റമില്ല. (എന്നാൽ)അവൻ നിയമ ലംഘനത്തിനു മുതിരാതിരിക്കുകയും (അനിവാര്യതയുടെ) പരിധി കവിയാതിരിക്കുകയും വേണം. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു' (അൽബഖറ: 173).

(إِنَّمَا حَرَّمَ عَلَيْكُمُ الْمَيْتَةَ وَالدَّمَ وَلَحْمَ الْخِنزِيرِ وَمَا أُهِلَّ لِغَيْرِ اللَّهِ بِهِ فَمَنِ اضْطُرَّ غَيْرَ بَاغٍ وَلاَ عَادٍ فَإِنَّ اللَّهَ غَفُورٌ رَّحِيمٌ ) (النحل:١١٥)

'ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവരുടെ പേരിൽ പ്രഖ്യാപിക്കപ്പെട്ടത് എന്നിവ മാത്രമേ അവൻ (അല്ലാഹു) നിങ്ങളുടെ മേൽ നിഷിദ്ധമാക്കിയിട്ടുള്ളൂ. വല്ലവനും (ഇവ ഭക്ഷിക്കുവാൻ) നിർബന്ധിതനാകുന്ന പക്ഷം, അവൻ അതിന് ആഗ്രഹം കാണിക്കുന്നവനോ അതിരുവിട്ട് തിന്നുന്നവനോ അല്ലെങ്കിൽ തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു' (നഹ്ൽ: 115).

**സമുദ്രം...**

കടലിനെ സംബന്ധിച്ച് ചോദിച്ചപ്പോൾ റസൂലുല്ലാഹ്ﷺ വ്യക്തമാക്കിയത് കടലിലെ വെള്ളം ശുദ്ധിയുള്ളതാണ്, അതിലെ ശവങ്ങൾ അനുവദനീയമാണ്. അതായത് മത്സ്യങ്ങൾ മുസ്ലീംകൾക്ക് അനുവദനീയമാണ്.

( عَنْ جَابِرٍ أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ سُئِلَ عَنْ مَاءِ الْبَحْرِ فَقَالَ هُوَ الطَّهُورُ مَاؤُهُ الْحِلُّ مَيْتَتُهُ ) (ابن ماجه)

ജാബിർ رضي الله عنهവിൽ നിന്ന്: കടലിലെ വെള്ളത്തെ സംബന്ധിച്ച് നബി ﷺ ചോദിക്കപ്പെടുകയുണ്ടായി, അപ്പോൾ തിരുമേനിﷺ പറഞ്ഞു:

അതിലെ വെള്ളം ത്വഹൂറാണ്(സ്വയം ശുദ്ധിയുള്ളതും മറ്റൊന്നിനെ ശുദ്ധിയാക്കാൻ കഴിയുന്നതുമായ വെള്ളം) അതിലെ ശവം അനുവദനീയവുമാണ്' (ഇബ്നുമാജ)

(أُحِلَّ لَكُمْ صَيْدُ الْبَحْرِ وَطَعَامُهُ مَتَاعًا لَكُمْ وَلِلسَّيَّارَةِ ) (المائدة:٩٦)

'നിങ്ങൾക്കും യാത്രാസംഘങ്ങൾക്കും ജീവിതവിഭവമായിക്കൊണ്ട് കടലിലെ വേട്ട ജന്തുക്കളും സമുദ്രാഹാരവും നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു' (മാഇദ: 96).

സമുദ്രത്തെയും, അതിലുള്ള ജീവികളെയും സംബന്ധിച്ചുള്ള വിശദമായി പഠനം നടത്തിയിട്ടുള്ള പണ്ഡിതൻമാർ നമുക്ക് വ്യക്തമാക്കി തരുന്നത് കടലിലെ മുഴുവൻ ജീവികളളെയും മനുഷ്യർക്ക് ഭക്ഷിക്കൽ അനുവദനീയമാണ്, മനുഷ്യരെ ഉപദ്രവിക്കുന്നവ ഒഴിച്ച് എന്നതാണ്.

**രണ്ട് ശവവും, രണ്ട് രക്തവും...**

ഇസ്ലാമിൽ രക്തവും, ശവവും നിഷിദ്ധമാണ്. എന്നാൽ രണ്ട് ശവവും, രണ്ട് രകതവും അനുവദനീയമാണെന്ന് ഹദീഥുകൾ നമ്മെ പഠിപ്പിക്കുന്നത്.

عن ابْنِ عُمَرَ ﷺ قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ: أُحِلَّتْ لَنَا مَيْتَتَانِ وَدَمَانِ ، فَأَمَّا الْمَيْتَتَانِ فَالْحُوتُ وَالْجَرَادُ ، وَأَمَّا الدَّمَانِ فَالْكَبِدُ وَالطِّحَالُ ) [ صحيح ] أخرجه ابن ماجة / كتاب الصيد / باب / رقم ٣٢٠٩ / واحمد ، كتاب مسند المكثرين من الصحابة / باب مسند عبدالله بن عمر ﷺ/ رقم ٥٤٦٥ واللفظ له / وصححه الألباني في صحيح الجامع / رقم ١-٢١٠ / والمشكاة / رقم ٤١٣٢

ഇബ്നു ഉമർﷺവിൽ നിന്ന്; നബിﷺപറഞ്ഞു:'നമുക്ക് രണ്ട് ശവവും, രണ്ട് രക്തവും അനുവദിക്കപ്പെട്ടിരിക്കുന്നു. എന്നാൽ രണ്ട്

ശവം: മത്സ്യവും, വെട്ട് കിളിയുമാണ്, എന്നാൽ രക്തം: കരളും, ലിവറുമാകുന്നു'(ഇബ്നുമാജ,അൽബാനി സ്വഹീഹാണെന്ന് വ്യക്തമാക്കിയ ഹദീസ്).

ഒഴുകി പോകുവാൻ മാത്രമുള്ള രക്തമില്ലാത്ത ഉറുമ്പ് പോലെയുള്ളവയുടെ ശവം അത് ശുദ്ധിയുള്ളതാണ്. വല്ല വസ്തുവിലുംവീണ് അവ ചത്തുപോയാൽ തന്നെ ആ വസ്തുക്കൾ അശുദ്ധമാവില്ല. ഹദീസ് നോക്കുക:

عن أَبِي هُرَيْرَةَ ﷺ قَالَ : قَالَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ :( إِذَا وَقَعَ الذُّبَابُ فِي شَرَابِ أَحَدِكُمْ فَلْيَغْمِسْهُ ، ثُمَّ لِيَنْزِعْهُ ، فَإِنَّ فِي إِحْدَى جَنَاحَيْهِ دَاءً وَالْأُخْرَى شِفَاءً ) [ صحيح أخرجه البخاري / كتاب بدء الخلق / باب إذا وقع الذباب في شراب أحدكم ...

അബൂഹുറയ്റ(ﷺ)വിൽ നിന്ന്, നബി(ﷺ)പറഞ്ഞു:'നിങ്ങളുടെ പാനപാത്രത്തിൽ ഈച്ച വീണാൽ അതിനെ പരിപൂർണമായി മുക്കിയെടുത്ത് പുറത്ത് കളയുക, കാരണം അതിന്റെ ഒരു ചിറകിൽ രോഗവും മറു ചിറകിൽ അതിനുള്ള മരുന്നും ഉണ്ട്' (ബുഖാരി).

**ശവത്തിന്റെ എല്ല്, കൊമ്പ്, തോൽ...**

ശവത്തിന്റെ എല്ല്, കൊമ്പ്, നഖം, മുടി പോലെയുള്ളവ ശുദ്ധിയുള്ളതാണ്.കാരണം അതിന്റെ അടിസ്ഥാനം ശുദ്ധമാണ്. അവയെല്ലാം അശുദ്ധമാണെന്നതിന് തെളിവില്ല. അല്ലാഹു പറയുന്നു:

(وَاللَّهُ جَعَلَ لَكُمْ مِنْ بُيُوتِكُمْ سَكَنًا وَجَعَلَ لَكُمْ مِنْ جُلُودِ الْأَنْعَامِ بُيُوتًا تَسْتَخِفُّونَهَا يَوْمَ ظَعْنِكُمْ وَيَوْمَ إِقَامَتِكُمْ وَمِنْ أَصْوَافِهَا وَأَوْبَارِهَا وَأَشْعَارِهَا أَثَاثًا وَمَتَاعًا إِلَى حِينٍ) سورة النحل / ٨٠

‘അല്ലാഹു നിങ്ങൾക്കു നിങ്ങളുടെ വീടുകളെ വിശ്രമ സ്ഥാനമാക്കിയിരിക്കുന്നു. കാലികളുടെ തോലുകളിൽ നിന്നും അവൻ നിങ്ങൾക്ക് പാർപ്പിടങ്ങൾ നൽകിയിരിക്കുന്നു. നിങ്ങൾ യാത്ര ചെയ്യുന്ന ദിവസവും നിങ്ങൾ താവളമടിക്കുന്ന ദിവസവും നിങ്ങൾ അവ അനായാസം ഉപയോഗപ്പെടുത്തുന്നു.ചെമ്മരിയാടുകളുടെയും ഒട്ടകങ്ങളുടെയും കോലാടുകളുടെയും രോമങ്ങളിൽ നിന്ന് ഒരു അവധി വരെ ഉപയോഗിക്കാവുന്ന വീട്ടുപകരണങ്ങളും ഉപഭോഗസാധനങ്ങളും (അവൻ നൽകിയിരിക്കുന്നു.)’(നഹ്ൽ:80)

ഹമ്മാദ് പറയുന്നു: ശവത്തിന്റെ രോമങ്ങൾക്ക് പ്രശ്നമില്ല. സുഹ്‌രി ഇമാം പറയുന്നു: ആന പോലെയുള്ളവയുടെ എല്ലുകളെ സംബന്ധിച്ച് പറയുന്നു: സലഫുകളിൽ പെട്ട പണ്ഡിതന്മാർ അവ കൊണ്ട് ചീർപ്പ് ഉണ്ടാക്കുന്നതായി എനിക്ക് കാണാൻ സാധിച്ചിട്ടുണ്ട്. അവയ്ക്ക് പ്രശ്നമുള്ളതായി അവർക്ക് അഭിപ്രായമുണ്ടായിരുന്നില്ല. ഇബ്നു സീരീനും, ഇബ്രാഹീമും പറയുന്നു:‘ആനക്കൊമ്പ് കച്ചവടം ചെയ്യുന്നതിന് പ്രശ്നമില്ല’

رواه البخاري معلقا/كتاب الوضوء/باب ما يقع من النجاسات في السمن والماء ...

എന്നാൽ ശവത്തിന്റെ തോൽ അശുദ്ധമാണ്. ഒരു ഹദീസ് നോക്കുക:

حديث عَبْدِ اللَّهِ بْنِ عُكَيْمٍ قَالَ : كَتَبَ إِلَيْنَا رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ :( أَنْ لَا تَسْتَمْتِعُوا مِنَ الْمَيْتَةِ بِإِهَابٍ وَلَا عَصَبٍ ) [ صحيح ] أخرجه النسائي / كتاب الفرع والعتيرة / باب ما يدبغ به جلود الميتة / رقم ٤١٧٧/ وأبو داود ، كتاب اللباس / باب من روى أن لا ينتفع بإهاب الميتة / رقم ٣٠٩٨ / والترمذي ، كتاب اللباس / باب ما جاء في جلود الميتة إذا دبغت / رقم ١٦٥١ / وابن ماجة ، كتاب

اللباس / باب من قال لا ينتفع من الميتة بإهاب ولا عصب / رقم ٣٦٠٣ / وصححه الألباني في صحيح سنن النسائي/ رقم ٣٩٦٤ / والإرواء / رقم ٣٨ .

അബ്ദുല്ലാഇബ്നു ഉകൈമി ﷺൽ നിന്ന് നിവേദനം: 'റസൂലുല്ലാഹ് ﷺ ഞങ്ങൾക്ക് എഴുതുകയുണ്ടായി: 'നിങ്ങൾ ശവത്തിൽ നിന്ന് അതിന്റെ തോലും,ഞരമ്പുകളും ഉപയോഗിക്കരുത്'(നസാഇ. അൽബാനി സ്വഹീഹാണെന്ന് പ്രസ്താവിച്ചിരിക്കുന്നു)

ശവത്തിന്റെ തോൽ ഊറക്കിട്ടാൽ അത് ഉപയോഗിക്കുന്നത് അനുവദനീയമാണ്.

عَنْ ابْنُ وَعْلَةَ السَّبَإِيُّ قَالَ : سَأَلْتُ عَبْدَ اللَّهِ بْنَ عَبَّاسٍ ﷺ قُلْتُ : إِنَّا نَكُونُ بِالْمَغْرِبِ فَيَأْتِينَا الْمَجُوسُ بِالْأَسْقِيَةِ فِيهَا الْمَاءُ وَالْوَدَكُ ؟ فَقَالَ : اشْرَبْ . فَقُلْتُ : أَرَأْيٌ تَرَاهُ ؟ فَقَالَ ابْنُ عَبَّاسٍ ﷺ : سَمِعْتُ رَسُولَ اللَّهِ ﷺ يَقُولُ :( دِبَاغُهُ طَهُورُهُ ) [ صحيح ] أخرجه مسلم / كتاب الحيض / باب طهارة جلود الميتة بالدباغ / رقم ٥٤٩ .

ഇബ്നുവഅ്ല അസ്സബഇയ്യ്: പറഞ്ഞു: ഞാൻ അബ്ദുല്ലാഇബ്നു അബ്ബാസ് ﷺവിനോട് ചോദിച്ചു: ഞങ്ങൾ മഗ്രിബിലായിരുന്നു, അപ്പോൾ അഗ്നിയാരാധകർ ഞങ്ങൾക്ക് വെള്ള പാത്രം നൽകാറുണ്ട്. അതിൽ വെള്ളവും,നെയ്യുമുണ്ടാകും. അപ്പോൾ പറഞ്ഞു: കുടിക്കുക.ഞാൻ പറഞ്ഞു:ആ അഭിപ്രായമാണോ താങ്കളുടേത്? അപ്പോൾ ഇബ്നു അബ്ബാസ് ﷺ പറഞ്ഞു: റസൂലുല്ലാഹ് ﷺ പറയുന്നത് ഞാൻ കേൾക്കുകയുണ്ടായി: 'ഊറക്കിടുന്നത് അതിന്റെ ശുദ്ധീകരണമാകുന്നു'(മുസ്ലിം). എന്നാൽ ഒരു നിബന്ധനയുണ്ട്, അറുത്ത് ഭക്ഷിക്കുവാൻ അനുവദനീയമായവയുടെ ശവമായിരിക്കണം. അല്ലാത്തവ അനുവദനീയമല്ല.

عَنْ عَائِشَةَ قَالَتْ : سُئِلَ رَسُولُ اللَّهِ ﷺ عَنْ جُلُودِ الْمَيْتَةِ ؟ فَقَالَ :( دِبَاغُهَا ذَكَاتُهَا ) [ صحيح ] أخرجه النسائي/ كتاب الفرع والعتيرة / باب جلود الميتة / رقم ٤١٧٢/ وصححه الألباني في سنن النسائي/ رقم ٣٩٥٩

ആയിശാﷺയിൽ നിന്ന് നിവേദനം: 'ശവത്തിന്റെ തോലിനെ സംബന്ധിച്ച് പ്രവാചകൻﷺയോട് ചോദിക്കുകയുണ്ടായി: അപ്പോൾ പറഞ്ഞു:'ഊറക്കിടലാകുന്നു, അതിന്റെ അറവ്' (നസാഇ, അൽബാനി സ്വഹീഹാണെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്).ഭക്ഷിക്കൽ അനുവദനീയമായവയല്ലാതെ അറുത്തത് കൊണ്ട് അനുവദനീയമാവില്ല. അതുകൊണ്ട് തന്നെ വന്യമൃഗങ്ങളുടെ തോൽ വിരോധിച്ചതിൽ പെടുന്നതാണ്. ഒരു ഹദീസ് നോക്കുക:

(عَنْ أَبِي الْمَلِيحِ عَنْ أَبِيهِ ، أَنَّ النَّبِيَّ ﷺ :( نَهَى عَنْ جُلُودِ السِّبَاعِ ) [ صحيح ] أخرجه النسائي / كتاب الفرع والعتيرة / باب النهي عن الانتفاع بجلود السباع / رقم ٤١٨٠/ وأبو داود ، كتاب اللباس / باب في جلود النمر والسباع / رقم ٣٦٠٣ / والترمذي ،كتاب اللباس / باب ما جاء في النهي عن جلود السباع / رقم ١٦٩٣ / وصححه الألباني في الصحيحة / رقم ١٠١١ / والمشكاة / رقم ٥٠٦ .

അബൂൽ മലീഹ് തന്റെ പിതാവിൽ നിന്നും നിവേദനം ചെയ്യുന്നു:'നബിﷺ വന്യമൃഗങ്ങളുടെ തോല് വിരോധിച്ചിരിക്കുന്നു'(നസാഇ, തിർമിദി, അൽബാനി സ്വഹീഹാണെന്ന് പ്രസ്താവിച്ചിരിക്കുന്നു)

4– മനുഷ്യൻ. മുഅ്മിനോ, കാഫിറോ, സ്ത്രീയോ, പുരുഷനോ, ചെറിയവനോ, വലിയവനോ ആരായിരുന്നാലും ശരി മൊ

ത്തത്തിൽ ശുദ്ധിയുള്ളതാണ്. ഇതിന്റെ തെളിവ് മുകളിൽ നാം ഉദ്ധരിച്ചിരിക്കുന്നു.

**ശവം മൂന്ന് ഭാഗങ്ങളാണ്:**

1- മാംസവും, തൊലിക്ക് ഉള്ളിലുള്ളതും അശുദ്ധമാണ്, ശുദ്ധിയുള്ളതല്ല.

2- തൊലിക്ക് പുറമെയുള്ള രോമങ്ങൾ, മുടി, കൊമ്പ് എന്നിവ ശുദ്ധിയുള്ളതാണ്.

3- തൊലിയാണെങ്കിൽ ഊറക്കിടുന്നുവെങ്കിൽ ശുദ്ധിയുള്ളതാണ്, ഇല്ലായെങ്കിൽ അശുദ്ധമാണ്.

**രക്തം...**

അല്ലാഹു പറയുന്നു:

(حُرِّمَتْ عَلَيْكُمُ الْمَيْتَةُ وَالدَّمُ وَلَحْمُ الْخِنزِيرِ وَمَا أُهِلَّ لِغَيْرِ اللَّهِ بِهِ وَالْمُنْخَنِقَةُ وَالْمَوْقُوذَةُ وَالْمُتَرَدِّيَةُ وَالنَّطِيحَةُ وَمَا أَكَلَ السَّبُعُ إِلَّا مَا ذَكَّيْتُمْ وَمَا ذُبِحَ عَلَى النُّصُبِ وَأَنْ تَسْتَقْسِمُوا بِالْأَزْلَامِ ذَلِكُمْ فِسْقٌ الْيَوْمَ يَئِسَ الَّذِينَ كَفَرُوا مِنْ دِينِكُمْ فَلَا تَخْشَوْهُمْ وَاخْشَوْنِي الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا فَمَنِ اضْطُرَّ فِي مَخْمَصَةٍ غَيْرَ مُتَجَانِفٍ لِإِثْمٍ فَإِنَّ اللَّهَ غَفُورٌ رَحِيمٌ) (المائدة: ٣)

'ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടത്, ശ്വാസം മുട്ടി ചത്തത്, അടിച്ചുകൊന്നത്, വീണുചത്തത്, കുത്തേറ്റ് ചത്തത്, വന്യമൃഗം കടിച്ചുതിന്നത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. എന്നാൽ (ജീവനോടെ) നിങ്ങൾ അറുത്തത് ഇതിൽ നിന്നൊഴിവാകുന്നു. പ്രതിഷ്ഠ

കൾക്കുമുമ്പിൽ ബലിയർപ്പിക്കപ്പെട്ടതും (നിങ്ങൾക്ക്) നിഷിദ്ധ മാകുന്നു. അമ്പുകളുപയോഗിച്ച് ഭാഗ്യം നോക്കലും (നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു.) അതൊക്കെ അധർമ്മമാകുന്നു. ഇ ന്ന് സത്യനിഷേധികൾ നിങ്ങളുടെ മതത്തെ നേരിടുന്ന കാര്യ ത്തിൽ നിരാശപ്പെട്ടിരിക്കുകയാണ്. അതിനാൽ അവരെ നിങ്ങൾ പേടിക്കേണ്ടതില്ല. എന്നെ നിങ്ങൾ പേടിക്കുക. ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എ ന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ് തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തി പ്പെട്ട് തന്നിരിക്കുന്നു. വല്ലവനും പട്ടിണി കാരണം (നിഷിദ്ധമായ ത്) തിന്നുവാൻ നിർബന്ധിതനാകുന്ന പക്ഷം അവൻ അധർമ്മ ത്തിലേക്ക് ചായ്‌വുള്ളവനല്ലെങ്കിൽ തീർച്ചയായും അല്ലാഹു ഏ റെ പൊറുക്കുന്നവനും കരുണ കാണിക്കുന്നവനുമാകുന്നു' (മാ ഇദ: 3)

ഇത് മൂന്ന് ഇനമായി തരം തിരിക്കാവുന്നതാണ്:

ഒന്ന്:- ശുദ്ധിയുള്ളത്. ഇത് വിവിധയിനമുണ്ട്.

1- മത്സ്യത്തിന്റെ രക്തം. കാരണം മത്സ്യം ചത്താലും ശുദ്ധി യുള്ളതാണ്. ശവം നിഷിദ്ധമാവാൻ കാരണം രക്തം അതിൽ ത ന്നെ കെട്ടികിടക്കുകയും, അതിൽ കൂടികലരുകയും ചെയ്യുന്നത് കൊണ്ടാണ്.അത്കൊണ്ട് തന്നെ രക്തം അതിൽ നിന്ന് അറുക്കു ന്നതിലൂടെ പുറത്ത് വരുമ്പോൾ അത് അനുവദനീയമാവുന്നു.

2- ഒഴുകി വരുവാനില്ലാത്ത അൽപം രക്തം. ഈച്ച, കൊതു ക് പോലെയുള്ളവയുടെ രക്തം.വസ്ത്രത്തിൽ അൽപം അടയാ ളം ഉണ്ടാക്കിയാലും ശരി അത് ശുദ്ധമാണ്, അത് കഴുകികളയ ൽ നിർബ്ബന്ധമില്ല.

3– മൃഗത്തെ അറുത്തതിന് ശേഷം അവശേഷിക്കുന്ന രക്തം. ഞരമ്പുകളിലും, കരളിലും, ഹൃദയത്തിലും ഉണ്ടാകുന്ന രക്തം. ഖത്വാദ; പറയുന്നു: ഒഴുകുന്ന രക്തമാണ് നിഷിദ്ധമാക്കിയിട്ടുള്ളത്. എന്നാൽ മാംസത്തിൽ കൂടികലർന്ന രക്തത്തിന് കുഴപ്പമില്ല.

وعن عائشة رضي الله عنها : أنها كانت لا ترى بأسا والحمـرة والدم يكونـان على القدر) كتاب تفسير ابن كثير / الجزء الثاني / صفحة ١٨٥

'ആയിശാﷺയിൽ നിന്ന്, ഒരു പരിധിവരെയുള്ള ചുകപ്പും, രക്തവും (മാംസം) കൂടികലർന്നതിന് കുഴപ്പമുള്ളതായി കണ്ടിരുന്നില്ല' (ഇബ്നു കഥീർ)

4– രക്തസാക്ഷിയുടെ ശരീരത്തിലുള്ള രക്തം. അതുകൊണ്ട് തന്നെ നബിﷺ അവരുടെ രക്തം കഴുകി കളയുവാൻ കൽപിച്ചിട്ടില്ല. ഒരു ഹദീസ് ശ്രദ്ധിക്കുക:

عَنْ جَابِرٍ ﷺ قَالَ : قَالَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ :( ادْفِنُوهُمْ فِي دِمَائِهِمْ يَعْنِي يَوْمَ أُحُدٍ ، وَلَمْ يُغَسِّلْهُمْ ) [ صحيح ] أخرجه البخاري / كتاب الجنائز / بـاب مـن لـم يرى غسل الشهداء / رقم ١٢٦٠

ജാബിർﷺവിൽ നിന്ന്, നബിﷺ പറഞ്ഞു: 'അവരുടെ രക്തത്തോടെ നിങ്ങൾ അവരെ മറമാടുക, അതായത് ഉഹ്ദ് യുദ്ധത്തിൽ, അവരെ കുളിപ്പിച്ചില്ല' (ബുഖാരി)

**മൃഗങ്ങളിൽ ഏതെല്ലാം...**

ഏതെല്ലാം മൃഗങ്ങളെയും, പക്ഷികളേയുമാണ് ഇസ്ലാം അനുവദിക്കുന്നതെന്നും, അനുവദനിക്കാത്തതെന്നും നാം മനസിലാക്കേണ്ടതുണ്ട്. ശൈഖ് മുഹമ്മദ്ബ്നു ഇബ്രാഹീം തുവൈജി

രിയുടെ مختصر الفقه الإسـلامي എന്ന ഗ്രന്ഥത്തിൽ നിന്നുമുള്ള ഒരു ഉദ്ധരണി കാണുക:

هو ما نص الشرع على خبثه كالحمار الأهلي والخنزير ، أو نص على حده ككل ذي نـاب مـن السـباع وكل ذي مخلـب مـن الطـير ، أو كان خبثـه معروفـا كالفـأرة والحشرات ، أو كان خبثـه عارضـا كالجلالـة الـتي تتغـذى بالنجاسـة ، أو أمـر الشرع بقتله كالحية والعقرب ، أو نهى عن قتلـه كالهدهـد والصرد والضـفدع والنمل والنحل ونحوها ، أو كان معروفا بأكل الجيف كالنسر والـرَّخم والغـراب ، أو كان متولدا بين حلال وحرام كالبغل فهو من أنثى خيل نـزا عليهـا حمـار، أو لكونه ميتة أو فسقا وهو ما لم يذكر اسم الله عليه، أو لم يأذن الشرع في تناوله كالمغصوب والمسروق) (مختصر الفقه الإسلامي/ للشيخ/ محمد بن إبراهيم التويجري)

അനനുവദനീയവും, മ്ലേഛവുമായവ ഏതെല്ലാമാണെന്ന്, ഇസ്ലാമിക ശരീഅത്ത് കൃത്യമായി പഠിപ്പിച്ച് തന്നിരിക്കുന്നു; മനുഷ്യർ വളർത്തുന്ന കഴുത, പന്നി എന്നിവയും, അതുപോലെ വന്യമൃഗങ്ങളിൽ നിന്ന് തേറ്റയുള്ളവയും, പക്ഷികളിൽ നിന്ന് നഖം കൊണ്ട് പിടിച്ച് ഭക്ഷിക്കുന്നവയും, മ്ലേഛമാണെന്ന് അറിയപ്പെട്ട എലി, പുഴുക്കൾ പോലെയുള്ളവയും, അതുപോലെ മ്ലേഛതകൾ ഭക്ഷിക്കുന്ന ‘ജല്ലാല’ എന്ന പേരിൽ അറിയപ്പെട്ടവയും, അതു പോലെ ഇസ്ലാമികശരീഅത്ത് കൊല്ലാൻ കൽപിച്ചിട്ടുള്ള പാമ്പ്, തേൾ പോലെയുള്ളവയും, കൊല്ലൽ വിരോധിച്ചിട്ടുള്ള ഹുദ് ഹുദ് പക്ഷി, പച്ചമരംകൊത്തി, തവള, ഉറുമ്പ്, തേനീച്ചപോലെയുള്ളവയും,ശവം ഭക്ഷിക്കുന്ന പരുന്ത്, കഴുകൻ,കാക്ക പോലെയുള്ളവയും, ഹലാലിനും ഹറാമിനും ഇടയിൽ ജനിക്കുന്ന

കോവർ കഴുതപോലെ (പെൺകുതിരയുമായി കഴുത ബന്ധപ്പെടുമ്പോഴുണ്ടാകുന്ന മൃഗം), അല്ലെങ്കിൽ ശവം, അല്ലാഹുവിന്റെ നാമം ഉച്ചരിക്കപ്പെടാതെ അറുത്തത്, അതു പോലെ ശരീഅത്ത് അനുവദിക്കാത്ത രൂപത്തിൽ കട്ടെടുത്തോ, ബലമായി പിടിച്ചെടുത്തതോ ആയവ തുടങ്ങിയതെല്ലാം നിഷിദ്ധമാണ്.)(മുഖ്തസ്വർ അൽ ഫിഖ്ഹ് അൽ ഇസ്‌ലാമി, ശൈഖ് മുഹമ്മദ്ബ്നു ഇബ്രാഹീം അത്തുവൈജിരി)

( عَنِ ابْنِ عَبَّاسٍ قَالَ نَهَى رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ عَنْ كُلِّ ذِي نَابٍ مِنَ السِّبَاعِ وَعَنْ كُلِّ ذِي مِخْلَبٍ مِنَ الطَّيْرِ ) (مسلم)

ഇബ്നു അബ്ബാസ്ﷺവിൽ നിന്ന്: അദ്ദേഹം പറഞ്ഞു: 'വന്യമൃഗങ്ങളിൽ തേറ്റ(കോമ്പല്ലുകളു)യുള്ള മൃഗങ്ങളും,നഖംകൊണ്ട് ഇറുക്കി ഭക്ഷിക്കുന്ന പക്ഷികളും റസൂലുല്ലാഹ്ﷺ നിരോധിച്ചിരിക്കുന്നു' (മുസ്‌ലിം)

( عَنْ جَابِرِ بْنِ عَبْدِاللَّهِ رَضِي اللَّه عَنهمْ قَالَ نَهَى النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ يَوْمَ خَيْبَرَ عَنْ لُحُومِ الْحُمُرِ وَرَخَّصَ فِي لُحُومِ الْخَيْلِ ) (بخاري)

ജാബിറുബ്നു അബ്ദുല്ലാഹ്ﷺവിൽ നിന്ന്: 'ഖൈബർ യുദ്ധ ദിവസം കഴുതയുടെ മാംസം വിരോധിക്കുകയും, കുതിരയുടെ മാംസം അനുവദിക്കുകയും ചെയ്തു' (ബുഖാരി)

( عَنْ عَائِشَةَ رَضِي اللَّه عَنْهَا عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ أَنَّهُ قَالَ خَمْسٌ فَوَاسِقُ يُقْتَلْنَ فِي الْحِلِّ وَالْحَرَمِ الْحَيَّةُ وَالْغُرَابُ الْأَبْقَعُ وَالْفَأْرَةُ وَالْكَلْبُ الْعَقُورُ وَالْحُدَيَّا) (مسلم)

ആയിശാﷺയിൽ നിന്ന്, നബിﷺ പറഞ്ഞു:'അഞ്ചെണ്ണം അധർമ്മ ജീവികളിൽ പെട്ടതാണ്, അവ ഹറമിലും, അല്ലാത്ത സ്ഥലത്തും

കൊല്ലപ്പെടേണ്ടതാണ്, സർപ്പം, ചാരനിറത്തിലുള്ള ഒരു തരം കാക്ക, എലി, കടിക്കുന്ന നായ, ഹുദൈയ്യ(ഒരു തരത്തിലുള്ള പക്ഷി) എന്ന പക്ഷിയും' (മുസ്‌ലിം)

(عَنِ ابْنِ عُمَرَ قَالَ نَهَى رَسُولُ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ عَنْ أَكْلِ الْجَلَّالَةِ وَأَلْبَانِهَا ) (أبوداود)

ഇബ്നു ഉമർﷺവിൽ നിന്ന്: അദ്ദേഹം പറയുകയുണ്ടായി: 'മാലിന്യം (നജസുകൾ) തിന്നുന്നവയും, അവയുടെ പാലും റസൂലുല്ലാഹ്ﷺ വിരോധിച്ചിരിക്കുന്നു' (അബൂദാവൂദ്)

يحرم أكل كل ما له ناب من السباع يفترس به كالأسد والنمر، والذئب، والفيل، والفهد ، والكلب، والثعلب، والخنزير، ابن آوى، والسنو، والتمساح، والسلحفات، والقنفذ ، والقرد، ونحوها إلا الضبع فحلال) ، والشاهين ، والباشق ، والحدأة ، والبومة ونحوها، ويحرم ما يأكل الجيف والزيل من الطيور كالنسر، والغراب، والرخم ، والهدهد ، ويحرم أكل كل ذي مخلب من الطير يصيد به كالعقاب ، والبازي ، والصقر ، والخطافونحوها

(مختصر الفقه الإسلامي/ للشيخ/ محمد بن إبراهيم التويجري)

ശൈഖ് മുഹമ്മദ്ബ്നു ഇബ്രാഹീം തുവൈജിരിയുടെ مختصر الفقه الإسلامي എന്ന ഗ്രന്ഥത്തിൽ നിന്നുമുള്ള ഒരു ഉദ്ധരണി കാണുക: 'സിംഹം, നരി, ചെന്നായ, ആന, നായ, കുറുക്കൻ, പന്നി, പൂച്ച, മുതല, ആമ, മുള്ളൻപന്നി, കുരങ്ങൻ പോലെയുള്ള തേറ്റപ്പല്ലുകളുള്ള വന്യമൃഗങ്ങൾ ഹറാമാണ്, എന്നാൽ ഉടുമ്പ് അനുവദനീയമാണ്. അതുപോലെ ഒരു തരം പ്രാപിടിയൻ, വേട്ടയാടുന്ന പക്ഷി, പരുന്ത്, കൂമൻ പോലെയുള്ളവയും ഹറാം തന്നെ.അതുപോലെ മാലിന്യങ്ങളും, നജസുകളും ഭക്ഷിക്കുന്ന ഹുദ്ഹുദ്, കഴുകൻ, കാക്ക, പരുന്ത് പോലെയുള്ളവയും ഹറാം തന്നെയാണ്.

അതുപോലെ കാലിലെ നഖം കൊണ്ട് പിടിച്ച് ഭക്ഷണം കഴിക്കുന്ന കഴുകൻ, പ്രാപിടിയൻ, വേട്ടയാടുന്ന പക്ഷി, കറുത്ത നിറത്തിലുള്ള ഒരുതരം പക്ഷി പോലെയുള്ളവയും നിഷിദ്ധം തന്നെ' (മുഖ്തസ്വർ അൽ ഫിഖ്ഹ് അൽ ഇസ്‌ലാമി, ശൈഖ് മുഹമ്മദ് ബ്നു ഇബ്രാഹീം അത്തുവൈജിരി)

**മദ്യ സൽക്കാരത്തിൽ നിന്ന്...**

മദ്യം വിതരണം നടത്തുകയും,വിളമ്പുകയും, ഉപയോഗിക്കുകയും ചെയ്യുന്ന സ്ഥലങ്ങളിലും, സദസ്സുകളിലും, സൽകാരങ്ങളിലും ഒരു മുസ്‌ലിമിന് പങ്കെടുക്കുവാൻ പാടില്ല. കാരണം റസൂലുല്ലാഹ്ﷺ അത് വിരോധിച്ചിട്ടുണ്ട്.

عن عُمَرَ بْنَ الْخَطَّابِ رَضِي اللَّه عَنْه قَالَ يَا أَيُّهَا النَّاسُ إِنِّي سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ مَنْ كَانَ يُؤْمِنُ بِاللَّهِ وَالْيَوْمِ الْآخِرِ فَلَا يَقْعُدَنَّ عَلَى مَائِدَةٍ يُدَارُ عَلَيْهَا بِالْخَمْرِ ) (صحيح أخرجه أحمد صحيح سنن الترمذي)

ഉമറുബ്നുൽ ഖത്വാബ്رضي الله عنهവിൽ നിന്ന്: അദ്ദേഹം പറഞ്ഞു; ഓ, ജനങ്ങളെ, റസൂലുല്ലാഹ്ﷺ പറയുന്നതായി ഞാൻ കേൾക്കുകയുണ്ടായി, ആരെങ്കിലും അല്ലാഹുവിലും, അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ ഒരിക്കലും മദ്യം വിളമ്പുന്ന സൽകാരത്തിൽ പങ്കെടുക്കാതിരിക്കട്ടെ.' (അഹ്മദ്, തിർമിദി)

**അമുസ്‌ലിമിന്റെ ഭക്ഷണം...**

ജൂത ക്രൈസ്തവരുടെയും, അതുപോലെ മറ്റു അമുസ്‌ലീംകളുടെയും നിഷിദ്ധമല്ലാത്ത ഭക്ഷണം മുസ്‌ലിമിന് അനുവദനീയമാണ്. എന്നാൽ അമുസ്‌ലീംകൾ അവരുടെ വിശ്വാസത്തിന്റേയോ, മതത്തിന്റേയോ ഭാഗമായി പ്രത്യേകമായി ഉണ്ടാക്കുന്ന ഭക്ഷണം കഴിക്കാൻ പാടുള്ളതല്ല. അതുപോലെ നമ്മുടെ നാട്ടിൽ

കൊണ്ടുവരുന്ന ഔലിയാക്കളുടെ പേരിൽ നേർച്ചയാക്കിയ ഭക്ഷണം, നബിദിനത്തിന് പ്രത്യേകമായുണ്ടാക്കുന്ന ഭക്ഷണം, ബർത്ത്ഡേക്കുണ്ടാക്കുന്ന ഭക്ഷണം,ഒരാളുടെ മരണത്തിന് ശേഷം മൂന്ന്, ഏഴ്, പതിനാല്, ആണ്ട് പോലെയുള്ളവക്കുണ്ടാക്കി ഭക്ഷണം പോലെയുള്ളവ ഒരു മുസ്ലിമിന് ഭക്ഷിക്കാവതല്ല.

(الْيَوْمَ أُحِلَّ لَكُم الطَّيِّبَاتُ وَطَعَامُ الَّذِينَ أُوتُوا الْكِتَابَ حِلٌّ لَكُمْ وَطَعَامُكُمْ حِلٌّ لَهُمْ) (المائدة:٥)

'എല്ലാ നല്ല വസ്തുക്കളും ഇന്ന് നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. വേദം നൽകപ്പെട്ടവരുടെ ഭക്ഷണം നിങ്ങൾക്ക് അനുവദനീയമാണ്. നിങ്ങളുടെ ഭക്ഷണം അവർക്കും അനുവദനീയമാണ്.' (മാഇദ:5)

മഹാനായ റസൂലുല്ലാഹ്ﷺ ജൂത സ്ത്രീയുടെ സൽക്കാരത്തിൽ പങ്കെടുക്കുകയും, അവിടെ ഉണ്ടാക്കിയ ആട്ടിന്റെ മാംസം കഴിച്ചതും, വിഷം തീണ്ടിയതുമായ സംഭവം ഹദീഥുകളിൽ സുവിതിതമാണല്ലോ.

**ബിസ്മിയോടെ...**

ഭക്ഷണം കഴിക്കുവാൻ ആരംഭിക്കുമ്പോൾ അത് സംവിധാനിച്ച് നൽകിയ അല്ലാഹുവിനെ സ്മരിച്ച് കൊണ്ടായിരിക്കണമെന്ന് റസൂലുല്ലാഹ്ﷺ പഠിപ്പിച്ചത് കാണുക:

كان عمر بن أبي سلمة -رضي الله عنه- غلامًا صغيرًا تربى عند النبي صلى الله عليه وسلم، وذات يوم جلس يأكل مع النبي صلى الله عليه وسلم، فكان لا يأكل من أمامه، ولا يتأدب بآداب الطعام، فقال له النبي صلى الله عليه وسلم: (يا غلام سَمِّ الله، وكُلْ بيمينك، وكُلْ مما يليك [متفق عليه].

ഉമറുബ്നു അബൂസലമ ﷺ നബി ﷺ യുടെ ശിക്ഷണത്തിൽ വളരുന്ന ചെറിയ കുട്ടിയായിരുന്നപ്പോൾ ഒരു ദിവസം നബി ﷺ യോടൊപ്പം ഭക്ഷണം കഴിക്കുവാനിരുന്നു, അപ്പോഴദ്ദേഹം തന്റെ മുന്നിൽ നിന്നായിരുന്നില്ല ഭക്ഷിച്ചിരുന്നത്, അതുപോലെ ഭക്ഷണ മര്യാദകൾ ഒന്നും പാലിച്ചിരുന്നുമില്ല.അപ്പോഴദ്ദേഹത്തോട് നബി ﷺ പറയുകയുണ്ടായി: 'ഓ, കുട്ടി, അല്ലാഹുവിന്റെ നാമം ഉച്ചരിക്കൂ, നിന്റെ വലത് കരം കൊണ്ട് ഭക്ഷിക്കൂ, നിന്റെ അടുത്ത് നിന്ന് ഭക്ഷിക്കൂ' (മുത്തഫഖുൻ അലൈഹി)

يقول النبي صلى الله عليه وسلم: (إذا أكل أحدكم فليذكر اسم الله -تعالى- فإن نسي أن يذكر اسم الله تعالى في أوله، فليقل: بسم الله أوله وآخره [أبو داود والترمذي].

നബി ﷺ പറയുന്നു: 'നിങ്ങളിൽ ആരെങ്കിലും ഭക്ഷിക്കുന്നുവെങ്കിൽ ഉന്നതനായ അല്ലാഹുവിന്റെ നാമം സ്മരിക്കട്ടെ, തുടക്കത്തിൽ അല്ലാഹുവിന്റെ നാമം വിസ്മരിക്കപ്പെടുകയാണെങ്കിൽ അവൻ പറയട്ടെ; തുടക്കവും, അവസാനവും അല്ലാഹുവിന്റെ നാമത്തിൽ' (അബൂദാവൂദ്, തിർമിദി)

ഒരു ഹദീസ് കൂടി കാണുക:

وروي أن النبي صلى الله عليه وسلم رأى رجلا يأكل، ولم يسَمِّ الله حتى لم يبْقَ من طعامه إلا لقمة، فلما رفعها إلى فيه (فمه) قال: باسم الله أوله وآخره. فضحك النبي صلى الله عليه وسلم ثم قال: (ما زال الشيطان يأكل معه، فلما ذكر اسم الله استقاء ما في بطنه. [أبو داود والنسائي].

റിപ്പോർട്ട് ചെയ്തിരിക്കുന്നു: നബി ﷺ ഒരാൾ ഭക്ഷിക്കുന്നത് കാണാനിടയായി, ഭക്ഷണത്തിന്റെ അവസാന ഉരുള അവശേഷി

ക്കുന്നത് വരെ അയാൾ അല്ലാഹുവിന്റെ നാമം സ്മരിച്ചിരുന്നില്ല, അവസാന ഉരുള തന്റെ വായയിലേക്ക് ഉയർത്തിയ സമയം അയാൾ പറയുകയുണ്ടായി: ആദ്യവും അവസാനവും അല്ലാഹുവിന്റെ നാമത്തിൽ. അപ്പോൾ നബിﷺ ചിരിച്ച് കൊണ്ട് പ്രതിവചിക്കുകയുണ്ടായി: പിശാച് അവനോടൊപ്പം ഭക്ഷിക്കുകയായിരുന്നു, അല്ലാഹുവിന്റെ നാമം സ്മരിക്കപ്പെട്ടപ്പോൾ പിശാചിന്റെ വയറിലുണ്ടായിരുന്നത് ഛർദ്ധിച്ച് കളയുകയുണ്ടായി' (അബൂ ദാവൂദ്, നസാഇ)

**വലത് കൈ കൊണ്ട്...**

അല്ലാഹുവിന്റെ അനുഗ്രഹമായ ഭക്ഷണം കഴിക്കേണ്ടത് വലത് കൈ കൊണ്ടാണ്, വെള്ളം കുടിക്കേണ്ടതും, ഭക്ഷിക്കേണ്ടതുമെല്ലാം വലത് കരം കൊണ്ടാണ്. ഇടത് കൈ കൊണ്ട് ഒരിക്കലും ഭക്ഷിക്കുവാനോ, വെള്ളം കുടിക്കുവാനോ ഒരു മുസ്ലിമിന് പാടില്ല. കാരണം പ്രവാചകൻﷺ അതാണ് നമ്മെ പഠിപ്പിച്ചിരിക്കുന്നത്. പിശാചാണ് തന്റെ ഇടത് കരം കൊണ്ട് ഭക്ഷണപാനീയങ്ങൾ കഴിക്കുക. അത്കൊണ്ട് തന്നെ നാം ഒരിക്കലും പിശാചിനോടൊപ്പം കൂടാൻ പാടില്ല. പലയാളുകളും ഭക്ഷണം കഴിക്കുമ്പോൾ വെള്ളം സാധാരണ കുടിക്കാറുള്ളത് ഇടത് കൈ കൊണ്ടാണ്,എന്നിട്ട് അതിനെ ന്യായീകരിക്കുകയും ചെയ്യും,ഗ്ലാസിൽ കറിയും മറ്റുമായി വൃത്തികേടാവുകയില്ലേയെന്ന്.ഇത് പിശാചിന്റെ ദുർബോധനമാണ്, ആ ന്യായീകരണമൊന്നും ഇടത് കരം കൊണ്ട് വെള്ളം കുടിക്കുവാനുള്ള തെളിവല്ല. റസൂലുല്ലാഹ്ﷺ ഒരു കാര്യം പഠിപ്പിച്ച് കഴിഞ്ഞാൽ അത് നാം കൃത്യമായി ജീവിതത്തിൽ പകർത്തേണ്ടതുണ്ട്, അപ്പോഴാണ് യഥാർത്ഥ മുസ്ലിമാവുകയുള്ളൂ. മുത്ത്നബിﷺയുടെ കാലത്ത് നടന്ന ഒരു ചരിത്രം നാം കാണുക:

عن إياس بن سلمة بن الأكوع أن أباه حدثه: (أن رجلا أكل عند رسول الله صـلى الله عليه وسلم بشماله فقال كل بيمينك قال لا أستطيع قال لا استطعت ما منعه إلا الكـبر قال فما رفعها إلى فيه ) (صحيح مسـلم - كتـاب الأشربـة - لا يـأكلن أحـد مـنكم بشماله ولا يشربن بها فإن الشيطان يأكل بشماله ويشرب بها)

ഇയാസ്ബ്നു സലമബ്നു അൽഅക്വഇനോട് തന്റെ പിതാവ് പറഞ്ഞ് കൊടുക്കുകയുണ്ടായി: 'ഒരാൾ റസൂലുല്ലാഹ്ﷺയുടെ അടുത്ത് ഇടത്കൈ കൊണ്ട് ഭക്ഷണം കഴിക്കുകയുണ്ടായി, തിരുമേനി അദ്ദേഹത്തോട് പറയുകയുണ്ടായി: നീ വലത് കൈ കൊണ്ട് കഴിക്കുക, എനിക്ക് സാധ്യമല്ലെന്നദ്ദേഹം മറുപടി നൽകുകയുണ്ടായി. അപ്പോൾ നിനക്ക് സാധിക്കാതിരിക്കട്ടെയെന്ന് റസൂൽ പ്രത്യുത്തരവും നൽകി. അദ്ദേഹത്തെ അഹങ്കാരമാണ് അങ്ങിനെ ചെയ്യിപ്പിച്ചത്. പറഞ്ഞു: പിന്നീട് അദ്ദേഹം തന്റെ വലത് കൈ തന്റെ വായിലേക്ക് ഉയർത്തിയിട്ടില്ല. (കൈ നിശ്ചലമായി)' (മുസ്‌ലിം)

**ഒരുമിച്ചിരുന്ന്...**

ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുകയെന്നത് ഇസ്‌ലാമിന്റെ മര്യാദയിൽ പെട്ടതാണ്, നമ്മുടെ വീട്ടിൽ കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുമ്പോൾ അതിന് ഒരുപാട് പ്രത്യേകതകളും,ശ്രേഷ്ഠതകളുമുണ്ട്. കുടുംബാംഗങ്ങൾക്കിടയിൽ സ്നേഹവും, ഐക്യവും, ആദരവുമെല്ലാം തന്നെ അതിലൂടെ വർദ്ധിക്കുന്നതായി നമുക്ക് കാണാൻ കഴിയും.അതുപോലെ ആളുകളുടെ വർദ്ധനവിനനുസരിച്ച് ഭക്ഷണത്തിൽ അല്ലാഹുവിന്റെ അനുഗ്രഹം വർദ്ധിക്കുകയും ചെയ്യുന്നതാണ്.റസൂലുല്ലാഹ്ﷺ പഠിപ്പിക്കുന്നത് നാം കാണുക:

يقول النبي صلى الله عليه وسلم: (طعام الواحد يكفي الاثنين، وطعام الاثنين يكفي الأربعة، وطعام الأربعة يكفي الثمانية [مسلم].

നബിﷺപറയുന്നു: 'ഒരാളുടെ ഭക്ഷണം രണ്ടാളുകൾക്ക് തികയുന്നതാണ്, രണ്ടാളുടെ ഭക്ഷണം നാലാളുകൾക്ക് മതിയാവുന്നതാണ്, നാലാളുകളുടേത് എട്ടാളുകൾക്കും തികയുന്നതാണ്' (മുസ്ലിം)

ഞങ്ങൾ ഭക്ഷണം കഴിക്കുന്നു, പക്ഷേ, ഞങ്ങൾക്ക് വിശപ്പടങ്ങുന്നില്ലായെന്ന് ചിലയാളുകൾ പ്രവാചകൻﷺയോട് പരാതി പറഞ്ഞപ്പോൾ തിരുമേനിﷺഅവരോട് മറുപടി പറയുകയുണ്ടായി.

فقال لهم النبي صلى الله عليه وسلم: (فاجتمعوا على طعامكم، واذكروا اسم الله يبارك لكم فيه [أبو داود].

'നിങ്ങൾ നിങ്ങളുടെ ഭക്ഷണത്തിന്വേണ്ടി ഒരുമിക്കുക, നിങ്ങൾ അല്ലാഹുവിന്റെ നാമം ഉച്ചരിക്കുകയും ചെയ്യുക, അവൻ നിങ്ങൾക്കതിൽ അനുഗ്രഹം ചൊരിയുന്നതാണ്' (അബൂദാവൂദ്)

**സ്വർണ്ണത്തിന്റെയും, വെള്ളിയുടെയും...**

ഇസ്ലാമിക ഭക്ഷണ മര്യാദകളിൽ പെട്ടതാണ് സ്വർണ്ണത്തിന്റെയും വെള്ളിയുടെയും പാത്രങ്ങളിൽ ഭക്ഷിക്കാതിരിക്കുകയെന്നത്. നബിﷺയുടെ പ്രസ്താവന കാണുക:

قال النبي صلى الله عليه وسلم: (إن الذي يأكل أو يشرب في آنية الذهب والفضة إنما يُجَرْجِرُ في بطنه نار جهنم. [مسلم].

നബിﷺ പറയുകയുണ്ടായി: 'സ്വർണ്ണത്തിന്റെയും, വെള്ളിയുടെയും പാത്രങ്ങളിൽ ഭക്ഷിക്കുകയോ, കുടിക്കുകയോ ചെയ്യുന്നവ

ൻ തന്റെ വയറിലേക്ക് നരകത്തിലെ തീയാണ് നിറച്ച് കൊണ്ടിരിക്കുന്നത്' (മുസ്‌ലിം)

**ചാരിയിരുന്ന്...**

ചാരിയിരുന്നും, കിടന്നും ഭക്ഷിക്കാതിരിക്കുകയെന്നത് ഇസ്‌ലാമിന്റെ ഭക്ഷണ മര്യാദയിൽ പെട്ടതാണ്.

قال النبي صلى الله عليه وسلم: (لا آكل متكئًا). [البخاري]

നബിﷺ പറയുകയുണ്ടായി: 'ഞാൻ ചാരിയിരുന്ന് ഭക്ഷിക്കാറില്ല' (ബുഖാരി)

**അല്ലാഹുവിനെ സ്തുതിച്ച് കൊണ്ട്...**

ഭക്ഷണ ശേഷം അത് നൽകിയ അല്ലാഹുവിനെ സ്തുതിക്കൽ ഭക്ഷണ മര്യാദയിൽ പെട്ടതാണ്. റസൂലുല്ലാഹ്ﷺ പറയുകയുണ്ടായി:

يقول النبي صلى الله عليه وسلم: (من أكل طعامًا فقال: الحمد لله الذي أطعمني هذا ورزقنيه من غير حول مني ولا قوة. غفر له ما تقدم من ذنبه [أبو داود والترمذي والنسائي وأحمد].

നബിﷺ പറയുന്നു: 'ആരെങ്കിലും ഭക്ഷണം കഴിച്ച് 'എന്നിൽ നിന്ന് യാതൊരു കഴിവും, ശക്തിയും കൂടാതെ എനിക്കിത് നൽകുകയും, എന്നെ ഭക്ഷിപ്പിക്കുകയും ചെയ്തവനായ അല്ലാഹുവിന് സർവ്വ സ്തുതിയും' എന്ന് പറഞ്ഞാൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങളെല്ലാം പൊറുക്കപ്പെടുന്നതാണ്'(അബൂദാവൂദ്,തിർമിദി, നസാഇ, അഹ്മദ്)

**കൈ വിരലുകൾ...**

ഭക്ഷണത്തിൽ നിന്ന് വിരമിച്ച് കഴിഞ്ഞാൽ പാത്രത്തിലുള്ളത് മുഴുവനും തുടച്ച് വൃത്തിയാക്കി കഴിക്കുക, അതുപോലെ കൈ വിരലുകൾ നക്കി തുടക്കുകയും ചെയ്യുകയെന്നത് ഇസ്‌ലാമിന്റെയും പ്രവാചകന്റെയും സുന്നത്തിൽ പെട്ടതാണ്, ഇസ്‌ലാമിന്റെ ഭക്ഷണ മര്യാദയിൽ പെട്ടതുമാണ്. ഈ വിഷയത്തിലുള്ള തിരുദൂതരുടെ പ്രസ്താവന നാം വായിക്കുക.

عن ابن عباس قال: (قال رسول الله صلى الله عليه وسلم إذا أكل أحدكم طعاما فلا يمسح يده حتى يلعقها أو يلعقها ) ( صحيح مسلم - كتاب الأشربة - باب استحباب لعق الأصابع والقصعة وأكل اللقمة الساقطة بعد مسح ما يصيبها من أذى وكراهة مسح اليد قبل لعقها)

ഇബ്നു അബ്ബാസ്﵁വിൽ നിന്ന്; അദ്ദേഹം പറയുകയുണ്ടായി: റസൂലുല്ലാഹിﷺ പറഞ്ഞു: 'നിങ്ങളാരെങ്കിലും ഭക്ഷണം കഴിച്ചാൽ തന്റെ കൈ നക്കി തുടക്കുന്നതിന് മുമ്പ് നിങ്ങളാരും കൈ കഴുകുവാനോ തുടക്കാനോ പാടില്ല' (മുസ്‌ലിം)

ഭക്ഷണം ആവശ്യത്തിന് വാങ്ങുകയും,ആവശ്യത്തിന് മാത്രം എടുക്കുകയും, എടുത്തത് മുഴുവനും കഴിക്കുകയും ചെയ്യുക, അതുപോലെ നിലത്ത് വല്ലതും വീണുപോയാൽ അതെടുത്ത് അഴുക്ക്കളഞ്ഞ് ഭക്ഷിക്കുക, നടന്ന് കൊണ്ട് പരമാവധി ഭക്ഷിക്കാതിരിക്കുക, വെള്ളം കുടിക്കുമ്പോൾ ഒന്നിച്ച് കുടിക്കാതെ സാവകാശം മുറുക്ക് മുറുക്കായി കുടിക്കുക, പാനീയത്തിൽ ഊതാതിരിക്കുക, പാനീയത്തിൽ ഈച്ച വീണാൽ കുടിക്കുന്നുവെങ്കിൽ ആ ഈച്ചയെ പാനീയത്തിൽ മുഴുവനായി മുക്കിയതിന് ശേഷം കുടിക്കുക(സ്വഹീഹായ ഹദീഥുണ്ട്), ഭക്ഷണത്തിന് മുമ്പും ശേഷവും കൈ വൃത്തിയാക്കുക, അമിതമായി കഴിക്കാതിരിക്കുക

തുടങ്ങിയ കാര്യങ്ങളെല്ലാം നാം പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്.

## യാത്ര: ശ്രദ്ധിക്കേണ്ടവ.

സാമൂഹ്യമായി ജീവിക്കുന്ന മനുഷ്യന് ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്ക് യാത്ര ചെയ്യൽ അനിവാര്യമായി തീരുന്നു.അതുകൊണ്ട് തന്നെ ജീവിതത്തിന്റെ മുഴുവൻ മേഖലകളിലേക്കും വെളിച്ചം വീശുന്ന ഇസ്‌ലാം യാത്ര പോകുമ്പോഴും പാലിക്കേണ്ട നിയമങ്ങൾ വളരെ പ്രാധാന്യത്തോടെ തന്നെ മനുഷ്യനെ പഠിപ്പിക്കുന്നതായി കാണാനാവുന്നതാണ്.ഒരു വിശ്വാസി യാത്ര പോകുമ്പോൾ എന്തെല്ലാം മര്യാദകൾ പാലിക്കണമെന്ന് ചെറിയ രൂപത്തിൽ മനസിലാക്കുവാനാണ് ഇവിടെ ചില കാര്യങ്ങൾ ഉണർത്തുവാൻ ആഗ്രഹിക്കുന്നത്. അല്ലാഹു അനുഗ്രഹിക്കുമാറാവട്ടെ. ആമീൻ.

റസൂലുല്ലാഹ്ﷺ യാത്രയെ സംബന്ധിച്ച് പറയുന്ന ഒരു ഹദീസ് നാം ശ്രദ്ധിക്കുക:

(عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْه أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: السَّفَرُ قِطْعَةٌ مِنَ الْعَذَابِ يَمْنَعُ أَحَدَكُمْ نَوْمَهُ وَطَعَامَهُ وَشَرَابَهُ فَإِذَا قَضَى أَحَدُكُمْ نَهْمَتَهُ فَلْيُعَجِّلْ إِلَى أَهْلِهِ ) (بخاري)

അബൂഹുറൈറ(رضي الله عنه)വിൽ നിന്ന് നിവേദനം: 'റസൂലുല്ലാഹ്(ﷺ) പറയുകയുണ്ടായി:'ശിക്ഷയുടെ ഒരു ഭാഗമാകുന്നു യാത്ര, അത് നിങ്ങളുടെ ഉറക്കത്തെയും, ഭക്ഷണത്തെയും, പാനീയത്തെയും തടയുന്നു. ആരുടെയെങ്കിലും (യാത്രയുടെ) ഉദ്ദേശം പൂർത്തിയായാൽ അവൻ പെട്ടെന്ന് തന്റെ വീട്ടുകാരുടെ അടുത്തേക്ക് മടങ്ങേണ്ടതാകുന്നു' (ബുഖാരി)

**യാത്ര ചോദിക്കൽ...**

പ്രവാചക ചര്യ പരിശോധിക്കുമ്പോൾ യാത്ര പോകുന്ന വ്യക്തി മറ്റുള്ളവരോട് യാത്ര ചോദിക്കൽ സുന്നത്താണെന്ന് കാണാൻ സാധിക്കുന്നതാണ്. ഒരു ഹദീസ് നോക്കുക:

عَنْ سَالِمِ بْنِ عَبْدِ اللَّهِ قَالَ كَانَ أَبِي عَبْدُ اللَّهِ بْنُ عُمَرَ إِذَا أَتَى الرَّجُلَ وَهُوَ يُرِيدُ السَّفَرَ قَالَ: لَهُ ادْنُ حَتَّى أُوَدِّعَكَ كَمَا كَانَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يُوَدِّعُنَا فَيَقُولُ أَسْتَوْدِعُ اللَّهَ دِينَكَ وَأَمَانَتَكَ وَخَوَاتِيمَ عَمَلِكَ ) (أحمد)

സാലിമുബ്നു അബ്ദുല്ലാഹ്(رضي الله عنه)വിൽ നിന്ന് നിവേദനം: എന്റെ പിതാവ് അബ്ദുല്ലാഇബ്നു ഉമർ ആരെങ്കിലും യാത്ര ഉദ്ദേശിച്ചുകൊണ്ട് വരികയാണെങ്കിൽ പറയുമായിരുന്നു: താങ്കൾ അടുത്ത് നിൽക്കുക, പ്രവാചകൻ(ﷺ) ഞങ്ങളെ യാത്ര അയക്കുന്നത് പോലെ ഞാൻ താങ്കളെയും യാത്രയയക്കാം എന്ന് പറഞ്ഞ്കൊണ്ട് പറയും: 'താങ്കളുടെ മതത്തെയും, താങ്കളുടെ വിശ്വസ്തതയേയും, താങ്കളുടെ കർമ്മങ്ങളുടെ പര്യാവസാനത്തെയും ഞാൻ അല്ലാഹുവിൽ ഏൽപിക്കുന്നു'(അഹ്മദ്) സച്ചരിതരായ സലഫുസ്വാലിഹീങ്ങളിൽ നിന്നും ഒരുപാട് ഉദ്ധരണികളും നമുക്ക് ഈ വിഷയത്തിൽ കാണാവുന്നതാണ്. അത് കൊണ്ട് തന്നെ പ്രവാച

ക സുന്നത്ത് എന്ന നിലക്ക് ഈ കാര്യം ജീവിതത്തിൽ പകർത്തുക.

**ഒറ്റക്ക് യാത്ര ചെയ്യാതിരിക്കുക...**

യാത്ര പോകുമ്പോൾ ചുരുങ്ങിയത് മൂന്ന് പേരെങ്കിലും ഒന്നിച്ച് പോകുന്നതാണ് നല്ലത് എന്ന് പ്രവാചകൻﷺയുടെ സുന്നത്തിൽ പഠിപ്പിക്കുന്ന കാര്യമാണ്. അതിനെ സംബന്ധിച്ചുള്ള ഹദീസ് നാം വായിക്കുക:

(عَنِ ابْنِ عُمَرَ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: لَوْ يَعْلَمُ النَّاسُ مَا فِي الْوَحْدَةِ مَا أَعْلَمُ مَا سَارَ رَاكِبٌ بِلَيْلٍ وَحْدَهُ ) (بخاري)

ഇബ്നുഉമർറ വിൽ നിന്ന് നിവേദനം: പ്രവാചകൻﷺ പറഞ്ഞു: 'ഒറ്റക്ക് യാത്ര പോകുമ്പോഴുണ്ടാകുന്ന കാര്യങ്ങളെ സംബന്ധിച്ച് ഞാൻ അറിയുന്നത് പോലെ മനുഷ്യർ അറിഞ്ഞിരുന്നുവെങ്കിൽ ഒരു രാത്രിയിലും ഒരാളും വാഹനം കയറി ഒറ്റക്ക് യാത്ര പോകില്ലായിരുന്നു.' (ബുഖാരി).

( عَنْ عَمْرِو بْنِ شُعَيْبٍ عَنْ أَبِيهِ عَنْ جَدِّهِ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ الرَّاكِبُ شَيْطَانٌ وَالرَّاكِبَانِ شَيْطَانَانِ وَالثَّلَاثَةُ رَكْبٌ قَالَ أَبو عِيسَى حَدِيثُ ابْنِ عُمَرَ حَدِيثٌ حَسَنٌ صَحِيحٌ ) (الترمذي)

അംറുബ്നു ശുഐബ്റ തന്റെ പിതാവിൽ നിന്നും, അദ്ദേഹം തന്റെ പിതാവിൽ നിന്നും നിവേദനം: 'പ്രവാചകൻﷺ പറയുകയുണ്ടായി: 'ഒറ്റക്ക് യാത്ര ചെയ്യുന്നവൻ ശൈത്വാനാണ്, രണ്ടാളുകൾ യാത്ര ചെയ്യുകയാണെങ്കിൽ അവർ രണ്ട് ശൈത്വാനാ

ണ്,മൂന്നാളുകൾ യാത്ര ചെയ്യുന്നതാണ് യഥാർത്ഥത്തിലുള്ള യാത്ര' (തിർമിദി)

ഈ ഹദീസിനെ വിശദീകരിച്ചുകൊണ്ട് മഹാൻമാർ പറയുന്നത് ഇവിടെ ശൈത്വാനാണ് എന്ന് പറഞ്ഞത് അവരെ പിശാച് വഴി തെറ്റിക്കുവാനും, അതുപോലെ ഉപദ്രവങ്ങളേൽപ്പിക്കുവാനും സാധ്യത കൂടുതലുണ്ടെന്നാണ്. അത്കൊണ്ട് തന്നെ മൂന്നാളുകളുടെ സംഘമാണ് യഥാർത്ഥത്തിൽ യാത്രയെന്ന് പറയുവാൻ സാധിക്കുകയുള്ളൂ. അങ്ങിനെയാകുമ്പോൾ അവർക്ക് ഒരു ശക്തിയുണ്ടാകും, സമാധാനാവും ഉണ്ടാകും.മൂന്നാളുകളിൽ നിന്ന് ഒരാളെ അമീറാക്കുകയും ചെയ്യണം. പ്രവാചകൻﷺ നമ്മെ പഠിപ്പിക്കുന്നത് നോക്കുക.

**അമീർ ഉണ്ടായിരിക്കണം...**

( عَنْ أَبِي سَعِيدٍ الْخُدْرِيِّ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ إِذَا خَرَجَ ثَلَاثَةٌ فِي سَفَرٍ فَلْيُؤَمِّرُوا أَحَدَهُمْ ) (أبوداود- ألباني - صحيح)

അബൂസഈദുൽ ഖുദ്രി(റ)വിൽ നിന്ന് നിവേദനം: റസൂലുല്ലാഹ് ﷺ പറഞ്ഞു: 'ഏതെങ്കിലും മൂന്നാളുകൾ യാത്ര പുറപ്പെടുകയാണെങ്കിൽ അവരിൽ ഒരാളെ അമീറായി നിശ്ചയിക്കട്ടെ' (അബൂദാവൂദ്)

**നായ, മണിനാദം പോലെയുള്ളവ...**

അല്ലാഹുവിനോട് പ്രാർത്ഥിച്ച്കൊണ്ട് പുറപ്പെടുന്ന യാത്രയായത് കൊണ്ട് തന്നെ ആ യാത്രയിൽ അല്ലാഹുവിന് ഇഷ്ടമില്ലാത്തത് കൂടെ കൊണ്ടുപോകുവാനും പാടില്ല. അതാണ് താഴെ വരുന്ന ഹദീസുകൾ പഠിപ്പിക്കുന്നത്.

( عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: لَا تَصْحَبُ الْمَلَآئِكَةُ رُفْقَةً فِيهَا كَلْبٌ وَلَا جَرَسٌ ) (مسلم)

അബൂഹുറയ്റ‌ﷺ പറയുന്നു: റസൂലുല്ലാഹ് പറഞ്ഞു: 'മണിനാദവും(ബെല്ല്), നായയുമുള്ളവരോടൊപ്പം മലക്കുകൾ കൂടെ പോവുകയില്ല' (മുസ്‌ലിം)

(عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ الْجَرَسُ مَزَامِيرُ الشَّيْطَانِ) (مسلم)

അബൂഹുറയ്റ‌ﷺ പറയുന്നു: റസൂലുല്ലാഹ്ﷺ പറഞ്ഞു: 'മണിനാദം പിശാചിന്റെ ശബ്ദ(സംഗീത)മാണ്' (മുസ്‌ലിം)

അതുപോലെ അശ്ളീല മാഗസിനുകളും,സമയം തീർക്കുവാനായി നോവലുകളും യാതൊരു ഉപകാരവുമില്ലാത്ത മാ പ്രസിദ്ധീകരണങ്ങളും മറ്റും കൂടെ കൊണ്ടുപോകാതിരിക്കുകയും,(ഇത്തരം പ്രസിദ്ധീകരണങ്ങൾ ജീവിതത്തിന്റെ മുഴുവൻ മേഖലകളിൽ നിന്നും ഒഴിവാക്കുക) ഉല്ലാസ യാത്ര പോകുന്നവർ ആവശ്യത്തിനും, അനാവശ്യത്തിനും പല രൂപത്തിൽ നിന്നും കിടന്നും ഇരിന്നും മറ്റും ഫോട്ടോയെടുക്കുകയും അത് ആൽബത്തിൽ ഡിസൈൻ ചെയ്ത് വെക്കുകയും ചെയ്യുന്നത് കാണാവുന്നതാണ്. അങ്ങിനെ ചെയ്യുന്നവർ പ്രവാചകൻﷺയുടെ താക്കീത് കരുതിയിരിക്കുക.

عَنْ عَبْدَاللَّهِ بْنَ عُمَرَ رَضِيَ اللَّهُ عَنْهُمَا أَخْبَرَهُ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ إِنَّ الَّذِينَ يَصْنَعُونَ هَذِهِ الصُّوَرَ يُعَذَّبُونَ يَوْمَ الْقِيَامَةِ يُقَالُ لَهُمْ أَحْيُوا مَا خَلَقْتُمْ (بخاري)

അബ്ദുല്ലാഇബ്നു ഉമർﷺവിൽ നിന്ന്; പ്രവാചകൻﷺ പറഞ്ഞു: 'ഈ രൂപങ്ങളുണ്ടാക്കുന്നവർ അവസാന നാളിൽ ശിക്ഷിക്കപ്പെടുന്നതാണ്, അവരോട് നിങ്ങൾ സൃഷ്ടിച്ചതിന് ജീവനിടുകയെന്ന് പറയുന്നതാണ്' (ബുഖാരി)

പ്രവാചകൻﷺതന്റെ വീട്ടിൽനിന്ന് പുറത്ത്പോയ സന്ദർഭത്തിൽ ആയിശാﷺക്ക് ആരോ ഹദ്‌യ നൽകിയ രൂപങ്ങളുള്ള തുണി ഉപയോഗിച്ച് തലയിണ ഉറയുണ്ടാക്കി.പ്രവാചകൻﷺമടങ്ങിവന്ന് ഇത് കണ്ടപ്പോൾ കോപത്താൽ വീട്ടിലേക്ക് പ്രവേശിക്കാതെ വാതിലിനടുത്ത് തന്നെ നിൽക്കുകയും,തുടർന്ന് അത് ഉപേക്ഷിക്കുവാൻ കൽപിക്കുകയും ചെയ്യുന്നത് ശ്രദ്ധിക്കുക:

(عَنْ عَائِشَةَ رَضِي اللَّه عَنْهَا قَالَتْ حَشَوْتُ لِلنَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ وِسَادَةً فِيهَا تَمَاثِيلُ كَأَنَّهَا نُمْرُقَةٌ فَجَاءَ فَقَامَ بَيْنَ الْبَابَيْنِ وَجَعَلَ يَتَغَيَّرُ وَجْهُهُ فَقُلْتُ مَا لَنَا يَا رَسُولَ اللَّهِ قَالَ مَا بَالُ هَذِهِ الْوِسَادَةِ قَالَتْ وِسَادَةٌ جَعَلْتُهَا لَكَ لِتَضْطَجِعَ عَلَيْهَا قَالَ أَمَا عَلِمْتِ أَنَّ الْمَلاَئِكَةَ لاَ تَدْخُلُ بَيْتًا فِيهِ صُورَةٌ وَأَنَّ مَنْ صَنَعَ الصُّورَةَ يُعَذَّبُ يَوْمَ الْقِيَامَةِ يَقُولُ أَحْيُوا مَا خَلَقْتُمْ ) (بخاري)

ആയിശാﷺയിൽ നിന്ന് അവർ പറയുന്നു: 'ഞാൻ പ്രവാചകൻﷺ ക്ക് ഒരു തലയിണയുണ്ടാക്കുകയുണ്ടായി, അതിൽ ജീവികളുടെ രൂപങ്ങളുണ്ടായിരുന്നു, അത് ഇരിക്കാനുള്ള ഒരു തലയിണയായിരുന്നു. അങ്ങിനെ പ്രവാചകൻﷺ വീട്ടിലേക്ക് വന്നുവെങ്കിലും വാതിലിനടുത്ത് നിൽക്കുകയാണ് ചെയ്തത്, ആ സമയം പ്രവാചകന്റെ മുഖം വിവർണമായി. അപ്പോൾ ഞാൻ പ്രവാചകനോട് ചോദിച്ചു: എന്താണ് പ്രവാചകരെ, പറഞ്ഞു: ഈ തലയിണകളുടെ അവസ്ഥയെന്താണ്? അപ്പോൾ ഞാൻ പറഞ്ഞു: താ

ങൾക്ക് അതിന്മേൽ ചാരിയിരിക്കുവാനായി ഞാൻ ഉണ്ടാക്കിയ തലയിണയാണ്. തിരുമേനി പറയുകയുണ്ടായി: നിനക്കറിയില്ലേ, രൂപങ്ങളുള്ള വീട്ടിലേക്ക് മലക്കുകൾ പ്രവേശിക്കുകയില്ലായെന്ന്. ആരാണോ രൂപങ്ങൾ ഉണ്ടാക്കുന്നത് അവർ പരലോകത്ത് ശിക്ഷിക്കപ്പെടുകയും, അവർ ഉണ്ടാക്കിയതിന് ജീവൻ നൽകുവാൻ അവരോട് പറയുകയും ചെയ്യുന്നതാണ്' (ബുഖാരി)

(عَنِ النَّضْرِ بْنِ أَنَسِ بْنِ مَالِكٍ قَالَ كُنْتُ جَالِسًا عِنْدَ ابْنِ عَبَّاسٍ فَجَعَلَ يُفْتِي وَلاَ يَقُولُ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ حَتَّى سَأَلَهُ رَجُلٌ فَقَالَ إِنِّي رَجُلٌ أُصَوِّرُ هَذِهِ الصُّوَرَ فَقَالَ لَهُ ابْنُ عَبَّاسٍ ادْنُهْ فَدَنَا الرَّجُلُ فَقَالَ ابْنُ عَبَّاسٍ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ مَنْ صَوَّرَ صُورَةً فِي الدُّنْيَا كُلِّفَ أَنْ يَنْفُخَ فِيهَا الرُّوحَ يَوْمَ الْقِيَامَةِ وَلَيْسَ بِنَافِخٍ ) (بخاري)

നള്ർബ്നു അനസ്ബ്നു മാലിക്ﷺവിൽ നിന്ന്: അദ്ദേഹം പറയുന്നു: 'ഞാൻ ഇബ്നു അബ്ബാസ്ﷺവിന്റെ അടുത്ത് ഇരിക്കുകയായിരുന്നു, അദ്ദേഹം ഫത്വ നൽകുന്നുണ്ട്, അതിന് തെളിവായി പ്രവാചകൻﷺ പറഞ്ഞുവെന്ന് പറയാതെ തെളിവ് പറയുകയായിരുന്നു, അങ്ങിനെ ഒരാൾ ചോദിക്കുകയുണ്ടായി: ഞാൻ ഫോട്ടോയുണ്ടാക്കുന്ന വ്യക്തിയാണ്,അപ്പോൾ അദ്ദേഹത്തോട് ഇബ്നു അബ്ബാസ് അടുത്തിരിക്കാൻ പറഞ്ഞു, അങ്ങിനെ ആ മനുഷ്യൻ അടുത്തിരുന്നു, അങ്ങിനെ ഇബ്നു അബ്ബാസ് പറഞ്ഞു:'റസൂലുല്ലാഹ്ﷺ പറയുന്നതായി ഞാൻ കേട്ടു, ആരെങ്കിലും ദുൻയാവിൽ വെച്ച് രൂപങ്ങളുണ്ടാക്കിയാൽ അവസാന നാളിൽ അതിന് ആത്മാവിനെ നൽകുവാൻ അവനോട് കൽപിക്കുന്നതാണ്, എന്നാൽ അവനതിന് സാധിക്കുകയില്ല തന്നെ' (ബുഖാരി).

(عَنْ عَبْدَاللَّهِ قَالَ سَمِعْتُ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ إِنَّ أَشَدَّ النَّاسِ عَذَابًا عِنْدَ اللَّهِ يَوْمَ الْقِيَامَةِ الْمُصَوِّرُونَ ) (بخاري)

അബ്ദുല്ലാഹ്ﷺ പറയുന്നു:റസൂലുല്ലാഹ്ﷺ പറയുന്നതായി ഞാൻ കേട്ടു: 'അവസാന നാളിൽ അല്ലാഹുവിന്റെ അടുത്ത് ഏറ്റവും കൂടുതൽ ശിക്ഷ ലഭിക്കുന്നത് രൂപമുണ്ടാ(ഫോട്ടോയെടു)ക്കുന്ന വരാകുന്നു' (ബുഖാരി).

( عَنْ عَائِشَةَ رَضِي اللَّه عَنْهَا قَالَتْ دَخَلَ عَلَيَّ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ وَفِي الْبَيْتِ قِرَامٌ فِيهِ صُوَرٌ فَتَلَوَّنَ وَجْهُهُ ثُمَّ تَنَاوَلَ السِّتْرَ فَهَتَكَهُ وَقَالَتْ قَالَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ إِنَّ مِنْ أَشَدِّ النَّاسِ عَذَابًا يَوْمَ الْقِيَامَةِ الَّذِينَ يُصَوِّرُونَ هَذِهِ الصُّوَرَ) (بخاري)

ആയിശാﷺപറയുന്നു:പ്രവാചകൻﷺ എന്റെയടുത്ത് പ്രവേശിച്ചു, ആ സമയം വീട്ടിൽ കൊത്തുപണികളും, രൂപങ്ങളുമുള്ള ഒരു വിരി ഞാൻ തൂക്കിയിരുന്നു, അത്കണ്ട പ്രവാചകന്റെ മുഖം വി വർണമായി, എന്നിട്ട് ആ വിരി എടുത്ത് നശിപ്പിച്ച് കളഞ്ഞു. ആ യിശﷺ പറയുന്നു; റസൂലുല്ലാഹ്ﷺ പറയുകയുണ്ടായി: ഇങ്ങനെ യുള്ള രൂപങ്ങൾ ഉണ്ടാക്കുന്നവരായിരിക്കും അവസാനനാളിൽ ജനങ്ങളിൽവെച്ച് ഏറ്റവും കൂടുതൽ ശിക്ഷ അനുഭവിക്കുന്നത്' (ബുഖാരി).

(عَنْ سَالِمٍ عَنْ أَبِيهِ قَالَ وَعَدَ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ جِبْرِيلُ فَقَالَ إِنَّا لاَ نَدْخُلُ بَيْتًا فِيهِ صُورَةٌ وَلاَ كَلْبٌ ) (بخاري)

സാലിം തന്റെ പിതാവിൽ നിന്ന് ഉദ്ധരിക്കുന്നു: ‘ജിബ്രീൽ പ്രവാചകൻﷺക്ക് കരാർ നൽകുകയാണ്, നായയും, രൂപങ്ങളും ഉള്ള വീടുകളിലേക്ക് ഞങ്ങൾ പ്രവേശിക്കുകയില്ല’ (ബുഖാരി).

കുട്ടികൾക്ക് പഠിക്കുവാനും, കളിക്കുവാനും, പാസ്പോർട്ട്, ഐഡന്റിറ്റി കാർഡ് തുടങ്ങിയ അത്യാവശ്യ കാര്യങ്ങൾക്ക് ഫോട്ടോ ഉപയോഗിക്കാമെന്ന് പണ്ഡിതൻമാർ വ്യക്തമാക്കിയത് നമുക്ക് ഗ്രന്ഥങ്ങളിൽ വ്യക്തമായി മനസിലാക്കുവാൻ സാധിക്കുന്നതാണ്. നാസ്വിറുദ്ധീൻ അൽബാനി ഈ കാര്യം വ്യക്തമായി തന്റെ‘ആദാബു സിഫാഫ്’ എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ആവശ്യമുള്ളവർ അത് പരിശോധിക്കുക.

**സ്ത്രീകൾ മഹ്റമിന്റെ കൂടെ...**

യാത്ര പോകുമ്പോൾ അപ്രതീക്ഷിതമായി ചില ബുദ്ധിമുട്ടുകളും പ്രയാസങ്ങളും നേരിടേണ്ടി വരുന്നതാണ്, അതുപോലെ സഞ്ചരിക്കുന്ന വാഹനങ്ങളും, മറ്റുയാത്രാ മാധ്യമങ്ങളും കേടു വരുവാനും സാധ്യത കൂടുതലാണ്. ഈ കാര്യങ്ങളെല്ലാം സ്ത്രീകൾക്ക് വളരെയധികം ബുദ്ധിമുട്ടുകളും പ്രയാസങ്ങളും വരുത്തിവെക്കും.അങ്ങിനെയുള്ള സാഹചര്യങ്ങളിൽ അവരുടെ സുരക്ഷ പരിഗണിച്ചു കൊണ്ട് ഇസ്ലാം സ്ത്രീകളോട് പറയുന്നത് നിങ്ങൾ മഹ്റമിന്റെ (ഭർത്താവോ, വിവാഹം നിഷിദ്ധമായ മകൻ, പിതാവ്, സഹോദരൻ തുടങ്ങിയവരാണ് ഉദ്ദേശിക്കുന്നത്)കൂടെ മാത്രമേ യാത്ര ചെയ്യുവാൻ പാടുള്ളൂ. ഇത് സ്ത്രീകൾക്ക് ഇസ്ലാം നൽകുന്ന സ്വാതന്ത്ര്യവും,സുരക്ഷിതത്വവുമാണെന്ന് ബുദ്ധിയുള്ളവർക്കൊക്കെ മനസിലാക്കുവാൻ സാധിക്കുന്ന കാര്യമാണ്. അതാണ് പ്രവാചകൻﷺ നമ്മെ പഠിപ്പിക്കുന്നത്.

( عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: لاَ يَحِلُّ لإِمْرَأَةٍ تُؤْمِنُ بِاللَّهِ وَالْيَوْمِ الْآخِرِ تُسَافِرُ مَسِيرَةَ يَوْمٍ وَلَيْلَةٍ إِلَّا مَعَ ذِي مَحْرَمٍ عَلَيْهَا ) (مسلم)

അബൂഹുറയ്റﷺവിൽ നിന്ന്: പ്രവാചകൻﷺ പറയുകയുണ്ടായി: 'അല്ലാഹുവിലും, അന്ത്യനാളിലും വിശ്വസിക്കുന്ന ഒരു സത്യവി ശ്വാസിനിക്ക് തന്റെ മഹ്റമിന്റെ കൂടെയല്ലാതെ ഒരു രാത്രിയും, പകലും യാത്രാ ദൂരമുള്ള യാത്ര പാടില്ലാത്തതാകുന്നു'(മുസ്ലിം)

(عَنْ أَبِي مَعْبَدٍ قَالَ سَمِعْتُ ابْنَ عَبَّاسٍ يَقُولُ سَمِعْتُ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَخْطُبُ يَقُولُ لَا يَخْلُوَنَّ رَجُلٌ بِامْرَأَةٍ إِلاَّ وَمَعَهَا ذُو مَحْرَمٍ وَلاَ تُسَافِرِ الْمَرْأَةُ إِلاَّ مَعَ ذِي مَحْرَمٍ فَقَامَ رَجُلٌ فَقَالَ يَا رَسُولَ اللَّهِ إِنَّ امْرَأَتِي خَرَجَتْ حَاجَّةً وَإِنِّي اكْتُتِبْتُ فِي غَزْوَةِ كَذَا وَكَذَا قَالَ انْطَلِقْ فَحُجَّ مَعَ امْرَأَتِكَ ) (مسلم)

അബൂമഅ്ബദിൽ നിന്നും നിവേദനം; ഇബ്നു അബ്ബാസ്ﷺ പറ യുന്നതായി ഞാൻ കേട്ടു:പ്രവാചകൻﷺ പ്രസംഗിക്കുമ്പോൾ ഇ ങ്ങനെ പറയുന്നതായി ഞാൻ കേൾക്കുകയുണ്ടായി;'ഒരു സ്ത്രീ യും പുരുഷനും ഒഴിഞ്ഞിരിക്കുവാൻ പാടില്ല,അവളുടെ കൂടെ മ ഹ്റമില്ലാതെ, മഹ്റമിന്റെ കൂടെയല്ലാതെ ഒരു സ്ത്രീ യാത്ര ചെ യ്യുവാൻ പാടില്ല. അപ്പോൾ ഒരാൾ എഴുന്നേറ്റുകൊണ്ട് ചോദിക്കു കയുണ്ടായി: അല്ലാഹുവിന്റെ തിരുദൂതരെ, എന്റെ ഭാര്യ ഹജ്ജി ന് പുറപ്പെട്ടിരിക്കുകയാണ്,എന്നാൽ ഞാനാകട്ടെ ഇന്നയിന്ന യു ദ്ധത്തിന് പോകുവാനായി തീരുമാനിച്ചിരിക്കുന്നു, അപ്പോൾ തി രുമേനി പറഞ്ഞു: നീ ഭാര്യയുടെ കൂടെ ഹജ്ജ് ചെയ്യാനായി പു റപ്പെടുക' (മുസ്ലിം)

**വ്യാഴാഴ്ചയുള്ള യാത്ര...**

പ്രത്യേകമായ ദിവസം മാത്രമെ നിങ്ങൾ യാത്ര പുറപ്പെടുവാൻ പാടുള്ളൂവെന്ന് പ്രവാചകൻ നമ്മോട് നിർദ്ദേശിച്ചിട്ടില്ല. എന്നാൽ യാത്ര പുറപ്പെടുന്നത് വ്യാഴാഴ്ചയാകുന്നത് പ്രവാചകൻ ഇഷ്ടപ്പെട്ടിരുന്നുവെന്ന് ഹദീസുകളിൽ കാണാവുന്നതാണ്. ഒരു ഹദീസ് ശ്രദ്ധിക്കുക:

عَنْ عبد الرحمن بْنِ كَعْبِ بْنِ مَالِكٍ عَنْ أَبِيهِ رَضِي اللَّه عَنْه أَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ خَرَجَ يَوْمَ الْخَمِيسِ فِي غَزْوَةِ تَبُوكَ وَكَانَ يُحِبُّ أَنْ يَخْرُجَ يَوْمَ الْخَمِيسِ) ( بخاري)

അബ്ദുർറഹ്മാനുബ്നു കഅ്ബ്ബ്നു മാലിക്ﷺ തന്റെ പിതാവിൽ നിന്നും നിവേദനം;'പ്രവാചകൻﷺ തബൂക്ക് യുദ്ധത്തിന് വേണ്ടി വ്യാഴാഴ്ചയാണ് പുറപ്പെട്ടത്, വ്യാഴാഴ്ച പുറപ്പെടുവാൻ അദ്ദേഹം ഇഷ്ടപ്പെടാറുണ്ടായിരുന്നു' (ബുഖാരി)

(عَنْ كَعْبِ بْنِ مَالِكٍ قَالَ قَلَّمَا كَانَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَخْرُجُ فِي سَفَرٍ إِلاَّ يَوْمَ الْخَمِيسِ ) ( أبو داود)

കഅ്ബ്ബ്നു മാലികിൽ നിന്നും നിവേദനം: 'പ്രവാചകൻ വ്യാഴാഴ്ചയല്ലാതെ യാത്രപുറപ്പെടുന്നത് കുറവായിരുന്നു' (അബൂദാവൂദ്)

**യാത്രയുടെ പ്രാർത്ഥന...**

ജീവിതത്തിന്റെ വ്യത്യസ്ത മേഖലകളിൽ ചൊല്ലേണ്ട പ്രത്യേകമായ പ്രാർത്ഥനകൾ പ്രവാചകൻﷺ നമുക്ക് പഠിപ്പിച്ചിട്ടുണ്ട്. വാഹനത്തിൽ കറയുമ്പോഴും, ദീർഘമായ യാത്രപോകാനായി വാഹനത്തിൽ കയറി വാഹനം സഞ്ചരിക്കുവാൻ തുടങ്ങുമ്പോഴും പ്രത്യേകം പ്രത്യേകം പ്രാർത്ഥനകൾ പഠിപ്പിച്ചിട്ടുണ്ട്.

(عن ابْنَ عُمَرَ قال: أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ كَانَ إِذَا استوي عَلَى بَعِيرِهِ خَارِجًا إِلَى سَفَرٍ كَبَّرَ ثَلَاثًا ثُمَّ قَالَ ( سُبْحَانَ الَّذِي سَخَّرَ لَنَا هَذَا وَمَا كُنَّا لَهُ مُقْرِنِينَ وَإِنَّا إِلَى رَبِّنَا لَمُنْقَلِبُونَ ) اللَّهُمَّ إِنَّا نَسْأَلُكَ فِي سَفَرِنَا هَذَا الْبِرَّ وَالتَّقْوَى وَمِنَ الْعَمَلِ مَا تَرْضَى اللَّهُمَّ هَوِّنْ عَلَيْنَا سَفَرَنَا هَذَا وَاطْوِ عَنَّا بُعْدَهُ اللَّهُمَّ أَنْتَ الصَّاحِبُ فِي السَّفَرِ وَالْخَلِيفَةُ فِي الْأَهْلِ اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ وَعْثَاءِ السَّفَرِ وَكَآبَةِ الْمَنْظَرِ وَسُوءِ الْمُنْقَلَبِ فِي الْمَالِ وَالْأَهْلِ وَإِذَا رَجَعَ قَالَهُنَّ وَزَادَ فِيهِنَّ آيِبُونَ تَائِبُونَ عَابِدُونَ لِرَبِّنَا حَامِدُونَ ) (مسلم)

ഇബ്നുഉമർﷺവിൽ നിന്ന് നിവേദനം:‘യാത്ര പുറപ്പെടുവാനായി പ്രവാചകൻﷺ തന്റെ വാഹനപ്പുറത്ത് കയറിയാൽ മൂന്ന് പ്രാവശ്യം തക്ബീർ (الله أكبر) ചൊല്ലാറുണ്ടായിരുന്നു.എന്നിട്ട് ഇങ്ങനെ പറയും: ഞങ്ങൾക്ക് ഈ വാഹനം ഒരുക്കി തന്നവൻ പരമപരിശുദ്ധനാകുന്നു, ഞങ്ങൾക്കിത് ഒരുക്കുവാൻ കഴിവില്ലായിരുന്നു, തീർച്ചയായും ഞങ്ങൾ അവനിലേക്ക് തന്നെ മടങ്ങുന്നവരാണ്. അല്ലാഹുവെ,ഈ യാത്രയിൽ ഞങ്ങൾ നിന്നോട് പുണ്യവും,സൂക്ഷ്മതാ ബോധവും, നീ ഇഷ്ടപ്പെടുന്ന പ്രവർത്തനങ്ങളും ചോദിക്കുന്നു, അല്ലാഹുവെ, ഈ യാത്ര ഞങ്ങൾക്ക് നീ എളുപ്പമാക്കി തരികയും, ഞങ്ങളിൽ നിന്ന് ദൂരം ചുരുക്കുകയും ചെയ്യേണമേ, അല്ലാഹുവെ, യാത്രയിലെ കൂട്ടുകാരനും, വീട്ടിലെ പ്രതിനിധിയും നീയാണ്, അല്ലാഹുവെ, യാത്രയുടെ ബുദ്ധിമുട്ടുകളിൽ നിന്നും, ചീത്ത കാഴ്ചയിൽ നിന്നും, സമ്പത്തിലും കുടുംബത്തിലുമുണ്ടാകുന്ന ചീത്ത പര്യാവസാനത്തിൽ നിന്നും ഞങ്ങൾ നിന്നോട് ശരണം ചോദിക്കുന്നു’.തിരുമേനിﷺ യാത്രയിൽ നിന്ന് മടങ്ങിവന്നാൽ ഇങ്ങനെയുംകൂടി അധികരിപ്പിക്കാറുണ്ടായിരുന്നു.

‘ഞങ്ങൾ മടങ്ങുന്നവരാണ്, ഞങ്ങൾ പശ്ചാതാപിക്കുന്നവരാണ്, ഞങ്ങൾ ആരാധന ചെയ്യുന്നവരാണ്,ഞങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുന്നവരുമാകുന്നു’ (മുസ്‌ലിം)

**ഉയർന്ന സ്ഥലത്തും, താഴ്ന്ന സ്ഥലത്തും...**

സഞ്ചരിക്കുന്ന വഴികളിൽ സ്വാഭാവികമായും താഴ്ന്ന പ്രദേശങ്ങളും, ഉയർന്ന പ്രദേശങ്ങളും ഉണ്ടാകും.അങ്ങിനെയുള്ള സന്ദർഭങ്ങളിൽ പ്രവാചകൻﷺപ്രത്യേകം പ്രത്യേകം പ്രാർത്ഥനകൾ നമ്മെ പഠിപ്പിച്ചിട്ടുണ്ട്.

( وَكَانَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ وَجُيُوشُهُ إِذَا عَلَوُا الثَّنَايَا كَبَّرُوا وَإِذَا هَبَطُوا سَبَّحُوا ...) (أبو داود- صحح الألباني)

പ്രവാചകൻﷺയും, സൈന്യങ്ങളും ഉയർന്ന പ്രദേശങ്ങളിലൂടെ യാത്ര ചെയ്യുകയാണെങ്കിൽ തക്ബീർ (الله أكبر) മുഴക്കാറുണ്ടായിരുന്നു, അതിൽ നിന്നിറങ്ങി താഴ്ന്ന പ്രദേശങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ തസ്ബീഹ് (سبحان الله) ചൊല്ലാറുണ്ടായിരുന്നു’ (അബൂ ദാവൂദ്)

**പ്രാർത്ഥന അധികരിപ്പിക്കുക...**

പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്ന സന്ദർഭമാണ് യാത്രാവേളയെന്ന് പ്രവാചകൻﷺ നമ്മെ പഠിപ്പിക്കുന്നുണ്ട്.അതുകൊണ്ട് യാത്രയിൽ നമ്മുടെ ചെറുതും വലുതുമായ കാര്യങ്ങൾക്ക് വേണ്ടി സർവ്വശക്തനും, സൃഷ്ടാവുമായ പടച്ച തമ്പുരാനോട് പ്രാർത്ഥിക്കുക. ഒരു ഹദീസ് നോക്കുക:

( عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ ثَلَاثُ دَعَوَاتٍ مُسْتَجَابَاتٌ لاَ شَكَّ فِيهِنَّ دَعْوَةُ الْمَظْلُومِ وَدَعْوَةُ الْمُسَافِرِ وَدَعْوَةُ الْوَالِدِ عَلَى وَلَدِهِ ) (ترمزي)

അബൂഹുറയ്റ ﵁ വിൽ നിന്ന്; റസൂലുല്ലാഹ് ﷺ പറയുകയുണ്ടായി: 'മൂന്ന് പ്രാർത്ഥനകൾ ഉത്തരം ലഭിക്കുന്നതാകുന്നു, അതിൽ യാതൊരു സംശയവുമില്ല. അക്രമിക്കപ്പെട്ടവന്റെ പ്രാർത്ഥന, യാത്രക്കാരന്റെ പ്രാർത്ഥന, സന്താനത്തിനെതിരെയുള്ള പിതാവിന്റെ പ്രാർത്ഥന. എന്നിവയാണവ' (തിർമിദി).

**എവിടെയെങ്കിലും ഇറങ്ങുമ്പോൾ...**

സുദീർഘമായി യാത്ര ചെയ്യുമ്പോൾ വിശ്രമിക്കുവാനും മറ്റും വേണ്ടി നമുക്ക് അറിയുന്നതോ, അറിയാത്തതോ ആയിട്ടുള്ള സ്ഥലങ്ങളിൽ ഇറങ്ങേണ്ടി വരുന്നതാണ്.ആ സന്ദർഭങ്ങളിൽ റസൂലുല്ലാഹ് ﷺ പഠിപ്പിച്ച പ്രാർത്ഥന നാം ജീവിതത്തിൽ പ്രാവർത്തികമാക്കുകയാണെങ്കിൽ അവിടെ നിന്ന് നമുക്ക് യാതൊരു ഉപദ്രവവുമുണ്ടാവുകയില്ല.

( سَعْدَ بْنَ أَبِي وَقَّاصٍ يَقُولُ سَمِعْتُ خَوْلَةَ بِنْتَ حَكِيمٍ السُّلَمِيَّةَ تَقُولُ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ مَنْ نَزَلَ مَنْزِلاً ثُمَّ قَالَ أَعُوذُ بِكَلِمَاتِ اللَّهِ التَّامَّاتِ مِنْ شَرِّ مَا خَلَقَ لَمْ يَضُرَّهُ شَيْءٌ حَتَّى يَرْتَحِلَ مِنْ مَنْزِلِهِ ذَلِكَ ) (مسلم)

സഅദ്ബ്നു അബീവഖാസ് ﵁ വിൽ നിന്നും നിവേദനം: ഖൗലാബിന്ത് ഹഖീമുസ്സുലമി പറയുന്നതായി ഞാൻ കേട്ടു, റസൂലുല്ലാഹ് ﷺ പറയുന്നതായി ഞാൻ കേൾക്കുകയുണ്ടായി: 'ആരെങ്കിലും ഒരു സ്ഥലത്ത് ഇറങ്ങുകയും, ഇങ്ങനെ പ്രാർത്ഥിക്കുകയും ചെ

യ്താല്‍ 'അല്ലാഹുവിന്റെ പരിപൂര്‍ണ പദങ്ങള്‍ കൊണ്ട് സൃഷ്ടികളുടെ മുഴുവന്‍ ഉപദ്രവങ്ങളില്‍ നിന്നും ഞാന്‍ രക്ഷ ചോദിക്കുന്നു' എന്ന് പ്രാര്‍ത്ഥിക്കുകയാണെങ്കില്‍ അവിടെ നിന്നും തിരിച്ച് യാത്ര പുറപ്പെടുന്നത് വരെ അവന് യാതൊരു ഉപദ്രവവുമേല്‍ക്കുകയില്ല തന്നെ' (മുസ്‌ലിം).

**ഒന്നിച്ച് ഇറങ്ങുകയും, ഭക്ഷണം കഴിക്കുകയും...**

യാത്രയുടെ മര്യാദകളില്‍ പെട്ടതും, പ്രാര്‍ത്ഥനക്ക് ഉത്തരം ലഭിക്കുവാനുള്ള സാഹചര്യം ഒരുക്കുന്നതിലും പെട്ടതാണ് ഒന്നിച്ച് ഇറങ്ങുകയും, ഒന്നിച്ചിരുന്നത് ഭക്ഷണം കഴിക്കുകയും ചെയ്യുക എന്നുള്ളത്.

( حَدَّثَنَا أَبُو ثَعْلَبَةَ الْخُشَنِيُّ قَالَ كَانَ النَّاسُ إِذَا نَزَلُوا مَنْزِلاً قَالَ عَمْرٌو كَانَ النَّاسُ إِذَا نَـزَلَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ مَنْزِلاً تَفَرَّقُوا فِي الشِّعَابِ وَالأَوْدِيَةِ فَقَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ إِنَّ تَفَرُّقَكُمْ فِي هَذِهِ الشِّعَابِ وَالأَوْدِيَةِ إِنَّمَا ذَلِكُـمْ مِـنَ الشَّـيْطَانِ فَلَـمْ يَنْزِلْ بَعْدَ ذَلِكَ مَنْزِلاً إِلاَّ انْضَمَّ بَعْضُهُمْ إِلَى بَعْضٍ حَتَّى يُقَالَ لَوْ بُسِطَ عَلَيْهِمْ ثَوْبٌ لَعَمَّهُـمْ ) (أبوداود- صحح الألباني)

അബൂഥഅ്ലബ അല്‍ഖുശനിയ്യ്ﷺവില്‍ നിന്ന് നിവേദനം: 'ജനങ്ങള്‍ എവിടെയെങ്കിലും ഇറങ്ങിയാല്‍, അംറ് പറയുന്നു: ജനങ്ങള്‍ പ്രവാചകനോടൊപ്പം എവിടെയെങ്കിലും ഇറങ്ങുകയാണെങ്കില്‍ പല വഴികളിലൂടെ, പല താഴ്‌വരകളിലൂടെ അവര്‍ പോകുമായിരുന്നു, അപ്പോള്‍ പ്രവാചകന്‍ﷺ പറയുകയുകയുണ്ടായി: ഈ താഴ്‌വരകളിലും,കുന്നിന്‍ ചെരുവുകളിലും ഇങ്ങനെ നിങ്ങള്‍ ഭിന്നിച്ച് നടക്കുകയെന്ന് പിശാചില്‍ നിന്നുള്ളതാകുന്നു. അതിന് ശേഷം അവര്‍ എവിടെയെങ്കിലും ഇറങ്ങുകയാണെങ്കില്‍ ഒരു തു

ണി കൊണ്ട് അവരെ വലയം ചെയ്യുവാൻ കഴിയുന്ന രൂപത്തിൽ കൂട്ടമായി നടക്കുമായിരുന്നു'(അബൂദാവൂദ്, അൽബാനി സ്വഹീഹാക്കിയ ഹദീസ്).

(حَدَّثَنَا وَحْشِيُّ بْنُ حَرْبِ بْنِ وَحْشِيِّ بْنِ حَرْبٍ عَنْ أَبِيهِ عَنْ جَدِّهِ وَحْشِيٍّ أَنَّهُمْ قَالُوا يَا رَسُولَ اللَّهِ إِنَّا نَأْكُلُ وَلاَ نَشْبَعُ قَالَ فَلَعَلَّكُمْ تَأْكُلُونَ مُتَفَرِّقِينَ قَالُوا نَعَمْ قَالَ فَاجْتَمِعُوا عَلَى طَعَامِكُمْ وَاذْكُرُوا اسْمَ اللَّهِ عَلَيْهِ يُبَارَكْ لَكُمْ فِيهِ ) (أبو داود)

വഹ്ശിയ്യുബ്നു ഹർബുബ്നു വഹ്ശി ﷺ തന്റെ പിതാവിൽ നിന്നും, അദ്ദേഹം തന്റെ പിതാവിൽ നിന്നും പറയുന്നു: അവർ റസൂലുല്ലാഹ് ﷺ യോട് പറയുകയുണ്ടായി:പ്രവാചകരെ,ഞങ്ങൾ ഭക്ഷണം കഴിക്കാറുണ്ട്, പക്ഷേ, വിശപ്പടങ്ങാറില്ല. തിരുമേനി പറഞ്ഞു: നിങ്ങൾ ഒരുപക്ഷേ, ഒറ്റക്കൊറ്റക്കായിരിക്കും ഭക്ഷണം കഴിക്കുന്നത്, അവർ പറയുകയുണ്ടായി: അതെ, പറഞ്ഞു: നിങ്ങൾ ഭക്ഷണം കഴിക്കുവാനായി ഒരുമിക്കുകയും, അതിൽ അല്ലാഹുവിന്റെ നാമം ഉച്ചരിക്കുകയും ചെയ്യുക.നിങ്ങൾക്കതിൽ അല്ലാഹു അനുഗ്രഹം ചൊരിഞ്ഞേക്കാം' (അബൂദാവൂദ്).

**പെട്ടെന്ന് മടങ്ങുക...**

യാത്രയുടെ ഉദ്ദേശം പൂർത്തിയായി കഴിഞ്ഞാൽ പെട്ടെന്ന് സ്വന്തം നാട്ടിലേക്കും, കുടുംബത്തിലേക്കും മടങ്ങേണ്ടതാണ്.അതാണ് പ്രവാചകൻ ﷺ നമ്മെ പഠിപ്പിക്കുന്നത്. ഒരു ഹദീസ് നാം മനസിലാക്കുക:

(عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْه أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: السَّفَرُ قِطْعَةٌ مِنَ الْعَذَابِ يَمْنَعُ أَحَدَكُمْ نَوْمَهُ وَطَعَامَهُ وَشَرَابَهُ فَإِذَا قَضَى أَحَدُكُمْ نَهْمَتَهُ فَلْيُعَجِّلْ إِلَى أَهْلِهِ ) (بخاري)

അബൂഹുറൈറ(رضي الله عنه)വിൽ നിന്ന് നിവേദനം: 'റസൂലുല്ലാഹ്(ﷺ)പറയുകയുണ്ടായി: 'ശിക്ഷയുടെ ഒരു ഭാഗമാകുന്ന യാത്ര, അത് നിങ്ങളുടെ ഉറക്കത്തെയും, ഭക്ഷണത്തെയും,പാനീയത്തെയും തടയുന്നു. ആരുടെയെങ്കിലും (യാത്രയുടെ) ഉദ്ദേശം പൂർത്തിയായാൽ അവൻ പെട്ടെന്ന് തന്റെ വീട്ടുകാരുടെ അടുത്തേക്ക് മടങ്ങേണ്ടതാകുന്നു' (ബുഖാരി)

**രാത്രിയിലുള്ള പ്രവേശനം...**

യാത്ര കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുമ്പോൾ വീട്ടുകാരെ അറിയിക്കേണ്ടതുണ്ട്, പെട്ടെന്ന് കയറി ചെല്ലരുത്. ചിലരെങ്കിലും വീട്ടുകാരെ അറിയിക്കാതെ പെട്ടെന്ന് കയറിചെന്ന് വീട്ടുകാരെ വിസ്മയിപ്പിക്കാറുണ്ട്. ഇത് പ്രവാചകൻ(ﷺ) വിരോധിച്ച കാര്യമാണ്. ആയതിനാൽ വീട്ടുകാരെ അറിയിച്ചുകൊണ്ടായിരിക്കണം വീട്ടിലേക്ക് പ്രവേശിക്കേണ്ടത്.

( عَنْ جَابِرٍ قَالَ نَهَى رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ أَنْ يَطْرُقَ الرَّجُلُ أَهْلَـهُ لَيْـلاً يَتَخَوَّنُهُمْ أَوْ يَلْتَمِسُ عَثَرَاتِهِمْ ) (مسلم)

ജാബിർ(رضي الله عنه)വിൽനിന്നും നിവേദനം: 'രാത്രിയിൽ കുടുംബത്തിലേക്ക് അറിയിക്കാതെ പെട്ടെന്ന് കയറി ചെല്ലുന്നത് റസൂലുല്ലാഹ്(ﷺ) വിലക്കിയിരിക്കുന്നു.അതുപോലെ അവരെ നിങ്ങൾ വഞ്ചിക്കുകയോ, അവരുടെ കുറവുകൾ നിങ്ങൾ ചുഴിഞ്ഞന്വേഷിക്കുകയോ ചെയ്യരുത്' (മുസ്‌ലിം)

(عَنْ جَابِرٍ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَـلَّمَ إِذَا قَـدِمَ أَحَـدُكُمْ لَيْـلاً لاَ يَأْتِيَنَّ أَهْلَهُ طُرُوقًـا (فجـأةً) حَـتَّى تَسْـتَحِدَّ (حلـق الشـعرة في العـورة) الْمُغِيبَـةُ (الزوجة التي غاب عنها) وَتَمْتَشِطَ الشَّعِثَةُ ) (بخاري)

ജാബിർﷺവിൽ നിന്നും നിവേദനം: പ്രവാചകൻﷺ പറയുകയുണ്ടായി: 'നിങ്ങളിൽ ആരെങ്കിലും രാത്രിയിൽ തന്റെ കുടുംബത്തിലേക്ക് മടങ്ങുകയാണെങ്കിൽ ഭാര്യക്ക് ശരീരത്തിലെ മ്ലേഛതകൾ നീക്കുവാനും, മുടി ചീകി ഒതുക്കുവാനുമുള്ള സൗകര്യം നൽകാത്തത്വരെ നിങ്ങളാരും വീട്ടിലേക്ക് പെട്ടെന്ന് കയറി ചെല്ലരുത്' (ബുഖാരി)

**പള്ളിയിൽ രണ്ട് റകഅത്ത്...**

യാത്ര കഴിഞ്ഞ് നാട്ടിലെത്തിയാൽ അടുത്ത പള്ളിയിൽ പ്രവേശിച്ച് രണ്ട് റകഅത്ത് നമസ്കരിക്കൽ സുന്നത്താണ്. അതിനെ സംബന്ധിച്ച് പ്രവാചകൻﷺ പറയുന്നത് നാം നോക്കുക:

(عَنْ كَعْبٍ رَضِي اللَّه عَنْه أَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ كَانَ إِذَا قَدِمَ مِنْ سَفَرٍ ضُحًى دَخَلَ الْمَسْجِدَ فَصَلَّى رَكْعَتَيْنِ قَبْلَ أَنْ يَجْلِسَ) (بخاري)

കഅബ്ﷺവിൽ നിന്ന് നിവേദനം: പ്രവാചകൻﷺ യാത്രയിൽ നിന്നും ളുഹാ സമയത്ത് മടങ്ങി വന്നാൽ പള്ളിയിൽ പ്രവേശിക്കുകയും, ഇരിക്കുന്നതിന് മുമ്പ് രണ്ട് റകഅത്ത് നമസ്കരിക്കുകയും ചെയ്യാറുണ്ടായിരുന്നു' (ബുഖാരി)

**ജംഉം, കസ്റും...**

ഇസ്ലാം പ്രയാസരഹിതമായ മതമാണ്,അതുകൊണ്ട് തന്നെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും അഭിമുഖീകരിക്കേണ്ടി വരുന്ന യാത്രയിൽ അല്ലാഹു ചില ഇളവുകൾ നൽകിയിട്ടുണ്ട്. നാല് റകഅത്തുള്ള നമസ്കാരങ്ങൾ രണ്ട് റകഅത്തായി ചുരുക്കുവാനും, ളുഹറും അസ്വറും ഏതെങ്കിലും ഒന്നിന്റെ സമയത്തും, മഗ്രിബും ഇശാഉം ഏതെങ്കിലും ഒന്നിന്റെ സമയത്തും കൂട്ടി നമസ്

കരിക്കുവാനും അനുവാദം നൽകിയിരിക്കുന്നു. ഇതിന് ശരീഅത്തിൽ ജംഉം കസ്റുമെന്നാണ് പറയുക. ഹദീസ് ശ്രദ്ധിക്കുക:

( عَنِ ابْنِ عَبَّاسٍ قَالَ أَقَمْنَا مَعَ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ فِي سَفَرٍ تِسْعَ عَشْرَةَ نَقْصُرُ الصَّلَاةَ) (بخاري)

ഇബ്നു അബ്ബാസ്ﷺ പറയുന്നു: ഞങ്ങൾ പ്രവാചകൻﷺയുടെ കൂടെ പത്തൊൻപത് ദിവസം(യാത്രയിൽ) ഉണ്ടായിരുന്നു,ഞങ്ങൾ നമസ്കാരം ചുരുക്കിയിരുന്നു' (ബുഖാരി).

ഇബ്നുഅബ്ബാസ്ﷺവിനോട് ഒരിക്കൽ ഒരാൾ യാത്രയിൽ വന്നുകൊണ്ട് നമസ്കാര സമയമായി എന്ന് പറഞ്ഞപ്പോൾ ഇബ്നു അബ്ബാസ് നിശബ്ദനായിരുന്നു, ചോദ്യം മൂന്ന് പ്രാവശ്യം ആവർത്തിച്ചു, അപ്പോൾ ഇബ്നു അബ്ബാസ് അദ്ദേഹത്തോട് പറയുന്നത് നാം ഹദീസിൽ നിന്ന് ശ്രദ്ധിക്കുക:

عَنْ عَبْدِ اللَّهِ بْنِ عَبَّاسٍ قَالَ كُنَّا نَجْمَعُ بَيْنَ الصَّلَاتَيْنِ عَلَى عَهْدِ رَسُولِ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ ) (مسلم)

ഇബ്നു അബ്ബാസ്ﷺ പറഞ്ഞു:'ഞങ്ങൾ പ്രവാചകൻﷺയുടെ കാലത്ത് രണ്ട് നമസ്കാരങ്ങൾ ഒന്നിച്ച് നമസ്കരിക്കാറുണ്ടായിരുന്നു' (മുസ്ലിം).

**ശ്രദ്ധിക്കുക...**

ഇസ്ലാമിനെ ശരിക്കും പഠിക്കുകയോ, ജീവിതത്തിൽ പകർത്തുകയോ ചെയ്യാത്തത് കാരണത്താൽ പല അനാചാരങ്ങളും, അന്ധവിശ്വാസങ്ങളും മുസ്ലീംകളുടെ ഇടയിലേക്ക് കടന്ന് വന്നിട്ടുണ്ടെന്നത് ഒരു യാഥാർത്ഥ്യമാണ്.യാത്ര പോകുമ്പോഴും ഇസ്ലാം പഠിപ്പിക്കാത്ത ഒരുപാട് അനാചാരങ്ങൾ നമ്മുടെ നാടു

കളിലും മറ്റും കാണാം. ഹജ്ജിനും,ഉംറക്കും പോകുന്നവർ കല്ല്യാണം നടത്തുന്നത് പോലെയുള്ള ആഘോഷ പരിപാടികളാണ് നടത്തി കൊണ്ടിരിക്കുന്നത്. എന്നാൽ ഇതിന് ഇസ്‌ലാമിൽ തെളിവില്ല,മറിച്ച് നാം മുകളിൽ വിശദമാക്കിയത് പോലെ യാത്ര ചോദിക്കൽ മാത്രമാണുള്ളത്. അതു പോലെ യാത്ര പോകുമ്പോൾ പള്ളികളിലെ പണ്ഡിതൻമാരെ വീട്ടിലേക്ക് ക്ഷണിക്കുകയും, അദ്ദേഹം സൂറത്തുൽ ഫാത്വിഹയും, ചെറിയ ചില സുറത്തുകളും പാരായണം ചെയ്യുകയും,അത് മുഴുവൻ പ്രവാചകൻമാരുടെയും, ശുഹദാക്കളുടെയും, പണ്ഡിതൻമാരുടെയും, ഔലിയാക്കളുടെയും ആത്മാവുകളിലേക്ക് ഹദ്‌യ നൽകി യാത്ര പോകുന്നവന് മനസിലാകാത്ത ഭാഷയിൽ കുറേ നേരം പ്രാർത്ഥിക്കുകയും, ഭക്ഷണവും, കൈമടക്കും സംഭരിക്കുന്നതായി നമുക്ക് കാണാവുന്നതാണ്. എന്നാൽ ഇങ്ങനെ ഒരു ചര്യ പ്രവാചകനോ, സ്വഹാബികളോ നമ്മെ പഠിപ്പിച്ചതായി നമുക്ക് കാണാൻ കഴിയുന്നില്ല.ഇത് ഇസ്‌ലാമിൽ പൗരോഹിത്യമുണ്ടാക്കിയ കാര്യമാണ്. ഇസ്‌ലാമിൽ തെളിവില്ലാത്തത് കാരണത്താൽ അത് നടപ്പിലാക്കേണ്ട ബാധ്യത മുസ്‌ലിമിനില്ല തന്നെ. മാത്രവുമല്ല ഇസ്‌ലാം പഠിപ്പിക്കാത്ത ഹക്ക് ജാഹ് ബർക്കത്തുകൊണ്ടും പ്രാർത്ഥിക്കുന്നതായി കാണാം. ഇങ്ങനെ ഒരു പ്രാർത്ഥനയുടെ രൂപം ഇസ്‌ലാം പഠിപ്പിച്ചില്ല.വിശുദ്ധഖുർആനിലും, തിരുസുന്നത്തിലും ഒട്ടനവധി പ്രാർത്ഥനകൾ നമുക്ക് കാണാനാവും, എന്നാൽ ഇങ്ങനെ ഹക്ക് ജാഹ് കൊണ്ടുള്ള പ്രാർത്ഥന കാണാൻ കിഴയുന്നില്ല. അത്കൊണ്ട് നാം അങ്ങിനെയുള്ള പ്രാർത്ഥന നടത്തുവാനോ, അതിൽ പങ്കെടുക്കുവാനോ പാടില്ലാത്തതാണ്. ഇതെല്ലാം തന്നെ ദീനിൽ ഉണ്ടാക്കിയിട്ടുള്ള പുത്തനാചാരങ്ങളാണ്. റസൂലുല്ലാഹ് പറയുന്നത് കാണുക:

( عَنْ جَابِرِ بْنِ عَبْدِ اللَّهِ قَالَ كَانَ رَسُولُ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يَقُولُ فِي خُطْبَتِهِ ... وَشَرُّ الْأُمُورِ مُحْدَثَاتُهَا وَكُلُّ مُحْدَثَةٍ بِدْعَةٌ وَكُلُّ بِدْعَةٍ ضَلَالَةٌ وَكُلُّ ضَلَالَةٍ فِي النَّارِ ....) (مسلم والنسائي أبوداود ودارمي )

ജാബിറുബ്നു അബ്ദുല്ലാഹ്ﷺവിൽ നിന്ന്, റസൂലുല്ലാഹ്ﷺ തന്റെ ഖുതുബയിൽ പറയാറുണ്ടായിരുന്നു'കാര്യങ്ങളിൽ ഏറ്റവും മോശമായത് (ദീനിൽ) പുതുതായുണ്ടാക്കിയതാണ്, എല്ലാ പുതുതായുണ്ടാക്കിയതും ബിദ്അത്തുകളാണ്, എല്ലാ ബിദ്അത്തുകളും വഴികേടാണ്, എല്ലാ വഴികേടും നരകത്തിലേക്കാകുന്നു...' (മുസ്ലിം, നസാഇ, അബൂദാവൂദ്, ദാരിമി)

യാഥാർത്ഥ സുന്നത്തെന്താണെന്ന് പഠിക്കുവാനും, അവ ജീവിതത്തിൽ പകർത്തുവാനും പരമ കാരുണികനും കരുണാവാരിധിയുമായ അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാവടെ, ആമീൻ.

## വഴിയിൽ പാലിക്കേണ്ട മര്യാദകൾ

മനുഷ്യ ജീവിതത്തിലെ മുഴുവൻ മേഖലകളിലേക്കും വെളിച്ചം വീശുന്ന ഇസ്ലാമിക നിയമം മനുഷ്യർ യാത്ര ചെയ്യുന്ന വഴിയിൽ ഓരോ വ്യക്തിയും പാലിക്കേണ്ട ഒട്ടനവധി നിയമങ്ങൾ പഠിപ്പിക്കുന്നുണ്ട്. കാരണം സാമൂഹ്യമായി ജീവിക്കുന്ന മനുഷ്യ സമൂഹത്തിന്റെ നിലനിൽപിനും, ധാർമിക മൂല്യങ്ങളുടെ സംരക്ഷണത്തിനും അത്യാവശ്യമാണത്.

ഒരുദിവസം നബിﷺ അനുചരൻമാരോടായി പറയുകയുണ്ടായി:

قال النبي صلى الله عليه وسلم لأصحابه: (إياكم والجلوسَ على الطرقات) فقالوا: ما لنا بد، إنما هي مجالسنا نتحدث فيها. قال صلى الله عليه وسلم: (فإذا أبيتم إلا المجالس؛ فأعطوا الطريق حقها). قالوا: وما حق الطريق؟ قال صلى الله عليه وسلم: (غض البصر، وكف الأذى، ورد السلام، وأمر بالمعروف، ونهى عن المنكر) [متفق عليه].

'വഴിയോരങ്ങളിൽ ഇരിക്കുന്നതിനെ നിങ്ങൾ സൂക്ഷിക്കുക, അവർ പറയുകയുണ്ടായി: ഞങ്ങൾക്കങ്ങിനെ ഇരിക്കൽ അനിവാര്യമാണല്ലോ? വാർത്തകളും, മറ്റും സംസാരിച്ചിരിക്കുവാനുള്ള ഞങ്ങളുടെ സദസ്സുകളാണല്ലോ വഴികൾ?. അപ്പോൾ റസൂലുല്ലാഹ്ﷺ പറയുകയുണ്ടായി:'നിങ്ങൾ വിസമ്മതിക്കുകയാണെങ്കിൽ, വഴിയുടെ അവകാശങ്ങൾ നിങ്ങൾ വകവെച്ച് കൊടുക്കുക. അവർ ചോദിക്കുകയുണ്ടായി: 'എന്താണ് വഴിയുടെ അവകാശങ്ങൾ?' റസൂൽﷺപറയുകയുണ്ടായി: 'ദൃഷ്ടികൾ താഴ്തുക, ഉപദ്രവങ്ങൾ തടയുക, സലാം മടക്കുക, നന്മ കൽപിക്കുകയും, തിന്മ വിരോധിക്കുകയും ചെയ്യുക' (മുത്തഫഖുൻ അലൈഹി)

**വഴി പൊതുവാണ്...**

മനുഷ്യർ സഞ്ചരിച്ച് കൊണ്ടിരിക്കുന്ന വഴികൾ പൊതുവാണ്, ആരുടെയും സ്വകാര്യ സ്വത്തല്ല. അത് മുഴുവൻ മനുഷ്യർക്കുമുള്ളതാണ്. വഴികൾ നമ്മുടെ വീടിന്റെ ഒരു ഭാഗമായിരുന്നെങ്കിൽ നാം അത് എത്രമാത്രം സംരക്ഷിക്കുകയും, സൂക്ഷിക്കുകയും, വൃത്തിയാക്കുകയും ചെയ്യും. അതുപോലെ നാം വ

ഴികളെ സംരക്ഷിക്കുകയും, വഴിയിൽ നാം പാലിക്കേണ്ട ഇസ്ലാമിക മര്യാദകൾ പാലിക്കുകയും ചെയ്യുക.

### ദൃഷ്ടികൾ താഴ്തുക...

അല്ലാഹുവിന്റെ കൽപനകൾ അംഗീകരിക്കുന്ന മുസ്‌ലിം നിഷിദ്ധങ്ങളെ തൊട്ട് കണ്ണുകളെ സൂക്ഷിക്കേണ്ടതുണ്ട്. അല്ലാഹു പറയുന്നു:

{قل للمؤمنين يغضوا من أبصارهم ويحفظوا فروجهم ذلك أزكى لهم إن الله خبير بما يصنعون . وقل للمؤمنات يغضضن من أبصارهن ويحفظن فروجهن}[النور: ٣٠-٣١]

‘(നബിയേ,) നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും, ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും പറയുക. അതാണ് അവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു. സത്യവിശ്വാസിനികളോടും അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തു സൂക്ഷിക്കുവാനും’ (നൂർ: 30,31)

### ഉപദ്രവങ്ങളും, തടസ്സങ്ങളും നീക്കുക...

വഴികളിലുള്ള മുള്ളുകൾ, കുപ്പിചില്ലുകൾ, കല്ലുകൾ പോലെയുള്ള ഉപദ്രവമേൽപിക്കുന്ന തടസ്സങ്ങളെ നീക്കേണ്ടതും, അഴുക്കുകൾ വ്യത്തിയാക്കേണ്ടതും വിശ്വാസിയുടെ ബാധ്യതയും, സ്വഭാവവുമാകുന്നു. ഒരു ഹദീസ് കാണുക:

قال صلى الله عليه وسلم: (... وتميط الأذى عن الطريق صدقة) [متفق عليه].

റസൂൽﷺ പറയുകയുണ്ടായി: ‘വഴികളിൽ നിന്ന് ഉപദ്രവങ്ങൾ നീക്കുന്നത് സ്വദഖ:യാണ്’ (മുത്തഫഖുൻ അലൈഹി)

വഴികളിൽ വെച്ച് മലമൂത്ര വിസർജനം നടത്തുന്നത് പാടെ ഒഴിവാക്കുക, കാരണം അത് മറ്റുള്ളവർക്ക് ഉപദ്രവമുണ്ടാക്കും. കളിയും, അസ്വീകാര്യമായി തമാശകളും വഴികളിൽ നിന്ന് ഉപേക്ഷിക്കുക. വഴിയാത്രക്കാരെ പരിഹസിക്കുകയും, നിന്ദിക്കുകയോ ചെയ്യാതിരിക്കുകയും, അവർക്ക് തടസ്സമുണ്ടാക്കാതിരിക്കുകയും ചെയ്യുക. സ്ത്രീകളോട് അപമര്യാദയായി പെരുമാറാതിരിക്കുക. പരമാവധി യാത്രക്ക് സുഖകരമായ സാഹചര്യമൊരുക്കി കൊടുക്കുകയെന്നതാണ് ഒരോരോ മുസ്‌ലിമിന്റെയും ബാധ്യത. വാഹനമോടിക്കുന്നവർ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ് തന്റെ വാഹനം കൊണ്ടും, ഡ്രൈവിംഗ് കൊണ്ടും മറ്റൊരു വാഹനത്തിനോ, യാത്രക്കാരനോ ഉപദ്രവമുണ്ടാകാൻ പാടില്ലെന്ന കാര്യം. ആയതിനാൽ ട്രാഫിക് നിയമങ്ങൾ പാലിക്കേണ്ടത് അനിവാര്യമാണ്. അത് യാത്ര സുഖമമാക്കുന്നതിന്റെ ഭാഗമാണ് താനും. യാത്രയിലും, വഴികളിലും, റോഡുകളിലും വയസ്സായവരെയും, കുട്ടികളെയും, എല്ലാം നഷ്ടപ്പെട്ട വഴിയാത്രക്കാരെയും പരിഗണിക്കുകയും, മുൻഗണന നൽകുകയും, സഹായിക്കുകയും ചെയ്യേണ്ടതുണ്ട്.അതുപോലെ റോഡിലേക്കും, വഴികളിലേക്കും മാലിന്യങ്ങളും, ഉപദ്രവങ്ങളും, ചപ്പു ചവറുകളും, അഴുക്ക് വെള്ളവും വലിച്ചെറിയുന്നത് മനുഷ്യർക്ക് ചേർന്ന പണിയല്ല,പ്രത്യേകിച്ച് മുസ്‌ലീംകൾക്ക് ഒട്ടും ചേർന്നതല്ല.

**സലാം മടക്കുക...**

വഴിയാത്രക്കാർ സലാം കൊണ്ട് അഭിവാദ്യം ചെയ്താൽ അതിന് നല്ല രൂപത്തിൽ തന്നെ സലാം മടക്കേണ്ടതുണ്ട്. അതിന്റെ രൂപങ്ങൾ സലാമിന്റെ മര്യാദകൾ എന്ന അദ്ധ്യായത്തിൽ നോക്കുക.

**നന്മ കൽപിക്കുക, തിന്മ വിരോധിക്കുക...**

നന്മ കൽപിക്കുന്നതും, തിന്മ വിരോധിക്കുന്നതും ഏത് സാഹചര്യങ്ങളിലും മുസ്‌ലിമിന്റെ ബാധ്യതയിൽ പെട്ടതാണ്. അത് കൊണ്ട് തന്നെ വഴിയിൽ വെച്ചും അത് ചെയ്യണം വഴിയിൽ വെച്ചും അത് ചെയ്യണം:

قال صلى الله عليه وسلم: (من رأى منكم منكرًا فليغيره بيده، فإن لـم يسـتطع فبلسانه، فإن لم يستطع فبقلبه، وذلك أضعف الإيمان) [متفق عليه].

നബിﷺ പറയുകയുണ്ടായി:‘നിങ്ങളിൽ ആരെങ്കിലും ഒരു തിൻമ കാണുകയാണെങ്കിൽ അവൻ അത് തൻെ കൈ കൊണ്ട് തടയട്ടെ, അതിന് സാധ്യമല്ലെങ്കിൽ തന്റെ നാവ് കൊണ്ടതിനെ തടയട്ടെ, അതിനും സാധ്യമല്ലെങ്കിൽ ഹൃദയം കൊണ്ടതിനെ വെറുക്കട്ടെ, അതാണ് വിശ്വാസത്തിന്റെ ഏറ്റവും ദുർബ്ബലമായ അവസ്ഥ’ (മുത്തഫഖുൻ അലൈഹി)

**സഹായിക്കുക...**

വഴിയാത്രക്കാരെ സഹായിക്കുക, വയസ്സായവരെ വാഹനം കയറാനും മറ്റും സഹായിക്കൽ, വഴി തെറ്റിയവർക്ക് മാർഗ നിർദ്ധേശം നൽകൽ, തർക്കങ്ങളും, വഴക്കുകളും കഴിവിന്റെ പരമാവധി പറഞ്ഞ് പരിഹരിക്കൽ തുടങ്ങിയവ നാം പരിഗണിക്കേണ്ടതുണ്ട്. അന്യരുടെ പ്രശ്നങ്ങളും, പ്രയാസങ്ങളും പരിഹരിക്കൽ വളരെ പുണ്യവും പ്രതിഫലാർഹവുമാണെന്ന് ഇസ്‌ലാം നമ്മെ പഠിപ്പിച്ചിരിക്കുന്നു.

**മിതത്വവും, വിനയവും...**

മുസ്‌ലിമിന്റെ നടത്തവും, സഞ്ചാരവും മിതമായിരിക്കണം. അഹങ്കാരത്തിന്റെയോ,പൊങ്ങച്ചത്തിന്റെയോ നടത്തം മുസ്‌ലിമിന് പാടില്ലാത്തതാണ്. അല്ലാഹു പറയുന്നു:

{واقصد في مشيك} [لقمان: ١٩].

(നിന്റെ നടത്തത്തിൽ നീ മിതത്വം പാലിക്കുക.) (ലുഖ്മാൻ: 19)

{ولا تمش في الأرض مرحًا إنك لن تخرق الأرض ولا لن تبلغ الجبال طولاً} [الإسراء: ٣٧].

'നീ ഭൂമിയിൽ അഹന്തയോടെ നടക്കരുത്. തീർച്ചയായും നിനക്ക് ഭൂമിയെ പിളർക്കാനൊന്നുമാവില്ല. ഉയരത്തിൽ നിനക്ക് പർവ്വതങ്ങൾക്കൊപ്പമെത്താനും ആവില്ല, തീർച്ച' (ഇസ്റാഅ്: 37).

റോഡിന്റെയും, വഴിയുടെയും ഓരം ചേർന്ന് നടക്കുക, ശ്രദ്ധയോടെ സാവധാനം വഴികൾ മുറിച്ച് കടക്കുക, വഴികളിൽ ഉപയോഗ ശൂന്യമായ വസ്തുക്കൾ വലിച്ചെറിയാതിരിക്കുക, വഴികളിൽ ശബ്ദ കോലാഹലങ്ങളും, വഴക്കുകളും പരിപൂർണമായും ഒഴിവാക്കുക തുടങ്ങിയ കാര്യങ്ങളെല്ലാം തന്നെ വഴിയിൽ നാം പാലിക്കേണ്ട മര്യാദകളിൽ പെട്ടതാകുന്നു.

## സദസ്സുകളിലെ മര്യാദകൾ

(يَاأَيُّهَا الَّذِينَ آمَنُوا إِذَا قِيلَ لَكُمْ تَفَسَّحُوا فِي الْمَجَالِسِ فَافْسَحُوا يَفْسَحْ اللَّهُ لَكُمْ وَإِذَا قِيلَ انشُزُوا فَانشُزُوا يَرْفَعْ اللَّهُ الَّذِينَ آمَنُوا مِنْكُمْ وَالَّذِينَ أُوتُوا الْعِلْمَ دَرَجَاتٍ وَاللَّهُ بِمَا تَعْمَلُونَ خَبِيرٌ) (المجادلة: ١١ )

'സത്യവിശ്വാസികളേ,നിങ്ങൾ സദസ്സുകളിൽ സൗകര്യപ്പെടുത്തി കൊടുക്കുക എന്ന് നിങ്ങളോടു പറയപ്പെട്ടാൽ നിങ്ങൾ സൗകര്യപ്പെടുത്തി കൊടുക്കണം.എങ്കിൽ അല്ലാഹു നിങ്ങൾക്കും സൗകര്യപ്പെടുത്തിത്തരുന്നതാണ്.നിങ്ങൾ എഴുന്നേറ്റ് പോകണമെന്ന്

പറയപ്പെട്ടാൽ നിങ്ങൾ എഴുന്നേറ്റ് പോകണം. നിങ്ങളിൽ നിന്ന് വിശ്വസിച്ചവരെയും വിജ്ഞാനം നൽകപ്പെട്ടവരെയും അല്ലാഹു പല പടികൾ ഉയർത്തുന്നതാണ്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു"(മുജാദല:11)

ഇസ്‌ലാം എല്ലാ കാര്യങ്ങളും മര്യാദകളും, പാലിക്കേണ്ട കാര്യങ്ങളും പഠിപ്പിക്കുന്നു. അതിൽ ഒന്നാണ് സദസ്സുകളിൽ പാലിക്കേണ്ട മര്യാദകൾ:

**അല്ലാഹുവിനെ ഓർക്കുക...**

സദസ്സുകളിൽ വെച്ച് അല്ലാഹുവിനെ ഓർക്കേണ്ടതുണ്ട്, അതായത് അല്ലാഹുവിനെ സ്തുതിക്കുകയും വാഴ്ത്തിപ്പറയുകയും ചെയ്തതിന് ശേഷമാണ് സദസ്സുകൾ ആരംഭിക്കേണ്ടതെന്നർത്ഥം. തിരുനബിﷺ നമ്മെ പഠിപ്പിക്കുന്നു:

عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مَا مِنْ قَوْمٍ يَقُومُونَ مِنْ مَجْلِسٍ لاَ يَذْكُرُونَ اللَّهَ فِيهِ إِلاَّ قَامُوا عَنْ مِثْلِ جِيفَةِ حِمَارٍ وَكَانَ لَهُمْ حَسْرَةً (أبوداود)

അബൂഹുറയ്റ(റ)വിൽ നിന്ന്, റസൂലുല്ലാഹ്ﷺ പറയുകയുണ്ടായി: 'ഏതെങ്കിലുമൊരു സമൂഹം അല്ലാഹുവിനെ സ്മരിക്കാതെയാണ് ഒരു സദസ്സ് സംഘടിപ്പിക്കുന്നത് (പിരിയുന്നത്) എങ്കിൽ ഒട്ടകത്തിന്റെ ചീഞ്ഞ അവശിഷ്ടങ്ങൾക്ക് ചുറ്റുമാണ് അവർ കൂടിയിരിക്കുന്നത്, അവർക്കത് നഷ്ടവുമായിരിക്കും'(അബൂദാവൂദ്)

**നല്ല കൂട്ടുകാരെ...**

സദസ്സുകളിൽ വെച്ച് നല്ല കൂട്ടുകാരെ തിരഞ്ഞെടുക്കുകയെന്നത് മുസ്‌ലിമിന്റെ അടയാളമാണ്, അത് പല നിലക്കും നമുക്ക്

ഉപകാരപ്പെടുന്നതാണ്. അതാണ് പ്രവാചക കൽപനയിൽ ഉള്ളത്:

عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ الْمَرْءُ عَلَى دِينِ خَلِيلِهِ فَلْيَنْظُرْ أَحَدُكُمْ مَنْ يُخَالِطُ ) (أحمد)

അബൂഹുറയ്റﷺവിൽ നിന്ന്, റസൂലുല്ലാഹ്ﷺപറയുകയുണ്ടായി: ‘ഒരു മനുഷ്യൻ തന്റെ കൂട്ടുകാരന്റെ മതത്തിലാകുന്നു, അതിനാൽ താൻ ആരോടൊക്കെ ഇടകലർന്ന് ജീവിക്കണമെന്ന് അവൻ തീരുമാനിക്കട്ടെ’ (അഹ്മദ്)

عَنْ أَبِي مُوسَى رَضِي اللَّه عَنْه عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: مَثَلُ الْجَلِيسِ الصَّالِحِ وَالسَّوْءِ كَحَامِلِ الْمِسْكِ وَنَافِخِ الْكِيرِ فَحَامِلُ الْمِسْكِ إِمَّا أَنْ يُحْذِيَكَ وَإِمَّا أَنْ تَبْتَاعَ مِنْهُ وَإِمَّا أَنْ تَجِدَ مِنْهُ رِيحًا طَيِّبَةً وَنَافِخُ الْكِيرِ إِمَّا أَنْ يُحْرِقَ ثِيَابَكَ وَإِمَّا أَنْ تَجِدَ رِيحًا خَبِيثَةً ) (بخاري)

അബൂമൂസﷺവിൽ നിന്ന്, നബിﷺ പറയുകയുണ്ടായി:‘നല്ല കൂട്ടുകാരന്റെയും, ചീത്ത കൂട്ടുകാരന്റെയും ഉപമ കസ്തൂരി കച്ചവടക്കാരന്റെയും, ഇരുമ്പ് പണിക്കാരന്റെ ആല പോലെയുമാണ്, കസ്തൂരി കച്ചവടക്കാരൻ ചിലപ്പോൾ നിനക്കതിൽ നിന്നൽപം നൽകിയേക്കാം, ചിലപ്പോൾ നീ അതിൽ നിന്നൽപം വാങ്ങിയേക്കാം, അതുമല്ലെങ്കിൽ അവനിൽ നിന്ന് നല്ല വാസനയെങ്കിലും വാസനിക്കാം, എന്നാൽ ഉലയിൽ നിന്ന് ഒരുപക്ഷേ നിന്റെ വസ്ത്രം തീ കത്തുവാൻ സാധ്യതയുണ്ട്, അല്ലെങ്കിൽ അവിടെ നിന്നും ദുർഗന്ധം വാസനിക്കേണ്ടി വരും’ (ബുഖാരി)

**സലാം പറയുക..**

സദസ്സുകളിലേക്ക് ആഗതമാവുമ്പോഴും, പിരിഞ്ഞ് പോകുമ്പോഴും സലാം പറയുകയെന്നത് പ്രവാചക സുന്നത്തിൽ പെട്ടതാകുന്നു. പ്രവാചകൻﷺ പറയുന്നു:

عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: إِذَا انْتَهَى أَحَدُكُمْ إِلَى مَجْلِسٍ فَلْيُسَلِّمْ فَإِنْ بَدَا لَهُ أَنْ يَجْلِسَ فَلْيَجْلِسْ ثُمَّ إِذَا قَامَ فَلْيُسَلِّمْ فَلَيْسَتِ الأولَى بِأَحَقَّ مِنَ الْآخِرَةِ (الترمذي وأبوداود)

അബൂഹുറയ്റ(റ)വിൽ നിന്ന്,റസൂലുല്ലാഹ്ﷺ പറയുകയുണ്ടായി: 'ആരെങ്കിലും ഒരു സദസ്സിലേക്ക് എത്തിയാൽ അവൻ സലാം പറയട്ടെ, അവന് ഇരിപ്പിടം ലഭിച്ചാൽ ഇരിക്കട്ടെ, തുടർന്ന് അവൻ എഴുന്നേറ്റ് പോകുന്നുവെങ്കിൽ അവൻ സലാം പറയട്ടെ, ആദ്യത്തേത് അവസാനത്തേക്കാൾ പ്രാധാന്യമുള്ളതല്ല' (തിർമിദി, അബൂദാവൂദ്) അതായത് ആദ്യത്തേ സലാമും, അവസാനത്തെ സലാമും ഒരുപോലെ പ്രാധാന്യമുള്ളതാണെന്നർത്ഥം.

**എഴുന്നേൽപിക്കാതിരിക്കുക...**

സദസ്സുകളിൽ നിന്ന് ആരെയെങ്കിലും എഴുന്നേൽപിച്ച് അവിടെ ഇരിക്കുന്നത് നബിﷺ വിലക്കിയിരിക്കുന്നു.

عَنِ ابْنِ عُمَرَ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ أَنَّهُ نَهَى أَنْ يُقَامَ الرَّجُلُ مِنْ مَجْلِسِهِ وَيَجْلِسَ فِيهِ آخَرُ وَلَكِنْ تَفَسَّحُوا وَتَوَسَّعُوا وَكَانَ ابْنُ عُمَرَ يَكْرَهُ أَنْ يَقُومَ الرَّجُلُ مِنْ مَجْلِسِهِ ثُمَّ يَجْلِسَ مَكَانَهُ (بخاري)

ഇബ്നുഉമർ(റ)നബിﷺയിൽ നിന്ന്, 'സദസ്സിലിരിക്കുന്നയാളെ എഴുന്നേൽപിച്ച് അവിടെ ഇരിക്കുന്നത് നബിﷺ വിലക്കിയിരിക്കുന്നു, പക്ഷേ,നിങ്ങൾ സദസ്സുകൾ വിശാലമാക്കുകയും സൗകര്യ

പ്പെടുത്തുകയും ചെയ്യുക'. ഒരു വ്യക്തിയെ ഇരിപ്പിടത്തിൽ നി ന്ന് എഴുന്നേൽപിച്ച് അവന്റെ ഇരിപ്പിടത്തിൽ മറ്റൊരാൾ ഇരിക്കു ന്നതിനെ ഇബ്നുഉമർ വെറുത്തിരുന്നു' (ബുഖാരി)

**എഴുന്നേറ്റ് പോയാൽ...**

ആരെങ്കിലും ഇരിപ്പിടത്തിൽ നിന്ന് എഴുന്നേറ്റ് പോവുകയും, തിരിച്ച് അങ്ങോട്ട് തന്നെ വരികയും ചെയ്താൽ ആ ഇരിപ്പിട ത്തിന് കൂടുതൽ അർഹൻ അവൻ തന്നെയാണ്. അതാണ് റസൂ ൽﷺ നമ്മെ പഠിപ്പിച്ചിരിക്കുന്നത്.

عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: إِذَا قَامَ أَحَدُكُمْ مِنْ مَجْلِسِهِ ثُمَّ رَجَعَ إِلَيْهِ فَهُوَ أَحَقُّ بِهِ ) (مسلم)

അബൂഹുറയ്റ(റ)വിൽ നിന്ന്, റസൂലുല്ലാഹ്ﷺ പറയുകയുണ്ടാ യി: 'ആരെങ്കിലും തന്റെ ഇരിപ്പിടത്തിൽ നിന്ന് എഴുന്നേൽക്കുക യും, തിരിച്ച് അങ്ങോട്ട് തന്നെ വരികയും ചെയ്താൽ അതിന് കൂടുതൽ അർഹൻ ആ വ്യക്തി തന്നെയാണ്' (മുസ്ലിം)

**ഒരാൾ എഴുന്നേറ്റ് തന്നാൽ...**

ഒരു സദസ്സിലേക്ക് കടന്ന് വരുന്ന വ്യക്തിക്ക് ആരെങ്കിലും എഴുന്നേറ്റ് കൊടുക്കുകയാണെങ്കിൽ അവിടെ ഇരിക്കരുത്, ഒഴി വുള്ള മറ്റു സ്ഥലങ്ങളിലാണ് ഇരിക്കേണ്ടത്. ഇബ്നു ഉമർ(റ)വി ന്റെ സംഭവം അതാണ് നമ്മെ പഠിപ്പിക്കുന്നത്. അത് നാം കാ ണുക:

( عَنْ عَقِيلِ بْنِ طَلْحَةَ سَمِعْتُ أَبَا الْخَصِيبِ قَالَ كُنْتُ قَاعِدًا فَجَاءَ ابْنُ عُمَرَ فَقَامَ رَجُلٌ مِنْ مَجْلِسِهِ لَهُ فَلَمْ يَجْلِسْ فِيهِ وَقَعَدَ فِي مَكَانٍ آخَرَ فَقَالَ الرَّجُلُ مَا كَانَ عَلَيْكَ لَوْ قَعَدْتَ فَقَالَ لَمْ أَكُنْ أَقْعُدُ فِي مَقْعَدِكَ وَلَا مَقْعَدِ غَيْرِكَ بَعْدَ شَيْءٍ شَهِدْتُهُ مِنْ رَسُولِ اللَّهِ صَلَّى

اللَّه عَلَيْهِ وَسَلَّمَ جَاءَ رَجُلٌ إِلَى رَسُولِ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ فَقَامَ لَهُ رَجُلٌ مِنْ مَجْلِسِهِ فَذَهَبَ لِيَجْلِسَ فِيهِ فَنَهَاهُ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ ) (أحمد)

ഉബൈൽബ്നു ത്വൽഹ:യിൽ നിന്ന്, അബൂൽ ഖസ്വീബ് പറയുന്നത് കേൾക്കുകയുണ്ടായി; 'ഇബ്നുഉമർ (സദസ്സിലേക്ക്) വന്നപ്പോൾ അദ്ദേഹത്തിനായി ഒരാൾ തന്റെ ഇരിപ്പിടത്തിൽ നിന്നും എഴുന്നേൽക്കുകയുണ്ടായി, എന്നാൽ ഇബ്നു ഉമർ അവിടെ ഇരിക്കാതെ വേറെ സ്ഥലത്താണ് ഇരുന്നത്, ആ വ്യക്തി ചോദിക്കുകയുണ്ടായി: താങ്കൾക്ക് അവിടെ ഇരിക്കാമായിരുന്നില്ലേ? പറഞ്ഞു: ഞാൻ താങ്കളുടെയോ, മറ്റുള്ളവരുടേയോ ഇരിപ്പിടത്തിൽ ഇരിക്കുകയില്ല, കാരണം ഞാൻ റസൂൽﷺയിൽ നിന്നൊരു കാര്യത്തിന് സാക്ഷിയാവുകയുണ്ടായി,അത് ഒരാൾ തിരു സന്നിധിയിലേക്ക് വന്നപ്പോൾ അയാൾക്ക്വേണ്ടി മറ്റൊരാൾ എഴുന്നേൽക്കുകയും, ആ വ്യക്തി അവിടെ ഇരിക്കാൻ വരുകയും ചെയ്തപ്പോൾ റസൂൽﷺ അദ്ദേഹത്തെ അതിനെതൊട്ട് വിലക്കുകയുമുണ്ടായി' (അഹ്മദ്)

**വിശാലമാക്കി കൊടുക്കുക:**

സദസ്സുകളിൽ ആഗതരായിട്ടുള്ളവർ മുഴുവനും മനസിലാക്കേണ്ട കാര്യമാണ് വരുന്നവർക്കൊക്കെ പരസ്പരം സൗകര്യം ചെയ്ത് കൊടുക്കേണ്ടതുണ്ട്. പരസ്പരം സഹകരിച്ച് ഒരുങ്ങിയിരുന്ന് സദസ്സുകൾ വിശാലമാക്കി കൊടുക്കണം. ഖുർആനിന്റെ കൽപനയാണത്. അല്ലാഹു നമ്മോട് പറയുന്നു:

(يَاأَيُّهَا الَّذِينَ آمَنُوا إِذَا قِيلَ لَكُمْ تَفَسَّحُوا فِي الْمَجَالِسِ فَافْسَحُوا يَفْسَحْ اللَّهُ لَكُمْ وَإِذَا قِيلَ انشُزُوا فَانشُزُوا يَرْفَعْ اللَّهُ الَّذِينَ آمَنُوا مِنْكُمْ وَالَّذِينَ أُوتُوا الْعِلْمَ دَرَجَاتٍ وَاللَّهُ بِمَا تَعْمَلُونَ خَبِيرٌ) (المجادلة: ١١ )

‘സത്യവിശ്വാസികളേ, നിങ്ങൾ സദസ്സുകളിൽ സൗകര്യപ്പെടുത്തി കൊടുക്കുക എന്ന് നിങ്ങളോടു പറയപ്പെട്ടാൽ നിങ്ങൾ സൗകര്യപ്പെടുത്തികൊടുക്കണം. എങ്കിൽ അല്ലാഹു നിങ്ങൾക്കും സൗകര്യപ്പെടുത്തിത്തരുന്നതാണ്. നിങ്ങൾ എഴുന്നേറ്റ് പോകണമെന്ന് പറയപ്പെട്ടാൽ നിങ്ങൾ എഴുന്നേറ്റ് പോകണം. നിങ്ങളിൽ നിന്ന് വിശ്വസിച്ചവരെയും വിജ്ഞാനം നൽകപ്പെട്ടവരെയും അല്ലാഹു പല പടികൾ ഉയർത്തുന്നതാണ്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു’(മുജാദല: 11).

**അവസാനം വരെ...**

ഒരു കാര്യത്തിനായി ഒരു കൂട്ടം വിശ്വാസികൾ സദസ്സിൽ ഒരുമിച്ചു കൂടിയാൽ ആ സദസ്സ് പിരിയുന്നത്വരെ സദസ്സിലുണ്ടായിരിക്കുകയെന്നത് സദസ്സിൽ നാം പാലിക്കേണ്ട മര്യാദയാണ്. അതാണ് പ്രവാചകൻﷺയുടെ സദസ്സിൽ സന്നിഹിദരായ സ്വഹാബാക്കളിൽ നിന്ന് നമുക്ക് ഗ്രഹിക്കുവാൻ സാധിക്കുന്നത്.

( عَنْ جَابِرِ بْنِ سَمُرَةَ قَالَ: كُنَّا إِذَا أَتَيْنَا النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ جَلَسَ أَحَدُنَا حَيْثُ يَنْتَهِي ) (الترمذي)

ജാബിറുബ്നു സമുറؓയിൽ നിന്ന്: ‘ഞങ്ങളിൽ ആരെങ്കിലും നബിﷺയുടെ കൂടെ ഇരിക്കുകയാണെങ്കിൽ (സദസ്സ്)തീരുന്നത് വരെ ഇരിക്കാറുണ്ടായിരുന്നു’ (തിർമിദി)

**രഹസ്യം പറയൽ...**

സദസ്സുകളിൽ വെച്ചോ, അല്ലാത്തയവസരത്തിലോ മൂന്നാമനെ കൂടാതെ രണ്ടാൾ രഹസ്യം പറയുവാൻ പാടില്ല. കാരണമത്

മറ്റുള്ളവന് അത് വിഷമമുണ്ടാക്കുന്നതാണ്. നമുക്കത് അനുഭവ മല്ലേ. ഹദീസ് നാം വായിക്കുക:

عَنْ عَبْدِ اللَّهِ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ لاَ يَنْتَجِي اثْنَانِ دُونَ الثَّالِثِ فَإِنَّ ذَلِكَ يُحْزِنُهُ ) (أبوداود)

അബ്ദുല്ലാഹ്ﷺവിൽ നിന്ന്; പറഞ്ഞു: റസൂലുല്ലാഹ്ﷺ പറയുകയുണ്ടായി: 'മൂന്നാമനെ കൂടാതെ രണ്ടാളുകൾ സ്വകാര്യം പറയുവാൻ പാടില്ല, കാരണമത് അവനെ(മൂന്നാമനെ) വിഷമിപ്പിക്കുന്നതാണ്' (അബൂദാവൂദ്)

عَنْ عَبْدِاللَّهِ رَضِي اللَّه عَنْه قَالَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ إِذَا كُنْتُمْ ثَلاَثَةً فَلاَ يَتَنَاجَى رَجُلاَنِ دُونَ الْآخَرِ حَتَّى تَخْتَلِطُوا بِالنَّاسِ أَجْلَ أَنْ يُحْزِنَهُ ) (بخاري)

അബ്ദുല്ലാഹ്ﷺവിൽ നിന്ന്; പറഞ്ഞു: റസൂലുല്ലാഹ്ﷺ പറയുകയുണ്ടായി: 'നിങ്ങൾ മൂന്നാളുകളാണെങ്കിൽ രണ്ടാളുകൾ മാത്രം രഹസ്യം പറയരുത്, മൂന്നാമൻ ജനങ്ങളുമായി ഇടകലരുന്നത് വരെ, കാരണം അതവന് വിഷമമുണ്ടാക്കുന്നതാണ്' (ബുഖാരി)

**അനുവാദം കൂടാതെ പാടില്ല...**

ഇസ്‌ലാമിന്റെ നിയമ സംഹിതയിൽ പെട്ടതാണ് അന്യരുടെ സംസാരങ്ങളും,ചർച്ചകളും അവരുടെ അനുവാദം കൂടാതെ കേൾക്കുവാൻ പാടില്ലായെന്നത്. അതാണ് ഹദീസുകൾ നമ്മെ കൃത്യമായി മനസിലാക്കി തരുന്നത്.

(عَنِ ابْنِ عَبَّاسٍ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ ... وَمَنِ اسْتَمَعَ إِلَى حَدِيثِ قَوْمٍ وَهُمْ لَهُ كَارِهُونَ أَوْ يَفِرُّونَ مِنْهُ صُبَّ فِي أُذُنِهِ الْآنُكُ يَوْمَ الْقِيَامَةِ وَمَنْ صَوَّرَ صُورَةً عُذِّبَ وَكُلِّفَ أَنْ يَنْفُخَ فِيهَا وَلَيْسَ بِنَافِخٍ ) (بخاري)

ഇബ്നു അബ്ബാസ്ﷺവിൽ നിന്ന്: നബിﷺപറയുകയുണ്ടായി:'ആരെങ്കിലും ഒരു സമൂഹത്തിന്റെ വർത്തമാനം അവർ വെറുത്ത് കൊണ്ടോ, അല്ലെങ്കിൽ അവനിൽ നിന്ന് അകന്ന് നിന്ന് സംസാരിച്ചിട്ടും അത് (അനുവാദമില്ലാതെ) കേൾക്കുകയാണെങ്കിൽ അവസാന നാളിൽ അവന്റെ ചെവിയിൽ ലോഹം ഉരുക്കി ഒഴിക്കുന്നതാണ്, ആരെങ്കിലും ചിത്രമെടുക്കുകയാണെങ്കിൽ അവൻ ശിക്ഷിക്കപ്പെടുന്നതാണ്, അതിന് ആത്മാവിനെ ഊതാൻ കൽപിക്കും,പക്ഷേ,അവന് ആത്മാവിനെ ഊതാൻ സാധ്യമല്ല'(ബുഖാരി)

**അധികമായി ചിരിക്കരുത്...**

സദസ്സുകളിലോ, മറ്റു സന്ദർഭങ്ങളിലോ അധികമായി ചിരിക്കാൻ പാടില്ലായെന്ന് മുത്ത്നബിﷺ നമ്മെ താക്കീത് നൽകിയിരിക്കുന്നു. എല്ലാ കാര്യങ്ങളിലും മിതത്വം പാലിക്കേണ്ടതുണ്ട്.

( عَنْ أَبِي هُرَيْرَةَ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ لاَ تُكْثِرُوا الضَّحِكَ فَإِنَّ كَثْرَةَ الضَّحِكِ تُمِيتُ الْقَلْبَ ) (إبن ماجه)

അബൂഹുറയ്റﷺവിൽ നിന്ന്: റസൂലുല്ലാഹ്ﷺ പറയുകയുണ്ടായി: 'നിങ്ങൾ ചിരി അധികരിപ്പിക്കരുത്, കാരണം അധികമായി ചിരിക്കുന്നത് ഹൃദയത്തെ നിർജീവമാക്കുന്നതാണ്'(ഇബ്നുമാജ)

**കോട്ടുവായ സൂക്ഷിക്കുക...**

( عَنِ ابْنِ عُمَرَ قَالَ تَجَشَّأَ رَجُلٌ عِنْدَ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَقَالَ: كُفَّ عَنَّا جُشَاءَكَ فَإِنَّ أَكْثَرَهُمْ شِبَعًا فِي الدُّنْيَا أَطْوَلُهُمْ جُوعًا يَوْمَ الْقِيَامَةِ ) (الترمذى- حسنه الألباني)

ഇബ്നു ഉമർﷺവിൽ നിന്ന്; പറയുകയുണ്ടായി: ഒരാൾ നബിﷺക്കരികിൽ നിന്ന് കോട്ടുവാ ഇടുകയുണ്ടായി, അപ്പോൾ നബി

ﷺപറഞ്ഞു: 'നീ കോട്ടുവാ തടഞ്ഞ് നിറുത്തൂ, നിങ്ങളിൽ ആരാണോ അമിതമായി വയറ് നിറക്കുന്നത് അവനായിരിക്കും അവസാന നാളിൽ ഏറ്റവുമധികം വിശപ്പനുഭവിക്കുന്നത്' (തിർമിദി, ഇമാം അൽബാനി ഈ ഹദീസ് ഹസനാണെന്ന് പ്രസ്താവിച്ചിരിക്കുന്നു).

**പ്രായ്ശ്ചിത്തമായി...**

സദസ്സുകളും, ചർച്ചകളും, കൂടിയാലോചനകളും അവസാനിക്കുന്ന സന്ദർഭങ്ങളിൽ അവിടെ നിന്നും വന്ന്പോയിട്ടുള്ള ന്യൂനതകളും, പോരായ്മകളും പരിഹരിക്കാനായി അല്ലാഹുവിനോട് പ്രാർത്ഥിക്കണമെന്ന് തിരുദൂതർﷺ നമ്മെ പഠിപ്പിക്കുന്നത് നാം കാണുക:

( عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ: مَنْ جَلَسَ فِي مَجْلِسٍ فَكَثُرَ فِيهِ لَغَطُهُ فَقَالَ: قَبْلَ أَنْ يَقُومَ مِنْ مَجْلِسِهِ ذَلِكَ- سُبْحَانَكَ اللَّهُمَّ وَبِحَمْدِكَ أَشْهَدُ أَنْ لاَ إِلَهَ إِلاَّ أَنْتَ أَسْتَغْفِرُكَ وَأَتُوبُ إِلَيْكَ- إِلاَّ غُفِرَ لَهُ مَا كَانَ فِي مَجْلِسِهِ ذَلِكَ ) (الترمذي)

അബൂഹുറയ്റ رضي الله عنهവിൽ നിന്ന്, റസൂലുല്ലാഹ്ﷺ പറയുകയുണ്ടായി: 'ആരെങ്കിലും ഒരു സദസ്സിലിരിക്കുകയും, അവിടെ അധികമായി സംസാരങ്ങളും ചർച്ചകളും നടത്തുകയും ചെയ്താൽ, അവൻ അവിടെ നിന്നും വിരമിക്കുന്നതിന് മുമ്പ് ഇങ്ങനെ പറയട്ടെ; 'നീ പരിശുദ്ധനാണ്, അല്ലാഹുവെ, നിനക്കാണ് സ്തുതികൾ, നീയല്ലാതെ ആരാധനക്കർഹനില്ലായെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു, ഞാൻ നിന്നോട് പാപമോചനം തേടുകയും, നിന്നോട് പശ്ചാതപിക്കുകയും ചെയ്യുന്നു' (ഇങ്ങനെ പറഞ്ഞാൽ)

ആ സദസ്സിൽ വെച്ചവന് വല്ലതും സംഭവിച്ച്പോയെങ്കിൽ പൊറുത്ത് കൊടുക്കാതിരിക്കുകയില്ല' (തിർമിദി).

**പങ്കെടുക്കാതിരിക്കുക...**

അല്ലാഹുവിന്റെ ആയത്തുകളെയും, പ്രവാചക സുന്നത്തുകളെയും പരിഹസിക്കുകയും, കളിയാക്കുകയും, ദുർവ്യാഖ്യാനിക്കുകയും ചെയ്യുന്ന സദസ്സുകളിൽ പങ്കെടുക്കരുതെന്ന് അല്ലാഹു നമ്മോട് കൃത്യമായി കൽപിച്ചിരിക്കുന്നു. അല്ലാഹു പറയുന്നു:

{وإذا رأيت الذين يخوضون في آياتنا فأعرض عنهم حتى يخوضوا في حديث غيره وإما ينسينك الشيطان فلا تقعد بعد الذكرى مع القوم الظالمين}[الأنعام: ٦٨].

'നമ്മുടെ ദൃഷ്ടാന്തങ്ങളെ അപഹസിക്കുന്നതിൽ മുഴുകിയവരെ നീ കണ്ടാൽ അവർ മറ്റു വല്ല വർത്തമാനത്തിലും പ്രവേശിക്കുന്നത് വരെ നീ അവരിൽ നിന്ന് തിരിഞ്ഞുകളയുക. ഇനി വല്ലപ്പോഴും നിന്നെ പിശാച് മറപ്പിച്ച് കളയുന്ന പക്ഷം ഓർമ വന്നതിന് ശേഷം അക്രമികളായ ആ ആളുകളുടെ കൂടെ നീ ഇരിക്കരുത്' (അൻആം: 68)

**രണ്ടാളുകൾക്കിടയിൽ..**

ഒരു സദസ്സിൽ വന്ന് രണ്ടാളുകൾക്കിടയിൽ ഇരിക്കുകയാണെങ്കിൽ അവരുടെ അനുവാദം ചോദിക്കണം.

قال صلى الله عليه وسلم: (لا يُجْلَسْ بين رجلين إلا بإذنهما) [أبوداود].

റസൂലുല്ലാഹ്ﷺ പറയുകയുണ്ടായി:'രണ്ടാളുകൾക്കിടയിൽ അവരുടെ അനുവാദം കൂടാതെ ഇരിക്കരുത്' (അബൂദാവൂദ്)

**ഉച്ചത്തിൽ സംസാരിക്കാതിരിക്കുക...**

സദസ്സിലാണെങ്കിലും മറ്റു സാഹചര്യങ്ങളിലും സന്നിഹിദരാ യവർക്ക് കേൾക്കാവുന്ന ശബ്ദത്തിലാണ് ഒരു മുസ്‌ലിം സംസാ രിക്കേണ്ടത്. ഖുർആൻ പറയുന്നു:

{واغضض من صوتك إن أنكر الأصوات لصوت الحمير} [لقمان: ١٩]

'നിന്റെ നടത്തത്തിൽ നീ മിതത്വം പാലിക്കുക. നിന്റെ ശബ്ദം നീ ഒതുക്കുകയും ചെയ്യുക. തീർച്ചയായും ശബ്ദങ്ങളുടെ കൂട്ട ത്തിൽ ഏറ്റവും വെറുപ്പുളവാക്കുന്നത് കഴുതയുടെ ശബ്ദമത്രെ '(ലുഖ്മാൻ: 19)

**ഇശാഇന് ശേഷം...**

ഇശാഇന് ശേഷം ആവശ്യമില്ലാതെ സംസാരിച്ചിരിക്കരുത് എന്ന് തിരുദൂതർ നമ്മെ ഓർമ്മിപ്പിച്ചിരിക്കുന്നു. എന്നാൽ നമ്മി ൽ അധികമാളുകളും ഇശാഇന് ശേഷം ധാരാളം സമയം യാ തൊരു പ്രയോജനവുമില്ലാതെ അനാവശ്യമായ വർത്തമാനങ്ങ ളിലും ചർച്ചകളിലും ഏർപ്പെട്ട് കൊണ്ട് ദുരുപയോഗപ്പെടുത്തു ന്നതായി നമുക്ക് കാണാനാവും. ഇതിനെതിരെ റസൂലുല്ലാഹ്ﷺ നമ്മെ താക്കീത് നൽകിയിരിക്കുന്നു.

عن أبي برزة: (أن رسول الله صلى الله عليه وسلم كان يكره النوم قبل العشاء والحديث بعدها) صحيح البخاري - كتاب مواقيت الصلاة - باب ما يكره من النوم قبل العشاء باب ما يكره من النوم قبل العشاء

അബൂബർസായിൽ നിന്ന്: 'ഇശാഇന് മുമ്പ് ഉറങ്ങുന്നതും, അ തിന് ശേഷം സംസാരിച്ചിരിക്കുന്നതും റസൂലുല്ലാഹ്ﷺ വെറു ത്തിരുന്നു' (ബുഖാരി)

## പ്രവേശനാനുമതി തേടുന്നതിന്റെ മര്യാദകൾ

അന്യരുടെ വീടുകളിലേക്കും, സദസ്സുകളിലേക്കും പ്രവേശനാനുമതി ചോദിക്കുമ്പോൾ ഒരുപാട് മര്യാദകൾ ഇസ്‌ലാം പഠിപ്പിച്ചിട്ടുണ്ട്. സാമൂഹ്യമായി ജീവിക്കുന്ന മനുഷ്യൻ പരസ്പരം പാലിക്കേണ്ട മര്യാദകളിൽ പെട്ടതാണ് ഈ നിയമങ്ങൾ. മനുഷ്യരുടെ അഭിമാന സംരക്ഷണത്തിനും, ഉത്തമമയ ഒരു സംസ്കാരത്തിനും അനിവാര്യമായ നിയമങ്ങളാണ് ഇവയെല്ലാം എന്ന് ബുദ്ധിയുള്ള ഏവർക്കും കാണുവാൻ സാധിക്കുന്നതാണ്. എത്ര ഉദാത്തമായ നിയമങ്ങളാണ് ഇവയെല്ലാം. അതെ, മനുഷ്യരുടെ മുഴുവൻ കാര്യങ്ങളും കൃത്യമായി അറിയുന്ന ഒരു സൃഷ്ടാവിൽ നിന്ന് മാത്രമെ ഇത്രമാത്രം യാതൊരു ന്യൂനതയുമില്ലാത്ത അനുയോജ്യമായി നിയമങ്ങൾ ഉണ്ടാക്കാൻ കഴിയൂ. വിശ്വാസികൾ ഈ നിയമങ്ങൾ അറിയുകയും ജീവിതത്തിൽ പാലിക്കുകയും, കുടുംബങ്ങൾക്ക് പകർന്ന് കൊടുക്കുകയും ചെയ്യേണ്ടതുണ്ട്.

**സലാമിലൂടെ...**

ഖുർആൻ പറയുന്നു:

(يَا أَيُّهَا الَّذِينَ آمَنُوا لَا تَدْخُلُوا بُيُوتاً غَيْرَ بُيُوتِكُمْ حَتَّى تَسْتَأْنِسُوا وَتُسَلِّمُوا عَلَى أَهْلِهَا ذَلِكُمْ خَيْرٌ لَّكُمْ لَعَلَّكُمْ تَذَكَّرُونَ) {النور:٢٧}

‘ഹേ; സത്യവിശ്വാസികളേ, നിങ്ങളുടെതല്ലാത്ത വീടുകളിൽ നിങ്ങൾ കടക്കരുത്; നിങ്ങൾ അനുവാദം തേടുകയും ആ വീട്ടുകാർക്ക് സലാം പറയുകയും ചെയ്തിട്ടല്ലാതെ. അതാണ് നിങ്ങൾക്ക് ഗുണകരം. നിങ്ങൾ ആലോചിച്ചു മനസ്സിലാക്കാൻ വേണ്ടിയത്രെ (ഇതു പറയുന്നത് )’ (നൂർ: 27).

( أَنَّ كَلَدَةَ بْنَ الْحَنْبَلِ أَخْبَرَهُ أَنَّ صَفْوَانَ بْنَ أُمَيَّةَ بَعَثَهُ فِي الْفَتْحِ بِلِبَإٍ وَجَدَايَةٍ وَضَغَابِيسَ وَالنَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ بِأَعْلَى الْوَادِي قَالَ فَدَخَلْتُ عَلَيْهِ وَلَمْ أُسَلِّمْ وَلَمْ أَسْتَأْذِنْ فَقَالَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ ارْجِعْ فَقُلِ السَّلَامُ عَلَيْكُمْ أَأَدْخُلُ )
(أحمد - قال الألباني صحيح)

കൽദബ്നു ഹമ്പൽ അറിയിക്കുന്നു, സ്വഫ്വാനുബ്നു ഉമയ്യ: അദ്ദേഹത്തെ ആദ്യം കറക്കുന്ന പാലും, ആറ് മാസമായ ആട്ടിൻ കുട്ടിയേയും, കക്കരിക്കയുമായി തിരുമേനിയുടെ അടുത്തേക്ക് നിയോഗിക്കുകയുണ്ടായി, അപ്പോൾ നബിﷺ താഴ്വരയുടെ അങ്ങേയറ്റത്തായിരുന്നു, അങ്ങിനെ ഞാൻ തിരുദൂതരുടെ അടുത്ത് പ്രവേശിച്ചു, ഞാൻ സലാം പറയുകയോ, അനുവാദം ചോദിക്കുകയോ ചെയ്തിരുന്നില്ല. അപ്പോൾ നബിﷺ എന്നോട് പറഞ്ഞു: നീ മടങ്ങുക, അസ്സലാമു അലൈകും എന്ന് പറഞ്ഞ് പ്രവേശിക്കുക' (അഹ്മദ്, അൽബാനി ഈ ഹദീഥ് സ്വഹീഹാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്)

**വാതിലിന് ഇടതോ വലതോ...**

ഒരു വീടിന് മുന്നിൽ ചെന്ന് സലാം പറഞ്ഞ്കൊണ്ട് വാതിലിന് നേരെ മുന്നിൽ നിൽക്കരുത്, മറിച്ച് ഒരു ഭാഗത്തേക്ക് വലതോ, ഇടതോ മാറി നിൽക്കണമെന്ന് റസൂലുല്ലാഹ്ﷺ നമ്മെ പഠിപ്പിച്ചിരിക്കുന്നു.

( عَنْ عَبْدِ اللَّهِ بْنِ بُسْرٍ قَالَ كَانَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ إِذَا أَتَى بَابَ قَوْمٍ لَمْ يَسْتَقْبِلِ الْبَابَ مِنْ تِلْقَاءِ وَجْهِهِ وَلَكِنْ مِنْ رُكْنِهِ الْأَيْمَنِ أَوِ الْأَيْسَرِ وَيَقُولُ

السَّلَامُ عَلَيْكُمُ السَّلَامُ عَلَيْكُمْ وَذَلِكَ أَنَّ الدُّورَ لَمْ يَكُنْ عَلَيْهَا يَوْمَئِذٍ سُتُورٌ ) (أحمد - وقال الألباني صحيح الإسناد)

അബ്ദുല്ലാഇബ്നു ബുസ്റ്ﷺ പറയുന്നു: 'റസൂലുല്ലാഹ്ﷺ ഏതെങ്കിലും സമൂഹത്തിന്റെ കവാടത്തിന്നരികിൽ വരികയാണെങ്കിൽ വാതിലിന്നഭിമുഖമായി നിൽക്കാതെ അൽപം ഇടതോ വലതോ മാറി നിൽക്കുകയും, അസ്സലാമു അലൈകും, അസ്സലാമു അലൈകും എന്ന് പറയുകയും ചെയ്യും. കാരണം ആ നാളുകളിൽ വാതിലിന് പിന്നിൽ മറയുണ്ടായിരുന്നില്ല' (അഹ്മദ്, ഇമാം അൽബാനി ഇതിന്റെ സനദ് സ്വഹീഹാണെന്ന് വ്യക്തമാക്കിയിരിക്കുന്നു).

**എത്തി നോക്കരുത്...**

അന്യരുടെ വീട്ടിലേക്കും, റൂമുകളിലേക്കും അവരുടെ അനുവാദമില്ലാതെ എത്തിനോക്കാൻ പാടില്ലായെന്നത് ഇസ്ലാമിന്റെ കർശന നിയമമാണ്.

( عَنْ أَبِي هُرَيْرَةَ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ مَنِ اطَّلَعَ فِي بَيْتِ قَوْمٍ بِغَيْرِ إِذْنِهِمْ فَقَدْ حَلَّ لَهُمْ أَنْ يَفْقَئُوا عَيْنَهُ ) (مسلم)

അബൂഹുറയ്റﷺവിൽ നിന്ന്, നബിﷺ പറയുകയുണ്ടായി: 'അനുവാദം കൂടാതെ ആരെങ്കിലും മറ്റുള്ളവരുടെ വീട്ടിലേക്ക് എത്തി നോക്കുകയാണെങ്കിൽ അവന്റെ കണ്ണ് ചൂഴ്ന്നെടുക്കുവാൻ അവർക്കനുവദനീയമാകുന്നതാണ്' (മുസ്ലിം)

( عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ لَوْ أَنَّ رَجُلًا اطَّلَعَ عَلَيْكَ بِغَيْرِ إِذْنٍ فَخَذَفْتَهُ بِحَصَاةٍ فَفَقَأْتَ عَيْنَهُ مَا كَانَ عَلَيْكَ مِنْ جُنَاحٍ ) (مسلم)

അബൂഹുറയ്റﷺവിൽ നിന്ന്, നബിﷺ പറയുകയുണ്ടായി: 'അനുവാദം കൂടാതെ ഒരു മനുഷ്യൻ നിന്നിലേക്ക് എത്തിനോക്കുക

യാണെങ്കിൽ ഒരു കല്ല്കൊണ്ടവന്റെ കണ്ണെടുക്കുകയാണെങ്കിൽ താങ്കൾക്ക് ഒരു കുറ്റവും ഉണ്ടായിരിക്കുകയില്ല' (മുസ്ലിം)

**മൂന്ന് പ്രാവശ്യം...**

ഒരു വീട്ടിൽ ചെന്ന് മൂന്ന് പ്രാവശ്യം സലാം പറഞ്ഞ് അനുവാദം ചോദിച്ചിട്ടും ഉത്തരമില്ലെങ്കിൽ പിന്നെ അവിടെ നാം നിൽക്കാൻ പാടില്ല, തിരിച്ച്പോരണമെന്നാണ് പ്രവാചക വചനം നമ്മെ കൃത്യമായി പഠിപ്പിക്കുന്നത്.

( عَنْ أَبِي سَعِيدٍ الْخُدْرِيِّ قَالَ كُنْتُ فِي مَجْلِسٍ مِنْ مَجَالِسِ الْأَنْصَارِ إِذْ جَاءَ أَبُو مُوسَى كَأَنَّهُ مَذْعُورٌ فَقَالَ اسْتَأْذَنْتُ عَلَى عُمَرَ ثَلَاثًا فَلَمْ يُؤْذَنْ لِي فَرَجَعْتُ فَقَالَ مَا مَنَعَكَ قُلْتُ اسْتَأْذَنْتُ ثَلَاثًا فَلَمْ يُؤْذَنْ لِي فَرَجَعْتُ وَقَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِذَا اسْتَأْذَنَ أَحَدُكُمْ ثَلَاثًا فَلَمْ يُؤْذَنْ لَهُ فَلْيَرْجِعْ ) (بخاري)

അബൂസഈദ് അൽ ഖുദ്രി(റ)വിൽ നിന്ന്, അദ്ദേഹം പറയുകയുണ്ടായി; ഞാൻ അൻസാറുകളുടെ ഒരു സദസ്സിൽ ഇരിക്കുകയായിരുന്നു, ആ സമയം അബൂ മൂസാ കോപാകുലനായി അവിടെ വന്ന്കൊണ്ട് പറഞ്ഞു:, ഞാൻ ഉമറിനോട് മൂന്ന് പ്രാവശ്യം അനുവാദം ചോദിക്കുകയുണ്ടായി, പക്ഷേ, എനിക്കനുവാദം നൽകിയില്ല,ഞാൻ മടങ്ങിപ്പോന്നു. എന്താണ് താങ്കൾക്ക് തടസ്സമെന്ന് ചോദിക്കുകയുണ്ടായി: അദ്ദേഹം പറഞ്ഞു; ഞാൻ മൂന്ന് പ്രാവശ്യം അനുവാദം ചോദിച്ചുവെങ്കിലും ലഭിക്കാത്തതിനാൽ തിരിച്ച് പോരുകയുണ്ടായി. അപ്പോൾ റസൂലുല്ലാഹ്(ﷺ) പറഞ്ഞു: ആരെങ്കിലും മൂന്ന് പ്രാവശ്യം അനുവാദം ചോദിച്ചിട്ടും അവന് അനുവാദം ലഭിച്ചില്ലെങ്കിൽ അവൻ മടങ്ങട്ടെ' (ബുഖാരി)

**പേര് പറയുക...**

വീട്ടിൽ നിന്ന് ആരാണെന്ന് ചോദിച്ചാൽ ഞാനാണെന്ന് മറുപടി പറയരുത്, മറിച്ച് തന്റെ പേരാണ് പറയേണ്ടത്.

( عَنْ جَابِرَ بْنَ عَبْدِاللَّهِ رَضِي اللَّه عَنْهمَا يَقُولُ أَتَيْتُ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ فِي دَيْنٍ كَانَ عَلَى أَبِي فَدَقَقْتُ الْبَابَ فَقَالَ مَنْ ذَا؟ فَقُلْتُ: أَنَا فَقَالَ: أَنَا أَنَا كَأَنَّهُ كَرِهَهَا ) (بخاري)

ജാബിറുബ്നു അബ്ദുല്ലാഹ്ﷺവിൽ നിന്ന്, അദ്ദേഹം പറയുന്നു: 'എന്റെ പിതാവിനുണ്ടായിരുന്ന കടം വീട്ടാനായി ഞാൻ തിരുദൂതരുടെ വാതിലിൽ മുട്ടുകയുണ്ടായി, ആരാണെന്ന് ചോദിച്ചു, ഞാനാണെന്ന് ഞാൻ പ്രത്യുത്തരം നൽകുകയും ചെയ്തു. പറയപ്പെട്ടു: ഞാൻ, ഞാൻ, (ആ ചോദ്യത്തിൽ പ്രവാചകന് ഞാൻ എന്ന മറുപടി) വെറുപ്പുളവാക്കി എന്ന് എനിക്ക് മനസിലാക്കാൻ സാധിച്ചു' (ബുഖാരി)

**പതിയെ...**

വാതിലുകൾ ശക്തിയോടെ മുട്ടുവാൻ പാടില്ല, പതുക്കെയാണ് വാതിലിൽ മുട്ടേണ്ടത്.

عن أنس بن مالك أنه قال: (أن أبواب النبي صلى الله عليه وسلم كانت تقرع بالأظافير) (رواه البخاري في أدب المفرد)

അനസ്ബ്നു മാലിക്ﷺ പറയുന്നു: 'നബിﷺ തന്റെ നഖങ്ങൾ കൊണ്ട് പതുക്കെയായിരുന്നു വാതിലുകളിൽ മുട്ടിയിരുന്നത്' (ബുഖാരി തന്റെ അദബുൽ മുഫ്റദിൽ ഉദ്ധരിച്ചത്)

**മടങ്ങണം...**

ഒരു വീട്ടിൽ ചെന്ന് മൂന്ന് പ്രാവശ്യം സലാം പറഞ്ഞിട്ടും പ്രത്യുത്തരമില്ലെങ്കിലും, നിങ്ങൾ മടങ്ങിപോവുകയെന്ന് പറഞ്ഞാ

ലും നാം മടങ്ങൽ നിർബ്ബന്ധമാണ്. അതാണ് ഖുർആൻ സൂറത്തുന്നൂറിൽ വ്യക്തമാക്കുന്നത്.

(فَإِن لَّمْ تَجِدُوا فِيهَا أَحَداً فَلَا تَدْخُلُوهَا حَتَّى يُؤْذَنَ لَكُمْ وَإِن قِيلَ لَكُمُ ارْجِعُوا فَارْجِعُوا هُوَ أَزْكَى لَكُمْ وَاللَّهُ بِمَا تَعْمَلُونَ عَلِيمٌ {النور: ٢٨}

'ഇനി നിങ്ങൾ അവിടെ ആരെയും കണ്ടെത്തിയില്ലെങ്കിൽ നിങ്ങൾക്ക് സമ്മതം കിട്ടുന്നത് വരെ നിങ്ങൾ അവിടെ കടക്കരുത്. നിങ്ങൾ തിരിച്ചുപോകൂ എന്ന് നിങ്ങളോട് പറയപ്പെട്ടാൽ നിങ്ങൾ തിരിച്ചുപോകണം. അതാണ് നിങ്ങൾക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അറിവുള്ളവനാകുന്നു'. (നൂർ: 28) .

**ദൂതനോടൊപ്പം...**

ആരെങ്കിലും ഭക്ഷണം കഴിക്കുവാനോ, സൽക്കാരത്തിനോ ക്ഷണിച്ചാൽ ആ ദൂതന്റെ കൂടെ പോവുകയാണെങ്കിൽ പ്രത്യേകം അനുവാദം ചോദിക്കേണ്ടതില്ല.

( عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ إِذَا دُعِيَ أَحَدُكُمْ إِلَى طَعَامٍ فَجَاءَ مَعَ الرَّسُولِ فَإِنَّ ذَلِكَ لَهُ إِذْنٌ ) (أبوداود- صححه الألباني)

അബൂഹുറയ്റ ﵁ വിൽ നിന്ന്,റസൂലുല്ലാഹ് ﷺ പറയുകയുണ്ടായി: 'നിങ്ങളെ ആരെങ്കിലും ഭക്ഷണത്തിന് ക്ഷണിച്ചാൽ ആ ദൂതന്റെ കൂടെയാണ് പോകുന്നതെങ്കിൽ അതാണ് ക്ഷണിക്കപ്പെട്ടവനുള്ള അനുവാദം' (അബൂദാവൂദ്, അൽബാനി സ്വഹീഹാണെന്ന് വ്യക്തമാക്കിയ ഹദീഥ്)

**ഉമ്മമാരോടും, സഹോദരിമാരോടും...**

നമ്മുടെ മാതാവിൻെയോ, സഹോദരിമാരുടേയോ വീടുകളി

ലേക്കോ, റൂമുകളിലേക്കോ പ്രവേശിക്കുകയാണെങ്കിൽ നാം അനുവാദം ചോദിക്കേണ്ടതുണ്ട്.

وعن مسلم بن نذير قال: سأل رجل إلى حذيفة فقال: أستأذن على أمي؟ فقال: (إن لم تستأذن عليها رأيت ما تكره) (بخاري في أدب المفرد)

മുസ്ലിമുബ്നു നദീറിൽ നിന്ന്, അദ്ദേഹം പറയുകയുണ്ടായി: 'ഹുദൈഫﷺവിനോട് ഒരാൾ ചോദിച്ചു, ഞാൻ എന്റെ ഉമ്മയോട് അനുവാദം ചോദിക്കേണ്ടതുണ്ടോ? അപ്പോൾ പറഞ്ഞു: ഉമ്മയോട് നീ അനുവാദം ചോദിക്കുന്നില്ലായെങ്കിൽ നീ വെറുക്കുന്നത് കാണാനിടയാകും'(ബുഖാരി, തന്റെ അദബുൽ മുഫ്റദിൽ ഉദ്ധരിച്ച ഹദീഥ്)

**കുട്ടികൾ മൂന്ന് സമയങ്ങളിൽ...**

കുട്ടികൾ പോലും മാതാപിതാക്കളുടെ റൂമിലേക്ക് പ്രവേശിക്കുമ്പോൾ മൂന്ന് സമയങ്ങളിൽ അനുവാദം ചോദിക്കേണ്ടതുണ്ട് എന്ന് ഖുർആനിൽ വ്യക്തമാക്കുന്നു.

(يَا أَيُّهَا الَّذِينَ آمَنُوا لِيَسْتَأْذِنكُمُ الَّذِينَ مَلَكَتْ أَيْمَانُكُمْ وَالَّذِينَ لَمْ يَبْلُغُوا الْحُلُمَ مِنكُمْ ثَلَاثَ مَرَّاتٍ مِن قَبْلِ صَلَاةِ الْفَجْرِ وَحِينَ تَضَعُونَ ثِيَابَكُم مِّنَ الظَّهِيرَةِ وَمِن بَعْدِ صَلَاةِ الْعِشَاءِ ثَلَاثُ عَوْرَاتٍ لَّكُمْ لَيْسَ عَلَيْكُمْ وَلَا عَلَيْهِمْ جُنَاحٌ بَعْدَهُنَّ طَوَّافُونَ عَلَيْكُم بَعْضُكُمْ عَلَى بَعْضٍ كَذَلِكَ يُبَيِّنُ اللَّهُ لَكُمُ الْآيَاتِ وَاللَّهُ عَلِيمٌ حَكِيمٌ * (وَإِذَا بَلَغَ الْأَطْفَالُ مِنكُمُ الْحُلُمَ فَلْيَسْتَأْذِنُوا كَمَا اسْتَأْذَنَ الَّذِينَ مِن قَبْلِهِمْ كَذَلِكَ يُبَيِّنُ اللَّهُ لَكُمْ آيَاتِهِ وَاللَّهُ عَلِيمٌ حَكِيمٌ {النور: ٥٨- ٥٩}

'സത്യവിശ്വാസികളേ, നിങ്ങളുടെ വലതുകൈകൾ ഉടമപ്പെടുത്തിയവ(അടിമകൾ)രും, നിങ്ങളിൽ പ്രായപൂർത്തി എത്തിയിട്ടി

ല്ലാത്തവരും മൂന്ന് സന്ദർഭങ്ങളിൽ നിങ്ങളോട് (പ്രവേശനത്തിന്) അനുവാദം തേടിക്കൊള്ളട്ടെ. പ്രഭാതനമസ്കാരത്തിനു മുമ്പും, ഉച്ചസമയത്ത് (ഉറങ്ങുവാൻ) നിങ്ങളുടെ വസ്ത്രങ്ങൾ മാറ്റിവെക്കുന്ന സമയത്തും, ഇശാ നമസ്കാരത്തിന് ശേഷവും. നിങ്ങളുടെ മൂന്ന് സ്വകാര്യ സന്ദർഭങ്ങളത്രെ ഇത്. ഈ സന്ദർഭങ്ങൾക്ക് ശേഷം നിങ്ങൾക്കോ അവർക്കോ (കൂടിക്കലർന്ന് ജീവിക്കുന്നതിന്) യാതൊരു കുറ്റവുമില്ല. അവർ നിങ്ങളുടെ അടുത്ത് ചുറ്റി നടക്കുന്നവരത്രെ. നിങ്ങൾ അന്യോന്യം ഇടകലർന്ന് വർത്തിക്കുന്നു. അപ്രകാരം അല്ലാഹു നിങ്ങൾക്ക് തെളിവുകൾ വിവരിച്ചുതരുന്നു.അല്ലാഹു സർവ്വജ്ഞനും യുക്തിമാനുമാകുന്നു. നിങ്ങളിൽ നിന്നുള്ള കുട്ടികൾ പ്രായപൂർത്തിയെത്തിയാൽ അവരും അവർക്ക് മുമ്പുള്ളവർ സമ്മതം ചോദിച്ചത് പോലെത്തന്നെ സമ്മതം ചോദിക്കേണ്ടതാണ്. അപ്രകാരം അല്ലാഹു നിങ്ങൾക്ക് അവന്റെ തെളിവുകൾ വിവരിച്ചുതരുന്നു. അല്ലാഹു സർവ്വജ്ഞനും യുക്തിമാനുമാകുന്നു.' . (നൂർ: 58, 59) .

## അതിഥി സൽക്കാരം

മുഹമ്മദ്നബിﷺയിലൂടെ പൂർത്തീകരിക്കപ്പെട്ടിട്ടുള്ള ഇസ്ലാമിക ശരീഅത്ത് സമ്പൂർണമാണ്. ജീവിതത്തിന്റെ മുഴുവൻ മേഖലകളിലേക്കുമുള്ള നിയമങ്ങൾ അതിൽ ഉൾകൊണ്ടിരിക്കുന്നു. ചെറുതും വലുതുമായ മുഴുവൻ കാര്യങ്ങളും ഉൾകൊണ്ടിട്ടുള്ള ഒരു ശരീഅത്താണ് അല്ലാഹു പ്രവാചകനിലൂടെ നമുക്ക് നൽകിയിരിക്കുന്നത്. അതിൽ അതിഥികളായി വരുന്നവരോട് എങ്ങിനെ വർത്തിക്കണമെന്ന നിയമവും നമുക്കതിൽ കാണാൻ സാധിക്കുന്നതാണ്. അതിഥി സൽക്കാരവുമായി ബന്ധപ്പെട്ട ചില

കാര്യങ്ങളാണ് സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നത്. അല്ലാഹു അനുഗ്രഹിക്കുമാറാവട്ടെ.

**സൽക്കാരം...**

തന്റെ വീട്ടിലേക്ക് അതിഥികളായി എത്തുന്നവരെ ആദരിക്കേണ്ടതും, ബഹുമാനിക്കേണ്ടതും, അവർക്ക്വേണ്ട ഭക്ഷണവിഭവങ്ങൾ ഒരുക്കേണ്ടതും ഓരോ വിശ്വാസികളുടെയും ബാധ്യതയായിട്ടാണ് ഖുർആൻ പഠിപ്പിക്കുന്നത്. ഇബ്രാഹിം﵇ന്റെ അടുത്തേക്ക് അതിഥികളായി ചിലയാളുകൾ വന്ന ഉടനെ അവരെ ആദരിക്കുകയും ബഹുമാനിക്കുകയും, അവർക്ക്വേണ്ട ഭക്ഷണം ഒരുക്കുകയും ചെയ്യുന്നതായിട്ടാണ് ഖുർആൻ പഠിപ്പിക്കുന്നത്.എന്നാൽ തന്റെ വീട്ടിലേക്ക് വന്ന അതിഥികൾ ഭക്ഷണ പാനീയങ്ങൾ ആവശ്യമില്ലാത്ത മലക്കുകളാണെന്ന് പിന്നീടാണ് മനസിലാകുന്നത്. ഇവിടെ അതിഥികളെ സംബന്ധിച്ച് കൃത്യമായി മനസിലാകുന്നതിന് മുമ്പ് തന്നെ ഇബ്രാഹിം നബി﵇ അവർക്ക് വേണ്ട ഭക്ഷണ പാനീയങ്ങൾ ഒരുക്കുകയാണ് ചെയ്യുന്നത്. ഇതിൽ നമുക്ക് തീർച്ചയായും മാതൃകയുണ്ട് ആ ചരിത്രം നോക്കുക.

(هَلْ أَتَاكَ حَدِيثُ ضَيْفِ إِبْرَاهِيمَ الْمُكْرَمِينَ(*)إِذْ دَخَلُوا عَلَيْهِ فَقَالُوا سَلامًا قَالَ سَلامٌ قَوْمٌ مُنكَرُونَ(*)فَرَاغَ إِلَى أَهْلِهِ فَجَاءَ بِعِجْلٍ سَمِينٍ(*)فَقَرَّبَهُ إِلَيْهِمْ قَالَ أَلا تَأْكُلُونَ (الذاريات: ٢٧-24)

'ഇബ്രാഹീമിന്റെ മാന്യരായ അതിഥികളെ പറ്റിയുള്ള വാർത്ത നിനക്ക് വന്നുകിട്ടിയിട്ടുണ്ടോ? അവർ അദ്ദേഹത്തിന്റെ അടുത്തു കടന്നു വന്നിട്ട് സലാം പറഞ്ഞ സമയത്ത് അദ്ദേഹം പറഞ്ഞു: സലാം (നിങ്ങൾ) അപരിചിതരായ ആളുകളാണല്ലോ. അനന്തരം അദ്ദേഹം ധൃതിയിൽ തന്റെ ഭാര്യയുടെ അടുത്തേക്ക് ചെന്നു. എന്നിട്ട് ഒരു തടിച്ച കാളക്കുട്ടിയെ (വേവിച്ചു)കൊണ്ടുവന്നു. എ

ന്നിട്ട് അത് അവരുടെ അടുത്തേക്ക് വെച്ചു. അദ്ദേഹം പറഞ്ഞു: നിങ്ങൾ തിന്നുന്നില്ലേ? ' (ദാരിയാത്ത്: 24 – 27)

ഒരു ഹദീസ് ശ്രദ്ധിക്കുക:

عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ مَنْ كَانَ يُؤْمِنُ بِاللَّهِ وَالْيَوْمِ الْآخِرِ فَلَا يُؤْذِ جَارَهُ وَمَنْ كَانَ يُؤْمِنُ بِاللَّهِ وَالْيَوْمِ الْآخِرِ فَلْيُكْرِمْ ضَيْفَهُ وَمَنْ كَانَ يُؤْمِنُ بِاللَّهِ وَالْيَوْمِ الْآخِرِ فَلْيَقُلْ خَيْرًا أَوْ لِيَصْمُتْ) ( بخاري)

അബൂ ഹുറയ്റ(റ)വിൽ നിന്നു നിവേദനം. നബി(സ) അരുളി: 'അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ തന്റെ അയൽവാസിയെ ബുദ്ധിമുട്ടിപ്പിക്കാതിരിക്കട്ടെ, അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ തന്റെ അതിഥിയെ ബഹുമാനിക്കട്ടെ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ നല്ലത് പറയട്ടെ,അല്ലെങ്കിൽ നിശബ്ദനായിരിക്കട്ടെ'.(ബുഖാരി).

**ക്ഷണം സ്വീകരിക്കുക...**

ആരെങ്കിലും നമ്മെ ഇസ്‌ലാം അനുവദിക്കുന്ന സൽക്കാരങ്ങൾക്ക് ക്ഷണിക്കുകയാണെങ്കിൽ അതിന് നാം പ്രത്യേകിച്ച് വല്ല കാരണങ്ങളൊന്നുമില്ലെങ്കിൽ ഉത്തരം നൽകേണ്ടതുണ്ട്. റസൂലുല്ലാഹ് നമ്മെ പഠിപ്പിക്കുന്നത് നോക്കുക:

(أَنَّ أَبَا هُرَيْرَةَ رَضِي اللَّه عَنْه قَالَ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ حَقُّ الْمُسْلِمِ عَلَى الْمُسْلِمِ خَمْسٌ رَدُّ السَّلَامِ وَعِيَادَةُ الْمَرِيضِ وَاتِّبَاعُ الْجَنَائِزِ وَإِجَابَةُ الدَّعْوَةِ وَتَشْمِيتُ الْعَاطِسِ ) ( بخاري)

അബൂഹുറയ്റ(റ) പറയുന്നു, റസൂലുല്ലാഹ്(സ)പറയുന്നതായി കേട്ടു: 'ഒരു മുസ്‌ലിമിന് മറ്റു മുസ്‌ലിമിലുള്ള അവകാശം അഞ്ചാകുന്നു, അവ: സലാം മടക്കുക, രോഗിയെ സന്ദർശിക്കുക, ജനാ

സയെ പിന്തുടരുക, ക്ഷണത്തിന് ഉത്തരം നൽകുക, തുമ്മിയിട്ട് (അൽഹംദുലില്ലാഹ്) എന്ന് പറഞ്ഞാൽ അതിന് ഉത്തരം നൽകുകയെന്നിവയാണത്' (ബുഖാരി)

(عَبْدَاللَّهِ بْنَ عُمَرَ رَضِي اللَّه عَنهمَا يَقُولُ قَالَ رَسُولُ اللَّهِ صَلَّ اللَّه عَلَيْـهِ وَسَـلَّمَ أَجِيبُـوا هَذِهِ الدَّعْوَةَ إِذَا دُعِيتُمْ لَهَا، قَالَ وَكَانَ عَبْدُاللَّهِ يَأْتِي الدَّعْوَةَ فِي الْعُرْسِ وَغَـيْرِ الْعُـرْسِ وَهُـوَ صَائِمٌ ) (بخاري)

അബ്ദുല്ലാഹിബ്നു ഉമർ ﵁ പറയുന്നു: റസൂലുല്ലാഹ് ﷺ പറഞ്ഞു: 'നിങ്ങൾ ക്ഷണിക്കപ്പെട്ടാൽ ആ ക്ഷണത്തിന് നിങ്ങൾ ഉത്തരം നൽകണം, പറഞ്ഞു: അബ്ദുല്ലാഹ് വിവാഹസദ്യയിലേക്കും, അല്ലാത്തവയിലേക്കും നോമ്പുകാരനാണെങ്കിൽ പോലും വരാറുണ്ടായിരുന്നു' (ബുഖാരി)

**നിരസിക്കാതിരിക്കുക...**

( عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْـه أَنَّـهُ كَانَ يَقُـولُ شَرُّ الطَّعَـامِ طَعَـامُ الْوَلِيمَـةِ يُـدْعَى لَهَـا الْأَغْنِيَاءُ وَيُتْرَكُ الْفُقَرَاءُ وَمَنْ تَرَكَ الدَّعْوَةَ فَقَدْ عَصَى اللَّهَ وَرَسُولَهُ صَلَّ اللَّه عَلَيْهِ وَسَـلَّمَ) (بخاري)

അബൂഹുറയ്റ ﵁ നിന്ന്, അദ്ദേഹം പറയാറുണ്ടായിരുന്നു: 'പാവപ്പെട്ടവരെ ഒഴിവാക്കി ധനികന്മാരെ മാത്രം ക്ഷണിക്കുന്ന വിവാഹസദ്യയാണ് ഏറ്റവും മോശമായ ഭക്ഷണം, ആരെങ്കിലും ക്ഷണം നിരസിക്കുകയാണെങ്കിൽ അവൻ അല്ലാഹുവിനെയും, അവന്റെ റസൂലിനെയും ധിക്കരിച്ചിരിക്കുന്നു' (ബുഖാരി)

**നോമ്പ്കാരനാണെങ്കിലും...**

ആരെങ്കിലും നമ്മെ ക്ഷണിച്ചാൽ നമ്മൾ സുന്നത്ത് നോമ്പനുഷ്ഠിക്കുന്നവനാണെങ്കിലും ശരി, അത് ഒഴിവാക്കി ആ ക്ഷണ

ത്തിന് ഉത്തരം നൽകേണ്ടതുണ്ട് എന്നാണ് റസൂലുല്ലാഹ് നമ്മെ പഠിപ്പിക്കുന്നത്.

عن أبي سعيد الخذري رضي الله عنه قال: صنعت للنبي صلى الله عليه وسلم طعاما، فلما وضع قال رجل: أنا صائم، فقال رسول الله صلى الله عليه وسلم: دعاك أخوك وتكلف لك، أفطر وصم مكانه إن شئت) (قال الألباني حسن أخرجه بيهقي إرواء الغليل)

അബൂസഈദ് അൽ ഖുദ്‌രിﷺ പറഞ്ഞു: ഞാൻ നബിﷺക്ക് ഭക്ഷണമുണ്ടാക്കി, അത് ഭക്ഷിക്കാനായി ഒരുക്കിവെച്ചപ്പോൾ ഒരാൾ പറഞ്ഞു: ഞാൻ നോമ്പുകാരനാണ്, അപ്പോൾ റസൂലുല്ലാഹ്ﷺ പറയുകയുണ്ടായി: 'നിന്റെ സഹോദരനാണ് നിന്നെ ക്ഷണിച്ചത്, നിനക്ക്‌വേണ്ടി അവൻ ഒരുപാട് ബുദ്ധിമുട്ടിയിരിക്കുന്നു, നീ നോമ്പ് മുറിക്കുക, ഉദ്ദേശിക്കുന്നുവെങ്കിൽ അതിന് പകരം (വേറെ ദിവസം) നോമ്പെടുക്കുക'(ബൈഹഖി,അൽബാനി ഹസനാക്കിയ ഹദീസാണ്)

**ഐഹിക വ്യതം...**

عَنْ عَوْنِ بْنِ أَبِي جُحَيْفَةَ عَنْ أَبِيهِ قَالَ آخَى النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ بَيْنَ سَلْمَانَ وَأَبِي الدَّرْدَاءِ فَزَارَ سَلْمَانُ أَبَا الدَّرْدَاءِ فَرَأَى أُمَّ الدَّرْدَاءِ مُتَبَذِّلَةً فَقَالَ لَهَا مَا شَأْنُكِ قَالَتْ أَخُوكَ أَبُو الدَّرْدَاءِ لَيْسَ لَهُ حَاجَةٌ فِي الدُّنْيَا فَجَاءَ أَبُو الدَّرْدَاءِ فَصَنَعَ لَهُ طَعَامًا فَقَالَ كُلْ قَالَ فَإِنِّي صَائِمٌ قَالَ مَا أَنَا بِآكِلٍ حَتَّى تَأْكُلَ قَالَ فَأَكَلَ فَلَمَّا كَانَ اللَّيْلُ ذَهَبَ أَبُو الدَّرْدَاءِ يَقُومُ قَالَ نَمْ فَنَامَ ثُمَّ ذَهَبَ يَقُومُ فَقَالَ نَمْ فَلَمَّا كَانَ مِنْ آخِرِ اللَّيْلِ قَالَ سَلْمَانُ قُمِ الْآنَ فَصَلَّيَا فَقَالَ لَهُ سَلْمَانُ إِنَّ لِرَبِّكَ عَلَيْكَ حَقًّا وَلِنَفْسِكَ عَلَيْكَ حَقًّا وَلِأَهْلِكَ عَلَيْكَ حَقًّا فَأَعْطِ كُلَّ ذِي حَقٍّ حَقَّهُ فَأَتَى النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَذَكَرَ ذَلِكَ لَهُ فَقَالَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ صَدَقَ سَلْمَانُ (بخاري)

ഔസ്ബ്നു അബൂജുഹ്ഫാ തന്റെ പിതാവിൽ നിന്ന് ഉദ്ധരിക്കുന്നു: ‘റസൂലുല്ലാഹ്ﷺ സൽമാനിന്റെയും, അബൂദർദ്ദാഇന്റെയും ഇടയിൽ സാഹോദര്യമുണ്ടാക്കി, അങ്ങിനെ സൽമാൻ അബൂദർദ്ദാഇനെ സന്ദർശിച്ചു, അപ്പോൾ ഉമ്മുദർദ്ദാഇനെ മുശിഞ്ഞ വസ്ത്രമണിഞ്ഞു കാണപ്പെടുകയുണ്ടായി, ചോദിച്ചു: എന്താണ് നിങ്ങളുടെ പ്രശ്നം, ഈ വേഷത്തിലെന്താണ് നിങ്ങൾ കഴിച്ചുകൂട്ടുന്നത്, അപ്പോൾ ഉമ്മുദർദ്ദാഅ് പറയുകയുണ്ടായി: താങ്കളുടെ സഹോദരൻ അബൂദർദ്ദാഇന് ഇഹലോകത്ത് ഒരു ആവശ്യവുമില്ല. അങ്ങിനെ അബൂദർദ്ദാഅ് വീട്ടിലേക്ക് വരുകയും, സൽമാനിന് ഭക്ഷണമുണ്ടാക്കി കൊടുത്ത് കഴിക്കാൻ ആവശ്യപ്പെട്ടു, അപ്പോൾ അബൂദർദ്ദാഇനോട് കഴിക്കാൻ പറഞ്ഞപ്പോൾ ഞാൻ നോമ്പുകാനാണെന്ന് പറഞ്ഞു: സൽമാൻ പറഞ്ഞു: താങ്കൾ കഴിക്കാതെ ഒരിക്കലും ഞാൻ ഭക്ഷിക്കുകയില്ല. പറഞ്ഞു: അങ്ങിനെ അദ്ദേഹം ഭക്ഷിച്ചു. രാത്രിയായി, അബൂദർദ്ദാഅ് നിന്ന് നമസ്കരിക്കുവാൻ തുടങ്ങിയപ്പോൾ സൽമാൻ പറഞ്ഞു: നിങ്ങൾ ഉറങ്ങുക, അദ്ദേഹം ഉറങ്ങി, പിന്നെയും നിന്ന് നമസ്കരിക്കുവാൻ ആരംഭിച്ചപ്പോൾ വീണ്ടും ഉറങ്ങാൻ കൽപിച്ചു, അങ്ങിനെ രാത്രിയുടെ അവസാന യാമമായപ്പോൾ സൽമാൻ പറഞ്ഞു: ഇനി എഴുന്നേൽക്കുക, അവർ രണ്ട്പേരും നമസ്കരിക്കുകയുണ്ടായി. തുടർന്ന് സൽമാൻ പറഞ്ഞു: നിനക്ക് നിന്റെ റബ്ബിനോട് ചില കടമകളുണ്ട്, നിന്റെ ദേഹത്തോട് നിനക്ക് ചില കടമകളുണ്ട്, കുടുംബത്തോട് താങ്കൾക്ക് ചില കടമകളുണ്ട് എല്ലാത്തിനും അതിന്റേതായ കടമകൾ നീ നൽകുക. തുടർന്ന് പ്രവാചകന്റെയടുത്ത് പോയപ്പോൾ ഇതിനെ സംബന്ധിച്ച് പറയപ്പെട്ടു, നബിﷺ പറയുകയുണ്ടായി:‘സൽമാൻ സത്യമാണ് പറഞ്ഞത്’ (ബുഖാരി)

**മൂന്ന് ദിവസം...**

ആരെങ്കിലും അതിഥിയായി വരികയാണെങ്കിൽ അവരെ ആദരിക്കൽ നിർബ്ബന്ധമാണെന്നാണ് റസൂലുല്ലാഹ്ﷺ നമ്മെ പഠിപ്പിക്കുന്നത്.

عَنْ أَبِي شُرَيْحٍ الْكَعْبِيِّ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ مَنْ كَانَ يُؤْمِنُ بِاللَّهِ وَالْيَوْمِ الْآخِرِ فَلْيُكْرِمْ ضَيْفَهُ جَائِزَتُهُ يَوْمٌ وَلَيْلَةٌ وَالضِّيَافَةُ ثَلَاثَةُ أَيَّامٍ فَمَا بَعْدَ ذَلِكَ فَهُوَ صَدَقَةٌ وَلَا يَحِلُّ لَهُ أَنْ يَثْوِيَ عِنْدَهُ حَتَّى يُحْرِجَهُ ) بخاري

അബൂശുറൈഹ് അൽകഅ്ബിയിൽ നിന്ന്, റസൂലുല്ലാഹ്ﷺ പറഞ്ഞു: ആരെങ്കിലും അല്ലാഹുവിലും, അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ അതിഥിയെ ബഹുമാനിക്കട്ടെ, ഒരു രാവും പകലും അതിഥിക്കുള്ള സമ്മാനമാകുന്നു, ആതിഥ്യം മൂന്ന് ദിവസവുമാണ്, അതിന് ശേഷമുള്ളത് സ്വദഖയാകുന്നു, ആതിഥേയനെ ബുദ്ധി മുട്ടിക്കുന്ന രൂപത്തിൽ പിന്നീട് അതിഥി അവിടെ തങ്ങൽ അനുവദനീയമല്ല' (ബുഖാരി)

**ക്ഷണിക്കപ്പെടാത്തവർ...**

ക്ഷണിക്കപ്പെടാത്തവർ ആരെങ്കിലും അതിഥിയോടൊപ്പം വരുകയാണെങ്കിൽ ആതിഥേയനോട് മുൻകൂട്ടി അനുവാദം വാങ്ങിയിട്ടാണ് കൂടെ കൊണ്ടുപോകേണ്ടത് എന്നാണ് നബിﷺ നമ്മെ പഠിപ്പിക്കുന്നത്.

عَنْ أَبِي مَسْعُودٍ الْأَنْصَارِيِّ قَالَ كَانَ مِنَ الْأَنْصَارِ رَجُلٌ يُقَالُ لَهُ أَبُو شُعَيْبٍ وَكَانَ لَهُ غُلَامٌ لَحَّامٌ فَقَالَ اصْنَعْ لِي طَعَامًا أَدْعُو رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ خَامِسَ خَمْسَةٍ فَدَعَا رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ خَامِسَ خَمْسَةٍ فَتَبِعَهُمْ رَجُلٌ فَقَالَ

النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ إِنَّكَ دَعَوْتَنَا خَامِسَ خَمْسَةٍ وَهَذَا رَجُلٌ قَـدْ تَبِعَنَـا فَـإِنْ شِئْتَ أَذِنْتَ لَهُ وَإِنْ شِئْتَ تَرَكْتَهُ قَالَ بَلْ أَذِنْتُ لَهُ ) (بخاري)

അബൂമസ്ഊദ് അൽ അൻസാരിയിൽ നിന്ന്, അദ്ദേഹം പറയുകയുണ്ടായി: അൻസാരികളിൽ അബൂ ശുഐെബ് എന്ന് പറയപ്പെടുന്ന ഒരാളുണ്ടായിരുന്നു, അദ്ദേഹത്തിന് മാംസം പാകം ചെയ്യുന്ന ഒരു അടിമയുണ്ടായിരുന്നു, പ്രവാചകൻﷺയെ അഞ്ച് വ്യക്തികളിൽ അഞ്ചാമനായി അതിഥിയായി സൽക്കരിക്കുവാനായി ഭക്ഷണമൊരുക്കുവാൻ അടിമയോട് ആവശ്യപ്പെട്ടു, അങ്ങിനെ പ്രവാചകനെ അഞ്ചാമത്തെയാളായി ക്ഷണിക്കുകയും ചെയ്തു. ആ സന്ദർഭത്തിൽ ഒരാളും കൂടി അധികമായി അവരോടൊപ്പം കൂടിയപ്പോൾ പ്രവാചകൻﷺ പറഞ്ഞു: താങ്കൾ അഞ്ച് പേരെയാണ് ക്ഷണിച്ചത്, എന്നാൽ ഇദ്ദേഹവും ഞങ്ങളുടെ കൂടെ വന്നിരിക്കുന്നു, താങ്കൾ അനുവാദം നൽകുകയാണെങ്കിൽ പ്രവേശിക്കും, അനുവാദം നൽകിയില്ലെങ്കിൽ തിരിച്ച്പോകുന്നതാണ്. അദ്ദേഹം പറയുകയുണ്ടായി: ഞാൻ അദ്ദേഹത്തിന് അനുവാദം നൽകിയിരിക്കുന്നു' (ബുഖാരി)

**ചിലവഴിക്കൽ...**

അതിഥികളെ സൽക്കരിക്കേണ്ടതും, അവർക്ക് ചിലവഴിക്കേണ്ടതും ആതിഥേയന്റെ ബാധ്യതയാണ്. എന്നാൽ ഏതൊരു കാര്യത്തിലും അമിതവ്യയം പാടില്ലാത്തത്പോലെ ഇവിടെയും അധികമായി ചിലവഴിക്കാൻ പാടില്ല. സൽക്കാരമെന്ന പേരിൽ നടത്തുന്ന വിരുന്നുകളിൽ യാതൊരുവിധ നിയന്ത്രണവുമില്ലാതെ വിഭവങ്ങൾ ഒരുക്കുകയും, അധികമായിവരുന്നത് യാതൊരു മന:സാക്ഷിക്കുത്തുമില്ലാതെ ഉപേക്ഷിക്കുകയും ചെയ്യുന്നത് കാണാവുന്നതാണ്, ഈ പ്രവണത പാടെ ഓരോ മുസ്ലിമും ഉപേ

ക്ഷിക്കേണ്ടതുണ്ട്. ചിലയാളുകൾ പാർട്ടികൾ നടത്തുന്നത് നാട്ടിൽ പേരും പ്രശസ്തിയും ലഭിക്കാനാണ്, അവന്റെ വിവാഹം കണ്ടില്ലേ, അവന്റെ വീട്ടിലെ സൽക്കാരം അറിഞ്ഞില്ലേ? ഇന്നിങ്ങനെ ആളുകൾക്കിടയിൽ പ്രശസ്തി ലഭിക്കാൻ യാതൊരു കയ്യും കണക്കുമില്ലാതെ ചിലവഴിക്കുന്നവർ പരലോകത്തെ മറക്കുകയാണ് ചെയ്യുന്നത്. അത്കൊണ്ട് ശ്രദ്ധിക്കുക. പ്രബോധകർക്കിടയിലും, അറിവുള്ളവർക്കിടയിലും ഇങ്ങനെയുള്ള പ്രവണത കണ്ടുവരുന്നുണ്ട്, അമിതവ്യയമെന്നുള്ളത് വിശ്വാസികളുടെ സ്വഭാവമല്ലായെന്നറിയുക. ഒരു ഹദീസ് കാണുക:

(عَنْ أَنَسٍ قَالَ كُنَّا عِنْدَ عُمَرَ فَقَالَ نُهِينَا عَنِ التَّكَلُّفِ ) (بخاري)

അനസ്﵁വിൽ നിന്ന്, പറഞ്ഞു:'ഞങ്ങൾ ഉമർ﵁ന്റെ സമീപത്തായിരുന്നപ്പോൾ പറയുകയുണ്ടായി:അനാവശ്യമായി ചിലവഴിക്കുന്നത് ഞങ്ങൾക്ക് വിരോധിക്കപ്പെട്ടിരിക്കുന്നു' (ബുഖാരി)

**അത്യാവശ്യത്തിന് മാത്രം...**

വിഭവങ്ങളും, ഭക്ഷണങ്ങളും മറ്റും അത്യാവശ്യത്തിന് മാത്രമെ ഉണ്ടാക്കുവാൻ പാടുള്ളൂ. പ്രവാചകൻﷺ നിർദ്ദേശിക്കുന്നത് നോക്കുക:

عن جَابِرَ بْنَ عَبْدِ اللَّهِ يَقُولُ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ طَعَامُ الْوَاحِدِ يَكْفِي الِاثْنَيْنِ وَطَعَامُ الِاثْنَيْنِ يَكْفِي الْأَرْبَعَةَ وَطَعَامُ الْأَرْبَعَةِ يَكْفِي الثَّمَانِيَةَ ) (بخاري)

അബ്ദുല്ലാഇബ്നു ജാബിറിൽ നിന്നും നിവേദനം: റസൂലുല്ലാഹ് ﷺപറയുന്നതായി കേട്ടു: ഒരാളുടെ ഭക്ഷണം രണ്ടാൾക്ക് മതി, രണ്ടാളുടെ ഭക്ഷണം നാലുകൾക്ക് മതി, നാലാളുടെ ഭക്ഷണം എട്ടു പേർക്ക് മതി' (ബുഖാരി)

**ആർഭാഢ സദ്യ...**

عن عِكْرِمَةَ يَقُولُ كَانَ ابْنُ عَبَّاسٍ يَقُولُ إِنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ نَهَى عَـنْ طَعَامِ الْمُتَبَارِيَيْنِ أَنْ يُؤْكَلَ ) (أبو داود)

ഇക്‌രിമയിൽ നിന്ന്, ഇബ്നു അബ്ബാസ്ﷺ പറയുന്നു: മറ്റുള്ളവർക്ക് കഴിയാത്ത രൂപത്തിൽ പൊങ്ങച്ചത്തിന് വേണ്ടിയുണ്ടാക്കുന്ന സദ്യയിൽ നിന്ന് ഭക്ഷിക്കുന്നത് നബിﷺ വിലക്കിയിരിക്കുന്നു '(അബൂദാവൂദ്)

**അനുവാദത്തോടെ...**

(يَاأَيُّهَا الَّذِينَ آمَنُوا لاَ تَـدْخُلُوا بُيُـوتَ النَّـبِيِّ إِلاَّ أَنْ يُـؤْذَنَ لَكُـمْ إِلَى طَعَـامٍ غَـيْرَ نَاظِرِينَ إِنَاهُ وَلَكِنْ إِذَا دُعِيتُمْ فَـادْخُلُوا فَـإِذَا طَعِمْـتُمْ فَانْتَشِرُـوا وَلاَ مُسْتَأْنِسِـينَ لِحَدِيثٍ) (الأحزاب: ٥٩)

'നബിയേ, നിന്റെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെമേൽ താഴ്ത്തിയിടാൻ പറയുക: അവർ തിരിച്ചറിയപ്പെടുവാനും, അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കുവാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു' (അഹ്സാബ്: 59).

**വലിയവരെ മുന്തിപ്പിക്കുക...**

സദസ്സുകളിലും, മറ്റുള്ള സന്ദർഭങ്ങളിലും വലിയവരെ ബഹുമാനിക്കുകയും,ആദരിക്കുകയും, ചെറിയവരോട് അനുകമ്പ കാണിക്കുകയും ചെയ്യേണ്ടതുണ്ടെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു.

قَالَ ابْنُ السَّرْحِ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ مَنْ لَمْ يَرْحَمْ صَغِيرَنَا وَيَعْـرِفْ حَقَّ كَبِيرِنَا فَلَيْسَ مِنَّا ) (أبوداود)

ഇബ്നു സർഹിൽ നിന്നും നിവേദനം: നബിﷺ പറഞ്ഞു: 'നമ്മ ളിലെ ചെറിയവരോട് കരുണ കാണിക്കാത്തവരും, വലിയവരു ടെ സ്ഥാനം മനസിലാക്കാത്തവരും നമ്മളിൽ പെട്ടവനല്ല' (അ ബൂദാവൂദ്)

عَنْ أَبِي مُوسَى الْأَشْعَرِيِّ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ إِنَّ مِـنْ إِجْـلَالِ اللَّهِ إِكْرَامَ ذِي الشَّيْبَةِ الْمُسْلِمِ وَحَامِلِ الْقُرْآنِ غَيْرِ الْغَالِي فِيهِ وَالْجَافِي عَنْهُ وَإِكْرَامَ ذِي السُّلْطَانِ الْمُقْسِطِ) ( أبو داود)

അബൂമുസാ അൽഅശ്അരിؓൽ നിന്ന്: റസൂലുല്ലാഹ്ﷺ പറ ഞ്ഞു: 'അല്ലാഹുവിനെ മഹത്വപ്പെടുത്തുന്നതിൽ പെട്ടതാണ് വൃ ദ്ധന്മാരെയും, പരിധി ലംഘിക്കാതെ, അവഗണിക്കാതെ ഖുർആ ൻ മന:പാഠമാക്കുകയും പഠിക്കുകയും ചെയ്യുന്നവരെയും ആദ രിക്കുകയെന്നതും,നീതിമാനായ ഭരണാധികാരികളെ ആദരിക്കു കയും, ബഹുമാനിക്കുകയും ചെയ്യുകയെന്നതും'(അബൂദാവൂദ്)

**വലത് ഭാഗം മുന്തിപ്പിക്കുക...**

عَنْ سَهْلِ بْنِ سَعْدٍ رَضِي اللَّه عَنْه أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ أُتِيَ بِشَرَابٍ فَشَرِبَ مِنْهُ وَعَنْ يَمِينِهِ غُلَامٌ وَعَنْ يَسَارِهِ الْأَشْيَاخُ فَقَالَ لِلْغُلَامِ أَتَأْذَنُ لِي أَنْ أُعْطِيَ هَؤُلَاءِ فَقَالَ الْغُلَامُ وَاللَّهِ يَا رَسُولَ اللَّهِ لَا أُوثِرُ بِنَصِيبِي مِنْكَ أَحَدًا قَالَ فَتَلَّهُ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ فِي يَدِهِ ) ( بخاري)

സഹ്ൽബ്നു സഅദ്ؓവിൽ നിന്ന്, റസൂലുല്ലാഹ്ﷺ ഒരു പാത്രം പാനീയം കൊണ്ട് വരുകയും അതിൽ നിന്ന് കുടിക്കുകയും ചെ

യ്തു, തന്റെ വലത് ഭാഗത്ത് ഒരു കുട്ടിയും, ഇടത്ഭാഗത്ത് വൃദ്ധന്മാരുമുണ്ടായിരുന്നു, അപ്പോൾ കുട്ടിയോട് ചോദിച്ചു: ഇവർക്ക് കൊടുക്കുവാൻ നീ എനിക്ക് അനുവാദം നൽകുമോ? അപ്പോൾ കുട്ടി പറയുകയുണ്ടായി: അല്ലാഹു തന്നെയാണ് സത്യം! അങ്ങയിൽ നിന്നുള്ള ഓഹരി ഞാൻ മറ്റാർക്കും നൽകുകയില്ല. അപ്പോൾ റസൂലുല്ലാഹ്ﷺ കുട്ടിയുടെ കൈകളിൽ പാനീയം നൽകുകയുണ്ടായി' (ബുഖാരി)

### ആക്ഷേപിക്കരുത്...

( عَنْ أَبِي هُرَيْرَةَ قَالَ مَا عَابَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ طَعَامًا قَطُّ إِنِ اشْتَهَاهُ أَكَلَهُ وَإِنْ كَرِهَهُ تَرَكَهُ) ( بخاري)

അബൂഹുറയ്റ رضي الله عنه പറയുന്നു: 'ഒരിക്കലും പ്രവാചകൻﷺ ഒരു ഭക്ഷണത്തെയും ആക്ഷേപിച്ചിട്ടില്ല, ആഗ്രഹിക്കുന്നുവെങ്കിൽ കഴിക്കും, വെറുക്കുന്നുവെങ്കിൽ ഉപേക്ഷിക്കും' (ബുഖാരി)

### ആതിഥേയന് വേണ്ടി പ്രാർത്ഥിക്കുക:

عَنْ أَنَسٍ أَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ جَاءَ إِلَى سَعْدِ بْنِ عُبَادَةَ فَجَاءَ بِخُبْزٍ وَزَيْتٍ فَأَكَلَ ثُمَّ قَالَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ أَفْطَرَ عِنْدَكُمُ الصَّائِمُونَ وَأَكَلَ طَعَامَكُمُ الْأَبْرَارُ وَصَلَّتْ عَلَيْكُمُ الْمَلَائِكَةُ ) ( أبوداود )

അനസ് رضي الله عنه വിൽ നിന്ന്, നബിﷺ സഅദ്ബ്നു ഉബാദയുടെ അടുത്ത് വന്നു, അങ്ങിനെ(സഅദ്)റൊട്ടിയും, സൈതും(എണ്ണ) കൊണ്ടു വന്നു കൊടുത്തു, അത് ഭക്ഷിക്കുകയും ചെയ്തു, അതിന് ശേഷം നബിﷺ പറഞ്ഞു: നിങ്ങളുടെ അടുത്ത് നോമ്പുകാരാണ് നോമ്പ് തുറന്നത്, പുണ്യം ചെയ്യുന്നവരാണ് നിങ്ങളുടെ ഭക്ഷ

ണം തിന്നത്, നിങ്ങൾക്ക് വേണ്ടി മലക്കുകൾ പ്രാർത്ഥിക്കുകയും ചെയ്തിരിക്കുന്നു' (അബൂദാവൂദ്)

( فَقَالَ اللَّهُمَّ أَطْعِمْ مَنْ أَطْعَمَنِي وَأَسْقِ مَنْ أَسْقَانِي ) مسلم

നബിﷺ പ്രാർത്ഥിച്ചു: 'അല്ലാഹുവെ, എന്നെ ഭക്ഷിപ്പിച്ചവനെ നീ ഭക്ഷിപ്പിക്കേണമേ, എന്നെ കുടിപ്പിച്ചവനെ നീ കുടിപ്പിക്കുകയും ചെയ്യേണമേ' (മുസ്ലിം)

عن عَبْدَ اللَّهِ بْنَ بُسْرٍ يُحَدِّثُ أَنَّ أَبَاهُ صَنَعَ لِلنَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ طَعَامًا فَدَعَاهُ فَأَجَابَهُ فَلَمَّا فَرَغَ مِنْ طَعَامِهِ قَالَ اللَّهُمَّ اغْفِرْ لَهُمْ وَارْحَمْهُمْ وَبَارِكْ لَهُمْ فِيمَا رَزَقْتَهُمْ ) ( أحمد )

അബ്ദുല്ലാഇബ്നു ബുസ്റ് പറയുന്നു, തന്റെ പിതാവ് നബിﷺയെ ഭക്ഷണം ഉണ്ടാക്കി ക്ഷണിച്ചു, തിരുമേനി അതിന് ഉത്തരം നൽകുകയും ചെയ്തു. ഭക്ഷണം കഴിച്ചതിന് ശേഷം പറഞ്ഞു: 'അല്ലാഹുവെ അവർക്ക് നീ പൊറുത്ത് കൊടുക്കേണമേ, അവരോട് കാരുണ്യം കാണിക്കേണമെ, അവർക്ക് നൽകിയതിൽ നീ അനുഗ്രഹം നൽകുകയും ചെയ്യേണമേ' (അഹ്മദ്)

**അനുഗമിക്കൽ...**

( عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ إِنَّ مِنَ السُّنَّةِ أَنْ يَخْرُجَ الرَّجُلُ مَعَ ضَيْفِهِ إِلَى بَابِ الدَّارِ) (أبن ماجه)

അബൂഹുറയ്റرضي الله عنهവിൽ നിന്ന്, റസൂലുല്ലാഹ്ﷺ പറഞ്ഞു:'തന്റെ അതിഥിയുടെ കൂടെ വീടിന്റെ വാതിൽ (കവാടം) വരെ അനുഗമിക്കൽ സുന്നത്തിൽ പെട്ടതാകുന്നു' (ഇബ്നുമാജ)

**ഒരു സൽക്കാരം...**

പ്രവാചകൻﷺയുടെ കാലത്തെ ഒരു സൽക്കാരം ശ്രദ്ധിക്കുക:

عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْه قَالَ أَتَى رَجُلٌ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ فَقَالَ يَا رَسُولَ اللَّهِ أَصَابَنِي الْجَهْدُ فَأَرْسَلَ إِلَى نِسَائِهِ فَلَمْ يَجِدْ عِنْدَهُنَّ شَيْئًا فَقَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ أَلاَ رَجُلٌ يُضَيِّفُهُ هَذِهِ اللَّيْلَةَ يَرْحَمُهُ اللَّهُ فَقَامَ رَجُلٌ مِنَ الْأَنْصَارِ فَقَالَ أَنَا يَا رَسُولَ اللَّهِ فَذَهَبَ إِلَى أَهْلِهِ فَقَالَ لِامْرَأَتِهِ ضَيْفُ رَسُولِ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ لاَ تَدَّخِرِيهِ شَيْئًا قَالَتْ وَاللَّهِ مَا عِنْدِي إِلاَّ قُوتُ الصِّبْيَةِ قَالَ فَإِذَا أَرَادَ الصِّبْيَةُ الْعَشَاءَ فَنَوِّمِيهِمْ وَتَعَالَيْ فَأَطْفِئِي السِّرَاجَ وَنَطْوِي بُطُونَنَا اللَّيْلَةَ فَفَعَلَتْ ثُمَّ غَدَا الرَّجُلُ عَلَى رَسُولِ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ فَقَالَ لَقَدْ عَجِبَ اللَّهُ عَزَّ وَجَلَّ أَوْ ضَحِكَ مِنْ فُلاَنٍ وَفُلاَنَةَ فَأَنْزَلَ اللَّهُ عَزَّ وَجَلَّ ( وَيُؤْثِرُونَ عَلَى أَنْفُسِهِمْ وَلَوْ كَانَ بِهِمْ خَصَاصَةٌ ) (الحشر: ) (بخاري)

അബൂഹുറയ്റയ്‌വിൽ നിന്ന്, പ്രവാചകൻﷺയുടെ അരികിൽ ഒരാൾ വന്നുകൊണ്ട് പറഞ്ഞു: അല്ലാഹുവിന്റെ തിരുദൂതരെ, എനിക്ക് പട്ടിണി ബാധിച്ചിട്ടുണ്ട്, തിരുമേനി തന്റെ ഭാര്യമാരുടെ അടുത്ത് വല്ലതുമുണ്ടോയെന്ന് അന്വേഷിച്ചു, ഒന്നും ലഭിച്ചില്ല, അപ്പോൾ റസൂലുല്ലാഹ്ﷺ പറഞ്ഞു: ഈ രാത്രി ഇദ്ദേഹത്തെ സൽക്കരിക്കാൻ ആരാണുള്ളത്, അവന് അല്ലാഹുവിന്റെ കാരുണ്യം ലഭിക്കുന്നതാണ്. അൻസാരികളിൽ പെട്ട ഒരാൾ എഴുന്നേറ്റ്കൊണ്ട് പറഞ്ഞു: ഞാനുണ്ട് പ്രവാചകരെ,. തന്റെ വീട്ടുകാരുടെ അടുത്തേക്ക് പോയി ഭാര്യയോട് ചോദിച്ചു: പ്രവാചകന്റെ അതിഥിക്ക്വേണ്ടി നീ ഒന്നും സൂക്ഷിച്ച് വെച്ചിട്ടില്ലേ? അവർ പറഞ്ഞു: എന്റെയടുത്ത് നമ്മുടെ കുട്ടിക്കുള്ള ഭക്ഷണമല്ലാതെ ഒന്നുമില്ല.

പറഞ്ഞു: കുട്ടി ഭക്ഷണം ആവശ്യപ്പെടുമ്പോൾ നീ കുട്ടിയെ ഉറക്കുക, എന്നിട്ട് (അതിഥിയുടെ മുന്നിൽ ഭക്ഷണം വെച്ചാൽ) വിളക്കണക്കുകയും ചെയ്യുക, ഈ രാത്രി നമുക്ക് വിശപ്പ് സഹിക്കുകയും ചെയ്യാം. ആ സ്ത്രീ അപ്രകാരം ചെയ്തു. അടുത്ത ദിവസം ആതിഥേയൻ റസൂലുല്ലാഹ്ﷺയുടെ അടുത്ത് ചെന്നപ്പോൾ പറഞ്ഞു: ഉന്നതനും പ്രതാപവാനുമായ അല്ലാഹു അത്ഭുതപ്പെട്ടിരിക്കുന്നു, അല്ലെങ്കിൽ ഇന്ന സത്രീയുടെയും പുരുഷന്റെയും കാര്യത്തിൽ ചിരിച്ചിരിക്കുന്നു. അപ്പോൾ അല്ലാഹു താഴെ വരുന്ന ആയത്ത് അവതരിപ്പിക്കുകയുണ്ടായി: 'തങ്ങൾക്ക് ദാരിദ്ര്യമുണ്ടായാൽ പോലും സ്വദേഹങ്ങളെക്കാൾ മറ്റുള്ളവർക്ക് അവർ പ്രാധാന്യം നൽകുകയും ചെയ്യും' (ഹശ്റ്) (ബുഖാരി)

## അല്ലാഹുവിന്റെ ഭവനങ്ങൾ

ഈ ഭൂമിയിൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള സ്ഥലങ്ങൾ പള്ളികളാകുന്നു.പള്ളികൾക്ക് ഇസ്‌ലാമിൽ വളരെ വലിയസ്ഥാനമാണ് ഉള്ളത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് അല്ലാഹുവിനെ മാത്രം ആരാധിക്കുവാനായി ഭൂമിയിൽ ആദ്യം പടുത്തുയർത്തപ്പെട്ട പള്ളിയാണ് മക്കയിലെ കഅ്ബ.

(إِنَّ أَوَّلَ بَيْتٍ وُضِعَ لِلنَّاسِ لَلَّذِي بِبَكَّةَ مُبَارَكًا وَهُدًى لِلْعَالَمِينَ) (آل عمران:٩٦)

'തീർച്ചയായും മനുഷ്യർക്ക് വേണ്ടി സ്ഥാപിക്കപ്പെട്ട ഒന്നാമത്തെ ആരാധനാ മന്ദിരം ബക്കയിൽ ഉള്ളതത്രെ. (അത്) അനുഗൃഹീതമായും ലോകർക്ക് മാർഗദർശകമായും (നിലകൊള്ളുന്നു.)' (ആലുഇംറാൻ:96)

ഭൂമിയിൽ അല്ലാഹുവിന് ഏറ്റവും കൂടുതൽ ഇഷ്ടമുള്ള സ്ഥലങ്ങളാണ് മുസ്ലീംകൾ നിർബ്ബന്ധമായും അഞ്ച് നേരം പ്രവേശിക്കേണ്ട പള്ളികൾ. അല്ലാഹുവിന്റെ ഭവനങ്ങളായ പള്ളികൾ പടുത്തുയർത്തേണ്ടതും, അത് പരിപാലിക്കേണ്ടതും മുസ്ലീംകളുടെ നിർബ്ബന്ധ ബാധ്യതയാണ്.

( عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْـهِ وَسَـلَّمَ قَـالَ أَحَـبُّ الْبِـلَادِ إِلَى اللَّهِ مَسَاجِدُهَا وَأَبْغَضُ الْبِلَادِ إِلَى اللَّهِ أَسْوَاقُهَا ) (مسلم)

അബൂഹുറയ്റ(റ)വിൽ നിന്ന്: റസൂലുല്ലാഹ്(ﷺ) പറഞ്ഞു: 'ഭൂമിയിൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടമുള്ള സ്ഥലങ്ങൾ അതിലെ പള്ളികളാകുന്നു, അതിൽ അല്ലാഹുവിന് ഏറ്റവും കോപമുള്ള സ്ഥലങ്ങൾ അതിലെ അങ്ങാടികളാകുന്നു' (മുസ്ലിം)

പള്ളികളുണ്ടാക്കുകയും, പരിപാലിക്കുകയും ചെയ്യുക:

(إِنَّمَا يَعْمُرُ مَسَاجِدَ اللَّهِ مَنْ آمَنَ بِاللَّهِ وَالْيَوْمِ الْآخِرِ وَأَقَامَ الصَّلَاةَ وَآتَى الزَّكَاةَ وَلَـمْ يَخْشَ إِلَّا اللَّهَ فَعَسَى أُوْلَئِكَ أَنْ يَكُونُوا مِنَ الْمُهْتَدِينَ) (التوبة: ١٨ )

'അല്ലാഹുവിന്റെ പള്ളികൾ പരിപാലിക്കേണ്ടത് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും, നമസ്കാരം മുറപോലെ നിർവ്വഹിക്കുകയും, സകാത്ത് നൽകുകയും അല്ലാഹുവെയല്ലാതെ ഭയപ്പെടാതിരിക്കുകയും ചെയ്തവർ മാത്രമാണ്. എന്നാൽ

അത്തരക്കാർ സൻമാർഗം പ്രാപിക്കുന്നവരുടെ കൂട്ടത്തിലായേക്കാം' (തൗബ:18).

പള്ളികൾ വളരെ വൃത്തിയോടെ സംരക്ഷിക്കേണ്ടതും, ആവശ്യമുള്ള സ്ഥലങ്ങളിൽ പള്ളി നിർമ്മിക്കേണ്ടതും മുസ്ലീംകളുടെ ബാധ്യതയാകുന്നു. മക്കയിൽ നിന്ന് പ്രവാചകൻﷺ മദീനയിലേക്ക് പലായനം ചെയ്ത് ഖുബയിലെത്തിയ സന്ദർഭത്തിൽ അവിടെ ഒരു കൊച്ചു പള്ളി നിർമ്മിക്കുകയുണ്ടായി. ശേഷം മദീനയിലെത്തിയ പ്രവാചകൻ അവിടെയും ഒരു പള്ളി നിർമ്മിച്ചു. പള്ളി നിർമ്മാണം വലിയ പുണ്യകർമ്മമായിട്ടാണ് ഇസ്ലാം പഠിപ്പിക്കുന്നത്. ആവശ്യമാണെങ്കിൽ പള്ളി നിർമ്മിക്കുകയും, അത് സംരക്ഷിക്കുകയും ചെയ്യേണ്ടത് അവിടെയുള്ള മുസ്ലീംകളുടെ ബാധ്യതയാണ്.എന്നാൽ സംഘടനാ താൽപര്യങ്ങൾക്ക് വേണ്ടി ഒരേ ആശയത്തിലും, ആദർശത്തിലും പ്രവർത്തിക്കുന്നവർ ഒരേ സ്ഥലത്ത് വ്യത്യസ്ഥ പള്ളികൾ ഉണ്ടാക്കുന്നതിന്റെ ലക്ഷ്യം എന്താണോ അതിനനുസരിച്ചായിരിക്കും അവർക്ക് പ്രതിഫലം ലഭിക്കുക. കിടമാൽസര്യത്തിനും, സംഘടനാ സങ്കുചിതത്തിനും വേണ്ടി പള്ളികൾ പണിയുന്നത് അത്ര നല്ലതല്ലായെന്നാണ് പ്രമാണങ്ങൾ നമ്മെ പഠിപ്പിക്കുന്നത്. കാരണം ഇസ്ലാമിൽ ഏത് കാര്യവും ചെയ്യേണ്ടത് പരലോകത്ത് പുണ്യം ലഭിക്കണമെന്നതിനാണ്. അത്കൊണ്ട് പള്ളിനിർമ്മാണത്തിലും ആ താത്പര്യമായിരിക്കണം ഉണ്ടാവേണ്ടത്. മുസ്ലീംകൾ ശ്രദ്ധ ചെലുത്തേണ്ട ഒരു കാര്യമാണിത്. ആവശ്യമുള്ള സ്ഥലത്ത് പള്ളി നിർമ്മിക്കുന്നതിന്റെ പ്രത്യേകതയായി ഇസ്ലാം പഠിപ്പിക്കുന്നത് നാം ശ്രദ്ധിക്കുക:

عن عُثْمَانَ بْنَ عَفَّانَ قَالَ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ مَنْ بَـنَى مَسْجِدًا لِلَّهِ بَنَى اللَّهُ لَهُ فِي الْجَنَّةِ مِثْلَهُ – وفي روايـة- بَـنَى اللَّهُ لَهُ بَيْتًـا فِي الْجَنَّـةِ ) (مسلم)

ഉഥ്മാനുബ്നു അഫ്ഫാൻﷺവിൽ നിന്ന്; റസൂലുല്ലാഹ്ﷺ പറയുന്നതായി ഞാൻ കേട്ടു:'ആരെങ്കിലും അല്ലാഹുവിന് വേണ്ടി ഒരു പള്ളി നിർമ്മിക്കുകയാണെങ്കിൽ അല്ലാഹു അവന് അതുപോലെ ഒന്ന് സ്വർഗത്തിൽ നിർമ്മിച്ച് നൽകുന്നതാണ്. മറ്റൊരു റിപ്പോർട്ടിൽ ഉള്ളത്: സ്വർഗത്തിൽ അവന് ഒരു വീട് നിർമ്മിച്ചു കൊടുക്കുന്നതാണ്' എന്നാണ്. (മുസ്ലിം)

( عَنْ جَابِرِ بْنِ عَبْدِ اللَّهِ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ مَنْ بَنَى مَسْجِدًا لِلَّهِ كَمَفْحَصِ قَطَاةٍ أَوْ أَصْغَرَ بَنَى اللَّهُ لَهُ بَيْتًا فِي الْجَنَّةِ) (إبن ماجه)

ജാബിർ ഇബ്നു അബ്ദുല്ലാഹ്ﷺവിൽ നിന്ന്, റസൂലുല്ലാഹ്ﷺ പറഞ്ഞു:'ആരെങ്കിലും അല്ലാഹുവിന് വേണ്ടി ഒരു പള്ളി നിർമ്മിച്ചാൽ അത് ഒരു ചെറിയ പക്ഷിയുടെ കൂട്പോലെയുള്ളതോ, അതിനേക്കാൾ ചെറുതോ ആയിരുന്നാലും അവന് വേണ്ടി അല്ലാഹു സ്വർഗത്തിൽ ഒരു വീട് നിർമ്മിച്ചു കൊടുക്കുന്നതാണ്' (ഇബ്നു മാജ)

**ഭംഗിയോടെ...**

പള്ളിയുമായി ബന്ധപ്പെട്ട് ഒരുപാട് മര്യാദകളുണ്ട്. അതിൽ പെട്ടതാണ് പള്ളിയിലേക്ക് പോകുമ്പോൾ നല്ല രൂപത്തിൽ പോവുക. ഖുർആൻ പറയുന്നു:

(يَابَنِي آدَمَ خُذُوا زِينَتَكُمْ عِنْدَ كُلِّ مَسْجِدٍ وَكُلُوا وَاشْرَبُوا وَلَا تُسْرِفُوا إِنَّهُ لاَ يُحِبُّ الْمُسْرِفِينَ) (الأعراف: ٣١)

'ആദം സന്തതികളേ, എല്ലാ ആരാധനാലയത്തിങ്കലും (അഥവാ എല്ലാ ആരാധനാവേളകളിലും) നിങ്ങൾക്ക് അലങ്കാരമായിട്ടുള്ള വസ്ത്രങ്ങൾ ധരിച്ചുകൊള്ളുക നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല.' (അഅ്റാഫ്;31)

( عَنْ عُثْمَانَ بْنِ عَفَّانَ قَالَ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ مَنْ تَوَضَّأَ لِلصَّلَاةِ فَأَسْبَغَ الْوُضُوءَ ثُمَّ مَشَى إِلَى الصَّلَاةِ الْمَكْتُوبَةِ فَصَلَّاهَا مَعَ النَّاسِ أَوْ مَعَ الْجَمَاعَةِ أَوْ فِي الْمَسْجِدِ غَفَرَ اللَّهُ لَهُ ذُنُوبَهُ ) (مسلم)

ഉഥ്മാനുബ്നു അഫ്ഫാൻﷺവിൽ നിന്ന്; റസൂലുല്ലാഹ്ﷺ പറയുന്നതായി ഞാൻ കേട്ടു; 'ആരെങ്കിലും നമസ്കാരത്തിന് വേണ്ടി വുദു ചെയ്തു, വുദു പരിപൂർണമായി ചെയ്ത് നിർബ്ബന്ധ നമസ്കാരത്തിലേക്ക് നടന്ന് പോയി ജനങ്ങളോടൊപ്പം നമസ്കരിച്ചു, അല്ലെങ്കിൽ സംഘമായി നമസ്കരിച്ചു, അല്ലെങ്കിൽ പള്ളിയിൽ നമസ്കരിച്ചുവെങ്കിൽ അവന്റെ പാപങ്ങളെല്ലാം അല്ലാഹു പൊറുത്തു കൊടുക്കുന്നതാണ്' (മുസ്ലിം).

പള്ളിയുമായി ബന്ധപ്പെട്ട് ജീവിക്കുന്നവർക്ക് പരലോകത്ത് അല്ലാഹുവിന്റെ തണലല്ലാതെ വേറെ ഒരു തണലും ലഭിക്കാത്ത സന്ദർഭത്തിൽ അല്ലാഹു തണൽ നൽകി ആദരിക്കുമെന്ന് നമുക്ക് ഹദീസിൽ കാണാവുന്നതാണ്.

( عَنْ أَبِي هُرَيْرَةَ عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ سَبْعَةٌ يُظِلُّهُمُ اللَّهُ فِي ظِلِّهِ يَوْمَ لَا ظِلَّ إِلَّا ظِلُّهُ الْإِمَامُ الْعَادِلُ وَشَابٌّ نَشَأَ فِي عِبَادَةِ رَبِّهِ وَرَجُلٌ قَلْبُهُ مُعَلَّقٌ فِي الْمَسَاجِدِ وَرَجُلَانِ تَحَابَّا فِي اللَّهِ اجْتَمَعَا عَلَيْهِ وَتَفَرَّقَا عَلَيْهِ وَرَجُلٌ طَلَبَتْهُ امْرَأَةٌ ذَاتُ مَنْصِبٍ وَجَمَالٍ فَقَالَ إِنِّي أَخَافُ اللَّهَ وَرَجُلٌ تَصَدَّقَ أَخْفَى حَتَّى لَا تَعْلَمَ شِمَالُهُ مَا تُنْفِقُ يَمِينُهُ وَرَجُلٌ ذَكَرَ اللَّهَ خَالِيًا فَفَاضَتْ عَيْنَاهُ ) (بخاري)

അബൂഹുറയ്റ(റ)വിൽ നിന്ന്: പ്രവാചകൻ(ﷺ) പറയുകയുണ്ടായി: ‘അല്ലാഹുവിന്റെ തണലല്ലാത്ത വേറെ ഒരു തണലും ലഭിക്കാത്ത ദിവസം ഏഴ് വിഭാഗമാളുകൾക്ക് അവന്റെ തണൽ വിരിച്ച് കൊടുക്കുന്നതാണ്. അവർ നീതിമാനായ ഭരണാധികാരി, തന്റെ രക്ഷിതാവിനെ ആരാധിക്കുന്നവനായി വളർന്ന് വന്ന യുവാവ്, പള്ളിയുമായി മനസ് ബന്ധിപ്പിക്കപ്പെട്ട മനുഷ്യൻ, അല്ലാഹുവിന് വേണ്ടി ഒരുമിക്കുകയും അവന്വേണ്ടി തന്നെ വേർപിരിയുകയും ചെയ്ത രണ്ടാളുകൾ, കുലീനയും സൗന്ദര്യവതിയുമായ ഒരു സ്ത്രീ വ്യഭിചാരത്തിന് ക്ഷണിച്ചിട്ട് ഞാൻ അല്ലാഹുവിനെ ഭയപ്പെടുന്നുവെന്ന് പറഞ്ഞ് അതിൽ നിന്നും പിൻമാറുന്നവൻ, വലത് കൈ ചിലവഴിക്കുന്നത് ഇടത് കൈപോലും അറിയാത്ത രൂപത്തിൽ ദാനധർമ്മം ചെയ്തിട്ട് അത് മറച്ച് വെച്ചവൻ, ഏകാന്തമായി അല്ലാഹുവിനെഓർത്ത് കണ്ണുകളിൽ നിന്ന് കണ്ണ്നീർ പൊഴിച്ചവൻ’ (ബുഖാരി)

പള്ളിയുമായി ബന്ധപ്പെട്ട് ജീവിക്കുകയെന്ന് പറഞ്ഞാൽ പള്ളിയെ സംരക്ഷിക്കുക, അവിടെ അത്യാവശ്യമുള്ള കാര്യങ്ങൾ നോക്കി നടത്തുക പോലെയുള്ള കാര്യങ്ങളാണ്. ഇതെല്ലാം അവിടെയുള്ള ഓരോ മുസ്ലിമിന്റെയും ബാധ്യതയാണ്. ചില പള്ളികളിൽ പോയാൽ അത്യാവശ്യത്തിന് വെളിച്ചമോ സൗകര്യ

ങ്ങളോ ഒന്നും ഉണ്ടാവില്ല. അടുത്ത വീടുകളിൽ ആവശ്യത്തി നും അനാവശ്യത്തിനും വേണ്ടി ലൈറ്റുകൾ പ്രകാശിപ്പിച്ചാലും തൊട്ടടുത്തുള്ള അല്ലാഹുവിന്റെ വീടായ പള്ളിയെ ആളുകൾക്ക് സൗകര്യപ്രദമാവുന്ന രൂപത്തിൽ വെളിച്ചം ലഭിക്കുവാനുള്ള സൗകര്യങ്ങൾ പോലും ചെയ്യുന്നില്ലായെന്നത് ഖേദകരമായ സം ഗതിയാണ്. അത്കൊണ്ട് പള്ളികളെ കഴിവിന്റെ പരമാവധി നാം സംരക്ഷിക്കുകയും ശ്രദ്ധിക്കുകയും ചെയ്യേണ്ടതുണ്ട്.

**ദുർഗന്ധം ഉപേക്ഷിക്കുക...**

അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട സ്ഥലമാണ് പള്ളികൾ, അ വിടെവെച്ച് അല്ലാഹുവിന് വേണ്ടി ആരാധനകൾ അർപ്പിക്കുമ്പോ ൾ അനുഗ്രഹത്തിന്റെ മലക്കുകൾ അവിടെ സന്നിഹിദരാവുക യും, അവിടെയുള്ളവർക്ക് അനുഗ്രഹത്തിന് വേണ്ടി പ്രാർത്ഥി ക്കുകയും ചെയ്യും. അതുകൊണ്ട് തന്നെ മലക്കുകൾക്കും, മനു ഷ്യർക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന ദുർഗന്ധം വമിക്കുന്ന കാര്യ ങ്ങളിൽ നിന്ന് വിട്ട് നിൽക്കേണ്ടതുണ്ട്. അതുകൊണ്ട് തന്നെ ദുർ ഗന്ധം വമിക്കുന്ന വെളുത്തുള്ളി, ഉള്ളി എന്നിവ വേവിക്കാതെ തിന്നുകയും, എന്നിട്ട് ശരിക്കും വായ വൃത്തിയാക്കാതെ പള്ളി യിൽ പോയി അവിടെയുള്ളവരെ ബുദ്ധിമുട്ടിപ്പിക്കുകയും ചെയ്യ രുത്. അതുപോലെ പുകവലിക്കാരായ ആളുകൾ അത് ജീവിത ത്തിൽ നിന്ന് പാടെ ഉപേക്ഷിക്കുക. ഇസ്ലാം അത് വിരോധി ക്കുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.സിഗരറ്റും മറ്റും ഉപയോഗിച്ചുകൊണ്ട് പള്ളിയിൽ പോകുകയും അവിടെ യുള്ളവരെ ബുദ്ധിമുട്ടിപ്പിക്കുകയും ചെയ്യുന്നത് ശിക്ഷ ലഭിക്കു വാൻ കാരണമാവും. അല്ലാഹു അനുവദിച്ച ഉള്ളി തിന്ന്കൊണ്ട് പോലും നിങ്ങൾ പള്ളിയിൽ പോകരുത് എന്ന് പ്രവാചകൻ വി ലക്കിയിട്ടുണ്ടെങ്കിൽ സിഗരറ്റിന്റെയും, ബീഡിയുടെയും കാര്യം പറയേണ്ടതില്ലല്ലോ. ഹദീസ് ശ്രദ്ധിക്കുക:

( أَنَّ جَابِرَ بْنَ عَبْدِاللَّهِ رَضِي اللَّه عَنْهمَا عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ مَنْ أَكَلَ ثُومًا أَوْ بَصَلًا فَلْيَعْتَزِلْنَا أَوْ لِيَعْتَزِلْ مَسْجِدَنَا ) (البخاري)

ജാബിറുബ്നു അബ്ദുല്ലാഹ്﵁വിൽ നിന്ന് നബിﷺ പറഞ്ഞു: 'ആരെങ്കിലും വെളുത്തുള്ളിയോ, ഉള്ളിയോ തിന്നാൽ അവൻ നമ്മളിൽ നിന്ന് വിട്ട് നിൽക്കട്ടെ, അല്ലെങ്കിൽ നമ്മുടെ പള്ളിയിൽ നിന്ന് വിട്ട് നിൽക്കട്ടെ' (ബുഖാരി).

കാരണമെന്ത്?

( عَنْ جَابِرٍ قَالَ نَهَى رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ عَنْ أَكْلِ الْبَصَلِ وَالْكُرَّاثِ فَغَلَبَتْنَا الْحَاجَةُ فَأَكَلْنَا مِنْهَا فَقَالَ مَنْ أَكَلَ مِنْ هَذِهِ الشَّجَرَةِ الْمُنْتِنَةِ فَلَا يَقْرَبَنَّ مَسْجِدَنَا فَإِنَّ الْمَلَائِكَةَ تَأَذَّى مِمَّا يَتَأَذَّى مِنْهُ الْإِنْسُ ) (مسلم)

ജാബിർ﵁വിൽ നിന്ന്: വെളുത്തുള്ളിയും, ഉള്ളിയും തിന്നുന്നത് നബിﷺ വിരോധിക്കുകയുണ്ടായി, അത് ഞങ്ങൾക്ക് അനിവാര്യമായി വന്നപ്പോൾ ഞങ്ങൾ അതിൽ നിന്ന് ഭക്ഷിക്കുകയുണ്ടായി, അപ്പോൾ റസൂലുല്ലാഹ് പറഞ്ഞു: ഈ വാസനയുണ്ടാക്കുന്ന മരത്തിൽ നിന്ന് ആരെങ്കിലും ഭക്ഷിച്ചിട്ടുണ്ടെങ്കിൽ അവർ നമ്മുടെ പള്ളിയോട് അടുത്ത്പോകരുത്. കാരണം മനുഷ്യർ ബുദ്ധിമുട്ടനുഭവിക്കുന്നത് കൊണ്ട് മലക്കുകളും ബുദ്ധിമുട്ടനുഭവിക്കുന്നതാണ്' (മുസ്ലിം)

**ശ്രദ്ധിക്കുക....**

ഇസ്ലാമിക പ്രമാണങ്ങൾ ഒരു കാര്യം പഠിപ്പിക്കുന്നുവെങ്കിൽ അത് ജീവിതത്തിൽ സ്വീകരിക്കേണ്ടത് ഓരോ മുസ്ലിമിന്റെയും ബാധ്യതയാണ്. അതിനെ അവഗണിക്കുന്നവർ താഴെ വരുന്ന ആയത്ത് പരിശോധിക്കട്ടെ.

(فَلْيَحْذَرْ الَّذِينَ يُخَالِفُونَ عَنْ أَمْـرِهِ أَنْ تُصِـيبَهُمْ فِتْنَـةٌ أَوْ يُصِـيبَهُمْ عَـذَابٌ أَلِيـمٌ) (النور:٦٣)

'ആകയാൽ അദ്ദേഹത്തിന്റെ കൽപനയ്ക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്നു ഭവിക്കുകയോ, വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് സൂക്ഷിച്ചു കൊള്ളട്ടെ' (നൂർ:63).

**നേരത്തെ...**

പള്ളിയുമായി ബന്ധപ്പെട്ട മര്യാദകളിൽ പെട്ടതാണ് അഞ്ച് നേരത്തെ നമസ്കാരത്തിന് വളരെ നേരത്തെ പള്ളിയിലേക്ക് പോവുകയെന്നത്. അതിന് വർദ്ധിച്ച പ്രതിഫലമുണ്ടെന്നാണ് ഇസ്ലാം പഠിപ്പിക്കുന്നത്.

( عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ لَوْ يَعْلَمُ النَّاسُ مَا فِي النِّدَاءِ وَالصَّفِّ الْأَوَّلِ ثُمَّ لَمْ يَجِدُوا إِلَّا أَنْ يَسْتَهِمُوا عَلَيْهِ لَاسْتَهَمُوا وَلَوْ يَعْلَمُونَ مَا فِي التَّهْجِيرِ لَاسْتَبَقُوا إِلَيْهِ وَلَوْ يَعْلَمُونَ مَا فِي الْعَتَمَةِ وَالصُّبْحِ لَأَتَوْهُمَا وَلَوْ حَبْوًا ) (البخاري)

അബൂഹുറയ്റ(ﷺ)വിൽ നിന്ന്; റസൂലുല്ലാഹ്ﷺ പറഞ്ഞു: 'ബാങ്കിലും, ഒന്നാമത്തെ സ്വഫ്ഫിലും ഉള്ള പ്രതിഫലം ജനങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ അത് നറുക്കിലൂടെയല്ലാതെ ലഭിക്കുകയില്ലെങ്കിൽ അവർ നറുക്കിടുവാനും തയ്യാറാകുമായിരുന്നു, പള്ളിയിലേക്ക് വളരെ നേരത്തെ പോകുന്നതിന്റെ പ്രതിഫലം അവർ അറിഞ്ഞിരുന്നുവെങ്കിൽ അവർ അതിന് വേണ്ടി മത്സരിക്കുമായിരുന്നു, സുബ്ഹിയുടെയും അസറിന്റെയും പ്രതിഫലം അറിഞ്ഞിരുന്നുവെങ്കിൽ അവർ അതിലേക്ക് മുട്ടിൽ ഇഴഞ്ഞ്കൊണ്ട് തന്നെയെങ്കിലും എത്തുമായിരുന്നു' (ബുഖാരി)

**ഗാംഭീര്യത്തോടെ, ഭയഭക്തിയോടെ...**

പള്ളികളിലേക്ക് പോകുന്നത് ഗാംഭീര്യതയോടെ, ഭയഭക്തിയോടെ അല്ലാഹുവിന്റെ വീട്ടിലേക്കാണ്, തന്റെ രക്ഷിതാവിനോടുള്ള രഹസ്യ സംഭാഷണത്തിനാണ് എന്ന ബോധത്തോടെയായിരിക്കണം. ഹദീസ് നോക്കുക:

(عَنْ عَبْدِاللَّهِ بْنِ أَبِي قَتَادَةَ عَنْ أَبِيهِ قَالَ بَيْنَمَا نَحْنُ نُصَلِّي مَعَ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِذْ سَمِعَ جَلَبَةَ رِجَالٍ فَلَمَّا صَلَّى قَالَ مَا شَأْنُكُمْ قَالُوا اسْتَعْجَلْنَا إِلَى الصَّلَاةِ قَالَ فَلَا تَفْعَلُوا إِذَا أَتَيْتُمُ الصَّلَاةَ فَعَلَيْكُمْ بِالسَّكِينَةِ فَمَا أَدْرَكْتُمْ فَصَلُّوا وَمَا فَاتَكُمْ فَأَتِمُّوا ) (بخاري ومسلم)

അബ്ദുല്ലാഹ്ബ്നു അബുഖതാദ: തന്റെ പിതാവിൽ നിന്നും ഉദ്ധരിക്കുന്നു: 'ഞങ്ങൾ നബിﷺയോടൊപ്പം നമസ്കരിക്കുകയായിരുന്നു, ആ സന്ദർഭത്തിൽ ചില മനുഷ്യർ നമസ്കാരത്തിൽ ഓടിവരുന്ന ശബ്ദം കേൾക്കുകയുണ്ടായി. നമസ്കാരം കഴിഞ്ഞപ്പോൾ ചോദിച്ചു, എന്താണ് നിങ്ങളുടെ പ്രശ്നം? അവർ പറഞ്ഞു: ഞങ്ങൾ നമസ്കാരത്തിലേക്ക് ധൃതിപിടിച്ച് വന്നതാണ്. അപ്പോൾ തിരുമേനിﷺ പറഞ്ഞു: 'നിങ്ങൾ അപ്രകാരം പ്രവർത്തിക്കരുത്, നിങ്ങൾ നമസ്കാരത്തിലേക്ക് വരുകയാണെങ്കിൽ സമാധാനത്തോടെ വരിക, നിങ്ങൾക്ക് എന്താണോ ലഭിക്കുന്നത്, അത് നിങ്ങൾ നമസ്കരിക്കുകയും, നഷ്ടപ്പെട്ടത് പൂർത്തീകരിക്കുകയും ചെയ്യുക' (ബുഖാരി).

(أَنَّ أَبَا هُرَيْرَةَ قَالَ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ إِذَا أُقِيمَتِ الصَّلَاةُ فَلَا تَأْتُوهَا تَسْعَوْنَ وَأْتُوهَا تَمْشُونَ عَلَيْكُمُ السَّكِينَةُ فَمَا أَدْرَكْتُمْ فَصَلُّوا وَمَا فَاتَكُمْ فَأَتِمُّوا ) (بخاري)

അബൂഹുറയ്റ(റ) പറഞ്ഞു: റസൂലുല്ലാഹ്(ﷺ) പറയുന്നത് ഞാൻ കേൾക്കുകയുണ്ടായി, നമസ്കാരത്തിന്വേണ്ടി ഇഖാമത്ത് വിളിച്ചാൽ നിങ്ങൾ അതിലേക്ക് ഓടി വരരുത്, നിങ്ങൾ നടന്ന് കൊണ്ട് വരിക,സമാധാനത്തോടെ ഗാംഭീര്യതയോടെ അതിലേക്ക് വരിക, നിങ്ങൾക്ക് ലഭിച്ചത് നമസ്കരിക്കുകയും, നഷ്ടപ്പെട്ടത് പൂർത്തിയാക്കുകയും ചെയ്യുക' (ബുഖാരി)

**പ്രാർത്ഥനയോടെ...**

ദൈവിക ഭവനങ്ങളിലേക്ക് പോകുമ്പോൾ അനാവശ്യ സംസാരമോ, അനാവശ്യമായ ചർച്ചയോ ചെയ്ത് കൊണ്ടല്ല നാം പോകേണ്ടത് മറിച്ച് തന്നെ സൃഷ്ടിക്കുകയും, തനിക്ക്വേണ്ട സകലവിധ സുഖസൗകര്യങ്ങളും ഒരുക്കി തന്ന രക്ഷിതാവിന് നന്ദി ചെയ്യുവാനാണ് ഞാൻ അവന്റെ ഭവനത്തിലേക്ക് പോകുന്നത് എന്ന ബോധത്തോടെ അവനോട് പ്രാർത്ഥിച്ച് കൊണ്ടായിരിക്കണം. അതാണ് ഹദീസുകൾ നമ്മെ പഠിപ്പിക്കുന്നത്.

(عَنِ ابْنِ عَبَّاسٍ رَضِي اللَّه عَنهما قَالَ بِتُّ عِنْدَ مَيْمُونَةَ فَقَامَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ ... فَآذَنَهُ بِلَالٌ بِالصَّلَاةِ فَصَلَّى وَلَمْ يَتَوَضَّأْ وَكَانَ يَقُولُ فِي دُعَائِهِ اللَّهُمَّ اجْعَلْ فِي قَلْبِي نُورًا وَفِي بَصَرِي نُورًا وَفِي سَمْعِي نُورًا وَعَنْ يَمِينِي نُورًا وَعَنْ يَسَارِي نُورًا وَفَوْقِي نُورًا وَتَحْتِي نُورًا وَأَمَامِي نُورًا وَخَلْفِي نُورًا وَاجْعَلْ لِي نُورًا ...) (بخاري)

ഇബ്നു അബ്ബാസ്(റ)വിൽ നിന്ന്; ഞാൻ മൈമൂന(റ)യുടെ വീട്ടിൽ രാത്രി കഴിച്ചു കൂട്ടുകയുണ്ടായി, അപ്പോൾ നബി(ﷺ) എഴുന്നേറ്റു, ...ആ സമയം ബിലാൽ നമസ്കാരത്തിന് ബാങ്ക് കൊടുത്തു, അങ്ങിനെ അദ്ദേഹം നമസ്കരിച്ചു, അതിന് വേണ്ടി വുദു ചെയ്തില്ല, (പ്രവാചകന് ആദ്യം തന്നെ വുദു ഉണ്ടായിരുന്നു) അങ്ങിനെ പ്രവാചകൻ തന്റെ പ്രാർത്ഥനയിൽ ഇങ്ങനെ പറയുന്നുണ്ടാ

യിരുന്നു: അല്ലാഹുവെ, എന്റെ ഹൃദയത്തിൽ നീ പ്രകാശം നിറക്കേണമേ, എന്റെ കാഴ്ചയിലും പ്രകാശം നിറക്കേണമേ, എന്റെ കേൾവിയിലും പ്രകാശം നിറക്കേണമേ,എന്റെ വലതു ഭാഗത്തും പ്രകാശം നിറക്കേണമേ, എന്റെ ഇടതുഭാഗത്തും പ്രകാശം നിറക്കേണമേ,എന്റെ മുകളിലും പ്രകാശം നിറക്കേണമേ, എന്റെ താഴ്ഭാഗത്തും പ്രകാശം നിറക്കേണമേ, എന്റെ മുന്നിലും പ്രകാശം നിറക്കേണമേ, എന്റെ പിന്നിലും പ്രകാശം നിറക്കേണമേ, എനിക്ക് നീ പ്രകാശം നൽകേണമേ...' (ബുഖാരി)

**ഓരോ കാലടിക്കും പ്രതിഫലം...**

പള്ളിയിലേക്ക് പോകുമ്പോൾ മുന്നോട്ട്വെക്കുന്ന ഓരോ കാലടിക്കും വർദ്ധിച്ച പ്രതിഫലമുണ്ടെന്നാണ് നബിﷺ നമ്മെ പഠിപ്പിക്കുന്നത്:

( عَنْ أَبِي هُرَيْرَةَ يَقُولُ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ صَلَاةُ الرَّجُلِ فِي الْجَمَاعَةِ تُضَعَّفُ عَلَى صَلَاتِهِ فِي بَيْتِهِ وَفِي سُوقِهِ خَمْسًا وَعِشْرِينَ ضِعْفًا وَذَلِكَ أَنَّهُ إِذَا تَوَضَّأَ فَأَحْسَنَ الْوُضُوءَ ثُمَّ خَرَجَ إِلَى الْمَسْجِدِ لَا يُخْرِجُهُ إِلَّا الصَّلَاةُ لَمْ يَخْطُ خَطْوَةً إِلَّا رُفِعَتْ لَهُ بِهَا دَرَجَةٌ وَحُطَّ عَنْهُ بِهَا خَطِيئَةٌ فَإِذَا صَلَّى لَمْ تَزَلِ الْمَلَائِكَةُ تُصَلِّي عَلَيْهِ مَا دَامَ فِي مُصَلَّاهُ اللَّهُمَّ صَلِّ عَلَيْهِ اللَّهُمَّ ارْحَمْهُ وَلَا يَزَالُ أَحَدُكُمْ فِي صَلَاةٍ مَا انْتَظَرَ الصَّلَاةَ ) (بخاري)

അബൂഹുറയ്റ(റ)വിൽ നിന്ന്, റസൂലുല്ലാഹ്ﷺ പറഞ്ഞു: 'ജമാഅത്ത് നമസ്കാരം തന്റെ വീട്ടിലേയും, അങ്ങാടിയിലേയും നമസ്കാരത്തേക്കാൾ ഇരുപത്തിയഞ്ചിരട്ടി പ്രതിഫലമുള്ളതാണ്,അത് അവൻ നല്ല രൂപത്തിൽ വുദുചെയ്ത് പള്ളിയിലേക്ക് പുറപ്പെടുകയാണെങ്കിൽ, അവനെ നമസ്കാരമല്ലാതെ പുറത്തിറക്കുന്നില്ല,

അങ്ങിനെ അവൻ മുന്നോട്ട്‌വെക്കുന്ന ഓരോ കാലടിക്കും അവന്റെ പദവികൾ ഉയർത്തപ്പെടുകയും, ഓരോ കാലടിക്കും പാപങ്ങൾ പൊറുക്കപ്പെടുകയും ചെയ്യും, അതുപോലെ അവൻ നമസ്കരിച്ചാൽ അവൻ തന്റെ നമസ്കാര സ്ഥലത്ത് തന്നെ ഇരിക്കുന്ന സമയമത്രയും മലക്കുകൾ അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നതാണ്. അവർ പറയും: 'അല്ലാഹുവെ, അദ്ദേഹത്തിന് നീ അനുഗ്രഹം നൽകേണമേ, അദ്ദേഹത്തോട് നീ കാരുണ്യം കാണിക്കേണമേ'എന്ന്. നമസ്കാരം പ്രതീക്ഷിച്ച് ഇരിക്കുന്ന സമയമത്രയും അവൻ നമസ്കാരത്തിലാണ്' (ബുഖാരി).

**പ്രവേശനം...**

പള്ളികളിലേക്ക് പ്രവേശിക്കുമ്പോൾ പ്രത്യേകം പ്രാർത്ഥന തന്നെ പ്രവാചകൻﷺ നമുക്ക് പഠിപ്പിച്ച് തന്നിരിക്കുന്നു. അതുപോലെ തിരിച്ച് വരുമ്പോഴും നാം പ്രാർത്ഥിക്കുക.

( عَنْ أَبِي أُسَيْدٍ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِذَا دَخَلَ أَحَدُكُمُ الْمَسْجِدَ فَلْيَقُلِ اللَّهُمَّ افْتَحْ لِي أَبْوَابَ رَحْمَتِكَ وَإِذَا خَرَجَ فَلْيَقُلِ اللَّهُمَّ إِنِّي أَسْأَلُكَ مِنْ فَضْلِكَ) (مسلم)

അബൂഉസൈദ്رضي الله عنهവിൽ നിന്ന്, റസൂലുല്ലാഹ്ﷺ പറഞ്ഞു: 'നിങ്ങളിൽ നിന്ന് ആരെങ്കിലും പള്ളിയിൽ പ്രവേശിക്കുകയാണെങ്കിൽ അവൻ ഇങ്ങനെ പറയട്ടേ, 'അല്ലാഹുവെ, എനിക്ക് നീ നിന്റെ അനുഗ്രഹത്തിന്റെ കവാടങ്ങൾ തുറന്ന് തരേണമേ'. അവൻ പുറത്ത് വരുമ്പോൾ 'ഞാൻ നിന്നോട് നിന്റെ ഔദാര്യം ചോദിക്കുകയും ചെയ്യുന്നു' എന്ന് പറയുകയും ചെയ്യണം'(മുസ്‌ലിം).

( عَنْ أَبِي أُسَيْدٍ الْأَنْصَارِيِّ يَقُولُ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِذَا دَخَلَ أَحَدُكُمُ الْمَسْجِدَ فَلْيُسَلِّمْ عَلَى النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ثُمَّ لِيَقُلِ اللَّهُمَّ افْتَحْ لِي أَبْوَابَ رَحْمَتِكَ فَإِذَا خَرَجَ فَلْيَقُلِ اللَّهُمَّ إِنِّي أَسْأَلُكَ مِنْ فَضْلِكَ) (أبودود)

അബൂഉസൈദ് അൽ അൻസാരിﷺ പറയുന്നു: റസൂലുല്ലാഹ്ﷺ പറഞ്ഞു:'നിങ്ങളിൽ നിന്ന് ആരെങ്കിലും പള്ളിയിൽ പ്രവേശിച്ചാൽ നബിﷺയുടെ പേരിൽ അവൻ സലാം പറയട്ടേ, ശേഷം 'അല്ലാഹുവെ, എനിക്ക് നീ നിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ തുറന്ന് തരേണമേ' എന്ന് പറയട്ടെ, അവൻ അവിടെ നിന്നും പുറത്ത് വരുമ്പോൾ ഇങ്ങനെ പറയട്ടെ 'അല്ലാഹുവെ, നിന്നോട് ഞാൻ നിന്റെ ഔദാര്യത്തിൽ നിന്ന് ചോദിക്കുന്നു'(അബൂദാവൂദ്)

### വലത് കാൽ വെച്ച്...

പള്ളികളിലേക്ക് പ്രവേശിക്കുമ്പോൾ വലത് കാൽ മുന്തിപ്പിക്കുകയും, തിരിച്ച് വരുമ്പോൾ ഇടതു കാൽ മുന്തിപ്പിക്കുകയും ചെയ്യുക.

( عَنْ عَائِشَةَ قَالَتْ كَانَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يُعْجِبُهُ التَّيَمُّنُ فِي تَنَعُّلِهِ وَتَرَجُّلِهِ وَطُهُورِهِ وَفِي شَأْنِهِ كُلِّهِ ) (بخاري)

ആയിശാﷺയിൽ നിന്ന്, നബിﷺ ചെരുപ്പ് ധരിക്കുന്നതിലും, മുടി ചീകുന്നതിലും, ശുദ്ധി വരുത്തുന്നതിലും, തന്റെ എല്ലാ പ്രശ്നങ്ങളിലും വലത് മുന്തിപ്പിക്കുന്നത് അത്ഭുതകരമായ കാര്യം തന്നെയാകുന്നു' (ബുഖാരി).

عن أنس رضي الله عنه قال: (من السنة أذا دخلت المسجد تبدأ برجلك اليمنى ، وإذا خرجت أن تبدأ برجلك اليسرى) (رواه الحاكم)

അനസ്ﷺവിൽ നിന്ന്, ‘നീ പള്ളിയിൽ പ്രവേശിക്കുകയാണെങ്കിൽ നിന്റെ വലത് കാൽ നീ മുന്തിപ്പിക്കുന്നതും, പുറത്ത് വരുമ്പോൾ ഇടതു കാൽ മുന്തിപ്പിക്കുന്നതും സുന്നത്തിൽ പെട്ടതാകുന്നു’ (ഹാകിം).

**രണ്ട് റക്അത്ത്...**

പള്ളിയുമായി ബന്ധപ്പെട്ട മര്യാദകളിൽ പെട്ടതാണ് ആരെങ്കിലും പള്ളിയിൽ പ്രവേശിച്ച് കഴിഞ്ഞാൽ രണ്ട് റക്അത്ത് നമസ്കരിക്കാതെ ആരും തന്നെ പള്ളിയിൽ ഇരിക്കാൻ പാടില്ലായെന്നത്. പ്രവാചകൻﷺ നമ്മെ പഠിപ്പിക്കുന്നത് ശ്രദ്ധിക്കുക:

عن أَبِي قَتَادَةَ بْنَ رِبْعِيٍّ الْأَنْصَارِيَّ رَضِي اللَّه عَنْه قَالَ قَـالَ النَّـبِيُّ صَـلَّى اللَّه عَلَيْـهِ وَسَلَّمَ إِذَا دَخَلَ أَحَدُكُمُ الْمَسْجِدَ فَلَا يَجْلِسْ حَتَّى يُصَلِّيَ رَكْعَتَيْنِ ) (بخاري)

അബീഖത്വാദഃ ഇബ്നു രിബ്ഇയ്യ് അൽഅൻസാരിﷺവിൽ നിന്ന്, നബിﷺ പറഞ്ഞു:‘നിങ്ങളിൽ നിന്ന് ആരെങ്കിലും പള്ളിയിൽ പ്രവേശിച്ചാൽ രണ്ട് റക്അത്ത് നമസ്കരിക്കാതെ ഇരിക്കരുത്’(ബുഖാരി).

**കച്ചവടം...**

പള്ളികൾ കച്ചവടം ചെയ്യുവാനോ, കളഞ്ഞ് പോയ വസ്തുക്കൾ തിരഞ്ഞ് നടക്കുവാനുള്ളതോ അല്ല, അത്കൊണ്ട് തന്നെ ആരെങ്കിലും അവിടെ കച്ചവടമോ,അതിനോടനുബന്ധിച്ച കാര്യങ്ങളോ ചെയ്യുകയാണെങ്കിൽ നിനക്ക് അല്ലാഹു ലാഭം നൽകാതിരിക്കട്ടെയെന്ന് പ്രാർത്ഥിക്കണമെന്ന് പ്രവാചകൻﷺനമ്മെ പഠിപ്പിക്കുന്നു.

( عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ إِذَا رَأَيْتُمْ مَنْ يَبِيعُ أَوْ يَبْتَـاعُ فِي الْمَسْجِدِ فَقُولُوا لَا أَرْبَحَ اللَّهُ تِجَارَتَكَ وَإِذَا رَأَيْتُمْ مَنْ يَنْشُدُ فِيهِ ضَالَّةً فَقُولُـوا لَا رَدَّ اللَّهُ عَلَيْكَ ) (الترمذي)

അബൂഹുറയ്റﷺവിൽ നിന്ന്, റസൂലുല്ലാഹ്ﷺ പറഞ്ഞു: 'ആരെങ്കിലും പള്ളിയിൽ കച്ചവടം നടത്തുന്നതായി നീ കണ്ടാൽ നിന്റെകച്ചവടത്തിൽ അല്ലാഹു ലാഭം നൽകാതിരിക്കട്ടെയെന്ന് പ്രാർത്ഥിക്കുക, അതുപോലെ ആരെങ്കിലും കളഞ്ഞ്പോയ മുതൽ പള്ളിയിൽ അന്വേഷിക്കുന്നത് നീ കണ്ടാൽ അല്ലാഹു താങ്കൾക്കത് തിരിച്ച് നൽകാതിരിക്കട്ടെയെന്ന് നീ പറയുക' (തിർമിദി)

നഷ്ടപ്പെട്ട വസ്തുക്കൾ പള്ളികളിൽ വെച്ച് അന്വേഷിക്കുന്നത് കാണുമ്പോൾ അല്ലാഹു അവനത് തിരിച്ച് നൽകാതിരിക്കട്ടെയെന്ന് പ്രാർത്ഥിക്കാൻ കൽപിക്കുകയുണ്ടായി, നഷ്ടപ്പെട്ട് പോയ സാധനം പള്ളിയിൽ അന്വേഷിച്ച് നടക്കുന്നവനെ കണ്ടപ്പോൾ പ്രവാചകൻ അവനോട് പറയുവാൻ കൽപിക്കുന്ന ഹദീഥ് നാം കാണുക:

(لا ردَّها الله عليك، فإن المساجد لم تُبْنَ لهذا) [مسلم].

'അല്ലാഹു താങ്കൾക്കത് തിരിച്ച് നൽകാതിരിക്കട്ടെ,തീർച്ചയായും പള്ളികൾ ഇതിന് വേണ്ടിയല്ല, പടുത്തുയർത്തപ്പെട്ടിരിക്കുന്നത്' (മുസ്ലിം)

**ആരാധനാ മുഖരിതമാവട്ടെ...**

അല്ലാഹുവിന്റെ ഭവനങ്ങൾ നമസ്കാരം, ദിക്റ്, ദുആ, ഖുർആൻ പാരായണം, ഖുർആൻ ഹദീസ് പഠനം തുടങ്ങിയവ കൊണ്ട് സജീവമാകേണ്ടതുണ്ട്. അതാണ് തിരുനബിﷺ നമ്മെ പഠിപ്പിക്കുന്നത്.

قال صلى الله عليه وسلم:(... إنما جُعِلَت المساجد لذكـر الله وللصـلاة ولقـراءة القرآن) [متفق عليه].

പ്രവാചകൻﷺ പറയുകയുണ്ടായി:'അല്ലാഹുവിനെ സ്മരിക്കുവാനും, നമസ്കാരത്തിനും, ഖുർആൻ പാരായണത്തിനും വേണ്ടിയാണ് പള്ളികളുണ്ടാക്കിയിരിക്കുന്നത്'(മുത്തഫഖുൻ അലൈഹി)

**ഖബറിടങ്ങളിൽ പള്ളികളുണ്ടാക്കാതിരിക്കുക...**

ഖബറിടങ്ങളിൽ പള്ളികൾ ഉണ്ടാക്കാൻ പാടില്ലാത്തത്പോലെ തന്നെ, പള്ളികൾ ഖബറിടങ്ങളാക്കുവാനും പാടില്ല എന്നത് ഇസ്‌ലാമിന്റെ കർശനമായ നിയമമാണ്. റസൂലുല്ലാഹ്ﷺതന്റെ മരണത്തിന്റെ വേളയിൽ പോലും മുസ്‌ലിം സമൂഹത്തെ താക്കീത് നൽകുന്നത് നാം ശ്രദ്ധിക്കുക:

قال صلى الله عليه وسلم: (لعن الله اليهود اتخذوا قبور أنبيائهم مساجد) [متفق عليه].

പ്രവാചകൻﷺ പറയുകയുണ്ടായി:'ജൂതന്മാരെ അല്ലാഹു ശപിച്ചിരിക്കുന്നു, അവർ അവരുടെ നബിമാരുടെ ഖബറിടങ്ങളെ പള്ളികളാക്കിയിരിക്കുന്നു' (മുത്തഫഖുൻ അലൈഹി)

**ഉറങ്ങാം...**

പള്ളികളിൽ ഉറങ്ങുന്നതിന് വിരോധമില്ലായെന്നാണ് ഹദീസുകൾ പഠിക്കുമ്പോൾ നമുക്ക് മനസിലാക്കുവാൻ കഴിയുന്നത്. എന്നാൽ വൃത്തിയുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. സ്വഹാബാക്കൾ പള്ളികളിൽ ഉറങ്ങിയതിന് ഒരുപാട് തെളിവുകളുണ്ട്. മദീനാ പള്ളിയിൽ പ്രവാചക തിരുമേനിﷺ നിരാലംബരാ

യിട്ടുള്ള സ്വഹാബാക്കൾക്ക് താമസിക്കുവാനായി പ്രത്യേകം സ്ഥലം തന്നെ നിശ്ചയിച്ച് നൽകിയതായി നമുക്ക് കാണാനാകും.

പള്ളിയിൽ നാം പാലിക്കേണ്ട ഒരുപാട് മര്യാദകൾ നമുക്ക് ഹദീസുകളിൽ കാണാവുന്നതാണ്, പരമാവധി അല്ലാഹുവിനെ സൂക്ഷിച്ച്കൊണ്ട്, ഇസ്‌ലാം പള്ളിക്ക് നൽകിയിട്ടുള്ള സ്ഥാനം നാം നൽകി ജീവിക്കുക. അല്ലാഹു നമ്മെയെല്ലാം അവന്റെ സ്വർഗത്തിൽ പ്രവേശിപ്പിക്കുമാറാവട്ടെ. ആമീൻ.

## ജുമുഅഃ ദിവസം

ദിവസങ്ങളും, മാസങ്ങളും, വർഷങ്ങളും, കാലങ്ങളും അല്ലാഹുവിന്റെ സൃഷ്ടികളാകുന്നു, ഇവ പ്രപഞ്ചനാഥന്റെ നിയമങ്ങൾക്കനുസരിച്ചാണ് സഞ്ചരിച്ച് കൊണ്ടിരിക്കുന്നത്. പടച്ചതമ്പുരാൻ ചില സമയങ്ങൾക്കും, ദിവസങ്ങൾക്കും,മാസങ്ങൾക്കും പ്രത്യേകതയും,പദവികളും നൽകിയിട്ടുണ്ട്.അല്ലാഹുവിന്റെയടുത്ത് മാസങ്ങൾ ആകാശ ഭൂമികൾ സൃഷ്ടിച്ചേടം മുതൽ പന്ത്രണ്ടാകുന്നു. അതിൽ നാല് മാസങ്ങൾ പവിത്രമായ അലംഘനീയമായ മാസമാകുന്നു. അതുപോലെ വിശുദ്ധഖുർആൻ ഇറങ്ങിയ മാസ

മായ റമളാൻ മാസം അല്ലാഹുവിങ്കൽ പ്രത്യേകതയുള്ളതാണ്. അല്ലാഹു ഇപ്രകാരം ശ്രേഷ്ഠമാക്കിയ ദിവസത്തിൽ പെട്ടതാണ് വെള്ളിയാഴ്ച ദിവസം. ഒരുപാട് ശ്രേഷ്ഠതകളും,പദവികളുമുള്ള ദിനമാണ് വെള്ളിയാഴ്ചയെന്നത്. വിശ്വാസികളെ സംബന്ധിച്ചിട ത്തോളം അതിന്റെ പവിത്രതയും, ശ്രേഷ്ഠതയും മനസിലാക്കി ക്കൊണ്ട് അതിൽ പുണ്യം നേടിയെടുക്കേണ്ടതുണ്ട്. വെള്ളിയാ ഴ്ചയുടെ പ്രത്യേകതയെ സംബന്ധിച്ചാണ് ചില കാര്യങ്ങൾ സൂ ചിപ്പിക്കുവാൻ ആഗ്രഹിക്കുന്നത്.

**മാസങ്ങൾ പന്ത്രണ്ട്...**

(إِنَّ عِدَّةَ الشُّهُورِ عِنْدَ اللَّهِ اثْنَا عَشَرَ شَهْرًا فِي كِتَابِ اللَّهِ يَوْمَ خَلَقَ السَّمَوَاتِ وَالْأَرْضَ مِنْهَا أَرْبَعَةٌ حُرُمٌ ذَلِكَ الدِّينُ الْقَيِّمُ فَلَا تَظْلِمُوا فِيهِنَّ أَنْفُسَكُمْ ) (التوبة:٣٦)

'ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ച ദിവസം അല്ലാഹു രേഖപ്പെ ടുത്തിയതനുസരിച്ച് അല്ലാഹുവിന്റെ അടുക്കൽ മാസങ്ങളുടെ എണ്ണം പന്ത്രണ്ടാകുന്നു. അവയിൽ നാലെണ്ണം(യുദ്ധം) വിലക്ക പ്പെട്ട മാസങ്ങളാകുന്നു. അതാണ് വക്രതയില്ലാത്ത മതം.അതിനാ ൽ ആ (നാല്) മാസങ്ങളിൽ നിങ്ങൾ നിങ്ങളോട് തന്നെ അക്ര മം പ്രവർത്തിക്കരുത്. ' (തൗബ: 36)

**ദൈവിക ദാനം...**

വെള്ളിയാഴ്ച ദിവസത്തെ മുസ്‌ലീംകൾക്കുള്ള ആഘോഷ ദിനമായി അല്ലാഹു ദാനമായി നൽകിയതാണ്. മുൻകഴിഞ്ഞ സ മൂഹങ്ങളെ അതിൽ നിന്ന് അല്ലാഹു വഴി തെറ്റിക്കുകയും, അത് മുസ്‌ലീംകൾക്ക് പ്രത്യേകമായി നൽകുകയും ചെയ്തിരിക്കു ന്നു. പ്രവാചകൻﷺയുടെ ഹദീസ് നാം കാണുക:

عَنْ حُذَيْفَةَ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ أَضَلَّ اللَّهُ عَنِ الْجُمُعَةِ مَنْ كَانَ قَبْلَنَا فَكَانَ لِلْيَهُودِ يَوْمُ السَّبْتِ وَكَانَ لِلنَّصَارَى يَوْمُ الْأَحَدِ فَجَاءَ اللَّهُ بِنَا فَهَدَانَا اللَّهُ لِيَوْمِ الْجُمُعَةِ فَجَعَلَ الْجُمُعَةَ وَالسَّبْتَ وَالْأَحَدَ وَكَذَلِكَ هُمْ تَبَعٌ لَنَا يَوْمَ الْقِيَامَةِ نَحْنُ الْآخِرُونَ مِنْ أَهْلِ الدُّنْيَا وَالْأَوَّلُونَ يَوْمَ الْقِيَامَةِ الْمَقْضِيُّ لَهُمْ قَبْلَ الْخَلَائِقِ ( (مسلم)

ഹുദൈഫﷺവിൽ നിന്ന്; റസൂലുല്ലാഹ്ﷺപറഞ്ഞു:'നമ്മുടെ മുൻ ഗാമികളെ വെള്ളിയാഴ്ചയിൽ നിന്ന് അല്ലാഹു വഴി തെറ്റിക്കുക യുണ്ടായി, ജൂതൻമാർക്ക് ശനിയാഴ്ചയായിരുന്നു, ക്രൈസ്തവ ർക്ക് ഞായറാഴ്ചയുമായിരുന്നു,അങ്ങിനെ അല്ലാഹു നമ്മെ കൊ ണ്ട്വരുകയും, വെള്ളിയാഴ്ച ദിനത്തിലേക്ക് നമുക്ക് സന്മാർഗം കാണിച്ചു തരികയും ചെയ്തു, അങ്ങിനെ വെള്ളി, ശനി, ഞായ ർ എന്നിങ്ങനെയാക്കി, അപ്രകാരം അവസാന നാളിലും അവർ നമ്മെ പിൻതുടർന്നാണ് വരുക, ഇഹലോകത്തെ അവസാന സ മൂഹം നമ്മളാണ്, പരലോകത്ത് നാമായിരിക്കും സൃഷ്ടികൾക്കി ടയിൽ ആദ്യമായി വിചാരണചെയ്യപ്പെടുന്നതും' (മുസ്ലിം)

**ഏറ്റവും നല്ല ദിനം...**

അല്ലാഹുവിന്റെയടുത്ത് ഏറ്റവും ശ്രേഷ്ടതയുള്ള ദിനം വെ ള്ളിയാഴ്ചയാണ്.

عَنْ أَبِي هُرَيْرَةَ أَنَّ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ خَيْرُ يَوْمٍ طَلَعَتْ عَلَيْهِ الشَّمْسُ يَوْمُ الْجُمُعَةِ فِيهِ خُلِقَ آدَمُ وَفِيهِ أُدْخِلَ الْجَنَّةَ وَفِيهِ أُخْرِجَ مِنْهَا وَلَا تَقُومُ السَّاعَةُ إِلَّا فِي يَوْمِ الْجُمُعَةِ *) (مسلم)

അബൂഹുറയ്റﷺവിൽ നിന്ന്, നബിﷺ പറയുന്നു:'സൂര്യൻ ഉദിച്ച ദിവസങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ ദിവസം വെള്ളിയാഴ്ചയാകുന്നു, ഈ ദിനത്തിലാണ് ആദം സൃഷ്ടിക്കപ്പെട്ടതും, സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെട്ടതും, ഈ ദിനത്തിൽ തന്നെയാണ് അദ്ദേഹത്തെ സ്വർഗത്തിൽ നിന്ന് പുറത്താക്കിയതും, വെള്ളിയാഴ്ചയല്ലാതെ അവസാന നാൾ സംഭവിക്കുകയില്ല' (മുസ്ലിം)

**ദിനങ്ങളുടെ നേതാവ്...**

( عَنْ أَبِي لُبَابَةَ بْنِ عَبْدِ الْمُنْذِرِ قَالَ قَالَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ إِنَّ يَوْمَ الْجُمُعَةِ سَيِّدُ الْأَيَّامِ وَأَعْظَمُهَا عِنْدَ اللَّهِ وَهُوَ أَعْظَمُ عِنْدَ اللَّهِ مِنْ يَوْمِ الْأَضْحَى وَيَوْمِ الْفِطْرِ فِيهِ خَمْسُ خِلَالٍ خَلَقَ اللَّهُ فِيهِ آدَمَ وَأَهْبَطَ اللَّهُ فِيهِ آدَمَ إِلَى الْأَرْضِ وَفِيهِ تَوَفَّى اللَّهُ آدَمَ وَفِيهِ سَاعَةٌ لَا يَسْأَلُ اللَّهَ فِيهَا الْعَبْدُ شَيْئًا إِلَّا أَعْطَاهُ مَا لَمْ يَسْأَلْ حَرَامًا وَفِيهِ تَقُومُ السَّاعَةُ مَا مِنْ مَلَكٍ مُقَرَّبٍ وَلَا سَمَاءٍ وَلَا أَرْضٍ وَلَا رِيَاحٍ وَلَا جِبَالٍ وَلَا بَحْرٍ إِلَّا وَهُنَّ يُشْفِقْنَ مِنْ يَوْمِ الْجُمُعَةِ) (أبن ماجة وأحمد) (حسنه الألباني)

അബൂലുബാബ ഇബ്നു അബ്ദുൽ മുൻദിറിൽ നിന്ന്, നബിﷺ പറഞ്ഞു: 'തീർച്ചയായും വെള്ളിയാഴ്ച ദിനം ദിവസങ്ങളുടെ നേതാവും,അല്ലാഹുവിന്റെ അടുത്ത് മഹത്വമുള്ളതുമാകുന്നു, ചെറിയ പെരുന്നാളിനേക്കാളും, ബലി പെരുന്നാളിനേക്കാളും അല്ലാഹുവിന്റെയടുത്ത് മഹത്വമുള്ളതാണ് ഈ ദിവസം, ഈ ദിവസത്തിന് അഞ്ച് പ്രത്യേകതകളുണ്ട്, ആദം സൃഷ്ടിക്കപ്പെട്ടതും, ഭൂമിയിലേക്ക് ആദമിനെ പറഞ്ഞയച്ചതും, ആദമിനെ മരിപ്പിച്ചതും വെള്ളിയാഴ്ചയാണ്, ഈ ദിവസം ഒരു സമയമുണ്ട്, ആ സമയത്ത് നിഷിദ്ധമായതല്ലാത്ത് അല്ലാഹുവിനോട് ചോദിക്കുകയാണെങ്കിൽ അത് നൽകപ്പെടുന്നതാണ്, ഈ ദിനത്തിൽ തന്നെയാ

ണ് അവസാന നാൾ സംഭവിക്കുന്നത്, വെള്ളിയാഴ്ച ദിനത്തെ ആഗ്രഹിക്കാത്ത കടലോ, പർവ്വതങ്ങളോ, കാറ്റോ, ഭൂമിയോ, ആകാശമോ, അടുത്ത മലക്കുകളോ ഒന്നും ഇല്ല' (ഇബ്നുമാജ, അഹ്മദ്, അൽബാനി ഹസനാക്കിയ ഹദീസാണ്)

**ശ്രേഷ്ഠമായ ദിനം...**

عَنْ أَوْسِ بْنِ أَوْسٍ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ إِنَّ مِنْ أَفْضَلِ أَيَّامِكُمْ يَوْمَ الْجُمُعَةِ فِيهِ خُلِقَ آدَمُ عَلَيْهِ السَّلَام وَفِيهِ قُبِضَ وَفِيهِ النَّفْخَةُ وَفِيهِ الصَّعْقَةُ فَأَكْثِرُوا عَلَيَّ مِنَ الصَّلَاةِ ...) (النسائي وأبوداود - صححه الألباني)

ഔസ്ബ്നു ഔസ്ﷺവിൽ നിന്ന്, നബിﷺ പറഞ്ഞു: 'നിങ്ങളുടെ ദിവസങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായത് വെള്ളിയാഴ്ച ദിനമാകുന്നു, അതിലാണ് ആദം സൃഷ്ടിക്കപ്പെട്ടതും, മരണപ്പെട്ടതും, അവസാന നാൾ സംഭവിക്കുന്നു, ഉയർത്തെഴുന്നേൽപിക്കപ്പെടുന്നതും, അത്കൊണ്ട് വെള്ളിയാഴ്ചകളിൽ എന്റെ പേരിൽ നിങ്ങൾ സ്വലാത്ത് അധികരിപ്പിക്കുക' (നസാഇ, അബൂദാവൂദ്, അൽബാനി സ്വഹീഹാണെന്ന് വ്യക്തമാക്കിയത്)

**ഉത്തരം ലഭിക്കുന്ന സമയം...**

عَنْ أَبِي هُرَيْرَةَ قَالَ قَالَ أَبُو الْقَاسِمِ صَلَّى اللَّه عَلَيْهِ وَسَلَّمَ إِنَّ فِي الْجُمُعَةِ لَسَاعَةً لَا يُوَافِقُهَا مُسْلِمٌ قَائِمٌ يُصَلِّي يَسْأَلُ اللَّهَ خَيْرًا إِلَّا أَعْطَاهُ إِيَّاهُ ) (مسلم)

അബൂഹുറയ്റﷺവിൽ നിന്ന്, അബുൽഖാസിംﷺ പറഞ്ഞു: 'വെള്ളിയാഴ്ച ദിനത്തിൽ ഒരു സമയമുണ്ട്, ആ സമയം നിന്ന് നമസ്കരിച്ച് കൊണ്ട് ഒരു മുസ്ലിം നന്മ ചോദിക്കുകയാണെങ്കിൽ അത് അവന് നൽകാതിരിക്കുകയില്ല' (മുസ്ലിം)

**ആ സമയം?...**

വെള്ളിയാഴ്ചയിലെ ആ ശ്രേഷ്ഠമാക്കപ്പെട്ട സമയം ഏതാണെന്ന് നാം മനസിലാക്കുക.

عَنْ جَابِرِ بْنِ عَبْدِ اللَّهِ عَنْ رَسُولِ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ يَوْمُ الْجُمُعَةِ اثْنَتَا عَشْرَةَ سَاعَةً لَا يُوجَدُ فِيهَا عَبْدٌ مُسْلِمٌ يَسْأَلُ اللَّهَ شَيْئًا إِلَّا آتَاهُ إِيَّاهُ فَالْتَمِسُوهَا آخِرَ سَاعَةٍ بَعْدَ الْعَصْرِ) (النسائي - صححه الألباني)

ജാബിറുബ്നു അബ്ദുല്ലാഹ്യിൽ നിന്ന്, റസൂലുല്ലാഹ്ﷺ പറയുകയുണ്ടായി: ‘വെള്ളിയാഴ്ചയിലെ പന്ത്രണ്ട് മണിക്കൂറിൽ മുസ്ലിമായ ഒരാൾ അല്ലാഹുവിനോട് എന്തെങ്കിലും ചോദിക്കുകയാണെങ്കിൽ അവനത് നൽകാതിരിക്കുകയില്ല,അത് നിങ്ങൾ അസ്വറിന് ശേഷമുള്ള അവസാന സമയത്ത് അന്വേഷിക്കുക’ (നസാഇ, അൽബാനി സ്വഹീഹാണെന്ന് പ്രസ്താവിച്ചത്)

**ജുമുഅ: നിർബ്ബന്ധം...**

വെള്ളിയാഴ്ചയിൽ മുസ്ലീംകൾ മുഴുവനും പള്ളികളിൽ ഒരുമിച്ച് കൂടി അല്ലാഹുവിനെ ആരാധിക്കുന്നു. ഈ ജുമുഅ: നമസ്കാരം ബുദ്ധിയും പ്രായപൂർത്തിയും വിവേകവുമുള്ള മുഴുവനാളുകൾക്കും നിർബ്ബന്ധമാകുന്നു. എന്നാൽ സ്ത്രീകൾക്ക് ഇതിൽ നിന്ന് ഇളവ് നൽകിയിരിക്കുന്നുവെന്ന് നമുക്ക് പ്രമാണങ്ങളിൽ നിന്ന് മനസിലാക്കുവാൻ സാധിക്കുന്നു. ഖുർആൻ വ്യക്തമാക്കുന്നത് കാണുക:

(يَاأَيُّهَا الَّذِينَ آمَنُوا إِذَا نُودِي لِلصَّلَاةِ مِنْ يَوْمِ الْجُمُعَةِ فَاسْعَوْا إِلَى ذِكْرِ اللَّهِ وَذَرُوا الْبَيْعَ ذَلِكُمْ خَيْرٌ لَكُمْ إِنْ كُنتُمْ تَعْلَمُونَ) (الجمعة: ٩)

‘സത്യവിശ്വാസികളേ, വെള്ളിയാഴ്ച നമസ്കാരത്തിന് വിളിക്കപ്പെട്ടാൽ അല്ലാഹുവെ പറ്റിയുള്ള സ്മരണയിലേക്ക് നിങ്ങൾ വേ

ഗത്തിൽ വരികയും, വ്യാപാരം ഒഴിവാക്കുകയും ചെയ്യുക. അ താണ് നിങ്ങൾക്ക് ഉത്തമം; നിങ്ങൾ കാര്യം മനസ്സിലാക്കുന്നു വെങ്കിൽ' (ജുമുഅ: 9).

أَنَّ عَبْدَ اللَّهِ بْنَ عُمَرَ وَأَبَا هُرَيْرَةَ حَدَّثَاهُ أَنَّهُمَا سَمِعَا رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ عَلَى أَعْوَادِ مِنْبَرِهِ لَيَنْتَهِيَنَّ أَقْوَامٌ عَنْ وَدْعِهِمُ الْجُمُعَاتِ أَوْ لَيَخْتِمَنَّ اللَّهُ عَلَى قُلُوبِهِمْ ثُمَّ لَيَكُونُنَّ مِنَ الْغَافِلِينَ ) (مسلم)

അബ്ദുല്ലാഇബ്നു ഉമറും, അബൂഹുറയ്റﷺവും, പ്രവാചകൻﷺ തന്റെ പ്രസംഗപീഢത്തിന്റെ ഊന്ന് വടിയിൽ പിടിച്ച്കൊണ്ട് പ റയുന്നതായി കേൾക്കുകയുണ്ടായി: 'ചില വിഭാഗം ജുമുഅ: ഉ പേക്ഷിക്കുന്നത് അവസാനിപ്പിക്കാറായിട്ടുണ്ട്, അല്ലായെങ്കിൽ അല്ലാഹു അവരുടെ ഹൃദയങ്ങൾക്ക് മുദ്ര വെക്കുന്നതാണ്, പി ന്നെ (സീൽ വെച്ച് കഴിഞ്ഞാൽ) അവർ അശ്രദ്ധരായവർ തന്നെ യായിരിക്കുന്നതാണ്' (മുസ്‌ലിം)

قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مَنْ تَرَكَ الْجُمُعَةَ ثَلَاثَ مَرَّاتٍ تَهَاوُنًا بِهَا طَبَعَ اللَّهُ عَلَى قَلْبِهِ ) (ترمذي أبوداود نسائي)

റസൂൽﷺ പറയുകയുണ്ടായി: 'ആരെങ്കിലും അലസതയാൽ,അ ശ്രദ്ധയാൽ മൂന്ന് ജുമുഅ: ഉപേക്ഷിക്കുകയാണെങ്കിൽ അവന്റെ ഹൃദയത്തിൽ അല്ലാഹു മുദ്ര വെക്കുന്നതാണ്' (തിർമിദി, അബൂ ദാവൂദ്, നസാഇ)

**ഉപേക്ഷിക്കുന്നവനുള്ള ശിക്ഷ...**

ജുമുഅ:യുടെ പ്രത്യേകതയും, ശ്രേഷ്ടതയും മനസിലാക്കാ തിരിക്കുകയും, ജുമുഅ: നമസ്കാരത്തിൽ പങ്കെടുക്കാതിരിക്കു കയും ചെയ്യുന്നവരുടെ വീടുകൾ ചുട്ടെരിക്കുവാനായി റസൂലു

ല്ലാഹ്ﷺ ഉദ്ദേശിച്ചിരുന്നുവെന്ന് ഹദീസുകൾ നമ്മെ പഠിപ്പിക്കുന്ന ത് കാണുക:

عَنْ عَبْدِ اللَّهِ أَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ لِقَوْمٍ يَتَخَلَّفُونَ عَنِ الْجُمُعَةِ لَقَدْ هَمَمْتُ أَنْ آمُرَ رَجُلًا يُصَلِّي بِالنَّاسِ ثُمَّ أُحَرِّقَ عَلَى رِجَالٍ يَتَخَلَّفُونَ عَنِ الْجُمُعَةِ بُيُوتَهُمْ) (مسلم وأحمد)

അബ്ദുല്ലാഹ്ﷺവിൽ നിന്ന്, നബിﷺജുമുഅ:യെ തൊട്ട് പിന്തി നി ൽക്കുന്നവരെ സംബന്ധിച്ച് പറഞ്ഞു:'ജനങ്ങൾക്ക് ഇമാമായി ന മസ്കരിക്കുവാൻ ഒരാളെ നിയമിച്ച് കൊണ്ട്, ജുമുഅ:യെ തൊട്ട് പിന്തിനിൽക്കുന്ന പുരുഷൻമാരുടെ വീടുകൾ ചുട്ടെരിക്കുവാൻ ഞാൻ ഉദ്ദേശിക്കുകയുണ്ടായി' (മുസ്ലിം, അഹ്മദ്)

വെള്ളിയാഴ്ചയുള്ള യാത്രകൾ പോലും മാറ്റി വെക്കണമെ ന്നാണ് പണ്ഡിതൻമാർ പഠിപ്പിക്കുന്നത്, കാരണം അത്രയും പ്ര തിഫലം ലഭിക്കുന്ന ഒരു ആരാധനാ കർമ്മമാണ് ജുമുഅ:യെന്ന ത്. വെള്ളിയാഴ്ച ജുമുഅ:ക്ക് വിളിക്കപ്പെട്ടാൽ നിങ്ങൾ അല്ലാ ഹുവിനെ സ്മരിക്കുവാനായി ധൃതിപ്പെടണമെന്നാണ് ഖുർആൻ നമ്മെ പഠിപ്പിക്കുന്നത്. അല്ലാഹു പറയുന്നു:

(يَاأَيُّهَا الَّذِينَ آمَنُوا إِذَا نُودِي لِلصَّلَاةِ مِنْ يَوْمِ الْجُمُعَةِ فَاسْعَوْا إِلَى ذِكْرِ اللَّهِ وَذَرُوا الْبَيْعَ ذَلِكُمْ خَيْرٌ لَكُمْ إِنْ كُنتُمْ تَعْلَمُونَ) (الجمعة: ٩)

'സത്യവിശ്വാസികളേ, വെള്ളിയാഴ്ച നമസ്കാരത്തിന് വിളിക്ക പ്പെട്ടാൽ അല്ലാഹുവെ പറ്റിയുള്ള സ്മരണയിലേക്ക് നിങ്ങൾ വേ ഗത്തിൽ വരികയും, വ്യാപാരം ഒഴിവാക്കുകയും ചെയ്യുക. അ താണ് നിങ്ങൾക്ക് ഉത്തമം; നിങ്ങൾ കാര്യം മനസ്സിലാക്കുന്നു വെങ്കിൽ' (ജുമുഅ: 9).

**നേരത്തെ പുറപ്പെടുക...**

വെള്ളിയാഴ്ച ജുമുഅ:ക്ക് വളരെ നേരത്തെ പുറപ്പെടുന്നതാണ് പ്രവാചക ചര്യ. അങ്ങിനെ വളരെ നേരത്തെ പുറപ്പെടുന്നവർക്ക് വളരെയധികം പുണ്യമുണ്ടെന്ന് ഹദീസുകൾ നമ്മെ പഠിപ്പിക്കുന്നു.

عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْه أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ مَنِ اغْتَسَلَ يَوْمَ الْجُمُعَةِ غُسْلَ الْجَنَابَةِ ثُمَّ رَاحَ فَكَأَنَّمَا قَرَّبَ بَدَنَةً وَمَنْ رَاحَ فِي السَّاعَةِ الثَّانِيَةِ فَكَأَنَّمَا قَرَّبَ بَقَرَةً وَمَنْ رَاحَ فِي السَّاعَةِ الثَّالِثَةِ فَكَأَنَّمَا قَرَّبَ كَبْشًا أَقْرَنَ وَمَنْ رَاحَ فِي السَّاعَةِ الرَّابِعَةِ فَكَأَنَّمَا قَرَّبَ دَجَاجَةً وَمَنْ رَاحَ فِي السَّاعَةِ الْخَامِسَةِ فَكَأَنَّمَا قَرَّبَ بَيْضَةً فَإِذَا خَرَجَ الْإِمَامُ حَضَرَتِ الْمَلَائِكَةُ يَسْتَمِعُونَ الذِّكْرَ (متفق عليه)

അബൂഹുറയ്റ(റ)വിൽ നിന്നും നിവേദനം: റസൂലുല്ലാഹ്ﷺ പറഞ്ഞു:'വലിയ അശുദ്ധിയുണ്ടായാൽ കുളിക്കുന്നത്പോലെ ജുമുഅ: ദിവസം ആരെങ്കിലും കുളിച്ച് കൊണ്ട് അതിരാവിലെ പള്ളിയിലേക്ക് പോയാൽ ഒരു ഒട്ടകത്തെ (ഇസ്ലാമിന്‌വേണ്ടി) ബലിയർപ്പിച്ചവനെ പോലെയാണ്, എന്നാൽ രണ്ടാമത്തെ സമയത്താണ് പോകുന്നതെങ്കിൽ ഒരു പശുവിനെ ബലിയർപ്പിച്ചവനെ പോലെയാണ്, മൂന്നാമത്തെ സമയത്താണ് പോകുന്നതെങ്കിൽ ഒരു ആടിനെ ബലിയർപ്പിച്ചവനെ പോലെയാണ്, നാലാമത്തെ സമയത്താണ് പോകുന്നതെങ്കിൽ ഒരു കോഴിയെ ബലിയർപ്പിച്ചവനെ പോലെയാണ്, അഞ്ചാമത്തെ സമയത്താണ് പോകുന്നതെങ്കിൽ ഒരു മുട്ട ബലിയർപ്പിച്ചവനെ പോലെയാണ്, എന്നാൽ ഇമാം പുറപ്പെട്ട് കഴിഞ്ഞാൽ ഖുതുബ കേൾക്കുവാനായി മലക്കുകൾ സന്നിഹിദരാകുന്നതാണ്' (ബുഖാരി, മുസ്ലിം),

**മലക്കുകൾ രേഖപ്പെടുത്തുന്നു...**

(عَنْ أَبِي هُرَيْـرَةَ قَـالَ قَـالَ النَّـبِيُّ صَـلَّى اللَّهُ عَلَيْـهِ وَسَـلَّمَ إِذَا كَانَ يَـوْمُ الْجُمُعَـةِ وَقَفَـتِ الْمَلَائِكَةُ عَلَى بَابِ الْمَسْجِدِ يَكْتُبُونَ الْأَوَّلَ فَالْأَوَّلَ وَمَثَلُ الْمُهَجِّـرِ كَمَثَـلِ الَّذِي يُهْـدِي بَدَنَةً ثُمَّ كَالَّذِي يُهْدِي بَقَرَةً ثُمَّ كَبْشًا ثُـمَّ دَجَاجَـةً ثُـمَّ بَيْضَـةً فَـإِذَا خَـرَجَ الْإِمَـامُ طَـوَوْا صُحُفَهُمْ وَيَسْتَمِعُونَ الذِّكْرَ) (بخاري)

അബൂഹുറയ്റ(റ)വിൽ നിന്ന്, നബി(ﷺ) പറഞ്ഞു: വെള്ളിയാഴ്ചയായാൽ പള്ളിയുടെ വാതിലുകളിൽ മലക്കുകൾ നിൽക്കുന്നു, ആദ്യമാദ്യം വരുന്നവരുടെ പേരുകൾ അവർ രേഖപ്പെടുത്തുന്നു, വളരെ നേരത്തെ പോകുന്നവൻ ഇസ്ലാമിന്റെ മാർഗത്തിൽ ഒരു ഒട്ടകം ബിലയർപ്പിച്ചവനെ പോലെയാണ്, പിന്നീട് വരുന്നവൻ ഒരു പശുവിനെയും, തുടർന്ന് വരുന്നവൻ ഒരു ആടിനെയും, ശേഷം വരുന്നവൻ ഒരു കോഴിയേയും, തുടർന്ന് വരുന്നവൻ ഒരു മുട്ടയും ബലിയർപ്പിച്ചവനെ പോലെയാണ്, ഇമാം പുറപ്പെട്ട് കഴിഞ്ഞാൽ (മിമ്പറിൽ പ്രവേശിച്ചാൽ) അവർ (മലക്കുകൾ) അവരുടെ രേഖകൾ ചുരുട്ടി വെക്കുകയും, ഖുത്ബ ശ്രദ്ധിച്ച് കേൾക്കുകയും ചെയ്യുന്നതാണ്' (ബുഖാരി)

ആയതിനാൽ തന്നെ അല്ലാഹുവിന്റെ ഇഷ്ട ദാസൻമാരായ മലക്കുകളുടെ രേഖകളിൽ നമ്മുടെ പേരുകൾ വരുകയെന്ന് പറയുന്നത്, അനിർവചനീയമായ ഒരു സൗഭാഗ്യമാണ്, അത്കൊണ്ട് തന്നെ വെള്ളിയാഴ്ചകളിൽ പള്ളിയിൽ നേരത്തെ പോവുക.

**സംസാരിച്ചാൽ ജുമുഅ: നിശ്ഫലം...**

عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مَنْ تَوَضَّأَ فَأَحْسَـنَ الْوُضُـوءَ ثُـمَّ أَتَى الْجُمُعَةَ فَاسْتَمَعَ وَأَنْصَتَ غُفِرَ لَهُ مَا بَيْنَهُ وَبَيْنَ الْجُمُعَةِ وَزِيَادَةُ ثَلَاثَةِ أَيَّـامٍ وَمَـنْ مَـسَّ الْحَصَى فَقَدْ لَغَا) (مسلم)

അബൂഹുറയ്റ ﵁ വിൽ നിന്ന്, റസൂലുല്ലാഹ് ﷺ പറഞ്ഞു:'ആരെങ്കിലും നല്ല രൂപത്തിൽ വുളുവെടുത്ത് ജുമുഅ:ക്ക് വരുകയും, ഖുതുബ ശ്രദ്ധിച്ചു കേൾക്കുകയും, നിശബ്ദനായിരിക്കുകയും ചെയ്താൽ ആ ജുമുഅ: മുതൽ അടുത്ത ജുമുഅ:വരെയുള്ള പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്, മൂന്ന് ദിവസം (പാപങ്ങൾ പൊറുക്കുന്നത്) അധികവും ലഭിക്കുന്നതാണ്, ആരെങ്കിലും കല്ലുകളെ സ്പർശിച്ചാൽ(ഖുതുബയെ അശ്രദ്ധമാക്കുന്ന കാര്യങ്ങളിൽ ഏർപ്പെടുക) അവന്റെ ജുമുഅ: നിഷ്ഫലമായി)'(മുസ്ലിം)

ഹദീസിൽ കല്ലുകളെ സ്പർശിച്ചാൽ എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത് അന്നത്തെ പള്ളി മണലായിരുന്നു, ആ മണലിൽ കളിച്ച്കൊണ്ട് കല്ലുകളെ തൊടുകയും മറ്റും ചെയ്താൽ, അതായത് ഖുതുബയെ തൊട്ട് അശ്രദ്ധമാക്കുന്ന പ്രവർത്തികളിൽ ഏർപ്പെട്ടാൽ എന്നാണ് അത്കൊണ്ട് വിവക്ഷിക്കുന്നത്.

( عَنْ عَمْرِو بْنِ شُعَيْبٍ عَنْ أَبِيهِ عَنْ جَدِّهِ عَنِ النَّبِيِّ صَلَّى اللَّه عَلَيْـهِ وَسَـلَّمَ قَـالَ يَحْضُرُ الْجُمُعَةَ ثَلَاثَةٌ فَرَجُلٌ حَضَرَهَا يَلْغُو فَذَاكَ حَظُّهُ مِنْهَا وَرَجُـلٌ حَضَرَهَا بِـدُعَاءٍ فَهُوَ رَجُلٌ دَعَا اللَّهَ عَزَّ وَجَلَّ فَإِنْ شَاءَ أَعْطَاهُ وَإِنْ شَاءَ مَنَعَهُ وَرَجُلٌ حَضَرَهَا بِإِنْصَاتٍ وَسُكُوتٍ وَلَمْ يَتَخَطَّ رَقَبَةَ مُسْلِمٍ وَلَمْ يُؤْذِ أَحَدًا فَهِيَ كَفَّارَةٌ إِلَى الْجُمُعَةِ الَّـتِي تَلِيهَـا وَزِيَادَةُ ثَلَاثَةِ أَيَّامٍ فَإِنَّ اللَّهَ يَقُولُ ( مَنْ جَاءَ بِالْحَسَنَةِ فَلَهُ عَشْرُ أَمْثَالِهَا ) * (أبوداود - حسنه الألباني)

അംറുബ്നു ശുഐബ് തന്റെ പിതാവിൽ നിന്നും, പിതാവ് തന്റെ പിതാവിൽ നിന്നും, നബി ﷺ പറഞ്ഞു: മൂന്നാളുകൾ ജുമുഅക്ക് വരുന്നു, ഒരാൾ ജുമുഅ:ക്ക് വരുന്നു, പക്ഷേ, അവന്റെ ജുമുഅ: നിഷ്ഫലമാണ്, അതവന്റെ ഓഹരിയാകുന്നു, മറ്റൊരാൾ പ്രാർത്ഥനയോടെ സന്നിഹിദനാകുന്നു, ഉന്നതനും പ്രതാപ

വാനുമായ അല്ലാഹുവിനോട് പ്രാർത്ഥിച്ചവനാണ് അവൻ,അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിൽ അവന് നൽകുകയും, തടയപ്പെടുകയും ചെയ്യും, അടുത്തയാൾ നശബ്ദയോടെ, സംസാരിക്കാതെ ഹാജറാവുകയും, ഒരു മുസ്ലിമിന്റെയും പിരടിയിലൂടെ കാലെടുത്ത് വെച്ച് മുറിച്ച് കടക്കാതെ, ഒരാളെയും ബുദ്ധിമുട്ടിപ്പിക്കാതിരിക്കുകയും ചെയ്താൽ അതവന് ആ ജുമുഅ: മുതൽ അടുത്ത് വരുന്ന ജുമുഅ:വരെയുള്ള പാപങ്ങൾക്കുള്ള പ്രായശ്ചിത്തമാകുന്നു, മൂന്ന് ദിവസം (പാപങ്ങൾ പൊറുക്കുന്നത്) അധികവും ലഭിക്കുന്നതാണ്, കാരണം അല്ലാഹു പറയുന്നു: 'ആരെങ്കിലും ഒരു നന്മകൊണ്ട് വന്നാൽ, അത് പത്തിരട്ടിയായി പ്രതിഫലം നൽകുന്നതാണ്'(അബൂദാവൂദ്. അൽബാനി ഹസനാണെന്ന് പറഞ്ഞിരിക്കുന്നു)

**ഓരോ കാലടിക്കും...**

നമസ്കാരങ്ങൾക്ക് പള്ളിയിലേക്ക് നടന്ന് പോകുന്നതിന്റെ പ്രത്യേകതയും, ശ്രേഷ്ഠതയും വിശദമായി തന്നെ ഹദീസുകളിൽ നമുക്ക് കാണാവുന്നതാണ്.

عن أَوْسُ بْنُ أَوْسٍ الثَّقَفِيُّ سَمِعْتُ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ مَنْ غَسَّلَ يَوْمَ الْجُمُعَةِ وَاغْتَسَلَ ثُمَّ بَكَّرَ وَابْتَكَرَ وَمَشَى وَلَمْ يَرْكَبْ وَدَنَا مِنَ الْإِمَامِ فَاسْتَمَعَ وَلَمْ يَلْغُ كَانَ لَهُ بِكُلِّ خُطْوَةٍ عَمَلُ سَنَةٍ أَجْرُ صِيَامِهَا وَقِيَامِهَا ) (أبوداود- صححه الألباني)

ഔസുബ്നു ഔസ്﵁ സഖഫിവിൽ നിന്ന്: റസൂലുല്ലാഹ്ﷺ പറയുന്നതായി കേട്ടു: 'ആരെങ്കിലും വെള്ളിയാഴ്ച കുളിക്കുകയും, കുളിപ്പിക്കുകയും ചെയ്ത്കൊണ്ട്, വളരെ നേരത്തെ വാഹനം കയറാതെ നടന്ന്പോവുകയും, ഇമാമിനോട് അടുത്തിരിക്കുക

യും, അദ്ദേഹത്തെ ശ്രദ്ധയോടെ കേൾക്കുകയും, സംസാരിക്കാതിരിക്കുകയും ചെയ്താൽ അവന്റെ (വീട്ടിൽ നിന്ന് പള്ളിയിലേക്കുള്ള) ഓരോ കാലടിക്കും ഒരു വർഷം മുഴുവനും നോമ്പനുഷ്ഠിക്കുകയും, നിന്ന് നമസ്കരിക്കുകയും ചെയ്ത പ്രതിഫലം ലഭിക്കുന്നതാണ്' (അബൂദാവൂദ്. അൽബാനി സ്വഹീഹാണെന്ന് വ്യക്തമാക്കിയ ഹദീസാണ്)

**അടുത്ത ജുമുഅ: വരെ പാപമോചനം...**

( عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ كَانَ يَقُولُ الصَّلَوَاتُ الْخَمْسُ وَالْجُمْعَةُ إِلَى الْجُمْعَةِ وَرَمَضَانُ إِلَى رَمَضَانَ مُكَفِّرَاتٌ مَا بَيْنَهُنَّ إِذَا اجْتَنَبَ الْكَبَائِرَ ) (مسلم)

അബൂഹുറയ്റ(റ)വിൽ നിന്ന്, റസൂലുല്ലാഹ്(സ) പറയുന്നു: 'അഞ്ച് നേരത്തെ നമസ്കാരങ്ങൾ അവക്കിടയിലും, ഒരു ജുമുഅ: അടുത്ത ജുമുഅ:വരെയും, റമളാൻ അടുത്ത റമളാൻ വരെയുമുള്ള (പാപങ്ങൾക്കുള്ള) പ്രായശ്ചിത്തമാകുന്നു, വൻപാപങ്ങളിൽ നിന്ന് വിട്ട് നിൽക്കുകയാണെങ്കിൽ' (മുസ്ലിം)

**കുളിക്കുക...**

ജുമുഅ: ദിവസം ചില മര്യാദകൾ ഓരോ മുസ്ലിമും പാലിക്കേണ്ടതുണ്ട്, അതിൽ ചിലത് താഴെ വിശദമാക്കട്ടെ.

عَنْ أَبِي هُرَيْرَةَ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: مَنِ اغْتَسَلَ ثُمَّ أَتَى الْجُمُعَةَ فَصَلَّى مَا قُدِّرَ لَهُ ثُمَّ أَنْصَتَ حَتَّى يَفْرُغَ مِنْ خُطْبَتِهِ ثُمَّ يُصَلِّي مَعَهُ غُفِرَ لَهُ مَا بَيْنَهُ وَبَيْنَ الْجُمُعَةِ الأُخْرَى وَفَضْلُ ثَلَاثَةِ أَيَّامٍ ) (مسلم)

അബൂഹുറയ്റ(റ)വിൽ നിന്ന്, നബി(സ) പറയുകയുണ്ടായി: 'ആരെങ്കിലും കുളിക്കുകയും, ശേഷം ജുമുഅ:ക്ക് വരുകയും, അവ

ന് നിയമമാക്കിയത് (പള്ളിയിൽ പ്രവേശിച്ചാലുള്ള രണ്ട് റക്അത്ത്) നമസ്കരിക്കുകയും, ഇമാം ഖുത്ബയിൽ നിന്ന് വിരമിക്കുന്നത് വരെ നിശബ്ദനായിരിക്കുകയും, ഇമാമിന്റെ കൂടെ നമസ്കരിക്കുകയും ചെയ്താൽ ആ ജുമുഅ: മുതൽ അടുത്ത ജുമുഅ: വരെയുള്ള അവന്റെ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്, മൂന്ന് ദിവസം (പാപങ്ങൾ പൊറുക്കുന്നത്) അധികവും ലഭിക്കുന്നതാണ്' (മുസ്ലിം)

عَنْ عَبْدِاللَّهِ بْنِ عُمَرَ رَضِي اللَّه عَنْهمَا أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: إِذَا جَاءَ أَحَدُكُمُ الْجُمُعَةَ فَلْيَغْتَسِلْ) (بخاري)

അബ്ദുല്ലാഇബ്നു ഉമർﷺവിൽ നിന്ന്, റസൂലുല്ലാഹ്ﷺ പറഞ്ഞു: 'ആർക്കെങ്കിലും ജുമുഅ:ദിവസം വന്നെത്തിക്കഴിഞ്ഞാൽ അവൻ കുളിക്കട്ടെ' (ബുഖാരി)

**സുഗന്ധം പൂശൽ...**

قال رَسُول اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ الْغُسْلُ يَوْمَ الْجُمُعَةِ وَاجِبٌ عَلَى كُلِّ مُحْتَلِمٍ وَأَنْ يَسْتَنَّ وَأَنْ يَمَسَّ طِيبًا إِنْ وَجَدَ ) (بخاري ومسلم)

റസൂലുല്ലാഹ്ﷺ പറഞ്ഞു: 'വെള്ളിയാഴ്ചയുള്ള കുളി പ്രായപൂർത്തിയെത്തിവർക്ക് നിർബ്ബന്ധമാകുന്നു, അതുപോലെ മിസ്വാക്ക് ചെയ്യലും, ലഭിക്കുമെങ്കിൽ സുഗന്ധം പൂശലും' (ബുഖാരി, മുസ്ലിം)

**മിസ്വാക് ചെയ്യൽ...**

( عَنِ ابْنِ عَبَّاسٍ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ إِنَّ هَذَا يَوْمُ عِيدٍ جَعَلَهُ اللَّهُ لِلْمُسْلِمِينَ فَمَنْ جَاءَ إِلَى الْجُمُعَةِ فَلْيَغْتَسِلْ وَإِنْ كَانَ طِيبٌ فَلْيَمَسَّ مِنْهُ وَعَلَيْكُمْ بِالسِّوَاكِ ) (أبن ماجه - حسنه الألباني)

ഇബ്നു അബ്ബാസ്ﷺവിൽ നിന്ന്, റസൂലുല്ലാഹ്ﷺ പറഞ്ഞു: 'മുസ്ലീംകൾക്ക് അല്ലാഹു നൽകിയ പെരുന്നാൾ ദിനമാകുന്നു ഇന്ന്, ആരെങ്കിലും ജുമുഅ:ക്ക് വരുന്നുവെങ്കിൽ അവൻ കുളിക്കട്ടെ, അവന്റെയടുത്ത് സുഗന്ധമുണ്ടെങ്കിൽ അവനത് ഉപയോഗിക്കട്ടെ, നിർബന്ധമായും മിസ്വാക്ക് ചെയ്യട്ടെ' (ഇബ്നുമാജ, അൽബാനി ഹസനാണെന്ന് വ്യക്തമാക്കിയ ഹദീസ്)

**എണ്ണ തേക്കൽ...**

(عَنْ سَلْمَانَ الْفَارِسِيِّ قَالَ قَالَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ لَا يَغْتَسِلُ رَجُلٌ يَوْمَ الْجُمُعَةِ وَيَتَطَهَّرُ مَا اسْتَطَاعَ مِنْ طُهْرٍ وَيَدَّهِنُ مِنْ دُهْنِهِ أَوْ يَمَسُّ مِنْ طِيبِ بَيْتِهِ ثُمَّ يَخْرُجُ فَلَا يُفَرِّقُ بَيْنَ اثْنَيْنِ ثُمَّ يُصَلِّي مَا كُتِبَ لَهُ ثُمَّ يُنْصِتُ إِذَا تَكَلَّمَ الْإِمَامُ إِلَّا غُفِرَ لَهُ مَا بَيْنَهُ وَبَيْنَ الْجُمُعَةِ الْأُخْرَى ) (بخاري)

സൽമാനുൽ ഫാരിസിﷺവിൽ നിന്ന്,നബിﷺ പറയുകയുണ്ടായി: 'ഒരാൾ ജുമുഅ: ദിവസം കുളിക്കുകയും, കഴിയുന്ന രൂപത്തിൽ ശുദ്ധിയാക്കുകയും, തന്റെയടുത്തുള്ള എണ്ണയിൽ നിന്ന് എണ്ണ തേക്കുകയും, അല്ലെങ്കിൽ തന്റെ വീട്ടിലുള്ള സുഗന്ധത്തിൽ നിന്ന് ഉപയോഗിക്കുകയും, പിന്നെ പുറപ്പെടുകയും, രണ്ടാളുകൾക്കിടയിൽ വിടവുണ്ടാക്കാതിരിക്കും ചെയ്ത്,അവന് നിയമമാക്കിയത് നമസ്കരിക്കുകയും, ഇമാം സംസാരിക്കാൻ തുടങ്ങിയാൽ നിശ:ബ്ദനായിരിക്കുകയും ചെയ്താൽ ആ ജുമുഅ:മുതൽ അടുത്ത ജുമുഅ:വരെയുള്ള പാപങ്ങൾ പൊറുക്കപ്പെടാതിരിക്കുകയില്ല' (ബുഖാരി)

**നല്ല വസ്ത്രം ധരിക്കുക...**

പ്രപഞ്ചനാഥനായ അല്ലാഹുവിന്റെ ഭവനങ്ങളാണ് പള്ളികൾ, അല്ലാഹുവുമായുള്ള രഹസ്യ സംഭാഷണമാണ് നമസ്കാരം,അ

ത്കൊണ്ട് തന്നെ സൃഷ്ടിച്ച സൃഷ്ടാവിന്റെ മുന്നിൽ നിൽക്കേണ്ടത് ഭംഗിയോടെ, ഗാംഭീര്യത്തോടെയാണ്, നല്ല വസ്ത്രങ്ങളണിഞ്ഞ്, വിനയത്തോടെയാണ് പള്ളിയിൽ പ്രവേശിക്കുകയും, നമസ്കരിക്കുകയും ചെയ്യേണ്ടത്. ചിലയാളുകൾ പള്ളിയിലേക്ക്പോകുമ്പോൾ ധരിക്കുന്ന വസ്ത്രങ്ങളും, വേഷങ്ങളും കണ്ടാൽ അറപ്പുളവാക്കുന്ന രൂപത്തിലുള്ള മുഷിഞ്ഞ വസ്ത്രങ്ങൾ ധരിച്ച് കൊണ്ടാണ് പോകുന്നത്. ഇത് പരമാവധി ഒഴിവാക്കണം. കാരണം നിങ്ങൾ പള്ളികളിലേക്ക് പോകുമ്പോൾ നല്ല ഭംഗി സ്വീകരിക്കണമെന്ന് ഖുർആൻ കൽപിക്കുന്നുണ്ട്.

(عَنْ أَبِي ذَرٍّ عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ مَنِ اغْتَسَلَ يَوْمَ الْجُمُعَةِ فَأَحْسَنَ غُسْلَهُ وَتَطَهَّرَ فَأَحْسَنَ طُهُورَهُ وَلَبِسَ مِنْ أَحْسَنِ ثِيَابِهِ وَمَسَّ مَا كَتَبَ اللَّهُ لَهُ مِنْ طِيبِ أَهْلِهِ ثُمَّ أَتَى الْجُمُعَةَ وَلَمْ يَلْغُ وَلَمْ يُفَرِّقْ بَيْنَ اثْنَيْنِ غُفِرَ لَهُ مَا بَيْنَهُ وَبَيْنَ الْجُمُعَةِ الْأُخْرَى ) (إبن ماجه)

അബൂദർറ്ﷺവിൽ നിന്ന്, നബിﷺ പറയുകയുണ്ടായി: 'ആരെങ്കിലും വെള്ളിയാഴ്ച ദിനം നല്ല രൂപത്തിൽ കുളിക്കുകയും, നല്ല രൂപത്തിൽ ശുദ്ധീകരിക്കുകയും, തന്റെ വസ്ത്രങ്ങളിൽ നല്ലത് ധരിക്കുകയും, തന്റെ വീട്ടുകാരുടെ അടുത്തുള്ള സുഗന്ധത്തിൽ നിന്ന് അല്ലാഹു നിയമമാക്കിയത് ഉപയോഗിക്കുകയും ചെയ്ത് ജുമുഅ:ക്ക് വന്ന് സംസാരിക്കാതെ, രണ്ടാളുകൾക്കിടയിൽ വിടവുണ്ടാക്കാതിരിക്കുകയും ചെയ്താൽ ആ ജുമുഅ:ക്കും അടുത്ത ജുമുഅ:ക്കുമിടയിലുള്ള പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്' (ഇബ്നു മാജ)

**ഇമാമിലേക്ക് ശ്രദ്ധിക്കുക...**

(عَنْ عَدِيِّ بْنِ ثَابِتٍ عَنْ أَبِيهِ قَالَ كَانَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ إِذَا قَامَ عَلَى الْمِنْبَرِ اسْتَقْبَلَهُ أَصْحَابُهُ بِوُجُوهِهِمْ) (إبن ماجه)

അദിയ്യുബ്നുഥാബിത് തന്റെ പിതാവിൽ നിന്ന്, നബിﷺ മിമ്പറിൽ കയറിയാൽ സ്വഹാബികൾ പ്രവാചകനിലേക്ക് മുഖം തിരിച്ച് ശ്രദ്ധിച്ചിരിക്കാറുണ്ടായിരുന്നു' (ഇബ്നുമാജ)

**സ്വലാത്ത് അധികരിപ്പിക്കുക...**

( عَنْ أَوْسِ بْنِ أَوْسٍ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ إِنَّ مِنْ أَفْضَلِ أَيَّامِكُمْ يَوْمَ الْجُمُعَةِ فِيهِ خُلِقَ آدَمُ وَفِيهِ قُبِضَ وَفِيهِ النَّفْخَةُ وَفِيهِ الصَّعْقَةُ فَأَكْثِرُوا عَلَيَّ مِنَ الصَّلَاةِ فِيهِ ... ) (أبوداود – صحح الألباني)

ഔസുബ്നു ഔസ്ؓവിൽ നിന്ന്, റസൂലുല്ലാഹ്ﷺ പറഞ്ഞു: 'നിങ്ങളുടെ ദിവസങ്ങളിൽ ഏറ്റവും ശ്രേഷ്ഠതയുള്ളത് വെള്ളിയാഴ്ചയാണ്, അതിലാണ് ആദം സൃഷ്ടിക്കപ്പെട്ടത്, അതിലാണ് മരണപ്പെട്ടതും, അതിലാണ് അവസാന നാൾ സംഭവിക്കുന്നത്, ആ ദിനം തന്നെയാണ് ഉയർത്തെഴുന്നേൽപിക്കപ്പെടുന്നത്. അതുകൊണ്ട് ആ ദിനം നിങ്ങൾ എന്റെ പേരിൽ സ്വലാത്തിനെ അധികരിപ്പിക്കുക'(അബൂദാവൂദ്, അൽബാനി സ്വഹീഹാണെന്ന് വിശേഷിപ്പിച്ചത്)

**സുബ്ഹിക്കും, ജുമുഅക്കും...**

عَنِ ابْنِ عَبَّاسٍ أَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ كَانَ يَقْرَأُ فِي صَلَاةِ الْفَجْرِ يَوْمَ الْجُمُعَةِ الم تَنْزِيلُ السَّجْدَةِ وَهَلْ أَتَى عَلَى الْإِنْسَانِ حِينٌ مِنَ الدَّهْرِ وَأَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ كَانَ يَقْرَأُ فِي صَلَاةِ الْجُمُعَةِ سُورَةَ الْجُمُعَةِ وَالْمُنَافِقِينَ ) (بخاري)

ഇബ്നു അബ്ബാസ്ؓ പറയുന്നു: 'നബിﷺ ജുമുഅ:ദിനത്തിലെ ഫജ്റ് നമസ്കാരത്തിന് 'സൂറത്തു സജദ:യും:, 'ഹൽ അതാ അലൽ ഇൻസാനി ഹീനും മിനദ്ദഹ്രി' എന്ന സൂറത്തും പാരായണം ചെയ്തിരുന്നു, അതുപോലെ ജുമുഅ: നമസ്കാരത്തിന്

സൂറുത്തുൽ 'ജുമുഅ:'യും, സൂറത്തുൽ 'മുനാഫിഖൂനും' പാരായണം ചെയ്തിരുന്നു' (ബുഖാരി)

عَنِ النُّعْمَانِ بْنِ بَشِيرٍ قَالَ كَانَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقْـرَأُ فِي الْعِيـدَيْنِ وَفِي الْجُمُعَةِ بِسَبِّحِ اسْمَ رَبِّكَ الْأَعْلَى وَهَلْ أَتَاكَ حَـدِيثُ الْغَاشِـيَةِ قَـالَ وَإِذَا اجْتَمَـعَ الْعِيدُ وَالْجُمُعَةُ فِي يَوْمٍ وَاحِدٍ يَقْرَأُ بِهِمَا أَيْضًا فِي الصَّلَاتَيْنِ ) (مسلم)

നുഅ്മാനുബ്നു ബഷീറിൽ നിന്ന്, 'റസൂലുല്ലാഹ്ﷺ രണ്ട് പെരുന്നാൾ നമസ്കാരങ്ങൾക്കും, ജുമുഅ:ക്കും 'സബ്ബിഹിസ്മ റബ്ബികൽ അഅ്ലാ' 'ഹൽ അതാക ഹദീസുൽ ഗാശിയ:' എന്നീ സൂറത്തുകൾ പാരായണം ചെയ്തിരുന്നു, പറഞ്ഞു: 'പെരുന്നാളും, ജുമുഅ:യും ഒരുദിവസം ഒന്നിച്ച് വരുകയാണെങ്കിലും ആ രണ്ട് നമസ്കാരങ്ങളിലും പ്രവാചകൻ ഈ രണ്ട് സൂറത്തുകൾ പാരായണം ചെയ്തിരുന്നു' (മുസ്ലിം)

**പ്രാർത്ഥന അധികരിപ്പിക്കുക...**

വെള്ളിയാഴ്ചയിൽ ഒരു സമയമുണ്ട്, ആ സമയത്ത് അല്ലാഹുവിനോട് ആരാണോ നിഷിദ്ധമല്ലാത്ത കാര്യം ചോദിക്കുന്നത്, അവന് അല്ലാഹുവത് നൽകുന്നതാണെന്ന് ഹദീസുകൾ നമ്മെ പഠിപ്പിക്കുന്നു. ആയതിനാൽ അല്ലാഹുവിനോട് നമ്മുടെ മുഴുവൻ കാര്യങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കുക.

عَنْ جَابِرِ بْنِ عَبْدِ اللَّهِ عَنْ رَسُولِ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ يَوْمُ الْجُمُعَةِ اثْنَتَـا عَشْرَةَ سَاعَةً لَا يُوجَدُ فِيهَا عَبْدٌ مُسْلِمٌ يَسْأَلُ اللَّهَ شَيْئًا إِلَّا آتَاهُ إِيَّاهُ فَالْتَمِسُوهَا آخِرَ سَاعَةٍ بَعْدَ الْعَصْرِ*) (النسائي - صححه الألباني)

ജാബിറുബ്നു അബ്ദുല്ലാഹ്യിൽ നിന്ന്, റസൂലുല്ലാഹ്ﷺ പറയുകയുണ്ടായി: 'വെള്ളിയാഴ്ചയിലെ പന്ത്രണ്ട് മണിക്കൂറിൽ മുസ്ലിമായ ഒരാൾ അല്ലാഹുവിനോട് എന്തെങ്കിലും ചോദിക്കുകയാണെങ്കിൽ അവനത് നൽകാതിരിക്കുകയില്ല,അത് നിങ്ങൾ അസ്വറിന് ശേഷമുള്ള അവസാന സമയത്ത് അന്വേഷിക്കുക' (നസാഇ, അൽബാനി സ്വഹീഹാണെന്ന് വ്യക്തമാക്കിയത്)

**രണ്ട് റക്അത്ത് നമസ്കരിക്കുക...**

ദൈവിക ഭവനങ്ങളായ പള്ളികളിൽ ഓരോ മുസ്ലിമും പാലിക്കേണ്ട ചില മര്യാദകളുണ്ട്, അതിൽ പെട്ടതാണ് ആരെങ്കിലും പള്ളിയിൽ പ്രവേശിച്ച് കഴിഞ്ഞാൽ തഹിയ്യത്ത് എന്ന നിലക്ക് രണ്ട് റക്അത്ത് നമസ്കരിക്കുകയെന്നത്.അത്കൊണ്ട് തന്നെ വെള്ളിയാഴ്ചയിലും ആ നിയമം പാലിക്കണം, ഇമാം ഖുതുബ പറയുമ്പോൾ പോലും അത് നിർവ്വഹിക്കേണ്ടതുണ്ട്. പ്രവാചക വചനം ശ്രദ്ധിക്കുക:

عَنْ جَابِرِ بْنِ عَبْدِ اللَّهِ قَالَ جَاءَ سُلَيْكٌ الْغَطَفَانِيُّ يَوْمَ الْجُمُعَةِ وَرَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَخْطُبُ فَجَلَسَ فَقَالَ لَهُ يَا سُلَيْكُ قُمْ فَارْكَعْ رَكْعَتَيْنِ وَتَجَوَّزْ فِيهِمَا ثُمَّ قَالَ إِذَا جَاءَ أَحَدُكُمْ يَوْمَ الْجُمُعَةِ وَالْإِمَامُ يَخْطُبُ فَلْيَرْكَعْ رَكْعَتَيْنِ وَلْيَتَجَوَّزْ فِيهِمَا) (مسلم)

ജാബിറുബ്നു അബ്ദുല്ലാഹ്ﷺവിൽ നിന്ന്, സുലൈഖ് അൽഗത്ഫാനി വെള്ളിയാഴ്ച റസൂലുല്ലാഹ്ﷺ ഖുതുബ പറഞ്ഞ്കൊണ്ടിരിക്കെ പള്ളിയിൽ പ്രവേശിക്കുകയും, ഇരിക്കുകയും ചെയ്തു. അപ്പോൾ തിരുമേനി പറഞ്ഞു: സുലൈഖ് എഴുന്നേൽക്കുക,പെട്ടെന്ന് രണ്ട് റക്അത്ത് നമസ്കരിക്കുക'. തുടർന്ന് പറയുകയു

ണ്ടായി: 'ഇമാം ഖുതുബ നിർവ്വഹിച്ച് കൊണ്ടിരിക്കെ, ആരെങ്കിലും പള്ളിയിൽ പ്രവേശിക്കുകയാണെങ്കിൽ പെട്ടെന്ന് രണ്ട് റക്അത്ത് അവൻ നമസ്കരിക്കട്ടെ' (മുസ്ലിം)

**ശ്രദ്ധിച്ച് കേൾക്കുക...**

വെള്ളിയാഴ്ചകളിൽ ഇമാം നടത്തുന്ന ഉത്ബോധന പ്രസംഗം അല്ലാഹുവിന്റെ മലക്കുകൾ പോലും ശ്രദ്ധിച്ച് കേൾക്കുന്നു, എങ്കിൽ ജുമുഅ:ക്ക് സന്നിഹിദരായിട്ടുള്ള മുസ്ലീംകൾ പ്രത്യേകിച്ചും അത് ശ്രദ്ധിച്ച് കേൾക്കുകയും, അതിൽ നിന്ന് പാഠം ഉൾകൊള്ളുകയും ചെയ്യേണ്ടതുണ്ട്. ഖുതുബ ശ്രദ്ധിച്ചു കേൾക്കുന്നതിൽ നിന്നും ശ്രദ്ധ തിരിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുകയാണെങ്കിൽ അവന്റെ ജുമുഅ:നിഷ്ഫലമായി പോകുമെന്ന് പ്രവാചകൻﷺ താക്കീത് ചെയ്ത ഹദീസ് നാം മുകളിൽ ഉദ്ധരിക്കുകയുണ്ടായി.

**സൂറത്ത് കഹ്ഫ്...**

വിശുദ്ധഖുർആൻ പാരായണത്തിന് പ്രത്യേകം പുണ്യമുണ്ടെന്ന് പഠിപ്പിച്ച ഇസ്ലാമിന്റെ പ്രവാചകൻﷺ വെള്ളിയാഴ്ച പ്രത്യേകമായി പാരായണം ചെയ്യുവാൻ ഒരു സൂറത്ത് നമുക്ക് നിശ്ചയിച്ചു തന്നിരിക്കുന്നു.അത് സൂറത്തുൽ കഹ്ഫ് ആകുന്നു. മുസ്ലീംകൾ അത് പാരായണം ചെയ്യേണ്ടതുണ്ട്.

عن أبي سعيد الخدري أن النبي صلى الله عليه وسلم قال من قرأ سورة الكهف في يوم الجمعة أضاء له من النور ما بين الجمعتين ) (صححه الألباني في إرواء الغليل)

അബൂസഈദുൽഖുദ്രി ﷺ വിൽ നിന്ന്,നബി ﷺ പറയുകയുണ്ടായി: 'ആരെങ്കിലും വെള്ളിയാഴ്ച സൂറത്തുൽ കഹ്ഫ് പാരായണം ചെയ്യുകയാണെങ്കിൽ രണ്ട് ജുമുഅ:കൾക്കിടയിൽ അവന് പ്രകാശം നൽകുന്നതാണ്' (ഇർവാഉൽ ഗലീൽ)

**നാല് റക്അത്ത്...**

ജുമുഅ:ക്ക് ശേഷം സുന്നത്ത് നമസ്കാരമുണ്ട്.റസൂലുല്ലാഹ് ﷺ ആ സുന്നത്ത് നമസ്കാരം പള്ളികളിൽ വെച്ചാണ് നമസ്കരിക്കുന്നതെങ്കിൽ നാല് റക്അത്തും, വീടുകളിൽ വെച്ചാണ് നമസ്കരിക്കുന്നതെങ്കിൽ രണ്ട് റക്അത്തും നമസ്കരിക്കാറുണ്ടായിരുന്നു.

عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ مَنْ كَانَ مِنْكُمْ مُصَلِّيًا بَعْدَ الْجُمُعَةِ فَلْيُصَلِّ أَرْبَعًا ... و قَالَ إِسْحَقُ إِنْ صَلَّى فِي الْمَسْجِدِ يَوْمَ الْجُمُعَةِ صَلَّى أَرْبَعًا وَإِنْ صَلَّى فِي بَيْتِهِ صَلَّى رَكْعَتَيْنِ ) (الترمذي)

അബൂഹുറയ്റ ﷺ വിൽ നിന്ന്,നിവേദനം:റസൂലുല്ലാഹ് ﷺ പറഞ്ഞു: 'ജുമുഅ:ക്ക് ശേഷം ആരെങ്കിലും നമസ്കരിക്കുന്നുവെങ്കിൽ അവൻ നാല് റക്അത്ത് നമസ്കരിക്കട്ടെ','ഇസ്ഹാഖ് പറയുന്നു: 'റസൂലുല്ലാഹ് ﷺ പള്ളിയിൽ വെച്ചാണ് നമസ്കരിക്കുന്നതെങ്കിൽ നാല് റക്അത്ത് നമസ്കരിക്കും,തന്റെ വീട്ടിൽ വെച്ചാണ് നമസ്കരിക്കുന്നതെങ്കിൽ രണ്ട് റക്അത്തും നമസ്കരിക്കും'(തിർമിദി)

## പെരുന്നാളിന്റെ മര്യാദകൾ

ഇസ്‌ലാമിൽ രണ്ട് ആഘോഷങ്ങൾ മാത്രമാണ് അല്ലാഹു അനുവദിച്ചിരിക്കുന്നത്. അത് ഒന്ന് റമളാൻ നോമ്പിന് ശേഷം വരുന്ന ഈദുൽ ഫിത്വ്റും, ദുൽഹിജ്ജ മാസത്തിലെ ഈദുൽ അള്ഹയുമാണ്. ഈ രണ്ട് ആഘോഷങ്ങളിലും ഓരോ മുസ്‌ലിമും പാലിക്കേണ്ടതായിട്ടുള്ള മര്യാദകൾ റസൂലുല്ലാഹ്ﷺ നമ്മെ ഹദീസുകളിലൂടെ കൃത്യമായി പഠിപ്പിച്ച് തന്നിട്ടുണ്ട്. റസൂലുല്ലാഹ്ﷺ പറയുന്നു:

عن أنس قال: قدم رسول الله صلى الله عليه وسلم المدينة ولهم يومان يلعبون فيهما فقال ما هذان اليومان قالوا: كنا نلعب فيهما في الجاهلية فقال رسول الله صلى الله عليه وسلم إن الله قد أبدلكم بهما خيرا منهما يوم الأضحى ويوم الفطر ) ( سنن أبي داود - كتاب الصلاة - إن الله قد أبدلكم بهما خيرا منهما يوم الأضحى ويوم الفطر باب صلاة العيدين)

അനസ്ﷺവിൽ നിന്ന്:'അല്ലാഹുവിന്റെ തിരുദൂതർﷺ മദീനയിലേക്ക് ആഗതനായ വേളയിൽ മദീനക്കാർ രണ്ട് ദിനങ്ങളിൽ ആഘോഷങ്ങൾ സംഘടിപ്പിക്കാറുണ്ടായിരുന്നു,അവരോട് തിരുമേനി ആരാഞ്ഞു: ഈ രണ്ട് ദിനങ്ങൾ എന്താണ്? ജാഹിലിയ്യാ കാലങ്ങളിൽ ഞങ്ങൾ കളിച്ചിരുന്ന രണ്ട് ദിവസങ്ങളാണെന്നവർ മറുപടി പറയുകയുണ്ടായി. അപ്പോൾ പ്രവാചകൻﷺ ഇങ്ങനെ പ്രതിവചിക്കുകയുണ്ടായി:'ആ രണ്ട് ദിനങ്ങൾക്ക് പകരമായി മറ്റ് രണ്ട് ദിവസങ്ങളെ അല്ലാഹു നിങ്ങൾക്ക് പകരമാക്കിയിരിക്കുന്നു. അവയേക്കാൾ ഉത്തമമായ രണ്ട് ദിനങ്ങൾ: ഈദുൽ ഫിത്റും, ഈദുൽ അള്ഹയും' (അബൂദാവൂദ്)

**വസ്ത്ര ധാരണം...**

പെരുന്നാൾ ദിനം കുളിക്കലും, സുഗന്ധം പൂശലും പുതു വസ്ത്രങ്ങളോ, അല്ലെങ്കിൽ ഉള്ളതിൽ ഭംഗിയും വൃത്തിയുമുള്ളതുമായവ ധരിക്കുന്നത് സുന്നത്താണ്.

عن الحسن بن علي -رضي الله عنهما- قال: أمرنا رسول الله صلى الله عليه وسلم في العيدين أن نلبس أجود ما نجد، وكان رسول الله صلى الله عليه وسلم يلبس للعيدين أجمل ثيابه. [الحاكم].

അനസ്ﷺവിൽ നിന്ന്; പറഞ്ഞു: 'റസൂൽﷺ ഞങ്ങളോട് പെരുന്നാൾ ദിനം ഉള്ളതിൽ ഏറ്റവും നല്ല വസ്ത്രം ധരിക്കാൻ കൽപിക്കാറുണ്ടായിരുന്നു, റസൂൽﷺ പെരുന്നാൾ ദിവസം തന്റെ ഏറ്റവും നല്ല വസ്ത്രം ധരിക്കാറുണ്ടായിരുന്നു' (ഹാകിം)

**തക്ബീർ...**

പെരുന്നാളായി കഴിഞ്ഞാൽ ഓരോ മുസ്ലിമും തക്ബീർ ചൊല്ലൽ സുന്നത്താകുന്നു. പ്രവാചകന്റെ കാലത്ത് പെരുന്നാൾ സുദിനത്തിൽ ചൊല്ലുന്ന തക്ബീർ മദീനയിലും, അങ്ങാടികളിലും, വീടുകളിലും, ഊടുവഴികളിലും മറ്റും പ്രകമ്പനം കൊണ്ടിരുന്നതായി കാണാൻ കഴിയും. ഈദുൽ ഫിത്വ്റ് ദിവസവും, ഈദുൽഅള്ഹക്ക് ദുൽ ഹിജ്ജ: പത്ത് മുതൽ പതിമൂന്ന് വരെയും ധാരാളമായി തക്ബീർ ചൊല്ലൽ വളരെ പുണ്യമുള്ള കാര്യമാണ്.

ومن صيغ التكبير: (الله أكبر الله أكبر، لا إله إلا الله، والله أكبر الله أكبر، ولله الحمد [الدارقطني].

തക്ബീറിന്റെ രൂപം: 'അല്ലാഹു അക്ബറുല്ലാഹു അക്ബർ, ലാ ഇലാഹ ഇല്ലല്ലാഹ്, അല്ലാഹുഅക്ബറുല്ലാഹ് അക്ബർ, വലില്ലാ ഹിൽ ഹംദ്' (ദാറഖുത്നി)

**ഈദ്ഗാഹിലേക്ക് പുറപ്പെടും മുമ്പ്...**

പെരുന്നാൾ ദിവസം ഈദ്ഗാഹിലേക്ക് പുറപ്പെടും മുമ്പ് ഈദുൽ ഫിത്വ്റ് ദിവസം ഭക്ഷണം കഴിക്കലും, ബലി പെരുന്നാളിന് ഭക്ഷണം കഴിക്കാതിരിക്കലും സുന്നത്തിൽ പെട്ടതാണ്.

عن بريدة -رضي الله عنه- قال: كان النبي صلى الله عليه وسلم لا يخرج يوم الفطر حتى يَطعم، ولا يطعم يوم الأضحى حتى يصلي [الترمذي]

ബുറൈദ﵁വിൽ നിന്ന്; പറഞ്ഞു: 'ഈദുൽ ഫിത്വ്റ് ദിനം ഭക്ഷണം കഴിക്കാതെ നബിﷺ (ഈദ് ഗാഹിലേക്ക്) പുറപ്പെടാറുണ്ടായിരുന്നില്ല, അതുപോലെ ഈദുൽ അള്ഹായിൽ പെരുന്നാൾ നമസ്കരിക്കാതെ ഭക്ഷണം കഴിക്കുകയും ചെയ്യാറുണ്ടായിരുന്നില്ല' (തിർമിദി)

**വളരെ നേരത്തെ...**

പെരുന്നാൾ ദിവസം വളരെ നേരത്തെ ഉണർന്ന് സുബഹി നമസ്കാരം ജമാഅത്തായി നമസ്കരിച്ച് വളരെ നേരത്തെ ഈദ്ഗാഹിലേക്ക് പുറപ്പെടേണ്ടതുണ്ട്. റസൂൽﷺ അങ്ങിനെയായിരുന്നു ചെയ്തിരുന്നത്.ബലി പെരുന്നാൾ ദിനത്തെ സംബന്ധിച്ച് പറയുകയുണ്ടായി:

قال النبي صلى الله عليه وسلم: (إن أول ما نبدأ به في يومنا هذا أن نصلي، ثم نرجع فننحر (أي نذبح الأضحية) [البخاري].

നബിﷺ പറഞ്ഞു: 'നമ്മുടെ ഈ ദിവസം നാം ആദ്യമായി തുടങ്ങുന്നത് നമസ്കാരമാണ്,പിന്നെ നാം മൃഗങ്ങളെ ബലിയറുക്കുന്നു, അതായത് ഉളുഹിയ്യത്ത് അറുക്കുന്നു' (ബുഖാരി)

**നമസ്കാരം ഈദ് ഗാഹിൽ...**

പെരുന്നാൾ നമസ്കാരം പള്ളികളിലല്ല നിർവ്വഹിക്കേണ്ടത്, മറിച്ച് ഈദ് ഗാഹുകളിലാണ്, അതാണ് പ്രവാചകൻﷺയുടെ ചര്യയിലുള്ളത്.മഴയോ മറ്റോ കാരണങ്ങളാൽ മൈതാനങ്ങളിലും, മരുഭൂമികളിലും,തുറസായ സ്ഥലങ്ങളിലും പെരുന്നാൾ നമസ്കാരം നിർവ്വഹിക്കുവാൻ സാധിക്കാതെ വരികയാണെങ്കിൽ മാത്രമെ പള്ളികളിൽ നമസ്കരിക്കാവൂ. കാരണം പ്രവാചകൻﷺ മഴയുണ്ടായപ്പോഴല്ലാതെ പെരുന്നാൾ നമസ്കാരം പള്ളിയിൽ നിർവ്വഹിച്ചിട്ടില്ല. അതാണ് താഴെ വരുന്ന ഹദീസിൽ നിന്ന് വ്യക്തമാവുന്നത്.

عن أبي هريرة -رضي الله عنه- أنه قال: أصاب الناسَ مطرٌ في يوم عيد على عهد رسول الله صلى الله عليه وسلم فصلى بهم في المسجد. [ابن ماجه].

അബൂഹുറയ്റ رضي الله عنهവിൽ നിന്ന്, അദ്ദേഹം പറയുകയുണ്ടായി: 'റസൂൽﷺയുടെ കാലത്ത് ഒരിക്കൽ പെരുന്നാൾ ദിവസം മഴ വർഷിക്കുകയുണ്ടായി,അപ്പോൾ തിരുമേനിﷺ ജനങ്ങളുമായി പള്ളിയിൽ നമസ്കരിക്കുകയുണ്ടായി' (ഇബ്നുമാജ)

**സ്ത്രീകളും കുട്ടികളും...**

ഈദ്ഗാഹിലേക്ക് ഇസ്ലാം പഠിപ്പിക്കുന്ന മര്യാദകൾ പാലിച്ച് കൊണ്ട് സ്ത്രീകൾക്കും(ആർത്തവമുള്ളവരാണെങ്കിലും), കു

ട്ടികൾക്കും പോകാവുന്നതാണ്. പ്രവാചകൻﷺ പഠിപ്പിക്കുന്നത് ആർത്തവമുള്ള സ്ത്രീകൾ നമസ്കാരത്തിൽ നിന്ന് വിട്ട് നിൽക്കുകയും മറ്റുള്ളവയിൽ അവർ പങ്കെടുക്കുകയും ചെയ്യട്ടെയെന്നാണ്.

عن أم عطيـة الأنصـارية -رضي الله عنهـا- قالـت: (أُمِرْنـا أن نُخْـرج العواتـق (البنات الأبكار) وذوات الخدور، ويعتزل الحُيضُ المُصَلَّى [البخاري].

ഉമ്മു അതിയ്യ: അൽഅൻസാരിؓവിൽ നിന്ന്, അവർ പറയുകയുണ്ടായി: 'കന്യകമാരെയും, സ്ത്രീകളെയും (ആർത്തവകാരികൾ) (ഈദ്ഗാഹുകളിലേക്ക്) കൊണ്ടുപോകാൻ ഞങ്ങൾ കൽപിക്കപ്പെട്ടിരിക്കുന്നു,ആർത്തവകാരികൾ നമസ്കാരത്തിൽനിന്ന് വിട്ട്നിൽക്കുവാനും' (ബുഖാരി)

**ബാങ്കും ഇഖാമത്തുമില്ലാതെ...**

പെരുന്നാൾ നമസ്കാരത്തിന് ബാങ്കോ, ഇഖാമത്തോ കൊടുക്കുവാൻ പാടില്ല, കാരണം അല്ലാഹുവിന്റെ റസൂൽﷺ അങ്ങിനെയാണ് തന്റെ ജീവിതത്തിൽ പെരുന്നാൾ നമസ്കാരം നിർവ്വഹിച്ചിരുന്നത്. ഒരു ഹദീസ് കാണുക:

عن جابر بن سَمُرَة -رضي الله عنه- قال: صليت مع النبي صلى الله عليه وسلم العيدين غير مرة ولا مرتين بغير أذان ولا إقامة. [الترمذي].

ജാബിറുബ്നു സമുറؓവിൽ നിന്ന്; അദ്ദേഹം പറയുകയുണ്ടായി:'ഞാൻ നബിﷺയോടൊപ്പം രണ്ട് പെരുന്നാൾ നമസ്കാരം ബാങ്കും, ഇഖാമത്തും കൂടാതെ ഒന്നോ, രണ്ടോ പ്രാവശ്യമല്ല, ഒരുപാട് തവണ നമസ്കരിക്കുകയുണ്ടായി' (തിർമിദി)

**സുന്നത്ത് നമസ്കാരങ്ങളില്ലാതെ...**

പെരുന്നാൾ നമസ്കാരത്തിന് മുമ്പോ, ശേഷമോ സുന്നത്ത് നമസ്കാരങ്ങളില്ല, അങ്ങിനെയാണ് റസൂലുല്ലാഹ്ﷺനമുക്ക് പഠിപ്പിച്ച് തന്നിരിക്കുന്നത്.

عن ابن عباس -رضي الله عنه-: (خرج رسول الله صلى الله عليه وسلم يوم عيد، فصلى ركعتين لم يصلِّ قبلهما ولا بعدهما [متفق عليه].

ഇബ്നു അബ്ബാസ്ؓവിൽ നിന്ന്:'റസൂലുല്ലാഹ്ﷺ പെരുന്നാൾ ദിവസം (ഈദ്ഗാഹിലേക്ക്) പുറപ്പെടുകയുണ്ടായി, എന്നിട്ട് രണ്ട് റക്അത്ത് നമസ്കരിച്ചു, അതിന് മുമ്പോ ശേഷമോ ഒന്നും നമസ്കരിക്കുകയുണ്ടായില്ല' (മുത്തഫഖുൻ അലൈഹി)

**ഖുത്വുബ ശ്രദ്ധയോടെ...**

പെരുന്നാൾ നമസ്കാരം കഴിഞ്ഞാൽ ഇമാം ജനങ്ങൾക്കഭിമുഖമായി നിന്ന് ഇസ്ലാമിന്റെ അടിസ്ഥാന നിയമങ്ങളെയും മറ്റും പ്രതിപാദിച്ച് കൊണ്ട് ഒരു ഖുത്വുബ നടത്തേണ്ടതുണ്ട്. അത് ജനങ്ങൾ ശ്രദ്ധിച്ച് കേൾക്കുകയും ചെയ്യണം. നമസ്കാരം കഴിഞ്ഞ് പെട്ടെന്ന് ഈദ് ഗാഹിൽ നിന്ന് വിരമിക്കാവതല്ല.

عن ابن عمر -رضي الله عنه- قال: كان رسول الله صلى الله عليه وسلم وأبو بكر وعمر -رضي الله عنهما- يصلون العيدين قبل الخطبة. [البخاري].

ഇബ്നു ഉമർؓവിൽ നിന്ന്: അദ്ദേഹം പറഞ്ഞു: 'റസൂലുല്ലാഹ്ﷺയും, അബൂബക്കറും, ഉമറുംؓ ഖുത്വുബക്ക് മുമ്പാണ് പെരുന്നാൾ നമസ്കാരം നിർവ്വഹിക്കാറുണ്ടായിരുന്നത്' (ബുഖാരി)

وعن ابن عباس -رضي الله عنهما- قال: خرجتُ مع النبي صلى الله عليه وسلم يوم فطر أو أضحى، فصلى، ثم خطب، ثم أتى النساء فوعظهن وذكَّرهن، وأمرهن بالصدقة. [البخاري].

ഇബ്നു അബ്ബാസ്ﷺവിൽ നിന്ന്; അദ്ദേഹം പറയുകയുണ്ടായി: 'ഞാൻ ഈദുൽ അള്ഹയിലോ,അതോ ഈദുൽ ഫിത്റിലോ നബിﷺയോടൊപ്പം (ഈദ്ഗാഹിലേക്ക്) പുറപ്പെടുകയുണ്ടായി.നമസ്കരിച്ചതിന് ശേഷം ഖുതുബ നടത്തുകയും, ശേഷം സ്ത്രീകളുടെയടുത്ത് വന്ന് അവരെ ഉപദേശിക്കുകയും,ഉണർത്തുകയും, സ്വദഖ നൽകാൻ അവരോട് കൽപിക്കുകയും ചെയ്തു'(ബുഖാരി)

**വ്യത്യസ്ഥ വഴികളിലൂടെ...**

പെരുന്നാൾ ദിവസത്തെ മര്യാദയിൽ പെട്ടതാണ് ഈദ് ഗാഹുകളിലേക്ക് ഒരു വഴിയിലൂടെ പോകുകയാണെങ്കിൽ തിരിച്ച് വരുന്നത് മറ്റൊരു വഴിയിലൂടെയായിരിക്കണം.അതാണ് റസൂലുല്ലാഹ്ﷺ നമ്മെ പഠിപ്പിച്ചിട്ടുള്ളത്. ആ കാര്യം നമുക്കിങ്ങനെ വായിക്കാവുന്നതാണ്.

عن جابر بن عبد الله رضي الله عنهما قال: كان النبي صلى الله عليه وسلم إذا كان يوم عيد خالف الطريق ) (صحيح البخاري - كتاب العيدين - باب من خالف الطريق إذا رجع يوم العيد)

ജാബിറുബ്നു അബ്ദുല്ലാഹ്ﷺവിൽ നിന്ന്; അദ്ദേഹം പറയുകയുണ്ടായി: 'പെരുന്നാൾ ദിനമായാൽ റസൂൽﷺ തന്റെ വഴികൾ വ്യത്യസ്ഥമാക്കാറുണ്ടായിരുന്നു' (ബുഖാരി)

**ആശംസകളോടെ...**

പെരുന്നാൾ സുദിനത്തിൽ നമസ്കാരവും, ഖുത്വുബയും കഴിഞ്ഞാൽ ജനങ്ങൾ പരസ്പരം ആശംസകൾ കൈമാറുക, പ്രവാചകൻﷺയുടെ കാലത്ത് സ്വഹാബാക്കൾ تقبل الله منا ومنكم(അല്ലാഹു നമ്മളിൽ നിന്നും, നിങ്ങളിൽ നിന്നും സ്വീകരിക്കട്ടെ)യെന്ന പ്രാർത്ഥനാവാചകത്തിലൂടെ പരസ്പരം ആശംസകൾ കൈമാറിയതായി പ്രമാണയോഗ്യമായ ഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്. അതുപോലെ കുടുംബങ്ങളെയും, ബന്ധു മിത്രാദികളെയും സന്ദർശിക്കലും, ബന്ധങ്ങൾ പവിത്രമാക്കലും ഈ സുദിനങ്ങളിൽ പ്രത്യേകം പ്രതിഫലാർഹമാണ്.

**നിഷിദ്ധമാണ്...**

രണ്ട് പെരുന്നാൾ സുദിനങ്ങളിലും നോമ്പനുഷ്ഠിക്കൽ നിഷിദ്ധമാണ്, പെരുന്നാൾ ഭക്ഷണ പാനീയങ്ങളുടെയും, സന്തോഷത്തിന്റെയും സുദിനമാണല്ലോ, അതിനാൽ തന്നെ ആ ദിവസങ്ങളിൽ നോമ്പനുഷ്ഠിക്കുന്നത് റസൂലുല്ലാഹ്ﷺവിലക്കിയിരിക്കുന്നു.

عن عمر بن الخطاب -رضي الله عنه-: إن رسول الله صلى الله عليه وسلم نهى عن صيام هذين اليومين: (أما يوم الفطر ففطركم من صومكم، وأما يوم الأضحى فكلوا من نُسُككم [أحمد]

ഉമറുബ്നുൽ ഖത്വാബ്ﷺവിൽ നിന്ന്; 'ഈ രണ്ട് ദിവസങ്ങളിൽ നോമ്പനുഷ്ഠിക്കുന്നത് റസൂലുല്ലാഹ്ﷺവിരോധിച്ചിരിക്കുന്നു,'ഈദുൽ ഫിത്വ്റ് നോമ്പിൽ നിന്നും ഒഴിവാകുന്നതാണ്, അതുപോലെ ഈദുൽ അള്ഹായിൽ നിങ്ങളുടെ ബലിയിൽ നിന്നും നിങ്ങൾ ഭക്ഷിക്കുകയും ചെയ്യുന്നതാണ്' (അഹ്മദ്)

**വിനോദങ്ങളും, ആഘോഷവും...**

പെരുന്നാൾ സുദിനം സന്തോഷത്തിന്റെയും, ആനന്ദത്തിന്റെയും, പുണ്യങ്ങളുടെയും ദിവസമാണ്. അതിൽ ഇസ്‌ലാം അനുവദിക്കുന്ന കളികളിലും, ആഘോഷങ്ങളിലും പങ്കെടുക്കാവുന്നതാണ്. എന്നാൽ ഇസ്‌ലാം വിരോധിക്കുന്ന മുഴുവൻ കാര്യങ്ങളിൽ നിന്നും ഒരു മുസ്‌ലിം എപ്പോഴും വിട്ട് നിൽക്കേണ്ടതുണ്ട്, പ്രത്യേകിച്ച് പെരുന്നാൾ സുദിനത്തിൽ. പെരുന്നാളല്ലെയെന്ന് പറഞ്ഞ് എല്ലാം അനുവദനീയമാക്കുന്ന രൂപത്തിലാണ് ജനങ്ങൾ ഉത്സവങ്ങളും മറ്റും സംഘടിപ്പിക്കുകയും, അതിൽ പങ്കെടുക്കുകയും ചെയ്യുന്നത്, ഇതൊരിക്കലും ഒരു മുസ്‌ലിമിൽ നിന്നുണ്ടാവാൻ പാടില്ലാത്ത കാര്യമാണ്.

في يوم عيد دخل أبو بكر الصديق -رضي الله عنه- على ابنته السيدة عائشة -رضي الله عنها- وكانت عندها جاريتان من جواري الأنصار، تُغنِّيان بما قالته الأنصار من شعر عن حرب يوم بُعاث (هي حرب كانت بين الأوس والخزرج قبل الإسلام) فقال أبو بكر: أمزامير الشيطان في بيت رسول الله صلى الله عليه وسلم؟ فقال صلى الله عليه وسلم: (يا أبا بكر، إن لكل قوم عيدًا، وهذا عيدنا) [البخاري].

ഒരു പെരുന്നാൾ ദിവസം അബൂബക്കർﷺ തന്റെ മകൾ ആയിശാﷺയുടെ വീട്ടിലേക്ക് കടന്ന് ചെല്ലുകയുണ്ടായി, ആ സമയം അൻസാരികളിൽ പെട്ട രണ്ട് പെൺകുട്ടികൾ അവിടെ 'ബുഹാഥ് (ഇസ്‌ലാമിന് മുമ്പ് ഔസ് ഖസ്റജ് എന്നീ ഗോത്രങ്ങൾക്കിടയിൽ നടന്ന യുദ്ധം)യുദ്ധദിനത്തെ സംബന്ധിച്ച കവിത ചൊല്ലുകയായിരുന്നു. അപ്പോൾ അബൂബക്കർ ചോദിച്ചു: റസൂലുല്ലാഹ്

ﷺയുടെ വീട്ടിൽ പിശാചിന്റെ ശബ്ദമോ? അപ്പോൾ തിരുമേനിﷺ പറയുകയുണ്ടായി: ‘ഓ, അബൂബക്കർ; എല്ലാ സമുദായത്തിനും പെരുന്നാളുണ്ട്, ഇതാണ് നമ്മുടെ പെരുന്നാൾ’ (ബുഖാരി)

## പ്രാർത്ഥനയുടെ മര്യാദകൾ

വിശ്വാസിയുടെ ജീവിതത്തിൽ ഒഴിച്ച് കൂടാൻ പറ്റാത്ത ഒരു കാര്യമാണ് പ്രാർത്ഥന.പ്രാർത്ഥനയില്ലാതെ ഒരാൾക്ക് യഥാർത്ഥ വിശ്വാസിയാകുവാൻ കഴിയില്ല.സത്യവിശ്വാസി ചെയ്യുന്ന എല്ലാ ആരാധനകളിലും പ്രാർത്ഥന ഉൾകൊള്ളുന്നുണ്ട്. പ്രാർത്ഥനയില്ലാത്ത ആരാധനാ കർമ്മങ്ങൾ വെറും പാഴ്വേല മാത്രമായിരിക്കും. അല്ലാഹുവിന്റെ പ്രീതി സമ്പാദിക്കുവാനുള്ള ഏറ്റവും ഉത്തമമായ മാർഗം അവനോട് തന്റെ ആവശ്യങ്ങളൊക്കെ നിരത്തിക്കൊണ്ട് നിരന്തരം പ്രാർത്ഥിക്കുകയെന്നതാണ്.അല്ലാഹുവിനോട് പ്രാതഥിക്കാത്തവനെ അല്ലാഹു ഇഷ്ടപ്പെടുകയോ പരിഗണിക്കുകയോ ചെയ്യില്ല. അല്ലാഹു പറയുന്നു:

(قُلْ مَـا يَعْبَـأُ بِكُـمْ رَبِّي لَـوْلاَ دُعَاؤُكُـمْ فَقَـدْ كَـذَّبْتُمْ فَسَـوْفَ يَكُـونُ لِزَامًـا)
(فرقان:٧٧)

'(നബിയെ)പറയുക: നിങ്ങളുടെ പ്രാർത്ഥനയില്ലെങ്കിൽ എന്റെ ര ക്ഷിതാവ് നിങ്ങൾക്ക് എന്ത് പരിഗണന നൽകാനാണ്? എന്നാൽ നിങ്ങൾ നിഷേധിച്ചു തള്ളിയിരിക്കുകയാണ്. അതിനാൽ അതി നുള്ള ശിക്ഷ അനിവാര്യമായിരിക്കും) (ഫുർഖാൻ – 77)

പ്രാർത്ഥിക്കാതെ അഹങ്കാരം നടിക്കുകയാണെങ്കിൽ അവ ന്റെ മടക്കം നരകമായിരിക്കും. അല്ലാഹു പറയുന്നു:

(وَقَـالَ رَبُّكُـمُ ادْعُـونِي أَسْـتَجِبْ لَكُـمْ إِنَّ الَّذِيـنَ يَسْـتَكْبِرُونَ عَـنْ عِبَـادَتِي سَيَدْخُلُونَ جَهَنَّمَ دَاخِرِينَ) (سورة الغافر:٦٠)

(നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം, എന്നെ ആ രാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നി ന്ദ്യരായികൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്'(ഗാഫിർ:60)

പ്രാർത്ഥന കൊണ്ട് അല്ലാഹു പാപങ്ങൾ പൊറുത്ത് തരുന്ന താണ്. തിർമിദി ഉദ്ധരിക്കുന്ന ഹദീസിൽ കാണാം:

عَنْ أَبِي عُثْمَانَ النَّهْدِيِّ عَنْ سَلْمَانَ الْفَارِسِيِّ عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ:( إِنَّ اللَّهَ حَيِيٌّ كَرِيمٌ يَسْتَحْيِي إِذَا رَفَعَ الرَّجُلُ إِلَيْهِ يَدَيْهِ أَنْ يَرُدَّهُمَـا صِـفْرًا خَـائِبَتَيْنِ) ترمذي

സൽമാനുൽ ഫാരിസിؓയിൽ നിന്ന് നിവേദനം: പ്രവാചക തി രുമേനിﷺ പറയുകയുണ്ടായി:'അല്ലാഹു ലജ്ജിക്കുന്നവനും, ഉ ദാരവാനുമാണ്, ഒരു അടിമ അല്ലാഹുവിലേക്ക് കൈകൾ ഉയർ

ത്തി പ്രാർത്ഥിച്ചിട്ട് ഒന്നും നൽകാതെ അവ മടക്കുകയെന്നത് അവൻ ലജ്ജിക്കുന്ന കാര്യമാണ്.' (തിർമിദി)

عن أبي هريرة رضي الله عنه عَنِ النَّبِيِّ ﷺ قَالَ:(لـيس شيء أكـرم على الله تعـالى من الدعاء) (الترمذي- حسن إسناده الألباني في صحيح الترمذي)

'അബൂഹുറയ്റ﵁വിൽ നിന്ന്, പ്രവാചകൻﷺ പറഞ്ഞു:അല്ലാഹുവിന് പ്രാത്ഥനയേക്കാൾ ആദരവുള്ള യാതൊന്നും തന്നെയില്ല' (തിർമിദി, അൽബാനി ഹസനാണെന്ന് പറഞ്ഞിട്ടുണ്ട്)

عن أبي هريرة رضي الله عنه عَنِ النَّبِيِّ ﷺ قَالَ:(من لم يسأل الله يغضب عليه) ( الترمذي - حسن إسناده الألباني في صحيح الترمذي)

'അബൂഹുറയ്റ﵁വിൽ നിന്ന്, പ്രവാചകൻﷺപറഞ്ഞു:'അല്ലാഹുവിനോട് ചോദിക്കാത്തവന്റെ മേൽ അല്ലാഹു കോപിക്കുന്നതാണ്' (തിർമിദി, അൽബാനി ഹസനാണെന്ന് പറഞ്ഞിട്ടുണ്ട്)

അല്ലാഹുവിനോട് പ്രാർത്ഥിക്കണം, അവനോട് മാത്രമെ പ്രാർത്ഥിക്കാവൂ. പ്രാർത്ഥിക്കുന്ന വേളയിൽ ഒരു വിശ്വാസി പാലിക്കേണ്ട ചില കാര്യങ്ങൾ ഉണ്ട്. അവയെല്ലാം പരിഗണിച്ച് കൊണ്ട് അല്ലാഹുവിനോട് മാത്രം പ്രാർത്ഥിക്കുന്നവക്ക് മാത്രമെ ഉത്തരം ലഭിക്കുകയുള്ളൂ. അവ വളരെ ചുരുക്കി വിശദീകരിക്കുകയാണ്.

**നിഷ്കളങ്കതയോടെ...**

പ്രാർത്ഥനയുടെ വളരെ പ്രാധാനപ്പെട്ട ഒരു നിബന്ധനയാണ് ഇഖ്ലാസ് എന്നുള്ളത്. അല്ലാഹു പറയുന്നു:

(فَادْعُوا اللَّهَ مُخْلِصِينَ لَهُ الدِّينَ وَلَوْ كَرِهَ الْكَافِرُونَ)(غافر:١٤)

‘അതിനാൽ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനോട് നിങ്ങൾ പ്രാർത്ഥിക്കുക. അവിശ്വാസികൾക്ക് അനിഷ്ടകരമായാലും ശരി’ (ഗാഫിർ:14)

**സ്തുതികളോടെ...**

അല്ലാഹുവിനെ സ്തുതിക്കുകയും പ്രകീർത്തിക്കുകയും, പ്രവാചകﷺയുടെ മേൽ സ്വലാത്ത് ചൊല്ലുകയും ചെയ്ത്കൊണ്ട് ആരംഭിക്കുകയും, അവസാനിപ്പിക്കുകയും ചെയ്യുക.

عَنْ فَضَالَةَ بْنِ عُبَيْدٍ قَالَ بَيْنَا رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَاعِدٌ إِذْ دَخَلَ رَجُلٌ فَصَلَّى فَقَالَ اللَّهُمَّ اغْفِرْ لِي وَارْحَمْنِي فَقَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ عَجِلْتَ أَيُّهَا الْمُصَلِّي إِذَا صَلَّيْتَ فَقَعَدْتَ فَاحْمَدِ اللَّهَ بِمَا هُوَ أَهْلُهُ وَصَلِّ عَلَيَّ ثُمَّ ادْعُهُ ( ترمذي

ഫളാലബ്നു ഉബൈദിؓൽ നിന്ന്: ഞങ്ങൾ പ്രവാചകൻﷺ യോടൊത്ത് ഇരിക്കുമ്പോൾ ഒരാൾ വന്ന് നമസ്കരിച്ച് കൊണ്ട് പറഞ്ഞു:‘അല്ലാഹുവെ എനിക്ക് പൊറുത്തുതരികയും എന്നോട് കാരുണ്യം കാണിക്കുകയും ചെയ്യേണമേ’അപ്പോൾ പ്രാവാചക തിരുമേനിﷺ അദ്ദേഹത്തോട് പറയുകയുണ്ടായി: ‘ഓ, നമസ്കരിച്ചവനെ നീ ധൃതികാണിക്കുകയുണ്ടായി. നീ നമസ്കരിച്ച് ഇരുന്നതിന് ശേഷം അല്ലാഹുവിനെ അർഹമായത് കൊണ്ട് സ്തുതിച്ച് എന്റെ പേരിൽ സ്വലാത്ത് ചൊല്ലുകയും ചെയ്തതിന് ശേഷം നീ പ്രാർത്ഥിക്കുക’ (തിർമിദി)

قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ:(كل دعاء محجوب حتى يصلي على النبي صَلَّى اللَّه عَلَيْهِ وَسَلَّمَ ) (حسنه الألباني في صحيح الجامع)

പ്രവാചകൻﷺ പറഞ്ഞു: 'പ്രവാചകൻﷺയുടെ പേരിൽ സ്വലാത്ത് ചൊല്ലാത്ത എല്ലാ പ്രാർത്ഥനകളും തടയപ്പെടുന്നതാണ്'

**പ്രാർത്ഥനാ നിരതരാവുക...**

നിരന്തരം പ്രാർത്ഥിക്കുക, ധൃതി കൂട്ടാതിരിക്കുകയും, ഉത്തരം ലഭിക്കുമെന്ന് ദൃഢമായി വിശ്വസിക്കുകയും ചെയ്യുക.

قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ:(إذا سأل أحدكم فليكثر، فإنما يسأل ربه) صحيح على شرط شيخين

പ്രവാചകൻﷺ പറഞ്ഞു: 'നിങ്ങളാരെങ്കിലും ചോദിക്കുകയാണെങ്കിൽ അവൻ ചോദിക്കുന്നത് അധികരിപ്പിക്കട്ടെ, കാരണം അവൻ തന്റെ രക്ഷിതാവിനോടാകുന്നു ചോദിക്കുന്നത്'

عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: يُسْتَجَابُ لأَحَدِكُمْ مَا لَمْ يَعْجَلْ، يَقُولُ دَعَوْتُ فَلَمْ يُسْتَجَبْ لِي)(متفق عليه)

അബൂഹുറയ്റرضي الله عنهവിൽ നിന്ന് നിവേദനം: 'പ്രവാചകതിരുമേനിﷺ പറഞ്ഞു: 'ഞാൻ പ്രാർത്ഥിച്ചു, പക്ഷേ, എനിക്ക് ഉത്തരം ലഭിച്ചില്ലെന്ന് പറഞ്ഞ് ധൃതിപ്പെടാത്ത ഏതൊരുവന്റെയും പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നതാണ്' (മുത്തഫഖുൻ അലൈഹി)

**മുഴുവൻ സന്ദർഭങ്ങളിലും...**

ഐശ്വര്യത്തിലും, ബുദ്ധിമുട്ടുള്ള വേളകളിലും പ്രാർത്ഥിക്കുക. അല്ലാഹുവിനോട് മാത്രം പ്രാർത്ഥിക്കുക.

عَنْ أَبِي هُرَيْرَةَ رَضِيَ اللَّه عَنْه قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ:( مَنْ سَرَّهُ أَنْ يَسْتَجِيبَ اللَّهُ لَهُ عِنْدَ الشَّدَائِدِ وَالْكَرْبِ فَلْيُكْثِرِ الدُّعَاءَ فِي الرَّخَاءِ)

അബൂഹുറയ്റ﵁വിൽ നിന്ന്, പ്രവാചകൻﷺ പറഞ്ഞു: 'ബുദ്ധിമുട്ടുകളും, പ്രയാസങ്ങളും ഉള്ളപ്പോൾ ആർക്കെങ്കിലും പ്രാർത്ഥനക്ക് ഉത്തരം ലഭിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ ഐശ്വര്യമുള്ളപ്പോൾ അവൻ പ്രാർത്ഥന അധികരിപ്പിക്കട്ടെ' (തിർമിദി.അൽബാനി ഈ ഹദീഥ് ഹസനാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്).

عَنِ ابْنِ عَبَّاسٍ رضي الله عنهما قَالَ: كُنْتُ خَلْفَ رَسُولِ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يَوْمًا فَقَالَ: يَا غُلَامُ إِنِّي أُعَلِّمُكَ كَلِمَاتٍ احْفَظِ اللَّهَ يَحْفَظْكَ احْفَظِ اللَّهَ تَجِدْهُ تُجَاهَكَ إِذَا سَأَلْتَ فَاسْأَلِ اللَّهَ وَإِذَا اسْتَعَنْتَ فَاسْتَعِنْ بِاللَّهِ وَاعْلَمْ أَنَّ الأُمَّةَ لَوِ اجْتَمَعَتْ عَلَى أَنْ يَنْفَعُوكَ بِشَيْءٍ لَمْ يَنْفَعُوكَ إِلاَّ بِشَيْءٍ قَدْ كَتَبَهُ اللَّهُ لَكَ وَلَوِ اجْتَمَعُوا عَلَى أَنْ يَضُرُّوكَ بِشَيْءٍ لَمْ يَضُرُّوكَ إِلاَّ بِشَيْءٍ قَدْ كَتَبَهُ اللَّهُ عَلَيْكَ رُفِعَتِ الأَقْلاَمُ وَجَفَّتِ الصُّحُفُ )

അബ്ദുല്ലാഹ്‌ബ്നു അബ്ബാസി﵄ൽ നിന്ന് നിവേദനം, അദ്ദേഹം പറയുന്നു, 'പ്രവാചകന്റെ പിന്നിലായിരിക്കെ ഒരു ദിവസം പ്രവാചകൻﷺ എന്നോട് പറഞ്ഞു,'അല്ലയോ കുട്ടീ, നിനക്ക് ഞാൻ ചില വാചകങ്ങൾ പഠിപ്പിച്ച് തരട്ടെയോ: നീ അല്ലാഹുവിനെ സൂക്ഷിക്കുക, എന്നാൽ അല്ലാഹു നിന്നെ രക്ഷിക്കുന്നതാകുന്നു. നീ അല്ലാഹുവിനെ സൂക്ഷിച്ചാൽ നിനക്ക് അവനെ നിന്റെ മുമ്പിൽ കാണാവുന്നതാണ്,നീ വല്ലതും ചോദിച്ചാൽ അല്ലാഹുവിനോട് ചോദിക്കുക, നീ സഹായം തേടുകയാണെങ്കിൽ അല്ലാഹുവിനോട് സഹായം തേടുക, നീ മനസ്സിലാക്കുക: ലോകത്തുള്ള മുഴുവനാളുകളും ഒരുമിച്ച് നിനക്ക് വല്ല ഉപകാരവും ചെയ്യുവാൻ ഉദ്ദേശിച്ചാലും അല്ലാഹു നിനക്ക് വിധിച്ചതല്ലാതെ ഒന്നും സംഭവിക്കുകയില്ല, അത്പോലെ നിനക്ക് വല്ല ഉപദ്രവം വരുത്താൻ അവർ മുഴുവനും ഒരുമിച്ചാലും നിനക്ക് അല്ലാഹു വിധിച്ചതല്ലാതെ ഒരുപ

ദ്രവത്തിനും അവർക്ക് സാധ്യമല്ല തന്നെ, പേനകൾ ഉയർത്തപ്പെടുകയും, പേജുകൾ ഉണങ്ങുകയും ചെയ്തിരിക്കുന്നു'(തിർമിദി, അൽബാനി ഈ ഹദീഥ് സ്വഹീഹാണെന്ന് പ്രസ്താവിച്ചിരിക്കുന്നു).

**എതിരെയാവാതിരിക്കുക...**

കുടുംബത്തിനും, സമ്പത്തിനും, സന്താനങ്ങൾക്കും, സ്വന്തത്തിനും എതിരെ പ്രാർത്ഥിക്കാതിരിക്കുക.

عن جابر رضي الله عنه في الرجل الذي لعن بعيره فَقَالَ: رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ مَنْ هَذَا اللاَّعِنُ بَعِيرَهُ قَالَ: أَنَا يَا رَسُولَ اللَّهِ قَالَ: انْزِلْ عَنْهُ فَلَا تَصْحَبْنَا بِمَلْعُونٍ لاَ تَدْعُوا عَلَى أَنْفُسِكُمْ وَلاَ تَدْعُوا عَلَى أَوْلَادِكُمْ وَلاَ تَدْعُوا عَلَى أَمْوَالِكُمْ لاَ تُوَافِقُوا مِنَ اللَّهِ سَاعَةً يُسْأَلُ فِيهَا عَطَاءٌ فَيَسْتَجِيبُ لَكُمْ ) (مسلم)

ജാബിർﷺവിൽ നിന്ന്, തന്റെ മൃഗത്തെ ശപിച്ച ഒരാളുടെ കാര്യത്തിൽ, പ്രവാചകൻﷺ ചോദിച്ചു: 'ആരാണ് തന്റെ മൃഗത്തെ ശപിച്ചത്?' അദ്ദേഹം പറഞ്ഞു: ഞാനാകുന്നു റസൂലേ! പ്രവാചകൻﷺ പറഞ്ഞു: നീ അതിന്റെ പുറത്ത് നിന്ന് ഇറങ്ങുക, ശപിക്കപ്പെട്ട ഒന്നിനെയും നീ ഞങ്ങളോടൊപ്പം കൂട്ടരുത്, നിങ്ങൾ സ്വന്തത്തിനെതിരിലും സന്താനങ്ങൾക്കെതിരിലും, സമ്പത്തിനെതിരിലും പ്രാർത്ഥിക്കരുത്, അല്ലാഹുവിന്റെയടുത്ത് ഒരു സമയമുണ്ട്, ആ സമയത്ത് നിങ്ങൾ എന്തെങ്കിലും ചോദിക്കുകയാണെങ്കിൽ അല്ലാഹു നിങ്ങൾക്കത് നൽകാതിരിക്കില്ല' (മുസ്ലിം)

عَنْ أَبِي سَعِيدٍ أَنَّ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: مَا مِنْ مُسْلِمٍ يَدْعُو بِدَعْوَةٍ لَيْسَ فِيهَا إِثْمٌ وَلَا قَطِيعَةُ رَحِمٍ إِلاَّ أَعْطَاهُ اللَّهُ بِهَا إِحْدَى ثَلاَثٍ إِمَّا أَنْ تُعَجَّلَ لَهُ دَعْوَتُهُ وَإِمَّا أَنْ يَدَّخِرَهَا لَهُ فِي الآخِرَةِ وَإِمَّا أَنْ يَصْرِفَ عَنْهُ مِنَ السُّوءِ مِثْلَهَا، قَالُوا: إِذًا نُكْثِرُ، قَالَ: اللَّهُ أَكْثَرُ)

അബൂ സഈദിﷺൽ നിന്ന് നിവേദനം: നബിﷺ പറഞ്ഞു: 'പാപവും, കുടുംബ ബന്ധം മുറിക്കലും ഇല്ലാത്ത ഏതെങ്കിലുമൊരു കാര്യം ഒരു മുസ്‌ലിം പ്രാർത്ഥിച്ചാൽ മൂന്നിൽ ഒരു കാര്യം അല്ലാഹു അവന് നൽകുന്നതാണ്. ഒന്നുകിൽ അവൻ പ്രാർത്ഥിച്ച കാര്യം പെട്ടെന്ന് നൽകുന്നു, അല്ലെങ്കിൽ പരലോകത്തേക്ക് നീട്ടിവെക്കുന്നു,അതുമല്ലെങ്കിൽ അതുപോലെയുള്ള തിന്മ അവനെ തൊട്ട് തടയുന്നു. സ്വഹാബികൾ ചോദിച്ചു: അപ്പോൾ ഞങ്ങൾ പ്രാർത്ഥന അധികരിപ്പിക്കുകയോ? പ്രവാചകൻ അരുളി: 'അല്ലാഹു തന്നെയാണ് സത്യം അധികരിപ്പിക്കൂ' ഇമാം അഹ്മദ്.

**പശ്ചാതാപത്തോടെ...**

തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ അത് തിരിച്ചറിഞ്ഞ് അതിന് വേണ്ടി അല്ലാഹുവിനോട് പശ്ചാത്താപിക്കുക.നൽകിയിട്ടുള്ള അനുഗ്രഹവും തിരിച്ചറിഞ്ഞ് അതിന് നന്ദി ചെയ്യുക.

عَنْ أَبِي هُرَيْرَةَ رضي الله عنه قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْـهِ وَسَـلَّمَ ( أَيُّهَـا النَّاسُ إِنَّ اللَّهَ طَيِّبٌ لَا يَقْبَلُ إِلاَّ طَيِّبًا وَإِنَّ اللَّهَ أَمَرَ الْمُؤْمِنِينَ بِمَا أَمَرَ بِهِ الْمُرْسَلِينَ فَقَالَ ( يَا أَيُّهَا الرُّسُلُ كُلُوا مِنَ الطَّيِّبَاتِ وَاعْمَلُوا صَالِحًا) وَقَالَ ( يَا أَيُّهَا الَّذِينَ آمَنُوا كُلُوا مِنْ طَيِّبَاتِ مَا رَزَقْنَاكُمْ ) ثُمَّ ذَكَرَ الرَّجُلَ يُطِيلُ السَّفَرَ أَشْعَثَ أَغْبَرَ يَمُدُّ يَدَيْهِ إِلَى السَّمَاءِ يَا رَبِّ يَا رَبِّ وَمَطْعَمُهُ حَرَامٌ وَمَشْرَبُهُ حَـرَامٌ وَمَلْبَسُـهُ حَـرَامٌ وَغُـذِيَ بِالْحَرَامِ فَأَنَّى يُسْتَجَابُ لِذَلِكَ ؟ (رواه مسلم )

അബൂ ഹുറയ്റﷺവിൽ നിന്ന് നിവേദനം. പ്രവാചകൻﷺപറഞ്ഞു, അല്ലാഹു നല്ലവനാണ്, നല്ലതല്ലാതെ അവൻ സ്വീകരിക്കുകയില്ല, അല്ലാഹു പറയുന്നു, (അല്ലയോ പ്രവാചകരെ, നിങ്ങൾ നല്ലത് ഭക്ഷിക്കുക, നന്മകൾ പ്രവർത്തിക്കുകയും ചെയ്യുക) അല്ലാഹു പ

റയുന്നു, (അല്ലയോ സത്യവിശ്വാസികളെ നിങ്ങൾക്ക് നാം നൽകിയതിൽ നിന്ന് നല്ലത് ഭക്ഷിക്കുക) തുടർന്ന് പ്രവാചകൻ ഒരാളെ സംബന്ധിച്ച് പറയുകയുണ്ടായി, അദ്ദേഹം ദീർഘയാത്ര ചെയ്തിട്ടുണ്ട്, മുടികൾ ജടപിടിച്ചിട്ടുണ്ട്, പൊടിപുരണ്ടിട്ടുണ്ട്, അവന്റെ കൈകൾ ആകാശത്തേക്കുയർത്തി പ്രാർത്ഥിക്കുന്നു,എന്റെ നാഥാ, എന്റെ നാഥാ, എന്നാൽ അവന്റെ ഭക്ഷണം നിഷിദ്ധമായതാകുന്നു, അന്റെ വസ്ത്രം നിഷിദ്ധമാണ്, അവന്റെ പാനീയവും നിഷിദ്ധം തന്നെ അവൻ നിഷിദ്ധത്തിൽ മുങ്ങികുളിച്ചിരിക്കുന്നു, എങ്ങനെയാകുന്നു അവന്ന് ഉത്തരം ലഭിക്കുക!) മുസ്ലിം.

عـن شَـدَّادُ بْـنُ أَوْسٍ رَضِي اللَّه عَنْـه عَـنِ النَّـبِيِّ صَـلَّى اللَّه عَلَيْـهِ وَسَـلَّمَ سَـيِّدُ الإسْتِغْفَارِ أَنْ تَقُولَ: اللَّهُمَّ أَنْتَ رَبِّي لاَ إِلَهَ إِلاَّ أَنْتَ خَلَقْتَـنِي وَأَنَـا عَبْـدُكَ وَأَنَـا عَلَى عَهْدِكَ وَوَعْدِكَ مَا اسْتَطَعْتُ أَعُوذُ بِكَ مِنْ شَرِّ مَا صَنَعْتُ أَبُـوءُ لَـكَ بِنِعْمَتِـكَ عَلَيَّ وَأَبُوءُ لَكَ بِذَنْبِي فَاغْفِرْ لِي فَإِنَّهُ لاَ يَغْفِرُ الذُّنُوبَ إِلاَّ أَنْتَ قَالَ وَمَنْ قَالَهَا مِنَ النَّهَـارِ مُوقِنًا بِهَا فَمَاتَ مِنْ يَوْمِهِ قَبْلَ أَنْ يُمْسِيَ فَهُوَ مِنْ أَهْلِ الْجَنَّةِ وَمَنْ قَالَهَا مِنَ اللَّيْـلِ وَهُوَ مُوقِنٌ بِهَا فَمَاتَ قَبْلَ أَنْ يُصْبِحَ فَهُوَ مِنْ أَهْلِ الْجَنَّةِ (بخاري)

ശദ്ദാദ്ബ്നു ഔസ്﵁ൽ നിന്ന് പ്രവാചകൻﷺ പറഞ്ഞു: ‘പാപമോചനത്തിന്റെ നേതാവ്: ‘അല്ലാഹുവെ നീയാണെന്റെ നാഥൻ, യഥാർത്ഥത്തിൽ നീയല്ലാതെ മറ്റൊരു ആരാധ്യനില്ല. നീയാണെന്നെ സൃഷ്ടിച്ചത്. ഞാൻ നിന്റെ ദാസനാകുന്നു. നിന്നോടുള്ള കരാറും ഉടമ്പടിയും എനിക്ക് സാധ്യമാവുന്നിടത്തോളം ഞാൻ പാലിക്കുന്നതാണ്. നീ എനിക്ക് ചെയ്തുതന്ന അനുഗ്രഹങ്ങളും ഞാൻ ചെയ്ത പാപങ്ങളും ഞാൻ നിന്നോട് സമ്മതിക്കുന്നു. അതിനാൽ നീ എനിക്ക് പൊറുത്തു തരേണമേ. നിശ്ചയം നീ അല്ലാതെ പാപങ്ങൾ പൊറുക്കുന്നവനില്ല’. എന്നിട്ട് പറഞ്ഞു: ‘ആരെ

ങ്കിലും ഇത് മനസറിഞ്ഞ് കൊണ്ട് പകലിൽ പറയുകയാണെങ്കിൽ വൈകുന്നേരമാകുന്നതിന് മുമ്പ് അവൻ മരിക്കുകയാണെങ്കിൽ അവൻ സ്വർഗവാസിയായിരിക്കും, ആരെങ്കിലും രാത്രി മനസറിഞ്ഞ് കൊണ്ട് പറഞ്ഞതിന് ശേഷം പ്രഭാതമാകുന്നതിന് മുമ്പ് അവൻ മരിക്കുകയാണെങ്കിൽ അവൻ സ്വർഗവാസിയായിരിക്കും' (ബുഖാരി)

**ഖിബ്ലക്കഭിമുഖമായി...**

പ്രവാചകൻﷺ തന്റെ ഹജ്ജത്തുൽ വിദാഇൽ സ്വഫയിലും, മർവ്വയിലും, അറഫയിലും, മശറുൽ ഹറമിലും, ജംറത്തുൽ സുഗ്റയിലും, ജംറത്തുൽ വുസ്ഥയിലും ഖിബ്ലയിലേക്ക് തിരിഞ്ഞ് നിന്ന് കൊണ്ടാണ് പ്രാർത്ഥിച്ചിരുന്നത്.

(عَبْدِاللَّهِ بْنِ زَيْدٍ أَنَّ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ خَرَجَ إِلَى الْمُصَلَّى فَاسْتَسْقَى فَاسْتَقْبَلَ الْقِبْلَةَ وَقَلَبَ رِدَاءَهُ)

അബ്ദുല്ലാഇബ്നു സൈദിؓൽ നിന്ന്:'നബിﷺ ഈ മഴക്ക് വേണ്ടി പ്രാർത്ഥിക്കുന്ന മുസ്വല്ലയിലേക്ക് പുറപ്പെടുകയും മഴക്ക് വേണ്ടിയുള്ള നമസ്കാരം നിർവ്വഹിക്കുകയും ചെയ്തു, പിന്നീട് ഖിബ്ലക്കഭിമുഖമായി നിൽക്കുകയും തന്റെ തട്ടം തിരിച്ചിടുകയും ചെയ്തു' (ബുഖാരി)

ഇമാം അഹ്മദ് പറയുന്നതായി നമുക്ക് കാണാനാവും: ആരെങ്കിലും മദീനയിൽ പ്രവാചകന്റെ ഖബറിനടുത്ത് നിന്ന് പ്രവാചകനും, അദ്ദേഹത്തിന്റെ രണ്ട് കൂട്ടുകാരനും സലാം പറഞ്ഞതിന് ശേഷം ആരെങ്കിലും പ്രാർത്ഥിക്കുവാൻ ഉദ്ദേശിക്കുകയാണെങ്കിൽ അവൻ അവിടെ നിന്നും പിൻതിരിഞ്ഞ് ഖിബ്ലക്കഭിമുഖമായി നിൽക്കട്ടെ. (അൽബാനി അഹ്കാമുൽ ജനാഇസിൽ ഉദ്ധരിച്ചത്)

മൂന്ന് പ്രാവശ്യം...

وَكَانَ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ: إِذَا دَعَا دَعَا ثَلَاثًا وَإِذَا سَأَلَ سَأَلَ ثَلَاثًا ) (مسلم)

'പ്രവാചകൻﷺ പ്രാർത്ഥിക്കുകയാണെങ്കിൽ മൂന്ന് പ്രാവശ്യം പ്രാർത്ഥിക്കുമായിരുന്നു. ചോദിക്കുകയാണെങ്കിൽ മൂന്ന് പ്രാവ ശ്യം ചോദിക്കുമായിരുന്നു' (മുസ്ലിം)

**ശുദ്ധിയോടെ...**

തന്റെ ഭക്ഷണവും, പാനീയവും, വസ്ത്രവും അനുവദനീയ മായ സമ്പത്ത് കൊണ്ടുള്ളതാക്കി തീർക്കുക.

عَنْ أَبِي هُرَيْرَةَ رضي الله عنه قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ ( أَيُّهَا النَّاسُ إِنَّ اللَّهَ طَيِّبٌ لاَ يَقْبَلُ إِلاَّ طَيِّبًا وَإِنَّ اللَّهَ أَمَرَ الْمُؤْمِنِينَ بِمَا أَمَرَ بِهِ الْمُرْسَلِينَ فَقَالَ ( يَا أَيُّهَا الرُّسُلُ كُلُوا مِنَ الطَّيِّبَاتِ وَاعْمَلُوا صَالِحًا) وَقَالَ ( يَا أَيُّهَا الَّذِينَ آمَنُوا كُلُوا مِنْ طَيِّبَاتِ مَا رَزَقْنَاكُمْ ) ثُمَّ ذَكَرَ الرَّجُلَ يُطِيلُ السَّفَرَ أَشْعَثَ أَغْبَرَ يَمُدُّ يَدَيْهِ إِلَى السَّمَاءِ يَا رَبِّ يَا رَبِّ وَمَطْعَمُهُ حَرَامٌ وَمَشْرَبُهُ حَرَامٌ وَمَلْبَسُهُ حَرَامٌ وَغُذِيَ بِالْحَرَامِ فَأَنَّى يُسْتَجَابُ لِذَلِكَ ؟ (رواه مسلم)

അബൂഹുറയ്റ(റ)വിൽ നിന്ന് നിവേദനം. പ്രവാചകൻﷺപറഞ്ഞു: അല്ലാഹു നല്ലവനാകുന്നു, നല്ലതല്ലാതെ അവൻ സ്വീകരിക്കുക യില്ല, അല്ലാഹു പറയുന്നു: (അല്ലയോ പ്രവാചകരെ, നിങ്ങൾ ന ല്ലത് ഭക്ഷിക്കുക, നന്മകൾ പ്രവർത്തിക്കുകയും ചെയ്യുക. അല്ലാ ഹു പറയുന്നു, (അല്ലയോ സത്യവിശ്വാസികളെ നിങ്ങൾക്ക് നാം നൽകിയതിൽ നിന്ന് നല്ലത് ഭക്ഷിക്കുക) തുടർന്ന് പ്രവാചകൻ ഒരാളെ സംബന്ധിച്ച് പറയുകയുണ്ടായി, അദ്ദേഹം ദീർഘയാത്ര

ചെയ്തിട്ടുണ്ട്,മുടികൾ ജടപിടിച്ചിട്ടുണ്ട്, പൊടിപുരണ്ടിട്ടുണ്ട്, അവന്റെ കൈകൾ ആകാശത്തേക്കുയർത്തി പ്രാർത്ഥിക്കുന്നു, എന്റെ നാഥാ, എന്റെ നാഥാ, എന്നാൽ അവന്റെ ഭക്ഷണം നിഷിദ്ധമായതാകുന്നു, അവന്റെ വസ്ത്രം നിഷിദ്ധമായതാണ്, അവന്റെ പാനീയവും നിഷിദ്ധം തന്നെ, അവൻ നിഷിദ്ധത്തിൽ മുങ്ങി കുളിച്ചിരിക്കുന്നു, എങ്ങനെയാണ് അവന്ന് ഉത്തരം ലഭിക്കുക!) മുസ്ലിം.

**നാമവിശേഷണങ്ങൾ മുഖേന...**

അല്ലാഹുവിന്റെ ഭംഗിയുള്ള നാമങ്ങൾ ഉന്നതമായ വിശേഷണങ്ങൾ എന്നിവ കൊണ്ടോ, അല്ലെങ്കിൽ നിർവ്വഹിച്ചിട്ടുള്ള സൽകർമ്മങ്ങൾ കൊണ്ടോ, അതുമല്ലെങ്കിൽ ജീവിച്ചിരിക്കുന്ന സ്വാലിഹീങ്ങളായ നല്ല വ്യക്തികളുടെ പ്രാർത്ഥനകൾ കൊണ്ടോ അല്ലാഹുവിലേക്ക് വസീല തേടുക.

(وَلِلَّهِ الأَسْمَاءُ الْحُسْنَى فَادْعُوهُ بِهَا) (الأعراف:١٣٠)

‘അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ച്(പ്രാർത്ഥിച്ച്) കൊള്ളുക’(അഅ്റാഫ്:180)

(عَنْ عَبْدِ اللَّهِ بْنِ بُرَيْدَةَ الأَسْلَمِيِّ عَنْ أَبِيهِ قَالَ سَمِعَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ رَجُلاً يَدْعُو وَهُوَ يَقُولُ: اللَّهُمَّ إِنِّي أَسْأَلُكَ بِأَنِّي أَشْهَدُ أَنَّكَ أَنْتَ اللَّهُ لاَ إِلَهَ إِلاَّ أَنْتَ الأَحَدُ الصَّمَدُ الَّذِي لَمْ يَلِدْ وَلَمْ يُولَدْ وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ قَالَ: فَقَالَ: وَالَّذِي نَفْسِي بِيَدِهِ لَقَدْ سَأَلَ اللَّهَ بِاسْمِهِ الأَعْظَمِ الَّذِي إِذَا دُعِيَ بِهِ أَجَابَ وَإِذَا سُئِلَ بِهِ أعطي)

അബ്ദുല്ലാഇബ്നു ബുറൈദﷺ തന്റെ പിതാവിൽ നിന്ന്: പ്രവാചകൻﷺ ഒരാൾ ഇങ്ങനെ പറയുന്നതായി കേട്ടു ‘അല്ലാഹുവെ നിന്നോട് ഞാൻ ചോദിക്കുന്നു, നീയല്ലാതെ ആരും തന്നെ ആരാധ

നക്കർഹനായി ഇല്ലായെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. നീയാണ് ഒരുവൻ, നീ നിരാശ്രയനാണ്, നീ ജനിക്കുകയോ ജനിപ്പിക്കുകയോ ചെയ്തിട്ടില്ല,നിനക്ക് തുല്യനായി ആരും തന്നെയില്ല' എന്നിട്ട് പ്രവാചകൻﷺ പറഞ്ഞു: 'എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവനെ കൊണ്ട് തന്നെയാണ് സത്യം, അദ്ദേഹം അല്ലാഹുവിന്റെ ഉന്നതമായ നാമങ്ങൾ കൊണ്ടാണ് ചോദിച്ചിട്ടുള്ളത്, അത്കൊണ്ട് പ്രാർത്ഥിക്കുകയാണെങ്കിൽ ഉത്തരം നൽകപ്പെടും, അത്കൊണ്ട് ചോദിച്ചാൽ നൽകപ്പെടുന്നതാണ്' (അബൂദാവൂദ്. അൽബാനി സ്വഹീഹാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്)

ഗുഹയിൽ അഭയം പ്രാപിച്ച മൂന്നാളുകൾ തങ്ങൾ ചെയ്തിട്ടുള്ള സൽകർമ്മങ്ങൾ മുൻനിർത്തി പ്രാർത്ഥിച്ചപ്പോൾ അവർക്ക് അല്ലാഹു ഉത്തരം നൽകുകയുണ്ടായി.

ഉമർ رضي الله عنهവിന്റെ കാലത്ത് വരൾച്ചയുണ്ടായപ്പോൾ മഴക്ക് വേണ്ടി നബിﷺയുടെ ജീവിച്ചിരിക്കുന്ന എളാപ്പയായ അബ്ബാസ്ബ്നു അബ്ദുൽ മുത്തലിബിനെ ഇമാമാക്കി കൊണ്ട് പ്രാർത്ഥിച്ചപ്പോൾ അല്ലാഹു ആ പ്രാർത്ഥനക്ക് ഉത്തരമെന്നോണം മഴ വർഷിപ്പിച്ചു. ജീവിച്ചിരിക്കുന്ന മഹാന്മാരെകൊണ്ട് നമുക്ക് വേണ്ടി പ്രാർത്ഥിപ്പിക്കാവുന്നതാണ്. പ്രവാചകൻﷺയുടെ ജീവിത കാലത്ത് സ്വഹാബികളാരെങ്കിലും ഉംറക്ക് പോകുമ്പോൾ പ്രവാചകൻ തനിക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടാറുണ്ടായിരുന്നു. എന്നാൽ മരിച്ച് പോയിട്ടുള്ള എത്ര വലിയ മഹാനാണെങ്കിലും അദ്ദേഹത്തോട് അത് ആവശ്യപ്പെടുവാൻ പാടില്ല.

**മനസ്സറിഞ്ഞ്...**

ഹൃദയത്തിൽ തട്ടിക്കൊണ്ട് ഭയഭക്തിയോടെ ശബ്ദം താഴ്ത്തി പ്രാർത്ഥിക്കുക.

(فَاسْتَجَبْنَا لَهُ وَوَهَبْنَا لَهُ يَحْيَى وَأَصْلَحْنَا لَهُ زَوْجَهُ إِنَّهُمْ كَانُوا يُسَارِعُونَ فِي الْخَيْرَاتِ وَيَدْعُونَنَا رَغَبًا وَرَهَبًا وَكَانُوا لَنَا خَاشِعِينَ)(الأنبياء:٩٠)

'അപ്പോൾ നാം അദ്ദേഹത്തിന് ഉത്തരം നൽകുകയും, അദ്ദേഹത്തിന് (മകൻ) യഹ്‌യായെ നാം പ്രദാനം ചെയ്യുകയും, അദ്ദേഹത്തിന്റെ ഭാര്യയെ നാം (ഗർഭധാരണത്തിന്ന്) പ്രാപ്തയാക്കുകയും ചെയ്തു. തീർച്ചയായും അവർ (പ്രവാചകന്മാർ)ഉത്തമ കാര്യങ്ങൾക്ക് ധൃതികാണിക്കുകയും, ആശിച്ച് കൊണ്ടും പേടിച്ച് കൊണ്ടും നമ്മോട് പ്രാർത്ഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു' (അമ്പിയാ:90)

**സുന്നത്ത് കൂടി...**

നിർബ്ബന്ധമായ കർമ്മങ്ങൾക്ക് പുറമെ ധാരാളം സുന്നത്തായ കാര്യങ്ങൾ ചെയ്യുന്നത് പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുവാൻ കാരണമാകും.

مَعْدَانُ بْنُ أَبِي طَلْحَةَ الْيَعْمَرِيُّ قَالَ لَقِيتُ ثَوْبَانَ مَوْلَى رَسُولِ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ فَقُلْتُ: أَخْبِرْنِي بِعَمَلٍ أَعْمَلُهُ يُدْخِلُنِي اللَّهُ بِهِ الْجَنَّةَ أَوْ قَالَ قُلْتُ :بِأَحَبِّ الأَعْمَالِ إِلَى اللَّهِ فَسَكَتَ ثُمَّ سَأَلْتُهُ فَسَكَتَ ثُمَّ سَأَلْتُهُ الثَّالِثَةَ فَقَالَ: سَأَلْتُ عَنْ ذَلِكَ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ فَقَالَ عَلَيْكَ بِكَثْرَةِ السُّجُودِ لِلَّهِ فَإِنَّكَ لاَ تَسْجُدُ لِلَّهِ سَجْدَةً إِلاَّ رَفَعَكَ اللَّهُ بِهَا دَرَجَةً وَحَطَّ عَنْكَ بِهَا خَطِيئَةً ) (مسلم)

മഅ്ദാൻബ്നു അബീത്വൽഅ: ﵁ അൽയഅ്മരിയിൽ നിന്ന്: പ്രവാചകﷺന്റെ അടിമയായിരുന്ന ഥൗബാനി﵁നെ കണ്ട്മുട്ടി, അല്ലാഹുവിന് കൂടുതൽ ഇഷ്ടമുള്ള പ്രവർത്തനം, അല്ലെങ്കിൽ സ്വർഗ പ്രവേശനം ലഭിക്കുന്ന പ്രവർത്തനത്തെ സംബന്ധിച്ച് എനി

ക്ക് അറിയിച്ച് തന്നാലും എന്ന് ഞാൻ അദ്ദേഹത്തോട് പറയുക യുണ്ടായി: പക്ഷേ, അദ്ദേഹം നിശ:ബ്ദനായിരുന്നു. ഞാൻ വീണ്ടും ചോദിച്ചു.അദ്ദേഹം ഒന്നും മിണ്ടിയില്ല. ഞാൻ മൂന്നാം പ്രാവശ്യവും ചോദിച്ചു: അദ്ദേഹം പറഞ്ഞു: ഇതിനെ സംബന്ധിച്ച് ഞാൻ പ്രവാചകനോട് ചോദിക്കുകയുണ്ടായി: അപ്പോൾ പ്രവാചകൻ പറഞ്ഞത്: 'നീ അല്ലാഹുവിനുള്ള സുജൂദ് അധികരിപ്പിക്കുക' എന്നായിരുന്നു. അല്ലാഹുവിന് നീ ഒരു സുജൂദ് അർപ്പിക്കുകയാണെങ്കിൽ അല്ലാഹുവിന്റെയടുത്ത് നിന്റെ പദവി ഉയർത്തുകയും, നിന്റെ പാപങ്ങൾ പൊറുത്ത് തരികയും ചെയ്യുന്നതാണ് (മുസ്ലിം)

**രഹസ്യമായി...**

(وَإِنْ تَجْهَرْ بِالْقَوْلِ فَإِنَّهُ يَعْلَمُ السِّرَّ وَأَخْفَى) (طه:٧)

'നീ വാക്ക് ഉച്ചത്തിലാക്കുകയാണെങ്കിൽ തീർച്ചയായും അവൻ (അല്ലാഹു) രഹസ്യമായതും, അത്യന്തം നിഗൂഢമായതും അറിയും (എന്ന് നീ മനസിലാക്കുക) (ത്വാഹാ:7)

عَنْ أَبِي مُوسَى الْأَشْعَرِيِّ رَضِيَ اللَّهُ عَنْهُ قَالَ:كنا مع النبي صَلَّى اللَّهُ عَلَيْهِ وَسَلَّمَ في سفر فجعل الناس يجهرون بالتكبير،فَقَالَ: النبي صَلَّى اللَّهُ عَلَيْهِ وَسَلَّمَ ارْبَعُوا عَلَى أَنْفُسِكُمْ إِنَّكُمْ لَا تَدْعُونَ أَصَمَّ وَلَا غَائِبًا إِنَّكُمْ تَدْعُونَ سَمِيعًا قَرِيبًا وَهُوَ مَعَكُمْ )(بخاري)

അബൂമൂസാﷺവിൽ നിന്ന്: ഞങ്ങൾ പ്രവാചകൻﷺയുടെ കൂടെ യാത്രയിലായിരുന്നു, ജനങ്ങൾ വളരെ ശബ്ദത്തിൽ തക്ബീർ ചൊല്ലിക്കൊണ്ടിരുന്നപ്പോൾ നബിﷺപറഞ്ഞു:'ഓ, ജനങ്ങളെ നിങ്ങൾ നിങ്ങളോട് തന്നെ സന്തുലത പാലിക്കുക, നിങ്ങൾ ബധിര

നോടൊ,അദൃശ്യനായവനോടോ അല്ല പ്രാർത്ഥിക്കുന്നത്, നിങ്ങ ൾ പ്രാർത്ഥിക്കുന്നത് കേൾക്കുന്നവനോടും അടുത്തുള്ളവനോ ടുമാകുന്നു, അവൻ നിങ്ങളോടൊപ്പമാണ് താനും' (ബുഖാരി)

അല്ലാഹുവെ കേൾപ്പിക്കുവാൻ വേണ്ടി പ്രാർത്ഥനയോ ഖുർ ആൻ പാരായണമോ ഉച്ചത്തിലാക്കേണ്ടതില്ല.കാരണം, അല്ലാഹു ഏത് ശബ്ദവും കേൾക്കുന്നവനാണ്.എന്നാൽ അൽപം ശബ്ദം ഉ യർത്തി ചൊല്ലാൻ അല്ലാഹു നിർദ്ദേശിച്ച കാര്യങ്ങൾ അങ്ങനെ തന്നെ ചൊല്ലണം. അതിൽ നമുക്കറിയാത്ത എന്തെങ്കിലും യു ക്തി അടങ്ങിയിട്ടുണ്ടാകും.

**പ്രമാണങ്ങളിലുള്ളവ കൊണ്ട്...**

വിശുദ്ധഖുർആനും തിരുസുന്നത്തും പഠിപ്പിച്ച് തന്നിട്ടുള്ള പ്രാർത്ഥനകൾ പ്രാർത്ഥിക്കുക. കാരണം ഇവയിലുള്ള പ്രാർത്ഥ നകൾ തെറ്റിൽ നിന്ന് മുക്തവും പ്രവാചകന്മാരുടെ പ്രാർത്ഥന യുമാണ്. അതിനാൽ തന്നെ ഉത്തരം ലഭിക്കുവാൻ കൂടുതൽ സാധ്യതയുള്ളതുമായിരിക്കും.

**യോജിച്ചവയോടെ...**

പ്രാർത്ഥിക്കുന്നതിന് ശേഷം തന്റെ ആവശ്യത്തിന് യോജിക്കു ന്ന അല്ലാഹുവിന്റെ വിശേഷണങ്ങൾ പറയുക. ഉദാഹരണമായി: അല്ലാഹുവെ നീ എന്റെ പാപങ്ങൾ പൊറുത്ത് തരേണമേ, കാരണം നീ ഗഫൂറാ(എല്ലാം പൊറുക്കുന്നവൻ)കുന്നു. എന്നി ങ്ങനെ പ്രാർത്ഥിക്കുക.

**വുദുവോടെ...**

കഴിയുമെങ്കിൽ വുളൂഅ് ചെയ്ത് പ്രാർത്ഥിക്കുക.

عن أبي موسى رضي الله عنه قال: (قال أبو عامر : قل لرسول الله صلى الله عليه وسلم يستغفر لي، فدعا رسول الله صلي الله عليه وسلم بماء فتوضأ ورفع يديه ... الحديث)

അബൂമൂസാﷺവിൽ നിന്ന്:അബൂആമിർ പറഞ്ഞു: 'എനിക്ക് പാപമോചനം ലഭിക്കുവാനായി പ്രവാചകനോട് പ്രാർത്ഥിക്കുവാൻ പറയുക. അങ്ങനെ പ്രവാചകൻ കുറച്ച് വെള്ളം കൊണ്ട്വരുവാൻ ആവശ്യപ്പെട്ടു. തുടർന്ന് വുളുവെടുത്തു തന്റെ കൈകൾ ഉയർത്തി' ഹദീസ്. (ബുഖാരി, മുസ്ലിം)

**ചെറുതും, വലുതും...**

ചെറിയതും വലുതുമായ എല്ലാ കാര്യങ്ങളും ചോദിക്കുക.
ഉത്തരവാദിത്വ നിർവ്വഹണത്തോടെ...
നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക.
നിശ്ചയ ദാർഢ്യതയോടെ...

അല്ലാഹുവെ നീ ഉദ്ദേശിക്കുകയാണെങ്കിൽ എനിക്ക് പൊറുത്ത് തരേണമേ, നീ ഉദ്ദേശിക്കുകയാണെങ്കിൽ ഇന്ന കാര്യം നൽകേണമേയെന്ന് പ്രാർത്ഥിക്കാതെ അല്ലാഹുവെ എനിക്ക് നീ പൊറുത്ത് തരേണമേ, എനിക്ക് നീ ഇന്ന കാര്യം നൽകേണമേ എന്ന് പ്രാർത്ഥിക്കുക. കാരണം തിരുദൂതർ അങ്ങനെ പ്രാർത്ഥിക്കുന്നത് വിലക്കിയിട്ടുണ്ട്

عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: إِذَا دَعَا أَحَدُكُمْ فَلَا يَقُلِ اللَّهُمَّ اغْفِرْ لِي إِنْ شِئْتَ وَلَكِنْ لِيَعْزِمِ الْمَسْأَلَةَ وَلْيُعَظِّمِ الرَّغْبَةَ فَإِنَّ اللَّهَ لَا يَتَعَاظَمُهُ شَيْءٌ أَعْطَاهُ) مسلم

അബൂഹുറയ്റ ﷺവിൽ നിന്ന് നിവേദനം: പ്രവാചകതിരുമേനി ﷺപറഞ്ഞു: ‘നിങ്ങളാരെങ്കിലും പ്രാർത്ഥിക്കുകയാണെങ്കിൽ അല്ലാഹുവെ നീ ഉദ്ദേശിക്കുകയാണെങ്കിൽ എനിക്ക് നീ പൊറുത്ത് തരേണമേ എന്ന് പ്രാർത്ഥിക്കരുത്. മറിച്ച് ആവശ്യപ്പെടുന്ന കാര്യം എനിക്ക് നീ നൽകേണമേയെന്ന് ഉറപ്പിച്ച് പറയുക, അത് പോലെ ആഗ്രഹങ്ങൾ ഉന്നതമാക്കുക ഉദാഹരണമായി: എനിക്ക് നീ സ്വർഗം നൽകേണമേ, എനിക്ക് നീ പൊറുത്ത് തരേണമേ എന്ന് പ്രാർത്ഥിക്കുന്നത് പോലെ.കാരണം അല്ലാഹുവിനോട് നിരന്തരം ചോദിക്കുന്ന കാര്യം നൽകുക തന്നെ ചെയ്യുന്നതാണ്’ (മുസ്ലിം)

**മറ്റുള്ളവർക്കും...**

സ്വന്തത്തിന് പ്രാർത്ഥിക്കുന്നതോടൊപ്പം മാതാപിതാക്കൾക്കും, സത്യവിശ്വാസി വിശ്വാസിനികൾക്കും വേണ്ടി പ്രാർത്ഥിക്കുക.

വിശുദ്ധഖുർആനിൽ അല്ലാഹു അതിനുവേണ്ടി വിശ്വാസികളെ പ്രേരിപ്പിക്കുന്നുണ്ട്. അല്ലാഹു പറയുന്നു:

(وَاخْفِضْ لَهُمَا جَنَاحَ الذُّلِّ مِنَ الرَّحْمَةِ وَقُلْ رَّبِّ ارْحَمْهُمَا كَمَا رَبَّيَانِي صَغِيرًا)(سورة الإسراء:٢٤)

‘കാരുണ്യത്തോടുകൂടി എളിമയുടെ ചിറക് നീ അവർ ഇരുവർക്കും താഴ്ത്തികൊടുക്കുകയും ചെയ്യുക. എന്റെ രക്ഷിതാവെ, ചെറുപ്പത്തിൽ ഇരുവരും എന്നെ പോറ്റി വളർത്തിയത് പോലെ ഇവരോട് നീ കരുണ കാണിക്കേണമേ എന്ന് നീ പറയുകയും ചെയ്യുക’ (ഇസ്റാഅ്: 24)

ഇബ്രാഹിമിﷺനെപ്പറ്റി അല്ലാഹു പറയുന്നു:

(رَبَّنَا اغْفِرْ لِي وَلِوَالِدَيَّ وَلِلْمُؤْمِنِينَ يَوْمَ يَقُومُ الْحِسَابُ)(سورة إبراهيم:٤١)

‘ഞങ്ങളുടെ രക്ഷിതാവെ, വിചാരണ നിലവിൽ വരുന്ന ദിവസം എനിക്കും എന്റെ മാതാപിതാക്കൾക്കും സത്യവിശ്വാസികൾക്കും നീ പൊറുത്ത് തരേണമേ’ (ഇബ്രാഹിം:41)

നൂഹ്ﷺയെ സംബന്ധിച്ച് അല്ലാഹു പറയുന്നു:

(رَبِّ اغْفِرْ لِي وَلِوَالِدَيَّ وَلِمَنْ دَخَلَ بَيْتِي مُؤْمِنًا وَلِلْمُـؤْمِنِينَ وَالْمُؤْمِنَـاتِ وَلاَ تَـزِدْ الظَّالِمِينَ إِلاَّ تَبَارًا)(سورة نوح:٢٨)

‘എന്റെ രക്ഷിതാവെ,എനിക്കും എന്റെ മാതാപിതാക്കൾക്കും എന്റെ വീട്ടിൽ വിശ്വാസിയായിക്കൊണ്ട് പ്രവേശിച്ചവനും സത്യവിശ്വാസികൾക്കും നീ പൊറുത്ത് തരേണമേ. അക്രമകാരികൾക്ക് നാശമല്ലാതെയൊന്നും നീ വർദ്ധിപ്പിക്കരുതേ’(നൂഹ്:28). അല്ലാഹു പറയുന്നു:

(وَاسْتَغْفِرْ لِذَنْبِكَ وَلِلْمُؤْمِنِينَ وَالْمُؤْمِنَاتِ۔)(سورة محمد :١٩)

‘നിന്റെ പാപത്തിന് നീ പാപമോചനം തേടുക, സത്യവിശ്വാസികൾക്കും, സത്യവിശ്വാസിനികൾക്കും വേണ്ടിയും (പാപമോചനം തേടുക)’ (മുഹമ്മദ്:19)

**പരിധി വിടാതെ...**

പ്രാർത്ഥിക്കുമ്പോൾ അതിര് കടക്കാതിരിക്കുക. ഉദാഹരണമായി അല്ലാഹുവെ നീ എനിക്ക് നിന്റെ സിംഹാനത്തിന്റെ ചുവട്ടിൽ ഒരു മണിമാളിക നൽകേണമേ തുടങ്ങിയ പ്രാർത്ഥനകൾ ഒഴിവാക്കുക. അല്ലാഹുവിനോട് സ്വർഗത്തിൽ കടക്കുവാനും, ന

രകത്തിൽ നിന്ന് മോചിതനാവാനും വേണ്ടി പ്രാർത്ഥിക്കുക. താഴെ വരുന്ന ഹദീസ് ശ്രദ്ധിക്കുക:

(عَنْ أَبِي نَعَامَةَ أَنَّ عَبْدَ اللَّهِ بْنَ مُغَفَّلٍ سَمِعَ ابْنَهُ يَقُولُ اللَّهُمَّ إِنِّي أَسْأَلُكَ الْقَصْرَ الأَبْيَضَ عَنْ يَمِينِ الْجَنَّةِ إِذَا دَخَلْتُهَا فَقَالَ: أَيْ بُنَيَّ سَلِ اللَّهَ الْجَنَّةَ وَتَعَوَّذْ بِهِ مِنَ النَّارِ فَإِنِّي سَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ: إِنَّهُ سَيَكُونُ فِي هَذِهِ الأُمَّةِ قَوْمٌ يَعْتَدُونَ فِي الطَّهُورِ وَالدُّعَاءِ )

അബൂനുആമﷺയിൽ നിന്ന്, അബ്ദുല്ലാഇബ്നു മുഗഫൽﷺ തന്റെ മകൻ പ്രാർത്ഥിക്കുന്നതായി കേട്ടു,അദ്ദേഹം പറയുന്നു:‘ഞാൻ സ്വർഗത്തിൽ പ്രവേശിക്കുകയാണെങ്കിൽ സ്വർഗത്തിന്റെ വലത് ഭാഗത്ത് എനിക്ക് തൂ വെള്ള കൊട്ടാരം നൽകുക. അപ്പോൾ മകനോട് അദ്ദേഹം പറയുകയുണ്ടായി: ‘കുഞ്ഞു മകനെ, അല്ലാഹുവിനോട് നീ സ്വർഗം ചോദിക്കുക, നരകത്തിൽ നിന്ന് രക്ഷയും ചോദിക്കുക, കാരണം പ്രവാചകൻﷺയിൽ നിന്ന് ഞാൻ കേൾക്കുകയുണ്ടായി: ‘ഈ സമുദായത്തിൽ പ്രാർത്ഥനയിലും ശുദ്ധിവരുത്തുന്നതിലും അതിരുകടക്കുന്ന ഒരു വിഭാഗം ഉണ്ടാകുക തന്നെ ചെയ്യുന്നതാണ്’ (അബൂദാവൂദ്, അൽബാനി സ്വഹീഹാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്)

**കൈകളുയർത്തി...**

പ്രാർത്ഥിക്കുമ്പോൾ കൈകൾ ഉയർത്തുക.

(وَقَالَ أَبُو مُوسَى الْأَشْعَرِيُّ دَعَا النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ثُمَّ رَفَعَ يَدَيْهِ وَرَأَيْتُ بَيَاضَ إِبْطَيْهِ)

അബൂമൂസൽ അശ്അരിﷺവിൽ നിന്ന്: 'നബിﷺ പ്രാർത്ഥിച്ചു,പിന്നെ കൈകൾ ഉയർത്തുകയും ചെയ്തു, അപ്പോൾ ഞാൻ പ്രവാചകന്റെ രണ്ട് കക്ഷത്തിലെയും വെള്ള നിറം കാണുകയുണ്ടായി' (ബുഖാരി)

(وَقَالَ: ابْنُ عُمَرَ رَفَعَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَدَيْهِ وَقَالَ: اللَّهُمَّ إِنِّي أَبْـرَأُ إِلَيْـكَ مِمَّا صَنَعَ خَالِدٌ) (بخاري)

ഇബ്നു ഉമർﷺവിൽ നിന്ന്, പ്രവാചകൻﷺ തന്റെ രണ്ട് കൈകളും ഉയർത്തി, എന്നിട്ട് പറഞ്ഞു: 'അല്ലാഹുവെ, ഖാലിദ് പ്രവർത്തിച്ചതിനെ സംബന്ധിച്ച് ഞാൻ നിന്നോട് നിരപരാധിത്വം ബോധിപ്പിക്കുന്നു' (ബുഖാരി)

(عَنْ سَلْمَانَ قَالَ: قَالَ: رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِنَّ رَبَّكُمْ تَبَارَكَ وَتَعَالَى حَيِيٌّ كَرِيمٌ يَسْتَحْيِي مِنْ عَبْدِهِ إِذَا رَفَعَ يَدَيْهِ إِلَيْهِ أَنْ يَرُدَّهُمَـا صِـفْرًا ) (الترمـذي- أبوداود)

സൽമാൻﷺവിൽ നിന്നും നിവേദനം: പ്രവാചകൻﷺ പറഞ്ഞു: തീർച്ചയായും ഉന്നതനായ നിങ്ങളുടെ രക്ഷിതാവ് മാന്യനും ലജ്ജ:യുള്ളവനുമാണ്, ഒരു അടിമ അവനിലേക്ക് തന്റെ കൈകൾ ഉയർത്തിയിട്ട് ഒന്നും നൽകാതെ വെറുതെ അത് മടക്കുന്നതിനെ തൊട്ട് ലജ്ജിക്കുന്നു'(അബൂദാവൂദ്, തിർമിദി,അൽബാനി സ്വഹീഹാക്കിയിട്ടുണ്ട്) എന്നാൽ ജുമുഅ:യുടെ ഖുതുബക്ക് ശേഷമുള്ള പ്രാർത്ഥനയിൽ ഇമാമും, മഅ്മൂമും കൈകൾ ഉയർത്തുവാൻ പാടില്ല. ഖുതുബയുടെ ശേഷമുള്ള പ്രാർത്ഥനയിൽ മഴക്ക് വേണ്ടി പ്രാർത്ഥിക്കുകയാണെങ്കിൽ അപ്പോൾ കൈകൾ ഉയർത്താം.

**പ്രാസമില്ലാതെ...**

ബുദ്ധിമുട്ടിക്കൊണ്ട് പ്രാസമൊപ്പിച്ചുള്ള പ്രാർത്ഥനകൾ കൊണ്ട് പ്രാർത്ഥിക്കാതിരിക്കുക. കാരണം പ്രവാചകൻ അത് വിലക്കിയിട്ടുണ്ട്.

പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുവാൻ അനുയോജ്യമായ സ്ഥലവും സന്ദർഭവും തെരെഞ്ഞെടുത്ത് പ്രാർത്ഥിക്കുക.

## കടം വീട്ടുക.

ഈ ലോകവും അതിൽ കാണുന്ന മുഴുവൻ വസ്തുക്കളും അല്ലാഹുവിന്റേതാണ്. അവൻ ഉദ്ദേശിക്കുന്നവർക്ക് അതിൽ നിന്ന് നൽകുന്നു. അല്ലാഹുവിന്റെ അനുഗ്രഹമായ ധനം ആവശ്യത്തിലധികം ലഭിക്കുന്ന ധനികരും, സ്വന്തം ആവശ്യത്തിന് വരെ ലഭിക്കാതെ കഷ്ടപ്പെടുന്ന ദരിദ്രരും, സ്വന്തം ആവശ്യം നിർവ്വഹിക്കുവാൻ പര്യാപ്തമായ ധനം ലഭിച്ചവരും മനുഷ്യരുടെ കൂട്ടത്തിലുണ്ട്.സമ്പത്ത് ആത്യന്തികമായി അല്ലാഹുവിന്റെതാണ്. അതവൻ ഉദ്ദേശിക്കുന്നവർക്ക് കണക്കില്ലാതെ നൽകുകയും ചെയ്യുന്നതാണ്. അല്ലാഹു പറയുന്നത് കാണുക:

(لَهُ مَقَالِيدُ السَّمَوَاتِ وَالأَرْضِ يَبْسُطُ الرِّزْقَ لِمَنْ يَشَاءُ وَيَقْدِرُ إِنَّهُ بِكُلِّ شَيْءٍ عَلِيمٌ) (الشورى:١٢)

'ആകാശങ്ങളുടെയും ഭൂമിയുടെയും താക്കോലുകൾ അവന്റെ അധീനത്തിലാകുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം അവൻ വിശാലമാക്കുന്നു.(മറ്റുള്ളവർക്ക്) അവൻ അത് ഇടുങ്ങിയതാക്കുകയും ചെയ്യുന്നു.തീർച്ചയായും അവൻ ഏതുകാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു.' (ശൂറാ:12)

അല്ലാഹു അവനുദ്ദേശിക്കുന്നവർക്കാണ് അവന്റെ ധനം നൽകുക. ചിലയാളുകൾക്കത് പിടിച്ച് വെക്കുകയും ചെയ്യുന്നു. അതുകൊണ്ട് തന്നെ ഉള്ളവർ ഇല്ലാത്തവരെ സഹായിക്കേണ്ടതുണ്ട്. കാരണം സാമൂഹ്യമായി ജീവിക്കുന്ന രൂപത്തിലാണ് അല്ലാഹു മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നത്.പരസ്പരം സഹായിച്ചും,സഹകരിച്ചും ജീവിക്കേണ്ടവരാണ് മനുഷ്യർ. ആർക്കും തന്നെ പരസഹായം കൂടാതെ ജീവിക്കുവാൻ സാധ്യമല്ല. നിങ്ങൾ അന്യോന്യം സഹായിക്കുകയും, തഖ്‌വയിലും, പുണ്യത്തിലും നിങ്ങൾ പരസ്പരം സഹായിക്കണമെന്നും അല്ലാഹു നമ്മെ ഉണർത്തുന്നു.

(وَتَعَاوَنُوا عَلَى الْبِرِّ وَالتَّقْوَى وَلاَ تَعَاوَنُوا عَلَى الإِثْمِ وَالْعُدْوَانِ) (المائدة:٢)

'പുണ്യത്തിലും ധർമ്മനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങളന്യോന്യം സഹായിക്കരുത്' (അൽമാഇദ:2)

പുണ്യത്തിലുള്ള പരസ്പര സഹായമാണ് ധനികർ പാവപ്പെട്ടയാളുകളെ തങ്ങളുടെ സമ്പത്തുകൾ കൊടുത്ത് സഹായിക്കുന്നതും, അതുപോലെ അവധിവെച്ച് കടം കൊടുക്കുകയും ചെ

യ്യുകയെന്നുള്ളത്. കടം കൊടുക്കുകയെന്നത് വളരെ പുണ്യമുള്ള കാര്യമാണ്. എന്നാൽ കടം വാങ്ങുകയും അത് തിരിച്ച് കൊടുക്കാതെ കടം കൊടുത്തയാളെ ബുദ്ധിമുട്ടിക്കുന്നയാളുകളും നമ്മുടെ കൂട്ടത്തിൽ കുറവല്ല. അങ്ങിനെ കടം തിരിച്ച് കൊടുക്കാതിരിക്കുകയെന്നത് വളരെ വലിയ പാതകമാണെന്നാണ് ഇസ്‌ലാമിക പ്രമാണങ്ങൾ നമ്മെ പഠിപ്പിക്കുന്നത്.

**കടം നൽകാം...**

വിശുദ്ധഖുർആനിലെ ഏറ്റവും വലിയ ആയത്ത് കടവും അതിന്റെ വിധിവിലക്കുകളെ സംബന്ധിച്ചും പരാമർശിക്കുന്ന ആയത്താകുന്നു. അതിൽ നിന്ന് തന്നെ കടം എന്നത് വളരെ ഗൗരവമുള്ള കാര്യമാണെന്ന് നമുക്ക് കാണാനാവും. കടം കൊടുക്കുന്നതിന് ചില നിബന്ധനകളുണ്ട്.സൂറത്തുൽ ബഖറയിലെ282-ാം ആയത്തിൽ നിന്ന്തന്നെ നമുക്ക് ആ നിബന്ധനകൾ മനസിലാക്കാനാവുന്നതാണ്.

1- കടം കൊടുക്കുന്നത് എഴുതി വെക്കണം: അല്ലാഹു പറയുന്നു:

(يَاأَيُّهَا الَّذِينَ آمَنُوا إِذَا تَدَايَنتُمْ بِدَيْنٍ إِلَى أَجَلٍ مُسَمًّى فَاكْتُبُوهُ)

'സത്യവിശ്വാസികളെ, ഒരു നിശ്ചിത അവധിവെച്ചു കൊണ്ട് നിങ്ങളന്യോന്യം വല്ല കടമിടപാടും നടത്തിയാൽ നിങ്ങൾ അത് എഴുതി വെക്കേണ്ടതാണ്'

2- മൂന്നാമതൊരാളാണ് എഴുതി വെക്കേണ്ടത്:

(وَلْيَكْتُبْ بَيْنَكُمْ كَاتِبٌ بِالْعَدْلِ )

'ഒരെഴുത്തുകാരൻ നിങ്ങൾക്കിടയിൽ നീതിയോടെ അത് രേഖപ്പെടുത്തട്ടെ'

3– എഴുതാനറിയുന്നവർ എഴുതുവാൻ മടിക്കരുത്:

(وَلاَ يَأْبَ كَاتِبٌ أَنْ يَكْتُبَ كَمَا عَلَّمَهُ اللَّهُ )

'ഒരെഴുത്തുകാരനും അല്ലാഹു അവന്ന് പഠിപ്പിച്ചുകൊടുത്ത പ്രകാരം എഴുതാൻ വിസമ്മതിക്കരുത്'

4– കട ബാദ്ധ്യതയുള്ളവൻ എഴുതേണ്ട വാചകം പറഞ്ഞ് കൊടുക്കണം:

(فَلْيَكْتُبْ وَلْيُمْلِلْ الَّذِي عَلَيْهِ الْحَقُّ)

'അവനത് എഴുതുകയും, കടബാദ്ധ്യതയുള്ളവൻ (എഴുതേണ്ട വാചകം) പറഞ്ഞുകൊടുക്കുകയും ചെയ്യട്ടെ'

5– അല്ലാഹുവിനെ സൂക്ഷിക്കുകയും, ബാദ്ധ്യതയിൽ കുറവ് വരുത്തുകയും ചെയ്യരുത്:

(وَلْيَتَّقِ اللَّهَ رَبَّهُ وَلاَ يَبْخَسْ مِنْهُ شَيْئًا)

'തന്റെ രക്ഷിതാവായ അല്ലാഹുവെ അവൻ സൂക്ഷിക്കുകയും, (ബാദ്ധ്യതയിൽ) അവൻ യാതൊന്നും കുറവ് വരുത്താതിരിക്കുകയും ചെയ്യേണ്ടതാണ്'

6– കടബാദ്ധ്യതയുള്ളവർ വിവേകമില്ലാത്തവരാണെങ്കിൽ അവരുടെ രക്ഷാകർത്താക്കളാണ് എഴുതേണ്ട വാചകം പറഞ്ഞ് കൊടുക്കേണ്ടത്:

(فَإِنْ كَانَ الَّذِي عَلَيْهِ الْحَقُّ سَفِيهًا أَوْ ضَعِيفًا أَوْ لاَ يَسْتَطِيعُ أَنْ يُمِلَّ هُوَ فَلْيُمْلِلْ وَلِيُّهُ بِالْعَدْلِ )

'കടബാദ്ധ്യതയുള്ള ആൾ വിവേകമില്ലാത്തവനോ, കാര്യശേഷിയില്ലാത്തവനോ, (വാചകം) പറഞ്ഞു കൊടുക്കുവാൻ കഴിവില്ലാത്തവനോ ആണെങ്കിൽ അയാളുടെ രക്ഷാധികാരി അയാൾക്ക് വേണ്ടി നീതിപൂർവ്വം (വാചകം) പറഞ്ഞ് കൊടുക്കേണ്ടതാണ്'

7– സാക്ഷികൾ വേണം:

(وَاسْتَشْهِدُوا شَهِيدَيْنِ مِنْ رِجَالِكُمْ)

‘നിങ്ങളിൽ പെട്ട രണ്ട് പുരുഷന്മാരെ നിങ്ങൾ സാക്ഷി നിർത്തുകയും ചെയ്യുക’

8– ഒരു പുരുഷന് പകരം രണ്ട് സ്ത്രീകൾ:

(فَإِنْ لَمْ يَكُونَا رَجُلَيْنِ فَرَجُلٌ وَامْرَأَتَانِ مِمَّنْ تَرْضَوْنَ مِنَ الشُّهَدَاءِ)

‘ഇനി ഇരുവരും പുരുഷന്മാരായില്ലെങ്കിൽ നിങ്ങളിഷ്ടപ്പെടുന്ന സാക്ഷികളിൽ നിന്ന് ഒരു പുരുഷനും, രണ്ട് സ്ത്രീകളും ആയാലും മതി’

ഒരു പുരുഷന് പകരം രണ്ട് സ്ത്രീകൾ എന്തിന്?

(أَنْ تَضِلَّ إِحْدَاهُمَا فَتُذَكِّرَ إِحْدَاهُمَا الأُخْرَى)

‘അവരിൽ ഒരുവൾക്ക് തെറ്റ് പറ്റിയാൽ മറ്റവൾ അവളെ ഓർമ്മിപ്പിക്കാൻ വേണ്ടി’

9– എപ്പോൾ വിളിച്ചാലും സാക്ഷികൾ സന്നിഹിദരാവണം:

( وَلاَ يَأْبَ الشُّهَدَاءُ إِذَا مَا دُعُوا )

‘(തെളിവ് നൽകാൻ) വിളിക്കപ്പെട്ടാൽ സാക്ഷികൾ വിസമ്മതിക്കരുത്’

10– ചെറുതാവട്ടെ, വലുതാവട്ടെ ഒന്നിനെയും നിസ്സാരവൽക്കരിക്കരുത്:

(وَلاَ تَسْأَمُوا أَنْ تَكْتُبُوهُ صَغِيرًا أَوْ كَبِيرًا إِلَى أَجَلِهِ)

‘ഇടപാട് ചെറുതായാലും വലുതായാലും അതിന്റെ അവധി കാണിച്ച് അത് രേഖപ്പെടുത്തി വെക്കാൻ നിങ്ങൾ മടിക്കരുത്’

11– നീതിയുക്തവും, സംശയം വരാതിരിക്കുവാനുമുള്ള ഏക മാർഗം:

( ذَلِكُمْ أَقْسَطُ عِنْدَ اللَّهِ وَأَقْوَمُ لِلشَّهَادَةِ وَأَدْنَى أَلاَ تَرْتَابُوا) (البقرة:٢٨٢)

'അതാണ് അല്ലാഹുവിങ്കൽ ഏറ്റവും നീതിപൂർവ്വ കമായതും,സാക്ഷ്യത്തിന് കൂടുതൽ ബലം നൽകുന്നതും, നിങ്ങൾക്ക് സംശയം ജനിക്കാതിരിക്കാൻ കൂടുതൽ അനുയോജ്യമായിട്ടുള്ളതും' (അൽബഖറ:282)

12– സാക്ഷികൾ ലഭിക്കാതെ വന്നാൽ എന്ത് ചെയ്യണം?

(وَإِنْ كُنتُمْ عَلَى سَفَرٍ وَلَمْ تَجِدُوا كَاتِبًا فَرِهَانٌ مَقْبُوضَةٌ فَإِنْ أَمِنَ بَعْضُكُمْ بَعْضًا فَلْيُؤَدِّ الَّذِي اؤْتُمِنَ أَمَانَتَهُ وَلْيَتَّقِ اللَّهَ رَبَّهُ وَلاَ تَكْتُمُوا الشَّهَادَةَ وَمَنْ يَكْتُمْهَا فَإِنَّهُ آثِمٌ قَلْبُهُ وَاللَّهُ بِمَا تَعْمَلُونَ عَلِيمٌ) (البقرة: ٢٨٣)

'ഇനി നിങ്ങൾ യാത്രയിലാവുകയും ഒരെഴുത്തുകാരനെ കിട്ടാതിരിക്കുകയുമാണെങ്കിൽ പണയവസ്തുക്കൾ കൈവശം കൊടുത്താൽ മതി. ഇനി നിങ്ങളിലൊരാൾ മറ്റൊരാളെ(വല്ലതും) വിശ്വസിച്ചേൽപിച്ചാൽ ആ വിശ്വാസമർപ്പിക്കപ്പെട്ടവൻ തന്റെ വിശ്വസ്തത നിവവേറ്റുകയും, തന്റെ രക്ഷിതാവിനെ സൂക്ഷിക്കുകയും ചെയ്യട്ടെ. നിങ്ങൾ സാക്ഷ്യം മറച്ചുവെക്കരുത്. ആരത് മറച്ചുവെക്കുന്നുവോ അവന്റെ മനസ്സ് പാപ പങ്കിലമാകുന്നു. അല്ലാഹു നിങ്ങൾ ചെയ്യുന്നതെല്ലാം അറിയുന്നവനാകുന്നു'(അൽബഖറ:283)

കടം കൊടുക്കുന്നതിന്റെയും, വാങ്ങുന്നതിന്റെയും നിബന്ധനകളും മറ്റും വിശദമായി തന്നെ വിശുദ്ധഖുർആനിൽ വിശദീകരിച്ചിരിക്കുന്നു. ഇതിൽ നിന്നും നാം പഠിക്കേണ്ടത് കടം എന്നത് നിസ്സാരമല്ല, മറിച്ച് വളരെ ഗൗരവമുള്ള കാര്യമാകുന്നു. അതുകൊണ്ട് തന്നെ കടം വാങ്ങുന്നവനും, കൊടുക്കുന്നവനും മു

കളിൽ ഖുർആൻ വിശദമാക്കിയ കാര്യങ്ങളെ ഗൗരവ പൂർവ്വം പരിഗണിക്കേണ്ടതാകുന്നു. അതാണ് നിർഭയമായി ജീവിക്കുവാനും, പരലോകത്ത് രക്ഷപ്പെടുവാനുമുള്ള വഴി.

കടം വാങ്ങിയാൽ അത് തിരിച്ച് കൊടുക്കേണ്ടതാണ്. അതിൽ യാതൊരു വിട്ടുവീഴ്ചയും ചെയ്യാൻ പാടില്ല. കാരണം കടം വീട്ടാത്ത ഒരു മയ്യത്തിന് പ്രവാചകൻ മയ്യത്ത് നമസ്കാരം നിർവ്വഹിക്കുകയില്ലായെന്ന് വരെ പറഞ്ഞത് സ്വഹീഹായ ഹദീസുകളിൽ നമുക്ക് കാണാവുന്നതാണ്. കടം തിരിച്ച് തരേണ്ട അവധി എത്തിക്കഴിഞ്ഞിട്ടും തിരിച്ച് തരുന്നില്ലായെങ്കിൽ കടം വാങ്ങിയവനോട് ചോദിക്കേണ്ടത് കടം കൊടുത്തവന്റെ ബാധ്യതയാണ്. അവിടെ ബന്ധങ്ങളും മറ്റും പരിഗണിക്കേണ്ടതില്ല. കാരണം കടം വാങ്ങിയവൻ ഒരുപക്ഷേ മറക്കുകയോ, അശ്രദ്ധയിലാവുകയോ ചെയ്തേക്കാം. അതുകൊണ്ട് തന്നെ കടം കൊടുത്താൽ അത് തിരിച്ച് ചോദിച്ച് വാങ്ങേണ്ടതാകുന്നു.

കടം വാങ്ങിയവൻ പാവപ്പെട്ടവനോ ദരിദ്രനോ ആണെങ്കിൽ അവന് സാധിക്കുമെങ്കിൽ കടം കൊടുത്തവന് വിട്ട്വീഴ്ച ചെയ്യാവുന്നതാണ്. അതുപോലെ തിരിച്ച്തരേണ്ട അവധി നീട്ടികൊടുക്കുകയും ചെയ്യാവുന്നതാണ്. ഒരിക്കലും വീട്ടുവാൻ കഴിയാത്ത പ്രതിസന്ധിയിലാണ് അകപ്പെട്ടതെങ്കിൽ അവന് വിട്ട്വീഴ്ച നൽകാവുന്നതാണ്. അല്ലാഹു പറയുന്നു:

(وَلاَ يَأْتَلِ أُوْلُوا الْفَضْلِ مِنْكُمْ وَالسَّعَةِ أَنْ يُؤْتُوا أُوْلِي الْقُرْبَى وَالْمَسَاكِينَ وَالْمُهَاجِرِينَ فِي سَبِيلِ اللَّهِ وَلْيَعْفُوا وَلْيَصْفَحُوا أَلاَ تُحِبُّونَ أَنْ يَغْفِرَ اللَّهُ لَكُمْ وَاللَّهُ غَفُورٌ رَحِيمٌ) (النور:٢٢)

'നിങ്ങളുടെ കൂട്ടത്തിൽ ശ്രേഷ്ഠതയും കഴിവുമുള്ളവർ കുടുംബ ബന്ധമുള്ളവർക്കും സാധുക്കൾക്കും അല്ലാഹുവിന്റെ മാർഗ

ത്തിൽ സ്വദേശം വെടിഞ്ഞു വന്നവർക്കും ഒന്നും കൊടുക്കുകയില്ലെന്ന് ശപഥം ചെയ്യരുത്. അവർ മാപ്പുനൽകുകയും വിട്ടുവീഴ്ച കാണിക്കുകയും ചെയ്യട്ടെ.അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരാൻ നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ' (നൂർ:22)

ഈ ആയത്തിന്റെ അവതരണ പശ്ചാതലം മറ്റൊന്നാണെങ്കിലും ശരി, കഴിവുള്ളവർ ഇല്ലാത്തവരോട് വിട്ട് വീഴ്ച ചെയ്യണമെന്നാണ് അല്ലാഹു ഈ ആയത്തിലൂടെ പറയുന്നത്.

**ആവശ്യത്തിന് മാത്രം...**

ആവശ്യത്തിനും, അനാവശ്യത്തിനും കടം വാങ്ങുകയും,അത് അമിതമായി ചിലവഴിക്കുകയും ചെയ്യുന്നവർ നമ്മുടെ കൂട്ടത്തിലുണ്ട്. ഏതെങ്കിലും വീട്ടിൽ കാണുന്ന സാധനങ്ങളൊക്കെ തന്റെ വീട്ടിലും വേണമെന്ന് ആഗ്രഹിക്കുകയും അത് വാങ്ങാനായി മറ്റുള്ളവരിൽ നിന്ന് കടം വാങ്ങുകയും ചെയ്യുന്നവരെയും നമുക്ക് കാണാം.അത് നല്ല സ്വഭാവമല്ല.വളരെ അത്യാവശ്യത്തിന് മാത്രമെ കടം വാങ്ങാൻ പാടുള്ളൂ, അതുപോലെ തിരിച്ച് നൽകാൻ കഴിയും എന്ന ഉത്തമ ബോധ്യം ഉണ്ടാകുമ്പോഴെ വാങ്ങാവൂ. അതല്ലാതെ അമിത വ്യയത്തിന് ഒരിക്കലും നാം കടം വാങ്ങുവാൻ പാടില്ല. കാരണം അമിത വ്യയം ചെയ്യുന്നവരെ അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല. അല്ലാഹു പറയുന്നു:

(وَلاَ تُسْرِفُوا إِنَّهُ لاَ يُحِبُّ الْمُسْرِفِينَ) (الأنعام: ١٤١)

'നിങ്ങൾ ദുർവ്യയം ചെയ്യരുത്. തീർച്ചയായും ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല' (അൽആൻആം:141)

ദുർവ്യയം ചെയ്യുന്നവർ പിശാചിന്റെ കൂട്ടാളികളാകുന്നു. അല്ലാഹു പറയുന്നു:

(وَلاَ تُبَذِّرْ تَبْذِيرًا (*) إِنَّ الْمُبَذِّرِينَ كَانُوا إِخْوَانَ الشَّـيَاطِينِ وَكَانَ الشَّـيْطَانُ لِرَبِّـهِ كَفُورًا) (الإسراء: ٢٧)

'നീ(ധനം) ദുർവ്യയം ചെയ്തു കളയരുത്.തീർച്ചയായും ദുർവ്യയം ചെയ്യുന്നവര പിശാചുക്കളുടെ സഹോദരങ്ങളാകുന്നു. പിശാച് തന്റെ രക്ഷിതാവിനോട് ഏറെ നന്ദികെട്ടവനാകുന്നു' (ഇസ്രാഅ്:26-27)

### ഉള്ളത് കൊണ്ട് തൃപ്തിപ്പെടുക...

മനുഷ്യരെ മുഴുവനും ഒരേ അവസ്ഥയിലല്ല അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. ഓരോ വ്യക്തിക്കും പ്രത്യേകം പ്രത്യേകം അവസ്ഥകളാണ് സമ്പത്തിന്റെ കാര്യത്തിൽ അല്ലാഹു നൽകിയിട്ടുള്ളത്. അതുകൊണ്ട് തന്നെ തന്റെ അവസ്ഥയറിഞ്ഞാണ് ഓരോ മനുഷ്യരും ജീവിക്കേണ്ടത്. തന്നെക്കാൾ സുഖസൗകര്യത്തോടെ ജീവിക്കുന്നവരിലേക്ക് നോക്കി അങ്ങിനെ ജീവിക്കുവാൻ ആഗ്രഹിക്കുകയെന്നത് നമുക്ക് ലഭിച്ച അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിസ്സാരവൽക്കരിക്കലായിരിക്കും. അതുകൊണ്ട് തന്നെ തന്റെ താഴെകിടയിലുള്ളവരിലേക്കാണ് നാം നോക്കേണ്ടത്,എങ്കിൽ അല്ലാഹു നമുക്ക് നൽകിയ അനുഗ്രഹം എത്രയോ വലുതായിരിക്കുമെന്ന് കണ്ടെത്താനാവുന്നതാണ്. പ്രവാചകൻﷺ നമ്മെ പഠിപ്പിക്കുന്നത് നാം ശ്രദ്ധിക്കുക:

(عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ: انْظُرُوا إِلَى مَنْ أَسْـفَلَ مِـنْكُمْ وَلاَ تَنْظُرُوا إِلَى مَنْ هُوَ فَوْقَكُمْ فَهُوَ أَجْدَرُ أَنْ لاَ تَزْدَرُوا نِعْمَةَ اللَّهِ عَلَيْكُمْ ) (مسلم)

അബൂഹുറയ്റ(رضي الله عنه)വിൽ നിന്ന്, പ്രവാചകൻ(ﷺ) പറഞ്ഞു: ‘നിങ്ങൾക്ക് താഴെയുള്ളവരിലേക്ക് നിങ്ങൾ നോക്കുക, നിങ്ങളുടെ മുകളിലുള്ളവരിലേക്ക് നിങ്ങൾ നോക്കരുത്, അതാണ് അല്ലാഹു നിങ്ങൾക്ക് നൽകിയിട്ടുള്ള അനുഗ്രഹങ്ങളെ അവഗണിക്കാതിരിക്കുവാനും, കുറച്ച് കാണിക്കാതിരിക്കുവാനും നല്ലത്’(മുസ്‌ലിം)

അതുകൊണ്ട് തന്നെ അല്ലാഹു നമുക്ക് നൽകിയ അനുഗ്രഹങ്ങളിൽ തൃപ്തിപ്പെടുക.

**തിരിച്ച് നൽകുക...**

കടം വാങ്ങിയാൽ കഴിവിന്റെ പരമാവധി പെട്ടെന്ന് കൊടുത്ത് വീട്ടേണ്ടതാണ്. വീട്ടുന്നതിന് മുമ്പ് മരിച്ച് പോയാൽ അല്ലാഹു അത് പൊറുത്ത് തരികയില്ല. കാരണം അത് സൃഷ്ടികളുമായുള്ള ഇടപാടാണ്. സൃഷ്ടികളുമായുള്ള ഇടപാടുകൾ അവർ തന്നെ പരസ്പരം തീർക്കേണ്ടതാണ്. കടം വാങ്ങി തിരിച്ച് കൊടുക്കാതെ മരിച്ച് പോകുകയാണെങ്കിൽ അത് ആരെങ്കിലും കൊടുത്ത് വീട്ടുന്നത് വരെ അവന് അതിന്റെ പേരിൽ ബുദ്ധിമുട്ടനുഭവിക്കേണ്ടി വരുമെന്നാണ് ഹദീസുകളിൽ നിന്ന് നമുക്ക് ഗ്രഹിക്കുവാൻ സാധിക്കുന്നത്. ഒരു ഹദീസ് ശ്രദ്ധിക്കുക:

( عَنْ سَعْدِ بْنِ الأَطْوَلِ أَنَّ أَخَاهُ مَاتَ وَتَرَكَ ثَلاَثَ مِائَةِ دِرْهَمٍ وَتَرَكَ عِيَالاً فَأَرَدْتُ أَنْ أُنْفِقَهَا عَلَى عِيَالِهِ فَقَالَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِنَّ أَخَاكَ مُحْتَبَسٌ بِدَيْنِهِ فَاقْضِ عَنْهُ فَقَالَ يَا رَسُولَ اللَّهِ قَدْ أَدَّيْتُ عَنْهُ إِلاَّ دِينَارَيْنِ ادَّعَتْهُمَا امْرَأَةٌ وَلَيْسَ لَهَا بَيِّنَةٌ قَالَ فَأَعْطِهَا فَإِنَّهَا مُحِقَّةٌ ) (إبن ماجه)

സഅദ്ബ്നുൽ അത്വലിൽ നിന്ന്;അദ്ദേഹത്തിന്റെ സഹോദരൻ മുന്നൂറ് ദിർഹമും, തന്റെ കുടുംബത്തെയും ഉപേക്ഷിച്ച് കൊണ്ട് മരിച്ച്പോയി, സഈദ് പറയുന്നു: ആ മുന്നൂറ് ദിർഹം അദ്ദേഹ

ത്തിന്റെ കുടുംബത്തിന് വേണ്ടി ചിലവഴിക്കുവാൻ ഞാൻ ഉദ്ദേശിച്ചു. അപ്പോൾ പ്രവാചകൻﷺ പറയുകയുണ്ടായി: 'നിന്റെ സഹോദരൻ അദ്ദേഹത്തിന്റെ കടം മുഖേന തടഞ്ഞ്വെക്കപ്പെട്ടിരിക്കുകയാകുന്നു. അതുകൊണ്ട് നീ ആ കടം വീട്ടുക. അങ്ങിനെ ഞാൻ കടം വീട്ടി, രണ്ട് ദീനാർ ഒഴിച്ച്, ഒരു സ്ത്രീ പറയുന്നു: എനിക്ക് രണ്ട് ദീനാർ തരാനുണ്ട്,പക്ഷേ അവൾക്കതിനുള്ള തെളിവില്ല.അപ്പോൾ തിരുമേനിﷺ പറയുകയുണ്ടായി: നീ അവൾക്കത് കൊടുക്കുക, അവൾ അതിനർഹയാകുന്നു' (ഇബ്നുമാജ)

കടം വീട്ടാത്തവർക്ക് വേണ്ടി പ്രവാചകൻﷺ മയ്യത്ത് നമസ്കാരം നിർവ്വഹിക്കുവാൻ പോലും വിസമ്മതിച്ചതായി നമുക്ക് ഹദീസുകളിൽ കാണാവുന്നതാണ്. ഒരു ഹദീസ് ശ്രദ്ധിക്കുക:

( عن جابر رضي الله عنه قال: مات رجل فغسلناه وكفناه وحنطناه ووضعناه لرسول الله صلى الله عليه وسلم حيث توضع الجنائز عند مقام جبريل ثم آذنا رسول الله صلى الله عليه وسلم بالصلاة عليه، فجاء معنا خُطَى ثم قال: لعل على صاحبكم دينا، قالوا: نعم ديناران فتخلف فقال له رجل منا يقال له أبو قتادة يا رسول الله هما علي فجعل رسول الله صلى الله عليه وسلم يقول هما عليك وفي مالك والميت منهما بريء فقال: نعم فصلى عليه، فجعل رسول الله صلى الله عليه وسلم إذا لقي أبا قتادة يقول: ما صنعت الديناران؟ (قال يارسول الله إنما مات أمس) حتى كان آخرَ ذلك (ثم لقيه من الغد فقال: ما فعل الديناران؟) قال: قد قضيتهما يا رسول الله قال: الآن حين بردت عليه جلده هذا حديث صحيح الإسناد - حاكم في المستدرك

ജാബിർﷺവിൽ നിന്ന്: ഒരാൾ മരിച്ചു, അദ്ദേഹത്തെ ഞങ്ങൾ കുളിപ്പിക്കുകയും,കഫൻ ചെയ്യുകയും, സുഗന്ധം പൂശുകയും ചെയ്ത് കൊണ്ട് മയ്യത്ത് നമസ്കരിക്കുമ്പോൾ ജനാസ വെക്കുന്ന

സ്ഥലമായ ജിബ്‌രീൽﷺനിൽക്കുന്ന സ്ഥലത്ത് നമസ്കരിക്കുവാനായി വെക്കുകയും ചെയ്തു. പിന്നീട് പ്രവാചകൻﷺയെ അറിയിക്കുകയും ചെയ്തു. അങ്ങിനെ നമസ്കരിക്കുവാനായി ജനാസയുടെ നേരെ കുറച്ച് കാലടികൾ വെച്ച് കൊണ്ട് വന്നു.പിന്നെ തിരുമേനിﷺ ചോദിച്ചു: നിങ്ങളുടെ കൂട്ടുകാരന് ഒരുപക്ഷേ കടം ഉണ്ടായേക്കാം' അപ്പോൾ അവർ പഞ്ഞു: അതെ രണ്ട് ദീനാർ. അപ്പോൾ തിരുമേനി അവിടെനിന്നും പിന്തിരിഞ്ഞു.അബു ഖതാദ:യെന്ന് പറയുന്ന ഒരാൾ ഞങ്ങളിൽ നിന്ന് എഴുന്നേറ്റ് കൊണ്ട് പറയുകയുണ്ടായി: പ്രവാചകരെ അത് ഞാൻ ഏറ്റെടുത്തു കൊള്ളാം. അപ്പോൾ തിരുമേനിﷺ പറയുകയുണ്ടായി: 'ആ രണ്ട് ദീനാർ നിന്റെ സമ്പത്തിൽ നിന്നും വീട്ടണം,മയ്യത്ത് അതിൽ നിന്നും നിരപരാധിയായിരിക്കുന്നു. അപ്പോൾ ഖതാദ അതെയെന്ന് മറുപടി പറയുകയും ചെയ്തു. അങ്ങിനെ പ്രവാചകൻﷺ അദ്ദേഹത്തിന് വേണ്ടി നമസ്കരിക്കുകയും ചെയ്തു. പിന്നെ തിരുമേനി അബൂഖതാദ:യെ കണ്ടപ്പോൾ ചോദിച്ചു: മയ്യത്ത് കടം വീട്ടാതെ പിന്തിപ്പിച്ച ആ രണ്ട് ദീനാർ നീ എന്താണ് ചെയ്തത്. (അദ്ദേഹം മറുപടി പറഞ്ഞു: തിരുദൂതരെ, അദ്ദേഹം ഇന്നലെയല്ലെ മരിച്ചത്) (അടുത്ത ദിവസം വീണ്ടും കാണുകയും, നീയെന്താണ് ആ രണ്ട് ദീനാർ ചെയ്തതെന്ന് ചോദിക്കുകയും ചെയ്തു)അദ്ദേഹം പറഞ്ഞു:അല്ലയോ പ്രവാചകരെ, ഞാനത് വീട്ടിയിട്ടുണ്ട്. അപ്പോൾ തിരുമേനി പറയുകയുണ്ടായി: 'ഇപ്പോഴാണ് അദ്ദേഹത്തിന്റെ തൊലി തണുത്തത്'(ഹാഖിം മുസ്തദ്റകിൽ ഉദ്ദരിച്ചത്) അതായത് കടം വീട്ടിയപ്പോഴാണ് അദ്ദേഹം അനുഭവിച്ച് കൊണ്ടിരുന്ന ശിക്ഷയിൽ നിന്നും രക്ഷപ്പെട്ടത് എന്നർത്ഥം.

**സാധിച്ചില്ലായെങ്കിൽ...**

കടം വീട്ടാൻ സാധിക്കും, വീട്ടുകയും ചെയ്യുമെന്ന ഉദ്ദേശത്തിൽ കടം വാങ്ങി, എന്നാൽ ഒരുപാട് പരിശ്രമിച്ചിട്ടും കടം വീട്ടാൻ സാധിച്ചില്ല, അങ്ങിനെ ഒരാൾ മരിച്ച്പോയാൽ എന്താണ് ചെയ്യേണ്ടത്? അങ്ങിനെയുള്ളവർക്ക് ആശ്വാസമായി തിരുമേനി ﷺയുടെ ഒരു ഹദീസ് നാം വായിക്കുക:

( عَنْ عَائِشَةَ رضي الله عنها قَالَتْ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: مَنْ حُمِّلَ مِنْ أُمَّتِي دَيْنًا ثُمَّ جَهِدَ فِي قَضَائِهِ فَمَاتَ وَلَمْ يَقْضِهِ فَأَنَا وَلِيُّهُ ) (أحمد- صحيح)

ആയിശാؓയിൽ നിന്ന് നിവേദനം: പ്രവാചകൻ ﷺ പറയുകയുണ്ടായി:'എന്റെ സമുദായത്തിൽ ആരെങ്കിലും കടം വാങ്ങുകയും, അത് വീട്ടുവാൻ വേണ്ടി പരിശ്രമിക്കുകയും ചെയ്തു.അങ്ങിനെ കടം വീട്ടാൻ കഴിയാതെ മരിച്ച് പോകുകയാണെങ്കിൽ ഞാൻ (പ്രവാചകൻ) അവന്റെ രക്ഷാധികാരിയാകുന്നു'(അഹ്മദ്)

**രക്ഷ നേടാൻ പ്രാർത്ഥിക്കുക...**

അത്യാവശ്യത്തിന് കടം വാങ്ങുകയും, അത് വീട്ടുവാനാവശ്യമായ കാര്യങ്ങൾ ചെയ്യുകയും ചെയ്യുന്നതോടൊപ്പം തന്നെ കടത്തിൽ നിന്ന് രക്ഷ നേടുവാനായി അല്ലാഹുവിനോട് നാം പ്രാർത്ഥിക്കുകയും ചെയ്യുക. പ്രവാചകൻﷺയുടെ ഒരു പ്രാർത്ഥന ശ്രദ്ധിക്കുക:

عَنْ عَائِشَةَ زَوْجِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ كَانَ يَدْعُو فِي الصَّلاَةِ: اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ عَذَابِ الْقَبْرِ وَأَعُوذُ بِكَ مِنْ فِتْنَةِ

الْمَسِيحِ الدَّجَّالِ وَأَعُوذُ بِكَ مِنْ فِتْنَةِ الْمَحْيَا وَفِتْنَةِ الْمَمَاتِ، اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْمَأْثَمِ وَالْمَغْرَمِ...) (بخاري)

പ്രവാചക പത്നി ആയിശാ﵂യിൽ നിന്ന്: പ്രവാചക തിരുമേനി ﷺ തന്റെ നമസ്കാരത്തിൽ ഇങ്ങനെ പ്രാർത്ഥിക്കാറുണ്ടായിരുന്നു: 'അല്ലാഹുവെ, ഖബർ ശിക്ഷയിൽ നിന്നും, മസീഹുദ്ദജ്ജാലിന്റെ കുഴപ്പങ്ങളിൽ നിന്നും, ജീവിതത്തിലെയും, മരണത്തിലെയും കുഴപ്പങ്ങളിൽനിന്നും നിന്നോട് ഞാൻ രക്ഷ ചോദിക്കുന്നു. അല്ലാഹുവെ, പാപങ്ങളിൽ നിന്നും കടത്തിൽ നിന്നും ഞാൻ നിന്നോട് കാവലിനെ ചോദിക്കുന്നു' (ബുഖാരി)

മറ്റൊരു പ്രാർത്ഥന കൂടി കാണുക:

( عَنْ عَائِشَةَ رَضِي اللَّه عَنْهَا أَنَّ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ كَانَ يَقُولُ: اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْكَسَلِ وَالْهَرَمِ وَالْمَأْثَمِ وَالْمَغْرَمِ وَمِنْ فِتْنَةِ الْقَبْرِ وَعَذَابِ الْقَبْرِ وَمِنْ فِتْنَةِ النَّارِ وَعَذَابِ النَّارِ وَمِنْ شَرِّ فِتْنَةِ الْغِنَى، وَأَعُوذُ بِكَ مِنْ فِتْنَةِ الْفَقْرِ وَأَعُوذُ بِكَ مِنْ فِتْنَةِ الْمَسِيحِ الدَّجَّالِ ،اللَّهُمَّ اغْسِلْ عَنِّي خَطَايَايَ بِمَاءِ الثَّلْجِ وَالْبَرَدِ وَنَقِّ قَلْبِي مِنَ الْخَطَايَا كَمَا نَقَّيْتَ الثَّوْبَ الأَبْيَضَ مِنَ الدَّنَسِ وَبَاعِدْ بَيْنِي وَبَيْنَ خَطَايَايَ كَمَا بَاعَدْتَ بَيْنَ الْمَشْرِقِ وَالْمَغْرِبِ) ( بخاري)

ആയിശാ﵂വിൽ നിന്ന്: പ്രവാചകൻﷺ ഇങ്ങനെ പ്രാർത്ഥിക്കാറുണ്ടായിരുന്നു: 'അല്ലാഹുവെ, നിന്നോട് ഞാൻ അലസതയിൽ നിന്നും, വാർദ്ദക്യത്തിൽ നിന്നും, പാപങ്ങളിൽ നിന്നും, കടത്തിൽ നിന്നും, ഖബറിലെ കുഴപ്പങ്ങളിൽ നിന്നും, ഖബർ ശിക്ഷയിൽ നിന്നും, നരകത്തിലെ കുഴപ്പങ്ങളിൽ നിന്നും, നരക ശിക്ഷയിൽ നിന്നും, സമ്പത്തിന്റെ കുഴപ്പങ്ങളിൽ നിന്നും രക്ഷ ചോദിക്കു

ന്നു.ദാരിദ്ര്യത്തിന്റെ കുഴപ്പങ്ങൾ, മസീഹുദ്ദജ്ജാലിന്റെ കുഴപ്പങ്ങൾ എന്നിവയിൽനിന്നും ഞാൻ നിന്നോട് കാവലിനെ ചോദിക്കുന്നു. അല്ലാഹുവെ എന്റെ പാപങ്ങളെ എന്നിൽ നിന്നും വെള്ളം, മഞ്ഞ്, ഹിമം എന്നിവ കൊണ്ട് കഴുകി കളയേണമേ, അഴുക്കിൽ നിന്ന് വെള്ള വസ്ത്രം ശുദ്ധിയാക്കുന്നത്പോലെ എന്റെ ഹൃദയത്തിൽ നിന്നും എന്റെ പാപങ്ങളെ നീ കഴുകി കളയേണമേ, കിഴക്കും പടിഞ്ഞാറും നീ വിദൂരപ്പെടുത്തിയത് പോലെ എന്നെയും,എന്റെ പാപങ്ങളെയും നീ വിദൂരപ്പെടുത്തേണമേ' (ബുഖാരി)

ആവശ്യത്തിന് മാത്രം കടം വാങ്ങുകയും, അത് സാക്ഷികൾ മുഖേന എഴുതിവെക്കുകയും, കൃത്യ സമയത്ത് കൊടുത്തു വീട്ടുകയും ചെയ്യുക. അതോടൊപ്പം കടത്തിൽ നിന്ന് രക്ഷപ്പെടുവാനായി അല്ലാഹുവിനോട് നാം നമസ്കാരത്തിലും, മറ്റു സന്ദർഭങ്ങളിലും പ്രാർത്ഥിക്കുക. അല്ലാഹു അനുഗ്രഹിക്കുമാറാവട്ടെ. ആമീൻ.

## രോഗികൾ സന്തോഷിക്കുക

ഇഹലോക ജീവിതം സുഖദു:ഖ പൂർണമാണ്. ചിലയാളുകളെ അല്ലാഹു സൗഖ്യം നൽകി പരീക്ഷിക്കുമ്പോൾ മറ്റു ചിലരെ രോഗം നൽകി പരീക്ഷിക്കുന്നു. വിശ്വാസികളെ സംബന്ധിച്ചിട

ത്തോളം രണ്ടായാലും അല്ലാഹുവിലേക്ക് മടങ്ങുകയാണ് ചെയ്യേണ്ടത്. ലഭിച്ച സൗഖ്യത്തിന് അല്ലാഹുവിനോട് നന്ദി കാണിക്കുകയും, പരീക്ഷണം വരുമ്പോൾ അതിൽ ക്ഷമിക്കുകയും, അതിന് വേണ്ടി ചികിൽസയോടൊപ്പം അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്യേണ്ടതുണ്ട്. ഒരാൾക്ക് രോഗം വന്നാൽ അത്കൊണ്ട് ആ രോഗിക്ക് അല്ലാഹുവിന്റെയടുത്ത് വർദ്ദിച്ച പ്രതിഫലം ലഭിക്കുന്നതാണ്. ആയതിനാൽ രോഗികൾ അല്ലാഹുവിന്റെ കാരുണ്യത്തിൽ നിരാശരാവതെ, ക്ഷമിക്കുകയും, അവനോട് പ്രാർത്ഥിക്കുകയും ചെയ്യുക. വിശുദ്ധഖുർആനിലും, തിരുസുന്നത്തിലും ഇതിനെ സംബന്ധിച്ചുവന്നിട്ടുള്ള ചില കാര്യങ്ങളാണ് സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നത്.

**അല്ലാഹുവിന്റെ പരീക്ഷണം...**

(وَلَنَبْلُوَنَّكُمْ بِشَيْءٍ مِنَ الْخَوْفِ وَالْجُوعِ وَنَقْصٍ مِنَ الأَمْوَالِ وَالأَنفُسِ وَالثَّمَرَاتِ وَبَشِّرْ الصَّابِرِينَ * الَّذِينَ إِذَا أَصَابَتْهُمْ مُصِيبَةٌ قَالُوا إِنَّا لِلَّهِ وَإِنَّا إِلَيْهِ رَاجِعُونَ) (البقرة:١٥٦)

'കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവ നഷ്ടം, വിഭവ നഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക. തങ്ങൾക്ക് വല്ല ആപത്തും ബാധിച്ചാൽ അവർ (ആ ക്ഷമാശീലർ) പറയുന്നത്; ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്. അവങ്കലേക്ക് തന്നെ മടങ്ങേണ്ടവരുമാണ് എന്നായിരിക്കും' (അൽബഖറ: 155 – 156).

**പാപം മായ്ക്കപ്പെടുന്നു...**

രോഗം കാരണത്താൽ പാപം പൊറുക്കപ്പെടുകയും, അല്ലാഹുവിന്റെയടുത്ത് പദവികൾ ഉയർത്തപ്പെടുകയും ചെയ്യുന്നതാണെന്ന് തിരുമേനിﷺ പറയുന്നത് കാണുക:

( قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ : مَا مِنْ مُسْلِمٍ يُشَاكُ شَوْكَةً فَمَا فَوْقَهَا إِلاَّ كُتِبَتْ لَهُ بِهَا دَرَجَةٌ وَمُحِيَتْ عَنْهُ بِهَا خَطِيئَةٌ ) (مسلم)

പ്രവാചകൻ ﷺ പറയുന്നു: 'ഒരു മുസ്‌ലിമിന് ഒരു മുള്ള് തറക്കുകയോ, അതിനേക്കാൾ വലിയ വല്ലതും ബാധിക്കുകയോ ചെയ്യുകയാണെങ്കിൽ അവന് അതുമുഖേന ഒരു പദവി ലഭിക്കുകയോ, പാപങ്ങളിൽ ഒരു പാപം മായ്ച്ച് കളയുകയോ ചെയ്യാതിരിക്കില്ല' (മുസ്‌ലിം)

( عَنْ أُمِّ الْعلاَءِ قَالَتْ: عَادَنِي رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ وَأَنَا مَرِيضَةٌ فَقَالَ: أَبْشِرِي يَا أُمَّ الْعلاَءِ فَإِنَّ مَرَضَ الْمُسْلِمِ يُذْهِبُ اللَّهُ بِهِ خَطَايَاهُ كَمَا تُذْهِبُ النَّارُ خَبَثَ الذَّهَبِ وَالْفِضَّةِ ) (أبوداود)

ഉമ്മുൽ അലാഉൽ ﷺ നിന്ന്: അവർ പറയുന്നു: 'ഒരിക്കൽ പ്രവാചകൻ ﷺ ഞാൻ രോഗിയായിരിക്കെ എന്നെ സന്ദർശിക്കുകയുണ്ടായി, അപ്പോൾ എന്നോട് പറഞ്ഞു:'ഉമ്മുൽ അലാഅ് നീ സന്തോഷിക്കുക, കാരണം, മുസ്‌ലിമിന്റെ രോഗം കാരണത്താൽ അല്ലാഹു അവന്റെ പാപങ്ങൾ മായ്ച്ച് കളയുന്നു, തീ സ്വർണ്ണത്തിന്റെയും, വെള്ളിയുടെയും അഴുക്കുകൾ നീക്കികളയുന്നത്പോലെ.' (അബൂദാവൂദ്)

**നന്മ വർദ്ദിക്കുന്നു...**

വിശ്വാസികൾക്ക് മാത്രം ലഭിക്കുന്ന ഒരു സൗഭാഗ്യമാണ് അവന് എല്ലാ അവസ്ഥയിലും നന്മ ലഭിക്കുന്നുവെന്നത്. അവന് വല്ല സന്തോഷവും ലഭിക്കുമ്പോൾ അവൻ അതിൽ അല്ലാഹുവിന് നന്ദി കാണിക്കുന്നു അതവന് നന്മയാണ്, അതുപോലെ അവനെ വല്ല പരീക്ഷണവും ബാധിക്കുമ്പോൾ അവൻ അതിൽ ക്ഷമി

ക്കുകയും ചെയ്യുന്നു,അതും അവന് നന്മയാണ്.വിശ്വാസിക്ക് ഏത് കാര്യവും നന്മയായി ഭവിക്കുന്നു. ഒരു ഹദീസ് നോക്കുക:

(عَنْ صُهَيْبٍ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ عَجَبًا لأَمْرِ الْمُؤْمِنِ إِنَّ أَمْرَهُ كُلَّهُ خَيْرٌ وَلَيْسَ ذَاكَ لِأَحَدٍ إِلَّا لِلْمُؤْمِنِ إِنْ أَصَابَتْهُ سَرَّاءُ شَكَرَ فَكَانَ خَيْرًا لَهُ وَإِنْ أَصَابَتْهُ ضَرَّاءُ صَبَرَ فَكَانَ خَيْرًا لَهُ ) (مسلم)

സ്വുഹൈബ്ﷺവിൽ നിന്ന്; പ്രവാചകൻﷺ പറയുകയുണ്ടായി: ‘സത്യവിശ്വാസിയുടെ കാര്യം അത്ഭുതം തന്നെ! അവന്റെ മുഴുവൻ കാര്യങ്ങളും അവന് നന്മയാണ്,ഒരു വിശ്വാസിക്കല്ലാതെ ഇത് ലഭിക്കുകയില്ല,അവന് വല്ല സന്തോഷവും ബാധിച്ചാൽ അതിനവൻ നന്ദി കാണിക്കുന്നു,അതവന് നന്മയാണ്.അവന് വല്ല ബുദ്ധിമുട്ടുകളും ബാധിച്ചാൽ അവനതിൽ ക്ഷമിക്കുകയും ചെയ്യുന്നു. അതും അവന് നന്മയാണ്’ (മുസ്ലിം)

(عَنْ أَبِي هُرَيْرَةَ يَقُولُ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: مَنْ يُرِدِ اللَّهُ بِهِ خَيْرًا يُصِبْ مِنْهُ ) (بخاري)

അബൂഹുറയ്റﷺവിൽ നിന്ന്: പ്രവാചകൻﷺ പറയുകയുണ്ടായി: ‘അല്ലാഹു ആർക്കെങ്കിലും നന്മ ഉദ്ദേശിക്കുകയാണെങ്കിൽ അവനെ പാപങ്ങളിൽ നിന്ന് മോചിതനാക്കുവാനായി ബുദ്ധിമുട്ടുകൾ നൽകി പരീക്ഷിക്കുന്നതാണ്’ (ബുഖാരി).

### ഖേദിച്ച് മടങ്ങാൻ സാഹചര്യമുണ്ടാകുന്നു...

ഏതെങ്കിലും രോഗമോ, പരീക്ഷണങ്ങളോ നേരിടേണ്ടി വരികയാണെങ്കിൽ അല്ലാഹുവിലേക്ക് ഖേദിച്ച് മടങ്ങുവാനുള്ള സാഹചര്യം നമുക്ക് ലഭിക്കുന്നു. അങ്ങിനെ അല്ലാഹുവിലേക്ക് കൂടുതൽ അടുക്കുവാനും, അവനെ യഥാർത്ഥ രൂപത്തിൽ സൂക്ഷി

ക്കുവാനും നമുക്ക് സാധ്യമാവുന്നു.അതാണ് താഴെ വരുന്ന ആയത്തിൽ നമുക്ക് കാണുവാൻ സാധിക്കുന്നത്.

(وَلَقَدْ أَرْسَلْنَا إِلَى أُمَمٍ مِنْ قَبْلِكَ فَأَخَذْنَاهُمْ بِالْبَأْسَاءِ وَالضَّرَّاءِ لَعَلَّهُمْ يَتَضَرَّعُونَ) (الأنعام: ٤٢)

'നിനക്ക് മുമ്പ് നാം പല സമൂഹങ്ങളിലേക്കും(ദൂതൻമാരെ)അയച്ചിട്ടുണ്ട്. അനന്തരം അവരെ(ആ സമൂഹങ്ങളെ) കഷ്ടപ്പാടും ദുരിതവും കൊണ്ട് നാം പിടികൂടി; അവർ വിനയശീലരായിത്തീരുവാൻ വേണ്ടി' (അൻആം:42).

(وَبَلَوْنَاهُمْ بِالْحَسَنَاتِ وَالسَّيِّئَاتِ لَعَلَّهُمْ يَرْجِعُونَ) (الأعراف: ١٦٨)

'അവർ മടങ്ങേണ്ടതിനായി നാം അവരെ നൻമകൾ കൊണ്ടും തിൻമകൾ കൊണ്ടും പരീക്ഷിക്കുകയുണ്ടായി' (അഅ്റാഫ്:168).

**കർമ്മങ്ങൾ തുടർന്ന് കൊണ്ടേയിരിക്കും...**

ആരാധനകൾ പതിവായി ചെയ്യുന്നതാണ് അല്ലാഹുവിന് കൂടുതൽ തൃപ്തികരമായിട്ടുള്ളത്, അത് കുറച്ചായിരുന്നാലും ശരി. ഒരാൾ പതിവായി കൃത്യമായി ഫർളായ ആരാധനകളോടൊപ്പം സുന്നത്തായ ചില കർമ്മങ്ങളും ചെയ്യാറുണ്ടായിരുന്നു.എന്നാൽ അവൻ രോഗിയായത് കാരണം ആ കർമ്മങ്ങൾ ചെയ്യുവാൻ സാധിച്ചില്ല, എന്നിരുന്നാലും അല്ലാഹു അവൻ പതിവായി ചെയ്ത് കൊണ്ടിരുന്ന കർമ്മങ്ങൾ ചെയ്തതായി അവന് രേഖപ്പെടുത്തുന്നതാണ്. അതാണ് തിരുമേനിﷺ പറയുന്നത്:

( قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: إِذَا مَرِضَ الْعَبْدُ أَوْ سَافَرَ كُتِبَ لَهُ مِثْلُ مَا كَانَ يَعْمَلُ مُقِيمًا صَحِيحًا ) (بخاري)

പ്രവാചകൻﷺ പറയുന്നു: 'ഒരു അടിമ രോഗിയാവുകയോ, യാത്ര പോവുകയോ ചെയ്യുകയാണെങ്കിൽ അവൻ ആരോഗ്യമുള്ള

പ്പോഴും, സ്ഥിര താമസക്കാരനായപ്പോഴും ചെയ്തിരുന്ന കർമ്മങ്ങൾ അവൻ ചെയ്തത് പോലെ രേഖപ്പെടുത്തുന്നതാണ്’ (ബുഖാരി)

**അനുഗ്രഹങ്ങൾ തിരിച്ചറിയപ്പെടുന്നു...**

കാരുണ്യവാനായ അല്ലാഹു ഒരോ ജീവിയോടും കാണിക്കുന്ന കാരുണ്യത്തിന് അതിരില്ല, കാണാൻ സുന്ദരമായ ഒരു ശരീരവും, ആ ശരീരം നിലനിറുത്തുവാൻ വേണ്ട ആന്തരികവും, ബാഹ്യവുമായ അവയവങ്ങളും നാം ആവശ്യപ്പെടാതെ തന്നെ അല്ലാഹു നമുക്ക് നൽകി. എന്നാൽ ആ അനുഗ്രഹത്തിന്റെ വിലയും, പ്രാധാന്യവും ആരോഗ്യമുള്ള സന്ദർഭത്തിൽ നമുക്ക് തിരിച്ചറിയുവാൻ കഴിഞ്ഞുവെന്ന് വരില്ല, എന്നാൽ വല്ല അസുഖവും നമ്മെ ബാധിക്കുമ്പോഴാണ് അല്ലാഹു നമുക്ക് ആദ്യം നൽകിയിരുന്ന അനുഗ്രഹങ്ങളെ സംബന്ധിച്ച് നാം ബോധവാന്മാരാകുകയുള്ളൂ.കണ്ണില്ലാത്തവനെ അതിന്റെ വിലയറിയുകയുള്ളൂ. അത്കൊണ്ട് അല്ലാഹു നമുക്ക് നൽകിയ ആരോഗ്യസമയം നാം ശരിക്കും ഉപയോഗപ്പെടുത്തേണ്ടതുണ്ട്.അതാണ് തിരുമേനിﷺ നമ്മെ ഉണർത്തുന്നത്:

( عَنِ ابْنِ عَبَّاسٍ رَضِي اللَّه عَنهمَا قَالَ: قَالَ النَّبِيُّ صَلَّى اللَّه عَلَيْـهِ وَسَـلَّمَ نِعْمَتَـانِ مَغْبُونٌ فِيهِمَا كَثِيرٌ مِنَ النَّاسِ الصِّحَّةُ وَالْفَرَاغُ ) (بخاري)

ഇബ്നുഅബ്ബാസ്ﷺവിൽ നിന്ന്:പ്രവാചകൻﷺപറയുകയുണ്ടായി: ‘അധിക ജനങ്ങളും രണ്ട് അനുഗ്രഹങ്ങളെ സംബന്ധിച്ച് അശ്രദ്ധരാണ്, ആരോഗ്യവും, ഒഴിവ് സമയവും’(ബുഖാരി).വളരെ അനുഗ്രഹീതമായ രണ്ട് അനുഗ്രഹങ്ങളാണ് ആരോഗ്യവും, ഒഴിവ് സമയങ്ങളും. അത് കൊണ്ട് അതിന്റെ വിലയും നിലയും അറി

ഞ്ഞ് കൊണ്ട് നാം അത് ഉപയോഗപ്പെടുത്തുക. ഒരു ഹദീസും കൂടി കാണുക:

(عَنْ مُجَاهِدٍ عَنِ ابْنِ عُمَرَ قَالَ أَخَذَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ بِبَعْضِ جَسَدِي فَقَالَ: كُنْ فِي الدُّنْيَا كَأَنَّكَ غَرِيبٌ أَوْ عَابِرُ سَبِيلٍ وَعُدَّ نَفْسَكَ فِي أَهْلِ الْقُبُورِ، فَقَالَ: لِي ابْنُ عُمَرَ إِذَا أَصْبَحْتَ فَلاَ تُحَدِّثْ نَفْسَكَ بِالْمَسَاءِ وَإِذَا أَمْسَيْتَ فَلاَ تُحَدِّثْ نَفْسَكَ بِالصَّبَاحِ وَخُذْ مِنْ صِحَّتِكَ قَبْلَ سَقَمِكَ وَمِنْ حَيَاتِكَ قَبْلَ مَوْتِكَ فَإِنَّكَ لاَ تَدْرِي يَا عَبْدَ اللَّهِ مَا اسْمُكَ غَدًا ) (الترمذي)

മുജാഹിദ്ﷺ ഇബ്നു ഉമർﷺൽ നിന്നും നിവേദനം: അദ്ദേഹം പറഞ്ഞു: പ്രവാചകൻﷺ എന്റെ ശരീരത്തിൽ പിടിച്ച് കൊണ്ട് പറയുകയുണ്ടായി:'നീ ദുൻയാവിൽ ഒരു അപരിചിതനെപ്പോലെ,അല്ലെങ്കിൽ ഒരു വഴിയാത്രക്കാരനെ പോലെയാവുക, ഖബറാളികളുടെ കൂട്ടത്തിൽ നീ നിന്നെ എണ്ണുക' ഇമാം മുജാഹിദ് പറയുന്നു:ഇബ്നു ഉമർﷺ പറയുന്നു: 'രാവിലെയായാൽ വൈകുന്നേരത്തെ സംബന്ധിച്ച് നീ സംസാരിക്കരുത്, വൈകുന്നേരമായാൽ പ്രഭാതത്തെ സംബന്ധിച്ച് നീ ചർച്ച ചെയ്യരുത്,രോഗം വരുന്നതിന് മുമ്പ് നീ ആരോഗ്യത്തെ ഉപയോഗപ്പെടുത്തുക, മരണത്തിന് മുമ്പ് നീ ജീവിതത്തെ ഉപയോഗപ്പെടുത്തുക,അബ്ദുല്ലാഹ്(അല്ലാഹുവിന്റെ അടിമ)നാളെ നിന്റെ പേര് എന്തായിരിക്കുമെന്ന് നിനക്കറിയില്ല' (തിർമിദി)

**രോഗ സന്ദർശനം...**

വളരെ പുണ്യമുള്ള ഒരു കാര്യമാണ് രോഗികളെ സന്ദർശിക്കുകയെന്നത്. നമ്മളിൽ പലരും അവഗണനയോടെ തള്ളിയ കാര്യമാണ് രോഗ സന്ദർശനമെന്നുള്ളത്.എന്നാൽ ലോകർക്കനു

ഗ്രഹമായി അല്ലാഹു നിയോഗിച്ചയച്ച പ്രവാചകന്റെ ചര്യയിൽ പെട്ടതാണ് രോഗം കൊണ്ട് അവശതയനുഭവിക്കുന്നവരെ സന്ദർശിക്കുകയും,അവരുടെ രോഗം സുഖപ്പെടുവാനായി അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്യുകയെന്നത്.അങ്ങിനെ ചെയ്യുന്നവർക്ക് പരലോകത്ത് വർദ്ദിച്ച പ്രതിഫലം ലഭിക്കുമെന്ന് ഹദീസുകളിൽ നമുക്ക് കാണാവുന്നതാണ്.

(عَادَ أَبُو مُوسَى الْأَشْعَرِيُّ الْحَسَنَ بْنَ عَلِيِّ بْنِ أَبِي طَالِبٍ رَضِي اللَّه عَنْه فَقَالَ: لَهُ عَلِيٌّ رَضِي اللَّه عَنْه أَعَائِدًا جِئْتَ أَمْ زَائِرًا؟ قَالَ: لاَ بَلْ جِئْتُ عَائِدًا قَالَ: عَلِيٌّ رَضِي اللَّه عَنْه أَمَا إِنَّهُ مَا مِنْ مُسْلِمٍ يَعُودُ مَرِيضًا إِلَّا خَرَجَ مَعَهُ سَبْعُونَ أَلْفَ مَلَكٍ كُلُّهُمْ يَسْتَغْفِرُ لَهُ إِنْ كَانَ مُصْبِحًا حَتَّى يُمْسِيَ وَكَانَ لَهُ خَرِيفٌ فِي الْجَنَّةِ وَإِنْ كَانَ مُمْسِيًا خَرَجَ مَعَهُ سَبْعُونَ أَلْفَ مَلَكٍ كُلُّهُمْ يَسْتَغْفِرُ لَهُ حَتَّى يُصْبِحَ وَكَانَ لَهُ خَرِيفٌ فِي الْجَنَّةِ) (أحمد)

അബൂമൂസൽ അശ്അരിﷺഹസൻബ്നു അലിയ്യുബ്നു അബൂത്വാലിബിﷺനെ സന്ദർശിക്കുകയുണ്ടായി, അപ്പോൾ അദ്ദേഹത്തോട് അലിﷺ ചോദിച്ചു:'താങ്കൾ രോഗിയെ സന്ദർശിക്കാനാണോ വന്നത്, അതല്ല, വെറുതെ സന്ദർശനത്തിനാണോ വന്നത്?' അദ്ദേഹം പറഞ്ഞു:'അല്ല, രോഗിയെ സന്ദർശിക്കുവാൻ വന്നതാണ്'. അപ്പോൾ അലിﷺ പറഞ്ഞു: എന്നാൽ, ഒരു മുസ്‌ലിം രോഗിയെ സന്ദർശിച്ചാൽ അവന്റെ കൂടെ എഴുപതിനായിരം മലക്കുകൾ പുറപ്പെടുകയും, അവരെല്ലാം അദ്ദേഹത്തിന് വേണ്ടി പാപമോചനം തേടുകയും ചെയ്യുന്നതാണ്, അത് രാവിലെയാണെങ്കിൽ വൈകുന്നേരംവരെ അത് തുടർന്ന്കൊണ്ടിരിക്കും,അവന് സ്വർഗത്തിൽ ഒരു തോട്ടവും ലഭിക്കുന്നതാണ്. വൈകുന്നേരമാണ് സന്ദർശിക്കുന്നതെങ്കിൽ പ്രഭാതം വരേക്കും എഴുപതിനായിരം മലക്കു

കൾ അവന്‌വേണ്ടി പാപമോചനം തേടി കൊണ്ടിരിക്കുന്നതാണ്, അവന് സ്വർഗത്തിൽ ഒരു തോട്ടവും ലഭിക്കുന്നതാണ്' (അഹ്മദ്)

**പ്രാർത്ഥന...**

രോഗിയെ സന്ദർശിക്കുന്നവർ ശമനത്തിനായുള്ള പ്രാർത്ഥന പ്രാർത്ഥിക്കേണ്ടതാണ്. ഹദീസുകളിൽ ഒരുപാട് പ്രാർത്ഥനകൾ നമുക്ക് കാണാവുന്നതാണ്:

( عَنِ ابْنِ عَبَّاسٍ رَضِيَ اللَّه عَنْهمَا أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ دَخَلَ عَلَى رَجُلٍ يَعُودُهُ فَقَالَ لاَ بَأْسَ طَهُورٌ إِنْ شَاءَ اللَّهُ ...) (بخاري)

ഇബ്നു അബ്ബാസ്ﷺവിൽ നിന്ന്;പ്രവാചകൻﷺ ഒരു രോഗിയുടെ അടുത്ത് പ്രവേശിച്ചപ്പോൾ ഇങ്ങനെ പറയുകയുണ്ടായി: 'സാരമില്ല,അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ ശുദ്ധിയാകും'(ബുഖാരി)

( عَنْ عَائِشَةَ رَضِيَ اللَّه عَنْهَا أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ كَانَ إِذَا أَتَى مَرِيضًا أَوْ أُتِيَ بِهِ قَالَ: أَذْهِبِ الْبَاسَ رَبَّ النَّاسِ اشْفِ وَأَنْتَ الشَّافِي لاَ شِفَاءَ إِلاَّ شِفَاؤُكَ شِفَاءً لاَ يُغَادِرُ سَقَمًا) (بخاري)

ആയിശാﷺയിൽ നിന്ന്; പ്രവാചകൻﷺ രോഗിയെ സന്ദർശിക്കുകയോ, അല്ലെങ്കിൽ രോഗികളെ പ്രവാചകന്റെയടുത്ത് കൊണ്ട് വരുകയോ ചെയ്താൽ ഇങ്ങനെ പറഞ്ഞിരുന്നു: 'ജനങ്ങളുടെ രക്ഷിതാവെ, പ്രയാസം നീക്കേണമേ, സുഖപ്പെടുത്തേണമേ, നീ രോഗം സുഖപ്പെടുത്തുന്നവനാണല്ലോ,നിന്റെ ശമനമല്ലാതെ യാതൊരു ശമനവുമില്ല, യാതൊരു വേദനയും അവശേഷിക്കാത്ത ശമനം നൽകേണമേ' (ബുഖാരി)

**സുഖപ്പെടുത്തുന്നവൻ...**

മനുഷ്യർക്ക് രോഗം നൽകുന്നതും, അത് സുഖപ്പെടുത്തുന്ന തും അല്ലാഹുവാണ്, അത്കൊണ്ട് തന്നെ രോഗമുള്ളവർ ചികി ൽസ നടത്തുന്നതോടൊപ്പം തന്നെ ശമനത്തിനായി അല്ലാഹുവി നോട് പ്രാർത്ഥിക്കുകയും വേണം.അല്ലാഹുവിന്റെ ഖലീലായ ഇ ബ്രാഹിം ﷺ പറയുന്നത് ഖുർആൻ നമുക്ക് പറഞ്ഞ് തരുന്നു:

(وَإِذَا مَرِضْتُ فَهُوَ يَشْفِينِ) (الشعراء:٨٠)

'എനിക്ക് രോഗം ബാധിച്ചാൽ അവനാണ് എന്നെ സുഖപ്പെടു ത്തുന്നത്' (ശുഅറാഅ്:80).

**അയ്യൂബ് നബി ﷺ പ്രാർത്ഥിക്കുന്നു...**

രോഗം എത്ര നിസ്സാരമാണെങ്കിലും, എത്ര മാരകമായിരുന്നാ ലും അതിന്റെ ശമനത്തിനായി അല്ലാഹുവിനോട് മാത്രമെ നാം പ്രാർത്ഥിക്കുവാൻ പാടുള്ളൂ, അതുപോലെ ഇസ്ലാം വിരോധി ച്ച ചികിൽസ ചെയ്യാതിരിക്കുകയും, അനുവദനീയമായ ചികിൽ സകൾ ചെയ്യുകയും ചെയ്യുക. രോഗം വന്നപ്പോൾ മഹാനായ അയ്യൂബ് നബി ﷺ പ്രാർത്ഥിക്കുന്നത് നാം ശ്രദ്ധിക്കുക:

(وَأَيُّوبَ إِذْ نَادَى رَبَّهُ أَنِّي مَسَّنِيَ الضُّرُّ وَأَنْتَ أَرْحَمُ الرَّاحِمِينَ * فَاسْتَجَبْنَا لَهُ فَكَشَفْنَا مَا بِهِ مِنْ ضُرٍّ وَآتَيْنَاهُ أَهْلَهُ وَمِثْلَهُمْ مَعَهُمْ رَحْمَةً مِنْ عِنْدِنَا وَذِكْرَى لِلْعَابِدِينَ) (الأنبياء:٨٣-٨٤)

'അയ്യൂബിനെയും(ഓർക്കുക.)തന്റെ രക്ഷിതാവിനെ വിളിച്ച് കൊ ണ്ട് അദ്ദേഹം ഇപ്രകാരം പ്രാർത്ഥിച്ച സന്ദർഭം: എനിക്കിതാ ക ഷ്ടപ്പാട് ബാധിച്ചിരിക്കുന്നു. നീ കാരുണികരിൽ വെച്ച് ഏറ്റവും കരുണയുള്ളവനാണല്ലോ. അപ്പോൾ അദ്ദേഹത്തിന് നാം ഉത്ത

രം നൽകുകയും, അദ്ദേഹത്തിന് നേരിട്ട കഷ്ടപ്പാട് നാം അകറ്റി ക്കളയുകയും ചെയ്തു.അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെയും, അവരോടൊപ്പം അവരുടെ അത്രയും പേരെ വേറെയും നാം അ ദ്ദേഹത്തിന് നൽകുകയും ചെയ്തു.നമ്മുടെ പക്കൽ നിന്നുള്ള ഒ രു കാരുണ്യവും, ആരാധനാ നിരതരായിട്ടുള്ളവർക്ക് ഒരു സ്മര ണയുമാണത്' (അൻബിയാഅ്: 83 – 84)

ആശുപത്രികളിലും, വീടുകളിലും മറ്റും കഴിഞ്ഞ് കൂടുന്ന മു ഴുവൻ സത്യവിശ്വാസികളുടെയും രോഗങ്ങൾ പരമകാരുണിക നും, കരുണാ വാരിധിയുമായ അല്ലാഹു സുഖപ്പെടുത്തുമാറാവ ട്ടെ. രോഗം വരുന്നതിന് മുമ്പ് ആരോഗ്യത്തെ അല്ലാഹുവിന് വേ ണ്ടി വിനിയോഗിക്കുവാൻ നമുക്ക് സാധ്യമാവട്ടെ.യഥാവിധി അ ല്ലാഹുവിന്റെ നിയമങ്ങൾ ജീവിതത്തിൽ പകർത്തി ജീവിക്കുന്ന സത്യവിശ്വാസികളിൽ അല്ലാഹു നമ്മെയെല്ലാവരെയും ഉൾപ്പെ ടുത്തുകയും, സത്യവിശ്വാസികളായി മരിക്കുകയും, അവന്റെ ജ ന്നാത്തുൽ ഫിർദൗസിൽ പ്രവേശിക്കുകയും ചെയ്യുന്നവരിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തുമാറാവട്ടെ. ആമീൻ

## ഖബർ സന്ദർശനം

ഐഹിക ജീവിതം നശ്വരമാണ്, ഇന്നല്ലെങ്കിൽ നാളെ നമ്മ ളും ഈ ലോകത്ത് നിന്ന് വിടപറയേണ്ടി വരും.പിന്നെയുള്ള ജീ വിതം ബർസഖിയായ ലോകത്താണ്,പരലോകത്താണ്. പരലോ ക ജീവിതമാണ് അനശ്വരമായിട്ടുള്ളത്.അവിടെയാണ് യഥാർത്ഥ

ജീവിതം. അത്കൊണ്ട് തന്നെ ആ ജീവിതത്തിന് വേണ്ടിയാണ് ഇസ്‌ലാമിനെ മതമായി അംഗീകരിക്കുകയും, ഖുർആനിനെയും, സുന്നത്തിനെയും പ്രമാണമായി സ്വീകരിച്ചാചരിക്കുന്നവരുമായ വർ പരിശ്രമിക്കേണ്ടത്.ആ പരലോക ജീവിതത്തിന്റെ തുടക്കമാണ് മരണം, മരണത്തിനു ശേഷമുള്ള ഖബർ ജീവിതം. ആ മരണത്തെ ഓർക്കേണ്ടതും,സന്ദർശിക്കേണ്ടതും മുസ്‌ലിമിന്റെ ബാധ്യതയാണ്, അതിലൂടെ പരലോക ജീവിതത്തിൽ വിജയിക്കാനാവശ്യമായ പ്രവർത്തനങ്ങൾ കൂടുതൽ ചെയ്യാനുള്ള വിശ്വാസത്തെ വർദ്ധിപ്പിക്കാൻ സഹായിക്കും. അതിനാണ് റസൂലുല്ലാഹ് ﷺ ഖബറിട സന്ദർശനം പ്രതിഫലമുള്ളതാണെന്ന് പഠിപ്പിച്ചത്.ഖബറിടം സന്ദർശിക്കുന്നതിലൂടെ ഇന്നല്ലെങ്കിൽ നാളെ ഞാനും മരിക്കും, മരണത്തിന് ശേഷം എനിക്ക് ഒരു നന്മയും ചെയ്യാൻ കഴിയില്ലല്ലോ,അതിനാൽ മരണത്തിന്മുമ്പ് ഞാൻ കർമ്മങ്ങൾ ചെയ്യട്ടേ, തിൻമകളിൽ നിന്ന് വിട്ട് നിൽക്കട്ടേയെന്ന ബോധത്തിനായി നിങ്ങൾ ഖബറുകൾ സന്ദർശിക്കൂ എന്ന് റസൂലുല്ലാഹ്ﷺ നമ്മെ പഠിപ്പിക്കുന്നത് കാണുക:

(عَنِ ابْنِ بُرَيْدَةَ عَنْ أَبِيهِ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ نَهَيْتُكُمْ عَنْ زِيَارَةِ الْقُبُورِ فَزُورُوهَا ) (مسلم)

ഇബ്നുബുറൈദ, തന്റെ പിതാവിൽ നിന്ന്, അദ്ദേഹം പറയുന്നു, റസൂലുല്ലാഹ്ﷺ പറഞ്ഞു: 'ഖബർ സന്ദർശനം നിങ്ങൾക്ക് വിലക്കിയിരുന്നു, എന്നാൽ നിങ്ങളത് സന്ദർശിക്കൂ' (മുസ്‌ലിം)

ഇസ്‌ലാമിന്റെ ആദ്യകാലത്ത് ഖബർ സന്ദർശനം വിലക്കിയിരുന്നു, എന്നാൽ പിന്നീട് ഖബർ സന്ദർശനം സുന്നത്താക്കിയിരിക്കുന്നു. അതിങ്ങനെ നമുക്ക് ഹദീഥുകളിൽ കാണാം

( عَنْ عَائِشَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ رَخَّصَ فِي زِيَارَةِ الْقُبُورِ ) (إبن ماجه)

‘ആയിശാ(റ)യിൽ നിന്ന്, റസൂലുല്ലാഹ്ﷺ ഖബർ സന്ദർശനത്തിൽ ഇളവനുവദിച്ചിരിക്കുന്നു’ (ഇബ്നുമാജ)

സമൂഹത്തിൽ ഇന്ന് നടക്കുന്ന ഖബർ സിയാറത്തുകളെ സംബന്ധിച്ച് പരിശോധിക്കുകയാണെങ്കിൽ രണ്ട് രൂപത്തിൽ ഖബർ സന്ദർശനം നടക്കുന്നതായി കാണാൻ കഴിയുന്നതാണ്. ഒന്ന് ഇസ്ലാമിക ശരീഅത്ത് അനുവദിക്കുന്നതും, മറ്റൊന്ന് അനുവദിക്കാത്തതും.ഖബറിടങ്ങൾ സന്ദർശിച്ച് കൊണ്ട് ഖബറാളികൾക്ക് വേണ്ടി പ്രാർത്ഥിച്ച് പരലോകത്തെ ഓർക്കുന്ന സന്ദർശനം ഇസ്ലാം സുന്നത്താക്കിയതാണ്,പ്രതിഫലാർഹമാണ്.എന്നാൽ ഖബറിടങ്ങളിൽ പോയി അവിടെ കിടക്കുന്നവരോട് പ്രാർത്ഥിക്കുകയും, സഹായമാവശ്യപ്പെടുകയും, അവിടെ കാണിക്കകളും, നിവേദ്യങ്ങളും സമർപ്പിക്കുകയും ചെയ്യുന്നത് ഇസ്ലാം വിരോധിച്ചതാണ്, ഇസ്ലാമിൽ നിന്ന് തന്നെ പുറത്ത്പോവുന്ന കാര്യവുമാണ്. ചിലയാളുകൾ വരുമാന മാർഗമാണ് ഖബർ വ്യവസായത്തിലൂടെ ലക്ഷ്യമിടുന്നത്, പല ഇസ്ലാമിക സ്ഥാപനങ്ങൾ പോലും അല്ലാഹുവും അവന്റെ റസൂലും ശപിച്ച മാർഗമായ ഖബർ വ്യവസായത്തിലൂടെയാണ് നടത്തിക്കൊണ്ട് പോകുന്നത് എന്നത് നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. പ്രവാചകൻﷺയുടെ അന്ത്യദിനങ്ങളിൽ മുസ്ലീംകൾക്ക് നൽകിയ വസ്വിയ്യത്തിൽ പെട്ടതാണ് നിങ്ങൾ ഖബറിടങ്ങളെ ആരാധനാലയങ്ങളും, ഉത്സവ സ്ഥലങ്ങളും, പ്രാർത്ഥനാ കേന്ദ്രങ്ങളുമാക്കരുത് എന്നത്. എന്നാൽ പ്രവാചകനെ സ്നേഹിക്കുന്നവർ എന്നവകാശപ്പെടുന്ന പണ്ഡിത പുരോഹിത ചൂഷക വർഗം ആ പ്രവാചക വസ്വിയ്യത്തിനെ ധിക്കരിച്ച് ഇസ്ലാമിന് ഘടക വിരുദ്ധമായ കാര്യത്തിലൂടെ സമ്പാദിച്ച് പ്രവാചക നിന്ദയും,പ്രവാചക ധിക്കാരവുമാണ് കാണിക്കുന്നത്. ജനങ്ങളെ, നാം ചിന്തിക്കുക, സത്യം ഗ്രഹിക്കുക, പിൻതുടരുക.

**പരലോക ചിന്തക്ക്...**

മുസ്‌ലീംകൾ ഖബറിടങ്ങൾ സന്ദർശിക്കേണ്ടത് മരണത്തെയും,മരണത്തിന് ശേഷമുള്ള പരലോകത്തെയും ഓർക്കുവാനാണ്. അല്ലാതെ ഭൗതിക നേട്ടങ്ങളായ രോഗം മാറുക, സന്താന സൗഭാഗ്യം, കളവ് മുതൽ കണ്ടെത്തൽ, വിവാഹം ശരിയാവുക, ജോലി നേടുക തുടങ്ങിയവ നേടിയെടുക്കുകയല്ല. അതാണ് റസൂലുല്ലാഹ്ﷺ കൃത്യമായി പഠിപ്പിക്കുന്നത് കാണുക:

( عَنْ أَبِي هُرَيْرَةَ قَالَ زَارَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَبْرَ أُمِّهِ فَبَكَى وَأَبْكَى مَنْ حَوْلَهُ فَقَالَ اسْتَأْذَنْتُ رَبِّي فِي أَنْ أَسْتَغْفِرَ لَهَا فَلَمْ يُؤْذَنْ لِي وَاسْتَأْذَنْتُهُ فِي أَنْ أَزُورَ قَبْرَهَا فَأُذِنَ لِي فَزُورُوا الْقُبُورَ فَإِنَّهَا تُذَكِّرُ الْمَوْتَ ) (مسلم)

അബൂഹുറയ്റ(റ)വിൽ നിന്ന്, അദ്ധേഹം പറയുന്നു: 'നബിﷺ തന്റെ മാതാവിന്റെ ഖബറിടം സന്ദർശിക്കുകയുണ്ടായി, തിരുദൂതർ കരഞ്ഞു, അത് കൂടെയുള്ളവരെ കരയിപ്പിക്കുകയും ചെയ്തു, എന്നിട്ട് തിരുദൂതർ പറഞ്ഞു: എന്റെ രക്ഷിതാവിനോട് എന്റെ ഉമ്മാക്ക് ഇസ്തിഗ്ഫാർ നടത്തുവാൻ അനുവാദം ചോദിച്ചു, പക്ഷേ, എനിക്കനുവാദം ലഭിച്ചില്ല, എന്നാൽ അവരുടെ ഖബർ സന്ദർശിക്കാൻ അനുവാദം ചോദിച്ചു,എനിക്ക് അനുവാദം ലഭിച്ചു, നിങ്ങൾ ഖബറിടങ്ങൾ സന്ദർശിക്കൂ, കാരണമത് മരണത്തെ ഓർമ്മിപ്പിക്കുന്നതാണ്' (മുസ്‌ലിം)

( عَنِ ابْنِ مَسْعُودٍ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: كُنْتُ نَهَيْتُكُمْ عَنْ زِيَارَةِ الْقُبُورِ فَزُورُوهَا فَإِنَّهَا تُزَهِّدُ فِي الدُّنْيَا وَتُذَكِّرُ الْآخِرَةَ ) (أبن ماجه)

ഇബ്നു മസ്ഊദ്(റ)വിൽ നിന്ന്:റസൂലുല്ലാഹ്ﷺ പറഞ്ഞു: 'നിങ്ങൾക്ക് ഞാൻ ഖബർ സന്ദർശനം വിലക്കിയിരുന്നു, നിങ്ങളത് സ

ന്ദർശിക്കൂ, കാരണമത് ഐഹിക ലോകത്ത് വിരക്തിയുണ്ടാക്കുകയും,പരലോക ചിന്തയുണ്ടാക്കുകയും ചെയ്യുന്നു'(ഇബ്നുമാജ)

**ഖബറാളികൾക്ക് വേണ്ടി...**

മഖ്ബറകൾ സന്ദർശിച്ച് കൊണ്ട് ഖബറാളികൾക്ക് വേണ്ടി പ്രാർത്ഥിക്കണം, ഖബറാളികളോട് പ്രാർത്ഥിക്കുവാൻ പാടില്ല.

(عَنِ ابْنِ عَبَّاسٍ قَالَ مَرَّ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ بِقُبُورِ الْمَدِينَةِ فَأَقْبَلَ عَلَيْهِمْ بِوَجْهِهِ فَقَالَ السَّلَامُ عَلَيْكُمْ يَا أَهْلَ الْقُبُورِ يَغْفِرُ اللَّهُ لَنَا وَلَكُمْ أَنْتُمْ سَلَفُنَا وَنَحْنُ بِالْأَثَرِ ) (الترمذي- حسن)

ഇബ്നുഅബ്ബാസ്ﷺവിൽ നിന്ന്, റസൂലുല്ലാഹ്ﷺ മദീനയിലെ ഖബറിസ്ഥാനിനരികിലൂടെ നടന്ന് പോവുകയുണ്ടായി, അങ്ങിനെ അങ്ങോട്ട് തിരിഞ്ഞ് കൊണ്ട് പ്രാർത്ഥിക്കുന്നു, 'ഖബറാളികളെ നിങ്ങൾക്ക് അല്ലാഹുവിന്റെ രക്ഷയും സമാധാനവുമുണ്ടാവട്ടെ, അല്ലാഹു നിങ്ങൾക്കും ഞങ്ങൾക്കും പൊറുത്ത് തരുമാറാവട്ടെ, നിങ്ങൾ ഞങ്ങളുടെ മുൻഗാമികളും, ഞങ്ങൾ നിങ്ങളെ പിൻപറ്റുന്നതാണ്' (തിർമിദി, ഹസനാണ് ഹദീഥ്)

(عَنْ سُلَيْمَانَ بْنِ بُرَيْدَةَ عَنْ أَبِيهِ قَالَ :انَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ يُعَلِّمُهُمْ إِذَا خَرَجُوا إِلَى الْمَقَابِرِ فَكَانَ قَائِلُهُمْ يَقُولُ ... السَّلَامُ عَلَيْكُمْ أَهْلَ الدِّيَارِ مِنَ الْمُؤْمِنِينَ وَالْمُسْلِمِينَ وَإِنَّا إِنْ شَاءَ اللَّهُ لَلَاحِقُونَ أَسْأَلُ اللَّهَ لَنَا وَلَكُمُ الْعَافِيَةَ) (مسلم)

സുലൈമാനുബ്നു ബുറൈദ തന്റെ പിതാവിൽനിന്ന്, അദ്ദേഹം പറയുകയുണ്ടായി: 'ഖബറിടങ്ങളിലേക്കവർ പുറപ്പെടുകയാണെങ്കിൽ അവരെ റസൂലുല്ലാഹിﷺ പഠിപ്പിക്കാറുണ്ടായിരുന്നു,അവർ

ഇങ്ങനെ പറയുമായിരുന്നു,.. 'മുസ്ലീംകളിലും, മുഅ്മിനീങ്ങളിലും പെട്ട വീടി(ഖബറി)ന്റെ ഉടമകളെ നിങ്ങൾക്ക് അല്ലാഹുവിന്റെ രക്ഷയും സമാധാനവും ഉണ്ടാവട്ടെ, അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ ഞങ്ങളും നിങ്ങളോടൊപ്പം ചേരുന്നതാണ്,നിങ്ങൾക്കും, ഞങ്ങൾക്കും അല്ലാഹുവിനോട് രക്ഷ ചോദിക്കുകയും ചെയ്യുന്നു' (മുസ്ലിം)

ഒരു ദിവസം രാത്രി റസൂലുല്ലാഹ്ﷺ ബഖീഉൽ ഗർഖദ് എന്ന മദീനയിലെ ഖബർസ്ഥാൻ സന്ദർശിക്കുവാനായിപോയി, തിരുദൂതർ അറിയാതെ പത്നി ആയിശﷺയും പിന്നിലൂടെ ചെന്നു, പ്രവാചകൻﷺ അവിടെ കിടക്കുന്ന ഖബറാളികൾക്ക് വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിച്ചു.മടങ്ങാൻ വേണ്ടി തിരിഞ്ഞ സമയം ആയിശാﷺ ഓടി തന്റെ വീട്ടിൽ വന്ന് കിടക്കുകയുണ്ടായി. പ്രവാചകൻﷺ ആയിശﷺകിതച്ച്കൊണ്ടിരിക്കുന്നതിനെ സംബന്ധിച്ച് ചോദിച്ചു, മഹതി സംഭവം പറഞ്ഞു. റസൂലുല്ലാഹ്ﷺ ചോദിച്ചു, തന്റെ മുന്നിലൂടെ പോയിരുന്ന ആ കറുപ്പ് നിങ്ങളായിരുന്നോ? അതെയെന്ന് മറുപടി പറഞ്ഞു. എന്നിട്ട് ഖബറിടം സന്ദർശിച്ചാൽ പ്രാർത്ഥിക്കേണ്ട രൂപം തിരുദൂതർ പഠിപ്പിക്കുകയാണ്. ഈ സംഭവം വിശദീകരിക്കുന്ന മുസ്ലിമിലെ സുദീർഘമായ ഹദീഥിന്റെ അവസാന ഭാഗത്ത് മുത്ത്നബിﷺ പഠിപ്പിച്ച പ്രാർത്ഥന കാണാം:

(...قَالَتْ قُلْتُ كَيْفَ أَقُولُ لَهُمْ يَا رَسُولَ اللَّهِ قَالَ قُولِي السَّلَامُ عَلَى أَهْلِ الدِّيَارِ مِنَ الْمُؤْمِنِينَ وَالْمُسْلِمِينَ وَيَرْحَمُ اللَّهُ الْمُسْتَقْدِمِينَ مِنَّا وَالْمُسْتَأْخِرِينَ وَإِنَّا إِنْ شَاءَ اللَّهُ بِكُمْ لَلَاحِقُونَ ) (مسلم)

അവർ ചോദിച്ചു, തിരുദൂതരെ, ഞാൻ അവർക്ക്വേണ്ടി എന്താണ് പ്രാർത്ഥിക്കേണ്ടത്? ഇങ്ങനെ പറയുക;'മുസ്ലീംകളിലും, മുഅ്മിനീങ്ങളിലും പെട്ട വീടി(ഖബറി)ന്റെ ഉടമകളെ നിങ്ങൾക്ക് അല്ലാഹുവിന്റെ രക്ഷയും സമാധാനവും ഉണ്ടാവട്ടെ, നമ്മളിൽ നിന്ന് ആദ്യം(ഖബറുകളിലേക്ക്) കടന്ന് വന്നവർക്കും,ശേഷം വരുന്നവർക്കും അല്ലാഹു കാരുണ്യം നൽകുമാറാവട്ടെ, അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ തീർച്ചയായും ഞങ്ങൾ നിങ്ങളോടൊപ്പം ചേരുക തന്നെ ചെയ്യുന്നതാണ്' (മുസ്ലിം)

**ഖബറിടങ്ങൾ ആരാധനാലയങ്ങളാക്കാതിരിക്കൂ...**

മഖ്ബറകളെ ആരാധനാലയങ്ങളും, പള്ളികളുമാക്കാൻ പാടില്ല, ഇസ്ലാമിന്റെ കർശനമായ നിയമമാണത്.പള്ളികൾ വേറെ, ഖബറിടങ്ങൾ വേറെ. താഴെ വരുന്ന പ്രവാചക വചനം നാം ശ്രദ്ധിക്കുക:

(عَنْ عَائِشَةَ أُمِّ الْمُؤْمِنِينَ أَنَّ أُمَّ حَبِيبَةَ وَأُمَّ سَلَمَةَ ذَكَرَتَا كَنِيسَةً رَأَيْنَهَا بِالْحَبَشَةِ فِيهَا تَصَاوِيرُ فَذَكَرَتَا لِلنَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَقَالَ إِنَّ أُولَئِكَ إِذَا كَانَ فِيهِمُ الرَّجُلُ الصَّالِحُ فَمَاتَ بَنَوْا عَلَى قَبْرِهِ مَسْجِدًا وَصَوَّرُوا فِيهِ تِلْكَ الصُّوَرَ فَأُولَئِكَ شِرَارُ الْخَلْقِ عِنْدَ اللَّهِ يَوْمَ الْقِيَامَةِ ) (بخاري)

വിശ്വാസികളുടെ മാതാവായ ആയിശﷺവിൽ നിന്ന്, ഉമ്മുഹബീബﷺയും,ഉമ്മുസലമﷺയും അബ്സീനിയയിൽ കണ്ട ദേവാലയത്തെ സംബന്ധിച്ചും, അവിടെയുള്ള രൂപങ്ങളെ സംബന്ധിച്ചും നബിﷺക്ക് വിശദീകരിച്ച് കൊടുക്കുകയുണ്ടായി,ആ സമയം തിരുമേനിﷺപറഞ്ഞു:'തീർച്ചയായും അവർ അവരിലെ മഹത്തുക്കൾ മരണപ്പെട്ട് കഴിഞ്ഞാൽ അദ്ദേഹത്തിന്റെ ഖബറിടത്തിൽ പ

ള്ളികൾ പണിയാറുണ്ട്, അതിന്മേൽ അവരുടെ രൂപങ്ങൾ ഉണ്ടാക്കി വെക്കുകയും ചെയ്യും,അവസാന നാളിൽ ഇങ്ങനെയുള്ളവരാണ് സൃഷ്ടികളിൽ അല്ലാഹുവിന്റെയടുത്ത് ഏറ്റവും നിന്ദ്യരായവർ' (ബുഖാരി)

**ശാപ വിധേയർ...**

( أَنَّ عَائِشَةَ وَعَبْدَاللَّهِ بْنَ عَبَّاسٍ قَالَا لَمَّا نَزَلَ بِرَسُولِ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ طَفِقَ يَطْرَحُ خَمِيصَةً لَهُ عَلَى وَجْهِهِ فَإِذَا اغْتَمَّ بِهَا كَشَفَهَا عَنْ وَجْهِهِ فَقَالَ وَهُوَ كَذَلِكَ لَعْنَةُ اللَّهِ عَلَى الْيَهُودِ وَالنَّصَارَى اتَّخَذُوا قُبُورَ أَنْبِيَائِهِمْ مَسَاجِدَ يُحَذِّرُ مَا صَنَعُوا ) (بخاري)

ആയിശാﷺയും, അബ്ദുല്ലാ ഇബ്നു അബ്ബാസ്ﷺവും പറയുന്നു: 'റസൂലുല്ലാഹ്ﷺക്ക് ബോധക്ഷയമുണ്ടായപ്പോൾ തന്റെ മുഖത്ത് ഒരു വസ്ത്രം ഇട്ടിരുന്നു, ബോധം തെളിയുമ്പോൾ വസ്ത്രം മാറ്റുകയും ചെയ്തിരുന്നു, ഇങ്ങനെയുള്ള സന്ദർഭത്തിൽ തിരുദൂതർﷺ പറയുകയാണ്:'ജൂത ക്രൈസ്തവരിൽ അല്ലാഹുവിന്റെ ശാപമുണ്ടാവട്ടെ, അവർ അവരുടെ പ്രവാചകന്മാരുടെ ഖബറിടങ്ങളെ ആരാധനാലയങ്ങളാക്കിയിരിക്കുന്നു, അവർ ചെയ്തതിനെതിരെ താക്കീത് ചെയ്യുകയാണ്' (ബുഖാരി)

**പുണ്യമുള്ള യാത്ര...**

ലോകത്ത് പുണ്യം ആഗ്രഹിച്ച് കൊണ്ട് യാത്ര ചെയ്യാൻ അനുവദിക്കപ്പെട്ടിരിക്കുന്നത് മസ്ജിദുൽ ഹറാം, റസൂൽﷺയുടെ പള്ളി, മസ്ജിദുൽ അഖ്സ എന്നീ മൂന്ന് പള്ളികളിലേക്ക് മാത്രമാണ്. മറ്റൊരിടത്തേക്കും പുണ്യം ആഗ്രഹിച്ച് യാത്ര ചെയ്യാൻ പാ

ടില്ല. ഖബറിടം സന്ദർശിക്കാനായി യാത്ര പാടില്ലായെന്നാണ് പണ്ഡിതൻമാർ ജനങ്ങളെ പഠിപ്പിച്ചിരിക്കുന്നത്. പ്രവാചകൻﷺയുടെ ഖബർ സന്ദർശിക്കുവാനായി അവിടേക്ക് പോകാൻ പാടില്ല. മദീനയിലെ പള്ളിയിലേക്ക് പുണ്യം ആഗ്രഹിച്ച് യാത്ര ചെയ്യാം, അങ്ങിനെ അവിടെയെത്തിയാൽ പ്രവാചകൻﷺയുടെ ഖബറിടവും,മറ്റു സ്വഹാബാക്കളുടെ ഖബറിടങ്ങളും വിശ്വാസിക്ക് സന്ദർശിക്കാവുന്നതാണ്. എന്നാൽ ഖബർ സന്ദർശിക്കാനായി യാത്ര ചെയ്യുന്നത് ഇസ്‌ലാമികമല്ല.

( عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْه عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ لَا تُشَدُّ الرِّحَالُ إِلَّا إِلَى ثَلَاثَةِ مَسَاجِدَ الْمَسْجِدِ الْحَرَامِ وَمَسْجِدِ الرَّسُولِ صَلَّى اللَّه عَلَيْهِ وَسَلَّمَ وَمَسْجِدِ الْأَقْصَى ) (بخاري)

അബൂഹുറയ്റ﵁വിൽ നിന്ന്, നബിﷺപറയുകയുണ്ടായി:'മസ്ജിദുൽ ഹറാം,റസൂൽﷺയുടെ പള്ളി, മസ്ജിദുൽ അഖ്സാ എന്നീ മൂന്ന് പള്ളികളിലേക്കല്ലാതെ പുണ്യം ആഗ്രഹിച്ച്കൊണ്ടുള്ള യാത്ര പാടില്ല' (ബുഖാരി)

ഇമാം ഇബ്നു തീമിയ്യ: ﵀ തന്റെ ഫതാവയിൽ പറയുന്നു:

قال إبن تيمية ( أما السفر الى قبور الأنبياء والصالحين فهذا لم يكن موجودا في الإسلام في زمن الإمام مالك. وانما حدث هذا بعد القرون الثلاثة التي أثني عليها رسول الله صلى الله عليه وسلم فلم يكن ظاهرا ولكن بعدها ظهر الإفك والشرك. وقال: (ولهذا لما سئل الإمام مالك عن رجل نذر أن يأتي قبر النبي صلى الله عليه وسلم فقال: ( إن كان أراد المسجد فليأته وليصل فيه، وإن أراد القبر فلا، للحديث المتقدم (.... إلا إلى ثلاثة مساجد)

ഇമാം ഇബ്നുതീമിയ്യ:﵀പറയുന്നു:'പ്രവാചകൻമാരുടെയും,സ്വാ

ലിഹീങ്ങളുടെയും ഖബറിടങ്ങളിലേക്കുള്ള യാത്ര ഇമാം മാലിക് ﵀യുടെ കാലത്ത് ഇസ്‌ലാമിൽ ഉണ്ടായിരുന്നില്ല, റസൂലുല്ലാഹ്ﷺ പുകഴ്തിപ്പറഞ്ഞ ശ്രേഷ്ഠമാക്കപ്പെട്ട മൂന്ന് നൂറ്റാണ്ടുകൾക്ക് ശേഷം പുതുതായുണ്ടാവുകയും, ശിർക്കും, അനാചാരങ്ങളും പ്രകടമാവുകയും ചെയ്തു. വീണ്ടും പറയുകയാണ്: 'നബിﷺയുടെ ഖബറിലേക്ക് യാത്ര പുറപ്പെടാൻ നേർച്ചയാക്കിയ ഒരാളോട് ഇമാം മാലിക്﵀ പറയുകയാണ്:പള്ളി ഉദ്ദേശിച്ച്കൊണ്ടുള്ള യാത്രയാണെങ്കിൽ അവൻ വരുകയും, അവിടെ നമസ്കരിക്കുകയും ചെയ്യട്ടെ,ഖബർ ഉദ്ദേശിച്ചാണെങ്കിൽ വരാൻ പാടില്ല.കാരണം മുകളിൽ ഉദ്ധരിച്ച ഹദീഥ്:'മൂന്ന് പള്ളികളിലേക്കല്ലാതെ'(ഫതാവാ, ഇബ്നു തീമിയ്യ)

**കെട്ടിടവും, കുമ്മായവും...**

ഖബറുകൾ കെട്ടി ഉയർത്തുന്നതും, അതിന്മേൽ എടുപ്പുണ്ടാക്കുന്നതും, അത് കുമ്മായമിടുന്നതും റസൂലുല്ലാഹ്ﷺ വിരോധിച്ചിരിക്കുന്നു.

(عَنْ جَابِرٍ قَالَ نَهَى رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ أَنْ يُجَصَّصَ الْقَبْرُ وَأَنْ يُقْعَدَ عَلَيْهِ وَأَنْ يُبْنَى عَلَيْهِ ) (مسلم)

ജാബിർ﵁വിൽ നിന്ന്: അദ്ദേഹം പറയുകയുണ്ടായി: 'ഖബർ കുമ്മായമിടുന്നതും, അതിന്മേൽ ഇരിക്കുന്നതും, അതിന്മേൽ എടുപ്പുണ്ടാക്കുന്നതും റസൂലുല്ലാഹ്ﷺവിരോധിച്ചിരിക്കുന്നു'(മുസ്‌ലിം)

**ഇരിക്കാൻ പാടില്ല...**

( عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ لَأَنْ يَجْلِسَ أَحَدُكُمْ عَلَى جَمْرَةٍ فَتُحْرِقَ ثِيَابَهُ فَتَخْلُصَ إِلَى جِلْدِهِ خَيْرٌ لَهُ مِنْ أَنْ يَجْلِسَ عَلَى قَبْرٍ ) (مسلم)

അബൂഹുറയ്റ ﷺവിൽ നിന്ന്, റസൂലുല്ലാഹ്ﷺ പറഞ്ഞു: 'ഖബറിന്മേൽ ഇരിക്കുന്നതിനേക്കാൾ ഒരാൾക്ക് ഒരു തീ കട്ടയിൽ ഇരുന്ന് തന്റെ വസ്ത്രവും,തൊലിയും കത്തിപ്പോകുന്നതാണ് നല്ലത്' (മുസ്ലിം)

**എഴുതലും, ചവിട്ടലും...**

(عَنْ جَابِرٍ قَالَ نَهَى النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَنْ تُجَصَّصَ الْقُبُورُ وَأَنْ يُكْتَبَ عَلَيْهَا وَأَنْ يُبْنَى عَلَيْهَا وَأَنْ تُوطَأَ قَالَ أَبمو عِيسَى هَذَا حَدِيثٌ حَسَنٌ صَحِيحٌ) (الترمذي)

ജാബിർﷺവിൽ നിന്ന്: അദ്ദേഹം പറയുകയുണ്ടായി: 'ഖബർ കുമ്മായമിടുന്നതും, അതിന്മേൽ എഴുതുന്നതും, അതിന്മേൽ എടുപ്പുണ്ടാക്കുന്നതും,അതിൽ ചിവിട്ടുന്നതും റസൂലുല്ലാഹ്ﷺ വിരോധിച്ചിരിക്കുന്നു' ഇമാം തിർമിദി ഈ ഹദീഥ് ഹസനുൻ, സഹീഹുൻ ആണ് എന്ന് വ്യക്തമാക്കിയിരിക്കുന്നു. (തിർമിദി)

**തട്ടി നിരപ്പാക്കുക...**

ഖബറുകളിന്മേൽ കെട്ടിടമോ, പള്ളിയോ, ജാറമോ ഉണ്ടാക്കിയാൽ അത് തട്ടി നിരപ്പാക്കണമെന്നാണ് ഇസ്ലാമിന്റെ കൽപന. റസൂലുല്ലാഹ്ﷺ അലിﷺവിനോട് അതാണ് കൽപിച്ചിരിക്കുന്നത്. അലിﷺ ആ കൽപന അബൂൽ ഹയ്യാജിലേക്കും, മുസ്ലിം സമുദായത്തിലേക്കും കൈമാറിയതായി ഹദീഥുകളിൽ കാണാനാവും.

(عَنْ أَبِي الْهَيَّاجِ الْأَسَدِيِّ قَالَ قَالَ لِي عَلِيُّ بْنُ أَبِي طَالِبٍ أَلَّا أَبْعَثُكَ عَلَى مَا بَعَثَنِي عَلَيْهِ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَنْ لَا تَدَعَ تِمْثَالًا إِلَّا طَمَسْتَهُ وَلَا قَبْرًا مُشْرِفًا إِلَّا سَوَّيْتَهُ) (مسلم)

അബൂ ഹയ്യാജ് അൽ അസദിﷺവിൽ നിന്ന്, അദ്ദേഹം പറഞ്ഞു: ‘അലിയ്യുബ്നു അബൂത്വാലിബ് എന്നോട് പറയുകയുണ്ടായി, റസൂലുല്ലാഹ്ﷺ എന്നെ നിയോഗിച്ച ഒരു കാര്യത്തിന് താങ്കളെ ഞാൻ നിയോഗിക്കട്ടെയോ?ഒരു വിഗ്രഹത്തേയും നീ തകർക്കാതെ വിട്ടേക്കരുത്, ഉയർന്ന് നിൽക്കുന്ന ഒരു ഖബറും തട്ടി നിരപ്പാക്കാതെ വിടരുത്’ (മുസ്‌ലിം)

**ഖബറിലേക്ക് നമസ്കരിക്കുവാൻ പാടില്ല.**

( عَنْ أَبِي مَرْثَدٍ الْغَنَوِيِّ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْـهِ وَسَـلَّمَ لَا تَجْلِسُـوا عَلَى الْقُبُورِ وَلَا تُصَلُّوا إِلَيْهَا ) (مسلم)

അബൂമർഥദ് അൽ ഗ്വനവി പറയുന്നു: റസൂലുല്ലാഹ്ﷺ പറയുകയുണ്ടായി: ‘നിങ്ങൾ ഖബറിന്മേൽ ഇരിക്കരുത്, അതിലേക്ക് നമസ്കരിക്കുകയും ചെയ്യരുത്’ (മുസ്‌ലിം)

( عَنْ أَبِي سَعِيدٍ الْخُدْرِيِّ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْـهِ وَسَـلَّمَ الْأَرْضُ كُلُّهَـا مَسْجِدٌ إِلَّا الْمَقْبَرَةَ وَالْحَمَّامَ ) (الترمذي)

അബൂസഈദുൽ ഖുദ്‌രിﷺവിൽ നിന്ന്, അദ്ദേഹം പറഞ്ഞു: റസൂലുല്ലാഹ്ﷺ പറയുകയാണ്:‘ഭൂമി മുഴുവനും പള്ളികളാണ്, ഖബറിടങ്ങളും, കുളിപ്പുരകളും ഒഴിച്ച്’ (തിർമിദി)

**ഉത്സവങ്ങൾ...**

(عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَـلَّى اللَّهُ عَلَيْـهِ وَسَـلَّمَ لَا تَجْعَلُـوا بُيُـوتَكُمْ قُبُورًا وَلَا تَجْعَلُوا قَبْرِي عِيدًا وَصَلُّوا عَلَيَّ فَـإِنَّ صَـلَاتَكُمْ تَبْلُغُـنِي حَيْـثُ كُنْـتُمْ ) (أبوداود)

അബൂഹുറയ്റﷺവിൽ നിന്ന്, റസൂലുല്ലാഹ്ﷺ പറഞ്ഞു:‘നിങ്ങൾ നിങ്ങളുടെ വീടുകൾ ഖബറിടങ്ങളാക്കാതിരിക്കുക, എന്റെ ഖബറിനെ നിങ്ങൾ ഒരു ഉത്സവസ്ഥലമാക്കരുത്, എനിക്ക് വേണ്ടി നിങ്ങൾ സ്വലാത്ത് ചൊല്ലുക, നിങ്ങൾ എവിടെയായിരുന്നാലും നിങ്ങളുടെ സ്വലാത്ത് എനിക്ക് എത്തിക്കപ്പെടുന്നതാണ്’(അബൂദാവൂദ്)

**വിളക്ക് കത്തിക്കൽ...**

(عَنِ ابْنِ عَبَّاسٍ قَالَ لَعَنَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ زَائِرَاتِ الْقُبُورِ وَالْمُتَّخِذِينَ عَلَيْهَا الْمَسَاجِدَ وَالسُّرُجَ ) (الترمذي)

ഇബ്നു അബ്ബാസ്ﷺവിൽ നിന്ന്, അദ്ദേഹം പറയുകയുണ്ടായി: ‘ഖബറിടം സന്ദർശിക്കുന്ന സ്ത്രീകളെയും, അതിന്മേൽ പള്ളികളുണ്ടാക്കുന്നവരെയും, അതിൽ വിളക്ക് കൊളുത്തുന്നവരെയും അല്ലാഹുവിൻെ റസൂൽﷺ ശപിച്ചിരിക്കുന്നു’ (തിർമിദി)

**ബലിയറുക്കൽ...**

(قُلْ إِنَّ صَلَاتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلَّهِ رَبِّ الْعَالَمِينَ(١٦٢)لَا شَرِيكَ لَهُ وَبِذَلِكَ أُمِرْتُ وَأَنَا أَوَّلُ الْمُسْلِمِينَ) (الأنعام: ١٦٣)

"പറയുക: തീർച്ചയായും എന്റെ പ്രാർത്ഥനയും, എന്റെ ആരാധനാകർമ്മങ്ങളും, എന്റെ ജീവിതവും, എന്റെ മരണവും ലോക രക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു.അവന്ന് പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. (അവന്ന്) കീഴ്പെടുന്നവരിൽ ഞാൻ ഒന്നാമനാണ്.’ (അൻആം: 162,163)

ഈ ആയത്തിനെ വിശദീകരിച്ച് കൊണ്ട് ഇമാം ഇബ്നുകഥീർ ﵀ തന്റെ തഫ്സീറിൽ കാര്യങ്ങൾ കൃത്യമായി വിശദീകരിക്കുന്നുണ്ട്. ആവശ്യമുള്ളവർ അത് കാണുക.

(عَنْ أَبِي الطُّفَيْلِ قَالَ قُلْنَا لِعَلِيِّ بْنِ أَبِي طَالِبٍ أَخْبِرْنَا بِشَيْءٍ أَسَرَّهُ إِلَيْكَ رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ فَقَالَ مَا أَسَرَّ إِلَيَّ شَيْئًا كَتَمَهُ النَّاسَ وَلَكِنِّي سَمِعْتُهُ يَقُولُ لَعَنَ اللَّهُ مَنْ ذَبَحَ لِغَيْرِ اللَّهِ وَلَعَنَ اللَّهُ مَنْ آوَى مُحْدِثًا وَلَعَنَ اللَّهُ مَنْ لَعَنَ وَالِدَيْهِ وَلَعَنَ اللَّهُ مَنْ غَيَّرَ الْمَنَارَ ) (مسلم)

അബൂത്വുഫൈൽﷺ പറഞ്ഞു: 'ഞങ്ങൾ അലിയ്യുബ്നു അബൂ ത്വാലിബിനോട് പറയുകയുണ്ടായി.റസൂൽﷺ താങ്കളോട് രഹസ്യ മായ വല്ല കാര്യവുമുണ്ടെങ്കിൽ അറിയിച്ച് തന്നാലും. അപ്പോൾ അദ്ദേഹം പറയുകയുണ്ടായി: ജനങ്ങളോട് മറച്ച് വെച്ച് എന്നോ ട് രഹസ്യമായി തിരുമേനി ഒന്നും തന്നെ പറഞ്ഞിട്ടില്ല, പക്ഷേ, തിരുദൂതർ പറയുന്നതായി ഞാൻ കേൾക്കുകയുണ്ടായി. 'അല്ലാ ഹുവല്ലാത്തവർക്ക് ബലിയറുത്തവനെ അല്ലാഹു ശപിച്ചിരിക്കു ന്നു, ബിദ്അത്തുകൾ ചെയ്തവർക്ക് അഭയം നൽകിയവനെയും അല്ലാഹു ശപിച്ചിരിക്കുന്നു, മാതാപിതാക്കളെ ശപിച്ചവനെയും അ ല്ലാഹു ശപിച്ചിരിക്കുന്നു, അതിരുകളെ മാറ്റി മറിച്ചവനെയും അ ല്ലാഹു ശപിച്ചിരിക്കുന്നു' (മുസ്ലിം)

## പ്രവാചകൻﷺയുടെ പേരിലുള്ള സ്വലാത്ത്

മനുഷ്യർക്ക് ദൈവിക മാർഗദർശനം എത്തിച്ച് കൊടുക്കു വാനായി അല്ലാഹു തെരഞ്ഞെടുക്കുന്നവരാണ് പ്രവാചകന്മാർ. മനുഷ്യരിൽ ഉത്തമരും,അല്ലാഹുവിനെ കൂടുതൽ ഭയപ്പെടുന്നവ

രുമായിരിക്കും പ്രവാചകന്മാർ. ഹദീസുകളുടെ വെളിച്ചത്തിൽ ഏകദേശം ഒരു ലക്ഷത്തിൽ പരം നബിമാരും, മുന്നൂറ്റി ചില്ലാനം റസൂലുകളും ഈ ഭൂമിയിലേക്ക് നിയോഗിതരായിട്ടുണ്ടെന്ന് നമുക്ക് മനസിലാക്കാം. ഇതിൽ ഉലുൽഅസ്മുകൾ എന്ന പേരിൽ അറിയപ്പെടുന്ന നൂഹ്, ഇബ്രാഹിം, മൂസാ, ഈസാ, മുഹമ്മദ് ﷺ എന്നീ അഞ്ച് പ്രവാചകന്മാരാണ് ഏറ്റവും ശ്രേഷ്ഠരായിട്ടുള്ളത്. അതിൽ തന്നെ ഏറ്റവും ശ്രേഷ്ഠരായത് അവസാന പ്രവാചകനായ മുഹമ്മദ്ﷺയാകുന്നു. പ്രവാചകന്മാരുടെ പേരുകൾ കേൾക്കുമ്പോൾ അവർക്ക് അല്ലാഹുവിന്റെ സമാധാനം ലഭിക്കുവാനായി അല്ലാഹുവിനോട് പ്രാർത്ഥിക്കേണ്ടതുണ്ട്. ഈ കൊച്ചു ലഘുലേഖയിൽ അവസാന പ്രവാചകനായ മുഹമ്മദ്ﷺയുടെ പേരിൽ സ്വലാത്തും സലാമും ചൊല്ലുന്നതിനെ സംബന്ധിച്ചാണ് വിശദീകരിക്കുന്നത്. അല്ലാഹു അത് വിവരിക്കുവാൻ തൗഫീഖ് നൽകുമാറാവട്ടെ. ആമീൻ.

**സ്വലാത്ത് ചൊല്ലുന്നതിന്റെ വിധി...**

പ്രവാചകൻﷺയുടെ പേരിൽ സ്വലാത്തും, സലാമും ചൊല്ലൽ നിർബ്ബന്ധമാണോ,സുന്നത്താണോയെന്ന കാര്യത്തിൽപണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായ പ്രകാരം പ്രവാചകൻﷺയുടെ പേര് കേൾക്കുമ്പോൾ സ്വലാത്ത് ചൊല്ലൽ നിർബ്ബന്ധമാണെന്നാണ്. നമസ്കാരത്തിന്റെ റുക്നുകളിൽ പെട്ടതാണല്ലോ അവസാന തശഹ്ഹുദിൽ പ്രവാചകൻﷺയുടെ പേരിൽ സ്വലാത്ത് ചൊല്ലുകയെന്നത്.പ്രവാചകൻﷺയുടെ പേര് കേൾക്കുമ്പോൾ സ്വലാത്ത് ചൊല്ലണം എന്നതിനുള്ള തെളിവ്: അല്ലാഹു പറയുന്നു:

(إِنَّ اللَّهَ وَمَلَائِكَتَهُ يُصَلُّونَ عَلَى النَّبِيِّ يَاأَيُّهَا الَّذِينَ آمَنُوا صَلُّوا عَلَيْهِ وَسَلِّمُوا تَسْلِيمًا) (الأحزاب: ٥٦)

'തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിﷺയുടെ പേരിൽ സ്വലാത്ത്(കാരുണ്യം കാണിക്കുന്നു) ചൊല്ലുന്നു,സത്യവിശ്വാസികളെ, നിങ്ങൾ അദ്ദേഹത്തിന്റെ മേൽ സ്വലാത്ത്(അല്ലാഹുവിന്റെ കാരുണ്യവും ശാന്തിയുമുണ്ടാവാൻ പ്രാർത്ഥിക്കുക) ചൊല്ലുക' (അഹ്സാബ്:56)

ഈ ആയത്തിൽ നിന്ന് ഗ്രഹിക്കുവാൻ കഴിയുന്നത് പ്രവാചകൻﷺയുടെ പേരിൽ സ്വലാത്ത് ചൊല്ലൽ നിർബ്ബന്ധമാണെന്നാണ്. പ്രവാചകൻﷺയുടെ പേര് കേട്ടിട്ട് സ്വലാത്ത് ചൊല്ലാത്തവൻ നശിച്ചവനാണെന്ന് പ്രവാചകൻﷺപ്രസ്താവിക്കുന്ന ഹദീസും നമുക്ക് കാണാനാവും.

(عَنْ أَبِي هُرَيْرَةَ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: رَغِمَ أَنْفُ رَجُلٍ ذُكِرْتُ عِنْدَهُ فَلَمْ يُصَلِّ عَلَيَّ) (أحمد وترمذي وقال حسن)

അബൂഹുറയ്റ(റ)വിൽ നിന്ന്, തിരുമേനിﷺ പറയുകയുണ്ടായി:'ഒരു വ്യക്തിയുടെ അടുത്ത് എന്റെ പേര് പറയപ്പെട്ടിട്ട് എന്റെ പേരിൽ സ്വലാത്ത് ചൊല്ലാത്തവൻ നിന്ദ്യനാകുന്നു'(അഹ്മദ്,തിർമിദി)

**സ്വലാത്തിന്റെ രൂപം...**

വിശുദ്ധഖുർആനിലെ നേരത്തെ നാം വിശദീകരിച്ച ആയത്ത് ഇറങ്ങിയപ്പോൾ പല സ്വഹാബികളും തിരുമേനിയുടെ അടുത്ത് ചെന്ന് കൊണ്ട് ചോദിക്കുകയാണ്: തിരുദൂതരെ, അങ്ങയുടെ മേൽ സലാം ചൊല്ലേണ്ടത് എങ്ങിനെയെന്ന് ഞങ്ങൾക്കറി

യാം, എന്നാൽ താങ്കളുടെ പേരിൽ എങ്ങിനെയാണ് സ്വലാത്ത് ചൊല്ലേണ്ടത്? അപ്പോൾ തിരുമേനിﷺപറയുകയുണ്ടായി:

( قَالَ: قُولُوا: اللَّهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا صَلَّيْتَ عَلَى إِبْـرَاهِيمَ وَعَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيـدٌ اللَّهُـمَّ بَـارِكْ عَلَى مُحَمَّـدٍ وَعَلَى آلِ مُحَمَّـدٍ كَمَـا بَارَكْـتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ ) (بخاري)

അർത്ഥം: 'അല്ലാഹുവെ ഇബ്റാഹീം നബിക്കും അദ്ദേഹത്തിന്റെ കുടുംബത്തിനും നീ കരുണ ചെയ്തത്പോലെ മുഹമ്മദ് നബിﷺക്കും അദ്ദേഹത്തിന്റെ കുടുംബത്തിനും നീ കരുണ ചൊരിയേണമേ.നീ സ്തുത്യർഹനും ഔദാര്യവാനുമാണ്. അല്ലാഹുവേ ഇബ്രാഹീം നബിക്കും അദ്ദേഹത്തിന്റെ കുടുംബത്തിനും നീ അനുഗ്രഹം ചൊരിഞ്ഞതുപോലെ മുഹമ്മദ് നബിക്കും അദ്ദേഹത്തിന്റെ കുടുംബത്തിനും നീ അനുഗ്രഹം ചൊരിയേണമേ. നീ സ്തുത്യർഹനും ഔദാര്യവാനുമാണല്ലോ?' (ബുഖാരി).

പ്രവാചകന്റെ പേരിലുള്ള സ്വലാത്തിന് ഏകദേശം ഒൻപതോളം രൂപങ്ങൾ സ്വഹീഹായ ഹദീസുകളിൽ കാണാവുന്നതാണ്. ഹദീസുകളിൽ സ്വഹീഹായി വന്ന രൂപങ്ങളിൽ ഏത് രൂപവും ചൊല്ലാവുന്നതാണ്.

**സ്വലാത്തിന്റെ ശ്രേഷ്ഠതകൾ...**

1- അബൂഹുറയ്റرضي الله عنه പറയുന്നു: തിരുമേനിﷺ പറഞ്ഞിരിക്കുന്നു:

( مَنْ صَلَّى عَلَيَّ وَاحِدَةً صَلَّى اللَّهُ عَلَيْهِ عَشْرًا) (مسلم)

'ആരെങ്കിലും എന്റെ പേരിൽ ഒരു സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അവന്റെ പേരിൽ പത്ത് സ്വലാത്ത് ചൊല്ലുന്നതാണ്' (മുസ്ലിം)

2– എവിടെ നിന്ന് പ്രവാചകന്റെ പേരിൽ സ്വലാത്ത് ചൊല്ലിയാലും അത് പ്രവാചകന് എത്തിച്ച് കൊടുക്കുവാൻ അല്ലാഹു മലക്കുകളെ നിയമിച്ചിരിക്കുന്നു. തിരുമേനിﷺ പറയുന്നു:

( إِنَّ لِلَّهِ مَلاَئِكَةً سَيَّاحِينَ فِي الأَرْضِ يُبَلِّغُونِي مِنْ أُمَّتِي السَّلاَمَ)     (صحيح رواه النسائي)

'അല്ലാഹുവിന് ഭൂമിയിൽ ചുറ്റി സഞ്ചരിച്ച് കൊണ്ടിരിക്കുന്ന മലക്കുകളുണ്ട്, അവർ എന്റെ സമുദായത്തിൽ നിന്നുള്ള സലാം എനിക്ക് എത്തിച്ച് തരുന്നു' (നസാഇ)

3– തിരുമേനിﷺയുടെ പേരിൽ ഒരു സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അവന് പത്ത് നന്മകൾ നൽകുകയും, പത്ത് തിന്മകൾ മായ്ച്ച് കളയുകയും ചെയ്യുന്നതാണ്. തിരുമേനിﷺ അരുളുന്നു:

( مَنْ صَلَّى عَلَيَّ صَلاَةً وَاحِدَةً صَلَّى اللَّهُ عَلَيْهِ عَشْرَ صَلَوَاتٍ وَحُطَّتْ عَنْهُ عَشْرُ خَطِيئَاتٍ وَرُفِعَتْ لَهُ عَشْرُ دَرَجَاتٍ) (النسائي)

'ആരെങ്കിലും എന്റെ പേരിൽ ഒരു സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അവന്റെ പേരിൽ പത്ത് സ്വലാത്ത് ചൊല്ലുന്നതാണ്. അവനിൽ നിന്ന് പത്ത് തിന്മകൾ മായ്ച്ച് കളയുകയും, അവന് പത്ത് പദവികൾ ഉയർത്തി കൊടുക്കുകയും ചെയ്യുന്നതാണ്' (നസാഇ)

4– പിശുക്കിൽ നിന്നും രക്ഷ നേടാം.തിരുമേനിﷺഅരുളുന്നു:

( الْبَخِيلُ مَنْ ذُكِرْتُ عِنْدَهُ ثُمَّ لَمْ يُصَلِّ عَلَيَّ) (أحمد)

'പിശുക്കൻ എന്ന് പറഞ്ഞാൽ എന്റെ പേര് പറയപ്പെട്ടിട്ട് എന്റെ പേരിൽ സ്വലാത്ത് ചൊല്ലാത്തവനാകുന്നു' (അഹ്മദ്)

**ചൊല്ലേണ്ട സ്ഥലങ്ങൾ...**

പ്രവാചകന്റെ പേരിൽ അനേകം സ്ഥലങ്ങളിൽ സ്വലാത്ത് ചൊല്ലുവാൻ നിയമമാക്കിയിട്ടുണ്ട്.

1– നമസ്കാരത്തിൽ അവസാന തശഹ്ഹുദിൽ.

2– മയ്യത്ത് നമസ്കാരത്തിൽ രണ്ടാമത്തെ തക്ബീറിന് ശേഷം.

3– വെള്ളിയാഴ്ച ദിവസം. തിരുനബിﷺ പറഞ്ഞു:

( إِنَّ مِنْ أَفْضَلِ أَيَّامِكُمْ يَوْمَ الْجُمُعَةِ فِيهِ خُلِقَ آدَمُ وَفِيهِ قُبِضَ وَفِيهِ النَّفْخَةُ وَفِيهِ الصَّعْقَةُ فَأَكْثِرُوا عَلَيَّ مِنَ الصَّلاَةِ فِيهِ) (أحمد)

'നിങ്ങളുടെ ദിവസങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായത് വെള്ളിയാഴ്ച ദിനമാകുന്നു. ആ ദിവസമാണ് ആദം നബി<sup></sup>ﷺ സൃഷ്ടിക്കപ്പെട്ടതും, മരിച്ചതും, ഈ ദിവസം തന്നെയാണ് കാഹളത്തിൽ ഊതലും, സൃഷ്ടികളെല്ലാം നശിക്കുന്നതും, അതുകൊണ്ട് തന്നെ ആ ദിവസം നിങ്ങളെന്റെ പേരിൽ സ്വലാത്ത് ചൊല്ലുന്നത് അധികരിപ്പിക്കുക' (അഹ്മദ്)

4– ബാങ്കിന് ഉത്തരം നൽകിയതിന് ശേഷം: തിരുനബിﷺ പറയുന്നു:

(عَنْ عَبْدِ اللَّهِ بْنِ عَمْرِو بْنِ الْعَاصِ أَنَّهُ سَمِعَ النَّبِيَّ صَلَّى اللَّه عَلَيْهِ وَسَلَّمَ يَقُولُ : إِذَا سَمِعْتُمُ الْمُؤَذِّنَ فَقُولُوا مِثْلَ مَا يَقُولُ ثُمَّ صَلُّوا عَلَيَّ فَإِنَّهُ مَنْ صَلَّى عَلَيَّ صَلاَةً صَلَّى اللَّهُ عَلَيْهِ بِهَا عَشْرًا، ثُمَّ سَلُوا اللَّهَ لِي الْوَسِيلَةَ فَإِنَّهَا مَنْزِلَةٌ فِي الْجَنَّةِ لاَ تَنْبَغِي إِلاَّ لِعَبْدٍ مِنْ عِبَادِ اللَّهِ وَأَرْجُو أَنْ أَكُونَ أَنَا هُوَ فَمَنْ سَأَلَ لِي الْوَسِيلَةَ حَلَّتْ لَهُ الشَّفَاعَةُ) (مسلم)

അബ്ദുല്ലാഇബ്നു അംറുബ്നുൽ ആസിൽ നിന്ന്, പ്രവാചകൻ ﷺ പറയുന്നതായി അദ്ദേഹം കേട്ടു:'മുഅദ്ദിൻ ബാങ്ക് കൊടുക്കുന്നത് കേട്ടാൽ അദ്ദേഹം പറയുന്നത്പോലെ നിങ്ങളും പറയുക. പിന്നെ എന്റെ പേരിൽ നിങ്ങൾ സ്വലാത്ത് ചൊല്ലുക. കാരണം ആരെങ്കിലും എന്റെ പേരിൽ ഒരു സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അവന് പത്ത് നന്മകൾ നൽകുന്നതാണ്. എനിക്ക് വേണ്ടി അല്ലാഹുവിനോട് വസീലയെ ചോദിക്കുക. തീർച്ചയായും അത് സ്വർഗത്തിലെ ഒരു പദവിയാകുന്നു. ആ സ്ഥാനം അല്ലാഹുവിന്റെ ഒരു അടിമക്ക് ലഭിക്കുന്നതാണ്, അത് ഞാനായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരെങ്കിലും എനിക്ക് വേണ്ടി വസീലയെ ചോദിച്ചാൽ അവന് പരലോകത്ത് (അല്ലാഹുവിന്റെ അനുമതിയോടെ) എന്റെ ശഫാഅത്ത് ലഭിക്കുന്നതാണ്' (മുസ്ലിം)

5- പള്ളിയിലേക്ക് പ്രവേശിക്കുമ്പോഴും, പുറത്ത് വരുമ്പോഴും:

عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: إِذَا دَخَلَ أَحَدُكُمُ الْمَسْجِدَ فَلْيُسَلِّمْ عَلَى النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ وَلْيَقُلِ اللَّهُمَّ افْتَحْ لِي أَبْوَابَ رَحْمَتِكَ وَإِذَا خَرَجَ فَلْيُسَلِّمْ عَلَى النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ وَلْيَقُلِ اللَّهُمَّ اعْصِمْنِي مِنَ الشَّيْطَانِ الرَّجِيمِ (صحيح ، إبن ماجه)

അബൂഹുറയ്റ ﷺ വിൽ നിന്ന്, പ്രവാചകൻ ﷺ പറയുകയുണ്ടായി: 'നിങ്ങളാരെങ്കിലും പള്ളിയിൽ പ്രവേശിച്ചാൽ പ്രവാചകൻ ﷺ യുടെ പേരിൽ സ്വലാത്ത് ചൊല്ലിയതിന് ശേഷം അല്ലാഹുവെ, നീ എനിക്ക് നിന്റെ അനുഗ്രഹത്തിന്റെ വാതിൽ തുറന്ന് തരേണമേ യെന്ന് പ്രാർത്ഥിക്കുക. ആരെങ്കിലും പള്ളിയിൽനിന്ന് പുറത്ത് പോവുകയാണെങ്കിൽ തിരുമേനി ﷺ യുടെ പേരിൽ സ്വലാത്ത് ചൊല്ലിയതിന് ശേഷം അല്ലാഹുവെ എന്നെ നീ ആട്ടിയോടിക്ക

പ്പെട്ട പിശാചിൽ നിന്നും സംരക്ഷിക്കേണമേയെന്നും പ്രാർത്ഥിക്കുക' (ഇബ്നുമാജ)

6- മുസ്‌ലീംകൾ ഒരുമിച്ച് കൂടുമ്പോൾ ആ സദസ്സിൽ പ്രവാചകന്റെ പേരിൽ സ്വലാത്ത് ചൊല്ലണം.

( عَنْ أَبِي هُرَيْرَةَ رَضِي اللَّه عَنْه عَنِ النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: مَا جَلَسَ قَوْمٌ مَجْلِسًا لَمْ يَذْكُرُوا اللَّهَ فِيهِ وَلَمْ يُصَلُّوا عَلَى نَبِيِّهِمْ إِلاَّ كَانَ عَلَيْهِمْ تِرَةً فَإِنْ شَاءَ عَذَّبَهُمْ وَإِنْ شَاءَ غَفَرَ لَهُمْ ) (صحيح رواه الترمذي)

അബൂഹുറയ്റﷺവിൽ നിന്ന്, പ്രവാചകൻﷺ പറയുകയുണ്ടായി: 'ഒരു സമൂഹം ഒരുമിച്ച്കൂടിയിട്ട് ആ സദസ്സിൽവെച്ച് അല്ലാഹുവിനെ ഓർക്കാതിരിക്കുകയും, അവരുടെ പ്രവാചകന്റെ പേരിൽ സ്വലാത്ത് ചൊല്ലാതിരിക്കുകയും ചെയ്താൽ അതവർക്ക് നഷ്ടമാകാതിരിക്കില്ല.അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ അവരെ ശിക്ഷിക്കും, അവൻ ഉദ്ദേശിക്കുകയാണെങ്കിൽ അവർക്ക് പൊറുത്തു കൊടുക്കുകയും ചെയ്യുന്നതാണ്' (തിർമിദി)

7- പ്രവാചകൻﷺയുടെ പേര് കേൾക്കുമ്പോൾ.

തിരുമേനിﷺ പറയുന്നു:

( الْبَخِيلُ مَنْ ذُكِرْتُ عِنْدَهُ ثُمَّ لَمْ يُصَلِّ عَلَيَّ) (أحمد)

'പിശുക്കൻ എന്ന് പറഞ്ഞാൽ എന്റെ പേര് പറയപ്പെട്ടിട്ട് എന്റെ പേരിൽ സ്വലാത്ത് ചൊല്ലാത്തവനാകുന്നു' (അഹ്മദ്)

8- രാവിലെയും വൈകുന്നേരവും. തിരുമേനിﷺ പറയുന്നു:

(من صلى عليَّ حين يصبحُ عشراً، وحينَ يمسي عشراً أدّركته شفاعتي يوم القيامة) (حسن رواه الطبراني)

‘ആരെങ്കിലും എന്റെ പേരിൽ രാവിലെയും,വൈകുന്നേരവും പ ത്ത് വീതം സ്വലാത്ത് ചൊല്ലുകയാണെങ്കിൽ പരലേകത്ത് അവ ന് (അല്ലാഹുവിന്റെ അനുമതിയോടെ) എന്റെ ശുപാർശ ലഭിക്കു ന്നതാണ്’ (ത്വബ്റാനി)

9– അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നതിന്റെ മുമ്പ്.

റസൂലുല്ലാഹ്ﷺ പറയുന്നു:

عنْ فَضَالَةَ بْنَ عُبَيْدٍ يَقُولُ سَمِعَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ رَجُلاً يَدْعُو فِي صَلاَتِهِ فَلَمْ يُصَلِّ عَلَى النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ، فَقَالَ النَّبِيُّ صَلَّى اللَّه عَلَيْهِ وَسَلَّمَ: عَجِلَ هَذَا، ثُمَّ دَعَاهُ فَقَالَ: لَهُ أَوْ لِغَيْرِهِ إِذَا صَلَّى أَحَدُكُمْ فَلْيَبْدَأْ بِتَحْمِيدِ اللَّهِ وَالثَّنَاءِ عَلَيْهِ ثُمَّ لْيُصَلِّ عَلَى النَّبِيِّ صَلَّى اللَّه عَلَيْهِ وَسَلَّمَ ثُمَّ لْيَدْعُ بَعْدُ بِمَا شَاءَ ) (ترمذي)

ഫളാലത്ബ്നു ഉബൈദില്ലാഹ് പറയുകയാണ്, ഒരാൾ തന്റെ നമ സ്കാരത്തിൽ പ്രാർത്ഥിക്കുന്നതായി തിരുമേനിﷺ കേൾക്കുക യുണ്ടായി, അദ്ദേഹം പ്രവാചകതിരുമേനിﷺയുടെ പേരിൽ സ്വ ലാത്ത് ചൊല്ലിയിരുന്നില്ല. അപ്പോൾ തിരുമേനിﷺ പറഞ്ഞു: അ ദ്ദേഹം ധൃതി കാണിക്കുകയുണ്ടായി.എന്നിട്ട് അദ്ദേഹത്തെ വിളി ക്കുകയും, അദ്ദേഹത്തോട് അല്ലെങ്കിൽ മറ്റുള്ളവരോട് ഇങ്ങനെ പറയുകയും ചെയ്തു: ‘ആരെങ്കിലും നമസ്കരിക്കുകയാണെങ്കി ൽ അല്ലാഹുവിനുള്ള സ്തുതിയോടെ തുടങ്ങുകയും, അവനെ പുകഴ്ത്തുകയും ചെയ്യുക, പിന്നെ പ്രവാചകൻﷺയുടെ പേരിൽ സ്വലാത്ത് ചൊല്ലുകയും, അതിന് ശേഷം അവൻ ഉദ്ദേശിക്കുന്ന ത് പ്രാർത്ഥിക്കുകയും ചെയ്യട്ടെ’ (തിർമിദി).

പ്രവാചകൻﷺയുടെ പേരിൽ സ്വലാത്തും സലാമും ചൊല്ലു ന്നത് വളരെ പുണ്യം കിട്ടുന്ന സൽകർമ്മമാകുന്നു. ഒരു സ്വലാ

ത്തിന് അല്ലാഹു നമുക്ക് പത്ത് ഗുണം നൽകുന്നുവെന്ന ഹദീസിന്റെ അടിസ്ഥാനത്തിൽ നാം മനസിലാക്കി. അത്കൊണ്ട് തന്നെ എപ്പോഴും തിരുനബിﷺയുടെ പേരിൽ സ്വലാത്ത് ചൊല്ലണം. അതിന് പ്രത്യേക സമയവും രൂപവും നമ്മുടെ വക ഉണ്ടാക്കുവാൻ പാടില്ല. നമ്മുടെ നാട്ടിൽ കാണുന്ന രൂപത്തിൽ എല്ലാവരും കൂട്ടം കൂടിയിരുന്ന് ഉറക്കെ ചൊല്ലുവാൻ പാടില്ല.കാരണം തിരുനബിﷺയോ,സ്വഹാബികളോ അങ്ങിനെ ചൊല്ലിയതായി ഹദീസുകളിൽ നമുക്ക് കാണാൻ സാധ്യമല്ല തന്നെ. സ്വഹീഹായ ഹദീസുകളിൽ വന്ന രൂപങ്ങൾ മാത്രം നാം ചൊല്ലുക. അതല്ലാതെ യാതൊരുവിധ മേൽ വിലാസവുമില്ലാത്ത സ്വലാത്ത് നാരിയ, കഞ്ചുൽ അർഷ്, അഹ്ളമു സ്വലാത്ത്, താജു സ്വലാത്ത് തുടങ്ങിയ സ്വലാത്തുകളൊന്നും ഒരു മുസ്ലിമും ചൊല്ലാൻ പാടില്ല. കാരണമതിന് ഇസ്‌ലാമികപ്രമാണങ്ങളിൽ യാതൊരു അടിസ്ഥാനവുമില്ല. അതുപോലെ സ്വലാത്ത് മജ്‌ലിസുകളും, സ്വലാത്ത് യോഗങ്ങളും, സ്വലാത്ത് വാർഷികവും നാം നടത്തുവാൻ പാടില്ല.കാരണം പ്രവാചകൻﷺയോ സ്വഹാബികളോ അങ്ങിനെ സംഘടിപ്പിച്ചിട്ടില്ല. അത്കൊണ്ട് തന്നെ നാമും അത് സംഘടിപ്പിക്കുവാൻ പാടില്ല. സ്വലാത്ത്, നടക്കുമ്പോഴും കിടക്കുമ്പോഴും മറ്റു സന്ദർങ്ങളിലും ചൊല്ലാവുന്നതാണ്. നമ്മുടെ പ്രവാചകﷺന്റെ പേരിൽ സ്വലാത്ത് ചൊല്ലുവാൻ ആർക്കും തന്നെ നാം പണം കൊടുക്കുവാനും പാടില്ല. അല്ലാഹു അവൻ ഇഷ്ടപ്പെടുന്ന രൂപത്തിൽ, പ്രവാചകൻﷺ പഠിപ്പിച്ച രൂപത്തിൽ അദ്ദേഹത്തിന്റെ പേരിൽ സ്വലാത്ത് ചൊല്ലുവാനും, അങ്ങിനെ സ്വലാത്ത് ചൊല്ലുന്നവരുടെ കൂട്ടത്തിൽ പെടുവാനും അല്ലാഹു അനുഗ്രഹം നൽകട്ടെ.

## പ്രബോധനം നമ്മുടെ ബാധ്യത

അല്ലാഹു അവന്റെ മതം കാലാകാലങ്ങളിൽ ദൈവിക ദൂതൻമാരിലൂടെ ജനങ്ങളിലേക്ക് എത്തിച്ചിട്ടുണ്ട്. അങ്ങിനെ ഏകദേശം ഒരു ലക്ഷത്തിൽ പരം പ്രവാചകൻമാർ ഈ ഭൂമിയിലൂടെ കടന്ന് പോയി.ആ പ്രവാചക ശൃംഖലക്ക് അല്ലാഹു മുഹമ്മദ്ﷺയിലൂടെ പരിസമാപ്തി കുറിക്കുകയുണ്ടായി. ഇനി ഒരു പ്രവാചക നിയോഗമുണ്ടാവില്ല. അതിനാൽ തന്നെ അവസാന നാൾ വരെയുള്ളവർക്ക് മുഹമ്മദ്ﷺ പ്രവാചകനാണ്. ആ പ്രവാചകൻﷺ വഫാത്തായിപോയി. അതിനുശേഷം ഇസ്‌ലാം എന്ന സത്യത്തെ വരും തലമുറകൾക്ക് എത്തിച്ച്കൊടുക്കേണ്ട ബാധ്യത അത് മനസിലാക്കിയവരുടേതാണ്. അറിഞ്ഞവർ അറിയാത്തവർക്ക് എത്തിച്ച് കൊടുക്കണം. പ്രബോധനം മുഴുവനാളുകളുടെയും ബാധ്യതയാണ്.ഒരോരുത്തർക്കും അവരവരെക്കൊണ്ട് സാധിക്കുന്ന രൂപത്തിൽ പ്രബോധനത്തിൽ പങ്കാളികളാവണം.അതാണ് സൂറത്തുൽ നസ്‌റിൽ അല്ലാഹു നമ്മെ പഠിപ്പിക്കുന്നത്.

(وَالْعَصْرِ *إِنَّ الإِنسَانَ لَفِي خُسْرٍ * إِلاَّ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ وَتَوَاصَوْا بِالْحَقِّ وَتَوَاصَوْا بِالصَّبْرِ)

‘കാലം തന്നെയാണ് സത്യം,തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു; വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും, സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ.’ (അൽഅസ്ർ: 1–3 )

വിശ്വസിക്കുക,സൽകർമ്മങ്ങൾ അനുഷ്ടിക്കുക,സത്യം കൊണ്ടുപദേശിക്കുകയും, അതിന്റെ മാർഗത്തിൽ വരുന്ന ബുദ്ധിമുട്ടുകളിലും പ്രയാസങ്ങളിലും ക്ഷമയവലംബിക്കുക തുടങ്ങിയ

നാല് വിശേഷണങ്ങൾ ജീവിതത്തിൽ പാലിക്കാത്തവർ തീരാ ന ഷ്ടത്തിലാണ്. ഈ സൂറത്ത് ഒന്ന് മനസ്സിരുത്തി വായിക്കുന്ന ഏ തൊരാൾക്കും ദഅ്‌വത്ത് തന്റെ ബാധ്യതയാണെന്ന് മനസിലാ ക്കാൻ യാതൊരു പ്രയാസവും ഉണ്ടായിരിക്കുകയില്ല.

(وَلْتَكُنْ مِنْكُمْ أُمَّةٌ يَدْعُونَ إِلَى الْخَيْرِ وَيَأْمُرُونَ بِالْمَعْرُوفِ وَيَنْهَوْنَ عَنِ الْمُنْكَرِ وَأُولَئِكَ هُمُ الْمُفْلِحُونَ) (آل عمران: ١٠٤)

'നൻമയിലേക്ക് ക്ഷണിക്കുകയും, സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽ നിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ.' (ആ ലു ഇംറാൻ: 104).

**ഉപദേശം പ്രവർത്തിക്കുന്നവനെപ്പോലെ...**

പ്രവാചകൻﷺ നമ്മോട് പ്രബോധനത്തിന്റെ പ്രാധാന്യം പഠി പ്പിക്കുന്നത് നാം കാണുക:

وقال صلى الله عليه وسلم: (من دلَّ على خير فله مثل أجر فاعله) [مسلم].

പ്രവാചകൻﷺ പറഞ്ഞു: 'ആരെങ്കിലും ഒരു നൻമ സൂചിപ്പിച്ചാൽ അവന് അത് ചെയ്തവനുള്ളത് പോലെ പ്രതിഫലം ലഭിക്കുന്ന താണ്' (മുസ്‌ലിം)

പ്രബോധകന് വളരെ ഉയർന്ന പ്രതിഫലമാണ് അല്ലാഹു വാ ഗ്ദാനം ചെയ്തിരിക്കുന്നത്. പ്രവാചക തിരുമേനിﷺ പറയുന്നു:

( من دعا إلى هدى كان له من الأجر مثل أجور من تبعه ، لا ينقص ذلك من أجورهم شيئاً ، ومن دعا إلى ضلاله كان عليه من ألإثم مثل آثام من تبعه ، لا ينقص ذلك من آثامهم شيئاً ) [ رواه مسلم ]

‘ആരെങ്കിലും ഒരു നന്മയിലേക്ക് ക്ഷണിക്കുകയാണെങ്കിൽ അതിന്റെ പ്രതിഫലവും അത് പിൻപറ്റിയവരുടെ പ്രതിഫലവും അവന് ലഭിക്കും, പിൻപറ്റപ്പെട്ടവരുടെ പ്രതിഫലത്തിൽ നിന്ന് ഒട്ടും കുറയാതെ, ആരെങ്കിലും ഒരു തിന്മയിലേക്ക് ക്ഷണിക്കുകയാണെങ്കിൽ അതിന്റെ ശിക്ഷയും, അത് പിൻപറ്റിയവരുടെ ശിക്ഷയും അവന് ലഭിക്കും, പിൻപറ്റപ്പെട്ടവരുടെ ശിക്ഷയിൽ നിന്ന് ഒട്ടും കുറയാതെ’ (മുസ്ലിം)

തിരുമേനിﷺ പറയുന്ന ഒരു ഹദീസുകൂടി കാണുക:

( فوالله لان يهدي الله بك رجلاً وأحداً خير لك من أن يكون لك حمر النعم )

[متفق عليه ]

‘അല്ലാഹു തന്നെയാണ് സത്യം; നീ മുഖേന ആരെങ്കിലും സന്മാർഗത്തിലായാൽ അതാണ് നിനക്ക് ഒരു ചുവന്ന ഒട്ടകം ലഭിക്കുന്നതിനേക്കാൾ ഉത്തമം’ (ബുഖാരി, മുസ്ലിം)

**ഏറ്റവും നല്ല വർത്തമാനം...**

{ومن أحسن قولاً ممن دعا إلى الله وعمل صالحًا وقال إنني من المسلمين}

[فصلت: ٣٣].

‘അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ‘തീർച്ചയായും ഞാൻ മുസ്ലീംകളുടെ കൂട്ടത്തിലാകുന്നു’ എന്ന് പറയുകയും ചെയ്തവനേക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്?’ (ഹാമീം- സജദ: 33)

**ഉദ്ദേശം ശരിയാക്കുക...**

ഏതൊരു കാര്യത്തിനും തന്റെ മനസ്സ് ശുദ്ധീകരിക്കൽ അനിവാര്യമാണ്. പ്രബോധനത്തിന്റെയും ലക്ഷ്യം പരലോക മോക്ഷമായിരിക്കണം.

قال رسول الله صلى الله عليه وسلم: (إنما الأعمال بالنيات، وإنما لكل امـرئ مـا نـوى [متفق عليه].

തിരുമേനിﷺ പറഞ്ഞു:'കർമ്മങ്ങളുടെ സ്വീകാര്യത ഉദ്ധേശങ്ങൾക്കനുസരിച്ചാണ്, എല്ലാവർക്കും അവർ ഉദ്ധേശിച്ചതേ ലഭ്യമാവുകയുള്ളൂ' (മുത്തഫഖുൻ അലൈഹി)

عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: مَنْ تَعَلَّمَ عِلْمًا مِمَّـا يُبْـتَغَى بِـهِ وَجْهُ اللَّهِ عَزَّ وَجَلَّ لاَ يَتَعَلَّمُهُ إِلاَّ لِيُصِيبَ بِهِ عَرَضًا مِنَ الدُّنْيَا لَمْ يَجِـدْ عَـرْفَ الْجَنَّـةِ يَـوْمَ الْقِيَامَةِ يَعْنِي رِيحَهَا ) [ صحيح ] أخرجه أبو داود / كتاب العلم / باب طلب العلم لغـير الله / رقم ٣١٧٩ / وابن ماجة ، كتاب المقدمة / باب الانتفاع بالعلم والعمل به / رقم ٢٤٨ / وصححه الألباني في صحيح الترغيب والترهيب / رقم ١-٩٩ .

അബൂഹുറയ്റ(റ)വിൽ നിന്ന് നിവേദനം: തിരുമേനിﷺ പറഞ്ഞു: 'അല്ലാഹുവിന്റെ പ്രീതി മാത്രം ഉദ്ദേശിച്ച്കൊണ്ട് പഠിക്കേണ്ട വിജ്ഞാനം ആരെങ്കിലും ഇഹലോക നേട്ടത്തിനായി പഠിക്കുകയാണെങ്കിൽ അവന് സ്വർഗത്തിന്റെ പരിമളം ആസ്വദിക്കുവാൻ കഴിയുകയില്ല' (അബൂദാവൂദ്)

**വിജ്ഞാനത്തോടെ, സദുപദേശത്തോടെ...**

താൻ പഠിച്ച കാര്യങ്ങൾ ജീവിതത്തിൽ പകർത്തിയതിന് ശേഷം അത് മറ്റുള്ളവർക്ക് സദുപദേശത്തോടെ എത്തിച്ച് കൊടുക്കണം.

(ادْعُ إِلَى سَبِيلِ رَبِّكَ بِالْحِكْمَةِ وَالْمَوْعِظَةِ الْحَسَنَةِ وَجَادِلْهُمْ بِالَّتِي هِيَ أَحْسَنُ إِنَّ رَبَّكَ هُوَ أَعْلَمُ بِمَنْ ضَلَّ عَنْ سَبِيلِهِ وَهُوَ أَعْلَمُ بِالْمُهْتَدِينَ)(النحل - ١٢٥)

'യുക്തിദീക്ഷയോടുകൂടിയും, സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് നീ ക്ഷണിച്ച് കൊള്ളുക. ഏറ്റവും നല്ല രീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക. തീർച്ചയായും നിന്റെ രക്ഷിതാവ് തന്റെ മാർഗം വിട്ട് പിഴച്ചുപോയവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനത്രേ.സന്മാർഗം പ്രാപിച്ചവരെപ്പറ്റിയും അവൻ നല്ലവണ്ണം അറിയുന്നവനത്രേ' (നഹ്ൽ:125)

(وَلْتَكُنْ مِنْكُمْ أُمَّةٌ يَدْعُونَ إِلَى الْخَيْرِ وَيَأْمُرُونَ بِالْمَعْرُوفِ وَيَنْهَوْنَ عَنِ الْمُنْكَرِ وَأُولَئِكَ هُمُ الْمُفْلِحُونَ)(١٠٤)وَلَا تَكُونُوا كَالَّذِينَ تَفَرَّقُوا وَاخْتَلَفُوا مِنْ بَعْدِ مَا جَاءَهُمُ الْبَيِّنَاتُ وَأُولَئِكَ لَهُمْ عَذَابٌ عَظِيمٌ)( آل عمران - ١٠٥)

'നന്മയിലേക്ക് ക്ഷണിക്കുകയും, സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽ നിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ. വ്യക്തമായ തെളിവുകൾ വന്നുകിട്ടിയതിന് ശേഷം പല കക്ഷികളായി പിരിഞ്ഞ് ഭിന്നിച്ചവരെപ്പോലെ നിങ്ങളാകരുത്. അവർക്കാണ് കടുത്ത ശിക്ഷയുള്ളത്' (ആലുഇംറാൻ - 104 -105)

**മാതൃകയാവുക...**

പഠിച്ചവ കൃത്യമായി ജീവിതത്തിൽ പ്രാവർത്തികമാക്കിയതിന് ശേഷം മറ്റുള്ളവർക്ക് എത്തിച്ച്കൊടുക്കണം. പഠിച്ചവ ജീവിതത്തിൽ പകർത്താതെ മറ്റുള്ളവരെ ഉപദേശിക്കുവാൻ നമുക്കർഹതയില്ല.

{أتأمرون الناس بالبر وتنسون أنفسكم وأنـتم تتلـون الكتـاب أفـلا تعقلـون}
[البقرة: ٤٤].

(നിങ്ങൾ ജനങ്ങളോട് നൻമ കൽപിക്കുകയും നിങ്ങളുടെ സ്വന്തം കാര്യത്തിൽ(അത്)മറന്നുകളയുകയുമാണോ? നിങ്ങൾ വേദ ഗ്രന്ഥം പാരായണം ചെയ്തുകൊണ്ടിരിക്കുന്നുവല്ലോ. നിങ്ങളെന്താണ് ചിന്തിക്കാത്തത്?) (അൽബഖറ: 44)

ഇസ്‌ലാമിലേക്ക് ജനങ്ങളെ ക്ഷണിക്കുന്ന പ്രബോധകനിൽ അടിസ്ഥാനപരമായി ഉണ്ടായിരിക്കേണ്ട ചില ഗുണങ്ങളുണ്ട്. പ്രവാചകന്മാരിലും, സ്വഹാബികളിലുമുണ്ടായിരുന്ന അത്തരം ഗുണങ്ങളെ മനസ്സിരുത്തി ഉൾകൊള്ളാൻ ഒരു പ്രബോധകൻ ശ്രദ്ധിച്ചിരിക്കണം.സത്യത്തിലേക്ക് ക്ഷണിക്കപ്പെടുന്നവൻ, അതിലേക്ക് ക്ഷണിക്കുന്നവരിലേക്ക് നോക്കുക സ്വാഭാവികമാണ്. അതുകൊണ്ട് തന്നെ പ്രബോധകനെപ്പോഴും സ്വയം വിചാരണ നടത്തേണ്ടവനും ജാഗ്രതയോടെ ജീവിക്കേണ്ടവനുമാണ്. പ്രബോധന രംഗത്ത് സജീവമായി നിലകൊള്ളുന്ന ഏതൊരാളിലും ഉണ്ടാവേണ്ട ചില സദ്ഗുണങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ് ചുവടെ.

**അവസരങ്ങൾ പ്രയോജനപ്പെടുത്തുക...**

താൻ പഠിച്ച ആശയങ്ങൾ പ്രചരിപ്പിക്കുവാനുള്ള അവസരങ്ങൾ എവിടെ വെച്ച് ലഭിച്ചാലും അത് പ്രയോജനപ്പെടുത്തുകയെന്നത് വിശ്വാസിയുടെ ഉത്തമ ഗുണത്തിൽ പെട്ടതാണ്. അതാണ് പ്രവാചകൻﷺയുടെ മാതൃകയിൽ നിന്ന് നമുക്ക് ലഭിക്കുന്നത്. ആശുപത്രികളും, ജയിലുകളും സന്ദർശിക്കുന്ന വേളകളിൽ പോലും തന്റെ ഉത്തരവാദിത്വ നിർവ്വഹണം നടത്തണം. അതാണ് യൂസുഫ് നബി(عليه السلام)യുടെ ചരിത്രത്തിൽ നിന്നും വിശ്വാസികൾ

ക്കുള്ള ഗുണപാഠം. അതുപോലെ പ്രവാചകൻ ഒരു രോഗിയെ സന്ദർശിച്ചപ്പോൾ ചെയ്യുന്നത് നാം കാണുക.

كان هناك غلام يهودي يخدم النبي صلى الله عليه وسلم، فمرض الغلام يومًا فذهب إليه النبي صلى الله عليه وسلم يزوره، فقعد عند رأسه، وقال له: (أسلم). فنظر الغلام إلى أبيه، فقال له أبوه: أطع أبا القاسم. فأسرع الغلام قائلا: أشهد أن لا إله إلا الله، وأن محمدًا رسول الله. فخرج النبي صلى الله عليه وسلم فرحًا مسرورًا بإسلام الغلام، وهو يقول: (الحمد لله الذي أنقذه بي من النار) [البخاري].

ജൂതനായ ഒരു കുട്ടി പ്രവാചകൻﷺക്ക് സേവനം ചെയ്തിരുന്നു, ആ കുട്ടി രോഗബാധിതനായപ്പോൾ ഒരു ദിവസം നബിﷺ അവനെ സന്ദർശിക്കുവാനായി ചെല്ലുകയുണ്ടായി. കുട്ടിയുടെ തലഭാഗത്ത് ഇരുന്നുകൊണ്ട് പറയുകയുണ്ടായി: നീ മുസ്ലിമാവുക. കുട്ടി തന്റെ പിതാവിന്റെ മുഖത്തേക്ക് നോക്കികൊണ്ടിരുന്നപ്പോൾ, പിതാവ് കുട്ടിയോട് പറഞ്ഞു: അബുൽഖാസിമിനെ അനുസരിക്കുക. കുട്ടി പെട്ടെന്ന് 'അല്ലാഹുവല്ലാതെ ആരാധനക്കർഹിനില്ലായെന്നും, മുഹമ്മദ്ﷺ അല്ലാഹുവിന്റെ ദൂതനുമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു'വെന്ന് പറഞ്ഞു. കുട്ടിയുടെ ഇസ്ലാം സ്വീകരണത്തിൽ നബിﷺ വളരെ സന്തോഷത്തോടെ ആനന്ദത്തോടെ അവിടെ നിന്നും പുറത്തിറങ്ങിക്കൊണ്ട് പറയുകയുണ്ടായി: 'അവനെ നരകത്തിൽ നിന്നും രക്ഷിച്ച അല്ലാഹുവിന് സർവ്വസ്തുതിയും' (ബുഖാരി)

**ദൃഢമായ വിശ്വാസം...**

അടിസ്ഥാനപരമായ പ്രബോധന വിഷയങ്ങളെ സംബന്ധിച്ച് മുകളിൽ പറഞ്ഞ ഒരു പ്രബോധകൻ ജനങ്ങളെ ക്ഷണിക്കുന്ന

പ്രസ്തുത വിഷയത്തിൽ ദൃഢമായ വിശ്വാസം ഉള്ളവനായിരിക്കണം. സംശയ രഹിതമായ ആശയങ്ങളുടെ പ്രബോധനത്തിലേ പക്വതയും ധീരതയും ഗുണകാംക്ഷയും കാണിക്കാൻ ഒരാൾക്കാവൂ. യഹ്‌യാ പ്രവാചകനോട് അല്ലാഹു പറയുന്നു: (يَايَحْيَى خُذْ الْكِتَابَ بِقُوَّةٍ) 'ഓ, യഹ്‌യാ വേദഗ്രന്ഥം ബലമായി സ്വീകരിച്ചു കൊള്ളുക' (മർയം: 12)

തൗഹീദീ പ്രബോധനരംഗത്ത് റസൂലുല്ലാഹിﷺ സഹിച്ച ത്യാഗങ്ങളേറെയാണ്. ഈ സന്ദർഭത്തിൽ പ്രവാചകൻﷺകാണിച്ച ദൃഢ മനസ്കത അതുല്ല്യമായിരുന്നു. ഹദീസുകളിൽ നിന്ന് നമുക്കത് മനസ്സിലാക്കാനാവും. തന്റെ പ്രബോധനം നിറുത്തിവെക്കണമെന്ന് ഖുറൈശികൾ പ്രവാചകനോﷺട് ആവശ്യപ്പെട്ടപ്പോൾ തിരുമേനിﷺ പറയുന്നു:

(أترون هذه الشمس؟ قالوا :نعم . قال ما أنا بأقدر على أن أدع لكم ذلك، على أن تستشعلوا لي منها شعلة ) رواه الهيثمي و أبو يعلى .

'സൂര്യനെ നിങ്ങൾ കാണുന്നില്ലേ? അവർ പറഞ്ഞു: അതെ, കത്തി ജ്വലിക്കുന്ന സൂര്യനിൽ നിന്നും നിങ്ങൾ ഒരോ കഷ്ണം എന്റെ മേൽ വീഴ്ത്തിയാലും ഈ കാര്യം ഉപേക്ഷിക്കുവാൻ എനിക്ക് കഴിയില്ല'

**സ്വയം ശുദ്ധിയാവുക...**

പ്രബോധന ദൗത്യം ഏൽപിക്കപ്പെടുന്ന പ്രഥമ വേളയിൽ റസൂലിനോട് അല്ലാഹു നിർദ്ദേശിക്കുന്ന ചില ഉപദേശങ്ങളുണ്ട്. സൂറത്തുൽ മുദ്ദസ്സിറിന്റെ ആദ്യ ഭാഗത്ത് അതിങ്ങനെ കാണാം:

يَاأَيُّهَا الْمُدَّثِّرُ * قُمْ فَأَنذِرْ * وَرَبَّكَ فَكَبِّرْ * وَثِيَابَكَ فَطَهِّرْ * وَالرُّجْزَ فَاهْجُرْ * وَلَا تَمْنُنْ تَسْتَكْثِرُ * وَلِرَبِّكَ فَاصْبِرْ)(سورة المدثر:١-٧)

'ഹേ, പുതുച്ചു മൂടിയവനേ, എഴുന്നേറ്റു (ജനങ്ങളെ) താക്കീതു ചെയ്യുക. നിന്റെ രക്ഷിതാവിനെ മഹത്വപ്പെടുത്തുകയും, നിന്റെ വസ്ത്രങ്ങൾ ശുദ്ധിയാക്കുകയും, പാപം വെടിയുകയും ചെയ്യുക. കൂടുതൽ നേട്ടം കൊതിച്ചുകൊണ്ട് നീ ഔദാര്യം ചെയ്യരുത്. നിന്റെ രക്ഷിതാവിനു വേണ്ടി നീ ക്ഷമ കൈകൊള്ളുക' (മുദ്ദഥ്ഥിർ :1-7)

**പ്രാർത്ഥനാ നിരതനാവുക...**

പ്രബോധന പ്രവർത്തനങ്ങളിൽ അല്ലാഹുവിന്റെ തൗഫീഖിനും, സഹായത്തിനുമായി സദാ പ്രാർത്ഥിക്കുന്നവനാവണം ഒരു ദാഇൗ. ആത്മാർത്ഥത(ഇഖ്ലാസ്) അല്ലാഹുവിന് മാത്രമാക്കുകയും, ഇബാദത്തുകളും ദിക്റുകളും അധികരിപ്പിക്കുകയും റബ്ബുമായി അടുക്കാനുപകരിക്കുന്ന സൽകർമ്മങ്ങളുമായി ബന്ധപ്പെടുകയും ചെയ്യുന്ന ഒരു വിശ്വാസിക്ക് പടച്ചവന്റെ സഹായം സുനിശ്ചിതമാണ്. ഒരു ഖുദ്സിയായ ഹദീസ് ശ്രദ്ധിക്കുക.

( وما يزال عبدي يتقرب إلى بالنوافل حتى أحبه، فإذا أحببته ، كنت سمعه الذي يسمع به، وبصره الذي يبصر به، ويده التي يبطش بها ورجله التي يمشي بها ، وإن سألني لأعطينه ، ولئن استعاذ بي لأعيذنه .....) [رواه البخاري] .

'ഒരു അടിമ സുന്നത്തായ കാര്യങ്ങൾ കൊണ്ട് എന്നിലേക്ക് അടുക്കുകയാണെങ്കിൽ ഞാനവനെ ഇഷ്ടപ്പെടും, ഞാനവനെ ഇഷ്ടപ്പെടുകയാണെങ്കിൽ അവൻ കേൾക്കുന്ന കാതും, അവൻ കാണുന്ന കണ്ണും, അവൻ പ്രവർത്തിക്കുന്ന കൈയ്യും, അവൻ നട

ക്കുന്ന കാലും ഞാനാകും, അവൻ എന്നോട് ചോദിച്ചാൽ ഞാനവന് നൽകും, അവൻ എന്നോട് അഭയം തേടിയാൽ ഞാനവന് അഭയം നൽകും' (ബുഖാരി)

**അറിവ് ആർജ്ജിക്കുക...**

പ്രബോധന വിഷയങ്ങളെ സംബന്ധിച്ച പരമാവധി അറിവ് ഒരു ദാഇക്ക് വേണ്ടതാണ്. ജനങ്ങൾക്ക് കിട്ടേണ്ടത് സംശയമില്ലാത്ത ദീനി വിജ്ഞാനമാണ്. അതു പകർന്നുകൊടുക്കാനാവുന്ന അറിവുനേടാൻ അയാൾ ശ്രമിച്ചിരിക്കണം. അറിവില്ലായ്മ തന്നിലും സമൂഹത്തിലുമുണ്ടാക്കിയേക്കാവുന്ന വിപത്തുകൾ വളരെ ഭീകരമായിരിക്കും. അല്ലാഹു പ്രവാചകനെ പ്രബോധനത്തിന് പ്രേരിപ്പിക്കുന്നത് കാണുക:

(قُلْ هَذِهِ سَبِيلِي أَدْعُو إِلَى اللَّهِ عَلَى بَصِيرَةٍ أَنَا وَمَنْ اتَّبَعَنِي) (سورة يوسف - ١٠٨)

'(നബിയെ),പറയുക:ഇതാണ് എന്റെ മാർഗം. ദൃഢബോധത്തോടു കൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും' (യൂസുഫ്:108)

തന്റെ അടിമകളിലാർക്കെങ്കിലും നന്മ ചൊരിയാനുദ്ദേശിച്ചാൽ അല്ലാഹു അവന് ദീനിൽ ജ്ഞാന വർദ്ദനവുണ്ടാക്കും എന്ന പ്രവാചക വചനം നാമെപ്പോഴും ഓർത്തിരിക്കണം.

**അറിവ് ജീവിതത്തിൽ പകർത്തുക...**

മനസ്സിലാക്കിയ കാര്യങ്ങൾ പ്രവർത്തിക്കാനും, ജീവിതത്തിൽ മാറ്റം വരുത്താനും പ്രബോധകൻ ശ്രദ്ധിച്ചിരിക്കണം. പഠിച്ചതിനനുസരിച്ച് പ്രവർത്തിക്കാത്ത പ്രബോധകന്റെ ജീവിതത്തിൽ യാതൊരു നന്മയുമില്ല. പ്രബോധകന്മാർ നേരിടുന്ന ഏറ്റവും വ

ലിയ അപകടം അറിവിനെയും പ്രവർത്തനത്തെയും വേർപ്പെടുത്തി എന്നതാണ്. അല്ലാഹു പറയുന്നു:

(يَاأَيُّهَا الَّذِينَ آمَنُوا لِمَ تَقُولُونَ مَا لَا تَفْعَلُونَ(٢)كَبُرَ مَقْتًا عِنْدَ اللَّهِ أَنْ تَقُولُوا مَا لَا تَفْعَلُونَ)(سورة الصف- ٢-٣)

'സത്യവിശ്വാസികളെ, നിങ്ങൾ ചെയ്യാത്തതെന്തിന് നിങ്ങൾ പറയുന്നു? നിങ്ങൾ ചെയ്യാത്തത് നിങ്ങൾ പറയുക എന്നുള്ളത് അല്ലാഹുവിങ്കൽ വലിയ ക്രോധത്തിനു കാരണമായിരിക്കുന്നു' (സ്വഫ്ഫ്: 2-3) താഴെ വരുന്ന ഹദീസ് ശ്രദ്ധിക്കുക.

(يؤتى بالرجل يوم القيامة ، فيلقى في النار ، فتندلق أقتاب بطنه ، فيدور بها كما يدور الحمار في الرحا ، فيجتمع إليه أهل النار فيقولون : يا فلان مالك؟ ألم تكن تأمر بالمعروف وتنهى عن المنكر ؟ فيقول بلى ، كنت آمر بالمعروف و لا آتيه وأنهى عن المنكر وآتيه) [متفق عليه].

'അവസാന നാളിൽ ഒരാളെ കൊണ്ട്വരും, അവനെ നരകത്തിൽ വലിച്ചെറിയുന്നതാണ്. അദ്ദേഹത്തിന്റെ കുടൽമാലകൾ പുറത്ത് ചാടിയിരിക്കും, ആസുകൽ കിടന്ന് തിരിയുന്നത് പോലെ അവൻ കിടന്ന് തിരിഞ്ഞ് കൊണ്ടിരിക്കും. നരകത്തിലുള്ള ആളുകൾ അദ്ദേഹത്തിന് ചുറ്റും കൂടിയിരുന്നുകൊണ്ട് അവനോട് ചോദിക്കും: അല്ലയോ മനുഷ്യാ നീ നന്മ കൽപിക്കുകയും, തിന്മ വിരോധിക്കുകയും ചെയ്തിരുന്നില്ലേ? അവൻ പറയും:അതേ. ഞാൻ നന്മ കൽപിച്ചിരുന്നു പക്ഷേ, ഞാനത് ചെയ്തിരുന്നില്ല, ഞാൻ തിന്മ വിരോധിച്ചിരുന്നു പക്ഷേ,ഞാനത് ചെയ്യുകയും ചെയ്തിരുന്നു' (ബുഖാരി, മുസ്ലിം)

عَنْ أَبِي هُرَيْرَةَ ﷺ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ إِذَا مَاتَ الإِنْسَانُ انْقَطَعَ عَنْهُ عَمَلُهُ إِلاَّ مِنْ ثَلاَثَةٍ إِلاَّ مِنْ صَدَقَةٍ جَارِيَةٍ أَوْ عِلْمٍ يُنْتَفَعُ بِهِ أَوْ وَلَدٍ صَالِحٍ يَدْعُو لَهُ) [ صحيح ] أخرجه مسلم / كتاب الوصية / باب ما يلحق الإنسان من الثواب بعد موته / رقم ٣٠٨٤ .

അബൂഹുറയ്റ ﷺ വിൽ നിന്ന്: പ്രവാചകൻ ﷺ പറഞ്ഞു:'ഒരാൾ മരിച്ച് കഴിഞ്ഞാൽ അവന്റെ പ്രവർത്തനങ്ങളെല്ലാം മുറിഞ്ഞ് പോയി, മൂന്ന് കാര്യങ്ങൾ ഒഴിച്ച്. മുറിഞ്ഞ് പോകാത്ത സ്വദഖകൾ, ഉപകാരപ്പെടുന്ന വിജ്ഞാനം, അവന് വേണ്ടി പ്രാർത്ഥിക്കുന്ന സ്വാലിഹായ സന്താനം എന്നിവയാണത്' (മുസ്ലിം– 3084)

( مَثَلُ العَالِمِ الَّذِي يُعَلِّمُ النَّاسَ الخَيْرَ وَيَنْسَى نَفْسَهُ، كَمَثَلِ السِّرَاجِ، يُضِيءُ لِلنَّاسِ وَيَحْرِقُ نَفْسَهُ ) [ صحيح ] أخرجه الطبراني في الكبير/ رقم ٢-١٦٨١ / وصححه الألباني في صحيح الجامع / رقم ٢-٥٨٣١ .

'ജനങ്ങളെ പഠിപ്പിക്കുകയും, സ്വന്തത്തെ മറക്കുകയും ചെയ്യുന്ന അധ്യാപകൻ ജനങ്ങൾക്ക് പ്രകാശം നൽകുകയും സ്വയം കത്തുകയും ചെയ്യുന്ന ഒരു വിളക്കിനെ പോലെയാകുന്നു' (ത്വബ്റാനി)

**പ്രബോധന പരിസരം...**

പ്രബോധന വിഷയങ്ങളെപ്പറ്റി എന്നപോലെത്തന്നെ പ്രബോധന പരിസരത്തെപ്പറ്റിയും ഒരു ദാഇക്ക് അറിവുണ്ടായിരിക്കണം. അതിൽ പ്രബോധിതരാണ്. ഭിന്ന വിശ്വാസക്കാരും, ചിന്തകരും, സ്വഭാവക്കാരുമായിരിക്കും അവർ. ഇവിടെ പ്രവാചകന്മാർ സ്വീകരിച്ച പ്രബോധന ശൈലിയാവണം ദാഇയും തെരഞ്ഞെടുക്കേ

ണ്ടത്. അറിവ് പകർന്ന് കൊടുക്കുന്ന അധ്യാപകന്റെ, ഗുണകാംക്ഷ നിറഞ്ഞ ഉപദേശകന്റെ, സത്യം സ്ഥാപിക്കേണ്ട സംവാദകന്റെ റോളുകൾ സന്ദർഭാനുസൃതം സ്വീകരിക്കുവാൻ പ്രബോധകനാവണം. അല്ലാഹു പ്രവാചകനോട് പറയുന്നു:

(ادْعُ إِلَى سَبِيلِ رَبِّكَ بِالْحِكْمَةِ وَالْمَوْعِظَةِ الْحَسَنَةِ وَجَادِلْهُمْ بِالَّتِي هِيَ أَحْسَنُ إِنَّ رَبَّكَ هُوَ أَعْلَمُ بِمَنْ ضَلَّ عَنْ سَبِيلِهِ وَهُوَ أَعْلَمُ بِالْمُهْتَدِينَ)(النحل - ١٢٥)

'യുക്തിദീക്ഷയോടുകൂടിയും, സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് നീ ക്ഷണിച്ച് കൊള്ളുക. ഏറ്റവും നല്ല രീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക. തീർച്ചയായും നിന്റെ രക്ഷിതാവ് തന്റെ മാർഗം വിട്ട് പിഴച്ചു പോയവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനത്രെ. സന്മാർഗം പ്രാപിച്ചവരെപ്പറ്റിയും അവൻ നല്ലവണ്ണം അറിയുന്നവനത്രെ' (നഹ്ൽ – 125)

**സൽസ്വഭാവിയായിരിക്കുക...**

വിശ്വാസിയിലുണ്ടാവേണ്ട പ്രധാനപ്പെട്ട ഗുണങ്ങളിലൊന്നാണ് സൽസ്വഭാവം. റസൂലുല്ലായെപ്പറ്റി അല്ലാഹു വിശുദ്ധഖുർആനിൽ വിശേഷിപ്പിക്കുന്നത് കാണുക:

(وَإِنَّكَ لَعَلى خُلُقٍ عَظِيمٍ) (سورة القلم-٤)

'തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു' (ഖലം:4)

പ്രബോധിതനോട് കാണിക്കുന്ന മാന്യമായ പെരുമാറ്റവും സൽസ്വഭാവവും അവനിൽ കാര്യമായ മാറ്റമുണ്ടാക്കും. പ്രബോധന രംഗത്തെ പ്രവാചകന്റെ വിജയം ഏതേതു കാരണത്താലായിരന്നു എന്ന് വ്യക്തമാക്കുന്ന ഖുർആൻ സൂക്തം കാണുക:

(فَبِمَا رَحْمَةٍ مِنْ اللَّهِ لِنْتَ لَهُمْ وَلَوْ كُنْتَ فَظًّا غَلِيظَ الْقَلْبِ لَانْفَضُّوا مِنْ حَوْلِكَ فَاعْفُ عَنْهُمْ وَاسْتَغْفِرْ لَهُمْ وَشَاوِرْهُمْ فِي الْأَمْرِ فَإِذَا عَزَمْتَ فَتَوَكَّلْ عَلَى اللَّهِ إِنَّ اللَّهَ يُحِبُّ الْمُتَوَكِّلِينَ) (سورة آل عمران:١٥٩)

'(നബിയെ), അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരുഷ സ്വഭാവിയും കഠിന ഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽ നിന്നും അവർ പിരിഞ്ഞ് പോയികളയുമായിരുന്നു. ആകയാൽ നീ അവർക്കു മാപ്പു കൊടുക്കുകയും, അവർക്കുവേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളിൽ നീ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ നീ ഒരു തീരുമാനമെടുത്തു കഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപിക്കുക.തന്നിൽ ഭരമേൽപിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നതാണ്' (ആലുഇംറാൻ: 159)

ഇവിടെ സൂചിപ്പിച്ചിരിക്കുന്ന സുപ്രധാനമായ സ്വഭാവങ്ങൾ ഇവയാണ്:

1- സൗമ്യമായ സ്വഭാവം.
2- വിട്ടുവീഴ്ചാ മന:സ്ഥിതി.
3- സഹപ്രവർത്തകരുമായുള്ള കൂടിയാലോചന.
4- അല്ലാഹുവിലുള്ള തവക്കുൽ.

**സത്യസന്ധത...**

പ്രബോധകനുണ്ടാവേണ്ട ഒരു ഗുണമാണ് സത്യസന്ധത. അല്ലാഹു പറയുന്നു:

(يَا أَيُّهَا الَّذِينَ آمَنُواْ اتَّقُواْ اللّهَ وَكُونُواْ مَعَ الصَّادِقِينَ) (التوبة:١١٩)

'സത്യവിശ്വാസികളെ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, സത്യവാന്മാരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യുക' (തൗബ :119)

وقال ﷺ: «عَلَيْكُمْ بِالصِّدْقِ؛ فَإِنَّ الصِّدْقَ يَهْدِي إِلَى الْبِرِّ، وَإِنَّ الْبِرَّ يَهْدِي إِلَى الْجَنَّةِ، وَمَا يَزَالُ الرَّجُلُ يَصْدُقُ وَيَتَحَرَّى الصِّدْقَ حَتَّى يُكْتَبَ عِنْدَ اللَّهِ صِدِّيقًا، وَإِيَّاكُمْ وَالْكَذِبَ؛ فَإِنَّ الْكَذِبَ يَهْدِي إِلَى الْفُجُورِ، وَإِنَّ الْفُجُورَ يَهْدِي إِلَى النَّارِ، وَمَا يَزَالُ الرَّجُلُ يَكْذِبُ وَيَتَحَرَّى الْكَذِبَ حَتَّى يُكْتَبَ عِنْدَ اللَّهِ كَذَّابًا» رواه البخاري في صحيحه –مع الفتح-: ١٠/٥٠٧ برقم (٦٠٩٤)، ومسلم: ٤/٢٠١٢ برقم (٢٦٠٧).

പ്രവാചകൻ പറയുന്നു: (നിങ്ങൾ സത്യം പറയുക; കാരണം സത്യ സന്ധത പുണ്യത്തിലേക്കാണ് വഴി നടത്തുക, പുണ്യം സ്വർഗത്തിലേക്കുമാണ് സന്മാർഗം കാണിക്കുക, അങ്ങിനെ ഒരാൾ സത്യം പറയുവാനും, അതിന്‌വേണ്ടി പരിശ്രമിക്കുകയും ചെയ്താൽ അല്ലാഹുവിന്റെയടുത്ത് അവൻ സത്യസന്ധനാണെന്ന് രേഖപ്പെടുത്തുന്നതാണ്;നിങ്ങൾ കളവിനെ സൂക്ഷിക്കുക. കാരണം കളവ് തെമ്മാടിത്തത്തിലേക്കാണ് വഴി നടത്തുക, തെമ്മാടിത്തം നരകത്തിലേക്കും, ഒരാൾ കളവ് പറയുകയും, അതിന്‌വേണ്ടി പരിശ്രമിക്കുകയും ചെയ്താൽ അവനെ അല്ലാഹുവിന്റെയടുത്ത് പെരും കള്ളൻ എന്ന് രേഖപ്പെടുത്തുന്നതാണ്)

**കാരുണ്യത്തോടെ...**

ഇസ്‌ലാം കാരുണ്യത്തിന്റെ മതമാണ്. ആരാണോ ഈ മതത്തിൽ വിശ്വസിക്കുന്നത് അവൻ കാരുണ്യത്തിലാണ് പ്രവേശിച്ചിരിക്കുന്നത്. അവന് ഇരുലോക സൗഭാഗ്യം നൽകുന്ന മതമാ

ണിസ്ലാം. ബലഹീനരോടും, ദരിദ്രരോടും, ചെറിയവരോടും കരുണ കാണിക്കുവാൻ ഇസ്ലാം കൽപിക്കുന്നു, മൃഗങ്ങളോട്പോലും കാരുണ കാട്ടാൻ ഇസ്ലാം കൽപിക്കുന്നുണ്ട്.

അല്ലാഹു കാരുണ്യവാനാണ്, അവൻ അയച്ച പ്രവാചകനും കാരുണ്യം കാണിക്കുന്നവനാകുന്നു. അത്കൊണ്ട് തന്നെ പ്രവാചകന്മാരുടെ ദൗത്യം ഏറ്റെടുത്ത പ്രബോധകന്മാരും ഈ സൽസ്വഭാവത്തിന്റെ സഹകാരികളാവേണ്ടതുണ്ട്. അല്ലാഹു പ്രവാചകനെപ്പറ്റി പറയുന്നു:

(لَقَدْ جَاءَكُمْ رَسُولٌ مِّنْ أَنفُسِكُمْ عَزِيزٌ عَلَيْهِ مَا عَنِتُّمْ حَرِيصٌ عَلَيْكُم بِالْمُؤْمِنِينَ رَؤُوفٌ رَّحِيمٌ) (التوبة:١٢٨)

'തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽ നിന്നു തന്നെയുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കുവാൻ കഴിയാത്തവനും, നിങ്ങളുടെ കാര്യത്തിൽ അതീവ താൽപര്യമുള്ളവനും.സത്യവിശ്വാസികളോട് അത്യന്തം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം' (തൗബ :128) അല്ലാഹുവിന്റെ അടിമകളിൽ പെട്ട വിശ്വാസികളുടെ അടയാളമാണ് കാരുണ്യം. അല്ലാഹു പറയുന്നു:

(مُّحَمَّدٌ رَّسُولُ اللَّهِ وَالَّذِينَ مَعَهُ أَشِدَّاء عَلَى الْكُفَّارِ رُحَمَاء بَيْنَهُمْ ) (الفتح:٢٩)

'മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു.അദ്ദേഹത്തോടൊപ്പമുള്ളവർ സത്യ നിഷേധികളുടെ നേരെ കർക്കശമായി വർത്തിക്കുന്നവരാകുന്നു. അവർ അന്യോന്യം ദയാലുക്കളുമാകുന്നു' (ഫത്ഹ്:29)കരുണയുടെ ഉപദേശകരാകാൻ ഖുർആൻ ആവശ്യപ്പെടുന്നുണ്ട്:

(ثُمَّ كَانَ مِنَ الَّذِينَ آمَنُوا وَتَوَاصَوْا بِالصَّبْرِ وَتَوَاصَوْا بِالْمَرْحَمَةِ أُوْلَئِكَ أَصْحَابُ الْمَيْمَنَةِ ) (البلد: ١٧-١٨)

'പുറമെ, വിശ്വസിക്കുകയും, ക്ഷമകൊണ്ടും കാരുണ്യം കൊണ്ടും പരസ്പരം ഉപദേശിക്കുകയും ചെയ്തവരുടെ കൂട്ടത്തിൽ അവൻ ആയിതീരുകയും ചെയ്യുക, അങ്ങിനെ ചെയ്യുന്നവരത്രെ വലതു പക്ഷക്കാർ' (ബലദ് :17–18)

വിശ്വാസികളെ വിശേഷിപ്പിച്ച് കൊണ്ട് പ്രവാചകൻﷺ പറയുന്നു:

وقال ﷺ في وصف حال المؤمنين: «مَثَلُ الْمُؤْمِنِينَ فِي تَوَادِّهِمْ وَتَرَاحُمِهِمْ وَتَعَاطُفِهِمْ مَثَلُ الْجَسَدِ إِذَا اشْتَكَى مِنْهُ عُضْوٌ تَدَاعَى لَهُ سَائِرُ الْجَسَدِ بِالسَّهَرِ وَالْحُمَّى» أخرجه البخاري في صحيحه –مع الفتح-: ٤٣٨/١٠، برقم (٦٠١١)، ومسلم: ١٩٩٩/٤ –٢٠٠٠، برقم (٢٥٨٦).

'വിശ്വാസികൾ തമ്മിലുള്ള സ്നേഹത്തിന്റെയും, കാരുണ്യത്തിന്റെയും, അനുകമ്പയുടെയും ഉപമ ഒരു ശരീരം പോലെയാണ്, അതിൽ നിന്ന് ഒരു അവയവം (രോഗം കൊണ്ട്) ആവലാതിപ്പെടുകയാണെങ്കിൽ, പനി ബാധിച്ചും ഉറക്കമൊഴിച്ചും ആ ശരീരം മുഴുവനും അതിനോട് അനുകമ്പ കാണിക്കുന്നു' (ബുഖാരി, മുസ്ലിം) നബിﷺ പറഞ്ഞു:

«لاَ يَرْحَمُ اللَّهُ مَنْ لاَ يَرْحَمُ النَّاسَ» أخرجه البخاري في صحيحه –مع الفتح-: ٣٥٨/١٣، برقم (٧٣٧٦)، ومسلم:٤/ ١٨٠٩، برقم (٢٣١٩).

'ജനങ്ങളോട് കാരുണ്യം കാണിക്കാത്തവനോട് അല്ലാഹു കാരുണ്യം കാണിക്കുകയില്ല'

**ക്ഷമയോടെ...**

പ്രബോധന മേഖല അത്ര എളുപ്പുള്ളതല്ല. ഒരുപാട് പ്രയാസങ്ങളും, ബുദ്ധിമുട്ടുകളും നേരിടേണ്ടി വരുന്നതാണ്. ശത്രുക്കളിൽ നിന്നും, മിത്രങ്ങളിൽ നിന്നും ധാരാളം പ്രതിബന്ധങ്ങൾ അ

ഭിമുഖീകരിക്കേണ്ടി വരും. ഈ സന്ദർഭങ്ങളിൽ ക്ഷമിക്കുകയാണ് ഒരു പ്രബോധകൻ ചെയ്യേണ്ടത്. അങ്ങിനെയുള്ളവർക്ക് മാത്രമേ വിജയം കണ്ടെത്തുവാൻ കഴിയുകയുള്ളൂ. പ്രവാചകൻമാരുടെ ചരിത്രം അതാണ് നമ്മെ പഠിപ്പിക്കുന്നത്.

ക്ഷമയെപ്പറ്റി അല്ലാഹു അവന്റെ വിശുദ്ധഗ്രന്ഥത്തിൽ തൊണ്ണൂറിൽ പരം പ്രാവശ്യം പറഞ്ഞിരിക്കുന്നു.

ഇത് സൂചിപ്പിക്കുന്നത് ക്ഷമയുടെ മഹത്വത്തെയും, അതിന്റെ ഫലങ്ങളുടെയും, ജനങ്ങളിൽ അതുണ്ടാവേണ്ട അനിവാര്യതയേയുമാണ്. അല്ലാഹു പറയുന്നു:

(يَا أَيُّهَا الَّذِينَ آمَنُواْ اصْبِرُواْ وَصَابِرُواْ وَرَابِطُواْ وَاتَّقُواْ اللَّهَ لَعَلَّكُمْ تُفْلِحُونَ)(آل عمران:٢٠٠)

'സത്യവിശ്വാസികളെ, നിങ്ങൾ ക്ഷമിക്കുകയും ക്ഷമയിൽ മികവ് കാണിക്കുകയും, പ്രതിരോധ സന്നദ്ധരായിരിക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിച്ചു ജീവിക്കുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം'(ആലു ഇംറാൻ :200)

അല്ലാഹു പറയുന്നു:

(إِنَّمَا يُوَفَّى الصَّابِرُونَ أَجْرَهُم بِغَيْرِ حِسَابٍ ) (الزمر: ١٠)

'ക്ഷമാശീലർക്ക് തന്നെയാകുന്നു തങ്ങളുടെ പ്രതിഫലം കണക്കു നോക്കാതെ നിറവേറ്റി കൊടുക്കപ്പെടുന്നത്' (സുമർ :10)

ക്ഷമയുടെയുടെയും ക്ഷമാലുക്കളുടെയും ശ്രേഷ്ഠതയെ സംബന്ധിച്ച ഹദീസുകൾ ഒരുപാടുണ്ട്.

فقال ﷺ: «مَنْ يَصْبِرْ يُصَبِّرْهُ اللَّهُ، وَمَا أُعْطِيَ أَحَدٌ مِنْ عَطَاءٍ خَيْرٌ وَأَوْسَعُ مِنْ الصَّبْرِ» أخرجه البخاري في صحيحه –مع الفتح-: ٣٠٣/١١، برقم (٦٤٧٠)، ومسلم: ٧٢٩/٢، برقم (١٠٥٣).

പ്രവാചകൻﷺ പറഞ്ഞു: ‘ആരെങ്കിലും ക്ഷമിക്കുകയാണെങ്കിൽ അല്ലാഹു അവനോട് ക്ഷമിക്കുവാൻ ആവശ്യപ്പെടുന്നു,ക്ഷമയേക്കാൾ വിശാലവും,നന്മ നിറഞ്ഞതുമായ യാതൊന്നും ആർക്കും നൽകിയിട്ടില്ല’ (ബുഖാരി)

وقال ﷺ: «الْمُؤْمِنُ الَّذِي يُخَالِطُ النَّاسَ وَيَصْبِرُ عَلَى أَذَاهُمْ أَعْظَمُ أَجْرًا مِنَ الْمُؤْمِنِ الَّذِي لاَ يُخَالِطُ النَّاسَ وَلاَ يَصْبِرُ عَلَى أَذَاهُمْ» أخرجه الترمذي في سننه: ٤/٥٧٢، برقم (٢٥٠٧)، وابن ماجه في سننه: ٢/١٣٣٨، برقم (٤٠٣٢)، وإسناده صحيح.

പ്രവാചകൻ പറഞ്ഞു: ‘ജനങ്ങളോട് ഇടപഴകുകയും അവരുടെ ഉപദ്രവങ്ങളിൽ ക്ഷമിക്കുകയും ചെയ്യുന്ന സത്യവിശ്വാസിയാണ് ജനങ്ങളോട് ഇടപഴകാതിരിക്കുകയും,അവരുടെ ഉപദ്രവങ്ങളിൽ ക്ഷമിക്കാതിരിക്കുകയും ചെയ്യുന്ന വിശ്വാസിയേക്കാൾ നല്ലത്’ (തിർമിദി, ഇബ്നുമാജ)

**വിനയത്തോടെ...**

പ്രബോധകനുണ്ടാവേണ്ട മറ്റൊരു സൽഗുണമാണ് അവൻ വിനയമുള്ളവനാവുക എന്നത്. പ്രവാചകന്മാർ മുഴുവനും വിനയമുള്ളവരായിരുന്നു. മഹാനായ പ്രവാചകന്റെ വിനയം വിശ്രുതമാണ്.

പ്രവാചകൻﷺ പറയാറുണ്ടായിരുന്നു:

وكان ﷺ يقول: «ابْغُونِي فِي ضُعَفَاءِكُمْ فَإِنَّمَا تُرْزَقُونَ وَتُنْصَرُونَ بِضُعَفَائِكُمْ» أخرجه الترمذي في سننه: ٤/١٧٩، برقم (١٧٠٢)، وأبو داود في سننه:٣/٧٣، برقم (٢٥٩٤)، والنسائي في سننه: ٦/٣٥٢-٣٥٣، برقم (٣١٧٩)، وإسناده صحيح.

‘നിങ്ങളിലെ ദുർബ്ബലരുടെ കാര്യങ്ങൾ അന്വേഷിക്കുന്നതിൽ നിങ്ങളെന്നെ സഹായിക്കുക, കാരണം നിങ്ങളിലെ ദുർബ്ബലരെ കൊണ്ടാണ് നിങ്ങൾ ഭക്ഷിപ്പിക്കപ്പെടുന്നതും, സഹായിക്കപ്പെടുന്നതും’ (തിർമിദി, അബൂദാവൂദ്)

അല്ലാഹു പറയുന്നു:

(وَاخْفِضْ جَنَاحَكَ لِمَنِ اتَّبَعَكَ مِنَ الْمُؤْمِنِينَ) (الشعراء:٢١٥)

‘നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ ചിറകു താഴ്ത്തിക്കൊടുക്കുകയും ചെയ്യുക’ (ശുഅറാ :215 )

പ്രബോധകൻ അഹങ്കാരിയാവരുത്. അറിവും സ്ഥാനങ്ങളും സഹചരരോട് വിനയം കാട്ടാൻ പ്രേരിപ്പിക്കുന്നതാവണം. പ്രവാചകൻﷺ പറയുന്നത് കാണുക:

«إِنَّ اللَّهَ أَوْحَى إِلَيَّ أَنْ تَوَاضَعُوا حَتَّى لاَ يَفْخَرَ أَحَدٌ عَلَى أَحَدٍ وَلاَ يَبْغِ أَحَدٌ عَلَى أَحَدٍ»

أخرجه مسلم:٤/٢١٩٩، برقم (٢٨٦٥).

‘നിങ്ങൾ വിനയം കാണിക്കുക എന്ന് അല്ലാഹു എനിക്ക് ബോധനം നൽകിയിരിക്കുന്നു; അഥവാ, ഒരാളും മറ്റൊരാളോട് ദുരഭിമാനം കാട്ടാതിരിക്കുക. ഒരാളും മറ്റൊരാളോട് അതിക്രമം നടത്താതിരിക്കുക’ (മുസ്‌ലിം)

വിനയം കാണിക്കുന്നതിലൂടെയുണ്ടാവുന്ന ഗുണം പ്രവാചകൻﷺ വ്യക്തമാക്കി തന്നിരിക്കുന്നത് ഇപ്രകാരമാണ്:

«وَمَا تَوَاضَعَ أَحَدٌ لِلَّهِ إِلاَّ رَفَعَهُ اللَّهُ» أخرجه مسلم: ٤/٢٠٠١، برقم (٢٥٨٨).

‘ആരെങ്കിലും അല്ലാഹുവിന് വേണ്ടി വിനയം കാണിക്കുകയാണെങ്കിൽ അല്ലാഹു അവനെ ഉയർത്താതിരിക്കില്ല’

**സഹനത്തോടെ...**

ഒരു പ്രബോധകനിൽ ഉണ്ടാവേണ്ട ഗുണങ്ങളാണ് സഹനവും. കോപമടക്കലും. ഒരു മുൻകോപിയുടെ ശ്രമങ്ങൾ പരാജയമായിരിക്കും. അവന്ന് പ്രയാസം സഹിക്കുവാനോ, ചീത്ത സ്വഭാവത്തിൽ നിന്ന് സ്വന്തത്തെ പിടിച്ച് നിറുത്തുവാനോ കഴിയില്ല. ക്ഷിപ്രകോപിയെ ആരും വെറുക്കും. സമൂഹ മനസിലെ രോഗങ്ങളെ ചികിൽസിക്കുന്ന ഭിഷഗ്വരനെന്ന നിലക്ക് രോഗികളിൽ നിന്നുണ്ടാവുന്ന ഏതൊരു പ്രതികരണത്തേയും സഹനത്തോടെ നേരിടാൻ ഒരു പ്രബോധകനാവണം. അതിനാലാണ് സഹനമവലംബിക്കുവാനും, ദേഷ്യത്തെ പിടിച്ച് നിറുത്തുവാനും ഇസ്ലാം കൽപിക്കുന്നത്. അല്ലാഹു പറയുന്നു:

(وَسَارِعُواْ إِلَى مَغْفِرَةٍ مِّن رَّبِّكُمْ وَجَنَّةٍ عَرْضُهَا السَّمَاوَاتُ وَالأَرْضُ أُعِدَّتْ لِلْمُتَّقِينَ * الَّذِينَ يُنفِقُونَ فِي السَّرَّاء وَالضَّرَّاء وَالْكَاظِمِينَ الْغَيْظَ وَالْعَافِينَ عَنِ النَّاسِ وَاللَّهُ يُحِبُّ الْمُحْسِنِينَ) (آل عمران:١٣٣-١٣٤)

'നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും, ആകാശ ഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ദ്യതിപ്പെട്ട് മുന്നേറുക. ധർമ്മനിഷ്ഠ പാലിക്കുന്നവർക്കുവേണ്ടി ഒരുക്കി വെക്കപ്പെട്ടതത്രേ അത്. (അതായത്) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ദാന ധർമ്മങ്ങൾ ചെയ്യുകയും കോപം ഒതുക്കി വെക്കുകയും, മനുഷ്യർക്ക് മാപ്പ് നൽകുകയും ചെയ്യുന്നവർക്ക് വേണ്ടി (അത്തരം) സൽക്കർമ്മകാരികളെ അല്ലാഹു സ്നേഹിക്കുന്നു' (ആലു ഇംറാൻ:133–134)

തന്റെ സ്വഹാബിയായ അഷജ്ജ് അബ്ദിൽ ഖൈസിന്റെ രണ്ട് സ്വഭാവത്തെ വാഴ്ത്തിക്കൊണ്ട് പ്രവാചകൻﷺ പറഞ്ഞു:

«إِنَّ فِيكَ خَصْلَتَيْنِ يُحِبُّهُمَا اللَّهُ الْحِلْمُ وَالأَنَاةُ» أخرجه مسلم: ٤٨/١، برقم (١٧).

'അല്ലാഹു ഇഷ്ടപ്പെടുന്ന രണ്ട് സ്വഭാവം നിന്നിലുണ്ട് വിനയവും, സഹനവുമാകുന്നു അവ' (മുസ്‌ലിം)

എന്നെ ഉപദേശിക്കണമെന്ന് പറഞ്ഞ്കൊണ്ട് പ്രവാചകനെ സമീപിച്ച വ്യക്തിയോട് പ്രവാചകൻﷺ പറഞ്ഞു:

قَالَ: «لا تَغْضَبْ» فَرَدَّدَ مِرَارًا قَالَ: «لا تَغْضَبْ» أخرجه البخاري في صحيحه –مع الفتح–: ٥١٩/١٠، برقم (٦١١٦).

'നീ കോപിക്കരുത്' തിരുമേനി ആവർത്തിച്ചു പറഞ്ഞു: 'നീ കോപിക്കരുത്' എന്ന ഉപദേശം ദാഇയുടെ ഓർമ്മയിൽ എന്നും ഉണ്ടാവണം.

**നന്ദിയോടെ...**

നന്മകളനുഭവിക്കുന്നവൻ,അവ നൽകിയവനോട് നന്ദി കാട്ടുകയെന്നത് ഉയർന്ന സ്വഭാവമാണ്. ഒരു വിശ്വാസി ആദ്യം അവന്റെ രക്ഷിതാവിനോടും തുടർന്ന് സഹചാരികളോടും നന്ദികാട്ടുന്നവനാവണം. അല്ലാഹു പറയുന്നു:

(هَلْ جَزَاءُ الإِحْسَانِ إِلاَّ الإِحْسَانُ) (الرحمن:٦٠)

'നല്ല പ്രവൃത്തിക്കുള്ള പ്രതിഫലം നല്ലത് ചെയ്ത് കൊടുക്കലല്ലാതെ മറ്റു വല്ലതുമാണോ?'(റഹ്മാൻ:60) ആരാണ് നന്മ ചെയ്യുന്നത് അവനോടും നന്മ ചെയ്യുക.

അല്ലാഹുവിന്റെ മറ്റൊരു നിർദ്ദേശം കാണുക:

(يَا أَيُّهَا الَّذِينَ آمَنُواْ كُلُواْ مِن طَيِّبَاتِ مَا رَزَقْنَاكُمْ وَاشْكُرُواْ لِلَّهِ إِن كُنتُمْ إِيَّاهُ تَعْبُدُونَ) (البقرة:١٧٢)

'സത്യവിശ്വാസികളെ,നിങ്ങൾക്ക് നാം നൽകിയ വസ്തുക്കളിൽ നിന്ന് വിശിഷ്ടമായത് ഭക്ഷിച്ച് കൊള്ളുക. അല്ലാഹുവോട് നിങ്ങ ൾ നന്ദി കാണിക്കുകയും ചെയ്യുക, അവനെ മാത്രമാണ് നിങ്ങ ൾ ആരാധിക്കുന്നതെങ്കിൽ' (അൽബഖറ: 172)

**സദ്‌വിചാരത്തോടെ...**

സർവ്വ മുസ്‌ലീംകളിലും നന്മ വിചാരിക്കുക, അവരുടെ ബാ ഹ്യ കാര്യങ്ങളിൽ മാത്രം വിധി പറയുക, രഹസ്യങ്ങൾ അല്ലാ ഹുവിന് വിട്ട് കൊടുക്കുക. അല്ലാഹു പറയുന്നു:

(يَاأَيُّهَا الَّذِينَ آمَنُوا اجْتَنِبُوا كَثِيرًا مِنْ الظَّنِّ إِنَّ بَعْضَ الظَّنِّ إِثْمٌ) (سورة الحجرات: ١٢)

'സത്യവിശ്വാസികളെ, ഊഹത്തിൽ നിന്ന് മിക്കതും നിങ്ങൾ വെ ടിയുക. തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റമാകുന്നു' (ഹു ജുറാത്ത്:12)

പ്രവാചകന്റെ വചനം കാണുക:

(إياكم والظن فإن الظن أكذب الحديث ) [متفق عليه ]

'നിങ്ങൾ ഊഹത്തെ സൂക്ഷിക്കുക, കാരണം തീർച്ചയായും ഊ ഹമെന്നുള്ളത് ഏറ്റവും വലിയ കളവാകുന്നു'(ബുഖാരി,മുസ്‌ലിം)

മുസ്‌ലീംകളിൽ മുഴുവനും നന്മ വിചാരിക്കുക എന്നതിന്റെ താത്പര്യം ജനങ്ങൾ അകപ്പെട്ടിരിക്കുന്ന അജ്ഞതയിലും, അവ രുടെ തെറ്റുകളിലും മൗനമവലംബിക്കുക എന്നതല്ല. മറിച്ച് അവ

രും നന്നാവണം എന്നുള്ള വിചാരത്തോടെ അവരുടെയിടയിൽ പ്രബോധനം നടത്തുകയെന്നതാണ്. അല്ലാഹു പറയുന്നു:

(يَاأَيُّهَا الَّذِينَ آمَنُوا إِنَّ مِنْ أَزْوَاجِكُمْ وَأَوْلَادِكُمْ عَدُوًّا لَكُمْ فَاحْذَرُوهُمْ )(سورة التغابن:١٤)

'സത്യവിശ്വാസികളെ, തീർച്ചയായും നിങ്ങളുടെ ഭാര്യമാരിലും നിങ്ങളുടെ മക്കളിലും നിങ്ങൾക്ക് ശത്രുവുണ്ട്. അതിനാൽ അവരെ നിങ്ങൾ സൂക്ഷിക്കുക' (തഗാബുൻ:14)

**പരസ്യപ്പെടുത്താതെ...**

പ്രബോധന രംഗത്ത് പ്രവർത്തിക്കുന്നവർക്ക്, അവരിടപഴകുന്ന വ്യക്തികളിൽ നിന്ന് ഒരുപാട് അപാകതകളും പോരായ്മകളും കാണാനിടയാകും. അവയൊന്നും തന്നെ സമൂഹമധ്യത്തിൽ പറഞ്ഞ് നടക്കുന്നത് നന്നല്ല. അല്ലാഹു പറയുന്നു:

(إِنَّ الَّذِينَ يُحِبُّونَ أَنْ تَشِيعَ الْفَاحِشَةُ فِي الَّذِينَ آمَنُوا لَهُمْ عَذَابٌ أَلِيمٌ فِي الدُّنْيَا وَالْآخِرَةِ) (سورة النور:١٩)

'തീർച്ചയായും സത്യവിശ്വാസികൾക്കിടയിൽ ദുർവൃത്തി പ്രചരിക്കുന്നത് ഇഷ്ടപ്പെടുന്നവരാരോ അവർക്കാണ് ഇഹത്തിലും പരത്തിലും വേദനയേറിയ ശിക്ഷയുള്ളത്' (നൂർ:19)

(لا يستر عبد عبداً في الدنيا، إلا ستره الله يوم القيامة ) [رواه مسلم ]:

'ഒരു അടിമ മറ്റൊരു അടിമയുടെ ന്യൂനത ഇഹലോകത്ത് മറച്ച് വെക്കുകയാണെങ്കിൽ അവസാന നാളിൽ അല്ലാഹു അവന്റെ ന്യൂനതയും മറച്ച് വെക്കുന്നതാണ്' (മുസ്‌ലിം)

ഒരു പ്രബോധകൻ തന്റെ ഉത്തരവാദിത്വത്തിൽ ഒരു വൈദ്യനെ പോലെയാണ്. ചികിൽസക്ക് വേണ്ടി മനുഷ്യരുടെ നഗ്നത ദർശിക്കേണ്ടിവരും ചിലപ്പോൾ, പക്ഷെ, ആ വൈദ്യൻ രോഗിയുടെ ന്യൂനത പ്രചരിപ്പിക്കാതെ മറച്ച് വെക്കുന്നു. അത്പോലെ ഒരു പ്രബോധകനും ആവേണ്ടതുണ്ട്.

**നിസ്സഹകരണത്തോടെ...**

നല്ല രൂപത്തിൽ ജനങ്ങളോടൊപ്പം ഇടപഴകുകയും, വിട്ട് നിൽക്കേണ്ടി വന്നാൽ നല്ല രൂപത്തിൽ തന്നെ വിട്ട് നിൽക്കുകയും ചെയ്യുക. ഒരു പ്രബോധകനുണ്ടാവേണ്ട ഗുണത്തിൽ പെട്ടതാണ് അവൻ ജനങ്ങൾക്കിടയിൽ ജീവിക്കുകയും അവരെ നന്മയിലേക്ക് ക്ഷണിക്കുകയും, തിന്മയിൽ നിന്ന് അവരെ അകറ്റുകയും ചെയ്യുക എന്നത്. അല്ലാഹു പറയുന്നു:

(وَإِذَا رَأَيْتَ الَّذِينَ يَخُوضُونَ فِي آيَاتِنَا فَأَعْرِضْ عَنْهُمْ حَتَّى يَخُوضُوا فِي حَدِيثٍ غَيْرِهِ) (سورة الأنعام:٦٨)

'നമ്മുടെ ദൃഷ്ടാന്തങ്ങളെ അപഹസിക്കുന്നതിൽ മുഴുകിയവരെ നീ കണ്ടാൽ അവർ മറ്റു വല്ല വർത്തമാനത്തിലും പ്രവേശിക്കുന്നത് വരെ നീ അവരിൽ നിന്ന് തിരിഞ്ഞ് കളയുക'(അൻആം:68)

പ്രവാചക വചനം ഇവിടെ ശ്രദ്ധേയമാണ്.

(المؤمن الذي يخالط الناس ويصبر على أذاهم أفضل من المؤمن الذي لا يخالط الناس ولا يصبر على أذاهم ) [رواه أحمد والترمذي ]

'ജനങ്ങളുമായി ഇടപഴകുകയും അവരുടെ ഉപദ്രവങ്ങളിൽ ക്ഷമിക്കുകയും ചെയ്യുന്ന സത്യ വിശ്വാസിയാണ് അങ്ങിനെ ചെയ്യാത്ത സത്യവിശ്വാസിയേക്കാൾ ഉത്തമം'(തിർമിദി, അഹ്മ

ദ്) പ്രവാചകൻﷺ നിന്നും തിർമിദി ഉദ്ദരിക്കുന്നുണ്ട് ബനൂഇസ്റാ യീൽ സമൂഹത്തിൽ ആദ്യമായി കുഴപ്പമുണ്ടായത് തെറ്റു കുറ്റ ങ്ങൾ ചെയ്യുന്ന ജനങ്ങളുമായി വ്യവസ്ഥാപിതമല്ലാത്ത ഇടപെട ലുകൾ മുഖേനയാണ്.' (അബൂദാവൂദ്, തിർമിദി)

ഡോക്ടർ രോഗികളുടെ രോഗങ്ങളിൽ നിന്ന് രക്ഷനേടുവാ നായി സ്വീകരിക്കുന്ന പ്രതിരോധ മാർഗങ്ങളെ പോലെ ഒരു പ്ര ബോധകനും ജനങ്ങളുമായി ഇടപഴകുമ്പോൾ അവരുടെ ന്യൂന തകളിൽ നിന്നും രക്ഷപ്പെടുവാനുള്ള മാർഗവും കണ്ടെത്തേണ്ട തുണ്ട്.

**പ്രശ്നങ്ങളിൽ ഇടപെട്ട് കൊണ്ട്...**

ജനങ്ങളിലേക്കിറങ്ങി ചെന്ന് അവരുടെ അവസ്ഥകൾ കണ്ട റിയുകയും, ആദരിക്കേണ്ടവരെ ആദരിക്കുകയും ചെയ്യുക. ഇ വിടെ പ്രവാചക വചനം ശ്രദ്ധിക്കുക:

:(أمرنا الرسول صلى الله عليه وسلم أن ننزل الناس منازلهم ) [رواه مسلم ]

'ഞങ്ങളോട് പ്രവാചകൻﷺ ജനങ്ങളുടെ അവസ്ഥകളിലേക്ക് ഇ റങ്ങി ചെല്ലുവാൻ കൽപിക്കുകയുണ്ടായി' (മുസ്ലിം)

وعن أبي موسى رضي الله عنه قال : قال صلى الله عليه وسلم :( إن من إجلال الله تعالى ، إكرام ذي الشيبة المسلم ، وحامل القرآن غير الغالي فيه ، والجافي عنه، وإكرام ذي السلطان المقسط ) [رواه أبو داود ]

അബൂമൂസാرضي الله عنهവിൽ നിന്ന് പ്രവാചകൻﷺപറഞ്ഞു: 'അല്ലാഹുവി നെ മഹത്വപ്പെടുത്തുന്നതിൽ പെട്ടതാണ് മുസ്ലീംകളിലെ വൃദ്ധ ന്മാരെ ആദരിക്കുക, പണ്ഡിതന്മാരെ അമിതമായി പുകഴ്ത്തുക യോ, ഇകഴ്ത്തുകയോ ചെയ്യാതിരിക്കുക, നീതിമാനായ ഭരണാധി കാരിയെ ആദരിക്കുക മുതലായവ' (അബൂദാവൂദ്) ആയതിനാ

ൽ പ്രബോധിതരുടെ അവസ്ഥകളിലെ ഏറ്റക്കുറച്ചിലുകൾ മനസ്സിലാക്കിയിരിക്കണം.

**ചർച്ചയോടെ...**

പ്രബോധകൻ മറ്റുള്ളവരെ സഹായിക്കുകയും, പ്രബോധന കാര്യങ്ങളിൽ അവരോട് കൂടിയാലോചിക്കുകയും, കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്യുക എന്നത് ഒരുത്തമ പ്രബോധകന്റെ ലക്ഷണത്തിൽ പെട്ടതാണ്. അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക:

(وَتَعَاوَنُوا عَلَى الْبِرِّ وَالتَّقْوَى وَلَا تَعَاوَنُوا عَلَى الْإِثْمِ وَالْعُدْوَانِ) (سورة المائدة:٢)

'പുണ്യത്തിലും ധർമ്മനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങളന്യോന്യം സഹായിക്കരുത്' (മാഇദ:2)

(الدين النصيحة ،قلنا : لمن ؟ قال: لله، ولكتابه ، ولرسوله ، ولأئمة المسلمين وعامتهم ) [رواه مسلم ]

നബിﷺ പറഞ്ഞിരിക്കുന്നു: 'മതമെന്നാൽ ഗുണകാംക്ഷയാണ്.' ഞങ്ങൾ ചോദിച്ചു: ആരോട്? അവിടുന്ന് പറഞ്ഞു: 'അല്ലാഹുവോടും അവന്റെ ഗ്രന്ഥത്തോടും അവന്റെ പ്രവാചകനോടും മുസ്‌ലിംകളുടെ നേതാക്കളോടും സാധാരണക്കാരോടും.' മുസ്‌ലിം.

പരസ്പരം കൂടിയാലോചന നടത്തുന്നത് പ്രബോധകർക്കിടയിൽ പരസ്പരം ഐക്യവും, ബന്ധവും ഊട്ടിയുറപ്പിക്കുവാൻ സാധിക്കുമെന്ന് മാത്രമല്ല, തന്നിലുള്ള തെറ്റുകൾ തിരുത്തുവാനും, മറ്റുള്ളവരുടെ പ്രവർത്തനപരിചയം സ്വീകരിക്കുവാനും സാധിക്കുന്നതാണ്.

وصلى الله على نبينا محمد وآله وصحبه أجمعين

والحمد لله رب العالمين